46

ഇതാണ് ലെനിൻ

46

C. Chellappan
Nedumgattathil,
Champakara.

ഇതാണ്
ലെനിൻ

C. Chellappan

C. Chellappan,
Ragam,
Champakara.

പ്രോഗ്രസ്സ് പബ്ലിഷേഴ്സ്
മോസ്കോ

വിവർത്തനം: ഗോപാലകൃഷ്ണൻ

РАССКАЗЫ О ЛЕНИНЕ

На языке малаялам

1*

ഉള്ളടക്കം

എ. ലൂനച്ചാർസ്ക്കിയ്

തൊഴിലാളിവർഗ്ഗവിപ്ലവത്തിൻെറ നേതാവ് . . 7

എ. കൊല്ലൊന്തായ്

ആത്മവീര്യത്തിലും ഇച്ഛാശക്തിയിലും അതിമാനുഷൻ 13

ലെനിൻെറ ശബ്ദം 15

വി. വൊറോവ്സ്ക്കിയ്

വി. ഐ. ഉല്യാനൊവ്—ലെനിൻ 23

എം. ഗോർക്കി

വി. ഐ. ലെനിൻ 33

വി. ബോഞ്ച്—ബ്രുയേവിച്ച്

ഭൂമിയെക്കുറിച്ചുള്ള ഡിക്രി വ്ളദീമിർ ഇലിയിച്ച് എഴുതിയതെങ്ങനെ 75

സോവിയററ് സ്റ്റേററിൻെറ മുദ്ര 83

എ. ബേ്യക്

ലെനിൻെറ കത്ത് 89

എസ്സ്. അന്തോനൊവ്

ക്രെംലിനിലെത്തിയ നിവേദകൻ 117

ഗ്രാമത്തിൽനിന്നുള്ള ദൂതൻ 133

എസ്സ്. ദളലൊവ്

സുഹൃത്ത് 157

വൈ. ദ്രാബ്കിന

അല്യോഷ കലേനൊവ് വരച്ച പടങ്ങൾ . . . 177

എസ്സ്. ഗിൽ

ലെനിനെ വധിക്കാൻ നടത്തിയ ശ്രമം 191

ഐ. അറാമിലെവ്

വിനോദം 209

ലെനിനെപ്പററി തൊഴിലാളികൾ 243

എൽ. റദീഷ്ചെവ്

പ്ലേററില്ല! 261

എസ്സ്. വിനൊഗ്രാദ്സ്ക്കയ

ജന്മവാർഷികം 275

സ്ക്കൂൾവിദ്യാർത്ഥിയായ ലെനിൻ കുടുംബവുമൊന്നിച്ച്. സിംബീർസ്ക്, 1879

അടുത്ത പേജുകളിൽ:

ലെനിൻ നാലുവയസ്സിൽ സഹോദരി ഓൽഗയുമൊന്നിച്ച്. സിംബീർസ്ക്, 1874

ലെനിൻ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അവസരത്തിൽ. സിംബീർസ്ക്, 1887

Chellappan

എ. ലുനച്ചാർസ്ക്കിയ്

അക്കാഡമിഷ്യൻ അനത്തോലിയ് ലുനച്ചാർസ്ക്കിയ് (1875—1933) സോവിയററ് സാംസ്ക്കാരികലോകത്തിലെ ഒരു സമുന്നതവ്യക്തിയായിരുന്നു. അദ്ദേഹം പതിനേഴാമത്തെ വയസ്സിൽ ഒരു സോഷ്യൽ ഡെമോക്രാററിക് സംഘടനയിൽ ചേരുകയും ലെനിൻെറ നേതൃത്വത്തിലുള്ള ''വ്പെരോദ്'', ''പ്രൊലെത്താരിയ്'' എന്നീ ബോൾഷെവിക് പത്രങ്ങളിലേക്ക് ലേഖനങ്ങളയയ്ക്കുകയും ചെയ്തു. ഒക്ടോബർ വിപ്ലവത്തിനുശേഷം അനേകം വർഷത്തേക്ക് അദ്ദേഹം ആർ. എസ്സ്. എഫ്. എസ്സ്. ആറിലെ വിദ്യാഭ്യാസവകുപ്പിൻെറ ചുമതല വഹിച്ചിരുന്ന പീപ്പിൾസ് കമ്മിസ്സാററായിരുന്നു.

ഉജ്ജ്വലനായ വാഗ്മിയും പത്രപ്രവർത്തകനും, റഷ്യൻ സാഹിത്യത്തിൻേറയും പശ്ചിമയൂറോപ്യൻ സാഹിത്യത്തിൻേറയും ചരിത്രത്തിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള പണ്ഡിതനും പല നാടകങ്ങളുടേയും സോവിയററ് സാഹിത്യത്തെക്കുറിച്ചുള്ള അനേകം നിരൂപണകൃതികളുടേയും കർത്താവുമായിരുന്നു ലുനച്ചാർസ്ക്കിയ്.

''വിമോചിതമായ അദ്ധ്വാനത്തിനു''ള്ള ഒരു സ്മാരകത്തിൻെറ അടിക്കല്ലിട്ടശേഷം ലെനിനും ലുനച്ചാർസ്കിയും ഏതാനും സഖാക്കളുമൊന്നിച്ചു മടങ്ങുന്നു. മോസ്ക്കോ, മേയ് 1, 1920

തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെ നേതാവ്

സമുന്നതവ്യക്തികൾ, വിശേഷിച്ചും അധികാരം സ്വഹസ്തങ്ങളിൽ അർപ്പിതമായിട്ടുള്ള സമുന്നത വ്യക്തികൾ—രാജാക്കന്മാരും മന്ത്രിമാരും — ഇവരാണ് ചരിത്രത്തിന്റെ സ്രഷ്ടാക്കൾ എന്നു കരുതുന്നതിലാണ് മിക്ക ഫിലിസ്റ്റൈനുകളേയും പോലെ ആദർശവാദികളായിട്ടുള്ള ചരിത്രകാരന്മാർ എന്നും പ്രവണത പ്രകടിപ്പിച്ചിട്ടുള്ളത്. താണ പടിയിൽനിന്നും അധികാരത്തിന്റെ ഉത്തുംഗപീഠത്തിലെത്തിയിട്ടുള്ള മഹാന്മാരായ വിപ്ലവകാരികളെ നേരിടുമ്പോൾ വിപ്ലവംതന്നെ മിക്കവാറും ഈ നേതാക്കളുടെ പ്രതിഭയും, ഊർജ്ജസ്വലതയും ബുദ്ധിസാമർത്ഥ്യവും വൈദഗ്ദ്ധ്യവും നിമിത്തമുണ്ടായതാണെന്നു പറയാൻ അവർ തയ്യാറാണ്.

ആരുടേയും ഇംഗിതത്താൽ കരുപ്പിടിപ്പിക്കപ്പെടാത്ത, നേരേമറിച്ച് അവസാനവിശകലനത്തിൽ, വർഗ്ഗങ്ങൾ തമ്മിലുള്ള—ഇവയുടെ താരതമ്യേനയുള്ള ബലവും ലക്ഷ്യങ്ങളും നിർണ്ണയിക്കപ്പെടുന്നത് ഏതെങ്കിലുമൊരു പ്രത്യേകകാലത്തെ സാമൂഹ്യോല്പാദനത്തിൽ ഇവ വഹിക്കുന്ന പങ്കുകൊണ്ടാണ്—സമരത്തെ ആശ്രയിച്ചിരിക്കുന്ന, വമ്പിച്ച സാമൂഹ്യപ്രക്രിയകളാണ് ചരിത്രപ്രധാനമായ സംഭവങ്ങൾക്കു കാരണമായിട്ടുള്ളതെന്നു മാർക്സിസ്റ്റ് ചരിത്രകാരന്മാർ കരുതുന്നു.

ചിലർ ഇതിൽനിന്നും ധരിച്ചിട്ടുള്ളത്, മഹാന്മാർക്ക് ചരിത്രത്തിൽ ഒരു പങ്കുള്ളതായി ഗണിക്കാൻ മാർക്സിസം മടിക്കുന്നുവെന്നും അവരെ അംഗീകരിക്കാനേ അതു കൂട്ടാക്കുന്നില്ലെന്നുമാണ്.

എന്നാൽ, ഒരു മഹാപുരുഷന്റെ നാമധേയത്തിൽനിന്ന് പേരു സിദ്ധിച്ചിട്ടുള്ള മാർക്സിസം മഹാന്മാരായ വ്യക്തികൾക്കു പരിഗണന നൽകുന്നില്ലെങ്കിൽ അതു വിചിത്രമായിരിക്കും.

നേരേമറിച്ചാണു വാസ്തവം. കാരണം, മാർക്സിസ്റ്റ് ചരിത്രവും പ്രത്യേകിച്ച് മാർക്സിസ്റ്റ് പ്രയോഗവും വ്യക്തിയിൽ വളരെയേറെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഉത്തരവാദപ്പെട്ട

ഏതെങ്കിലും ഒരു സ്ഥാനത്തു് ഒരാളെ നിയമിക്കുന്നതിനു മുമ്പായി നമ്മുടെ പാർട്ടിയുടെ കേന്ദ്രക്കമ്മിററി അയാളുടെ കരുത്തിൻേറയും സംഘടനാശേഷിയുടേയും വീക്ഷണകോണിൽ നിന്നുകൊണ്ടു് അയാളുടെ സ്വഭാവത്തെപ്പററി വളരെ ഗൗരവപൂർവ്വം ചർച്ച ചെയ്യാറുണ്ടു്.

മാർക്സിസ്ററുകാർ വിധിയുടെ ആരാധകന്മാരല്ല. ഒരു വിപ്ലവത്തെ സൃഷ്ടിക്കാൻ സാദ്ധ്യമല്ലെന്നും അതു് അനിവാര്യമായി സംഭവിക്കേണ്ടതാണെന്നും നമുക്കറിയാം. അതേസമയംതന്നെ, അതു് ഒന്നുകിൽ അസംഘടിതവും കുഴഞ്ഞുമറിഞ്ഞതുമാകാം, അല്ലെങ്കിൽ അതിലെ സാധാരണ പങ്കാളികളല്ലെങ്കിൽ അതിൻെറ മുന്നണിവിഭാഗമെങ്കിലും ചിന്തിക്കുന്നതനുസരിച്ചു് അതിനെ ഏറെക്കുറെ ഒരു ആസൂത്രിത പന്ഥാവിലേക്കു തിരിച്ചുവിടാം എന്ന വസ്തുത നാം നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്. സംഘടനയ്ക്കു്വഴങ്ങിക്കൊടുക്കുന്നതിലും, കൂടുതൽ വേഗത്തിൽ സ്വന്തം സംഘാടകരെ തെരഞ്ഞെടുക്കുന്നതിലുമാണു്, ഉദാഹരണത്തിനു് കർഷകരിൽനിന്നും വ്യത്യസ്തമായി, ഒരു വിപ്ലവവർഗ്ഗമെന്ന നിലയ്ക്കു് തൊഴിലാളിവർഗ്ഗത്തിൻെറ ശക്തി സ്ഥിതിചെയ്യുന്നതു്.

ആദ്യം രാജ്യം നേടിയെടുക്കുകയും പിന്നീടു് അതിനെ സ്വന്തം കാലിൽ നിർത്തുകയും ചെയ്യേണ്ട സംഘാടകവർഗ്ഗമാണു് തൊഴിലാളിവർഗ്ഗം.... എല്ലാ ഭാഗത്തുനിന്നും വിവരങ്ങൾ ശേഖരിച്ചുകൊണ്ടു് പകരം പരസ്പരബന്ധമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകുകയും ഏററവും വിലയേറിയ അനുഭവം സംഭരിക്കുകയും ഭാവിപ്രവർത്തനത്തിനുള്ള പദ്ധതികൾ കടഞ്ഞെടുക്കുകയും ചെയ്യുന്ന ഒരു ആസ്ഥാനം ഇല്ലാതെ ഇക്കാര്യം ചെയ്യാൻ തീർച്ചയായും അതിനെക്കൊണ്ടാവില്ല. എന്നു മാത്രമല്ല, പരിപൂർണ്ണക്രമീകരണം നടപ്പാക്കാൻ, എണ്ണത്തിൽ അവശ്യമായും അനേകം വരുന്ന സ്റ്റാഫിനു് ഒരേയൊരു മസ്തിഷ്കം വേണം, ഏകോപിപ്പിച്ചുകൊണ്ടുപോകാൻ കഴിവുള്ള ഒരേയൊരു ഇച്ഛാശക്തി വേണം. നിയമപരമായ അധികാരമൊന്നുമില്ലാത്തതുകൊണ്ടു് ഒരു രാജാവിൻേറയോ സ്വേച്ഛാധികാരിയുടേയോ സ്വഭാവം അതിനുണ്ടാവില്ല, അതേസമയം അനുഭവസമ്പത്തും ആത്മനിയന്ത്രണവും കുശാഗ്രബുദ്ധിയും മൂലം അതിനു് ആജ്ഞാശക്തി സിദ്ധിച്ചിട്ടുണ്ടായിരിക്കും.

ഭരണത്തിൽ പങ്കുകൊള്ളുകയെന്നതിൽനിന്നും ഇതേവരെ ഒററപ്പെട്ടുനിന്നിരുന്ന വമ്പിച്ച ജനവിഭാഗത്തെ വിപ്ലവം വെളിച്ചത്തു കൊണ്ടുവരുന്നു. ഈ ആളുകളിൽനിന്നും കാലക്രമത്തിൽ വളരെയേറെ കഴിവുള്ള ഏതാനും വ്യക്തികൾ ഉയർന്നുവരുമെന്നു നമുക്കു സ്വാഭാവികമായും പ്രതീക്ഷിക്കാം.

അങ്ങേയററം പ്രായോഗികവും അജയ്യവുമായ ധൈര്യമുള്ളവരാണു വിപ്ലവപ്രസ്ഥാനങ്ങൾ രഹസ്യമായിരിക്കുമ്പോൾത്തന്നെ അവയുടെ നേതൃത്വത്തിൽ വരുന്നതെന്നും ഒളിപ്രവർത്തനങ്ങളുടേയും ക്ലേശകരമായ സമരത്തിൻേറയും കർക്കശമായ പരിശീലനം കഴിഞ്ഞാണവർ വരുന്നതെന്നുമുള്ള വസ്തുത കൂടി പരിഗണിക്കുമ്പോൾ നിങ്ങൾക്കു മനസ്സിലാകും വമ്പിച്ച വിപ്ലവങ്ങൾ മഹാന്മാരായ നേതാക്കളെ സൃഷ്ടിച്ചേ തീരു എന്നതു് എന്തുകൊണ്ടാണെന്നു്.

റഷ്യയിൽ നടന്ന സാമൂഹ്യവിപ്ലവം പോലെ ഇത്ര വിശാലവും ഇത്ര സുദീർഘസമരത്തിൽക്കൂടി തയ്യാറെടുത്തിട്ടുള്ളതുമായ ഒരു വിപ്ലവം ലോകം ഇന്നുവരെ കണ്ടിട്ടില്ല.... അതുകൊണ്ടു്, അത്തരത്തിലുള്ള ഒരു വിപ്ലവത്തെ നയിക്കുന്നതു് വമ്പിച്ച രാഷ്ട്രീയപാടവവും അസാമാന്യമായ സ്വഭാവദാർഢ്യവുമുള്ളവരായിരിക്കുമെന്ന സംഗതി ദീർഘദർശനം ചെയ്യാൻ കഴിയുമായിരുന്നു.

മഹാനായ ഒരാൾ നമ്മുടെ പാർട്ടിയുടെ തലപ്പത്തുണ്ടെന്നതു യാദൃച്ഛികമല്ല. അതു് മറിച്ചാകാൻ തരമില്ലായിരുന്നു. അദ്ദേഹത്തിൻെറ സിദ്ധികളുടെ വ്യാപ്തിയും അദ്ദേഹത്തിൻെറ ഇച്ഛയുടെ അജയ്യതയും പ്രതിബിംബിപ്പിക്കുന്നതു് നമ്മുടെ വിപ്ലവത്തിൻെറ വൈപുല്യത്തേയും തോതിനേയുമാണു്, പ്രത്യേകിച്ചും അതിൻെറ പ്രധാനപ്രേരകശക്തിയായ തൊഴിലാളിവർഗ്ഗത്തിൻെറ അത്ഭുതപൂർവ്വമായ സവിശേഷതകളെയാണു്.

ലെനിൻ ഒന്നാം കൊമിൻേറൺ കോൺഗ്രസ്സിൻെറ അദ്ധ്യക്ഷപീഠത്തിൽ. മാർച്ച് 1919

എ. കൊല്ലൊന്തായ്

അലെക്സാന്ദ്ര കൊല്ലൊന്തായ് (1872–1952) ഒരു സോവിയററ് നയതന്ത്രവിദഗ്ധയായിരുന്നു. 1890–1900–ലാണ് അവർ വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തു തുടങ്ങിയതു്; 1917–ലെ ഒക്ടോബർ പോരാട്ടങ്ങളിൽ അവർ സജീവമായി പങ്കുകൊണ്ടു. ലെനിനുമായി അവർക്കു് അടുത്ത പരിചയമുണ്ടായിരുന്നു.

വിപ്ലവത്തിനുശേഷം അവർ സ്റ്റേററ് സോഷ്യൽ ഇൻഷൂറൻസിൻെറ പീപ്പിംസ് കമ്മിസ്സാറായും കൊമിൻേറണിൻെറ സാർവ്വദേശീയവനിതാ സെക്രട്ടറിയേററിൻെറ സെക്രട്ടറിയായും നോർവെ, മെക്സിക്കൊ, സ്വീഡൻ എന്നിവിടങ്ങളിലെ സോവിയററ് സ്ഥാനപതിയായും പ്രവർത്തിച്ചിട്ടുണ്ടു്.

ആത്മവീര്യത്തിലും ഇച്ഛാശക്തിയിലും അതിമാനുഷൻ

ഒരു മഹാവിപത്തിന്റെ ആർത്തിരമ്പിവരുന്ന കൊടുങ്കാററിൽ ജന്മമെടുത്തുകൊണ്ട് ഒരു മുഴുവൻ യുഗത്തിലും തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിക്കുന്ന വ്യക്തികരം ചരിത്രത്തിൽ അപൂർവ്വമായിട്ടുണ്ടാകാറുണ്ട്. ആത്മവീര്യത്തിലും ഇച്ഛാശക്തിയിലും അതിമാനുഷരായിട്ടുള്ള ഇവരിലൊരാളാണ് വ്ളദീമിർ ഇലിയിച്ച് ലെനിൻ.

ചരിത്രത്തിലെ ഈ മഹാപുരുഷന്മാർ എത്ര കരുത്തുററവരായേക്കാമെങ്കിലും, തികച്ചും വ്യക്തിപരമായി അവരിലുള്ള സർവ്വതും അവരുടെ പ്രതിരൂപാർത്ഥത്തിൽ, അവരാൽ മൂർത്തീകരിക്കപ്പെടുന്ന, സഞ്ചിതവും സാർവ്വത്രികവുമായ തത്വത്തിൽ, ലയിക്കുന്നു. അവർ ജീവിക്കുന്ന യുഗത്തിലെ ജനങ്ങരംക്ക് സവിശേഷമായിട്ടുള്ള ഗുണങ്ങളുടേയും ദോഷങ്ങളുടേയും വികാരങ്ങളുടേയും സാമാന്യമാനദണ്ഡം അവർക്കു ബാധകമല്ല. വ്ളദീമിർ ഇലിയിച്ച് ലെനിന്റെ വ്യക്തിപരമായ സ്വഭാവവിശേഷങ്ങളും ഗുണങ്ങളുമല്ല പ്രധാനം, അദ്ദേഹം പ്രതീകമായിട്ടുള്ളതെന്തോ അതാണ്.... വിപ്ലവത്തിൽ ഉരുക്കുപോലുറച്ച മനസ്ഥൈര്യത്തോടുകൂടിയ സർവ്വതും, സുശക്തവും നിർദ്ദയമാംവണ്ണം വിനാശകരവും ദൃഢമായ വിധത്തിൽ സർഗ്ഗാത്മകവുമായ സർവ്വതും, ഒരു കേന്ദ്രബിന്ദുവിലെന്നവണ്ണം അദ്ദേഹം സംഭരിച്ച് സ്വയം ഉരംക്കൊണ്ടിരിക്കുകയാണ്. തൊഴിലാളിവിപ്ലവത്തിന്റെ ശുദ്ധീകരണചക്രവാതം കൊണ്ടുവന്നിട്ടുള്ള വസ്തുക്കരം വിലമതിക്കുന്ന സകലർക്കും അതിന്റെ പ്രതീകവും മൂർത്തീകരണവുമായ വ്ളദീമിർ ഇലിയിച്ച് ലെനിൻ അവരുടെ ഒരു ഉററ ബന്ധുവാണെന്നു തോന്നാതിരിക്കാൻ നിർവാഹമില്ല.

ലെനിന്റെ ശബ്ദം

ആയിരത്തിത്തൊള്ളായിരത്തിപ്പതിന്നാലാമാണ്ടിലെ സാമ്രാജ്യത്വയുദ്ധം തുടങ്ങിക്കഴിഞ്ഞിരുന്നു.

രണ്ടാം ഇന്റർനാഷനൽ മാർക്സിന്റെ സിദ്ധാന്തങ്ങളെ കൈവെടിയുകയും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ വഞ്ചിക്കുകയും ചെയ്തു. രണ്ടാം ഇന്റർനാഷനലിന്റെ മുഖ്യ ശക്തിയായിരുന്ന ജർമ്മൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടി അതിന്റെ അവസരവാദപരമായ പൊരുൾ വെളിപ്പെടുത്തി. ഭരണത്തിലിരിക്കുന്ന സ്വന്തം ബൂർഷ്വാസിയുമായി കൈകോർത്തുപിടിച്ചുകൊണ്ടു് അതു് വർഗ്ഗസമാധാനത്തിന്റെ പാതയിലേക്കു പൂർണ്ണമായും തിരിയുകയാണു ചെയ്തതു്.

ജർമ്മൻ സോഷ്യൽഡെമോക്രാററുകാർ വിപ്ലവവർഗ്ഗസമരം നിർലജ്ജം കൈവെടിഞ്ഞ ദിവസത്തിനു് ഞാൻ തന്നെ ഒരു ദൃക്സാക്ഷിയായിരുന്നു. 1914 ആഗസ്റ്റ് 4—ാംനു ഞാൻ റൈക്സ്റ്റാഗിലുണ്ടായിരുന്നു. ജർമ്മൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടി നേതാക്കന്മാരുടെ പതനത്തിന്റെ ജുഗുപ്സാവഹമായ കാഴ്ച ഞാൻ കാണുകയുണ്ടായി, അവർ യുദ്ധബഡ്ജററിനുവേണ്ടി വോട്ടു ചെയ്തതും ബേത്മാൻ—ഹോൽവെഗിന്റെ ഗവണ്മെൻറിനു പിന്തുണ വാഗ്ദാനം ചെയ്തതും ഞാൻ കണ്ടു.

സാമ്രാജ്യത്വയുദ്ധത്തിന്റെ പുകയേററു് പലരുടേയും തല കറങ്ങി. രഞ്ജിപ്പിന്റേയും അവസരവാദത്തിന്റേയും മാസ്മരശക്തി ചില റഷ്യൻ രാഷ്ട്രീയകുടിയേറിപ്പാർപ്പുകാരെ കൂടി ബാധിക്കുകയും തങ്ങളുടെ രാഷ്ട്രീയപാപങ്ങളെക്കുറിച്ചു് പശ്ചാത്തപിക്കാനും നിക്കൊളാസ് രണ്ടാമന്റേയും അയാളുടെ കിങ്കരന്മാരുടേയും നയത്തെ പിന്താങ്ങുന്നതുവഴി തങ്ങളുടെ സാറിസ്റ്റ് പിതൃഭൂമിയെ സേവിക്കാനുംവേണ്ടി അവർ റഷ്യയിലേക്കു തിരികെ പാഞ്ഞുചെല്ലുകയും ചെയ്യത്തക്ക പതനത്തിൽ സംഗതികൾ ചെന്നെത്തി.

ഞാൻ തീവ്രനൈരാശ്യത്തിലാണ്ടു. കാരണം എനിക്കു തോന്നി സർവ്വതും നഷ്ടപ്പെട്ടുവെന്ന്. അന്തരീക്ഷം അങ്ങേയററം ശ്വാസം മുട്ടിക്കുന്ന ഒന്നായിരുന്നു, യാതൊരാശയ്ക്കും വക നൽകാത്തതായിരുന്നു. മുമ്പോട്ടുള്ള എല്ലാ പുരോഗതിയേയും തടഞ്ഞുനിർത്തുന്ന ഒരു ഭിത്തി എന്റെ മുമ്പിൽ ഉയർന്നുനില്ക്കുന്നതായി എനിക്കു തോന്നി. ലീബ്ക്നെക്റ്റിന്റെ സഹായത്തോടുകൂടി ജർമ്മനിയിൽനിന്നും സ്റ്റോക്ക്ഹോമിലെത്താൻ എനിക്കു കഴിഞ്ഞു. ലോകമഹായുദ്ധത്തെ എതിർക്കാൻ രണ്ടാം ഇൻറർനാഷനലിനെ പ്രേരിപ്പിക്കാനൊക്കുമെന്നായിരുന്നു അപ്പോഴും എന്റെ വിശ്വാസം; എന്നാൽ നമ്മുടെ നയം എന്തായിരിക്കണമെന്നോ അവ എന്തടിസ്ഥാനത്തിലായിരിക്കണമെന്നോ എനിക്കോ മററാർക്കെങ്കിലുമോ നിശ്ചയമില്ലായിരുന്നു. ദുർഗമമായ ഒരു വനാന്തരത്തിൽ വഴിതെററി വിഷമിക്കുകയായിരുന്നു ഞങ്ങൾ.

അങ്ങേയററത്തെ ചിന്താക്കുഴപ്പത്തിന്റേയും രണ്ടാം ഇൻറർനാഷനലിന്റെ തകർച്ചയുടേയും ആ നിമിഷത്തിലാണ്, വർഗ്ഗൈക്യത്തെ കൊട്ടിഘോഷിച്ചുകൊണ്ടുള്ള ബൂർഷ്വാ മുതലാളിത്തപാർട്ടികളുടെ ആർത്തുവിളികൾക്കിടയിൽ ലെനിന്റെ ശബ്ദം ഇടിനാദംപോലെ മുഴങ്ങിയത്. ലോകത്തിന്റെ മുഴുവൻ എതിർപ്പിനേയും നേരിട്ടുകൊണ്ട് അദ്ദേഹം സാമ്രാജ്യത്വയുദ്ധത്തെ നിർദ്ദാക്ഷിണ്യം അപഗ്രഥിക്കുകയും അങ്ങിനെ അതിന്റെ ഉള്ളടക്കത്തെ തന്റെ കയ്യിൽ എടുത്ത് കാട്ടുന്നതുപോലെ വ്യക്തമായി തുറന്നുകാട്ടുകയും അതിലും പ്രധാനമായി ആ യുദ്ധത്തെ ആഭ്യന്തരയുദ്ധമായും വിപ്ലവമായും രൂപാന്തരപ്പെടുത്തേണ്ട മാർഗ്ഗങ്ങളും ഉപാധികളും സ്പഷ്ടമായി പ്രതിപാദിക്കുകയും ചെയ്തു. സമാധാനത്തെ കാംക്ഷിക്കുന്നവർ അവസരവാദത്തിനെതിരായി പൊരുതുകയും സ്വന്തം ബൂർഷ്വാസിയുമായുള്ള രഞ്ജിപ്പിനെ നിരാകരിക്കുകയും ചെയ്യേ പററൂ.

യുദ്ധത്തേയും നമ്മുടെ കടമകളേയും സംബന്ധിച്ച ലെനിന്റെ നിർദ്ദേശങ്ങളടങ്ങുന്ന, കേന്ദ്രപാർട്ടിമുഖപത്രമായ ''സൊററ്സിയാൽ ദെമൊക്രാററി''ന്റെ ഏതാനും ലക്കങ്ങൾ സ്വിററ്സർലണ്ടിൽ നിന്നും സ്റ്റോക്ക്ഹോമിലെത്തുകയുണ്ടായി. എന്റെ ജീവിതത്തിലെ ഏററവും സുപ്രധാനനിമിഷങ്ങളിലൊന്നായിരുന്നു അത്. ഏതു ഭിത്തിക്കെതിരായാണോ ഞാൻ എന്റെ തലയിടിച്ചുകൊണ്ടിരുന്നത് ആ ഭിത്തിയെ ലെനിന്റെ ലേഖനങ്ങൾ തകർത്തുതരിപ്പണമാക്കി. അഗാധമായൊരു കിണററിൽനിന്നും കരകയറി സൂര്യപ്രകാശത്തിലെത്തിയ ഒരനുഭൂതിയാണ് എനിക്കുണ്ടായത്. കാരണം ഞാൻ പിന്തുടരേണ്ട പാത ഏതെന്നു ഞാൻ കണ്ടു. അതു വളരെ വ്യക്തമായി തെളിഞ്ഞുകാണാമായിരുന്നു. വിപ്ലവതൊഴിലാളിവർഗ്ഗത്തിന്റെ അണികളിൽ വ്ളദീമിർ ഇലിയിച്ചിനെ പിന്തുടരുക—ഇതുമാത്രമായിരുന്നു ഞാൻ ചെയ്യേണ്ടിയിരുന്നത്. റഷ്യയിൽ കേന്ദ്രക്കമ്മിററി ബ്യൂറോ ലെനിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നുവെന്നു പിന്നീടു വളരെക്കഴിഞ്ഞാണു ഞങ്ങളറിഞ്ഞത്.

അക്കാലത്ത് എനിക്കു തോന്നി, മുഴുവൻ മനുഷ്യരാശിക്കും മുകളിലാണു ലെനിൻ നിന്നിരുന്നതെന്ന്, നമുക്കു കാണാൻ കഴിയാത്തത് തന്റെ അസാമാന്യമായ ദർശനശക്തികൊണ്ട് അദ്ദേഹത്തിനു കാണാൻ കഴിഞ്ഞിരുന്നുവെന്ന്. അന്നാണെനിക്കു മനസ്സിലായത് ധാർമ്മികവും ആത്മീയവുമായ അദ്ദേഹത്തിന്റെ ധൈര്യത്തിന് അതിരില്ലായിരുന്നുവെന്ന്. അവസരവാദികൾ — കൗട്സ്കിയും അയാളുടെ അടുത്ത സഹപ്രവർത്തകരും—എത്രകണ്ട് അധഃപതിച്ചുവോ അത്രകണ്ട് വ്യക്തമായി ഞങ്ങൾ രക്തരൂഷിതമായ ആ ഭയങ്കരകുഴപ്പത്തിൽ പോംവഴി ചൂണ്ടിക്കാട്ടിയ ആ മനുഷ്യന്റെ നിർഭയവും അജയ്യവുമായ രൂപം കണ്ടു.

1914 ഒക്ടോബറിലാണ് വ്ളദീമിർ ഇലിയിച്ചിനു ഞാൻ എന്റെ ആദ്യത്തെ കത്തെഴുതിയത്. അദ്ദേഹത്തി

ന്റെ മറുപടി ഒരു റഷ്യൻ സഖാവുവഴി എനിക്കു കിട്ടി. ഞാൻ ഉടനടി പ്രവർത്തനത്തിലേർപ്പെടണമെന്നും തൊഴിലാളിവർഗ്ഗസമരം മുന്നോട്ടുകൊണ്ടുപോവുകയെന്ന അദ്ദേഹത്തിന്റെ നയം നടപ്പിലാക്കുന്നതിൽ സഹായിക്കാൻ കഴിവുള്ള സ്കാൻഡിനേവിയയിലെ സോഷ്യലിസ്റ്റുകാരുമായി ഞാൻ ബന്ധപ്പെടണമെന്നും അതിൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. അന്നു മുതൽ ഞാൻ അദ്ദേഹത്തിന്റെ നേരിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചുതുടങ്ങി.

അതേസമയംതന്നെ, ലെനിനും റഷ്യയിലുള്ള കേന്ദ്രക്കമ്മിറ്റി ബ്യൂറോയും തമ്മിൽ സ്കാൻഡിനേവിയ വഴി വിശ്വസ്തമായ ബന്ധങ്ങൾ സംഘടിപ്പിക്കുകയെന്ന ചുമതല സഖാവ് എസ്കിനേയും എന്നേയും ഭരമേല്പിച്ചിരുന്നു. ഈ ബന്ധങ്ങൾ യഥാവിധി സ്ഥാപിക്കപ്പെടുകയും ഹാമർഷോൾഡിന്റെ യാഥാസ്ഥിതിക സ്വീഡിഷ് ഗവണ്മെന്റ് ''ബോൾഷെവിക് കേന്ദ്രം'' അടച്ചുപൂട്ടാൻ തീരുമാനിക്കുന്നതുവരെ അതു് തുടർന്നുകൊണ്ടുപോവുകയും ചെയ്തു. എന്നെ അറസ്റ്റു ചെയ്യുകയും കുങ്സ്ഹോൽമെന്നിൽ തടവിലാക്കുകയും സ്വീഡനിൽനിന്നു് നാടുകടത്തുകയും ചെയ്തു. ഏതാനും നോർവീജിയൻ സുഹൃത്തുക്കളുടെ സഹായത്തോടുകൂടി നോർവെയിൽ ഓസ്ലോവിനടുത്തുള്ള ഹോൾമെൻകൊല്ലെനിൽ താമസമുറപ്പിക്കാൻ എനിക്കു കഴിഞ്ഞു. ഒരു ഉൾക്കടലിനു മുകളിലായി സ്ഥിതിചെയ്തിരുന്ന ചുവന്ന നിറത്തിലുള്ള എന്റെ ചെറിയ ഗൃഹത്തിൽനിന്നും എന്റെ അന്വേഷണങ്ങളും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം എഴുതിയ ലേഖനങ്ങളും ലഘുലേഖകളും വ്ളദീമിർ ഇലിയിച്ചിന്റെ പക്കലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. സുഹൃത്തുക്കളുടെ മേൽവിലാസങ്ങൾ വഴിയായി വ്ളദീമിർ ഇലിയിച്ച് എനിക്കയച്ച കത്തുകൾ ഞാനവിടെവച്ചു തുറക്കുകയും ചെയ്തു. ഹോൾമെൻകൊല്ലെനിലെ

ചുവന്ന നിറത്തിലുള്ള അതേ കൊച്ചുഗൃഹത്തിൽ വെച്ചാണ് സിമ്മർവാൾഡ് ഇടതുപക്ഷത്തെ പിന്താങ്ങിക്കൊണ്ടുള്ളതും വ്ളദീമിർ ഇലിയിച്ച് അംഗീകരിച്ചതുമായ നോർവീജിയൻ ഇടതുപക്ഷക്കാരുടെ പ്രമേയം ഞങ്ങൾ തയ്യാറാക്കിയതു്.

അക്കാലത്തു വ്ളദീമിർ ഇലിയിച്ചിനെക്കുറിച്ചു ചിന്തിക്കുമ്പോൾ അദ്ദേഹം വെറുമൊരു മനുഷ്യനായിട്ടല്ല, മനുഷ്യരാശിയുടെ സഹസ്രാബ്ദകാലത്തെ സാമൂഹ്യ—സാമ്പത്തിക പാളികളിൽ മാറ്റങ്ങളുണ്ടാക്കുന്ന പ്രാഥമികപ്രാപഞ്ചികശക്തികളുടെ മൂർത്തീകരണമായിട്ടാണ്, എനിക്കു തോന്നിയതു്. സാമൂഹ്യബന്ധങ്ങളിലെ സമൂലപരിവർത്തനങ്ങളിൽ വെച്ച് ഏറ്റവും വമ്പിച്ച പരിവർത്തനത്തിനുവേണ്ടി, പുതിയ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സമുദായത്തിന്റെ പുനനിർമ്മാണത്തിനുവേണ്ടി, ഒരു പദ്ധതി പരിപക്വമായി വരികയായിരുന്നു, തയാറായി വരിക്യായിരുന്നു.

സാമ്രാജ്യത്വയുദ്ധം അതിന്റെ മൂർദ്ധന്യത്തിലായിരുന്നു. എന്നാൽ അതു മാത്രമായിരുന്നില്ല ആ കാലത്തിന്റെ സവിശേഷത. ലെനിന്റെ പ്രവർത്തനം കാരണം സമുദായത്തിന്റെ സാമൂഹ്യഘടനയിൽ വിടവുകൾ പ്രത്യക്ഷപ്പെട്ടു. രണ്ടാം ഇന്റർനാഷനൽ തകർന്നെങ്കിലും ലെനിനു ചുറ്റുമായി പുതിയ മുളകൾ പൊട്ടിവിരിയുന്നുണ്ടായിരുന്നു. അതുകൊണ്ടു്, അപമാനിതമായ രണ്ടാം ഇന്റർനാഷനലിൽനിന്നും യുവജനങ്ങളുടെ ഏറ്റവും നല്ലതും ഏറ്റവും വിപ്ലവകരവുമായ വിഭാഗത്തെ നമ്മുടെ ഭാഗത്തേക്കു കൊണ്ടുവരികയും സിമ്മർവാൾഡ് ഇടതുപക്ഷത്തിനു ചുറ്റുമായി അവരെ അണിനിരത്തുകയും ചെയ്യണമെന്നു് 1915, 1916 എന്നീ വർഷങ്ങളിൽ ലെനിൻ എന്നോടു നിർദ്ദേശിച്ചപ്പോൾ എന്റെ ചുമതല ഞാൻ പ്രതീക്ഷിച്ചതിലും എളുപ്പമായിട്ടാണു് എനിക്കനുഭവപ്പെട്ടതു്.

2*

സാമ്രാജ്യത്വയുദ്ധത്തിനെതിരായ സമരത്തിനുവേണ്ടിയും സിമ്മർവാംഡ് ഇടതുപക്ഷത്തിന്റെ പരിപാടിക്ക് ആനുകൂല്യം നേടാൻ വേണ്ടിയും ബോസ്റ്റൺ മുതൽ സാൻഫ്രാൻസിസ്കൊ വരെയും ഫിലാഡൽഫിയ മുതൽ സിയാററൽ വരെയുമുള്ള പ്രദേശത്താകെ ശക്തികാം സംഭരിക്കാനായി രണ്ടു തവണ എനിക്ക് അററ്ലാൻറിക് കടക്കേണ്ടിവന്നിട്ടുണ്ട്.



ലെനിൻ തന്റെ ക്രെംലിൻ പഠനമുറിയിലെ പുസ്തകഷെൽഫിന്റെ സമീപത്തു നിൽക്കുന്നു. ഒക്ടോബർ 1918



വി. വൊറോവ്സ്ക്കിയ്

വാററ്സ്ലവ് വൊറോവ്സ്ക്കിയ് (1871–1923) വിപ്ലവം തൊഴിലായെടുത്തിട്ടുള്ള ഒരു വിപ്ലവകാരിയും ബോൾഷെവിക് പാർട്ടിയിലെ ഒരു പ്രമുഖാംഗവും സോവിയററ് നയതന്ത്രപ്രതിനിധിയും പത്രപ്രവർത്തകനും സാഹിത്യനിരൂപകനുമായിരുന്നു.

1890–1900–ന്റെ അവസാനം തൊട്ട് അദ്ദേഹം വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുത്തു. അദ്ദേഹം ''ഇസ്ക്ര''ക്കുവേണ്ടി എഴുതുമായിരുന്നു. ലെനിന്റെ ഒരു വിശ്വസ്തനായ അനുചരനായിരുന്നു വൊറോവ്സ്ക്കിയ്. ഒക്ടോബർ വിപ്ലവത്തിനുശേഷം അദ്ദേഹം ആർ. എസ്സ്. എഫ്. എസ്സ്. ആറിനെ സ്കാൻഡിനേവിയൻ രാജ്യങ്ങളിലും പിന്നീട് ഇററലി മുതലായ രാജ്യങ്ങളിലും പ്രതിനിധീകരിച്ചു. റഷ്യൻ ക്ലാസ്സിക്കുകളെപ്പററിയും മാക്സിം ഗോർക്കിയെപ്പററിയും ഉജ്ജ്വലമായ ചില ഉപന്യാസങ്ങളും സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് ചില താത്വികപ്രബന്ധങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്.

വി.ഐ. ഉല്യാനൊവ് ലെനിൻ

ചരിത്രപ്രധാനമായ മുന്നേററങ്ങളുടെ മഹത്തായ യുഗങ്ങൾ കാലത്തിന്റെ അന്തസ്സത്തയെ പ്രത്യക്ഷത്തിൽ മൂർത്തീകരിക്കുന്ന മനുഷ്യരെ സൃഷ്ടിക്കുന്നു. പൊരുതി മുന്നേറുകയും നിലനിൽക്കാനുള്ള അവകാശം നേടുകയും ചെയ്യുന്ന, നവീനവും ആസന്നവും ഉൽകൃഷ്ടവുമായ ഘടകത്തിന്റെ കേന്ദ്രബിന്ദുക്കളും വാഹകരുമാണവർ. ഈ യുഗത്തിലെ, മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേക്കുള്ള ഈ വഴിത്തിരിവിലെ, അത്തരമൊരാളാണ് വ്ളദീമിർ ഇലിയിച്ച് ഉല്യാനൊവ്—ലെനിൻ.

റഷ്യയിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കിടയിൽ ഉറപ്പായും ആഴത്തിലും വേരൂന്നുകയും ആയിരമായിരം വർഷങ്ങൾകൊണ്ടു മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ള ശാസ്ത്രീയ—സാംസ്കാരികമൂല്യങ്ങൾ സംഭരിച്ചുവെച്ചിരിക്കുന്ന വിഹായസ്സിന്റെ സ്വച്ഛമായ ഉന്നതതലങ്ങളിലേക്ക് മകുടമുയർത്തുകയും ചെയ്യുന്ന ഒരു മഹാവൃക്ഷം പോലെയാണദ്ദേഹം. അതിന്റെ വേരുകളെ പോഷിപ്പിക്കുന്ന ബഹുജനങ്ങളിലേക്കു ആ വൃക്ഷം പ്രസ്തുതനിധികളെ കർക്കശമായും നിർമ്മര്യാദമായും പിടിച്ചുവലിക്കുന്നതു കണ്ട് അവയുടെ സൂക്ഷിപ്പുകാരും പൂജാരികളും ഭയചകിതരാകുന്നു. പകരം തൊഴിലാളിവർഗ്ഗത്തിന്റെ സുധീരവും ആജ്ഞാരൂപത്തിലുള്ളതുമായ ആവശ്യങ്ങളെ പ്രശാന്തവും നിർമ്മലവുമായ തങ്ങളുടെ ഉന്നതസ്ഥാനങ്ങളിലേക്ക് അതെടുത്തെറിയുന്നതു കണ്ട് അവർ അതിലും കൂടുതൽ ഭയവിഹ്വലരാകുന്നു.

ലെനിന്റെ നാമം റഷ്യയിലേയോ യൂറോപ്പിലേയോ മാത്രമല്ല ലോകമാസകലമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിന്റെ പ്രതീകമായിത്തീർന്നിട്ടുള്ളതിൽ അത്ഭുതപ്പെടേണ്ടതില്ല. ഭൂമുഖത്തെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ലക്ഷോപലക്ഷം കണ്ണുകളും വിചാരവികാരങ്ങളും ക്രെംലിന്റെ ഒരു കോണിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതിലും ആശ്ചര്യപ്പെടേണ്ടതില്ല. കാരണം, അവിടെ ഒരൊററ മനുഷ്യന്റെ

മനസ്സും ഇച്ഛാശക്തിയും ലക്ഷോപലക്ഷങ്ങളുടെ ഈ വിചാരവികാരങ്ങളെ ബഹുജനങ്ങളുടെ സമരമുദ്രാവാക്യങ്ങളായും വമ്പിച്ച പ്രസ്ഥാനങ്ങളുടെ മാർഗ്ഗദർശികളായും നിഗൂഢമായ വിധത്തിൽ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ഈ അംഗീകൃതമനുഷ്യനിൽ എന്തെന്തു ശക്തി അന്തർലീനമായി കിടക്കുന്നുണ്ടാവും! തങ്ങളുടെ വിശ്വസ്തനേതാവായി ഉററുനോക്കുന്നവരിൽനിന്നും എത്രമാത്രം സ്നേഹവും വാത്സല്യവും അദ്ദേഹം നേടിയിട്ടുണ്ടാവും!

ചിന്താവൈഭവവും ഇച്ഛാശക്തിയും വികാരസാന്ദ്രതയും ഇതിലേറെ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്ന ഒരു മനുഷ്യനെക്കുറിച്ച് ചിന്തിക്കാൻ വിഷമമാണ്; ഒരൊററ കരിങ്കൽപ്പാറയിൽനിന്നും, ഒരു വിടവുപോലുമില്ലാതെ, കൊത്തിയെടുക്കപ്പെട്ടിട്ടുള്ളതാണ് വ്ളദീമിർ ഇലിയിച്ച്. അദ്ദേഹത്തിലുള്ള സകലതും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യത്തെ സേവിക്കുകയും അതിനെ സോഷ്യലിസത്തിന്റെ പാതയിൽക്കൂടി ആനയിക്കുകയും ചെയ്യുകയെന്ന മഹത്തായ പൊതുകടമയുമായി പൊരുത്തപ്പെട്ടതാണ്. നിങ്ങൾ ഏതു വഴിക്ക് അദ്ദേഹത്തെ സമീപിച്ചാലും ശരി, ആ ഒരേയൊരു ബൃഹത്തായ ആശയത്തിൽ അദ്ദേഹം തികച്ചും ആമഗ്നനായിരിക്കുന്നതായിരിക്കും നിങ്ങൾ അനിവാര്യമായും കാണുക. മററു താല്പര്യങ്ങൾക്കൊന്നും അവിടെ ഇടമില്ല.

സിദ്ധാന്തത്തോടു വളരെയേറെ ചാഞ്ഞുനിൽക്കുന്ന മനസ്സായിരുന്നു വ്ളദീമിർ ഇലിയിച്ചിന്റേത്. പക്ഷെ പണ്ഡിതവൃത്തിയിലേർപ്പെട്ടിരിക്കുന്ന ഒരാൾക്ക് സിദ്ധാന്തം സിദ്ധാന്തത്തിനുവേണ്ടിമാത്രം പ്രയോജനപ്പെടുന്നതുപോലെ അദ്ദേഹത്തിനു പ്രയോജനപ്പെട്ടില്ലെന്നതാണ് മുഖ്യസംഗതി. തൊഴിലാളിവർഗ്ഗം എവിടെയാണോ അധിവസിക്കുന്നത്, ഏതിനോടാണോ അതിനു പടവെട്ടേണ്ടത്, ഏതിനെയാണോ അതു പുതുക്കിപ്പണിയാൻ യത്നിച്ചുകൊണ്ടിരിക്കുന്നത്,

ആ ലോകത്തെ മനസ്സിലാക്കാനുള്ള ഒരു ഉപാധിയായിട്ടാണ് ലെനിൻ സിദ്ധാന്തത്തെ എപ്പോഴും കരുതിയത്. കരുത്തുററ വിപ്ലവവർഗ്ഗത്തിന്റെ പ്രായോഗികകടമകളുമായി സിദ്ധാന്തത്തെ ഈ വിധത്തിൽ ഗാഢമായി കൂട്ടിയിണക്കിയതുകൊണ്ടാണ് ഏതവസ്ഥയിൽനിന്നും — പ്രത്യക്ഷത്തിൽ അതെത്രതന്നെ വിദൂരമായിക്കൊള്ളട്ടെ—ഒരായുധം കരുപ്പിടിപ്പിക്കാനും അത് ഉന്നം തെററാതെ ശത്രുക്കൾക്കെതിരെ പ്രയോഗിക്കാനും കഴിയുമാറ് ലെനിന്റെ ആശയങ്ങൾക്ക് ഔചിത്യവും കൂർമ്മതയും സിദ്ധിച്ചിട്ടുള്ളത്. വർഗ്ഗവും അതിന്റെ പ്രത്യയശാസ്ത്രജ്ഞാനവും തമ്മിലുള്ള ആത്മീയബന്ധമാണ് ഇവിടെ നിർണ്ണായകമായിട്ടുള്ളത്. ഉയർന്നുവരുന്ന വിപ്ലവവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രജ്ഞന് ആ ബന്ധത്തിൽക്കൂടി തനിക്കു പ്രചോദനം നൽകുന്ന ശാശ്വതമായ ഉറവിടമായി ആ വർഗ്ഗത്തെ അവലംബിക്കാൻ കഴിയുന്നതാണ്.

ലെനിന്റെ താത്വികചിന്തയുടെ ഈ പ്രായോഗികസ്വഭാവം, വളരെയേറെ ജീവസ്സോടുകൂടിയ ഈ സ്വഭാവം, ബഹുജനങ്ങളുമായുള്ള ഈ ആത്മീയബന്ധം, അദ്ദേഹത്തിന് രാഷ്ട്രീയദീർഘദർശനമെന്ന അത്ഭുതസിദ്ധി നൽകിയിട്ടുണ്ട്, അതായത്, ചരിത്രവികാസഗതിയെ ആസന്നഭാവിയിൽകൂടി കാണാനുള്ള, പ്രസ്ഥാനത്തിന്റെ സാദ്ധ്യതകളെ തിട്ടപ്പെടുത്താനുള്ള, ഭാവിയിലെ ''അജ്ഞാതമായ ഭാഗധേയങ്ങളി''ലേക്ക് ചുഴിഞ്ഞുനോക്കാനുള്ള, കഴിവ്. ഒരു ഗോപുരത്തിലെ കാവൽക്കാരനെപ്പോലെ വരാനിരിക്കുന്ന സംഭവങ്ങളെ ദൂരത്തുനിന്നു കാണാനും അവയെക്കുറിച്ചു തന്റെ സഹപ്രവർത്തകർക്കു ആവശ്യമായ മുന്നറിയിപ്പു നൽകാനും അദ്ദേഹത്തിനു കഴിയുന്നു.

ചരിത്രപരമായ ദീർഘവീക്ഷണത്തിനുള്ള ഈ കഴിവിനാലും ബഹുജനങ്ങളുടെ ചിന്തകളും അഭിലാഷങ്ങളുമെന്തെന്ന് അറിയത്തക്കവണ്ണം അഗാധമായ സഹജജ്ഞാനത്താലും അനുഗ്രഹീതനായ വ്ളദീമിർ ഇലിയിച്ച് സ്വാഭാവികമാ

യും പ്രോജ്ജ്വലനായ ഒരു പ്രായോഗികരാജ്യതന്ത്രജ്ഞനാണ്. ഏതെങ്കിലുമൊരു പ്രത്യേകസന്ദർഭത്തിലെ ആവശ്യങ്ങളെ വിലയിരുത്തിക്കൊണ്ട് വ്യക്തമായ ഒരു മുദ്രാവാക്യമുന്നയിക്കുന്നതിലും നിലവിലുള്ള അടിയന്തിരാവശ്യം നിർവഹിക്കാൻ ബഹുജനങ്ങളെ പ്രാപ്തരാക്കുന്നതിനുവേണ്ടി അവർക്കു മനസ്സിലാവുന്ന ലളിതമായ ചുമതലകൾ നൽകുന്നതിലും അദ്ദേഹം ഒരു വിദഗ്ധൻ തന്നെയാണ്. പാറക്കെട്ടുകൾ തിങ്ങിനിൽക്കുന്ന ഒരിടുക്കിൽക്കൂടി തന്റെ കപ്പലിനെ സുരക്ഷിതമായി കടത്തിക്കൊണ്ടു പോവാൻവേണ്ടി സമർത്ഥമായി ചുക്കാൻ പിടിക്കുന്ന ഒരു അമരക്കാരനെപ്പോലെയാണ് ബഹുജനങ്ങളുടെ തനിയേ ഉളവാകുന്ന പ്രസ്ഥാനത്തിനു മാർഗ്ഗനിർദ്ദേശം നൽകാൻവേണ്ടി തന്റെ പ്രായോഗികമുദ്രാവാക്യങ്ങളും കടമകളും അദ്ദേഹം കൈകാര്യം ചെയ്യുന്നത്. അതേസമയം ഈ നടപടികളോടുള്ള ബഹുജനങ്ങളുടെ പ്രതികരണമെന്തെന്നും പ്രസ്ഥാനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ പൊതുപ്രവണതകൾക്കും ലക്ഷ്യങ്ങൾക്കും എത്രത്തോളം അനുരൂപമാണെന്നും അദ്ദേഹം ജാഗ്രതയോടെ ശ്രദ്ധിക്കാറുണ്ട്. ഒരു മുദ്രാവാക്യം തന്റെ പ്രതീക്ഷകളെ ന്യായീകരിക്കുന്നതിൽ പരാജയപ്പെടുകയോ അതിന്റെ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്യേണ്ട താമസം, അമരക്കാരൻ അതിവേഗത്തിലും സമർത്ഥമായും വീണ്ടും ചുക്കാൻ തിരിച്ചുകൊണ്ട് ബഹുജനങ്ങളുടെ ചിന്തയേയും ഇച്ഛയേയും പുതിയ പന്ഥാവുകളിലേക്കു ആനയിക്കാൻവേണ്ടി ഒരു പുതിയ മുദ്രാവാക്യം ആവിഷ്ക്കരിക്കുകയായി. ധീരമായ ആ ചുക്കാൻതിരിക്കലുകൾ ചിലപ്പോൾ വളരെപ്പെട്ടെന്നായിരിക്കും; ലെനിന്റെ ഏററവുമടുത്ത സഹപ്രവത്തകർ പോലും അതു കണ്ടു പകച്ചുപോകും. അതിനെ പ്രശംസിക്കുകയാണോ അതോ അതിനെതിരായി പ്രതിഷേധിക്കുകയാണോ എന്താണു വേണ്ടതെന്ന് അവർ അത്ഭുതപ്പെടും. ഭാഗ്യവശാൽ യാഥാർത്ഥ്യങ്ങൾ എല്ലാ സംശയങ്ങളേയും അകററിയിട്ടുണ്ട്.

ചുക്കാൻ കൈവശപ്പെടുത്തുകയും മററാരെയും കൂട്ടാക്കാതിരിക്കുകയും ചെയ്യുന്ന ഒരു സ്വേച്ഛാധിപതിയാണു വ്ളദീമിർ ഇലിയിച്ച് എന്നു സംശയിച്ചേക്കാം. അതിലും അബദ്ധമായി മറെറാന്നില്ല. ജനങ്ങളുടെ മേൽ മാത്രമല്ല, അതിലും ഒരായിരം മടങ്ങു പ്രധാനമായി ജനഹൃദയങ്ങളുടെ മേൽ ഇത്രയേറെ അധികാരം ചരിത്രത്താൽ നൽകപ്പെട്ടിട്ടുള്ള വിധിയുടെ പ്രീതിപാത്രങ്ങളിൽവെച്ച് ഭരണയന്ത്രത്തിൽ മനുഷ്യനുള്ള പങ്കിനെ ഇത്രയധികം വിലമതിച്ച ഒരാൾ ഇതിനു മുമ്പുണ്ടായിട്ടില്ല. അദ്ദേഹം സ്വയം എങ്ങിനെ കരുതുന്നോ അതുപോലെയാണു മററുള്ളവരേയും കരുതുന്നത്; ഇതു ചിലപ്പോൾ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. കാരണം, പലപ്പോഴും അദ്ദേഹം അവരുടെ കഴിവുകളെ ഉള്ളതിലുമധികം കാണുന്നു, തനിക്കുള്ള അതേ ബൃഹത്തായ കരുത്ത് അവരിലുമുണ്ടെന്നു കരുതുന്നു. അദ്ദേഹത്തിന്റെ പ്രതീക്ഷയ്ക്കൊപ്പം തങ്ങൾ എത്താത്തപ്പോൾ അവർ കുണ്ഠിതപ്പെടുന്നു. അതെങ്ങിനെയുമായിക്കൊള്ളട്ടെ, തന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമല്ല പല സഹപ്രവർത്തകരുടേയും പ്രകടമായ അഭിപ്രായം കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നു ബോദ്ധ്യമാകാതെ അദ്ദേഹം ഒരിക്കലും ഒരു തീരുമാനമെടുക്കില്ല, ഒരടി മുന്നോട്ടുവയ്ക്കില്ല. തങ്ങളുടെ കൂട്ടായ ഉൽക്കണ്ഠയും ആകാംക്ഷയും തങ്ങളുടെ അനുഭവവും എത്രകണ്ട് വ്ളദീമിർ ഇലിയിച്ചിന്റെ ചിന്തകൾക്കും തീരുമാനങ്ങൾക്കും പ്രേരകമായി ഭവിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിനു ചുററുമുള്ളവരും അദ്ദേഹത്തെ കൂടെക്കൂടെ കാണുന്നവരും ഒരിക്കലും സംശയിക്കുകയില്ല. അനേകം പേരുടെ അനുഭവത്തേയും അറിവിനേയും ഒരു നതമദ്ധ്യദർപ്പണത്തിലെന്നപോലെ തന്നിൽ കേന്ദ്രീകരിക്കുകയും അവയെ എല്ലാം തന്റെ മനസ്സിന്റെ പ്രയോഗശാലയിൽ പൊതുചിന്താഗതികളായും മുദ്രാവാക്യങ്ങളായും രൂപാന്തരപ്പെടുത്തുകയും ചെയ്യാനുള്ള ഈ കഴിവുതന്നെയാണ് അദ്ദേഹത്തിന്റെ അപൂർവ്വസിദ്ധി.

ഈ ഗുണങ്ങളുണ്ടെന്ന കാരണത്താൽ അദ്ദേഹം ജനങ്ങളെ കേവലം പാവകളും ചതുരംഗത്തിലെ കരുക്കളുമായി കരുതുന്ന ഉഗ്രഭാവനും വിരസനുമായ ഒരു രാഷ്ട്രീയനേതാവാണോ? ആ ഊഹവും തെററായിരിക്കും. കാരണം, താൻ പ്രവർത്തിക്കുന്നതും പൊതുവായ താല്പര്യങ്ങൾക്കുവേണ്ടി പൊരുതുന്നതും ആരോടൊപ്പമാണോ അവരോട് വ്ളദീമിർ ഇലിയിച്ചിന് സ്നേഹമാണ്. അവരോട് വളരെയേറെ വാത്സല്യവും അവരുടെ ക്ഷേമത്തിൽ താല്പര്യവും അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട് — അനിയന്ത്രിതമായ വാഗ്പ്രവാഹവും അംഗവിക്ഷേപങ്ങളും വർജ്ജിക്കുന്ന പുരുഷോചിതമായ സഹാനുഭൂതി. എന്നാൽ ഇതിലും അദ്ദേഹത്തിന്റെ ശരിയായ പ്രകൃതം കാണാൻ കഴിയും. എന്തുകൊണ്ടെന്നാൽ, തന്റെ സ്ഥാനവും പോരാളികളുടെ അണികളും ഒരാൾ ഉപേക്ഷിക്കുന്ന നിമിഷം മുതൽ ലെനിനെ സംബന്ധിച്ചിടത്തോളം അങ്ങിനെയൊരാൾ നിലനില്ക്കുന്നില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി അണികളിൽ നിന്നുകൊണ്ട് തൊഴിലാളിവർഗ്ഗതാൽപര്യത്തിനുവേണ്ടിയുള്ള സമരം—ഒരാളോടുള്ള ലെനിന്റെ മനോഭാവത്തെ നിയന്ത്രിക്കുന്ന മാനദണ്ഡം അതാണ്; ''പ്ലാറേറാ''വിനേക്കാളധികം അദ്ദേഹം ''സത്യ''ത്തെ വിലമതിക്കുന്നു. ഇവിടെയാണു നാം ലെനിനെ സംബന്ധിച്ചിടത്തോളം വളരെയേറെ സഹജവും തികച്ചും ആകർഷകവുമായിട്ടുള്ള അദ്ദേഹത്തിന്റെ സദാചാരസംഹിതയുടെ മൗലികമായ സവിശേഷതയിൽ വന്നെത്തുന്നത്. അദ്ദേഹത്തിൽ വ്യഷ്ടിയും സമഷ്ടിയും തമ്മിൽ ഒരു വിഭജനമില്ല. അദ്ദേഹത്തിന്റെ സാമൂഹ്യജീവിതവും സ്വകാര്യജീവിതവും തമ്മിൽ വ്യത്യാസമില്ല. ഇക്കാര്യത്തിലും ഒരൊററ പാറയിൽനിന്നും കൊത്തിയെടുക്കപ്പെട്ടിട്ടുള്ളതാണ് അദ്ദേഹം. സാമൂഹ്യജീവിതത്തിൽ പരിപൂർണ്ണമായും ആമഗ്നനായ അദ്ദേഹം തന്റെ വ്യക്തിപരമായ നിലനിൽപ്പ് അതുമായി കൂട്ടിയിണക്കിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്വകാര്യജീവിതം അദ്ദേഹത്തി

ന്റെ സാമൂഹ്യപ്രവർത്തനത്തിനു വിധേയമാണ്. ആന്തരസംഘട്ടനങ്ങൾക്കോ ദുരന്തങ്ങൾക്കോ ഒത്തുതീർപ്പുകൾക്കോ ഇടത്തരംവർഗ്ഗത്തിന്റെ പൈതൃകമായി കിട്ടിയിട്ടുള്ള മററെന്തിനെങ്കിലുമോ — വിപ്ലവകാരികളായ ഒന്നിലധികം ബുദ്ധിജീവികളുടെ ജീവിതം തകർത്തിട്ടുള്ള ഈ വക സംഗതികൾക്കൊന്നും—ഇവിടെ സ്ഥാനമില്ല. ഈ സത്യസന്ധത അദ്ദേഹത്തിന്റെ ശത്രുക്കളുടെ അപവാദത്തിനുപോലുമെത്താൻ കഴിയാത്ത ഒരു ധാർമ്മികനിലവാരത്തിൽ അദ്ദേഹത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ലെനിനെ വർണ്ണിക്കണമെന്നുണ്ടെങ്കിൽ പല ഗ്രന്ഥങ്ങൾ തന്നെ വേണ്ടിവരും. കാരണം, അകൃത്രിമവും സമ്പൂർണ്ണവുമാണെങ്കിൽകൂടി ഇത്രയേറെ വൈവിധ്യവും സങ്കീർണ്ണതയും നിറഞ്ഞ ഒരു മനുഷ്യനെക്കുറിച്ച് വളരെയേറെ പറയാൻ നാം പ്രേരിതരായിപ്പോകും. ഈ മനുഷ്യന്റെ മഹത്വത്തെക്കുറിച്ച് ഞങ്ങൾക്കു തോന്നുന്ന ആദരവും അദ്ദേഹത്തോടൊപ്പം കമ്മ്യൂണിസ്റ്റ് പാർട്ടി അണികളിൽ പ്രവർത്തിച്ചിട്ടുള്ളവരും ഇന്നും പ്രവർത്തിക്കുന്നവരുമായ ഞങ്ങളെല്ലാവരും ഒരു സുഹൃത്തും സഹപ്രവർത്തകനുമെന്ന നിലയിൽ അദ്ദേഹത്തോടു പുലർത്തുന്ന സ്നേഹവും കുറച്ചു വരികളിലെങ്കിലും പ്രകാശിപ്പിക്കാനുള്ള ആഗ്രഹമാണ് ഞങ്ങളിൽ ഇപ്പോൾ ഏററവും മുന്നിട്ടു നിൽക്കുന്നത്.

ലെനിൻ 1908—ൽ ഇററലിയിലുള്ള കാപ്രിയിൽ ചെന്ന് ഗോർക്കിയെ സന്ദർശിച്ച അവസരത്തിൽ

മാക്സിം ഗോർക്കി

1905 ഡിസംബറിൽ, സെൻററ്പീറേറഴ്സ്ബർഗ്ഗിൽ ചേർന്ന റഷ്യൻ സോഷ്യൽഡമോക്രാററിക് ലേബർ പാർട്ടിയുടെ ഒരു കേന്ദ്രക്കമ്മിററിയോഗത്തിൽ വച്ചാണ് മാക്സിം ഗോർക്കി ലെനിനെ ആദ്യമായി കണ്ടതു്. നേതാവിനെ അദ്ദേഹം കൂടുതലടുത്തറിഞ്ഞതു് 1907–ലെ ലണ്ടൻ കോൺഗ്രസ്സിൽ വച്ചാണ്. അതേക്കുറിച്ചാണ് ഗോർക്കി ഈ പ്രബന്ധത്തിലെഴുതിയിട്ടുള്ളതു്.

ഈ പ്രബന്ധത്തിൻെറ ആദ്യത്തെ പതിപ്പ് 1924–ൽ ലെനിൻെറ മരണം കഴിഞ്ഞയുടനെയാണ് പ്രസിദ്ധപ്പെടുത്തിയതു്. 1920 ഏപ്രിൽ 23–ാംനു-ലെനിൻെറ 50–ാം ജന്മദിനം ആഘോഷിക്കാൻ കൂടിയ യോഗത്തിൻ ഗോർക്കി ചെയ്ത പ്രസംഗത്തിൽ (എസ്സ്. വിനൊഗ്രാദ്സ്കയയുടെ കഥ നോക്കുക) അദ്ദേഹം ഉപയോഗിച്ച കുറിപ്പുകൾ വച്ചുകൊണ്ടാണ് ഇതു തയ്യാറാക്കിയതു്. പിന്നീട്, 1930–ൽ ഗോർക്കി തൻെറ അനുസ്മരണങ്ങളെയാകെ വീണ്ടും പരിശോധിച്ച് വിപുലീകരിച്ചു. ഇവിടെ പ്രസിദ്ധപ്പെടുത്തുന്നതു് അതിൻെറ സംക്ഷിപ്തരൂപമാണ്.

വി. ഐ. ലെനിൻ

(അനുസ്മരണങ്ങളിൽനിന്നു്)

വ്ലദീമിർ ലെനിൻ അന്തരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ശത്രുക്കളുടെ പാളയത്തിലുള്ളവരിൽപോലും ചിലർ ഒരു കാര്യം സത്യസന്ധമായി സമ്മതിക്കും: ''താൻ ജീവിച്ചിരുന്ന കാലത്തെ എല്ലാ മഹാന്മാരേക്കാളും പ്രകടമായ വിധത്തിൽ പ്രതിഭയുടെ മൂർത്തീകരണമായിരുന്ന'' ഒരാളെയാണു് ലെനിന്റെ മരണത്തിൽക്കൂടി ലോകത്തിനു നഷ്ടപ്പെട്ടിരിക്കുന്നതു് എന്നു്.

അദ്ദേഹത്തിന്റെ മരണം കഴിഞ്ഞയുടനെ അദ്ദേഹത്തെപ്പററി ഞാനെഴുതിയതെല്ലാം നിരാശയിലും ധൃതിയിലും മോശമായുമാണു് എഴുതപ്പെട്ടതു്. സന്ദർഭോചിതമല്ലാത്തതിനാൽ ചില സംഗതികൾ എനിക്കു പറയാൻ നിർവ്വാഹമില്ലായിരുന്നു; ഇതു് തികച്ചും മനസ്സിലാക്കപ്പെടുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ദീർഘദൃഷ്ടിയും വിവേകവുമുള്ള ഒരാളായിരുന്നു ഈ മനുഷ്യൻ. ''മഹത്തായ വിവേകത്തിൽ വമ്പിച്ച ദുഃഖവും ഉൾപ്പെടുന്നുണ്ടു്.''

അദ്ദേഹത്തിന്റെ നോട്ടം വളരെ ദൂരത്തെത്തിയിരുന്നു. 1919–നും 1921–നുമിടയ്ക്കു് ആളുകളെപ്പററി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്തിരുന്നപ്പോൾ ഏതാനും വർഷങ്ങൾക്കുള്ളിൽ അവർ ഏതുവിധത്തിലായിരിക്കുമെന്നു് പലപ്പോഴും ശരിയായി അദ്ദേഹം പ്രവചിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രവചനങ്ങളുമായി എപ്പോഴും യോജിക്കാൻ ഒരാൾക്കു കഴിഞ്ഞിരുന്നില്ല. കാരണം, പലപ്പോഴും അവ നിരുത്സാഹജനകമായിരുന്നു. പക്ഷെ കാലാന്തരത്തിൽ അദ്ദേഹത്തിന്റെ സംശയദൃഷ്ടിയോടുകൂടിയ സ്വഭാവനിർണ്ണയം പലർക്കും യോജിക്കുന്നതായിട്ടാണു് അനുഭവപ്പെട്ടതെന്നതു് നിർഭാഗ്യവശാൽ ഒരു പരമാർത്ഥമാണു്. അദ്ദേഹത്തെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ, അവ മോശമായിട്ടാണു് എഴുതപ്പെട്ടിട്ടുള്ളതെന്നതിനു പുറമേ, തുടർച്ച പാലിച്ചിരുന്നില്ല. ഖേദകരമെന്നേ പറയേണ്ടു, അവയിൽ ചില വിടവുകളുണ്ടായി

രുന്നു. ലണ്ടൻ കോൺഗ്രസ്സ് തൊട്ട്, ചിലരുടെ സംശയത്തിന്റേയും അവിശ്വാസത്തിന്റേയും മററു ചിലരുടെ തുറന്ന ശത്രുതയുടേയും വെറുപ്പിന്റെപോലും പ്രഭാവലയത്തിൽ വ്ളദീമിർ ഇലിയിച്ച് എന്റെ മുമ്പാകെ ഉയർന്നുവന്ന ആ ദിവസങ്ങൾ തൊട്ട് വേണമായിരുന്നു ഞാൻ തുടങ്ങാൻ.

ലണ്ടന്റെ പ്രാന്തപ്രദേശത്തുള്ള അപഹാസ്യമാംവിധം വൃത്തികെട്ട, മരംകൊണ്ടു പണിത ഒരു പള്ളിയുടെ നഗ്നമായ ഭിത്തികളും ആർച്ചുകളോടുകൂടിയ ഇടുങ്ങിയ ജനലുകളും ഒരു പാപ്പരായ സ്കൂളിലെ ക്ലാസുമുറിയോടു വളരെയേറെ സാമ്യം വഹിക്കുന്ന ചെറിയ, വീതികുറഞ്ഞ ഹാളും എനിക്കിപ്പോഴും കാണാൻ കഴിയുന്നുണ്ട്. വെളിയിൽനിന്നു മാത്രമേ ആ കെട്ടിടത്തിനു ഒരു പള്ളിയുടെ ഛായ ഉണ്ടായിരുന്നുള്ളു. അതിനുള്ളിൽ പ്രാർത്ഥനാസാമഗ്രികൾ യാതൊന്നും ഉണ്ടായിരുന്നില്ല. സാധാരണയായി ഹാളിന്റെ അങ്ങേയററത്തു കാണാറുള്ള വേദിക നീങ്ങിനീങ്ങി പ്രവേശനദ്വാരം വരെ വന്നെത്തി രണ്ടു കതകുകൾക്കുമിടയ്ക്ക് നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു.

ഞാൻ ആ വർഷത്തിനുമുമ്പ് ലെനിനെ കണ്ടിട്ടേയില്ലായിരുന്നു.* അദ്ദേഹത്തിന്റെ കൃതികൾ ഞാൻ വായിക്കേണ്ടിടത്തോളം വായിച്ചിട്ടുമില്ലായിരുന്നു. എങ്കിലും, അദ്ദേഹത്തിന്റെ കൃതികളിൽ ഞാൻ വായിച്ച ചുരുക്കം കൃതികളും പ്രത്യേകിച്ച് അദ്ദേഹവുമായി നേരിട്ടു പരിചയമുള്ള സുഹൃത്തുക്കളുടെ ഉത്സാഹഭരിതമായ വിവരണങ്ങളും എന്നെ വളരെയേറെ അദ്ദേഹത്തിലേക്ക് ആകർഷിച്ചു. ഞങ്ങളെ അന്യോന്യം പരിചയപ്പെടുത്തിക്കഴിഞ്ഞപ്പോൾ, അദ്ദേഹം ഗാഢമായി എന്റെ കരം ഗ്രഹിക്കുകയും ആ ചുഴിഞ്ഞിറങ്ങുന്ന

*ഇവിടെ ഗോർക്കിക്ക് ഒരു പിശകു പററിയിരിക്കുകയാണ്. അദ്ദേഹംതന്നെ പിന്നീടൊരിക്കൽ അതു ചൂണ്ടിക്കാട്ടുകയുണ്ടായി. ലെനിനെ ആദ്യമായി അദ്ദേഹം കണ്ടതിനെക്കുറിച്ച് 31–ാം പേജ് നോക്കുക.

കണ്ണുകൾ എന്റെ മേലുറപ്പിച്ചുകൊണ്ട് ഒരു പഴയ സ്നേഹിതന്റെ സ്വരത്തിൽ തമാശയായി പറയുകയും ചെയ്തു.

''നിങ്ങൾ വന്നത് എത്ര നന്നായി! നിങ്ങൾക്ക് പോര് ഇഷ്ടമാണ്, അല്ലേ? ഇവിടെ വലിയൊരു പോര് നടക്കാൻ പോവുകയാണ്.''

ഞാൻ ഈ വിധത്തിലല്ല അദ്ദേഹത്തെക്കുറിച്ച് സങ്കല്പിച്ചിരുന്നത്. അദ്ദേഹത്തിൽ എന്തോ ഒന്നു കുറവുള്ളതായി എനിക്കു തോന്നി. അദ്ദേഹം ''റ'' എന്ന ശബ്ദം ഉച്ചരിച്ചത് കണ്ഠസ്വരത്തിലായിരുന്നു. വെയിസ്റ്റ്കോട്ടിന്റെ കയ്യിടുന്ന ദ്വാരങ്ങളിൽ തള്ളവിരൽ തിരുകിക്കയററിക്കൊണ്ടാണ് അദ്ദേഹം നിന്നിരുന്നത്. അദ്ദേഹത്തിന് ഒരു വെറും സാധാരണക്കാരന്റെ മട്ടായിപ്പോയി. ഒരു ''നേതാവി''ന്റെ യാതൊന്നും അദ്ദേഹത്തിലില്ലായിരുന്നു. ഞാനൊരു എഴുത്തുകാരനാണ്. വിശദാംശങ്ങൾ കുറിക്കുകയെന്നതാണ് എന്റെ ജോലി. അതൊരു ശീലമായിക്കഴിഞ്ഞിരിക്കുന്നു, ചിലപ്പോൾ ഈ ശീലം അസഹ്യമാകുകപോലും ചെയ്യാറുണ്ട്.

ജി.വി.പ്ലെഖാനൊവിന്റെയടുത്തേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയപ്പോൾ, ജോലിചെയ്തു മടുത്ത ഒരദ്ധ്യാപകൻ പുതിയൊരു വിദ്യാർത്ഥിയെ നോക്കുന്നതുപോലെ, അദ്ദേഹം എന്നെ രൂക്ഷമായി നോക്കിക്കൊണ്ട് വിരസഭാവത്തിൽ കയ്യും കെട്ടി നിന്നു. സാധാരണ പറയാറുള്ളതുപോലെ ''നിങ്ങളുടെ കഴിവിന്റെ ഒരു ആരാധകനാണു ഞാൻ'' എന്നുമാത്രമാണ് അദ്ദേഹം ആകെക്കൂടി പറഞ്ഞത്. അതൊഴിച്ചാൽ, എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന യാതൊന്നും അദ്ദേഹം പറഞ്ഞില്ല. ആ കോൺഗ്രസ്സിന്റെ അവസാനം വരെ അദ്ദേഹത്തിനോ എനിക്കോ ഒരു ''ഹൃദയം തുറന്ന'' സംഭാഷണത്തിലേർപ്പെടാൻ താൽപര്യമില്ലായിരുന്നു.

എന്നാൽ ''റ''എന്ന ശബ്ദം കണ്ഠസ്വരത്തിൽ ഉച്ചരിക്കുന്ന, കഷണ്ടിത്തലയും കരുത്തുററ കുറുകിക്കൊഴുത്ത ശരീരവുമുള്ള ഈ മനുഷ്യൻ ഒരു കൈകൊണ്ട് തന്റെ സോക്രററീസ്

നെററിത്തടം തുടയ്ക്കുകയും മറേറതുകൊണ്ട് എന്റെ കൈ പിടിച്ചുകുലുക്കുകയും ചെയ്തുകൊണ്ട് തിളങ്ങുന്ന കണ്ണുകളോടെ ''അമ്മ'' എന്ന എന്റെ നോവലിന്റെ പോരായ്മകളെക്കുറിച്ച് അപ്പോൾത്തന്നെ സംസാരിച്ചുതുടങ്ങി. അതിന്റെ ഒരു കയ്യെഴുത്തുപ്രതി ഐ. പി. ലദീഷ്നിക്കൊവിൽ നിന്നും വായ്പ വാങ്ങി അദ്ദേഹം വായിക്കുകയാണുണ്ടായതെന്നു വെളിവായി. ആ പുസ്തകം തിടുക്കത്തിലാണ് എഴുതിയതെന്നു ഞാൻ വിശദമാക്കി. പക്ഷെ അതിനു കാരണമെന്താണെന്നു പറയാൻ എനിക്കൊരവസരം കിട്ടിയില്ല. അനുഭാവപൂർവ്വം തലയാട്ടിക്കൊണ്ട് അദ്ദേഹം തന്നെ അതിന്റെ കാരണം പറഞ്ഞു. ഞാൻ തിടുക്കത്തിൽ എഴുതിയതു് നന്നായേ ഉള്ളു. എന്തുകൊണ്ടെന്നാൽ ആ പുസ്തകം ഉടനടി ആവശ്യമായ ഒന്നായിരുന്നു; ബോധപൂർവ്വമല്ലാതെ, തനിയേ ആണ് തൊഴിലാളികളിൽ പലരും വിപ്ലവപ്രസ്ഥാനത്തിൽ വന്നുവീണതു്. അവരിപ്പോൾ ''അമ്മ'' വായിക്കുന്നതു് അവർക്കു വളരെ പ്രയോജനം ചെയ്യും.

''വളരെ സന്ദർഭോചിതമായ ഒരു ഗ്രന്ഥം!'' അതിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം ആകെക്കൂടി പറഞ്ഞതു് അതുമാത്രമാണ്, പക്ഷെ ഞാൻ വളരെയേറെ വിലമതിക്കുന്ന ഒരു അഭിനന്ദനമായിരുന്നു അതു്. അതിനുശേഷം ''അമ്മ'' ഏതെങ്കിലും വിദേശഭാഷകളിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ടോ എന്നും റഷ്യയിലേയും അമേരിക്കയിലേയും സെൻസർമാർ എത്രമാത്രം അതിനെ വെട്ടിമുറിച്ചിട്ടുണ്ട് എന്നും ബിസിനസ്സ് മട്ടിൽ അദ്ദേഹം തിരക്കി. ഗ്രന്ഥകർത്താവിനെ വിചാരണ ചെയ്യാൻ പോവുകയാണെന്നു കേട്ടപ്പോൾ അദ്ദേഹം നീരസഭാവത്തിൽ നെററിചുളിച്ചു, തല പുറകോട്ടു മലർത്തി, കണ്ണടച്ചു, എന്നിട്ട് അസാധാരണമായ വിധത്തിൽ പൊട്ടിച്ചിരിച്ചു; അതു് തൊഴിലാളികളുടെ ശ്രദ്ധയെ ആകർഷിക്കുകയുണ്ടായി....

വ്ളദീമിർ ഇലിയിച്ച് ധൃതിയിൽ പ്രസംഗവേദിയിലേക്കു കയറി. കണ്ഠസ്വരത്തിലുള്ള ''റ'' ഉച്ചാരണം നിമിത്തം അദ്ദേഹമൊരു മോശപ്പെട്ട പ്രാസംഗികനാണെന്നു തോന്നി. പക്ഷെ ഒരു മിനിട്ടിനുള്ളിൽ മററാരെയും പോലെ ഞാൻ ആ പ്രസംഗത്തിൽ തികച്ചും മുഴുകിക്കഴിഞ്ഞിരുന്നു. അങ്ങേയററം സങ്കീർണ്ണങ്ങളായ രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ച് ഇത്ര ലളിതമായി സംസാരിക്കാനൊക്കുമെന്ന് എനിക്കറിയാനേ പാടില്ലായിരുന്നു. ഈ പ്രാസംഗികൻ ഇമ്പമുള്ള പദങ്ങൾ കെട്ടിച്ചമച്ചില്ല, പക്ഷെ ഓരോ വാക്കും തന്റെ കൈത്തലത്തിൽ വച്ചുകൊണ്ട് അതിന്റെ സൂക്ഷ്മമായ അർത്ഥം അത്ഭുതാവഹമാം വണ്ണം അനായാസേന അദ്ദേഹം വെളിപ്പെടുത്തുകയിരുന്നുവെന്നാണു തോന്നിയതു്. അദ്ദേഹം സൃഷ്ടിച്ച അസാധാരണമായ മതിപ്പിനെക്കുറിച്ച് വിവരിക്കുക പ്രയാസമാണ്.

കൈ അല്പം ഉയർത്തി മുമ്പിലേക്ക് നീട്ടിപ്പിടിച്ചുകൊണ്ട് അദ്ദേഹം ഓരോ വാക്കും തൂക്കിനോക്കുന്നതുപോലെയാണു തോന്നിയതു്. അദ്ദേഹം എതിരാളികളുടെ വാക്കുകൾ ചികഞ്ഞു നോക്കുകയും സ്വന്തം പാതയിൽക്കൂടി സഞ്ചരിക്കുകയെന്നതു്—ലിബറൽ ബൂർഷ്വാസിയുടെ പിന്നിലല്ല, അവർക്കൊപ്പം പോലുമല്ല — തൊഴിലാളിവർഗ്ഗത്തിന്റെ അവകാശവും ചുമതലയുമാണെന്നതിനുള്ള തെളിവുകൾ ഹാജരാക്കിക്കൊണ്ട് ആ എതിരാളികൾക്കെതിരായി പ്രധാനപ്പെട്ട വാദമുഖങ്ങളുന്നയിക്കുകയും ചെയ്തു. അദ്ദേഹത്തിൽനിന്ന് എന്നതിലുമേറെ ചരിത്രത്തിന്റെ നീരുറവയിൽനിന്നു തന്നെയായിരുന്നു ആ പ്രവാഹം തികച്ചും അനിതരസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ ആ പ്രസംഗത്തിൽക്കണ്ട സത്യസന്ധതയും സ്വച്ഛതയും നിഷ്ക്കപടതയും ഊററവും, ആ വേദിയിൽ നിന്നപ്പോൾ അദ്ദേഹത്തിൽ കണ്ട സർവ്വതും സമ്മേളിച്ച് ഒരു കലാരൂപമായിത്തീരുകയാണു ചെയ്തതു്. സകലതും യഥാസ്ഥാനത്തായിരുന്നു. അനാവശ്യമായി യാ

തൊന്നുമില്ലായിരുന്നു. യാതൊരു പൊടിപ്പും തൊങ്ങലുമില്ലായിരുന്നു, അഥവാ ഉണ്ടായിരുന്നെങ്കിൽത്തന്നെ അവ അദൃശ്യമായിരുന്നു. കാരണം മുഖത്തെ കണ്ണുകളേയും കയ്യിലെ വിരലുകളേയും പോലെ അത്രയും അത്യന്താപേക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ അലങ്കാരപ്രയോഗങ്ങൾ.

മുൻപ്രാസംഗികരേക്കാൾ കുറച്ചേ അദ്ദേഹം സംസാരിച്ചുള്ളു. പക്ഷെ അദ്ദേഹം ഉളവാക്കിയ മതിപ്പ് മററുള്ളവരെ അപേക്ഷിച്ച് എത്രയോ കൂടുതലായിരുന്നു. എനിക്കു മാത്രമല്ല ഇങ്ങനെ തോന്നിയതു്. കാരണം, എന്റെ പിന്നിൽ നിന്നും ആളുകൾ ഇങ്ങനെ ആഹ്ലാദത്തോടെ മന്ത്രിക്കുന്നതു ഞാൻ കേട്ടു: ''അപ്പറഞ്ഞതു ഭംഗിയായി.''

അതങ്ങിനെയായിരുന്നുതാനും. കാരണം അദ്ദേഹത്തിന്റെ ഓരോ വാദഗതിയും അതിന്റെ തന്നെ ആന്തരികശക്തി കൊണ്ട് സ്വയം പ്രകാശിതമാവുകയാണുണ്ടായതു്, സ്വയം വികസിക്കുകയാണുണ്ടായതു്.

ലെനിന്റെ പ്രസംഗവും അതിലുമേറെ പ്രസംഗകർത്താവും തങ്ങൾക്ക് അരോചകമായിട്ടാണ് അനുഭവപ്പെടുന്നതെന്ന വസ്തുത മറച്ചുവയ്ക്കാൻ മെൻഷെവിക്കുകൾ മിനക്കെട്ടില്ല. പാർട്ടിയുടെ പ്രായോഗികപ്രവർത്തനത്തിന്റെ എല്ലാ വശങ്ങളേയും പരീക്ഷിച്ചു നോക്കാൻവേണ്ടി പാർട്ടി വിപ്ലവസിദ്ധാന്തത്തിന്റെ ഔന്നത്യങ്ങളിലേക്ക് ഉയരേണ്ടതിന്റെ ആവശ്യകതയെപ്പററി അദ്ദേഹം എത്രത്തോളം . തറപ്പിച്ചു പറഞ്ഞോ, അത്രയ്ക്ക് അധികമായി ഹീനമായ തടസ്സങ്ങളുടെ എണ്ണം:

''ഈ കോൺഗ്രസ്സ് തത്വവിചാരത്തിനുള്ള സ്ഥലമല്ല!''

''ഞങ്ങളെ പഠിപ്പിക്കാൻ നോക്കണ്ട! ഞങ്ങൾ സ്കൂൾ കുട്ടികളല്ല!''

ഈ ശല്യക്കാരിൽ വെച്ച് ഏററവും വഷളൻ ഒരു ഷോപ്പുടമസ്ഥന്റെ ഛായയുള്ള കുററൻ താടിക്കാരനായിരുന്നു.

സീററിൽനിന്നും ചാടിയെഴുന്നേററ് അയാൾ വിക്കിവിക്കിപ്പറഞ്ഞുകൊണ്ടിരുന്നു:

''ഗൂ—ഗൂഢാലോചനക്കാർ... ഗൂ—ഗൂഢാലോചനയാണു നി—നിങ്ങളുടെ മ—മനസ്സിലിരിപ്പ്! ബ്—ബ്ലാങ്കിസ്ററുകൾ!''

അതേ സമയം റോസ ലുക്സെംബൂർഗ്ഗാകട്ടെ ലെനിന്റെ വാക്കുകളെ ശരിവച്ചുകൊണ്ട് തലയാട്ടി. പിന്നീടു നടന്ന ഒരു സമ്മേളനത്തിൽ വച്ച് അവർ മെൻഷെവിക്കുകളോട് യഥോചിതം ഇങ്ങനെ പറഞ്ഞു:

''നിങ്ങൾ മാർക്സിസത്തിനുവേണ്ടി നിലകൊള്ളുകയല്ല ചെയ്യുന്നതു്. നിങ്ങളതിന്മേൽ ചടഞ്ഞുകൂടിയിരിക്കുകയാണ്, അതിൽക്കിടന്ന് ഉരുളുകപോലുമാണ്.''*

വിക്ഷോഭത്തിന്റേയും പരിഹാസത്തിന്റേയും വെറുപ്പിന്റേയും ഒരു തീക്ഷ്ണമായ ചുടുകാററ് ആ ഹാളിൽ ആഞ്ഞടിക്കുകയുണ്ടായി. പരശതം കണ്ണുകൾ വ്ളദീമിർ ഇലിയിച്ച് ലെനിന്റെ മേൽ തറച്ചിരുന്നു. അവ ഒരേ വെളിച്ചത്തിലല്ല അദ്ദേഹത്തെ കണ്ടതു്. എതിരാളികളുടെ ആക്രമണങ്ങൾ അദ്ദേഹത്തെ വിഷമിപ്പിച്ചതായി കണ്ടില്ല. വാശിയോടും എന്നാൽ കാര്യഗൗരവത്തോടും പ്രകോപിതനാകാതെയുമാണ് അദ്ദേഹം സംസാരിച്ചതു്. പുറമേയ്ക്കുള്ള ഈ അക്ഷോഭ്യത അദ്ദേഹത്തിനു വരുത്തിവച്ചതെന്താണെന്ന് ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഞാൻ അറിയുകയുണ്ടായി. പാർട്ടിയിലെ ഭിന്നതകൾക്കുള്ള കാരണങ്ങൾ സിദ്ധാന്തത്തിന്റെ ഔന്നത്യങ്ങളിൽ നിന്നുമാത്രമേ പാർട്ടിക്കു വ്യക്തമായി കാണാൻ കഴിയുമായിരുന്നുള്ളുവെന്ന സ്വയംവിദിതമായ പരമാർത്ഥമാണ് അക്കണ്ട വിരോധത്തിനെല്ലാം കാരണമെന്നതു് വിചിത്രവും വേദനാജനകവുമായിരുന്നു. കോൺഗ്രസ്സിന്റെ ഓരോ ദിവസവും

*മെൻഷെവിക്കുകളോട് ഇങ്ങനെ പറഞ്ഞതു് ഒരു പോളിഷ് സോഷ്യൽഡെമോക്രാററായ എൽ. തീഷ്ക്ക ആയിരുന്നു.

വ്ളദീമിർ ഇലിയിച്ചിനു് കൂടുതൽ കൂടുതൽ കരുത്തും ഉത്തേജനവും ആത്മവിശ്വാസവും നല്കിയെന്നു് എനിക്കു് അധികമധികം ബോദ്ധ്യമായി. ഓരോദിവസം കഴിയുന്തോറും അദ്ദേഹത്തിന്റെ പ്രസംഗങ്ങളുടെ ദാർഢ്യം വർദ്ധിച്ചു. കോൺഗ്രസ്സിലെ ബോൾഷെവിക് വിഭാഗത്തിനാകെത്തന്നെ കൂടുതൽ ഉറപ്പും നിശ്ചയദാർഢ്യവും കൈവന്നുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കു പുറമേ എന്നെ ഏതാണ്ടു് അത്ര തന്നെ ആവേശം കൊള്ളിച്ചതു് മെൻഷെവിക്കുകൾക്കെതിരായി റോസ ലുക്സെംബുർഗ്ഗ് നടത്തിയ ഉജ്ജ്വലവും ശക്തിമത്തുമായ പ്രസംഗമായിരുന്നു.

തനിക്കു് ഒഴിവുള്ള മണിക്കൂറുകൾ, നിമിഷങ്ങൾ പോലും, അദ്ദേഹം തൊഴിലാളികൾക്കിടയിൽ ചെലവഴിച്ചു. അവരുടെ ജീവിതത്തിലെ ഏററവും നിസ്സാരമായ വിശദാംശങ്ങളെക്കുറിച്ചു പോലും അദ്ദേഹം അന്വേഷിച്ചു.

‘‘സ്ത്രീകളുടെ കാര്യമെങ്ങിനെ? വീട്ടുജോലി അവർക്കു ബുദ്ധിമുട്ടായി തോന്നുന്നില്ലേ? അവർക്കു പഠിക്കാനോ വായിക്കാനോ സമയം കിട്ടുമോ?’’

ലെനിനെ ഇതിനുമുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത കുറേ തൊഴിലാളികൾ കോൺഗ്രസ്സിൽവച്ചു് അദ്ദേഹത്തെപ്പററി തങ്ങൾ രൂപീകരിച്ച അഭിപ്രായങ്ങൾ ഒരിക്കൽ ഹൈഡു് പാർക്കിൽ വച്ചു് പരസ്പരം വിനിമയം ചെയ്യുകയുണ്ടായി. ഒരാൾ പറഞ്ഞതു് ശ്രദ്ധേയമാണു്:

‘‘എനിക്കറിയില്ല... ഒരു പക്ഷേ യൂറോപ്പിൽ തൊഴിലാളികൾക്കു് ഇദ്ദേഹത്തെപ്പോലെതന്നെ മിടുക്കുള്ള ആരെങ്കിലും കാണുമായിരിക്കാം—ബേബെലോ അതുപോലെ ആരെങ്കിലുമോ. പക്ഷെ ആദ്യത്തെ നോട്ടത്തിൽത്തന്നെ ഇദ്ദേഹത്തെ ഇഷ്ടപ്പെട്ടപോലെ ഞാൻ മററാരെയെങ്കിലും ഇഷ്ടപ്പെടുമെന്നു തോന്നുന്നില്ല!’’

വേറൊരാൾ പുഞ്ചിരിച്ചുകൊണ്ടു് കൂട്ടിച്ചേർത്തു:

‘‘അദ്ദേഹം നമ്മളിലൊരാളാണു്!’’

‘‘പ്ലെഖാനൊവും അതുപോലെതന്നെയല്ലേ!’’ ആരോ തർക്കിച്ചു.

‘‘പ്ലെഖാനൊവ് നമ്മുടെ ഗുരുനാഥനാണു്, മേലാവിയാണു്. പക്ഷെ ലെനിനാകട്ടെ നമ്മുടെ സഖാവും നേതാവുമാണു്!’’

‘‘ഫ്രോക്ക്—കോട്ട് പ്ലെഖാനൊവിനെ അല്പം വിഷമിപ്പിക്കുന്നുണ്ടു്,’’ ഒരു ചെറുപ്പക്കാരൻ തന്ത്രത്തിൽ തട്ടിവിട്ടു.

മറെറാരവസരത്തിൽ, വ്ളദീമിർ ഇലിയിച്ച് ഒരു ഹോട്ടലിലേക്കു പോകുന്നവഴി മെൻഷെവിക്കുകാരനായ ഒരു തൊഴിലാളി അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നു. ആ ചെറുപ്പക്കാരൻ അദ്ദേഹത്തോടു് എന്തിനേയോ പററി ചോദിച്ചു. വ്ളദീമിർ ഇലിയിച്ച് നടപ്പിന്റെ വേഗത കുറച്ചു് മററുള്ളവരുടെ പിന്നിലായി. അഞ്ചു മിനിട്ടു കഴിഞ്ഞു് ഹോട്ടലിലെത്തിയപ്പോൾ അദ്ദേഹം നീരസഭാവത്തിൽ പറഞ്ഞു:

‘‘ഇത്രയും ശുദ്ധഗതിക്കാരനായ ഒരാൾ നമ്മുടെ പാർട്ടി കോൺഗ്രസ്സുവരെ വന്നതു് അത്ഭുതമായിരിക്കുന്നു! നമ്മുടെ അഭിപ്രായഭിന്നതകൾക്കുള്ള യഥാർത്ഥകാരണമെന്താണെന്നു് അയാൾ ചോദിച്ചു. ഞാൻ പറഞ്ഞു: നിങ്ങളുടെ സഖാക്കൾ പാർലിമെണ്ടിലിരിക്കാനാണു് ആഗ്രഹിക്കുന്നതു്. എന്നാൽ ഞങ്ങൾക്കു് തീർച്ചയാണു് തൊഴിലാളിവർഗ്ഗം സമരത്തിനു തയാറെടുക്കുകയാണു വേണ്ടതെന്നു്. ഞാൻ പറഞ്ഞതു് അയാൾക്കു മനസ്സിലായെന്നു തോന്നുന്നു....’’

ഞങ്ങൾ ഒരു ചെറിയ ഗ്രൂപ്പ് പതിവുപോലെ ചെലവുകുറഞ്ഞ ഒരു കൊച്ചു ഹോട്ടലിൽ ഭക്ഷണം കഴിക്കുകയായിരുന്നു. വ്ളദീമിർ ഇലിയിച്ച് കുറച്ചേ കഴിക്കുന്നുള്ളുവെന്നു ഞാൻ കണ്ടു: ഒരു ഓംലെററ്, ഒരു കഷണം മാംസം, കുടിക്കാനായി കടുംനിറത്തിലുള്ള ഒരു പാത്രം കൊഴുത്ത ബിയർ. സ്പഷ്ടമായും അദ്ദേഹം സ്വന്തം കാര്യത്തിൽ ഉൽക്കണ്ഠ കാണിച്ചില്ല. അതേസമയം, തൊഴിലാളികളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആകാംക്ഷ അതിശയകരമായിരുന്നു. അവർക്കു

ഭക്ഷണം നൽകാനുള്ള ചുമതല എം. എഫ്. അന്ദ്രേയെവയ്ക്കായിരുന്നു. അദ്ദേഹം അവരോട് കൂടെക്കൂടെ ചോദിക്കുമായിരുന്നു:

‘‘നമ്മുടെ സഖാക്കൾക്ക് വേണ്ടത്ര ഭക്ഷണം കിട്ടിയെന്നു തീർച്ചയാണോ? ആർക്കും വിശക്കുന്നില്ലല്ലോ?... ഒരുപക്ഷേ നിങ്ങൾ കുറേ സാൻഡ്‌വിച്ചുകൾ കൂടി ഉണ്ടാക്കുന്നതല്ലേ നല്ലതു്?’’

ഞാൻ താമസിച്ചിരുന്ന ഹോട്ടലിൽ വന്നു എന്നെ കണ്ട അവസരത്തിൽ അദ്ദേഹം ഉൽക്കണ്ഠയോടുകൂടി എന്റെ മെത്തയിൽ കുത്തിനോക്കിത്തുടങ്ങി.

‘‘നിങ്ങളെന്താണു ചെയ്യുന്നതു്?’’

‘‘മെത്തവിരിപ്പുകൾ കാററുകൊള്ളിച്ചതാണോ?’’

ലണ്ടനിൽ കിട്ടുന്ന വിരിപ്പുകൾ എങ്ങിനെയിരുന്നാൽ അദ്ദേഹത്തിനെന്താ? ഞാനത്ഭുതപ്പെട്ടു. ഞാൻ പകച്ചുനിൽക്കുന്നതു് അദ്ദേഹം കണ്ടുവെന്നതു തീർച്ചയാണ്. കാരണം, അദ്ദേഹം പറഞ്ഞു:

‘‘നിങ്ങൾ നിങ്ങളുടെ ആരോഗ്യം സൂക്ഷിച്ചേ പററൂ.’’

1918—ലെ ശരൽക്കാലത്തു് ഒരു സോർമൊവൊ തൊഴിലാളിയായ ദിമീത്രിയ് പാവ്‌ലൊവിനോടു ഞാൻ ചോദിച്ചു, അയാളുടെ അഭിപ്രായത്തിൽ ലെനിന്റെ ഏററവും മുന്തിനിൽക്കുന്ന സവിശേഷത എന്തെന്ന്.

‘‘ലാളിത്യം! സത്യത്തെപ്പോലെ ലളിതമാണ് അദ്ദേഹം,’’ പണ്ടുപണ്ടേ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞ ഒരു പരമാർത്ഥം ആവർത്തിക്കുന്നതുപോലെ അയാൾ നിശ്ശങ്കം മറുപടി നൽകി.

ഒരാളുടെ കീഴിൽ ജോലിചെയ്യുന്നവരാണ് സാധാരണഗതിയിൽ അയാളുടെ ഏററവും കടുത്ത വിമർശകർ. എന്നാൽ തന്റെ ജീവിതത്തിനിടയ്ക്ക് പലതും കണ്ട, ലെനിന്റെ ഡ്രൈവർ ഗില്ലിന് പറയാനുണ്ടായിരുന്നതിതാണ്:

‘‘ലെനിൻ—അദ്ദേഹം ഒരു പ്രത്യേകവിഭാഗത്തിൽപ്പെടുന്നു. അദ്ദേഹത്തെപ്പോലെ വേറൊരാളില്ല! മ്യസ്നീററ്സ്ക്കയയിൽ വലിയ തിരക്കിനിടയിലൂടെ ഞാൻ വണ്ടിയോടിക്കുകയായിരുന്നു. ഞാൻ വളരെ കഷ്ടിച്ചേ നീങ്ങുന്നുണ്ടായിരുന്നുള്ളു. ആരുടെയെങ്കിലും വണ്ടി വന്നു മുട്ടുമെന്നു പേടിച്ച് ഞാൻ ഹോണടിച്ചുകൊണ്ടേയിരുന്നു. ഞാൻ വിഷമിച്ചു. അദ്ദേഹം കതകു തുറന്നു, ഫുട്ബോർഡിൽ എന്റെയടുത്തു വന്നു നിന്നുകൊണ്ട് എന്നെ സമാശ്വസിപ്പിക്കാൻ തുടങ്ങി: ‘കേട്ടോ, ഗിൽ, ഇതുകൊണ്ടൊന്നും നിങ്ങൾ വിഷമിക്കണ്ട. ബാക്കിയുള്ളവരെപ്പോലെ ഓടിച്ചാൽ മാത്രം മതി!’ ഞാനൊരു പഴക്കം ചെന്ന ഡ്രൈവറാണ്. അദ്ദേഹമല്ലാതെ മററാരും അങ്ങിനെയൊരു കാര്യം ചെയ്യുകയില്ലെന്ന് എനിക്കു തീർച്ചയുണ്ട്!’’

അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞ കാര്യങ്ങളെല്ലാം എത്രകണ്ട് നൈസർഗ്ഗികതയോടും അയവോടും കൂടിയാണ് ഒരേയൊരു ചിന്താപ്രവാഹത്തിൽ ലയിച്ചുചേർന്നതെന്ന് വിവരിക്കാൻ പ്രയാസമാണ്.

ഒരു വടക്കുനോക്കിയന്ത്രത്തിലെ സൂചി പോലെ അദ്ദേഹത്തിന്റെ ചിന്ത എപ്പോഴും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വർഗ്ഗതാല്പര്യങ്ങളിലേക്ക് ചൂണ്ടിയാണിരുന്നതു്. ലണ്ടനിൽ വച്ച് ഒരു സായാഹ്നത്തിൽ, ഞങ്ങൾക്കു പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതിരുന്നപ്പോൾ ഞങ്ങൾ കുറേപ്പേർ ഒരു വിനോദശാലയിൽ പോയി. സധാരണക്കാർ പതിവായി പോകുന്ന ഒരു തീയേറററായിരുന്നു അതു്. വിദൂഷകന്മാരുടെ തമാശകൾ കണ്ട് വ്ളദീമിർ ഇലിയിച്ച് ഹൃദയംഗമമായി ചിരിച്ചു. ശേഷം പരിപാടികളിൽ മിക്കതും അദ്ദേഹം പ്രത്യേകതാല്പര്യമൊന്നുമില്ലാതെ കണ്ടു. പക്ഷേ ബ്രിട്ടീഷ് കൊളംബിയായിൽനിന്നുമുള്ള രണ്ടു മരംവെട്ടുകാർ ഒരു മരം മുറിക്കുന്ന രംഗം അദ്ദേഹം ശ്രദ്ധാപൂർവം വീക്ഷിച്ചു. ആ ചെറിയ സ്റ്റേജ് ഒരു മരംവെട്ടുകേന്ദ്രമായി ഒരുക്കിയിരുന്നു.

ചുറുചുറുക്കുള്ള രണ്ടുപേർ ചേർന്ന് രണ്ടു മുഴത്തിലേറെ കട്ടിയുള്ള ആ തടി മിനിട്ടിനകം കോടാലികൊണ്ടു വെട്ടിമുറിച്ചിട്ടു.

''ആ കണ്ടത് തീർച്ചയായും കാണികളെ ഉദ്ദേശിച്ചാണ്. അവർക്കു യഥാർത്ഥത്തിൽ അത്രവേഗം പണിയെടുക്കാൻ സാദ്ധ്യമല്ല,'' വ്ളദീമിർ ഇലിയിച്ച് അഭിപ്രായപ്പെട്ടു. ''ഏതായാലും ആ നാട്ടിൽ കോടാലിയാണുപയോഗിക്കുന്നതെന്നു വ്യക്തം. ധാരാളം നല്ല തടി അവർ ഉപയോഗമില്ലാത്ത കൊച്ചുകൊച്ചു തുണ്ടങ്ങളായി പാഴാക്കിക്കളയുന്നുണ്ട്. ഇങ്ങനെയാണു നിങ്ങളുടെ സംസ്ക്കാരസമ്പന്നരായ ബ്രിട്ടീഷുകാർ!''

മുതലാളിത്തസമ്പ്രദായത്തിൻ കീഴിൽ ഉല്പാദനത്തിൽ കാണാവുന്ന അരാജകത്വത്തെക്കുറിച്ചും പാഴാക്കികളയപ്പെടുന്ന വമ്പിച്ച ശതമാനം അസംസ്കൃതസാധനങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. അതേപ്പററി ഒരു പുസ്തകമെഴുതുവാൻ ഇനിയും ആരും ആലോചിക്കാത്തതിൽ കുണ്ഠിതം രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം സംസാരം അവസാനിപ്പിച്ചു. ആ ആശയം എനിക്കു മുഴുവനും വ്യക്തമായില്ല. പക്ഷെ എനിക്ക് എന്തെങ്കിലും ചോദിക്കാൻ കഴിയുന്നതിനുമുമ്പ് അഭിനയകലയുടെ ഒരു പ്രത്യേകരൂപമെന്ന നിലയ്ക്കു് ''വൈലക്ഷണ്യ''ത്തെക്കുറിച്ചുള്ള ശ്രദ്ധേയമായ ഒരു സംസാരത്തിലേക്ക് അദ്ദേഹം കടന്നുകഴിഞ്ഞു.

''ആചാരത്തോട് മനുഷ്യൻ കൈക്കൊള്ളുന്ന പരിഹാസാത്മകമോ സംശയാത്മകമോ ആയ ഒരു മനോഭാവം, അത് അകംപുറം തിരിക്കാനും സാധാരണയായി കാണാറുള്ളതിൽ യുക്തിക്കു നിരക്കാത്തതെന്തും വെളിപ്പെടുത്താനുമുള്ള ഒരു വെമ്പൽ, ഇതിൽ കാണാം. സങ്കീർണ്ണവും അതേസമയം രസകരവുമായ ഒന്നാണിത്.''

രണ്ടു കൊല്ലം കഴിഞ്ഞ്, കാപ്രിയിൽവെച്ച് എ.എ. ബൊഗ്ദാനൊവ്—മലിനോവ്സ്ക്കിയുമായി സാങ്കല്പിക നോവലിനെക്കുറിച്ചു ചർച്ചചെയ്യുന്ന അവസരത്തിൽ അദ്ദേഹം പറഞ്ഞു:

''മുതലാളിത്തകവർച്ചക്കാർ ഭൂമി കൊള്ളചെയ്തു നശിപ്പിച്ചതും അതിലുള്ള മുഴുവൻ എണ്ണയും ഇരുമ്പും തടിയും കൽക്കരിയും ദുർവ്യയം ചെയ്തതും എങ്ങിനെയാണെന്നതിനെക്കുറിച്ച് തൊഴിലാളികൾക്കുവേണ്ടി നിങ്ങൾ ഒരു നോവലെഴുതേണ്ടതാണ്. എന്റെ മാക്കിസ്റ്റ് ചങ്ങാതി, അതൊരു പ്രയോജനകരമായ പുസ്തകമായിരിക്കും!''

ലണ്ടനിൽവച്ച് ഞങ്ങളോടു യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ താൻ വിശ്രമത്തിനായി കാപ്രിയിൽ പോകുമെന്ന് അദ്ദേഹം എനിക്ക് ഉറപ്പുതന്നു.

പക്ഷെ അദ്ദേഹം അങ്ങോട്ടു പോകാൻ തയാറാകുന്നതിനുമുമ്പ് പാരീസ്സിൽ വിദ്യാർത്ഥികളുടേതെന്നു തോന്നിക്കുന്ന രണ്ടു മുറികളുള്ള ഒരു ചെറിയ ഫ്ളാററിൽ വച്ച് ഞാനദ്ദേഹത്തെ വീണ്ടും കണ്ടു. വിദ്യാർത്ഥികളുടേതെന്നു തോന്നിക്കുന്നുവെന്നു പറഞ്ഞത് വലുപ്പത്തിൽ മാത്രമാണ്, അല്ലാതെ, അവിടെക്കണ്ട വൃത്തിയേയും വെടിപ്പിനേയും ഉദ്ദേശിച്ചല്ല. ചായ തന്നതിനുശേഷം നദേഷ്ദ കൊൻസ്റ്റന്തീനൊവ്ന ക്രൂപ്സ്ക്കയ എങ്ങോട്ടോ പോയി. ഞങ്ങൾ രണ്ടുപേരും ഒററയ്ക്കായി. ''സ്നാനിയെ'' പ്രസിദ്ധീകരണശാലയുടെ പ്രവർത്തനം മിക്കവാറും നിലച്ചിരുന്ന സമയമായിരുന്നു അപ്പോൾ. ഒരുപക്ഷേ നമ്മുടെ എല്ലാ സാഹിത്യകാരന്മാരേയും ഏകോപിപ്പിക്കുന്ന ഒരു പുതിയ പ്രസിദ്ധീകരണശാല സംഘടിപ്പിക്കുന്നതിനെപ്പററി വ്ളദീമിർ ഇലിയിച്ചിനോടു സംസാരിക്കാനാണു ഞാൻ വന്നത്. വ്ളദീമിർ ഇലിയിച്ചും വി. വി.വൊറോവ്സ്ക്കിയും മറേറതെങ്കിലുമൊരാളും വിദേശ എഡിററന്മാരായിരിക്കണമെന്നും വി. എ. ദെസ്നീററ്സ്ക്കിയ്—സ്ത്രോയെവ് അവരെ റഷ്യയിൽ പ്രതിനിധീകരിക്കണമെന്നും ഞാൻ നിർദ്ദേശിച്ചു.

പാശ്ചാത്യസാഹിത്യത്തിന്റേയും റഷ്യൻ സാഹിത്യത്തിന്റേയും ചരിത്രത്തെക്കുറിച്ചും സംസ്ക്കാരത്തിന്റെ ചരി

ത്രത്തെക്കുറിച്ചും അനേകം പുസ്തകങ്ങൾ എഴുതുകയും അങ്ങിനെ പ്രചാരവേലയ്ക്കും സ്വയം വിദ്യാഭ്യാസത്തിനുമായി തൊഴിലാളികൾക്ക് യഥാർത്ഥവിവരങ്ങൾ ധാരാളം നൽകുകയും ചെയ്യേണ്ടതാവശ്യമാണെന്ന് എനിക്കു തോന്നി.

എന്നാൽ സെൻസർഷിപ്പിനേയും ആളുകളെ സംഘടിപ്പിക്കാനുള്ള പ്രയാസത്തേയും ചൂണ്ടിക്കാണിച്ചുകൊണ്ട് വ്ളദീമിർ ഇലിയിച്ച് ആ പ്ലാൻ തള്ളിക്കളഞ്ഞു; മിക്ക സഖാക്കളും പ്രായോഗികപാർട്ടിപ്രവർത്തനത്തിൽ വ്യാപൃതരായതുകൊണ്ട് എഴുതാൻ അവർക്കു സമയമില്ല. എന്നാൽ അദ്ദേഹമെടുത്തുകാട്ടിയ ഏററവും മുഖ്യവും ഉചിതവുമായ കാരണം എതാണ്ട് താഴെ കൊടുക്കുന്നതാണെന്ന് എനിക്കു തോന്നി. തടിയൻ പുസ്തകങ്ങളിറക്കേണ്ട സമയമല്ല ഇതു്; ഇത്തരം പുസ്തകങ്ങൾ ബുദ്ധിജീവികൾക്കു വേണ്ടിയുള്ളതാണ്. എന്നാൽ, ബുദ്ധിജീവികൾ വ്യക്തമായും സോഷ്യലിസത്തിൽനിന്ന് ലിബറലിസത്തിലേക്ക് പിൻവാങ്ങുകയാണ്. നമുക്ക് അവരെ, അവർ തിരഞ്ഞെടുത്ത ആ വഴിയിൽനിന്ന് വ്യതിചലിപ്പിക്കാൻ കഴിയുകയുമില്ല. നമുക്കു വേണ്ടതു് ഒരു പത്രമാണ്, ലഘുലേഖകളാണ്. ''സ്നാനിയെ'' പരമ്പര*യുടെ പ്രസിദ്ധീകരണം വീണ്ടും തുടങ്ങുന്നതു നന്നായിരിക്കും, പക്ഷെ സെൻസർഷിപ്പുകാരണം അതു റഷ്യയിൽ സാദ്ധ്യമല്ല, അങ്ങോട്ടേക്കു കടത്താനുള്ള പ്രയാസം കാരണം അതിവിടെയും സാദ്ധ്യമല്ല. പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും ലഘുലേഖകൾ ജനങ്ങളുടെയടുക്കൽ എത്തിക്കേണ്ടതു് ആവശ്യമാണ്, പക്ഷെ അത്രയേറെ എണ്ണം നിയമവിരുദ്ധമായി രാജ്യത്തിനകത്തേക്കു കടത്താൻ സാദ്ധ്യമല്ല. സ്ഥിതിഗതി

*1905—ന്റെ അവസാനത്തിൽ ബോൾഷെവിക് കേന്ദ്രക്കമ്മിററിയുടെ നിർദ്ദേശപ്രകാരം മാക്സിം ഗോർക്കി ''പോപ്പുലർ ലൈബ്രറി'' പരമ്പരയിൽ ''സ്നാനിയെ'' പ്രസിദ്ധീകരണശാല പുറപ്പെടുവിച്ചിരുന്ന പുസ്തകങ്ങൾ കൈകാര്യംചെയ്യാൻവേണ്ടി ഒരു പാർട്ടിപ്രസിദ്ധീകരണവകുപ്പ് സംഘടിപ്പിച്ചു.

കൾ കുറേക്കൂടി ഭേദപ്പെടുന്നതുവരെ പ്രസിദ്ധീകരണശാല സംഘടിപ്പിക്കുന്നതു് മാററിവയ്ക്കേണ്ടിയിരിക്കുന്നു.

വിസ്മയാവഹമായ ഊർജ്ജസ്വലതയോടും വ്യക്തതയോടും കൂടി അദ്ദേഹം ദൂമയെക്കുറിച്ചും ''ഒക്ടോബ്രിസ്റ്റുക''ളാകാൻ ''ലജ്ജിക്കുന്ന'' കേഡററുകളെക്കുറിച്ചും* സംസാരിച്ചു തുടങ്ങി. ''അവരുടെ മുമ്പിലുള്ള ഒരേയൊരു പാത അവരെ വലത്തേക്കാണ് നീക്കുന്ന''തെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. യുദ്ധം—''ഒരു പക്ഷേ ഒരോററ യുദ്ധമല്ല, അവയുടെ ഒരു പരമ്പരതന്നെ''—ആസന്നമായിരിക്കുകയാണെന്നതിന് അദ്ദേഹം പല തെളിവുകളും എടുത്തുകാട്ടി. ഈ പ്രവചനം ശരിയാണെന്ന് താമസിയാതെ ബാൾക്കൻസിൽ വച്ച് തെളിഞ്ഞു.

സാധാരണപോലെ വെയിസ്റ്റ്കോട്ടിന്റെ കയ്യിടുന്ന ദ്വാരങ്ങളിൽ തള്ളവിരലുകൾ തിരുകിക്കൊണ്ടാണ് അദ്ദേഹം നിന്നതു്; കുറച്ചുകഴിഞ്ഞു് അല്പം മാത്രം തുറന്ന കൺപോളകൾക്കിടയിലൂടെ തിളങ്ങുന്ന കണ്ണുകളോടെ അദ്ദേഹം ആ ചെറിയ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും സാവധാനം നടന്നു തുടങ്ങി.

''യുദ്ധം വരികയാണ്. അതു് അനിവാര്യമാണ്. മുതലാളിത്തലോകം പുളിച്ചുനാറിയ ഒരു സ്ഥിതിയിലെത്തിയിരിക്കുന്നു. ജനങ്ങൾ സങ്കുചിതവാദത്തിന്റേയും ദേശീയവാദത്തിന്റേയും വിഷം ഇറക്കാൻ തുടങ്ങിയിരിക്കുന്നു. ഒരു അഖിലയൂറോപ്യൻ യുദ്ധം നാമിനിയും കാണുമെന്നാണ് എനിക്കു തോന്നുന്നതു്. തൊഴിലാളിവർഗ്ഗമോ? ഒരു കൂട്ട

*കേഡററുകൾ (കോൺസ്റ്റിററ്യൂഷനൽ ഡെമോക്രാററുകൾ) റഷ്യയിൽ ഒരു വ്യവസ്ഥാപിതരാജവാഴ്ച സ്ഥാപിക്കാനാഗ്രഹിച്ച ഒരു ബൂർഷ്വാലിബറൽ മൊണാർക്കിസ്റ്റ് പാർട്ടിയായിരുന്നു.

വൻകിടബൂർഷ്വാ വ്യവസായികളും ഭൂവുടമകളും അംഗങ്ങളായ ഒരു പ്രതിവിപ്ലവപ്പാർട്ടിയായിരുന്നു ഒക്ടോബ്രിസ്റ്റുകൾ; അവർ സാറിസ്റ്റ് ഗവണ്മെൻറിന് പരിപൂർണ്ണപിന്തുണ നൽകി.

ക്കൊല തടയാനുള്ള കരുത്ത് തൊഴിലാളിവർഗ്ഗം ആർജ്ജിക്കുമെന്ന തോന്നുന്നില്ല. അതെങ്ങിനെയാണ സാധിക്കുക? യൂറോപ്പുമുഴുവൻ ഒരു പൊതുപണിമുടക്കം നടത്തിയിട്ടോ? അതിനുമാത്രം തൊഴിലാളികൾ സുസംഘടിതരോ വർഗ്ഗബോധം സിദ്ധിച്ചവരോ അല്ല. അത്തരമൊരു പണിമുടക്കം ആഭ്യന്തരയുദ്ധത്തിന്റെ തുടക്കമായിരിക്കും. യാഥാർത്ഥ്യവാദികളായ രാഷ്ട്രീയപ്രവർത്തകരെന്ന നിലയ്ക്ക് നമുക്ക് അങ്ങിനെ ഒന്നിനെ അവലംബിക്കാൻ നിവൃത്തിയില്ല.''

അദ്ദേഹം നടപ്പ നിർത്തി. വിഷാദമഗ്നനായി ഷൂസിന്റെ അടിവശം നിലത്തു് മുട്ടിച്ചുകൊണ്ട് വ്യാകുലഭാവത്തിൽ തുടർന്നു:

''തൊഴിലാളിവർഗ്ഗം ഭയങ്കരമായി ദുരിതമനുഭവിക്കും, തീർച്ച. തല്ക്കാലത്തേക്ക് അതാണ് അതിന്റെ വിധി. പക്ഷെ അതിന്റെ ശത്രുക്കൾ തമ്മിലടിച്ച് പരസ്പരം ദുർബലപ്പെടുത്തും. അതും അനിവാര്യമാണ്.''

അദ്ദേഹം എന്റെയടുത്തേക്കു വന്നു.

''ഒന്നാലോചിച്ചുനോക്കൂ!'' ആശ്ചര്യഭാവത്തിൽ, ഊക്കോടെയും എന്നാൽ ശാന്തമായും, അദ്ദേഹം പറഞ്ഞു. ''തിന്നു സുഖിച്ചു കഴിയുന്നവർ അന്യോന്യം കൊലചെയ്യാനായി പട്ടിണിക്കാരെ തള്ളിവിടുന്നത് എന്തിനാണെന്നു നോക്കൂ. ഇതിലും ബുദ്ധിഹീനമായ, ഇതിലും ഗർഹണീയമായ, ഒരു കുററത്തെപ്പററി നിങ്ങൾക്കു ചിന്തിക്കാനൊക്കുമോ? തൊഴിലാളികൾക്ക് ഒരു ഭയങ്കരവില കൊടുക്കേണ്ടിവരും, എങ്കിലും അവസാനം അവർ വിജയിക്കും; അതാണ ചരിത്രത്തിന്റെ ഹിതം.''

പലപ്പോഴും ചരിത്രത്തെക്കുറിച്ചു സംസാരിച്ചിരുന്നെങ്കിലും അതിന്റെ ഹിതത്തിനും ശക്തിക്കും മുമ്പിൽ ഒരു വിഗ്രഹത്തിന്റെ മുമ്പിലെന്നപോലെ അദ്ദേഹം തല കുനിക്കുന്നുവെന്ന സൂചന നൽകുന്നതാക്കം യാതൊന്നും അദ്ദേഹം പറയുന്നതു ഞാൻ കേട്ടിട്ടില്ല.

ലെനിൻ. മോസ്കോ. ജൂലൈ 1920



തന്റെ വാക്കുകൾ അദ്ദേഹത്തെ അസ്വസ്ഥനാക്കി. മേശയ്ക്കരികിലിരുന്നുകൊണ്ട് അദ്ദേഹം നെററി തുടച്ചു, തണുത്ത ചായ അല്പം കുടിച്ചു, എന്നിട്ട് പെട്ടെന്ന് എന്നോടു ചോദിച്ചു:

''അമേരിക്കയിൽ നിങ്ങൾക്ക് എന്തു കുഴപ്പമാണുപററിയതു്? ഞാനതെപ്പററി പത്രത്തിൽ വായിച്ചു. പക്ഷെ അതെങ്ങിനെ സംഭവിച്ചു?''

എന്റെ പരാക്രമത്തിന്റെ ഒരു ചെറിയ വിവരണം ഞാനദ്ദേഹത്തിനു നൽകി.

വ്ളദീമിർ ഇലിയിച്ചിനെപ്പോലെ ഇങ്ങനെ സംക്രമണശക്തിയോടെ ചിരിക്കാൻ കഴിവുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല. വമ്പിച്ച സാമൂഹ്യദുരന്തങ്ങളുടെ അനിവാര്യത ഇത്രയും തീക്ഷ്ണമായി കാണുകയും മനസ്സിലാക്കുകയും ചെയ്ത ഈ കടുത്ത യാഥാർത്ഥ്യവാദിക്ക്, മുതലാളിത്തലോകത്തോടു നീക്കുപോക്കില്ലാത്ത, ഒടുങ്ങാത്ത വിദ്വേഷമുണ്ടായിരുന്ന ഈ മനുഷ്യനു്, ഇത്രയും നിഷ്ക്കളങ്കമായും കണ്ണിൽ വെള്ളം നിറയുന്നതുവരെയും, ശ്വാസം മുട്ടുന്നതുവരെയും ചിരിക്കാനൊക്കുമെന്നതു് എനിക്കു വിചിത്രമായിത്തോന്നി. എത്രമാത്രം ദൃഢവും അന്യൂനവുമായ മനോവീര്യം വേണം അതു പോലൊന്നു ചിരിക്കാൻ!

''നിങ്ങളൊരു സരസനാണു്, അല്ലേ?'' ചിരിക്കിടയിൽ അദ്ദേഹം പറഞ്ഞു. ''ഇതു ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അതു വലിയ തമാശയായിരിക്കുന്നു....''

കണ്ണു തുടച്ചുകൊണ്ട് അദ്ദേഹം സൗമ്യമായി പുഞ്ചിരിച്ചു. എന്നിട്ട് ഗൗരവഭാവത്തിൽ പറഞ്ഞു:

''നിങ്ങളുടെ പരാജയങ്ങളുടെ രസകരമായ വശം കാണാൻ നിങ്ങൾക്കു കഴിയുന്നുവെന്നതു് ഒരു നല്ല കാര്യമാണ്. നർമ്മബോധമെന്നതു് ഒരൊന്നാന്തരം ഗുണമാണ്. എനിക്കു ഫലിതം ആസ്വദിക്കാൻ കഴിയും. പക്ഷെ അതു് പ്രയോഗിക്കാനുള്ള കഴിവില്ല. ജീവിതത്തിൽ ഒരുപക്ഷേ

ദുഃഖമുള്ളിടത്തോളം തന്നെ ഫലിതവും കണ്ടേക്കും, അതിലും കുറയില്ല, തീർച്ച.''

രണ്ടു ദിവസം കഴിഞ്ഞു് ഞാൻ വീണ്ടും അദ്ദേഹത്തെ കാണേണ്ടതായിരുന്നു. പക്ഷെ കാലാവസ്ഥ മോശമാവുകയും ഹെമോപ്'റ്റൈസിസ്' (രക്തം തുപ്പൽ) എന്ന രോഗം പിടിപെടുകയും ചെയ്തതിനാൽ പിറേറന്നുതന്നെ എനിക്കു് ആ പട്ടണം വിടേണ്ടിവന്നു.

പാരീസ്സു് വിട്ടതിനുശേഷം ഞങ്ങൾ വീണ്ടും കണ്ടതു് കാപ്രിയിൽ വെച്ചാണു്. അവിടെ കണ്ടതു് രണ്ടു ലെനിന്മാരെയാണെന്ന — തികച്ചും വ്യത്യസ്തമനസ്ഥിതികളുള്ള രണ്ടു ലെനിന്മാരെയാണെന്ന—വിചിത്രമായ ഒരു പ്രതീതിയാണു് എനിക്കുണ്ടായതു്.

ജെട്ടിക്കടുത്തുവച്ചു കണ്ട വ്'ളദീമിർ ഇലിയിച്ച്' അപ്പോൾത്തന്നെ എന്നോടു് ഉറപ്പിച്ചു പറഞ്ഞു:

''അലെക്സേയ് മക്സീമൊവിച്ച്', ഞാൻ മാക്കിസ്'റുകളുമായി വീണ്ടും രഞ്ജിപ്പിലെത്താൻ യാതൊരു സാദ്ധ്യതയുമില്ലെന്നു് എന്റെ കത്തു് നിങ്ങൾക്കു മുന്നറിയിപ്പു തന്നെങ്കിലും, നിങ്ങൾക്കിപ്പോഴും ആ പ്രതീക്ഷയുണ്ടെന്നു് എനിക്കറിയാം. അതിനു ശ്രമിക്കണ്ട, കേട്ടോ!''

അദ്ദേഹം പറഞ്ഞതു് മുഴുവനും ശരിയല്ലെന്നും എനിക്കു തന്നെ വേണ്ടത്ര മനസ്സിലാവാത്ത താത്വികഭിന്നതകൾ പറഞ്ഞൊതുക്കുകയെന്നതല്ല എന്റെ ഉദ്ദേശമെന്നും വിശദമാക്കാൻ എന്റെ വാസസ്ഥലത്തേക്കു പോകുന്ന വഴിക്കും അവിടെ എത്തിയതിനുശേഷവും ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നുമാത്രമല്ല, ചെറുപ്പം തൊട്ടുതന്നെ എല്ലാ തത്വചിന്തയേയും ഞാൻ സംശയത്തോടെയാണു് വീക്ഷിച്ചുവന്നതു്. കാരണം, അതെന്റെ ''ആത്മനിഷ്ഠമായ'' അനുഭവത്തിനെതിരായിരുന്നു: എന്നെ സംബന്ധിച്ചിടത്തോളം ലോകം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളു, ''രൂപംകൊണ്ടുവരുന്നതേ'' ഉണ്ടായിരുന്നുള്ളു. എന്നാൽ തത്വശാസ്ത്രമാകട്ടെ അസ്ഥാനത്തുള്ളതും അകാലികവുമായ ഇത്തരം ചോദ്യങ്ങൾകൊണ്ടു് എന്നെ മർദ്ദിച്ചുകൊണ്ടിരുന്നു:

''നിങ്ങൾ എങ്ങോട്ടാണു പോകുന്നതു്? എന്താണു് ഉദ്ദേശം? എന്തിനുവേണ്ടിയെന്നാണു നിങ്ങൾക്കു തോന്നുന്നതു്?''

ചില തത്വചിന്തകർ കർശനമായി ആജ്ഞാപിക്കുകകൂടി ചെയ്തു:

''നിൽക്കൂ!''

അതിനു പുറമെ, അല്പം പോലും സൗന്ദര്യമില്ലെന്നുമാത്രമല്ല, വിരൂപകൂടിയായിരിക്കാമെങ്കിലും കൗശലപൂർവ്വമായും വിശ്വസനീയമായ വിധത്തിലും വേഷമണിഞ്ഞുകൊണ്ടു് സുന്ദരിയായി ചമയുന്ന ഒരു സ്ത്രീയെപ്പോലെയാണു് തത്വശാസ്ത്രം എന്നു് ഇതിനകം തന്നെ എനിക്കു ബോദ്ധ്യമായിക്കഴിഞ്ഞിട്ടുണ്ടു്. ഇതു കേട്ടു വ്'ളദീമിർ ഇലിയിച്ച്' ചിരിച്ചു.

''അതു ഫലിതമാണു്,'' അദ്ദേഹം പറഞ്ഞു. ''പക്ഷെ ലോകം 'ആരംഭിച്ചിട്ടേയുള്ള, രൂപംകൊണ്ടുവരുന്നതേയുള്ളു'—അപ്പറഞ്ഞതു നന്നായിരിക്കുന്നു! അതേപ്പററി അല്പം കാര്യമായി ചിന്തിക്കു. അവിടന്നു തുടങ്ങിയാൽ നിങ്ങൾ പണ്ടുതന്നെ എത്തേണ്ടിയിരുന്നയിടത്തു് എത്തിക്കൊള്ളും.''

ഞാനപ്പോൾ പറഞ്ഞു എ. എ. ബൊഗ്'ദാനൊവും എ. വി. ലുനച്ചാർസ്'ക്കിയും വി. എ. ബസാറൊവും എന്റെ കണ്ണിൽ വലിയ ആളുകളും ഉൽകൃഷ്ടവും സർവ്വതോന്മുഖവുമായ വിദ്യാഭ്യാസമുള്ളവരുമാണെന്നു്, അവരോടു കിടപിടിക്കുന്നവരെ ഞാൻ പാർട്ടിയിൽ കണ്ടിട്ടില്ലെന്നു്.

''അതു ശരിയാണെന്നിരിക്കട്ടെ. നിങ്ങൾ അതിൽ നിന്നു് എന്താണു് അനുമാനിക്കുന്നതു്?''

''അവസാനവിശകലനത്തിൽ ഞാനവരെ കാണുന്നതു് ഒരു പൊതുലക്ഷ്യമുള്ള ആളുകളായിട്ടാണു്. ഒരു പൊതുലക്ഷ്യം പൂർണ്ണസമ്മതത്തോടെ അംഗീകരിക്കപ്പെടുകയാണെ

ങ്കിൽ അതു് താത്വികവൈരുദ്ധ്യങ്ങളെ ദൂരീകരിക്കേണ്ടതാണു്....''

''എന്നുവച്ചാൽ അനുരഞ്ജനമുണ്ടാകുമെന്നാണു് ഇപ്പോഴും നിങ്ങളുടെ പ്രതീക്ഷ എന്നർത്ഥം. അതു വെറുതെയാണു്!'' അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ''ആ പ്രതീക്ഷ കഴിയുന്നത്ര ദൂരെ വലിച്ചെറിഞ്ഞുകളയുക; അതാണെന്റെ സൗഹാർദ്ദപരമായ ഉപദേശം! നിങ്ങൾ പറയുന്നതനുസരിച്ചു് പ്ലെഖാനൊവും ഒരേ ലക്ഷ്യമുള്ളയാളാണു്, പക്ഷേ — ഇതു നമ്മൾ രണ്ടുപേരും മാത്രമറിഞ്ഞാൽമതി— ഒരു ഭൗതികവാദിയാണു്, അദ്ധ്യാത്മവാദിയല്ല, എന്നിരിക്കിലും അദ്ദേഹം തികച്ചും വിഭിന്നമായ ഒരു ലക്ഷ്യമാണു പിന്തുടരുന്നതെന്നാണു് എന്റെ വിശ്വാസം.''

ഞങ്ങളുടെ സംസാരം അതോടെ അവസാനിച്ചു. ഞാനതു് അക്ഷരംപ്രതി പകർത്തുകയല്ല ഇവിടെ ചെയ്തിട്ടുള്ളതെന്നു പറയേണ്ടതില്ലല്ലൊ. പക്ഷേ അതിന്റെ പൊരുൾ ഇതായിരുന്നുവെന്നു ഞാൻ ഉറപ്പിച്ചു പറയാം.

ഞാനിപ്പോൾ കണ്ട വ്ളദീമിർ ഇലിയിച്ചു് ലണ്ടൻ കോൺഗ്രസ്സിൽ വച്ചുള്ളതിനേക്കാൾ കൂടുതൽ ദൃഢചിത്തനും അചഞ്ചലനുമായിരുന്നു. പക്ഷെ അവിടെവച്ചു് അദ്ദേഹം വ്യാകുലപ്പെട്ടിരുന്നു; പാർട്ടിയിലെ ഭിന്നിപ്പു് അദ്ദേഹത്തെ കഠിനമായി വിഷമിപ്പിച്ചിരുന്നുവെന്നു് ചില നിമിഷങ്ങളിൽ വ്യക്തമായും കാണാമായിരുന്നു.

ഇവിടെവച്ചു് ഇലിയിച്ചു് പ്രശാന്തനും ഏറെക്കുറെ നിർവ്വികാരനുമായിരുന്നു, അവജ്ഞാഭാവമാണു് അദ്ദേഹം പ്രകടിപ്പിച്ചിരുന്നതു്. തത്വശാസ്ത്രപരമായ എല്ലാ സംസാരത്തിൽനിന്നും അദ്ദേഹം മനഃപൂർവ്വം ഒഴിഞ്ഞുമാറി. സൂക്ഷിച്ചും ജാഗ്രതയോടും കൂടി പെരുമാറി. എല്ലാവർക്കും ഇഷ്ടം തോന്നുന്ന ഒരാളും സൗമ്യശീലനുമായിരുന്നു എ. എ. ബൊഗ്ദാനൊവ്. സ്വാഭിപ്രായത്തിൽ കുറെയൊക്കെ മുറുകെപ്പിടിച്ചിരുന്നുവെന്നു മാത്രം. ലെനിനോടു് വലിയ സ്നേഹ

മായിരുന്നു. പക്ഷെ ലെനിന്റെ തറച്ചുകയറുന്ന ചില അഭിപ്രായങ്ങൾ അദ്ദേഹത്തിനു കേൾക്കേണ്ടി വന്നിട്ടുണ്ടു്.

'' 'വ്യക്തമായി ചിന്തിക്കുന്നയാൾ സംഗതികൾ വ്യക്തമായി പ്രകാശിപ്പിക്കുന്നു' എന്നു് ഷോപ്പെൻഹൗവെർ പറഞ്ഞിട്ടുണ്ടു്. അതാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതിൽവച്ചു് ഏററവും നല്ല കാര്യം എന്നാണെനിക്കു തോന്നുന്നതു്. എന്നാൽ സഖാവ് ബൊഗ്ദാനൊവ്, നിങ്ങൾ സംഗതികൾ അവ്യക്തമായിട്ടാണു പ്രകാശിപ്പിക്കുന്നതു്. നിങ്ങളുടെ 'ബദൽ സിദ്ധാന്ത'ത്തിനു് തൊഴിലാളിവർഗ്ഗത്തിനു് എന്തു സംഭാവനയാണു ചെയ്യാൻ കഴിയുന്നതു്? മാക്കിസം മാർക്സിസത്തേക്കാൾ കൂടുതൽ വിപ്ലവകരമാകുന്നതു് എന്തുകൊണ്ടാണു്? രണ്ടോ മൂന്നോ വാക്കിൽ എന്നോടു പറയൂ.''

ബൊഗ്ദാനൊവ് വിശദീകരിക്കാൻ ശ്രമിച്ചു, പക്ഷെ അദ്ദേഹം പറഞ്ഞതു് യഥാർത്ഥത്തിൽ പദബഹുലവും അവ്യക്തവുമായിരുന്നു.

''വിട്ടുകളയൂ!'' വ്ളദീമിർ ഇലിയിച്ചു് ഉപദേശിച്ചു. ''ആരോ—ജൊറേസ്സു് ആണെന്നു തോന്നുന്നു — ഒരിക്കൽ പറഞ്ഞിട്ടുണ്ടു്: 'മന്ത്രിയായിരിക്കുന്നതിനേക്കാൾ സത്യം പറയാനാണു് ഞാനിഷ്ടപ്പെടുന്നതു്''. 'മന്ത്രി' എന്നതിന്റെ കൂടെ 'അഥവാ മാക്കിസ്റ്റു്'' എന്നു ഞാൻ കൂട്ടിച്ചേർത്തേനെ.''

ഇത്രയും പറഞ്ഞിട്ടു് അദ്ദേഹം ബൊഗ്ദാനൊവുമായി വാശിയോടെ ചതുരംഗം കളിച്ചു. തോററപ്പോൾ അദ്ദേഹത്തിനു് ദേഷ്യം വന്നു. ഒരു കുട്ടിയെപ്പോലെ മുഖം കോട്ടി ഇരിക്കുകപോലും ചെയ്തു. ഇതു് അസാധാരണമായിരുന്നു: അദ്ദേഹത്തിന്റെ അതിശയകരമായ ചിരിയെപ്പോലെ ഈ ബാലസഹജമായ മുഖംകോട്ടലും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ അവിച്ഛിന്നമായ പൂർണ്ണതയ്ക്കു് ക്ഷതം വരുത്താൻ പര്യാപ്തമായിരുന്നില്ല.

പക്ഷെ കാപ്രിയിൽ മറെറാരു ലെനിനുമുണ്ടായിരുന്നു — ഒരു ഉത്തമസഖാവു്, ലോകത്തിലുള്ള സകലതിലും

സജീവവും തളരാത്തതുമായ താല്പര്യം പ്രകടിപ്പിക്കുകയും
ആളുകളോടു് അതിശയകരമാംവണ്ണം ദയാപൂർവം പെരുമാറു
കയും ചെയ്ത ഉന്മേഷവാൻ.

ഒരുദിവസം വൈകിട്ടു് എല്ലാവരും നടക്കാൻ പോയി
രുന്നപ്പോൾ അദ്ദേഹം എം. എഫു്. അന്ദ്രേയെവയോടും
എന്നോടും സംഭാഷണത്തിലേർപ്പെട്ടു. അദ്ദേഹത്തിന്റെ സ്വ
രം വിഷാദകരവും വളരെയേറെ ദുഃഖിതവുമായിരുന്നു.

''പാർട്ടിക്കുവേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്തി
ട്ടുള്ള, അതിന്റെ പത്തിരട്ടി ചെയ്യാൻ പ്രാപ്തിയുള്ള, ബുദ്ധി
യും കഴിവുമുററ ആളുകളാണവർ. പക്ഷെ അവർ നമ്മുടെ കൂടെ
വരില്ല! അവർക്കതു സാദ്ധ്യമല്ല. അവരെപ്പോലുള്ള ഡസൻ
കണക്കിനും നൂറുകണക്കിനും ആളുകളെ ഈ കുററകരമായ
വ്യവസ്ഥ തകർത്തുകളഞ്ഞിട്ടുണ്ടു്, അസ്തശക്തരാക്കിയിട്ടു
ണ്ടു്.''

മറെറാരവസരത്തിൽ അദ്ദേഹം പറഞ്ഞു:

''ലൂനച്ചാർസ്‌ക്കിയ് പാർട്ടിയിലേക്കു മടങ്ങിവരും;
മററു രണ്ടുപേരോളം വ്യക്തിമേധാവാദിയല്ല അദ്ദേഹം. അപൂർ
വ്വസിദ്ധികളുള്ള ഒരു മനുഷ്യനാണദ്ദേഹം. അദ്ദേഹത്തിന്റെ
കാര്യത്തിൽ എനിക്കു് കുറെ 'ദൗർബ്ബല്യ'മുണ്ടു്—എന്തസം
ബന്ധം! 'ഒരാളുടെ കാര്യത്തിൽ ദൗർബ്ബല്യം' പോലും! എനി
ക്കദ്ദേഹത്തെ ഇഷ്ടമാണു്, കേട്ടോ, അദ്ദേഹം ഒരൊന്നാന്തരം
സഖാവാണു്! ഫ്രഞ്ചുകാരുടേതായ ഒരു പ്രാഗത്ഭ്യം അദ്ദേഹ
ത്തിൽ കാണാം. അദ്ദേഹത്തിന്റെ ചാപല്യവും ഫ്രഞ്ചുകാരു
ടേതാണു്, അദ്ദേഹത്തിന്റെ സൗന്ദര്യബോധത്തിൽനിന്നും
ഉളവാകുന്നതാണതു്.''

കാപ്രിയിലെ മീൻപിടുത്തക്കാരുടെ ജീവിതത്തെപ്പററി
അദ്ദേഹം സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തി, അവർക്കെ
ന്തു വരുമാനം കിട്ടുമെന്നും അവരെത്രകണ്ടു് പാതിരിമാരുടെ
സ്വാധീനത്തിൽ പെട്ടിട്ടുണ്ടെന്നും അറിയാൻ അദ്ദേഹം ആഗ്ര
ഹിച്ചു; അവർ അവരുടെ കുട്ടികളെ അയയ്ക്കുന്ന പള്ളിക്കൂട

ങ്ങളെപ്പററി അദ്ദേഹം തിരക്കി. അദ്ദേഹത്തിന്റെ താല്പര്യ
ങ്ങളുടെ വൈപുല്യത്തിൽ ഞാൻ അത്ഭുതപ്പെട്ടു. പാതിരി
മാരിലൊരാൾ ഒരു പാവപ്പെട്ട കൃഷിക്കാരന്റെ മകനാണെ
ന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനു് അപ്പോൾത്തന്നെ അറിയേ
ണ്ടിയിരുന്നതിതാണു്: എത്ര കൃഷിക്കാരാണു് അവരുടെ മക്ക
ളെ മതവിദ്യാലയങ്ങളിലയയ്ക്കുന്നതു്? അവർ പാതിരിമാരാ
യി ജോലി ചെയ്യാൻ സ്വന്തം ഗ്രാമങ്ങളിലേക്കു തിരിച്ചു
വരാറുണ്ടോ?

''കണ്ടില്ലേ? ഇതു വെറും യാദൃച്ഛികമല്ലെങ്കിൽ ഇതു
വത്തിക്കാന്റെ നയമായിരിക്കണം.... വളരെ കൗശലപൂർവ്വ
മായ ഒരു നയം!''

മറെറല്ലാവരേക്കാളും എത്രയോ ഉയരത്തിൽ ഉയർന്നു
നിന്നിരുന്നെങ്കിൽക്കൂടി അധികാരാസക്തിയുടെ പ്രലോഭന
ങ്ങളെ ചെറുത്തുനിൽക്കാനും ''സാധാരണ ജനങ്ങ''ളിൽ
സജീവമായ താല്പര്യം വച്ചുപുലർത്താനും കഴിഞ്ഞ വേറൊ
രാളെക്കുറിച്ചു് എനിക്കു സങ്കല്പിക്കാൻ സാദ്ധ്യമല്ല.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഹൃദയം കവരാനും അവ
രുടെ സഹാനുഭാവം നേടാനും കഴിയുന്ന ഒരു ആകർഷണശ
ക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ഇലിയിച്ചിനു് ഇററാലിയൻ
ഭാഷ സംസാരിക്കാനറിഞ്ഞുകൂടായിരുന്നു. എങ്കിലും, ഷലാ
പ്പിനേയും പ്രമുഖരായ മററു കുറേ റഷ്യാക്കാരേയും കണ്ടിട്ടുള്ള
കാപ്രിയിലെ മീൻപിടുത്തക്കാർ സഹജബോധത്തോടെ
അദ്ദേഹത്തിനു് ഒരു പ്രത്യേകസ്ഥാനം നൽകി. അദ്ദേഹ
ത്തിന്റെ ചിരിക്കു് വളരെയേറെ വശ്യതയുണ്ടായിരുന്നു—
മനുഷ്യന്റെ ബുദ്ധിഹീനതയുടെ അനൗചിത്യത്തേയും ബുദ്ധി
ശക്തിയുടെ കൗശലപൂർവ്വമായ തുള്ളിക്കളികളേയും അള
ക്കാൻ പ്രാപ്തനെങ്കിലും ''സാമാന്യജനങ്ങ''ളുടെ ബാലസഹ
ജമായ ശുദ്ധഗതിയിൽ ആനന്ദംകൊള്ളാൻ കഴിവുള്ള ഒരാളി
ന്റെ ഹൃദ്യമായ ചിരിയായിരുന്നു അതു്.

''സത്യസന്ധനായ ഒരാൾക്കുമാത്രമേ അങ്ങിനെ ചിരി

ക്കാൻ സാധിക്കൂ,'' ജൊവാന്നി സ്പദാറൊ എന്ന വൃദ്ധനായ മുക്കുവൻ അഭിപ്രായപ്പെട്ടു.

ആകാശത്തെപ്പോലെ നീലവർണ്ണവും നിർമ്മലവുമായിരുന്ന തിരമാലകളുടെ മീതെ അങ്ങോട്ടുമിങ്ങോട്ടും ഇളകിക്കൊണ്ടിരുന്ന ബോട്ടിലിരുന്നുകൊണ്ട് ''വിരൽകൊണ്ട്,'' അതായതു് ചൂണ്ടയുണ്ടെങ്കിലും ചൂണ്ടക്കോലില്ലാതെ, മീൻ പിടിക്കുന്ന വിദ്യ പഠിക്കാൻ ലെനിൻ ശ്രമിച്ചു. വിരലിൽ ഏററവും തുച്ഛമായ സ്പന്ദനം അനുഭവപ്പെടുമ്പോഴേക്കും ചൂണ്ട വലിക്കണമെന്ന് മുക്കുവർ അദ്ദേഹത്തോടു പറഞ്ഞിരുന്നു.

''കോസി: ഡ്രിൻ—ഡ്രിൻ. കാപ്പിസ്ക്കി?'' അവർ പറഞ്ഞു.

ആ നിമിഷത്തിൽ അദ്ദേഹം ഒരു മീനിനെ ചൂണ്ടയിട്ടു പിടിച്ച് അകത്തേക്കു വലിച്ചിട്ടു. ഒരു കുട്ടിയുടെ ആഹ്ലാദത്തോടും ഒരു നായാട്ടുകാരൻെറ ഉത്സാഹത്തോടും കൂടി അദ്ദേഹം ആർത്തുവിളിച്ചു: ''ഹാ! ഹാ! ഡ്രിൻ—ഡ്രിൻ!''

ആ മുക്കുവരും കുട്ടികളെപ്പോലെ ചിരിച്ച് ആർത്തുവിളിച്ചു. അദ്ദേഹത്തിനു് സിനോർ ഡ്രിൻ—ഡ്രിൻ എന്നു പേരിടുകയും ചെയ്തു.

ലെനിൻ പോയി വളരെ നാരം കഴിഞ്ഞതിനുശേഷവും അവർ ചോദിച്ചുകൊണ്ടിരുന്നു:

''സിനോർ ഡ്രിൻ—ഡ്രിനു സൗഖ്യമാണോ? സാർചക്രവർത്തി അദ്ദേഹത്തെ പിടികൂടുകയില്ലെന്നു നിങ്ങാംക്ക് ഉറപ്പുണ്ടോ?''

ദുരിതപൂർണ്ണവും ദുഃഖഭൂയിഷ്ഠവുമായിരുന്ന 1919–ാമാണ്ടിൽ പ്രവിശ്യകളിൽനിന്ന് തൻെറ സഖാക്കളും പട്ടാളക്കാരും കൃഷിക്കാരും അയച്ചുകൊടുത്ത ഭക്ഷണം കഴിക്കാൻ ലെനിൻ ലജ്ജിച്ചു. യാതൊരു സുഖസൗകര്യവുമില്ലാത്ത അദ്ദേഹത്തിൻെറ വാസസ്ഥലത്തേക്ക് പാഴ്സലുകരം കൊണ്ടുചെല്ലുമ്പോരം അദ്ദേഹം നെററി ചുളിക്കുകയും എന്തു ചെയ്യേണ്ടു എന്നറിയാതെ വിഷമിക്കുകയും ധാന്യപ്പൊടിയും

പഞ്ചസാരയും വെണ്ണയും രോഗികരംക്കിടയിലോ അല്ലെങ്കിൽ വേണ്ടത്ര ആഹാരം കഴിക്കാത്തതുകൊണ്ടു ക്ഷീണം ബാധിച്ച തൻെറ സഖാക്കരംക്കിടയിലോ വിതരണം ചെയ്യാൻ തിടുക്കംകൂട്ടുകയും ചെയ്യുമായിരുന്നു. ഒരു ദിവസം എന്നെ ഭക്ഷണത്തിനു ക്ഷണിച്ചിട്ട് അദ്ദേഹം പറഞ്ഞു:

''ആസ്ത്രഖനിൽനിന്നുമയച്ച ചുട്ട മീൻ കുറച്ചു ഞാൻ നിങ്ങരംക്കു തരാം.''

തൻെറ സോക്രാററീസ് നെററി ചുളിച്ചുകൊണ്ട് ഒരു ചരിഞ്ഞ നോട്ടത്തോടെ അദ്ദേഹം തുടർന്നു:

''ഞാനവരുടെ യജമാനനാണെന്ന മട്ടിൽ അവരെനിക്കു സാധനങ്ങരം അയച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽനിന്ന് എങ്ങിനെയാണ് അവരെ പിന്തിരിപ്പിക്കേണ്ടതു്? ഞാനതു സ്വീകരിക്കാൻ വിസമ്മതിച്ചാൽ ആരെയെങ്കിലും വേദനപ്പെടുത്തുന്നുവെന്നാണതിനർത്ഥം. അതേസമയം ചുററുപാടും എല്ലാവരും വിശന്നുവലയുകയാണ്.''

സ്വന്തമായി യാതൊരാവശ്യവും ഉന്നയിക്കാത്തവനും മദ്യപാനത്തോടും പുകവലിയോടും അപരിചിതനും ദുഷ്കരവും സങ്കീർണ്ണവുമായ തൻെറ പ്രവൃത്തിയിൽ രാപകൽ വ്യാപൃതനും സ്വന്തം ആവശ്യങ്ങരം കാണാൻ തികച്ചും അപ്രാപ്തനുമായിരുന്ന ഇലിയിച്ച് അതേസമയം തൻെറ സഖാക്കളുടെ ജീവിതം സൂക്ഷ്മമായി ഗൗനിക്കുന്നുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം മേശപ്പുറത്തുവച്ച് എന്തോ എഴുതിക്കൊണ്ടിരുന്നു.

''എന്തൊക്കെയാണു വിശേഷം?'' പേന കടലാസ്സിൽ നിന്ന് എടുക്കാതെ അദ്ദേഹം ചോദിച്ചു. ''ഞാനിപ്പോരം എഴുതിക്കഴിയും. അങ്ങ് ഉരംനാട്ടിലുള്ള ഒരു സഖാവ് പ്രവർത്തിച്ചു മടുത്തിരിക്കുന്നു. അയാരം ക്ഷീണിതനായിരിക്കുന്നുവെന്നാണു തോന്നുന്നതു്. അയാരംക്ക് ഉന്മേഷം കൊടുക്കേണ്ടിയിരിക്കുന്നു. ഒരാളുടെ മനോനില ഒരു പ്രധാനപ്പെട്ട സംഗതിയാണ്!''

ഒരുദിവസം മോസ്ക്കോവിൽവെച്ച് ഞാനദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ, അദ്ദേഹം ചോദിച്ചു:

''ഭക്ഷണം കഴിച്ചോ?''

''ഉവ്വ്.''

''നിങ്ങളതു് വെറുതെ പറയുകയാണോ?''

''എനിക്കു സാക്ഷികളുണ്ട് — ക്രെംലിനിലെ ഭക്ഷണമുറിയിൽനിന്നാണു ഞാൻ കഴിച്ചതു്.''

''അവിടത്തെ പാചകം വളരെ മോശമാണെന്നു കേട്ടല്ലൊ.''

''വളരെ മോശമല്ലെങ്കിലും കുറേക്കൂടി നന്നാകാം.''

ഉടനെ അദ്ദേഹം എന്നെ സൂക്ഷ്മമായി ചോദ്യം ചെയ്യു തുടങ്ങി: എന്തുകൊണ്ടാണു ഭക്ഷണം മോശമാകുന്നതു്? അതു് എങ്ങിനെ മെച്ചപ്പെടുത്താം?

''അവർക്കെന്തു പററി?'' അദ്ദേഹം കോപാകുലനായി ചോദിച്ചു. ''അവർക്കു് നല്ലൊരു പാചകക്കാരനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ലെന്നോ? ആളുകൾ എല്ലു മുറിയെ പണിയെടുക്കുകയാണ്. അവർ കൂടുതൽ ഭക്ഷണം കഴിക്കാൻവേണ്ടി അവർക്കു നല്ല ഭക്ഷണം കൊടുക്കേണ്ടിയിരിക്കുന്നു. വേണ്ടത്ര ഭക്ഷണസാമഗ്രികളില്ലെന്നും ഉള്ളതു മോശമാണെന്നും എനിക്കറിയാം. അതുകൊണ്ടാണ് അവർക്കു് സമർത്ഥനായ ഒരു പാചകക്കാരൻ വേണ്ടിയിരിക്കുന്നതു്.'' അതിനുശേഷം, ദഹനത്തിൻേറയും പോഷണത്തിൻേറയും പ്രക്രിയകൾക്കനുസൃതമായി ഭക്ഷണത്തിൽ ഉപദംശങ്ങൾ കൂട്ടിച്ചേർക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചു് ഏതോ ഒരു ആരോഗ്യശാസ്ത്രവിദഗ്ദ്ധൻ പറഞ്ഞതു് അദ്ദേഹം ഉദ്ധരിച്ചു

''ഇത്തരം കാര്യങ്ങളിൽ അല്പമെങ്കിലും ശ്രദ്ധിക്കാൻ അങ്ങേയ്ക്കു് എങ്ങിനെ കഴിയുന്നു?''

''ശാസ്ത്രീയമായ ആഹാരക്രമത്തിലോ?'' അദ്ദേഹം മറുത്തു ചോദിച്ചു. എൻെറ ചോദ്യം അപ്രസക്തമാണെന്ന മട്ടിലായിരുന്നു അദ്ദേഹത്തിൻെറ സ്വരം.

എൻെറ ഒരു പഴയ പരിചയക്കാരനായ പി. എ. സ്ലൊറൊഹോദൊവ് — എന്നെപ്പോലെ തന്നെ സോർമൊവൊക്കാരനായിരുന്നു അയാളും—ഒരു സൗമ്യശീലനായിരുന്നു. ചെക്കാ*യിലെ തൻെറ വിഷമംപിടിച്ച ജോലിയെപ്പററി ഒരിക്കൽ അയാൾ പരാതിപ്പെട്ടു. അപ്പോൾ ഞാനിങ്ങനെ പറഞ്ഞു:

''എൻെറ അഭിപ്രായത്തിൽ അതു നിങ്ങൾക്കു യോജിച്ച പണിയല്ല. നിങ്ങൾ അതു ചെയ്യാൻ പററിയ ആളല്ല.''

''വളരെ ശരിയാണ്!'' വിഷാദത്തോടെ അയാൾ ഞാൻ പറഞ്ഞതിനോടു യോജിച്ചു. ''ഞാൻ അതു ചെയ്യാൻ പററിയ ആളേയല്ല.'' പക്ഷേ കുറച്ചാലോചിച്ചിട്ട് അയാൾ തുടർന്നു: ''എന്നിരുന്നാലും, ഒരുപക്ഷേ ഇലിയിച്ചിനും പലപ്പോഴും തൻെറ വികാരങ്ങൾ അമർച്ചചെയ്യേണ്ടിവരുന്നുണ്ടെന്ന കാര്യം ഞാൻ ഓർക്കുമ്പോൾ എൻെറ ദൗർബ്ബല്യത്തെക്കുറിച്ചു് എനിക്കു ലജ്ജ തോന്നുന്നു.''

തങ്ങൾ ഏതു ലക്ഷ്യത്തിനുവേണ്ടിയാണോ പ്രവർത്തിക്കുന്നതു് ആ ലക്ഷ്യത്തിൻെറ വിജയത്തിനുവേണ്ടി പല്ലുകടിച്ചുകൊണ്ടു് തങ്ങളുടെ ''വികാരങ്ങൾ അമർച്ച ചെയ്യേണ്ടി'' വന്ന— യഥാർത്ഥത്തിൽ അവരുടെ നൈസർഗ്ഗികമായ ''സാമൂഹ്യ ആദർശവാദ''ത്തിനു കടിഞ്ഞാണിടേണ്ടിവന്ന— പലപ്രവർത്തകരേയും എനിക്കറിയാമായിരുന്നു, ഇപ്പോഴുമറിയാം.

ലെനിനു് എപ്പോഴെങ്കിലും അദ്ദേഹത്തിൻെറ ''വികാരങ്ങളെ അമർച്ചചെയ്യേണ്ടി''വന്നിട്ടുണ്ടോ?

അദ്ദേഹത്തിനു് സ്വന്തം കാര്യത്തിലുള്ള താല്പര്യം വളരെ തുച്ഛമായിരുന്നതുകൊണ്ടു് അത്തരം കാര്യങ്ങളെപ്പററി

---

*ചെക്കാ—പ്രതിവിപ്ലവത്തേയും അട്ടിമറിയേയും ഊഹക്കച്ചവടത്തേയും അമർച്ചചെയ്യാൻവേണ്ടി രൂപീകരിച്ച അഖിലറഷ്യൻ അസാധാരണകമ്മീഷൻ.—പ്രസാധകന്മാർ.

ആരോടും സംസാരിച്ചിരുന്നില്ല. തന്റെ ഹൃദയത്തിലെ കൊടുങ്കാറ്റുകളെ രഹസ്യമായി സൂക്ഷിക്കാൻ അദ്ദേഹത്തേക്കാൾ ഭംഗിയായി ആർക്കും കഴിയുമായിരുന്നില്ല. ഒരിക്കൽ മാത്രം, ഗോർക്കിയിൽവച്ച് ആരുടേയോ കുട്ടികളെ തലോടിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു:

''അവർ നമ്മെക്കാൾ മെച്ചമായി ജീവിക്കും; നമ്മൾ സഹിക്കേണ്ടിവന്ന പലതും അവർ അറിയുകയില്ല. അവരുടെ ജീവിതം അത്ര കഠിനമായിരിക്കുകയില്ല.''

എന്നാൽ, അകലെയുള്ള കുന്നുകളിലേക്ക്—അവയുടെ മടിത്തട്ടിൽ ഒരു ഗ്രാമം കിടക്കുന്നുണ്ടായിരുന്നു — കണ്ണോടിച്ചുകൊണ്ട് അദ്ദേഹം ചിന്താധീനനായി തുടർന്നു:

''എങ്കിൽക്കൂടി എനിക്കവരോട് അസൂയ തോന്നുന്നില്ല. വിസ്മയാവഹമായ ചരിത്രപ്രാധാന്യമുള്ള ഒരു ജോലി നിറവേററുന്നതിൽ നമ്മുടെ തലമുറ വിജയിച്ചിരിക്കുന്നു. നമ്മൾ സഹിക്കേണ്ടിവന്ന സാഹചര്യങ്ങളും നമ്മുടെ കാർക്കശ്യവും മനസ്സിലാക്കപ്പെടും, നീതീകരിക്കപ്പെടും. അതു മുഴുവനും മനസ്സിലാക്കപ്പെടും. മുഴുവനും!''

അദ്ദേഹം ആ കുട്ടികളെ ശ്രദ്ധയോടും വാത്സല്യത്തോടും കൂടി മൃദുവായി തലോടി.

ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെയടുക്കൽ ചെന്നപ്പോൾ മേശപ്പുറത്ത് ''യുദ്ധവും സമാധാനവും'' എന്ന ഗ്രന്ഥത്തിന്റെ ഒരു പ്രതി കിടക്കുന്നതു കണ്ടു.

''ശരിയാണ്. ടോൾസ്റ്റോയ്! ആ നായാട്ടുരംഗം വായിക്കണമെന്നാണു ഞാനുദ്ദേശിച്ചതു്. ഒരു സഖാവിനു് എഴുതേണ്ട കാര്യം അപ്പോൾ ഞാനോർത്തു. എനിക്കു വായിക്കാൻ സമയം കിട്ടുന്നേയില്ല. ടോൾസ്റ്റോയിയെപ്പററിയുള്ള നിങ്ങളുടെ ചെറിയ പുസ്തകം ഞാൻ ഇന്നലെ രാത്രി മാത്രമാണു വായിച്ചതു്.''

കണ്ണു ചെറുതാക്കി പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം തന്റെ ചാരുകസാലയിൽ നീണ്ടുനിവർന്നു കിടന്നു. എന്നിട്ട് താഴ്ന്ന സ്വരത്തിൽ തുടർന്നു:

''ഒരു പാറതന്നെ, അല്ലേ? മനുഷ്യരാശിയിൽപ്പെട്ട ഒരു അതിമാനുഷൻ! എന്റെ സ്നേഹിതാ, അതാണൊരു കലാകാരൻ.... പിന്നെ, എന്നെ അത്ഭുതപ്പെടുത്തുന്ന മറെറാരു സംഗതി എന്താണെന്നു നിങ്ങൾക്കറിയാമോ? ആ പ്രഭു തൂലികയുമായി രംഗത്തു വരുന്നതുവരെ സാഹിത്യത്തിൽ യഥാർത്ഥകർഷകൻ ഇല്ലായിരുന്നു.''

അപ്പോഴും അല്പംമാത്രം തുറന്നിരുന്ന ആ തിളങ്ങുന്ന കണ്ണുകൾ അദ്ദേഹം എന്റെ നേരെ തിരിച്ചു:

''യൂറോപ്പിൽ അദ്ദേഹത്തോടു കിടപിടിക്കാനാരുണ്ട്?''

വ്ളദീമിർ ഇലിയിച്ച്തന്നെ അതിനു മറുപടിനൽകി:

''ആരുമില്ല.''

കൈ തിരുമ്മിക്കൊണ്ട്, സന്തുഷ്ടനായി അദ്ദേഹം ചിരിച്ചു.

റഷ്യയിലും റഷ്യാക്കാരിലും റഷ്യൻ കലയിലും അദ്ദേഹം അഭിമാനംകൊണ്ടിരുന്നുവെന്ന സംഗതി ഞാൻ പലപ്പോഴും കണ്ടിരുന്നു. ഈ സ്വഭാവവിശേഷം അദ്ദേഹത്തിൽ വിചിത്രമായും ബാലിശമായിപ്പോലും തോന്നിയിരുന്നു; എന്നാൽ, പണിയെടുക്കുന്ന ജനങ്ങളോട് അദ്ദേഹത്തിനുണ്ടായിരുന്ന ദൃഢമൂലവും ആഹ്ലാദസമന്വിതവുമായ സ്നേഹം അതിൽ പ്രതിബിംബിച്ചിരുന്നതു് വേർതിരിച്ചറിയാൻ പിന്നീട് ഞാൻ പഠിക്കുകയുണ്ടായി.

കാപ്രിയിലെ മുക്കുവർ ഒരു സ്രാവു കടിച്ചുകീറിയ അവരുടെ വല ജാഗ്രതയോടെ അഴിച്ചുമാററുന്നതു കണ്ടിട്ട് അദ്ദേഹം പറഞ്ഞു:

''നമ്മുടെയാളുകൾ ഈ പണി ഇതിലും വേഗം ചെയ്യും.''

ഞാൻ അക്കാര്യത്തിൽ സംശയം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം ശുണ്ഠിപിടിച്ചുകൊണ്ടു പറഞ്ഞു:

''പിന്നെ.... ഇവിടെയൊക്കെ താമസിക്കുമ്പോൾ നിങ്ങൾ റഷ്യയെ മറക്കാതെ സൂക്ഷിക്കണം.''

ഒരു സായാഹ്നത്തിൽ മോസ്ക്കോവിൽ വൈ. പി. പെഷ്ക്കോവയുടെ വീട്ടിൽ വച്ച് ഇസായ് ദൊബ്രൊവേയിൻ ബേത്ഹോവന്റെ സൊണാററകൾ വായിക്കുന്നതു കേട്ടിട്ട് ലെനിൻ പറഞ്ഞു:

'' 'അപ്പാസ്സിയൊനാത' യേക്കാൾ മെച്ചമായി എന്തെങ്കിലുമുള്ളതായി എനിക്കറിവില്ല. എനിക്കതു ദിവസേന കേട്ടുകൊണ്ടിരിക്കാൻ കഴിയും. എന്തൊരു അത്ഭുതാവഹമായ, അമാനുഷികമായ സംഗീതം! ആളുകൾക്ക് ഇത്തരം അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നുണ്ടല്ലൊ എന്നാലോചിക്കുമ്പോൾ ഞാനെപ്പോഴും, ഒരുപക്ഷേ ബാലിശമായിട്ടായിരിക്കും, അഭിമാനം കൊള്ളാറുണ്ട്!''

കണ്ണുകൾ ചെറുതാക്കിക്കൊണ്ട് അദ്ദേഹം ഏതാണ്ട് വിഷണ്ണനായി പുഞ്ചിരിച്ചു. എന്നിട്ട് തുടർന്നു:

''പക്ഷെ എനിക്ക് സംഗീതം കൂടെക്കൂടെ കേൾക്കാൻ നിവൃത്തിയില്ല. അതെന്റെ ഞരമ്പുകളെ ബാധിക്കും. കഥയില്ലാത്ത വല്ലതുമൊക്കെ പറയാനും ഇത്രയേറെ സൗന്ദര്യം സൃഷ്ടിക്കാൻ കഴിവുള്ള ആളുകളുടെ തലയിൽ തലോടാനും— അവർ പാർക്കുന്നതു് വൃത്തികെട്ട നരകത്തിലാണെങ്കിൽ കൂടി — എനിക്കു തോന്നാറുണ്ട്. ഇക്കാലത്തു ആരുടേയും തലയിൽ തലോടാൻ നിവൃത്തിയില്ല. അവർ നമ്മുടെ കൈ കടിച്ചെടുത്തുവെന്നുവരും. അവരെ തലയ്ക്കടിക്കുകയാണു വേണ്ടതു്, നിർദ്ദാക്ഷിണ്യം തലയ്ക്കടിക്കുകയാണു വേണ്ടതു്, നാം പിന്തുടരുന്ന ആദർശങ്ങൾ ആളുകൾക്കെതിരായ ഏതക്രമത്തിനും എതിരാണെങ്കിൽക്കൂടി. ഹും! എന്തൊരു വിഷമം പിടിച്ച ജോലി!''

രോഗം പിടിപെടുന്നതിനു തൊട്ടുമുമ്പ്, അങ്ങേയററം പരിക്ഷീണിതനായിരുന്നിട്ടും, 1921 ആഗസ്റ്റ് 9—ാംനു- അദ്ദേഹം താഴെ കൊടുക്കുന്ന കുറിപ്പ് എനിക്കയച്ചു:

''എ. എം.,

''നിങ്ങളുടെ കത്തു് ഞാൻ എൽ. ബി. കാമിനിവിനു് അയച്ചിട്ടുണ്ട്. എനിക്കൊരു കാര്യവും ചെയ്യാൻ കഴിയുന്നില്ല. ഞാൻ അത്യന്തം തളർന്നു. നിങ്ങൾക്ക് ഇപ്പോഴും രക്തംതുപ്പലിന്റെ ഉപദ്രവം വന്നുകൊണ്ടിരിക്കുന്നുണ്ടല്ലൊ. എന്നിട്ടും നിങ്ങൾ വിശ്രമിക്കാൻ പോവുകയില്ല! അതു് ഹൃദയശൂന്യവും ബുദ്ധിശൂന്യവുമാണ്. നിങ്ങൾ യൂറോപ്പിലുള്ള ഒരു നല്ല സാനട്ടോറിയത്തിൽ പോവുകയാണെങ്കിൽ നിങ്ങളുടെ രോഗം ഭേദമാകും, ഇന്നു ചെയ്യുന്നതിന്റെ മൂന്നിരട്ടി കാര്യങ്ങൾ നിങ്ങൾക്കു ചെയ്യാനും കഴിയും. ഞാൻ വെറുതെ പറയുകയല്ല, ഇവിടെ നിങ്ങൾക്ക് ചികിത്സിച്ചു ഭേദപ്പെടുത്താനാവില്ല. വെറും ഒച്ചപ്പാടും ബഹളവും മാത്രം. യാതൊരു പ്രയോജനവുമില്ലാത്ത ഒച്ചപ്പാടും ബഹളവും. ഇവിടെ നിങ്ങളെക്കൊണ്ട് കാര്യമായിട്ടൊന്നും ചെയ്യാനാവില്ല. ഉടനെ പോയി സുഖം പ്രാപിച്ചു വരിക. വാശിപിടിക്കരുത്. അതാണെന്റെ അപേക്ഷ!

''നിങ്ങളുടെ ലെനിൻ''

ഒരു വർഷത്തിലധികം കാലം അങ്ങേയററത്തെ പിടിവാശിയോടെ അദ്ദേഹം എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു ഞാൻ റഷ്യ വിടണമെന്ന്. എവിടെയോ ഉള്ള ഒരാൾക്കു രോഗമാണെന്നും അയാൾക്കു വിശ്രമമാവശ്യമാണെന്നും ഓർമ്മിക്കാൻ തന്റെ ജോലിയിൽ തികച്ചും മുഴുകിയിരുന്ന അദ്ദേഹത്തിനു് എങ്ങിനെ കഴിഞ്ഞുവെന്നു ഞാൻ അത്ഭുതപ്പെട്ടു.

മുകളിൽ കൊടുത്തിട്ടുള്ളതുപോലത്തെ എഴുത്തുകൾ പലർക്കും, ഒരു പക്ഷേ ഡസൻ കണക്കിനാളുകൾക്ക്, അദ്ദേഹം എഴുതിയിട്ടുണ്ടാകും.

തന്റെ സഖാക്കളോടു് ഇലിയിച്ചിനുണ്ടായിരുന്ന അനിതരസാധാരണമായ മനോഭാവത്തെക്കുറിച്ചും അവരുടെ ജീവിതത്തിലെ അസുഖകരങ്ങളായ നിസ്സാരസംഗതികളിൽപ്പോലും ആണ്ടിറങ്ങിച്ചെന്നുകൊണ്ടു് അവരുടെ കാര്യങ്ങളിൽ അദ്ദേഹം കാണിച്ച ശ്രദ്ധയെക്കുറിച്ചും ഞാൻ പ്രതിപാദിച്ചുകഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ ഈ പ്രത്യേകമനോഭാവത്തിൽ, പ്രാപ്തരും സത്യസന്ധരുമായ തന്റെ കീഴ്ജീവനക്കാരോടു് ബുദ്ധിമാനായ ഒരു മേലധികാരി എടുക്കുന്ന മനോഭാവത്തിൽ ചിലപ്പോൾ കാണാറുള്ള സ്വാർത്ഥതല്പരമായ ഔത്സുക്യം എനിക്കൊരിക്കലും കാണാൻ കഴിഞ്ഞിട്ടില്ല.

ഒരു യഥാർത്ഥസഖാവു് പ്രദർശിപ്പിക്കുന്ന ശരിക്കും ആത്മാർത്ഥമായ ശ്രദ്ധയായിരുന്നു അദ്ദേഹത്തിന്റേതു്, ഒരാൾ തന്റെ സമന്മാരോടു് കാണിക്കുന്ന സ്നേഹമായിരുന്നു അദ്ദേഹത്തിന്റേതു്. തന്റെ പാർട്ടിയിലുള്ള ഏററവും വലിയ മഹാന്മാരേക്കാളും എത്രയോ വലിയ മഹാനായിരുന്നു വ്ളദീമിർ ലെനിനെന്നു് എനിക്കറിയാം. പക്ഷെ അദ്ദേഹം അതിൽ ബോധവാനായിരുന്നുവെന്നു തോന്നിയില്ല—അഥവാ ബോധവാനാകാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ആളുകളുമായി തർക്കിക്കുമ്പോൾ അദ്ദേഹം അവരോടു് നിർദ്ദയം പെരുമാറുകയും അവരെ കളിയാക്കുകയും മൂർച്ചയേറിയ പരിഹാസത്തിനു പാത്രമാക്കുകപോലും ചെയ്യുമായിരുന്നു. അതെല്ലാം പരമാർത്ഥമാണു്.

എങ്കിൽക്കൂടി, പലപ്പോഴും, തലേന്നു താൻ പന്താടുകയും പരിഹസിക്കുകയും ചെയ്ത ആളുകളെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ, അവരുടെ പ്രാഗത്ഭ്യത്തേയും ധാർമ്മികമായ കെട്ടുറപ്പിനേയും കുറിച്ചു് ആത്മാർത്ഥമായ ആശ്ചര്യവും 1918–21–ലെ നരകതുല്യമായ സാഹചര്യങ്ങളിൽ—എല്ലാ രാജ്യങ്ങളുടെയും എല്ലാ രാഷ്ട്രീയപ്പാർട്ടികളുടേയും ചാരന്മാരാൽ നാലുപാടും വലയം ചെയ്യപ്പെട്ടു്, യുദ്ധംകൊണ്ടു തളർന്ന രാജ്യത്തിന്റെ ശരീരത്തിൽ പൊട്ടിയൊലിക്കുന്ന വ്രണങ്ങളെപ്പോലെ

പാകമായിവന്ന ഗൂഢാലോചനകൾക്കിടയിൽ—കഷ്ടപ്പെട്ടും അടിയുറച്ചും അവർ നടത്തിയ പ്രവർത്തനത്തിൽ ബഹുമാനവും അദ്ദേഹത്തിന്റെ സംസാരത്തിൽ വ്യക്തമായും ഞാൻ കണ്ടിരുന്നു. അവർ വിശ്രമമില്ലാതെ പണിയെടുത്തിരുന്നു. അല്പം മാത്രം, അതും മോശപ്പെട്ട, ആഹാരമാണവർ കഴിച്ചിരുന്നതു്. നിരന്തരമായ ഉൽക്കണ്ഠയിലാണു് അവർ ജീവിച്ചുപോന്നിരുന്നതു്.

ഈ സാഹചര്യങ്ങളുടെ ഭാരം, ആഭ്യന്തരകലഹത്തിന്റെ രക്തരൂഷിതമായ കൊടുങ്കാററിൽപ്പെട്ടു് സമൂലം പിഴുതുമറിക്കപ്പെട്ട ജീവിതത്തിന്റെ ആശങ്കകൾ, ലെനിനു അനുഭവപ്പെടുന്നതായി തോന്നിയില്ല. ഒരിക്കൽ മാത്രമേ — എം. എഫ്. അന്ദ്രേയെവയോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ—ഒരു പരാതിയുടെ രൂപത്തിൽ എന്തെങ്കിലും അദ്ദേഹത്തിൽനിന്നും പൊട്ടിപ്പുറത്തുവന്നുള്ളു:

‘‘പക്ഷെ നമുക്കെന്തു ചെയ്യാൻ കഴിയും, പ്രിയപ്പെട്ട മരീയ ഫ്യോദൊറൊവ്ന? നാം സമരം ചെയ്തുകൊണ്ടേയിരിക്കണം. അതു നിർബ്ബന്ധമാണു്! നിങ്ങൾക്കു് സംഗതികൾ പ്രയാസകരമായി തോന്നുന്നുണ്ടോ? തീർച്ചയായും! ചിലപ്പോൾ സംഗതികൾ പ്രയാസകരമായി എനിക്കു തോന്നാറില്ലെന്നാണോ നിങ്ങളുടെ വിചാരം? വളരെ പ്രയാസകരമായി തോന്നാറുണ്ടെന്നു് എനിക്കു തീർത്തുപറയാൻ കഴിയും! പക്ഷെ ദ്സെർഷീൻസ്കിയെ നോക്കൂ. അദ്ദേഹം എന്തുപോലെയായി എന്നു നോക്കൂ! പക്ഷെ എന്തു ചെയ്യാൻ കഴിയും? നാം അവസാനം വിജയിക്കുമെന്നുണ്ടെങ്കിൽ സംഗതികൾ എത്ര പ്രയാസകരമായാലും വകവയ്ക്കുണ്ട!’’

എന്നെ സംബന്ധിച്ചിടത്തോളം, അദ്ദേഹം പരാതിപ്പെടുന്നതു് ഒരിക്കൽ മാത്രമേ ഞാൻ കേട്ടിട്ടുള്ളു:

‘‘മാർത്തൊവു് നമ്മുടെ കൂടെയില്ലാത്തതു വലിയ കഷ്ടമായിപ്പോയി!’’ അദ്ദേഹം പറഞ്ഞു. ‘‘എത്ര വിശിഷ്ടനായ ഒരു സഖാവാണയാൾ! എത്ര നല്ല മനുഷ്യൻ!’’

5-2790

‘‘റഷ്യയിൽ രണ്ടു കമ്മ്യൂണിസ്ററുകാരേയുള്ളൂ — ലെനിനും കൊല്ലൊന്തായിയും’’ എന്നു മാർത്തൊവ് പറഞ്ഞതായി എവിടെയോ വായിച്ചപ്പോൾ അദ്ദേഹം ഉള്ളുനിറയെ എത്രനേരം ചിരിച്ചുവെന്നു ഞാനോർക്കുന്നു.

ചിരി നിർത്തിയിട്ട്, ഒരു ദീർഘനിശ്വാസത്തോടെ അദ്ദേഹം തുടർന്നു:

‘‘എത്ര മിടുക്കനാണയാൾ!...’’

ഒരു വ്യാവസായിക ഉദ്യോഗസ്ഥനോട് തന്റെ പഠനമുറിയിൽനിന്നു യാത്രപറഞ്ഞു പിരിഞ്ഞതിനുശേഷം അതേ ആദരവോടും അത്ഭുതത്തോടും അദ്ദേഹം പറഞ്ഞു:

‘‘അയാളെ നേരത്തേതന്നെ പരിചയമുണ്ടോ? ഏതൊരു യൂറോപ്യൻ രാജ്യത്തും അയാൾക്ക് ഒരു മന്ത്രിസഭയുടെ തലവനാകാൻ കഴിയും.’’

കൈ തിരുമ്മിക്കൊണ്ട് അദ്ദേഹം തുടർന്നു:

‘‘പ്രതിഭാശാലികളിൽ യൂറോപ്പ് നമ്മെക്കാൾ ദരിദ്രമാണ്.’’

മുമ്പ് പീരങ്കിപ്പടയാളിയായിരുന്ന ഒരു ബോൾഷെവിക്കുകാരൻ കണ്ടുപിടിച്ച ഒരു ഉപകരണം നോക്കാൻവേണ്ടി എന്നോടൊപ്പം പീരങ്കിപ്പട്ടാളത്തിന്റെ പ്രധാന ആസ്ഥാനം വരെ അദ്ദേഹം വരണമെന്ന് ഞാനഭിപ്രായപ്പെട്ടു. വിമാനനശീകരണത്തോക്കുകളുടെ ഉന്നം മെച്ചപ്പെടുത്താനുള്ള ഒരു ഉപകരണമായിരുന്നു അത്.

‘‘അത്തരം കാര്യങ്ങളെക്കുറിച്ച് എനിക്കെന്തറിയാം?’’ എന്നു ചോദിച്ചെങ്കിലും അദ്ദേഹം എന്റെ കൂടെ വന്നു. ഒരു ഇരുണ്ട മുറിയിൽ ആ ഉപകരണത്തിനു ചുററുമായി ഗൗരവഭാവത്തിൽ ഏഴു ജനറൽമാർ ഇരുന്നിരുന്നു—ഏഴുപേരും തലനരച്ചവരും മീശയുള്ളവരും കാര്യജ്ഞാനമുള്ളവരുമായിരുന്നു. ലെനിന്റെ സിവിലിയൻ രൂപം അവർക്കിടയിൽ കാണാൻ തന്നെ അസാദ്ധ്യമായതുപോലെ തോന്നി. ഉപകരണം കണ്ടുപിടിച്ചയാൾ അതിന്റെ നിർമ്മാണം വിശദീകരിക്കാനാരംഭിച്ചു. ഒന്നുരണ്ടു മിനിട്ടു നേരത്തേക്ക് അയാൾ പറയുന്നത് സമ്മതഭാവത്തിൽ ശ്രദ്ധിച്ചുകേട്ടതിനുശേഷം രാഷ്ട്രീയപ്രശ്നങ്ങളിൽ അയാളെ പരീക്ഷിച്ചുനോക്കുകയാണെന്നമട്ടിൽ ലെനിൻ അയാളോടു ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി:

‘‘ഉന്നം പിടിക്കുന്ന മെക്കാനിസം ഒരേസമയത്തു രണ്ടു കാര്യങ്ങൾ എങ്ങിനെ ചെയ്യും? തോക്കിൻകുഴലുകളുടെ കോണം മെക്കാനിസത്തിന്റെ നിർദ്ധാരണങ്ങളുമായി സ്വയമേവ സമന്വയിക്കാൻ കഴിയുകയില്ലേ?’’

പരിധിയെക്കുറിച്ചും മററും ചിലതുകൂടി അദ്ദേഹം ചോദിക്കുകയും ആ ഉപകരണം കണ്ടുപിടിച്ചയാളിൽനിന്നും ജനറൽമാരിൽനിന്നും ഉഷാറോടുകൂടിയ മറുപടികൾ അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു. ആ കണ്ടുപിടിത്തക്കാരൻ പിറേറന്ന് എന്നോട് ഇങ്ങനെ പറഞ്ഞു:

‘‘നിങ്ങൾ ഒരു സഖാവുമായി വരാനുദ്ദേശിക്കുന്നുവെന്നാണ് ഞാൻ എന്റെ ജനറൽമാരോടു പറഞ്ഞിരുന്നത്, പക്ഷെ അതാരാണെന്നു ഞാൻ പറഞ്ഞില്ല. അവർ ഇലിയിച്ചിനെ തിരിച്ചറിഞ്ഞില്ല. യാതൊരു ഒച്ചപ്പാടുമില്ലാതെ, മോടിയൊന്നും കാട്ടാതെ, ഒരംഗരക്ഷകനില്ലാതെ അദ്ദേഹം വരുമെന്ന് ഒരുപക്ഷേ അവർക്ക് ഊഹിക്കാൻ സാധിക്കുമായിരുന്നില്ല. ‘അദ്ദേഹമൊരു സാങ്കേതികവിദഗ്ധനാണോ? പ്രൊഫസ്സറാണോ?’ അവർ ചോദിച്ചു. ‘ലെനിൻ!’ അത്ഭുതംകൊണ്ട് അവർ മൂകരായി. ‘കണ്ടിട്ട് അദ്ദേഹത്തെപ്പോലെയല്ലല്ലൊ ഇരുന്നത്,’ അവർ പറഞ്ഞു. ‘നമ്മുടെ ഈ പ്രത്യേകരംഗത്തെക്കുറിച്ച് അദ്ദേഹത്തിന് ഇത്ര നന്നായി അറിയാൻ കഴിഞ്ഞതെങ്ങിനെ? നല്ല സാങ്കേതികപരിജ്ഞാനമുള്ള ഒരാളെപ്പോലെയാണ് അദ്ദേഹം ചോദ്യങ്ങൾ ചോദിച്ചത്.’ അവർ അത്ഭുതപരതന്ത്രരായി. അതു ലെനിനായിരുന്നുവെന്ന് അവർ യഥാർത്ഥത്തിൽ വിശ്വസിച്ചെന്ന് എനിക്കു തോന്നുന്നില്ല.’’

പീരങ്കിപ്പട്ടാളത്തിന്റെ ആസ്ഥാനത്തിൽനിന്നു മടങ്ങുന്ന വഴി ലെനിൻ ചിരിച്ചുകൊണ്ടിരുന്നു. ആ കണ്ടുപിടിത്തക്കാരനെക്കുറിച്ച് അദ്ദേഹം പറഞ്ഞു:

''ഒരു മനുഷ്യനെ വിലയിരുത്തുന്നതിൽ ഒരാൾക്ക് എത്രമാത്രം തെററു പററാം! ഒരു നല്ല പഴയ സഖാവ്, പക്ഷെ ആകാശത്തുനിന്നും നക്ഷത്രം പിടിച്ചെടുക്കാൻ മാത്രം സമർത്ഥനല്ലാത്ത ഒരാൾ—ഇങ്ങിനെയാണ് ഞാനയാളെ മനസ്സിലാക്കിയിരുന്നത്. എന്നാൽ അതിനുതന്നെയാണ് അയാൾ പററിയ ആളെന്ന് തെളിഞ്ഞിരിക്കുന്നു. അതു വളരെ നന്നായി! ഈ ഉപകരണത്തിന്റെ പ്രായോഗികപ്രയോജനത്തെക്കുറിച്ച് ഞാൻ സംശയം പ്രകടിപ്പിച്ചപ്പോൾ ആ ജനറൽമാർ എന്റെ നേരേ തിരിഞ്ഞതു കണ്ടോ? ഞാനതു് മനപ്പൂർവ്വം ചെയ്തതാണ്—അയാളുടെ ആ സമർത്ഥമായ ഉപകരണത്തെക്കുറിച്ച് അവർ യഥാർത്ഥത്തിൽ എന്തു വിചാരിക്കുന്നുവെന്നറിയാൻ.''

വീണ്ടും ചിരിച്ചിട്ട് അദ്ദേഹം ചോദിച്ചു:

''അയാൾ മറെറാന്നുകൂടി കണ്ടുപിടിച്ചുവെന്നാണോ നിങ്ങൾ പറയുന്നത്? അതിനെപ്പററി ഒന്നും ചെയ്യാത്തതെന്താണ്? അയാൾക്കു മറെറാരു ജോലിയും കൊടുക്കരുത്. ഹാ! ഈ സാങ്കേതികവിദഗ്ദ്ധന്മാർക്കെല്ലാം മാതൃകാപരമായ സേവനവ്യവസ്ഥകൾ നൽകാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ! ഇരുപത്തഞ്ചു വർഷങ്ങൾക്കകം റഷ്യ ലോകത്തിലെ ഏററവും മുന്നണിയിൽ നിൽക്കുന്ന രാജ്യമാകും!''

അദ്ദേഹം പലപ്പോഴും ആളുകളെ പ്രശംസിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന് ഇഷ്ടമുണ്ടായിരുന്നില്ലെന്നു പറയപ്പെട്ടിരുന്നവരെപ്പററിപ്പോലും അവരുടെ ഊർജ്ജസ്വലതയെ വകവച്ചു കൊടുത്തുകൊണ്ട് ഇതേ രീതിയിൽ സംസാരിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.

കണിശക്കാരനായ ഒരു ഉപദേഷ്ടാവിന്റേയും ദയാലുവും ''ശ്രദ്ധാലുവുമായ ഒരു സ്നേഹിത''ന്റേയും മനോഭാവമാണ് അദ്ദേഹത്തിന് എന്നോടുണ്ടായിരുന്നത്.

''നിങ്ങളൊരു വിചിത്രമനുഷ്യനാണ്,'' ഒരുദിവസം അദ്ദേഹം നേരമ്പോക്കായി എന്നോടു പറഞ്ഞു. ''നിങ്ങൾ സാഹിത്യത്തിൽ ഒരു നല്ല യാഥാർത്ഥ്യവാദിയും എന്നാൽ ആളുകളെ സംബന്ധിച്ചിടത്തോളം ഒരു റൊമാൻറിസിസ്ററുമാണെന്നു തോന്നുന്നു. സകലരും ചരിത്രത്തിന് ഇരയായിത്തീർന്നിട്ടുള്ളവരാണെന്നാണ് നിങ്ങളുടെ വിശ്വാസം, അല്ലേ? നമുക്കു ചരിത്രമറിയാം, അതിനിരയായിട്ടുള്ളവരോടു നാം പറയുന്നു: 'ബലിപീഠങ്ങൾ മറിച്ചിടുക, ദേവാലയങ്ങൾ തകർക്കുക, ദേവന്മാരെ ആട്ടിപ്പായിക്കുക!' എന്നിട്ടും, പ്രഥമവും പ്രധാനവുമായി ബുദ്ധിജീവികൾക്ക് സുഖസൗകര്യങ്ങൾ ഏർപ്പെടുത്താൻ തൊഴിലാളിവർഗ്ഗത്തിന്റെ ഉശിരൻ പാർട്ടി ബാദ്ധ്യസ്ഥമാണെന്ന് എന്നെ ബോദ്ധ്യപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നു.''

ഞാൻ ധരിച്ചതു തെററായിരിക്കും, പക്ഷെ ഞാനുമായി കാര്യങ്ങൾ ചർച്ചചെയ്യാൻ വ്ളദീമിർ ഇലിയിച്ചിന് ഇഷ്ടമായിരുന്നുവെന്നാണ് എനിക്കു തോന്നിയത്.

മിക്കവാറും എല്ലായ്പോഴും അദ്ദേഹം എന്നെ നിർബ്ബന്ധിച്ചു: ''നിങ്ങൾ ഈ ഭാഗത്തെങ്ങാനും വരുമ്പോഴൊക്കെ എനിക്കു ഫോൺ ചെയ്യണം. നമുക്കൊന്നിച്ചുകൂടാം.''

മറെറാരവസരത്തിൽ അദ്ദേഹം പറഞ്ഞു:

''നിങ്ങളുമായി കാര്യങ്ങൾ ചർച്ചചെയ്യുന്നത് എപ്പോഴും ഉത്തേജകമാണ്; നിങ്ങൾക്ക് പല കാര്യങ്ങളെപ്പററിയും പലതും പറയാനുണ്ട്.''

ബുദ്ധിജീവികളുടെ, വിശേഷിച്ച് ശാസ്ത്രജ്ഞന്മാരുടെ, മനോഭാവത്തെക്കുറിച്ച് അദ്ദേഹം എന്നോടു ചോദിച്ചു; അക്കാലത്ത് എ. ബി. ഹലാത്തോവും ഞാനും ശാസ്ത്രജ്ഞരുടെ സ്ഥിതിഗതികൾ മെച്ചപ്പെടുത്താൻവേണ്ടിയുള്ള കമ്മി

റ്റിയിൽ പ്രവർത്തിക്കുകയായിരുന്നു. തൊഴിലാളിവർഗ്ഗസാഹിത്യത്തിലും വ്ളദീമിർ ഇലിയിച്ച് തല്പരനായിരുന്നു.

‘‘നിങ്ങൾ അതിൽനിന്ന് എന്തെങ്കിലും പ്രതീക്ഷിക്കുന്നുണ്ടോ?’’

ഞാൻ വളരെയേറെ പ്രതീക്ഷിക്കുന്നുണ്ടെന്നും എന്നാൽ ഭാഷാശാസ്ത്രം, പാശ്ചാത്യ—പൗരസ്ത്യദേശങ്ങളിലുള്ള ഭാഷകൾ, പഴങ്കഥകൾ, നാടോടിപ്പാട്ടുകൾ തുടങ്ങിയവയെക്കുറിച്ചുള്ള പഠനം, ലോകസാഹിത്യചരിത്രം എന്നീ ശാഖകളോടും റഷ്യൻസാഹിത്യചരിത്രത്തിനുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ടുമെൻ്റോടുംകൂടിയ ഒരു സാഹിത്യകോളേജ് സംഘടിപ്പിക്കേണ്ടതു് അത്യാവശ്യമാണെന്നാണ് എൻ്റെ അഭിപ്രായമെന്നും ഞാൻ പറഞ്ഞു.

‘‘ഹും,’’ എന്നെ ചരിഞ്ഞു നോക്കി പുഞ്ചിരിച്ചിട്ട് അദ്ദേഹം ആലോചിച്ചുകൊണ്ടു പറഞ്ഞു. ‘‘അതു വളരെ വിപുലവും വൻതോതിലുള്ളതുമായിപ്പോയി! വിപുലമാകുന്നതിനു ഞാനെതിരല്ല, പക്ഷേ അതു വൻതോതിലായിപ്പോയി, അല്ലേ! ഈ തുറയിൽ നമ്മുടേതായ പ്രൊഫസർമാരാരും നമുക്കില്ല. ബൂർഷ്വാ പ്രൊഫസർമാരെ സംബന്ധിച്ചാണെങ്കിൽ, അവർ നമ്മെ പഠിപ്പിക്കുന്ന ചരിത്രം എന്തുതരത്തിലുള്ളതായിരിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കാൻ കഴിയും... ഇല്ല, നമുക്ക് താങ്ങാവുന്നതിലും വലുതാണതു്.... ഉദ്ദേശം മൂന്നുകൊല്ലം, ഒരുപക്ഷേ അഞ്ചുകൊല്ലം, നമുക്ക് കാത്തിരിക്കേണ്ടിവരും.’’

വിഷണ്ണനായി അദ്ദേഹം തുടർന്നു:

‘‘എനിക്കു വായിക്കാൻ അല്പംപോലും സമയമില്ല!.. കണ്ടമാനം കവിതകൾ എഴുതിക്കൂട്ടുന്നുണ്ടെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? മാസികകളിൽ അവ പേജുകണക്കിനുണ്ടു്. പുതിയ സമാഹാരങ്ങൾ ഏതാണ്ടു ദിവസേന വന്നുകൊണ്ടിരിക്കുന്നു.’’

ഇതുപോലുള്ള അവസരങ്ങളിൽ പാട്ടിനുവേണ്ടിയുള്ള

ദാഹം യുവാക്കളിലുണ്ടാവുകയെന്നതു് സ്വാഭാവികമാണെന്നും എൻ്റെ അഭിപ്രായത്തിൽ നല്ല ഗദ്യത്തേക്കാളും ഇടത്തരം പദ്യങ്ങളെഴുതാനാണ് കൂടുതൽ എളുപ്പമെന്നും ഞാൻ പറഞ്ഞു. പദ്യങ്ങൾ എഴുതാൻ താരതമ്യേന കുറച്ചു സമയമേ വേണ്ടിവരൂ എന്നും അതിനുപുറമേ ഛന്ദഃശാസ്ത്രം പഠിപ്പിക്കുന്ന ധാരാളം നല്ല അദ്ധ്യാപകർ നമ്മുടെ പക്കലുണ്ടെന്നും ഞാൻ അഭിപ്രായപ്പെട്ടു.

‘‘ഗദ്യത്തേക്കാൾ പദ്യങ്ങളാണ് എളുപ്പമെന്നു പറയുന്നതു് ഞാൻ വിശ്വസിക്കുകയില്ല. എനിക്ക് അങ്ങിനെയൊന്ന് ഊഹിക്കാൻ സാദ്ധ്യമല്ല. നിങ്ങളെന്നെ എന്തു ചെയ്താലും ശരി, രണ്ടു വരി കവിത എഴുതാൻ എന്നെക്കൊണ്ടാവില്ല,’’ നെററിചുളിച്ചുകൊണ്ടദ്ദേഹം പറഞ്ഞു. ‘‘പണ്ടത്തെ വിപ്ലവസാഹിത്യം മുഴുവനും, നമ്മുടെ പക്കലുള്ളിടത്തോളവും യൂറോപ്പിലുള്ളിടത്തോളവും, ബഹുജനങ്ങൾക്ക് കിട്ടുമാറാക്കണം.’’

ദീർഘകാലത്തേക്ക് റഷ്യയിൽനിന്ന് അകന്നു താമസിച്ചിരുന്ന ഒരു റഷ്യാക്കാരനായിരുന്നു അദ്ദേഹം. തൻ്റെ രാജ്യത്തെ അദ്ദേഹം ശ്രദ്ധാപൂർവ്വം പരിശോധിച്ചപ്പോൾ ദൂരെനിന്ന് അതു കൂടുതൽ സ്പഷ്ടവും വർണ്ണശബളവുമായി തോന്നിയിരുന്നുവെന്നു കണ്ടു. അതിൽ അന്തർലീനമായിട്ടുള്ള ശക്തിയെ—ജനങ്ങളുടെ അസാധാരണമായ കഴിവിനെ — അദ്ദേഹം ശരിക്കു വിലയിരുത്തി. ഇനിയും ദുർബ്ബലമായി മാത്രം പ്രകാശിതമായിരുന്ന ആ കഴിവിനെ നിർജ്ജീവവും നിഷ്പ്രഭവുമായ ചരിത്രം തട്ടിയുണർത്തിയിരുന്നില്ല. എങ്കിൽക്കൂടി കഴിവ് സർവ്വത്രയുണ്ടായിരുന്നു. വിചിത്രമായ റഷ്യൻ ജീവിതത്തിൻ്റെ ഇരുണ്ട പശ്ചാത്തലത്തിൽ സുവർണ്ണനക്ഷത്രങ്ങളെപ്പോലെ അതു മിന്നിത്തിളങ്ങി.

ഈ ലോകത്തിലെ ഒരു യഥാർത്ഥമനുഷ്യനായിരുന്ന വ്ളദീമിർ ലെനിൻ അന്തരിച്ചിരിക്കുന്നു. അദ്ദേഹത്തെ

അറിയാമായിരുന്ന സകലർക്കും അദ്ദേഹത്തിന്റെ മരണം വേദനാജനകമായ, വളരെയേറെ വേദനാജനകമായ ഒരു പ്രഹരമാണ്!

എന്നാൽ മരണത്തിന്റെ കറുത്ത കര ലോകത്തിന്റെ ദൃഷ്ടിയിൽ അദ്ദേഹത്തിനുള്ള പ്രാധാന്യത്തെ—ലോകത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേതാവെന്ന നിലയ്ക്കുള്ള പ്രാധാന്യത്തെ—ഊന്നിപ്പറയുക മാത്രമാണു ചെയ്യുന്നതു്.

അദ്ദേഹത്തോടുള്ള വിദ്വേഷത്തിന്റെ കാർമേഘങ്ങൾക്ക്, അദ്ദേഹത്തിനു ചുററുമായി നെയ്തെടുത്ത നുണകളുടേയും അപവാദങ്ങളുടേയും കാർമേഘങ്ങൾക്ക്, ഇന്നുള്ളതിലും കട്ടിയുണ്ടായിരുന്നെങ്കിൽക്കൂടി അവയ്ക്കോ മററേതെങ്കിലും ശക്തികൾക്കോ ഈ ഭ്രാന്തുപിടിച്ച ലോകത്തിലെ ശ്വാസംമുട്ടിക്കുന്ന അന്ധകാരത്തിൽ അദ്ദേഹം ഉയർത്തിപ്പിടിച്ച ദീപശിഖയെ നിഷ്പ്രഭമാക്കാൻ കഴിയുകയില്ല.

ലോകം മുഴുവനാലും അനശ്വരമായി സ്മരിക്കപ്പെടാൻ അദ്ദേഹത്തേക്കാളേറെ അർഹതയുള്ള ഒരാൾ ഇതേവരെയുണ്ടായിട്ടില്ല.

വ്ളദീമിർ ലെനിൻ മരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ചിന്താശക്തിയുടേയും ഇച്ഛാശക്തിയുടേയും പിന്തുടർച്ചാവകാശികൾ ജീവിച്ചിരിപ്പുണ്ട്. അവർ ജീവിച്ചിരിക്കുകയും ഭൂമിയിൽ ഇതേവരെ പ്രവർത്തിച്ചിട്ടുള്ള ആരേക്കാളും കൂടുതൽ വിജയകരമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ലെനിനും ബോഞ്ച്-ബ്രുയേവിച്ചും ക്രെംലിന്റെ മുററത്ത്.
മോസ്ക്കോ, ഒക്ടോബർ 1918

ബോഞ്ച്-ബ്രുയേവിച്ച്

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏററവും പഴക്കം ചെന്ന അംഗങ്ങളിലൊരാളും 1917–ലെ ഫെബ്രുവരി–ഒക്ടോബർ വിപ്ലവങ്ങളിലെ ഒരു സജീവപങ്കാളിയുമായ വി. ഡി. ബോഞ്ച്–ബ്രുയേവിച്ചിന്ന് ലെനിനെ നല്ലവണ്ണം അറിയാമായിരുന്നു. അദ്ദേഹവുമൊന്നിച്ച് അനേകവർഷം ബോഞ്ച്–ബ്രുയേവിച്ച് പ്രവർത്തിച്ചിട്ടുണ്ട്. 1917 ഒക്ടോബറാദ്യം തൊട്ട് 1920 വരെ ബോഞ്ച്–ബ്രുയേവിച്ച് പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിലെ അഡ്മിനിസ്ട്രേററീവ് മാനേജരായിരുന്നു. പിന്നീട് അദ്ദേഹം ''ഷീസ്ൻ ഇ സ്നാനിയെ''(ജീവിതവും അറിവും) എന്ന പ്രസിദ്ധീകരണശാലയുടെ മുഖ്യപത്രാധിപരും സ്റ്റേററ് സാഹിത്യമ്യൂസിയത്തിന്റെ സംഘാടകനും ഡയറക്ടറുമായിരുന്നു. റഷ്യയിലെ വിപ്ലവപ്രസ്ഥാനത്തിന്റെ ചരിത്രം, സാഹിത്യം, നരവംശശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം പല കൃതികളുമെഴുതിയിട്ടുണ്ട്.

ഭൂമിയെക്കുറിച്ചുള്ള ഡിക്രി വ്ലദീമിർ ഇലിയിച്ച് എഴുതിയതെങ്ങനെ

വിപ്ലവബോൾഷെവിക്ശക്തികൾ വിൻറർ പാലസ് കൈവശപ്പെടുത്തുകയും നമ്മുടെ സൈനികനേതാക്കളുടെ മന്ദഗതിയിൽ വളരെയേറെ വിഷമിച്ചിരുന്ന വ്ളദീമിർ ഇലിയിച്ച് അവസാനം സ്വതന്ത്രമായി ശ്വസിക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഉടൻതന്നെ തൻെറ ലഘുവായ പ്രച്ഛന്നവേഷം മാററുകയും സംഭവങ്ങൾ മൂർദ്ധന്യത്തിലെത്തുന്നതും പ്രതീക്ഷിച്ചിരുന്നിരുന്ന പെട്രോഗ്രാഡ് തൊഴിലാളി—സൈനികഡെപ്യൂട്ടികളുടെ സോവിയററിൻെറ യോഗത്തിൽ തൻെറ ഏററവും പഴക്കം ചെന്ന രാഷ്ട്രീയ സുഹൃത്തുക്കളോടൊപ്പം പ്രത്യക്ഷപ്പെടുകയും ചെയ്തു.

വ്ളദീമിർ ഇലിയിച്ച് പ്ലാററ്ഫോമിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവിടെ മുഴങ്ങിയതു് ഒരു ഇടിനാദമായിരുന്നില്ല, അതിലുമൊക്കെ വലുതായ, ഗംഭീരമായ ഒന്നായിരുന്നു. വികാരത്തിൻെറ ഒരു കൊടുങ്കാററുതന്നെ ആ ഹാളിൽ ആഞ്ഞടിക്കുകയാണുണ്ടായതു്. കൂടുതൽ ആശംസകൾക്കും ഉൽഘോഷണങ്ങൾക്കും ആഹ്ലാദപ്രകടനങ്ങൾക്കുമിടയിൽ യോഗം ആരംഭിച്ചു.... വാസ്തവത്തിൽ പ്രചണ്ഡവും പ്രക്ഷുബ്ധവുമായ ഒന്നായിരുന്നു ആ ചരിത്രപ്രധാനമായ യോഗം.

യോഗം കഴിഞ്ഞു്, രാത്രി വളരെ വൈകിയിട്ടു് ഞങ്ങൾ എൻെറ ഫ്ളാററിലേക്കു പുറപ്പെട്ടു. ഞങ്ങൾ അല്പം ഭക്ഷണം കഴിച്ചു. അത്താഴം കഴിഞ്ഞു് വ്ളദീമിർ ഇലിയിച്ചിനു് സുഖസൗകര്യങ്ങൾ നൽകാൻ ഞാൻ പരമാവധി ശ്രമിച്ചു. അദ്ദേഹം ഉദ്വേഗഭരിതനും എന്നാൽ സ്പഷ്ടമായും വളരെ ക്ഷീണിതനുമായിരുന്നു. ഒരു ചെറിയ മുറിയിലുണ്ടായിരുന്ന എൻെറ മെത്ത എടുത്തുകൊള്ളാമെന്നു് അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിക്കാൻവേണ്ടി ഞാൻ കുറെ പാടുപെട്ടു. മെത്തയ്ക്കു പുറമെ, ഒരു മേശ, കടലാസ്സു്, മഷി, ഒരു ഷെൽഫിൽ കുറെ പുസ്തകങ്ങൾ, ഇത്രയും അവിടെ ഉണ്ടായിരുന്നു.

ഞാൻ തൊട്ടടുത്ത മുറിയിലെ സോഫായിൽ ചെന്നുകിടന്നു. വ്ളദീമിർ ഇലിയിച്ച് ഉറങ്ങിയെന്ന് തീർച്ചയാകുന്നതുവരെ ഉറങ്ങിപ്പോകരുതെന്നു ഞാൻ നിശ്ചയിച്ചിരുന്നു. കൂടുതൽ സുരക്ഷിതത്വത്തിനുവേണ്ടി ഞാൻ പുറംവാതിൽ പൂട്ടി. ചെയിനും സാക്ഷയും കൊളുത്തുമെല്ലാമിട്ടു. കൂടാതെ ഞങ്ങളുടെ റിവോൾവറുകൾ തയാറാക്കിവയ്ക്കുകയും ചെയ്തു. കാരണം, വീട്ടിൽ കടന്നുവന്ന് വ്ളദീമിർ ഇലിയിച്ചിനെ അറസ്ററു ചെയ്യാനോ വധിക്കാനോ ആരെങ്കിലും ശ്രമിച്ചെന്നുവരാം. വിപ്ലവത്തിൻെറ പ്രഥമരാത്രിയായിരുന്നു അത്. എന്തും സംഭവിക്കാം! ഒരു കരുതൽ നടപടിയായി സഖാക്കളുടെ ടെലിഫോൺ നമ്പറുകളും സ്മോൽനിയ്, ജില്ലാതൊഴിലാളിക്കമ്മിററികൾ, ട്രേഡ്യൂണിയനുകൾ ഇവയുടെയെല്ലാം ടെലിഫോൺ നമ്പറുകളും ധൃതിക്കിടയിൽ മറന്നുപോയേക്കുമോ എന്നു ഭയന്ന് ഒരു കടലാസ്സിൽ അപ്പോൾത്തന്നെ ഞാൻ കുറിച്ചിട്ടു.

വ്ളദീമിർ ഇലിയിച്ച് തൻെറ മുറിയിലെ വിളക്കണച്ചുകഴിഞ്ഞിരുന്നു. അദ്ദേഹം ഉറങ്ങുകയാണോ എന്നു സംശയിച്ച് ഞാൻ ചെവിയോർത്തു. യാതൊരു ശബ്ദവുമില്ലായിരുന്നു. ഞാൻ ഉറക്കം തൂങ്ങുകയായിരുന്നു. അടുത്തനിമിഷത്തിൽ ഞാനുറങ്ങിക്കഴിഞ്ഞേനെ. അപ്പോഴാണ് വ്ളദീമിർ ഇലിയിച്ചിൻെറ മുറിയിൽ പെട്ടെന്ന് വിളക്കു പ്രകാശിച്ചത്. അദ്ദേഹം മിക്കവാറും ഒച്ച കേൾപ്പിക്കാതെ എഴുന്നേൽക്കുന്നതും ഞാനുറങ്ങുകയാണെന്നു തീർച്ചവരുത്താൻ (ഞാനുറങ്ങുകയായിരുന്നില്ലെന്നതാണു നേര്) കതക് അല്പം തുറക്കുന്നതും ഞാൻ കേട്ടു. അദ്ദേഹം ഒച്ചയുണ്ടാക്കാതെ മേശയുടെയടുത്തേക്ക് നടന്നു. അവിടെ ഇരുന്നിട്ട് മഷിക്കുപ്പി തുറന്ന് മുമ്പിൽ പരത്തിയിട്ടിരുന്ന ഏതാനും കടലാസ്സുകളിലെഴുതിത്തുടങ്ങി.

അദ്ദേഹം എഴുതിക്കൊണ്ടേയിരുന്നു. എഴുതിയത് വെട്ടുകയും വായിക്കുകയും കുത്തിക്കുറിക്കുകയും വീണ്ടുമെഴുതുകയും ചെയ്തു. അവസാനം അദ്ദേഹം പ്രത്യക്ഷത്തിൽ അതെല്ലാം

ഒരാവർത്തികൂടിയെഴുതി ഒരു അസ്സൽകോപ്പിയുണ്ടാക്കി. ശരൽക്കാലാന്ത്യത്തിലെ ആകാശം ചാരനിറം പൂണ്ടുതുടങ്ങിയപ്പോഴാണ് അദ്ദേഹം വിളക്കണച്ച് കിടന്നുറങ്ങിയത്.

വ്ളദീമിർ ഇലിയിച്ച് രാത്രി മുഴുവൻ ജോലിചെയ്തതുകൊണ്ടും അതിനാൽ സംശയമെന്യേ വളരെ ക്ഷീണിച്ചിരിക്കുമെന്നതുകൊണ്ടും കഴിയുന്നത്ര ശബ്ദമുണ്ടാക്കാതിരിക്കണമെന്ന് ഉണരാൻ സമയമായപ്പോൾ ഫ്ളാററിലുള്ള സകലർക്കും ഞാൻ മുന്നറിയിപ്പു നൽകി. പക്ഷെ പെട്ടെന്ന്, വസ്ത്രമെല്ലാമണിഞ്ഞ്, പ്രസരിപ്പോടും ഊർജ്ജസ്വലതയോടും ഉത്സാഹത്തോടും കൂടി, തമാശയും പറഞ്ഞുകൊണ്ട്, അദ്ദേഹം മുറിക്കുള്ളിൽനിന്നു പുറത്തുചാടി ഞങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെട്ടു.

''സോഷ്യലിസ്റ്റ് വിപ്ലവത്തിൻെറ ആദ്യദിവസത്തിൽ അനുമോദനങ്ങൾ!'' എല്ലാവരേയും ആശംസിച്ചുകൊണ്ട് അദ്ദേഹം ഉൽഘോഷിച്ചു. ക്ഷീണത്തിൻെറ കണികപോലും അദ്ദേഹത്തിൻെറ മുഖത്തില്ലായിരുന്നു. സുഖമായിട്ടുറങ്ങി എന്നു തോന്നുമായിരുന്നു അദ്ദേഹത്തെ കണ്ടാൽ. എന്നാൽ വാസ്തവത്തിൽ ഇരുപതു മണിക്കൂർ നേരം ഭയങ്കരമായി പാടുപെട്ടതിനുശേഷം കഷ്ടിച്ച് രണ്ടോ മൂന്നോ മണിക്കൂർ മാത്രമാണ്—അതിലൊട്ടും കൂടുതലില്ല—അദ്ദേഹം ഉറങ്ങിയത്. പ്രാതലിനായി എല്ലാവരും ഒത്തുകൂടിയപ്പോൾ—തലേന്നു രാത്രി ഞങ്ങളുടെ വീട്ടിൽ ചെലവഴിച്ച നദേഷ്ദ കൊൻസ്റ്റന്തീനൊവ്ന ക്രൂപ്സ്ക്കയയും അപ്പോഴേക്ക് അവിടെയെത്തിയിരുന്നു—വ്ളദീമിർ ഇലിയിച്ച് പോക്കററിൽനിന്നും ഭംഗിയായി എഴുതിയ കുറെ പേജുകൾ പുറത്തെടുക്കുകയും തൻെറ സുപ്രസിദ്ധമായ ''ഭൂമിയെക്കുറിച്ചുള്ള ഡിക്രി'' ഞങ്ങളെ വായിച്ചുകേൾപ്പിക്കാൻ തുടങ്ങുകയും ചെയ്തു.

''ഇതു നമുക്കു വിളംബരം ചെയ്യാനും പ്രസിദ്ധപ്പെടുത്താനും വിപുലമായി പ്രചരിപ്പിക്കാനും കഴിഞ്ഞിരുന്നെ

ങ്കിൽ! അവർക്കു ധൈര്യമുണ്ടെങ്കിൽ ഇതു തിരിച്ചെടുക്കാൻ നോക്കട്ടെ! സാദ്ധ്യമല്ല; കർഷകരിൽനിന്നും ഈ ഡിക്രി പിടിച്ചെടുക്കാനും ഭൂവുടമകൾക്കു് കൃഷിഭൂമി തിരികെ കൊടുക്കാനും ഒരധികാരശക്തിക്കും ഒരിക്കലും സാധിക്കുകയില്ല. നമ്മുടെ ഒക്ടോബർ വിപ്ലവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമാണിതു്. കാർഷികവിപ്ലവം ഇന്നു് പൂർത്തിയാക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്യുന്നതാണു്.''

നാട്ടുമ്പുറത്തു് ഇനിയും ധാരാളം കുഴപ്പവും സമരവുമുണ്ടാകുമെന്നു് ആരോ അഭിപ്രായപ്പെട്ടപ്പോൾ, അപ്പറഞ്ഞതു് പ്രാധാന്യമർഹിക്കുന്നില്ലെന്നു പറഞ്ഞു് അദ്ദേഹം തള്ളിക്കളഞ്ഞു. ആളുകൾ അടിസ്ഥാനപരമായ കാര്യങ്ങൾ ഗ്രഹിക്കുകയും അവർക്കു് അവ ദഹിക്കുകയും ചെയ്യുകയാണെങ്കിൽ സംഗതികളെല്ലാം നേരെയാകുമെന്നു് അദ്ദേഹം പറഞ്ഞു. കൃഷിക്കാർ അവരുടെ പ്രതിനിധികൾക്കു് നൽകിയിട്ടുള്ള എല്ലാ മാൻഡേറ്റുകളിലും പ്രകാശിപ്പിച്ചിട്ടുള്ളതും സോവിയറ്റുകളുടെ കോൺഗ്രസ്സിനുള്ള പൊതുമാൻഡേറ്റുകളിൽ പ്രതിഫലിച്ചിട്ടുള്ളതുമായ ആവശ്യങ്ങളെയാണു് താൻ ഡിക്രിക്കു് ആധാരമായെടുത്തിട്ടുള്ളതെന്നതുകൊണ്ടു് അതു് കൃഷിക്കാർക്കു് വിശേഷിച്ചും സ്വീകാര്യമായിരിക്കുമെന്നു് അദ്ദേഹം തുടർന്നു വിശദമാക്കി.

''പക്ഷെ അവരെല്ലാം സോഷ്യലിസ്റ്റു് റവല്യൂഷണറികളായിരുന്നല്ലൊ,'' ആരോ തർക്കിച്ചു. ''ആളുകൾ പറയും നാം അവരിൽനിന്നും കടമെടുക്കുകയാണെന്നു്.''

വ്ളദീമിർ ഇലിയിച്ചു് പുഞ്ചിരിച്ചു:

''അവരങ്ങിനെ പറഞ്ഞുകൊള്ളട്ടെ. കർഷകരുടെ ന്യായമായ ആവശ്യങ്ങളെ നാം എപ്പോഴും പിന്താങ്ങുന്നുവെന്നു് അവർ വ്യക്തമായും മനസ്സിലാക്കും. കർഷകരുമായി, അവരുടെ ജീവിതവുമായി, അവരുടെ അഭിലാഷങ്ങളുമായി, നാം അടുക്കേണ്ടിയിരിക്കുന്നു. ചില വിഡ്ഢികൾ ചിരിക്കാനാണു് ഇഷ്ടപ്പെടുന്നതെങ്കിൽ അവർ ചിരിക്കട്ടെ. കർഷകരു

ടെ മേലുള്ള കുത്തക സോഷ്യലിസ്റ്റു് റവല്യൂഷണറികൾക്കു തീറെഴുതിക്കൊടുക്കാൻ നാം ഒരുകാലത്തും ഉദ്ദേശിച്ചിരുന്നില്ല. നമ്മളാണു പ്രധാന ഗവണ്മെന്റു് കക്ഷി. കാർഷികപ്രശ്നത്തേക്കാൾ പ്രധാനമായി തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ പ്രശ്നം മാത്രമേയുള്ളു.''

ഭൂമിയെക്കുറിച്ചുള്ള ഡിക്രി കോൺഗ്രസ്സിൽ അന്നു വൈകുന്നേരംതന്നെ പ്രഖ്യാപിക്കാനാണിരുന്നതു്; പിറേറന്നു പ്രസിദ്ധപ്പെടുത്താൻ പത്രങ്ങളിലെത്തിക്കുന്നതിനുവേണ്ടി അതുടനെ ടൈപ്പുചെയ്യണമെന്നു തീരുമാനിച്ചു. എല്ലാ പത്രങ്ങളും ഗവണ്മെന്റിന്റെ വിളംബരങ്ങൾ പ്രസിദ്ധപ്പെടുത്തണമെന്നു് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഡിക്രി പുറപ്പെടുവിക്കണമെന്ന ബുദ്ധി വ്ളദീമിർ ഇലിയിച്ചിനു തോന്നിയതു് അപ്പോഴാണു്.

അതിനുപുറമേ, ഡിക്രി ഒരു പ്രത്യേകലഘുലേഖയായി അമ്പതിനായിരം കോപ്പിയിൽ കുറയാതെ അച്ചടിക്കാനും ബഹുജനങ്ങളുടെയിടയിൽ വിപുലമായ പ്രചാരം കഴിയുന്നത്ര വേഗം കിട്ടുന്നതിനുവേണ്ടി അതു് ഗ്രാമങ്ങളിലേക്കു മടങ്ങുന്ന പട്ടാളക്കാർക്കിടയിൽ ആദ്യം വിതരണം ചെയ്യാനും തീരുമാനിച്ചു. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ അതും ഭംഗിയായി നിർവ്വഹിക്കപ്പെട്ടു.

താമസിയാതെ ഞങ്ങൾ സ്മോൽനിയിലേക്കു് കാൽനടയായി പുറപ്പെട്ടെങ്കിലും പിന്നീടു് ഒരു ട്രാമിൽ കയറി. തെരുവീഥികളിലെ മാതൃകാപരമായ ക്രമവും ചിട്ടയും കണ്ടു് വ്ളദീമിർ ഇലിയിച്ചു് സന്തോഷഭരിതനായി. വൈകുന്നേരമാകാൻവേണ്ടി അദ്ദേഹം അക്ഷമനായി കാത്തിരുന്നു. രണ്ടാം അഖിലറഷ്യൻ കോൺഗ്രസ്സു് സമാധാനത്തെക്കുറിച്ചുള്ള ഡിക്രി അംഗീകരിച്ചുകഴിഞ്ഞപ്പോൾ ഭൂമിയെക്കുറിച്ചുള്ള ഡിക്രി അദ്ദേഹം വളരെ സ്പഷ്ടമായ സ്വരത്തിൽ വായിച്ചു. അതു് സോത്സാഹം ഏകകണ്ഠമായി അംഗീകരിക്കപ്പെട്ടു.

ഡിക്രി അംഗീകരിച്ചുകഴിഞ്ഞയുടൻതന്നെ ഞാൻ അതിന്റെ കോപ്പികൾ പ്രത്യേകദൂതന്മാർ മുഖേന പെട്രോഗ്രാഡിലെ എല്ലാ പത്രമാഫീസുകളിലേക്കും തപാലും കമ്പിയും വഴി മററു നഗരങ്ങളിലേക്കും അയച്ചുകൊടുത്തു. നമ്മുടെ പത്രങ്ങൾ അതു് അച്ചടിക്കാൻവേണ്ടി സമയത്തിനുമുമ്പുതന്നെ തയ്യാറാക്കി. രാവിലെ ലക്ഷക്കണക്കിനും ദശലക്ഷക്കണക്കിനുമാളുകൾ അതു വായിച്ചു. അദ്ധ്വാനിക്കുന്ന ജനങ്ങൾ അതു സന്തോഷത്തോടെ സ്വീകരിച്ചു. ബൂർഷ്വാസി അവരുടെ പത്രങ്ങളിൽ അതിനെതിരായി ചീറുകയും കുരയ്ക്കുകയുമെല്ലാം ചെയ്തു. പക്ഷെ അന്നു് അവർ പറയുന്നതു ശ്രദ്ധിക്കാൻ ആരാണു മിനക്കെട്ടതു്?

വ്ളദീമിർ ഇലിയിച്ച് ആഹ്ലാദിച്ചു:

''ഈ ഒരൊററക്കാര്യം തന്നെ വരുന്ന അനേകം കൊല്ലക്കാലത്തേക്കു് നമ്മുടെ ചരിത്രത്തിൽ ഒരു മുദ്ര പതിപ്പിക്കും,'' അദ്ദേഹം പറഞ്ഞു.

അങ്ങേയററം സംപുഷ്ടമായ, വിപ്ലവകരമായ ക്രിയാത്മകപ്രവർത്തനങ്ങളുടെ യുഗം വളരെ വിജയകരമായി ആരംഭിച്ചുകഴിഞ്ഞിരുന്നു. കുറേയധികം കാലത്തേക്കു് വ്ളദീമിർ ഇലിയിച്ച് ആ ഡിക്രിയെക്കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. പത്രങ്ങളെക്കൂടാതെ, അതിന്റെ എത്ര കോപ്പികൾ പട്ടാളക്കാരുടേയും കൃഷിക്കാരുടേയും ഇടയിൽ വിതരണം ചെയ്തുവെന്നറിയാൻ അദ്ദേഹം താല്പര്യപ്പെട്ടു. അതു് ലഘുലേഖാരൂപത്തിൽ പലതവണ അച്ചടിക്കുകയും അതിന്റെ സൗജന്യ കോപ്പികൾ ഗുബേർനിയകളിലേയും ഉയേസ്ദുകളിലേയും പട്ടണങ്ങളിൽ മാത്രമല്ല റഷ്യയിലെ എല്ലാ വോലൊസ്തു*കളിലും വിപുലമായി വിതരണം ചെയ്യുകയും ചെയ്തു.

*ഗുബേർനിയ, ഉയേസ്ദ്, വോലൊസ്ത്. റഷ്യയിൽ പണ്ടു് നിലവിലുണ്ടായിരുന്ന ഭരണപരമായ വിഭാഗങ്ങൾ. ഏററവും വലുതു് ഗുബേർനിയയും ഏററവും ചെറുതു് വോലൊസ്തുമായിരുന്നു.

ഭൂമിയെക്കുറിച്ചുള്ള ഡിക്രി എല്ലായിടത്തും അറിയപ്പെടാനിടയായി. വ്ളദീമിർ ഇലിയിച്ച് തന്റെ ശക്തിയും കഴിവും ഇത്രയേറെ വിനിയോഗിക്കുകയും വളരെയധികം പ്രാധാന്യം കല്പിക്കുകയും ചെയ്ത, നമ്മുടെ പുതിയ സോഷ്യലിസ്റ്റ് നിയമനിർമ്മാണത്തിലെ അടിസ്ഥാനനിയമങ്ങളിലൊന്നായ, ഈ ഭൂനിയമത്തെപ്പോലെ ഒരു പക്ഷെ മറെറാരു നിയമവും ഈ നാട്ടിൽ ഇത്രയും വിപുലമായ തോതിൽ ഒരു കാലത്തും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല.

സോവിയററ് സ്റേററിൻെറ മുദ്ര

നമ്മുടെ സോവിയററ് രാജ്യത്തിൻെറ മുദ്ര വരച്ചുണ്ടാക്കുകയെന്നതു വളരെയേറെ പ്രാധാന്യമുള്ള ഒരു സംഗതിയായിരുന്നു. കാരണം, മുതലാളിത്തരാജ്യങ്ങളുടെ ചിഹ്നങ്ങളിൽ പ്രകടിതമായിട്ടുള്ള എന്തിൽനിന്നും തികച്ചും വിഭിന്നമായ ഒരു ആന്തരികാർത്ഥം അത്തരമൊരു ചിഹ്നത്തിനു് ഉണ്ടായിരിക്കേണ്ടതാണു്.

വാട്ടർകളറിൽ പെയിൻറു ചെയ്ത ഒരു ചിഹ്നം പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൻെറ ആഫീസിൽ ലഭിക്കുകയുണ്ടായി. ഇന്നത്തെ മുദ്രപോലെതന്നെ വട്ടത്തിലും മിക്കവാറും അടിമുടി തൊട്ടിരുന്ന, ഉറയിൽനിന്നൂരിയ ഒരു വാളൊഴിച്ചാൽ അതേ പ്രതിരൂപങ്ങളോടുകൂടിയതുമായിരുന്നു അതു്. പടത്തിൻെറ ചുവട്ടിൽ, കതിർക്കുലകൾ തമ്മിൽ ബന്ധിച്ചിരുന്ന നാടയിലായിരുന്നു വാളിൻെറ പിടിയുടെ സ്ഥാനം. ആ വാളിൻെറ വീതികുറഞ്ഞുവന്ന അലകു് പൊതുമാതൃകയുടെ മുകൾഭാഗത്തുണ്ടായിരുന്ന സൂര്യരശ്മികൾക്കിടയിലൂടെ പ്രത്യക്ഷപ്പെട്ടിരുന്നു.

വൈ. എം. സ്വെർദ്ലോവ്, എഫ്. ഇ. ദ്സെർഷിൻസ്കി തുടങ്ങിയ ചില സഖാക്കളുമായി സംസാരിച്ചുകൊണ്ടു് വ്ളദീമിർ ഇലിയിച്ച് ആഫീസ്മുറിയിലുണ്ടായിരുന്ന സമയത്താണു് ചിത്രം അദ്ദേഹത്തിൻെറ മുമ്പിൽ വച്ചതു്.

''ഇതെന്താണു്? ഒരു മുദ്രയോ?... അതുകൊള്ളാമല്ലൊ!'' മേശയിലേക്കു കുനിഞ്ഞുകൊണ്ടു് അദ്ദേഹം അതു സൂക്ഷിച്ചു നോക്കി. അദ്ദേഹത്തിൻെറ ചുററും നിന്നിരുന്ന ഞങ്ങൾ ആ പടം താല്പര്യത്തോടെ നോക്കി; ''ഗൊസ്നാക്ക്'' അച്ചടിശാലയിലെ സ്ററുഡിയോയിലുള്ള ഒരു ചിത്രകാരനാണു് അതയച്ചുതന്നിട്ടുള്ളതു്.

മുദ്ര മൊത്തത്തിൽ കൊള്ളാമെന്നു തോന്നി. ഇരുഭാഗത്തും ഗോതമ്പിൻെറ കതിർക്കുലകളാൽ ചുററപ്പെട്ട ഉദയ

സൂര്യൻെറ കിരണങ്ങൾ അരുണവർണ്ണത്തിലുള്ള ഒരു പശ്ചാത്തലത്തിൽ പ്രശോഭിച്ചു. ആ കതിർക്കുലകൾക്കിടയിൽ ഒരു അരിവാളും ചുററികയും വ്യക്തമായി ദൃശ്യമായിരുന്നു. സകലമാനപേർക്കും ഒരു താക്കീതെന്നവണ്ണം അടി മുതൽ മുടി വരെ നിവർന്നുനിന്ന മൂർച്ചയേറിയ വാൾത്തലയായിരുന്നു ആ ചിത്രത്തിൽ മുന്തിനിന്നതു്.

''ഇതു കൊള്ളാമല്ലൊ!'' വ്ളദീമിർ ഇലിയിച്ച് പറഞ്ഞു. ''ആശയം ഇതിലുൾക്കൊണ്ടിട്ടുണ്ടു്, പക്ഷെ ഈ വാളെന്തിനാണു്?'' അദ്ദേഹം ഞങ്ങളെ നോക്കി.

''നാം സമരം ചെയ്യുകയും പൊരുതുകയുമാണു്. തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഉറപ്പിക്കുകയും വൈററ് ഗാർഡുകളേയും ഇടങ്കോലിടൽകാരേയും നമ്മുടെ രാജ്യത്തു നിന്നു് ആട്ടിയോടിക്കുകയും ചെയ്യുന്നതുവരെ നാം സമരം തുടരുകയും ചെയ്യും. പക്ഷെ എന്നുവച്ചു് നമുക്കിടയിൽ യുദ്ധവും പട്ടാളവും പട്ടാളപരമായ അക്രമവും എന്നെന്നേക്കിലും മുന്തിനിൽക്കുമെന്നു് അതിനർത്ഥമില്ല. നമുക്കു് വെട്ടിപ്പിടുത്തങ്ങൾ ആവശ്യമില്ല. വെട്ടിപ്പിടിക്കുകയെന്ന നയം നമുക്കു തെല്ലും ചേർന്നതല്ല; നമ്മുടെ രാജ്യത്തിനകത്തും പുറത്തുമുള്ള ശത്രുക്കളെ നാം അങ്ങോട്ടു കടന്നാക്രമിക്കുകയല്ല, നാമവരെ തിരിച്ചോടിക്കുകയാണു്; ഒരു പ്രതിരോധയുദ്ധമാണു നമ്മുടേതു്; വാൾ നമ്മുടെ ചിഹ്നമല്ലതാനും. നമുക്കു ശത്രുക്കളുള്ളിടത്തോളം കാലം, അവർ നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം, അവർ നമ്മെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നിടത്തോളം കാലം, നമ്മുടെ തൊഴിലാളിവർഗ്ഗരാജ്യത്തെ കാത്തുരക്ഷിക്കാൻവേണ്ടി നാം ആ വാൾ നമ്മുടെ കൈകളിൽ മുറുകെപ്പിടിക്കണം. പക്ഷെ എന്നും ഇതായിരിക്കും സ്ഥിതി എന്നർത്ഥമില്ല....

''സോഷ്യലിസം എല്ലാ രാജ്യങ്ങളിലും വിജയിക്കും— അതു് അസന്ദിഗ്ദ്ധമായ ഒരു കാര്യമാണു്. സർവ്വരാഷ്ട്ര

സാഹോദര്യം ലോകമെമ്പാടും പ്രഖ്യാപിക്കപ്പെടുകയും നടപ്പിൽ വരികയും ചെയ്യും. നമുക്കു് വാളാവശ്യമില്ല. അതു നമ്മുടെ ചിഹ്നമല്ല....'' വ്ളദീമിർ ഇലിയിച്ച് ആവർത്തിച്ചുപറഞ്ഞു.

''നമ്മുടെ സോഷ്യലിസ്റ്റ് സ്റ്റേററിൻെറ മുദ്രയിൽനിന്നും വാളെടുത്തു മാറേറണ്ടിയിരിക്കുന്നു,'' അദ്ദേഹം തുടർന്നു. ഒരു കൂർത്ത മുനയുള്ള പെൻസിലെടുത്തു് പ്രൂഫ് തിരുത്തുന്ന അടയാളമിട്ടു് അദ്ദേഹം ആ വാൾ വെട്ടിക്കളയുകയും ചിഹ്നത്തിൻെറ വലതുഭാഗത്തു് മാർജിനിൽ ആ അടയാളം വീണ്ടുമിടുകയും ചെയ്തു.

''അതൊഴിച്ചാൽ ചിഹ്നം നല്ലതാണു്. നമുക്കു് ഈ നക്കൽ അംഗീകരിക്കാം. പിന്നീടു വീണ്ടും പരിശോധിക്കുകയും പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൽ ചർച്ച ചെയ്യുകയും ചെയ്യാം. പക്ഷെ ഇതൊക്കെ വേഗം ചെയ്യേണ്ടിയിരിക്കുന്നു....''

ഇത്രയും പറഞ്ഞുകൊണ്ടു് അദ്ദേഹം ആ ചിത്രത്തിലൊപ്പിട്ടു.

അവിടെ സന്നിഹിതനായിരുന്ന ചിത്രകാരനു് ഞാൻ ആ നക്കൽ തിരിച്ചുകൊടുത്തിട്ടു് ചിഹ്നം വീണ്ടും വരയ്ക്കാൻ പറഞ്ഞു.

ആ ഡ്രായിംഗ്—വാളില്ലാതെ—രണ്ടാമത്തെത്തവണ ഞങ്ങളുടെയടുക്കൽ കൊണ്ടുവന്നപ്പോൾ അതു ഒരു ശില്പിയായ അന്ദ്രേയെവിനെ കാണിക്കാൻ ഞങ്ങൾ തീരുമാനിച്ചു. അതിൽ സാങ്കേതികമായ ചില തിരുത്തലുകൾ വരുത്തേണ്ടതാവശ്യമാണെന്നു് അയാൾ കണ്ടു. അയാൾ ആ ചിഹ്നം രണ്ടാമതു വരച്ചു. കതിർക്കുലകൾക്കു കട്ടി കൂട്ടുകയും സൂര്യകിരണങ്ങൾ തീക്ഷ്ണമാക്കുകയും ചിഹ്നത്തിനു മൊത്തത്തിൽ കുറേക്കൂടി സ്പഷ്ടത കൈവരുത്തുകയും ചെയ്തുകൊണ്ടു് അതിനെ കൂടുതൽ പ്രദ്യോതമാക്കി.

1918—ൻെറ തുടക്കത്തിൽ ആർ. എസ്സ്. എഫ്. എസ്സ്. ആറിൻെറ മുദ്ര അംഗീകരിക്കപ്പെട്ടു.

ചുവന്ന നക്ഷത്രമെന്നപോലെ സോവിയററ് റിപ്പബ്ലിക്കിൻെറ ഈ മുദ്രയും ലോകത്തുള്ള എല്ലാ തൊഴിലാളികൾക്കും അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങൾക്കും ഒരു പ്രതീകമായിത്തീർന്നിരിക്കുന്നു.

പൊതുസൈനിക പരിശീലനത്തിലേർപ്പെട്ടിരുന്ന തൊഴിലാളികൾ റെഡ്സ്ക്വയറിൽ നടത്തിയ ഒരു പരേഡ് ലെനിനും ക്രൂപ്സ്ക്കയയും മരീയ ഉല്യാനൊവയും വീക്ഷിക്കുന്നു. മോസ്കോ, മേയ് 25 1919

അലെക്സാണ്ടർ ബ്യേക്ക്

സ്റ്റേററ് സമ്മാനാർഹനായ ഒരു പേരുകേട്ട നോവലെഴുത്തുകാരനാണ് അലെക്സാണ്ടർ ബ്യേക്. ''ബെരെഷ്ക്കോവിന്റെ ജീവിതം'' എന്ന നോവലും നാലു കഥകൾ കൂട്ടിയിണക്കികൊണ്ടുള്ള ''വൊലൊക്കൊലാംസ്ക് രാജപാത'' എന്ന ഗ്രന്ഥവും കൂടാതെ അനേകം ചെറുകഥകളും പ്രബന്ധങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. രേഖാരൂപത്തിലുള്ള ചരിത്രവസ്തുതകൾക്ക് കലാപരമായ ചൈതന്യം നൽകാൻ ബ്യേക്കിനു കഴിയുന്നു. ''ലെനിന്റെ കത്ത്'' എന്ന അദ്ദേഹത്തിന്റെ കഥ ആദ്യം പ്രസിദ്ധപ്പെടുത്തിയതു് 1956–ലെ ഏററവും നല്ല കഥകളുടെ സമാഹാരത്തിലാണ്.

ലെനിൻെറ കത്ത്

ആയിരത്തിത്തൊള്ളായിരത്തി ഇരുപതാമാണ്ടിൻെറ അവസാനത്തിൽ വ്രാൻഗെലിനെ തുരത്തിക്കഴിഞ്ഞയുടനെ, കേന്ദ്രക്കമ്മിററി, ദക്ഷിണമേഖലയിലെ സേനകളിലൊന്നിൻെറ വിപ്ലവ സൈനികകൗൺസിലിലെ ഒരു മെമ്പറായ ക്ലിയാവിനേയും പട്ടാളത്തിലുള്ള മറേറതാനും പാർട്ടിസംഘാടകരേയും വ്യവസായം പുനസ്ഥാപിക്കുകയെന്ന ജോലിയിലേക്കു മാററുകയുണ്ടായി. നാലു കൊല്ലത്തെ സാമ്രാജ്യത്വയുദ്ധത്തിൻേറയും മൂന്നു കൊല്ലത്തെ ആഭ്യന്തരയുദ്ധത്തിൻേറയും കെടുതികരം സഹിച്ച വിശാലമായ രാജ്യത്തിലാകെ ക്കൂടി ഒരേയൊരു ചൂള (ബ്ലാസ്റ്റ് ഫർണസ്) — സ്താറൊ—പെത്രോവ്സ്ക് നമ്പർ 6—മാത്രമാണ് അപ്പോഴും പ്രവർത്തിച്ചുപോന്നിരുന്നത്. ഈ സ്ഥലത്തേക്കാണ് ഏതാനും ഖനികളും ഇരുമ്പു വാർക്കുന്ന ഒരു ഫൗണ്ട്റിയും ഉരംപ്പെട്ട സ്താറൊ — പെത്രോവ്സ്ക് വർക്കിൻെറ ഡയറക്ടറായി ക്ലിയാവിൻ നിയോഗിക്കപ്പെട്ടതു്.

സ്റ്റാഫിനേയും രാഷ്ട്രീയവകുപ്പിലെ പ്രവർത്തകരേയും വഹിച്ചുകൊണ്ടുള്ള ട്രെയിൻ ഉദ്ദിഷ്ടസ്ഥാനത്തെത്തിയതു് ശൈത്യകാലത്തെ ഒരു രാത്രിയിലാണ്. ഒരു ചെറിയ എഞ്ചിൻ വന്നു് അവരുടെ ട്രെയിനിനെ ഫാക്ടറി ലൈനിൽ കൊണ്ടുചെന്നെത്തിച്ചു. തൻെറ കംപാർട്ടുമെൻറിൻെറ അററത്തു നിന്നും ക്ലിയാവിൻ അന്ധകാരത്തിലേക്കു സൂക്ഷിച്ചു നോക്കി. ഒരേയൊരു ചൂളയുടെ മാത്രം മങ്ങിയ പ്രകാശമാണ് അതിനെ ഭേദിച്ചിരുന്നതു്. ചൂളകളുടെ മുകളിൽ ഉരുക്കു കൊണ്ടുണ്ടാക്കിയ കറുത്ത അഴികരം കാണാൻ പ്രയാസമായിരുന്നു. ഇരുമ്പടപ്പുകളുടെ നിശ്ശബ്ദബാഹ്യരേഖകരം ബീഭത്സമായ പീരങ്കിയുണ്ടകരം കുത്തനെ നിരത്തിവച്ചിരിക്കുന്നതുപോലെ തോന്നിച്ചു. ജനലുകരം മിക്കതും തകർക്കപ്പെട്ട ചാരനിറത്തിലുള്ള കോൺക്രീററ് കെട്ടിടങ്ങരം നിഷ്പ്രഭമായ കണ്ണുകളോടെ അയാളെ തുറിച്ചുനോക്കി,

നിശ്ചലമായിക്കിടക്കുന്ന ഈ പടുകൂററൻ സാധനങ്ങൾക്കു ജീവൻ നൽകുകയെന്ന ചുമതലയാണ് ഇതിനുമുമ്പൊരിക്കലും ഒരു ഫാക്ടറിയിൽ ജോലി നോക്കിയിട്ടില്ലാത്ത ക്ലിയാവിനെ നേരിട്ടത് (വിപ്ലവത്തിനുമുമ്പ് അയാൾ കണക്കു പഠിപ്പിക്കുന്ന ഒരദ്ധ്യാപകനായിരുന്നു).

ജോലിയാരംഭിച്ചുകൊണ്ട് അയാൾ ഭീഷണിരൂപത്തിലുള്ള കല്പനകളെഴുതിയും മററും സൈനികസമ്മർദ്ദത്തിന്റെ പഴയ പരീക്ഷിതമാർഗ്ഗങ്ങൾ പ്രയോഗിച്ചു. പക്ഷെ ഫലമുണ്ടായില്ല. ജോലിയെടുക്കാൻ തയ്യാറായി മുന്നോട്ടുവന്ന വോളന്റിയർമാരുടെ ഗ്രൂപ്പുകളെ സ്വയം നയിച്ചുകൊണ്ട് ഒന്നിനൊന്നു പുറകെ പ്രതിദിനം സുബോത്‌നിക്കുകൾ* തുടങ്ങുകയാണ് അയാൾ അപ്പോൾ ചെയ്തത്. പട്ടാളത്തിലെ രാഷ്ട്രീയസംഘാടകരും ഫാക്ടറിയിലെ കമ്മ്യൂണിസ്റ്റുകാരും തൊഴിലാളികൾക്കിടയിൽ, ഏതു ശത്രുവിനേയും തുരത്തിയോടിക്കാനുള്ള വീര്യം ആളിക്കത്തിച്ചിട്ടുണ്ടായിരുന്നു. ഒരു പട്ടാളക്കാരനു സഹജമായ ബോധത്തോടെ ഇക്കാര്യം ക്ലിയാവിൻ വളരെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. നിശ്ചേതനമായി കിടന്ന ഭീമരൂപം അവസാനം അനങ്ങിത്തുടങ്ങിയെന്നു തോന്നി. എന്നാൽ ഏതാനും ആഴ്ചകൾക്കകം ഉല്പാദനരേഖയുടെ ഗതി താഴോട്ടായി, അങ്ങിനെ തുടരുകയും ചെയ്തു. ഉദ്ദേശിച്ചിരുന്ന മഹാത്ഭുതം നേടുന്നതിനു മുമ്പുതന്നെ ആക്രമണത്തിന്റെ ഊക്കു നശിച്ചു. ക്ലിയാവിൻ പിടിച്ച പിടിയാലെ നിന്നെങ്കിലും വോളന്റിയർമാരുടെ എണ്ണം പ്രതിദിനം കുറഞ്ഞു കുറഞ്ഞുവന്നു. താൻ പരാജിതനായെന്ന് അയാൾക്കു

*സുബോത്‌നിക്ക്—സോഷ്യലിസ്റ്റ് സ്റ്റേററിനുവേണ്ടി ഒഴിവുസമയത്തു സ്വയമേവ ചെയ്യുന്ന പ്രവൃത്തിയുടെ ഒരു രൂപം. മോസ്‌ക്കോവിൽ ആദ്യത്തെ സുബോത്‌നിക്ക് നടത്തിയത് 1919 മേയ് 10—ാംനു-ശനിയാഴ്ചയായിരുന്നു (റഷ്യനിൽ ''സുബോത'' എന്നുവെച്ചാൽ ശനിയാഴ്ച എന്നർത്ഥം. അങ്ങിനെയാണ് സുബോത്‌നിക് എന്ന വാക്കുണ്ടായത്).

മനസ്സിലായി. എങ്കിലും തന്റെ പക്കലുള്ള ഒരു പിടി പട്ടാളക്കാരുടേയും തൊഴിലാളികളുടേയും മുന്നിൽ മാർച്ചുചെയ്തുകൊണ്ട് അയാൾ സുബോത്‌നിക്കുകൾ ഓരോന്നായി പിന്നിട്ടു.

അയാളിപ്പോൾ ഉറക്കം ഏതാണ്ട് ഉപേക്ഷിച്ച മട്ടായി. തന്റെ മുമ്പിലുള്ള പ്രശ്നത്തിന്റെ പരിഹാരത്തെക്കുറിച്ച് അയാൾ തലപുകഞ്ഞാലോചിക്കുകയായിരുന്നു. പാർട്ടിയുടെ പത്താം കോൺഗ്രസ്സിലേക്കു വോട്ടില്ലാത്ത ഒരു പ്രതിനിധിയായി അയാൾ തിരഞ്ഞെടുക്കപ്പെട്ടു. പക്ഷെ തന്റെ മുമ്പിലുള്ള പ്രശ്നം പരിഹരിക്കാതെ മോസ്‌ക്കോവിൽ പോകാൻ അയാൾ വിസമ്മതിച്ചു, അങ്ങിനെ പോകാൻ അയാൾക്കു നിർവ്വാഹവുമില്ലായിരുന്നു.

എന്തായാലും അവസാനം ഒരു പരിഹാരം കണ്ടെത്തി.

1921—ൽ മേയ്‌മാസത്തിലെ ഒരു സായാഹ്നത്തിൽ ക്ലിയാവിൻ ലെനിന്റെ സന്ദർശകമുറിയിൽ കാത്തിരിപ്പായി. അയാൾ തനിച്ചേ ഉണ്ടായിരുന്നുള്ളു. കാരണം അയാൾ വന്ന വിവരം അറിയിക്കാൻവേണ്ടി സെക്രട്ടറി പോയിരിക്കുകയായിരുന്നു. അയാളുടെ യുവവദനം വിളറിയും ക്ഷീണിച്ചുമിരുന്നിരുന്നു. ഓരോ നിസ്സാരശബ്ദം കേൾക്കുമ്പോഴും അയാളുടെ ചുണ്ടുകളിൽ തങ്ങിനിന്നിരുന്ന പുഞ്ചിരി മാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. പ്രായേണ അജ്ഞാതവും ഒരു അപ്രധാനവിഭാഗവുമായ സ്റ്റാറൊ—പെത്രോവ്‌സ്‌ക്കിൽ അയാൾ സോഷ്യലിസത്തിന്റെ ഉപപാദ്യങ്ങൾ പ്രയോഗത്തിൽ തെളിയിച്ചുകഴിഞ്ഞിരുന്നു. ഡയഗ്രമുകളും റിപ്പോർട്ടുകളും സുരക്ഷിതമായി അയാളുടെ ബാഗിലുണ്ടായിരുന്നു. അയാളിപ്പോൾ അതെല്ലാം വെളിയിലെടുത്ത് ലെനിന്റെ മുമ്പിൽ നിരത്തിവയ്ക്കും.

വാതിൽ തുറന്ന് ഒരു കെട്ടു കടലാസ്സുമായി സെക്രട്ടറി മടങ്ങിവന്നപ്പോൾ അയാൾ സീററിൽനിന്നും ചാടിയെണീററ് ആകാംക്ഷയോടെ മുമ്പോട്ടാഞ്ഞു നിന്നു.

''നിങ്ങൾക്ക് അകത്തേക്കു പോകാം, സഖാവെ,'' അവർ പറഞ്ഞു. ''പക്ഷെ നിങ്ങൾ വ്ളദീമിർ ഇലിയിച്ചി ന്റെ സമയം ഒരുപാട് എടുക്കരുത്.''

2

തന്റെ ചെറിയ മേശയ്ക്കു പിന്നിൽനിന്നും ലെനിൻ പുഞ്ചിരിച്ചുകൊണ്ടെഴുന്നേററു.

''നിങ്ങൾ ക്ഷീണിച്ചുപോയി, ക്ഷീണിച്ചുപോയി!... നിങ്ങൾക്കു സുഖംതന്നെയല്ലേ, സഖാവ് ക്ലിയാവിൻ!?''

ക്ലിയാവിന്റെ തൊണ്ടയും ചുണ്ടും വരണ്ടുപോയി. ലെനിന് അയാളെ ഓർമ്മിക്കാൻ എങ്ങിനെ കഴിഞ്ഞു? രണ്ടുവർഷം മുമ്പ്, 1919-ൽ, പീപ്പിൾസ് കമ്മിസാർ മാരുടെ കൗൺസിലിലെ ഏതാനും യോഗങ്ങളിൽ അയാൾ സംബന്ധിച്ചിട്ടുണ്ട്. ഒരു പ്രാവശ്യം ലെനിനുമായി സം സാരിച്ചിട്ടുമുണ്ട്. എന്നിട്ട് ലെനിൻ ഇപ്പോഴും അയാളെ ഓർ ക്കുന്നുവെന്നോ?! അല്പം അസ്പഷ്ടമായി ഉച്ചരിച്ച ആ വാക്കു കൾ തന്നോടായിരിക്കുമോ പറഞ്ഞത്? അയാൾ ആ മുറി കുറുകെ കടന്നു. ആ പുഞ്ചിരിക്കുന്ന മുഖവും സ്നേഹമസൃണ മായി അല്പം അടച്ചുപിടിച്ചിരിക്കുന്ന കണ്ണുകളും ഉയർന്നുനി ൽക്കുന്ന വിശാലമായ നെററിത്തടവുമല്ലാതെ മറെറാന്നും അയാൾ കണ്ടില്ല. വിഷമിച്ചു ഉമിനീരിറക്കിക്കൊണ്ട് അയാൾ ഇത്രയും കഷ്ടിച്ചുപറഞ്ഞു:

''വ്ളദീമിർ ഇലിയിച്ച്, താങ്കൾക്കു സൗഖ്യമാണോ!''

''ഇരിക്കു. നിങ്ങളുടെ റിപ്പോർട്ട് കേൾക്കട്ടെ. ദൊ നേററ്സ് തടത്തിൽ എന്തുണ്ട് വിശേഷം?''

ക്ലിയാവിൻ പറയാൻ തയാറായിവന്ന വാക്കുകളൊ ക്കെ കൂട്ടിക്കുഴഞ്ഞുപോയി. രണ്ടു കൈകൾകൊണ്ടും അയാൾ ബാഗ് മുറുകെപ്പിടിച്ചു: കാര്യങ്ങളെല്ലാം അതിനുള്ളിലുണ്ട്, ഇപ്പോൾത്തന്നെ എല്ലാം പുറത്തെടുത്തേക്കാം....

പക്ഷെ ആ നശിച്ച ചെറിയ പൂട്ട് തുറക്കുകയില്ല. ദീർഘമായ നിശ്ശബ്ദതയും തന്റെ അസാധാരണമായ ചാതുര്യക്കുറവുംകൊണ്ടു സഹികെട്ട് അയാൾ സർവ്വശക്തി യുമുപയോഗിച്ച് അതു വലിച്ചുതുറന്നു. ഊക്കോടെ തുറന്ന ബാഗിൽനിന്നും ഒരു കഷണം സോപ്പും പോത്തയും — ഏതു കുളിപ്പുരയിലും കാണാവുന്ന തരത്തിലുള്ളവ — പെട്ടെന്നു പുറത്തേക്കു തെറിച്ചുവീണതു് അയാൾ പരിഭ്രാന്തിയോടെ കണ്ടു. രണ്ടു സാധനങ്ങളും വീണതു് മേശപ്പുറത്തു് ലെനി ന്റെ കടലാസ്സുകൾക്കിടയിലാണ്.

ലെനിൻ ഹൃദയംഗമമായി ചിരിച്ചു. സംഭ്രമം നിമി ത്തം ശരീരമാകെ വിറച്ചുകൊണ്ട് ക്ലിയാവിൻ തന്റെ കീ റിപ്പറിഞ്ഞ ബാഗിലേക്കു തുറിച്ചു നോക്കിക്കൊണ്ടിരുന്നു. ലെനിന്റെ നേരെ നോക്കാൻ അയാൾ ധൈര്യപ്പെട്ടില്ല. ആ നശിച്ച ഗാല്യയുടെ പണിയായിരിക്കും ഇതു്! താ നൊരു കുളിപ്പുരയിൽ പോകണമെന്നതിനെപ്പററി അവൾ ചിലച്ചുകൊണ്ടിരുന്നു. എന്നിട്ടിതാ തന്റെ ബാഗിൽ ഒരു പോത്തയും തിരുകിവച്ചു!

''നിങ്ങളുടെ ആഗമനം ആഘോഷിക്കാൻ ഒരു കുളി നടത്താൻ പോവുകയാണോ?''

''അതെ.''

''ആവികൊണ്ടുള്ള കുളിയാണോ? പക്ഷെ മോ സ്ക്കോവിലെ കുളിപ്പുരകളിൽ ആവിമുറികൾ പ്രവർത്തി ക്കുന്നുണ്ടോ?''

''ഉവ്വ്.''

''നിങ്ങൾ വെറുതെ പറയുകയല്ലേ?''

ചൂരൽക്കസേര ഒരു വശത്തേക്കു തള്ളിമാററിയിട്ട് ലെനിൻ തന്റെ ജാക്കററിന്റെ ബട്ടണുകളഴിച്ച് പുസ്തക ഷെൽഫുകളുടെ മുമ്പിൽക്കൂടി അങ്ങോട്ടുമിങ്ങോട്ടും നടന്നു.

''അതു വളരെ നന്നായി! അപ്പോൾ ബോൾഷെവി ക്കുകൾ അധികാരത്തിലുണ്ടെങ്കിലും ഒരാൾക്ക് ആവികൊ ണ്ടുള്ള കുളി നടത്താം, അല്ലേ?''

അദ്ദേഹം കൈ തിരുമ്മി, നിവർന്നുനിന്നു, എന്നിട്ട് ഒരു പാത്രം ചൂടുവെള്ളം തലയിലൊഴിച്ചാലെന്നപോലെ പതിഞ്ഞ സ്വരത്തിൽ നീട്ടിശബ്ദിച്ചു. തിളങ്ങുന്ന കണ്ണുകളോടെ അദ്ദേഹം വീണ്ടും ചിരിച്ചു. അദ്ദേഹത്തിന്റെ ചെമ്പിച്ച മീശ പുഞ്ചിരിയാൽ വിടർന്ന ആ തടിച്ച ചുണ്ടുകളെ മുഴുവൻ മറച്ചിരുന്നില്ല.

ഒരു മേധാവിയുടെ കരുതിക്കൂട്ടിയുള്ള സന്തോഷമല്ല ആ ചിരിയിൽ പ്രകടമായതു്, തുറന്ന, നിസ്വാർത്ഥമായ ആഹ്ലാദമാണ്. തികച്ചും മനുഷ്യസഹജവും സ്പഷ്ടമായി കാണാവുന്നതുമായ ഒരു വികാരമാണ് അദ്ദേഹത്തെ ബാധിച്ചതു്. തന്നിമിത്തം ക്ലിയാവിൻ കളിക്കാനുള്ള പോത്തയുടെ കാര്യം പാടേ മറന്നുപോയി. അയാളുടെ സംഭ്രമം അപ്രത്യക്ഷമായി. ലെനിന്റെ സാന്നിദ്ധ്യത്തിൽ അയാൾക്കിപ്പോൾ സ്വച്ഛതയും സ്വാതന്ത്ര്യവും അനുഭവപ്പെട്ടു.

പക്ഷെ ലെനിന്റെ മുഖഭാവം മാറി.

''നല്ല ആൾക്കാരാണു നമ്മൾ! സൂര്യനു കീഴിലുള്ള സകലതിനേയും പററി പത്രങ്ങളിലെഴുതും. നാശം പിടിക്കാനായി, കഴമ്പില്ലാത്ത പലതരം പ്രബന്ധങ്ങൾ എഴുതിക്കൂട്ടും. എന്നാൽ കളിപ്പുരകളെപ്പററി എന്തെങ്കിലും എഴുതാൻമാത്രം ചൊടിയുള്ള ആരേയും കണ്ടില്ല.''

അദ്ദേഹം ദേഷ്യപ്പെട്ടുകൊണ്ടു് കൈകൾ പോക്കററിൽ തിരുകി. അദ്ദേഹത്തിന്റെ പുരികങ്ങൾക്കിടയിൽ ചുളിവുകൾ പ്രത്യക്ഷപ്പെട്ടു.

''മോസ്ക്കോവിലെ ഒരു കളിപ്പുരയിൽപ്പോയി ആവികൊണ്ടു നല്ലൊരു കളി നടത്താൻ എനിക്കൊരിക്കലും സാധിക്കുകയില്ലെന്നാണു തോന്നുന്നതു്. അങ്ങേയററം അസുഖകരമായ ഒരു ഉദ്യോഗമാണ് എന്റേതു്....''

തന്റെ മുമ്പിലുള്ള വലിയ കെട്ടു് കടലാസ്സുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് ലെനിൻ നെടുവീർപ്പിട്ടു. അവയോരോന്നിലും ''പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിന്റെ

ചെയർമാൻ'' എന്ന മുദ്രയുണ്ടായിരുന്നു. ലെനിന്റെ കണ്ണിലെ തിളക്കം ക്ലിയാവിൻ കണ്ടു.

താൻ ഇനി വച്ചുതാമസിപ്പിച്ചുകൂടെന്നും ലെനിന്റെ ജോലിസമയത്തിലെ ഓരോ നിമിഷവും വിലയേറിയതാണെന്നും മനസ്സിലാക്കിക്കൊണ്ടു് ക്ലിയാവിൻ റിപ്പോർട്ടാരംഭിച്ചു.

നാലു മെഴുകുതിരികൾ വ്ളദീമിർ ഇലിയിച്ചിന്റെ മേശപ്പുറത്തുണ്ടായിരുന്നു. അവയുടെ കത്തിയെരിഞ്ഞ തിരികൾ തെളിയിച്ചതു് രാജ്യത്തിന്റെ പൊതുസാമ്പത്തികത്തകർച്ച ഈ സ്ഥലത്തേയും സ്പർശിച്ചിട്ടുണ്ടായിരുന്നുവെന്നാണ്. മോസ്ക്കോ പവർസ്റ്റേഷനിലെ സ്റ്റീംടർബൈനുകൾ തിരിയാത്തപ്പോൾ ഇവിടെയും വിളക്കുകളണഞ്ഞിരുന്നുവെന്നാണ്. ലെനിൻ കസേരയിലിരുന്നു. വീണ്ടുമെഴുന്നേററിട്ടു് ക്ലിയാവിന്റെ മുഖം ശരിക്കു കാണാൻവേണ്ടി മെഴുകുതിരികൾ നീക്കിവച്ചു. കളിക്കാനുള്ള പോത്തയെ അദ്ദേഹം സൂത്രത്തിൽ പുസ്തകങ്ങളുടേയും ലഘുലേഖകളുടേയുമിടയിൽ മറച്ചുവെച്ചു. അതു ചെയ്തതിനുശേഷം, പറയുന്നതു കഴിയുന്നത്ര അടുത്തു ശ്രദ്ധിക്കാൻവേണ്ടി അദ്ദേഹം നെഞ്ചു് മേശയിന്മേൽ ചേർത്തു പിടിച്ചുകൊണ്ടു് മുന്നോട്ടാഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഇടത്തുകണ്ണു് ചെറുതായിച്ചെറുതായിവന്നു. പുരികം ഗണ്യമായി ഉയർന്നു. അദ്ദേഹത്തിന്റെ മുഖഭാവം ഏകാഗ്രതയെ വെളിപ്പെടുത്തി. പുഞ്ചിരിയുടെ നേരിയ സൂചന അദ്ദേഹത്തിന്റെ ചുണ്ടുകളിൽ തങ്ങിനിൽപുണ്ടായിരുന്നു. ചിലപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ ക്ലിയാവിന്റെ ഉള്ളിലേക്കു തുളച്ചുകയറുന്ന മാതിരി അയാളുടെമേൽ തറച്ചുനിന്നു.

ക്ലിയാവിനു് അറപ്പെല്ലാം മാറി, തനിക്കും ലെനിനുമിടയ്ക്കുണ്ടായിരുന്ന തടസ്സമെല്ലാം നീങ്ങിയതായി അയാൾക്കു തോന്നി. തന്റെ വിജയകരമാകാത്ത സംരംഭങ്ങളെക്കുറിച്ചും തന്റെ ആശയങ്ങളെക്കുറിച്ചും സംശയങ്ങളെക്കുറിച്ചും അയാൾ അതിവേഗത്തിലും വീറോടെയും സംസാരിച്ചു.

“വ്ളദീമിർ ഇലിയിച്ച്, പുതിയതായി എന്തെങ്കിലും, മുതലാളിത്തരീതികളിലുള്ള നടത്തിപ്പിൽനിന്നും തികച്ചും വ്യത്യസ്തമായ എന്തെങ്കിലും, നാം കണ്ടുപിടിക്കണമെന്നത് സ്വയം സിദ്ധമാണെന്നാണു തോന്നിയിരുന്നത്. പക്ഷെ പെട്ടെന്നെനിക്കു തോന്നി, എന്തിനുവേണ്ടി? അതിന്റെ ആവശ്യമെന്താണ്? എന്തുകൊണ്ട് പീസ്‌വർക്ക് ഏർപ്പെടുത്തിക്കൂടാ, എന്തുകൊണ്ട് മാർക്സ്പോലും എഴുതിയിട്ടുള്ള തരത്തിലുള്ള പ്രാഥമിക പീസ്‌വർക്ക് സമ്പ്രദായം ഏർപ്പെടുത്തുകയും അതു നമ്മുടെ ആവശ്യങ്ങൾക്കനുസൃതമായി ഉപയോഗപ്പെടുത്തുകയും ചെയ്തുകൂടാ?”

“അത്രയ്ക്കെളുപ്പമാണോ? ശരി, കേൾക്കട്ടെ.”

“തുല്യവേതനസമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുടെ ഫാക്ടറി പതിനെണ്ണായിരം പേർക്കു ഭക്ഷണം നൽകിവരികയാണ്. പക്ഷെ, വരട്ടെ, റൊട്ടി മറ്റൊരു വിധത്തിൽ വിതരണം ചെയ്തുകൂടേ എന്നു ഞാനാലോചിച്ചു. തൊഴിലാളിവർഗ്ഗത്തിൽപ്പെടുന്നുവെന്ന കാരണത്താലല്ലാതെ ജോലിയനുസരിച്ച്, ഉല്പാദനക്ഷമതയനുസരിച്ച്, നമുക്കു റൊട്ടി നൽകിക്കൂടേ? ഇതു വിശ്വാസപ്രമാണങ്ങൾക്കു വിരുദ്ധമാണെന്നു ട്രേഡ്‌യൂണിയനിസ്റ്റുകൾ കരുതി. എനിക്ക് അവരുമായി സമരം ചെയ്യേണ്ടി വന്നു. അങ്ങിനെയൊക്കെയായിട്ടും, മാർച്ച് മുതൽ പീസ്റേറ്റടിസ്ഥാനത്തിൽ റൊട്ട വിതരണം ഏർപ്പെടുത്താൻ എനിക്കു കഴിഞ്ഞു. അതിന്റെ ഫലം ഇതാ, വ്ളദീമിർ ഇലിയിച്ച്.”

ക്ലിയാവിൻ ബാഗിൽനിന്നും ഒരു ഡയഗ്രമെടുത്ത് മേശപ്പുറത്തു നിവർത്തിവച്ചു. ആദ്യം അങ്ങു ചുവട്ടിൽ പൊങ്ങിയും താണും നീങ്ങിക്കൊണ്ടിരുന്ന ചുവന്ന വര അതിവേഗം ഉയർന്നു തുടങ്ങി. 1913–ലെ ഖനിത്തൊഴിലാളികളുടെ ശരാശരി ഉല്പാദനക്ഷമതയെ സൂചിപ്പിക്കുന്ന കറുത്ത തിരശ്ചീനവരയേയും കടന്ന് ഒരു നീണ്ട നാക്കുപോലെ അതു മുകളിലേക്കു പൊങ്ങി.

ലെനിന്റെ കണ്ണുകൾ അതിവേഗം ആ വരകളെ പിന്തുടർന്നു. പക്ഷെ അവിടെ രേഖപ്പെടുത്തിയിരുന്ന കണക്കുകളിലും മാർജിനിലെ കുറിപ്പുകളിലും അവ തങ്ങിനിന്നു.

“പക്ഷെ നിങ്ങളെങ്ങിനെയാണ് അവർക്കു വേതനം നൽകുന്നത്? ഒരു ഖനിത്തൊഴിലാളിക്ക് ഉദാഹരണത്തിനു മൂന്നു പൗണ്ട് റൊട്ടി കിട്ടണമെങ്കിൽ ഉല്പാദനക്ഷമത എന്തായിരിക്കണം? നിങ്ങൾ ജോലിനിരക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ?”

“നിരക്കു നിർണ്ണയിക്കാനുള്ള പതിനൊന്നു സമ്മേളനങ്ങൾ ഞാൻ വിളിച്ചുകൂട്ടി. പഴക്കം ചെന്ന തൊഴിലാളികളും ഞാനും ചേർന്നുകൊണ്ട് സംഗതികൾ പല ദിവസവും ചർച്ചചെയ്തു....”

“അങ്ങിനെയാണോ? എന്നിട്ട്?...”

ലെനിൻ കൂടുതൽ കൂടുതൽ ഉന്മേഷവാനായി. നിരക്കു തിട്ടപ്പെടുത്താനുള്ള സമ്മേളനങ്ങൾ സംഘടിപ്പിച്ചതെങ്ങിനെയാണെന്നും അവിടെ നടന്ന തർക്കങ്ങളും എതിർപ്പുകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നുവെന്നും അദ്ദേഹം തിരക്കി. ക്ലിയാവിൻ അതീവസന്തുഷ്ടനായി. താൻ പറഞ്ഞ വിവരങ്ങൾ കുറിക്കുകൊണ്ടെന്നും സ്റ്റാറൊ–പെത്രോവ്സ്ക്കിന്റെ നേട്ടങ്ങളിൽ അവയുടെ എല്ലാ വിശദാംശങ്ങളിലും വ്ളദീമിർ ഇലിയിച്ച് തല്പരനായിരുന്നുവെന്നും അയാൾ കണ്ടു. അയാൾ ഉത്സാഹത്തോടെ സംസാരിച്ചു. സ്വയമറിയാതെതന്നെ തന്റെ സ്വന്തം പ്രവർത്തനങ്ങളെക്കുറിച്ചും സ്വന്തം പങ്കിനെക്കുറിച്ചും താൻ ചെയ്ത കാര്യങ്ങളെക്കുറിച്ചും തന്നെ അലട്ടിക്കൊണ്ടിരുന്ന സംഗതികളെക്കുറിച്ചും അയാൾ പറഞ്ഞു പോയി. ഫാക്ടറിയിലെ ആളുകളുടെ ജീവിതം വിവരിക്കുന്ന വസ്തുതകൾ കിട്ടുന്നതിനുവേണ്ടി അയാളുടെ സംസാരഗതി ലെനിൻ പയ്യെ മറ്റൊരു വഴിക്കു തിരിച്ചു.

“ഈ സമ്പ്രദായം വേണ്ടത്ര എളുപ്പമാണോ? അത് ഓരോ തൊഴിലാളിക്കും മനസ്സിലാകുന്ന തരത്തിലുള്ളതാ

ണോ? നിങ്ങൾ സംഗതികൾ വിഷമകരമാക്കുകയോ കൂട്ടിക്കുഴയ്ക്കുകയോ ചെയ്തിട്ടില്ലേ? പരാതികളെന്തെങ്കിലുമുണ്ടായിട്ടുണ്ടോ?''

ഉല്പാദനക്ഷമത കുറിച്ചിട്ടുള്ള രജിസ്റ്ററും തൊഴിലാളികളുടെ ശമ്പളക്കാർഡുകളും റൊട്ടിക്കൂപ്പണുകളും ക്ലിയാവിൻ പുറത്തെടുത്തു. സീററിൽനിന്നുമെണീററുകൊണ്ടു് അയാൾ അവ ലെനിനു കാണിച്ചുകൊടുത്തു. അവയെല്ലാം പരിശോധിച്ചതിനുശേഷം ലെനിൻ അയാളോടു പുതിയ ചോദ്യങ്ങൾ ചോദിച്ചു. 1921 മേയിൽ, മൂന്നു കൊല്ലത്തെ യുദ്ധകാലകമ്മ്യൂണിസത്തിനുശേഷം പീസ്‌വർക്ക് നിരക്കുകളെന്നതു് സോവിയററ് റിപ്പബ്ലിക്കിനെ സംബന്ധിച്ചിടത്തോളം ഒരു കണ്ടുപിടിത്തമായിരുന്നു.

രേഖകൾ പരിശോധിച്ചതിനുശേഷം ലെനിൻ പുറകോട്ടു ചാരിയിരുന്നു.

''ട്രേഡ്‌യൂണിയൻ കോൺഗ്രസ്സിൽ ചർച്ചചെയ്യേണ്ടിയിരുന്ന ഒരു കാര്യമാണിതു്!'' അദ്ദേഹം പറഞ്ഞു. ''നൂറുകണക്കിനു ദൃഷ്ടാന്തങ്ങളുള്ളതിൽ പഠിക്കുകയും അനുകരിക്കുകയും ചെയ്യാവുന്ന നല്ല ഒരെണ്ണം പോലും കണ്ടെത്താതെ കുറെയേറെയാളുകൾ ഒന്നിച്ചുകൂടി ആറുദിവസം മുഴുവൻ വായിട്ടലച്ചു! സ്താറൊ–പെത്രോവ്‌സ്കു് തൊഴിലാളികൾ ചെയ്തതു നന്നായി! ഞാൻ പറയുന്നു, അതു നന്നായി!''

കൈവിരലുകൾ ഞൊടിച്ചുകൊണ്ടു് അദ്ദേഹം മേശപ്പുറത്തെല്ലാം നോക്കി. അദ്ദേഹത്തിൻെറ കണ്ണുകൾ എന്തോ തിരയുകയായിരുന്നു. ഡയഗ്രം പൊക്കി അതിനടിയിൽനിന്നും അദ്ദേഹം പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൻെറ ചെയർമാനെന്നു മുകളിൽ അച്ചടിച്ചിട്ടുള്ള ലെററർപാഡു് വലിച്ചെടുത്തു. പേനയെടുത്തു് അദ്ദേഹം വലിയ കയ്യക്ഷരത്തിൽ തിരുത്തലിനുവേണ്ടി ഒരു നിമിഷം പോലും നിർത്താതെ അതിവേഗം എഴുതിത്തുടങ്ങി.

ക്ലിയാവിനു മേൽവിലാസം നോക്കാതിരിക്കാൻ കഴിഞ്ഞില്ല. ലെനിനെഴുതുന്ന വരികൾ സ്താറൊ–പെ

ത്രോവ്‌സ്കു് വർക്സിലെ തൊഴിലാളികളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതായിരുന്നു.

കത്തിൽ ഒപ്പിടുകയും മഷി ഒപ്പുകയും ചെയ്തതിനുശേഷം അദ്ദേഹം അതു് പാഡിൽനിന്നും കീറിയെടുത്തു് ക്ലിയാവിനെ ഏല്പിച്ചു.

''ഇതവർക്കു കൊടുക്കൂ....'' അദ്ദേഹം പറഞ്ഞു. ഉടൻ മറെറാരു ചോദ്യം ചോദിക്കുകയും ചെയ്തു: ''ദൊനേററ്‌സ് തടത്തിലെ ഷ്‌തേറൊവ്‌ക വൈദ്യുതനിലയത്തിൽ സംഗതികളെങ്ങിനെയിരിക്കുന്നു?''

ദൊനേററ്‌സ് തടത്തെക്കുറിച്ചു മററുപല ചോദ്യങ്ങളും ചോദിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു:

''നിങ്ങൾ മോസ്‌ക്കോവിൽ അധികം നിൽക്കാതിരിക്കുകയാണു നല്ലതു്, സഖാവ് ക്ലിയാവിൻ. നിങ്ങൾ നിങ്ങളുടെ ഫാക്ടറിയിലേക്കു കഴിയുന്നത്ര വേഗം തിരിച്ചുപോകൂ. ഇനിയങ്ങോട്ടു് വിഷമം പിടിച്ച കാലമാണു വരാൻ പോകുന്നതു്; ഭക്ഷ്യസ്ഥിതി മോശമാണ്....''

സീററിൽനിന്നും എഴുന്നേററു്, ലെനിൻ ക്ലിയാവിൻെറ ആരോഗ്യസ്ഥിതിയെക്കുറിച്ചു തിരക്കി. മോസ്‌ക്കോവിൽ അയാൾക്കു ചെയ്യേണ്ട കാര്യങ്ങൾ ഒതുക്കിത്തീർക്കാൻ ആവശ്യമെങ്കിൽ തൻെറ സെക്രട്ടറി അയാളെ സഹായിക്കുന്നതാണെന്നു് അദ്ദേഹം പറഞ്ഞു.

പോകാൻ നേരമായെന്നു് ക്ലിയാവിനു മനസ്സിലായി, അയാൾ വിടവാങ്ങി.

ആ സമയം ഒരു കെട്ടു് ലഘുലേഖകളുടേയും പുസ്തകങ്ങളുടേയും പിന്നിൽനിന്നു് സോപ്പുകട്ടയും പോത്തയും പുറത്തെടുത്തിട്ടു് ലെനിൻ അവ അയാളെ ഏല്പിച്ചു. അദ്ദേഹത്തിനു് അപ്പോൾ ചിരിയടക്കാൻ കഴിഞ്ഞില്ല.

3

ഏതാനും ദിവസങ്ങൾക്കുശേഷം ക്ലിയാവിൻ സ്താറൊ–പെത്രോവ്‌സ്കിലേക്കു മടങ്ങി. അയാൾ വന്ന ദിവ

സംതന്നെ ലെനിന്റെ കത്ത് തൊഴിലാളിയോഗങ്ങളിൽ വായിച്ചുകേൾപ്പിച്ചു. തന്റെ യാത്രയെക്കുറിച്ചും ലെനിനുമായുള്ള സന്ദർശനത്തെക്കുറിച്ചും ഒരു പ്രത്യേകറിപ്പോർട്ട് ഒരു വിപുലീകൃതപ്രതിനിധിയോഗത്തിൽ നടത്തണമെന്നയാൾ ഉദ്ദേശിച്ചിരുന്നെങ്കിലും അതിനയാൾക്കു കഴിഞ്ഞില്ല.

ഭക്ഷണത്തിന്റെ പ്രശ്നം, റൊട്ടിയുടെ പ്രശ്നം, മുൻവസന്തങ്ങളിലെന്നപോലെ രൂക്ഷമായിത്തീർന്നു. ഒടുവിലയച്ച ഗോതമ്പ് സ്ലാറൊ–പെത്രോവ്സ്കിൽ ഭദ്രമായി എത്തിയില്ല; അവർക്കായി അയച്ചിരുന്ന ഏതാനും ബോഗികൾ അഴിച്ചുമാററി വേറേവഴിക്കു തിരിച്ചുവിട്ടു. ഒരു രാത്രി ക്ലിയാവിൻ തന്റെ ഓർഡർലിയേയും കൂട്ടിക്കൊണ്ട് ഗുബേർനിയയുടെ കേന്ദ്രമായ ബഹ്മൂത്തിലേക്ക് നാല്പതു കിലോമീററർ കുതിരസ്സവാരിചെയ്തു.

അക്കൊല്ലം കുറച്ചു വിളക്കുകളേ ദൊനേററ്സ് തടത്തിൽ കാണ്മാനുണ്ടായിരുന്നുള്ളു. പകുതിവഴി ചെന്നപ്പോൾ ഗോർലൊവ്ക്ക എന്ന പട്ടണം അയാൾ കണ്ടു, അഥവാ, കുറേക്കൂടി ശരിയായി പറയുകയാണെങ്കിൽ, ദശാബ്ദങ്ങളായി കിട്ട കുമിഞ്ഞുകൂടിക്കിടന്നുണ്ടായ കൂററൻ കുന്നുകളിൽ എരിഞ്ഞുകൊണ്ടിരുന്ന ഗന്ധകം മിന്നുന്നതു കണ്ടിട്ട് അത് ആ പട്ടണമാണെന്ന് അയാൾ ഊഹിച്ചു.

സൂര്യൻ ഉദിച്ചപ്പോഴേക്കും അയാൾ ബഹ്മൂത്തിൽ പ്രവേശിച്ചു.

നേരം കുറച്ചേ ആയിരുന്നുള്ളുവെങ്കിൽക്കൂടി പട്ടാളസപ്ലൈഡിപ്പോ സ്ഥാപിച്ചിരുന്ന (മുമ്പതൊരു പെൺപള്ളിക്കൂടമായിരുന്നു) കെട്ടിടത്തിനു ചുററും ഒരു നാട്ടുമ്പുറത്തെ മേളയിലെന്നപോലെ വണ്ടികളും സവാരിക്കുതിരകളും നിറഞ്ഞിരുന്നു. വാതുക്കൽ ഒരു കാവൽക്കാരൻ നിന്നിരുന്നു. കതകു തുറക്കുമ്പോഴെല്ലാം അകത്തുനിന്നും ഉച്ചത്തിലുള്ള ക്ഷോഭിച്ച ശബ്ദങ്ങൾ കേൾക്കാമായിരുന്നു. വണ്ടികളിലും തറയിലുമായി ആളുകൾ ഗാഢമായി ഉറങ്ങിക്കിടന്നിരുന്നു.

ചിലർ അവിടെ കാത്തുകെട്ടിക്കിടപ്പായിട്ട് ദിവസങ്ങൾ തന്നെയായിരുന്നു.

കാവൽക്കാരനെ പാസ്സു കാണിച്ചിട്ട് ക്ലിയാവിൻ കെട്ടിടത്തിനുള്ളിൽ കടന്നു. അപ്പപ്പോഴുള്ള എല്ലാ പ്രശ്നങ്ങളും സാധാരണ കൈകാര്യം ചെയ്തിരുന്ന അസിസ്റ്റന്റ് ചീഫ് അവിടുണ്ടായിരുന്നില്ല. ഉഗ്രഭാവത്തിൽ കാത്തുനിന്നിരുന്ന ഫാക്ടറി ഡയറക്ടർമാരുടേയും സപ്ലൈ ഏജന്റന്മാരുടേയും ഫാക്ടറികളിലേയും ഖനികളിലേയും കമ്മിററി ചെയർമാൻമാരുടേയും വരികൾകൊണ്ട് ഇടനാഴികളും സന്ദർശകമുറിയും നിറഞ്ഞിരുന്നു. ഡിപ്പോചീഫായ യെപ്പിഫാനൊവ് കമ്പിമുറിയിൽ ടെലഗ്രാഫ്യന്ത്രത്തിന്റെയടുത്ത് ഇരിക്കുകയായിരുന്നു. ആ മുറിയിലേക്കു കടക്കാൻ കാവൽക്കാരൻ ആരേയും അനുവദിച്ചില്ല.

തന്റെ രേഖകൾ കാണിച്ചുകൊണ്ട് അതിനകത്തു കടക്കാൻ ക്ലിയാവിൻ ഒരു ശ്രമം നടത്തിയെങ്കിലും കാവൽക്കാരൻ അയാളെ ദൃഢമായി പുറകോട്ടു തള്ളിമാററി.

''ദൈവമേ! ലെനിന്റെ ഒരെഴുത്തുണ്ട് എന്റെ കയ്യിൽ!'' അയാൾ സഹികെട്ട് വിളിച്ചുപറഞ്ഞു.

അയാൾ തന്റെ പേഴ്സിൽനിന്നും കത്തു വലിച്ചെടുത്തു തുറന്നുകാണിച്ചു. പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിന്റെ ചെയർമാന്റെ മുദ്ര കാവൽക്കാരൻ കണ്ടു. അയാൾ അല്പനേരം ശങ്കിച്ചുനിന്നു. ആ സമയം നോക്കി ക്ലിയാവിൻ വാതിലിനുള്ളിൽ കടക്കുകയും ചെയ്തു.

സാവധാനത്തിൽ ടേപ്പ് തള്ളിവിട്ടുകൊണ്ട് ടെലഗ്രാഫ്യന്ത്രം ആ മുറിയിൽ വിരസമായി ശബ്ദിച്ചുകൊണ്ടിരുന്നു. യെപ്പിഫാനൊവ് ഉറക്കമില്ലായ്മകൊണ്ടു തീക്ഷ്ണമായിരുന്ന കണ്ണുകളുയർത്തിനോക്കി.

''കടക്കു പുറത്ത്!'' അയാൾ ദേഷ്യത്തിൽ പറഞ്ഞു. ''ഞാൻ നിങ്ങളോടു സംസാരിക്കുകയില്ല! എന്റെ അസിസ്റ്റന്റ് നോക്കിക്കൊള്ളും കാര്യങ്ങളെല്ലാം, സകല കാര്യവും.''

നല്ല ഉയരവും വിശാലമായ ചുമലുമുണ്ടായിരുന്ന അയാൾ ക്ലിയാവിന്റെ അടുത്തേക്കു നടന്നുവന്നു. കാലിനിടയിൽപ്പെട്ട അന്തമില്ലാത്ത ടെലഗ്രാഫ് ടേപ്പ് വലിച്ചിഴച്ചുകൊണ്ടാണയാൾ വന്നത്. ജനലിൽക്കൂടി സൂര്യൻ പ്രകാശിക്കുന്നുണ്ടായിരുന്നെങ്കിലും ആ യന്ത്രത്തിനുമുകളിൽ ഒരു വൈദ്യുതവിളക്ക് കത്തിക്കൊണ്ടിരുന്നു. കാരണം, രാവും പകലും അവർ തിരിച്ചറിഞ്ഞിട്ടു നാളേറെയായിരുന്നു.

ക്ലിയാവിൻ അപേക്ഷാഭാവത്തിൽ ലെനിന്റെ കത്ത് അയാൾക്കു നീട്ടി. യെപ്പിഫാനൊവ് അതു വാങ്ങി വായിച്ചു. ഉടൻ സൗമ്യനായി.

''കാര്യങ്ങൾ മോശമാണ്, സഖാവ് ക്ലിയാവിൻ. ഇതിലും മോശമാകാനാണു പോകുന്നതും. പക്ഷെ ഞാനെന്തു ചെയ്യാനാണ്?''

ലെനിന്റെ അംഗീകാരം സിദ്ധിച്ച ഒരു പദ്ധതി കൈവെടിയാൻ നിവൃത്തിയില്ലെന്നും സ്താറൊ—പെത്രേവ്സ്ക്കിനെ പ്രത്യേകമായി പരിഗണിക്കേണ്ടതാണെന്നും അവിടെക്കൊണ്ടുചെല്ലുന്ന ഓരോ ചാക്കു ഗോതമ്പും തുല്യവേതനസമ്പ്രദായത്തിലല്ല യഥാർത്ഥത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കൽക്കരിക്കും ഇരുമ്പിനുമനുസരിച്ചായിരിക്കും വിതരണം ചെയ്യപ്പെടുകയെന്നും ക്ലിയാവിൻ വിശദമാക്കി. ഇടയ്ക്കിടെ ടെലഗ്രാഫ് യന്ത്രത്തിന്റെ അടുത്തേക്കു പോകേണ്ടിവന്നെങ്കിലും യെപ്പിഫാനൊവ് അപ്പറഞ്ഞതു ഗാഢമായി ശ്രദ്ധിച്ചു. കട്ടിയും ഉറപ്പുമുള്ള തന്റെ താടി ഉദ്വേഗത്തോടെ ചലിപ്പിച്ചുകൊണ്ട് അയാൾ വിവിധ സ്റ്റേഷനുകളുമായി സമ്പർക്കം വച്ചു, ദൊനേററ്സ് തടത്തിലേക്കു പോകുന്ന ഓരോ തീവണ്ടിയെക്കുറിച്ചും ഭക്ഷ്യസാധനങ്ങളുമായിപ്പോകുന്ന ഓരോ ബോഗിയെക്കുറിച്ചും അയാൾ വിവരമറിഞ്ഞുകൊണ്ടിരുന്നു. ചരക്കു കയററുന്ന പല സ്റ്റേഷനുകളേയും വിളിച്ച് ഗൗരവരൂപത്തിൽ ഖണ്ഡിതമായ നിർദ്ദേശങ്ങൾ നൽകി. ക്ലിയാവിന്റെ നേരേ തിരിഞ്ഞ് അയാൾ പറഞ്ഞു:

''ധാന്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു യാതൊന്നും വാഗ്ദാനം ചെയ്യാനാവില്ല. ഇരുമ്പുഫാക്ടറികളിലേക്കുള്ള സപ്ലൈ നാലിലൊന്നായി വെട്ടിക്കുറച്ചിരിക്കുകയാണ്. ഖാർക്കൊവിലുള്ള നിങ്ങളുടെ മേലധികാരികളാണ് അവയ്ക്കിടയിലുള്ള വിതരണം പ്ലാൻ ചെയ്തത്. ഞങ്ങൾക്ക് ഒരുപക്ഷേ അതുപോലും നിറവേററാൻ കഴിഞ്ഞെന്നുവരില്ല. എന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ കൂടുതലായി എനിക്കയയ്ക്കാൻ കഴിയുന്നത് ഏതാനും ബോഗികൾനിറയെ പിണ്ണാക്കും ഒരു പക്ഷേ....'' യെപ്പിഫാനൊവ് ഒരു നിമിഷം പുഞ്ചിരിച്ചു. ''ശരി, ലെനിനുവേണ്ടി ഞാൻ നിങ്ങൾക്ക് ഒരു ബോഗിനിറയെ ചോളം കൂടി തരാം.''

അതു പോരെന്ന് ക്ലിയാവിൻ വീറോടെ വാദിച്ചു. അവസാനം ഒരു ബോഗി, ഒരു അരബോഗി ചോളം കൂടി അയാൾക്കു കിട്ടി.

യെപ്പിഫാനൊവ് ബോഗികളുടെ നമ്പറുകൾ കുറിച്ചു. സെക്രട്ടറിയെ വിളിച്ച് ആവശ്യമായ കടലാസ്സുകൾ തയ്യാറാക്കാൻ പറഞ്ഞു. എന്നിട്ട്, ഉക്രേയിനിലെ ജനകീയഭക്ഷ്യ കമ്മിസാറായ വ്ളദീമിറൊവിനെ കാണാൻ ക്ലിയാവിനെ ഉപദേശിച്ചു.

''അദ്ദേഹവും നിങ്ങൾക്ക് എന്തെങ്കിലും തന്നേക്കും....''

''അദ്ദേഹം എവിടെയാണ്?''

''ഇപ്പോൾ വൊൽനൊവാഹ സ്റ്റേഷനിലുണ്ട്. നാളെ എവിടെയായിരിക്കുമെന്നു ആർക്കുമറിഞ്ഞുകൂടാ.''

ബഹ്മൂത്തിൽനിന്ന് ക്ലിയാവിൻ നേരെ ഖാർക്കൊവിലുള്ള ഘനവ്യവസായകേന്ദ്രബോർഡിന്റെ ആഫീസിലേക്കു തിരിച്ചു. ഫാക്ടറികളിൽ ഭക്ഷണം നല്കേണ്ട ആളുകളുടെ എണ്ണമനുസരിച്ച് വിതരണപദ്ധതിയിൽ മാററം വരുത്തേണ്ടതാണെന്ന് അവിടെ അയാൾ വാദിച്ചെങ്കിലും യാതൊന്നും നേടിയില്ല. ഒരു വലിയ വഴക്കിനുശേഷം സ്ഥലം വിട്ടു. ആ വഴക്കിനിടക്ക് ചെയർമാനെ ''ദരിദ്രഗൃഹങ്ങ

ളുടെ സൂക്ഷിപ്പുകാരനായ മഹാൻ'' എന്നു വിളിക്കുകയും ചെയ്തു. എന്നാൽ അയാളുടെ സൗകര്യാർത്ഥം ഒരു ഫാക്ടറി എഞ്ചിൻ ഖാർക്കൊവിലേക്കു് അയച്ചുകൊടുത്തതുകൊണ്ടു് ഒരു സ്പെഷ്യൽ ട്രെയിനിൽ ഉക്രേയിനിലെ റെയിൽവേകളിലെല്ലാം ചുററിത്തിരിഞ്ഞുകൊണ്ടിരുന്ന ഭക്ഷ്യകമ്മിസാറിന്റെ പിന്നാലെ ചെല്ലാൻ അയാൾക്കു കഴിഞ്ഞു. ഈ യാത്രകൊണ്ടും അയാൾ ചിലതെല്ലാം നേടി, ഏതാനും വാഗ്ദത്തങ്ങളും കിട്ടി. പക്ഷെ സ്റ്റാറൊ—പെത്രോവ്സ്കു് ഫാക്ടറിയിലെ ആയിരക്കണക്കിനാളുകൾക്കു് അതു് പരിതാപകരമാംവണ്ണം അപര്യാപ്തമായിരുന്നു.

ഫാക്ടറിയിൽ മടങ്ങിയെത്തിയതിനുശേഷം ക്ലിയാവിൻ പാർട്ടിസംഘടനയുടെ ബ്യൂറോയുമായി ആലോചിക്കുകയും വൈകിട്ടു് ഫാക്ടറിക്കമ്മിററിയോഗത്തിൽ ഭക്ഷ്യസ്ഥിതിയെക്കുറിച്ചു് ഒരു റിപ്പോർട്ടു് അവതരിപ്പിക്കുകയും ചെയ്തു. പതിഞ്ഞ സ്വരത്തിൽ അയാളുച്ചരിച്ച വാക്കുകൾ ഷോപ്പ് ചെയർമാൻമാർ — പാർട്ടിയിൽപ്പെടാത്ത പ്രായം ചെന്ന തൊഴിലാളികളായിരുന്നു അവരിൽ മിക്കവരും— ഗൗരവത്തോടെ ശ്രദ്ധിച്ചു. കാരണം, ഗുരുതരമായ ഭക്ഷ്യസ്ഥിതിയെക്കുറിച്ചും തനിക്കു നേരിടേണ്ടിവന്ന വൈഷമ്യങ്ങളെക്കുറിച്ചും അയാൾ വിവരിക്കുകയായിരുന്നു, തനിക്കൊരു ബോഗി നിറയെ ഭക്ഷ്യസാമഗ്രികൾ സമ്പാദിക്കാൻ കഴിഞ്ഞെന്നു പറയുകയായിരുന്നു. ഉറക്കെ ചിന്തിക്കുന്നവണ്ണം അയാൾ താഴോട്ടു നോക്കിക്കൊണ്ടു് തന്റെ കണക്കുകൂട്ടലുകൾ നടത്തി. ഫാക്ടറിക്കു കൽക്കരി നൽകുക, പ്രതിദിനം 800 ടൺ കൽക്കരി പുറത്തേക്കെടുക്കുക — ഇതാണു പ്രധാനസംഗതി. അതു് ഫലം നിർണ്ണയിക്കും. ക്ലിപ്തപ്പെടുത്താത്ത പീസ്‌വർക്കിന്റെ അടിസ്ഥാനത്തിൽ ഓരോ ഷിഫ്റ്റിലുമുള്ള ഖനിത്തൊഴിലാളികൾക്കും രണ്ടോ മൂന്നോ പൗണ്ടു് റൊട്ടി സമ്പാദിക്കാൻ കഴിയേണ്ടതാണു്. മററു തൊഴിലുകളിലും ജോലികളിലും ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി മിച്ചമെന്തു

കാണും? വേഗമൊന്നു കണക്കുകൂട്ടിനോക്കിയപ്പോൾ കണ്ടതു് ഒരാൾക്കു് ഒരു ദിവസം കാൽ പൗണ്ടു് റൊട്ടിവീതം കിട്ടുമെന്നാണു്. അടുത്ത വിളയെടുപ്പുവരെ അതുകൊണ്ടു് എങ്ങിനെയെങ്കിലും തൃപ്തിപ്പെടേണ്ടിയിരിക്കുന്നു.

ചിന്തയിൽ മുഴുകി ക്ലിയാവിൻ കസേരയിലിരുന്നു. മുറി എത്ര നിശ്ശബ്ദമായിരിക്കുന്നുവെന്നു പെട്ടെന്നയാൾ കണ്ടു. തലയുയർത്തി നോക്കി. തൊഴിലാളികളിൽ ആരും ഒന്നും പറഞ്ഞില്ല. റൊദിവോൻ നികീതിനാണു് തൊട്ടടുത്തു് ഇരുന്നിരുന്നതു്. ചൂളയിൽ പണിയെടുക്കുന്ന ഒരു കുററൻ മീശക്കാരൻ. അയാളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നതു ക്ലിയാവിൻ കണ്ടു! നികീതിനു് ഒരു വലിയ കുടുംബമുണ്ടായിരുന്നു. ക്ലിയാവിനു് അക്കാര്യമറിയാമായിരുന്നു. ആ കുററൻ മനുഷ്യൻ തന്റെ കണ്ണുനീർ തുടച്ചുകളഞ്ഞു. അതിലൊരു തുള്ളിപോലും ചൂളയുടെ അക്ഷയമായ ചൂടുകൊണ്ടു് തുകൽപ്രായമായ അയാളുടെ കവിളുകളിൽക്കൂടി ഒഴുകാൻ അയാൾ അനുവദിച്ചില്ല.

ക്ലിയാവിൻ മററു മുഖങ്ങളിലേക്കു നോക്കി. എല്ലാവരും നിശ്ചലരായിരുന്നു. നിശ്ശബ്ദത ആരും ഭഞ്ജിച്ചില്ല.

വിപ്ലവത്തിന്റെ വർഷങ്ങളിൽ പലതും സഹിച്ചിട്ടുള്ളതാണയാൾ. കസാനിലെ പ്രതിവിപ്ലവകലാപവും വാഴ്സായിൽനിന്നുള്ള പിൻവാങ്ങലും അയാൾ കണ്ടിട്ടുണ്ടു്; തന്റെ സ്നേഹിതരും സഖാക്കളും മരിച്ചുവീഴുന്നതു് അയാൾ കണ്ടിട്ടുണ്ടു്.... എന്നാൽ ഈ നിശ്ശബ്ദനിമിഷങ്ങൾ, ഉതിർന്നുവീഴാത്ത ഈ കണ്ണുനീർ, കേവലമായ ഈ നിശ്ചലത— അതായിരുന്നു ഏററവും അസഹനീയം. അവരൊന്നു പ്രതിഷേധിക്കുകയോ ശപിക്കുകയോ ആക്രോശിക്കുകയോ ചെയ്തിരുന്നെങ്കിൽ അയാൾക്കു കുറെ സമാധാനമായേനെ.

ഉള്ളിടത്തോളം ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്ലാൻ അല്പനേരത്തെ ചർച്ചയ്ക്കുശേഷം ഫാക്ടറിക്കമ്മിററി അംഗീകരിച്ചു.

4

പക്ഷെ ദിവസങ്ങൾ കഴിയുന്തോറും വൈഷമ്യങ്ങൾ വർദ്ധിച്ചുവന്നു. ദൊനേററ്സ് തടം കണ്ടിട്ടുള്ളതിൽവച്ചു് ഏററവും മോശപ്പെട്ട മാസമായിരുന്നു 1921 ജൂലൈ. അവിടത്തെ ഖനികളിൽനിന്നു് മേയിൽ 384,000 ടണ്ണും ജൂണിൽ 288,000 ടണ്ണും ജൂലായിൽ 144,000 ടണ്ണും കൽക്കരിയാണു പുറത്തെടുത്തതു്. ഖനികളിലെ വെള്ളം പമ്പു് ചെയ്തുകളയാൻ പോലും അതു മതിയായിരുന്നില്ല.

ഏററവും വലിയ ഖനികളിൽ വെള്ളം കെട്ടിക്കിടന്നു. ജില്ലകൾ മുഴുവനും അങ്ങിനെതന്നെ നിർജ്ജീവമായിക്കിടക്കുകയാണെന്നു തോന്നി. സാധാരണയായി അനേകദിവസങ്ങളിലേക്കുള്ള കൽക്കരി സ്റ്റേഷനുകളിൽ നേരത്തേ തന്നെ ശേഖരിച്ചുവയ്ക്കുകയായിരുന്നു പതിവു്. എന്നാൽ ദിവസങ്ങൾ പോയിട്ടു് ഏതാനും മണിക്കൂർ നേരത്തേക്കുള്ള സ്റ്റോക്കാണു് ഇപ്പോഴുണ്ടായിരുന്നതു്. ഖനികളുടെ മേൽക്കൂരകൾ താങ്ങിനിർത്താനുള്ള തൂണുകൾ സാരീററ്സിനിൽനിന്നു വന്നുകൊണ്ടിരുന്നതു് നിന്നു. കോക്കസസ്സിൽനിന്നുള്ള റെയിൽവേ ഗതാഗതം മിക്കവാറും നിലച്ചു. കുബാനിൽനിന്നും ഗോതമ്പു കൊണ്ടുവരുന്ന എഞ്ചിനുകൾക്കു് പലപ്പോഴും കൽക്കരിയില്ലാതെവന്നു.

സമാധാനസ്ഥാപനത്തിനുശേഷമുള്ള സോവിയററ് റിപ്പബ്ലിക്കിന്റെ ആദ്യവർഷത്തിൽ പ്രവർത്തനം തുടങ്ങിയ മക്കേയെവ്ക്കയിലേയും യൂസൊവ്ക്കയിലേയും ചൂളകൾ അടച്ചുപൂട്ടി. മുഴുവൻ ദൊനേററ്സ് തടത്തിലുംകൂടി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരേയൊരു ചൂള സ്താറൊ—പെത്രോവ്സ്ക്കിലേതായിരുന്നു.

ചുട്ടുവരണ്ട വേനൽ കെടുതി മൂർഛിപ്പിച്ചു. ചുട്ടുപൊള്ളുന്ന കരിനിറത്തിലുള്ള പൊടിപടലങ്ങളെ ആ സ്റ്റെപ്പി പ്രദേശം മുഴുവൻ പറത്തിക്കൊണ്ടു് ചുടുകാററു് വിരാമമില്ലാതെ

വീശിക്കൊണ്ടിരുന്നു. എല്ലും തൊലിയുമായിത്തീർന്ന കുതിരകൾ ഖനികളിൽ തളർന്നുവീണു. അവയ്ക്കു കൊടുക്കാൻ തീററിയുണ്ടായിരുന്നില്ല. പുൽപ്രദേശങ്ങൾ വെയിലേററു കരിഞ്ഞുപോയിരുന്നു. നാട്ടുമ്പുറങ്ങളിൽ പുരമേഞ്ഞിരുന്ന വയ്ക്കോൽ കൂരകളിൽനിന്നും എടുത്തുകളയേണ്ടിവന്നു. നേരമിരുട്ടിയതിനുശേഷം ഖനികളിൽനിന്നും പുറത്തു കൊണ്ടുവന്ന തൊലിമാത്രമവശേഷിച്ച കുതിരകൾ കണ്ണുകാണാൻ വയ്യാതെ ഉണങ്ങിവരണ്ട കൂർത്ത പുല്ലു് കടിച്ചുമുറിച്ചു. പിറേറന്നു രാവിലെ അവയെ വീണ്ടും ഖനികളിലേക്കിറക്കി. പഴയ കാലത്തു് ദൊനേററ്സ് തടത്തിലുണ്ടായിരുന്ന ചെറിയ കൂട്ടിൽ ഒരു കുതിരയെ കഷ്ടിച്ചു തള്ളിക്കയററാനേ കഴിഞ്ഞിരുന്നുള്ളു. അതിന്റെ കാലുകൾ കൂട്ടിക്കെട്ടേണ്ടിവന്നിരുന്നു. കാരണം ഒരു കൽക്കരിവണ്ടിയിലേക്കു് അതിനെ ബലമായി തള്ളിയിടുകയും അവിടുന്നു്, അതു കാലിട്ടടിക്കുകയും ശരീരം വിറപ്പിക്കുകയും ചെയ്യുന്നതിനിടയ്ക്കു്, കൂട്ടിലേക്കു് ഉരുട്ടിക്കയററുകയുമാണു ചെയ്തുകൊണ്ടിരുന്നതു്.

സ്താറൊ—പെത്രോവ്സ്ക്കിനും ബഹ്മൂത്തിനുമിടയ്ക്കു യാത്രചെയ്തുകൊണ്ടാണു് ക്ലിയാവിൻ മിക്കവാറും ഈ മൂന്നു മാസം മുഴുവനും ചെലവഴിച്ചതു്. കുററിക്കാടുകളെക്കൊണ്ടും ഇടതൂർന്നുനിന്നിരുന്ന വൃക്ഷങ്ങളെക്കൊണ്ടും നിബിഡമായിരുന്ന ഇടുക്കുകളിൽ പതുങ്ങിയിരുന്നിരുന്ന കവർച്ചസംഘങ്ങളുടെ എണ്ണം ആ വേനലിൽ വർദ്ധിച്ചു. ക്ലിയാവിൻ സദാസമയവും റിവോൾവർ കൊണ്ടാണു നടന്നിരുന്നതു്. രാത്രിസഞ്ചാരത്തിനിടയ്ക്കു രണ്ടു തവണ അവരുമായി വെടി കൈമാറുകയും ചെയ്തു. ഒരു വണ്ടി ധാന്യമോ പയറോ പിണ്ണാക്കോ പഴകിയ കുറേ ഉണക്കമീനോ മൂന്നോ നാലോ വീപ്പ കൊഴുപ്പോ അധികം കിട്ടുന്നതിലാണു് അയാൾ തന്റെ ബുദ്ധിശക്തിയും കഴിവും മുഴുവൻ വിനിയോഗിച്ചതു്.

ഇതെല്ലാമായിട്ടും തൊഴിലാളികൾക്ക് റൊട്ടിയോട് സാദൃശ്യമുള്ള എന്തെങ്കിലും കാൽ റാത്തൽപോലും കിട്ടാതിരുന്ന ദിവസങ്ങളുമുണ്ടായിരുന്നു.

അങ്ങിനെയുള്ള ഒരു ദിവസമാണ് അയാൾക്ക പെട്ടെന്നൊരു ടെലിഫോൺ വന്നതു്. ചൂളവിഭാഗത്തിലെ പാർട്ടി സംഘടന അയാൾ അങ്ങോട്ടു ചെല്ലണമെന്നാവശ്യപ്പെട്ടു.

''എന്താ സംഗതി?''

''വന്നു കാണൂ!'' പാർട്ടി സെക്രട്ടറി തിടുക്കത്തിൽ പറഞ്ഞു. ''മറ്റെന്തു ജോലിയും നിർത്തിവെച്ചിട്ട് ഉടൻ വരണം!''

പല പടികളും ഒരുമിച്ചു ചാടിക്കടന്നുകൊണ്ട് ക്ലിയാവിൻ രണ്ടാം നിലയിൽനിന്നും താഴത്തേക്കോടി. ആടിക്കൊണ്ടിരുന്ന റിവോൾവറിന്റെ ഉറ ഒരു കയ്യാൽ മുറുകിപ്പിടിച്ചുകൊണ്ട് അയാൾ ആവുന്നത്ര വേഗത്തിൽ ഫാക്ടറിയിലേക്കോടി. ആ വായുവിൽത്തന്നെ, ജൂലൈ മാസത്തിലെ ആ വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽത്തന്നെ, അശുഭസൂചകമായ എന്തോ തങ്ങിനിന്നിരുന്നു. സംഭവിച്ചതെന്താണെന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽ അയാൾക്ക മനസ്സിലായി. ചെവി വട്ടം പിടിച്ചുകൊണ്ട് അയാൾ നിന്നു. ചൂളയുടെ മുഴക്കം കേൾക്കുന്നില്ലല്ലോ! മോട്ടോറിന്റെ മൂളലുമില്ല! ഫാക്ടറിയുടെ പ്രവർത്തനം നിന്നിരുന്നു. പല്ലുകടിച്ചുകൊണ്ട് ക്ലിയാവിൻ ഞരങ്ങി. എന്നിട്ട് അങ്ങോട്ടു പാഞ്ഞു.

ഫൗൺഡ്രിവളപ്പിൽ കൂടിയിരുന്ന വലിയ ആൾക്കൂട്ടം ദൂരെനിന്നുതന്നെ അയാൾക്ക കാണാമായിരുന്നു. ഉച്ചത്തിലുള്ള വിളികളെല്ലാം ചേർന്ന് ഒരു അലർച്ചയായി മാറിക്കൊണ്ടിരുന്നു. ഒരാൾ മുകളിലേക്ക കയറി പ്രസംഗിക്കാൻ തുടങ്ങിയെങ്കിലും അയാൾ താഴോട്ടു പിടിച്ചുവലിക്കപ്പെട്ടു.

ചൂളയുടെ കല്ലുകൊണ്ടുള്ള അടിത്തറയിന്മേലും അടുപ്പുകളുടെ കറുത്ത ഇരുമ്പുപട്ടകൊണ്ടുണ്ടാക്കിയ വശത്തും, ബോയിലറുകളുടെ പുറത്തും ചൂളപ്പുരയുടെ ചുമരിന്മേലും, താഴെയും മുകളിലും, എവിടെ നോക്കിയാലും അയാൾ കണ്ടതു് ചോക്കകൊണ്ടു വലിയ അക്ഷരത്തിലെഴുതിയിട്ടുള്ള ഈ വാക്കാണ്: റൊട്ടി! റൊട്ടി! റൊട്ടി!

പാർട്ടി സെക്രട്ടറി ഗ്ളൂഷ്ക്കോ മറുവശത്തുനിന്നും ഓടിവരുന്നതു ക്ലിയാവിൻ കണ്ടു. വിളറി വെളുത്ത മുഖവുമായി ഗ്ളൂഷ്ക്കോ ആൾക്കൂട്ടത്തിനിടയിലേക്ക തിക്കിക്കയറി. മുൻപ്രാസംഗികനെ പിടിച്ചിറക്കിയ സ്ഥലത്തെത്താനായിരുന്നു അയാളുടെ ശ്രമം. ക്ലിയാവിനും തിക്കിത്തിരക്കി അങ്ങോട്ടേക്കുതന്നെ നീങ്ങി. തോൾകൊണ്ടു ഇരുവശത്തേക്കും തള്ളിനീക്കി, റിവോൾവർ മുറുകെപ്പിടിച്ചുകൊണ്ട്, പുറത്തും പള്ളയ്ക്കുമെല്ലാം ആളുകളുടെ ദേഷ്യത്തിലുള്ള തള്ളുകൊണ്ട്, അയാൾ മുന്നോട്ടേക്ക നീങ്ങി.

കമഴ്ത്തിയിട്ട ഒരു കൈവണ്ടിയുടെ ഇരുമ്പുകൊണ്ടുള്ള അടിപ്പലകയിൽ ഗ്ളൂഷ്ക്കോ ആദ്യം കയറി. ക്ലിയാവിൻ അയാൾക്ക പിന്നാലെ ചാടിക്കയറി. ഫാക്ടറിയിലെ പാർട്ടിയംഗങ്ങളിൽ ഏതാനും പേർ അവിടെ എത്തിക്കഴിഞ്ഞിരുന്നു; ശേഷിച്ചവർ അതിനുള്ള ശ്രമമായിരുന്നു. ക്ലിയാവിന് അയാളുടെ തൊപ്പി നഷ്ടപ്പെട്ടു. തവിട്ടുനിറത്തിലുള്ള അയാളുടെ കോട്ടിന്റെ ബട്ടനെല്ലാം അഴിഞ്ഞുപോയിരുന്നു. അയാളുടെ കോളർ തുറന്നുകിടന്നിരുന്നു. അയാളുടെ മുഷിഞ്ഞ അടിക്കുപ്പായവും നഗ്നമായ നെഞ്ചും വെളിയിൽ കാണാമായിരുന്നു.

ക്ഷമനശിച്ച ആയിരക്കണക്കിനുവരുന്ന ജനക്കൂട്ടം എല്ലാ വശത്തുനിന്നും തള്ളിയടുത്തു. സംഘർഷം പാരമ്യത്തിലെത്തിയ നിമിഷം — ഒരിക്കലും നിർണ്ണയിക്കാനൊക്കാത്ത ഒന്നാണിതു് — ഇതിനകം കടന്നുപൊയ്ക്കഴിഞ്ഞിരുന്നു.

ഖനിയിലെ കരി പുരണ്ട കറുത്ത വികൃതമുഖങ്ങളിലേക്ക ക്ലിയാവിൻ നോക്കി. അയാൾ തിരിയുന്നിടത്തെല്ലാം കണ്ടതു്

അവരുടെ കണ്ണുകളിലെ വെള്ള കോപത്തോടെ തിളങ്ങുന്നതാണ്. തൊഴിലാളികൾ കീറിപ്പറിഞ്ഞ വേഷത്തിലായിരുന്നു. ക്യാൻവാസ്കൊണ്ടു തന്നെത്താനുണ്ടാക്കിയ തൊപ്പികളാണ് അവരിൽ ചിലർ ധരിച്ചിരുന്നത്.

ഗ്ളുഷ്ക്കോ കയ്യുയർത്തി വിപ്ലവതൊഴിലാളിവർഗ്ഗത്തിന്റെ കടമയെക്കുറിച്ച് ഉച്ചത്തിൽ വിളിച്ചുപറയാൻ തുടങ്ങി. പക്ഷെ അയാളെ സംസാരിക്കാൻ അനുവദിക്കാനുള്ള ഒരു മനോഭാവമല്ല ആൾക്കൂട്ടത്തിനുണ്ടായിരുന്നത്. കമഴ്ത്തിയിട്ട കൈവണ്ടിയുടെ സമീപത്തേക്ക് ആളുകളടുത്തു. കരിപുരണ്ട രണ്ടു കൈകൾ ഗ്ളുഷ്ക്കോവിന്റെ ഷർട്ടിൽ കയറിപ്പിടിച്ചു അയാളെ താഴോട്ടു വലിച്ചിടാൻ ശ്രമിച്ചു.

ആ നിമിഷത്തിലാണ് ക്ലിയാവിൻ അക്ഷന്തവ്യമായ ഒരു തെററു ചെയ്തതു് — അയാൾ പ്രത്യേകിച്ചാലോചിക്കാതെ യാന്ത്രികമായി റിവോൾവർ വലിച്ചെടുത്തു. ജനക്കൂട്ടത്തിൽനിന്നും വലിയൊരു അട്ടഹാസമുയർന്നു. ഭീമാകായനായ ഒരു തൊഴിലാളി ഗ്ളുഷ്ക്കോയെ തള്ളിമാററിക്കൊണ്ട് കൈവണ്ടിയുടെ പുറത്തേക്കു ചാടിക്കയറി. തന്റെ നെഞ്ചിൽനിന്നും ദേഷ്യത്തിൽ ഷർട്ടു വലിച്ചുകീറിമാററിയിട്ട് അയാൾ അലറി:

''വയ്യ് വെടി! സഹിക്കാവുന്നതു മുഴുവൻ ഞാൻ സഹിച്ചു! കൊല്ലടാ എന്നെ!''

ക്ലിയാവിൻ അയാളെ തിരിച്ചറിഞ്ഞു. ഫാക്ടറിക്കമ്മിററിയോഗത്തിൽവച്ച് കരച്ചിലിന്റെ വക്കത്തെത്തിയ ചൂളത്തൊഴിലാളി റൊദിവോൻ നികീതിനായിരുന്നു അയാൾ. പെട്ടെന്ന് ക്ലിയാവിനു സകല ആശയും നശിച്ചു. അയാൾ തളർന്നു. എന്തിനും തുനിഞ്ഞിറങ്ങിയിട്ടുള്ള ഈ ആൾക്കൂട്ടത്തിന്റെ ശ്രദ്ധ നേടാൻ അയാൾക്കെങ്ങിനെ കഴിയും? അയാൾ പിന്നിലേക്കു നോക്കി. ചൂള മൂകമായി നിൽക്കുന്നുണ്ടായിരുന്നു അവിടെ. വിപ്ലവത്തിന്റെ നാലു വർഷത്തിനിടയ്ക്ക് ഒരിക്കൽപ്പോലും അതിന്റെ പ്രവർത്തനം നിലച്ചിരുന്നില്ല. എന്നാൽ നാളെ അതു് തണുത്തു നിർജ്ജീവമാകും.

തന്റെ കറുത്തുററ നഗ്നമായ മാറിടം കാട്ടിക്കൊണ്ട് ആ ചൂളത്തൊഴിലാളി ക്ലിയാവിന്റെ നേരേ അടുത്തു. അയാളുടെ തുറന്ന വായുടെ രണ്ടററത്തും നുരയും പതയും പുറത്തുവന്നു. ഭയങ്കരമായ എന്തോ സംഭവിക്കാൻ പോകുന്നുവെന്നു ക്ലിയാവിനു തോന്നി. പെട്ടെന്നയാൾക്ക് ഒരു ബുദ്ധി തോന്നി. വശത്തെ പോക്കററിൽനിന്നും പേഴ്സ് വലിച്ചെടുത്ത് കർക്കശസ്വരത്തിൽ അയാൾ ചോദിച്ചു:

''ലെനിന്റെ കത്ത് മറന്നുപോയോ നിങ്ങൾ?''

ആ വിലയേറിയ കടലാസ്സുതുണ്ട് അയാളുടെ വിരലുകൾ വലിച്ചെടുത്തു. എന്നിട്ട് നികീതിന്റെ കയ്യിനുള്ളിലേക്ക് അമർത്തി വച്ചുകൊടുത്തു. അയാളതു വിശ്വസിക്കാൻ വയ്യാതെ കയ്യിലെടുത്തു നിവർത്തി, ഒപ്പു കണ്ടു. അയാളുടെ കൈകൾ വിറച്ചു. ലെനിന്റെ വരികൾ ഉറക്കെ വായിക്കാൻ തുടങ്ങിയപ്പോൾ അയാളുടെ മുഖം പ്രസന്നമായി.

ആ കമഴ്ത്തിയിട്ട കൈവണ്ടിയുടെ പുറത്തു നടന്നതെന്താണെന്ന് ആൾക്കൂട്ടത്തിൽ മിക്കവർക്കും മനസ്സിലായില്ലെങ്കിലും അവരുടെ ബഹളം ക്രമേണ നിന്നു. പ്രവർത്തനം നിലച്ച ആ ഫാക്ടറിയുടെ ശോകപൂർണ്ണമായ നിശ്ശബ്ദതയിൽ ലെനിന്റെ വാക്കുകൾ എല്ലായിടത്തും മുഴങ്ങി. ആ വാക്കുകൾ സകലരുടേയും ശ്രദ്ധ പിടിച്ചുനിർത്തി. എന്നെന്നേക്കുമല്ലെങ്കിലും വളരെയേറെക്കാലത്തേക്ക് അവ ഓരോരുത്തരുടേയും സ്മരണയിൽ ആണ്ടിറങ്ങി.

''...തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി അസഹനീയമാംവണ്ണം ക്ലേശകരമാണ്.... ആളുകൾ ഭയങ്കരമായി കഷ്ടപ്പെടുകയാണ്.... ഇത്ര വമ്പിച്ചതും ഇത്ര വേദനാജനകവുമായ കഷ്ടതകൾ തൊഴിലാളിവർഗ്ഗത്തിന് അവരുടെ സർവ്വാധിപത്യത്തിന്റെ കാലഘട്ടത്തിലെപ്പോലെ ഒരിക്കലും സഹിക്കേണ്ടിവന്നിട്ടില്ല....''

ലോകത്തിലേക്കു വച്ച് ഏററവും ദുഷ്ക്കരമായ കാര്യം ചെയ്യാനുള്ള കഴിവ് വ്ളദീമിർ ഇലിയിച്ചിനുണ്ടായിരുന്നു. സത്യം അകൃത്രിമമായും ലളിതമായും പറയുകയെന്നതു്. തുളച്ചുകയറുന്നതും തുറന്നതുമായ ഈ സത്യമാണ് സകലരേയും വിസ്മയിപ്പിക്കുകയും ആകർഷിക്കുകയും ചെയ്തതു്.

''ഒരു ഭഗീരഥപ്രയത്നം കൂടി നടത്തുകയല്ലാതെ, മനുഷ്യരാശിയുടെ ചരിത്രത്തിൽവച്ച് ഏററവും വിപ്ലവകരവും ഏററവും ധീരോദാത്തവുമായ വർഗ്ഗമായ തൊഴിലാളിവർഗ്ഗമൊഴിച്ച മററാർക്കും ഒരിക്കലും നടത്താൻ സാദ്ധ്യമല്ലാത്ത ഒരു ശ്രമം കൂടി നടത്തുകയല്ലാതെ, മററു പോംവഴിയൊന്നുമില്ല....''

അവസാനത്തെ വരി വായിച്ചുകഴിഞ്ഞതിനുശേഷം നികീതിൻ കൈകൊണ്ടു നെററി തുടച്ചു. ചുററും നോക്കിയിട്ട് ശാന്തമായി ചോദിച്ചു:

''സഖാക്കളേ, എന്താണ് നിങ്ങളുടെ അഭിപ്രായം?''

അയാറം പുറകോട്ടു തള്ളിമാററപ്പെട്ടു. ലെനിന്റെ കൈപ്പട കാണാൻ, ആ കടലാസ്സ് സ്വന്തം കൈകൊണ്ടു തൊടാൻ, എല്ലാവരും മുന്നോട്ടു നീങ്ങി. നികീതിൻ അതാരുടെയോ കയ്യിൽക്കൊടുത്തു; അതു വീണ്ടും വായിക്കപ്പെട്ടു. ആൾക്കൂട്ടത്തിനിടയിൽക്കൂടി അതു കൈമാറിക്കൊണ്ടിരുന്നു.

ക്ലീയാവിനു് ആ കത്തു മടക്കിക്കിട്ടിയിട്ടേയില്ല, അന്നേക്കുശേഷം അയാളതു കണ്ടിട്ടുമില്ല. അതു് അലിഞ്ഞുപോയെന്നാണ്, അതാർക്കുവേണ്ടിയാണോ എഴുതപ്പെട്ടതു് അവർക്കിടയിൽ അതു ലയിച്ചുചേർന്നുവെന്നാണ്, തോന്നിയതു്. അങ്ങടിയിൽ, ഖനിയിൽ, അതുറക്കെ വായിച്ചുവെന്നു പിന്നീടു പറഞ്ഞുകേട്ടു. പക്ഷെ അതവസാനം ആരുടെ കൈവശമായിരുന്നു, അതവസാനം കണ്ടതാരാണ്, എന്നു് ഇനിയും ആർക്കുമറിഞ്ഞുകൂടാ.

പ്രത്യക്ഷത്തിൽ ആ കത്തു് എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ കഥമാത്രം അവശേഷിക്കുന്നു.

സ്റ്റാറൊ—പെത്രോവ്സ്ക്കിലെ ചൂളയുടെ പ്രവർത്തനം നിലച്ചില്ലെന്നു പറയേണ്ട ആവശ്യമില്ലല്ലൊ. അടുത്ത വിളവെടുപ്പുവരെ, 1921—ലെ വേനൽക്കാലം മുഴവൻ തെക്കൻ പ്രദേശത്തു കത്തിക്കൊണ്ടിരുന്ന ഒരേയൊരു ചൂള അതായിരുന്നു.

ഡൊനേററ്സ് തടത്തിലെ പ്രായംചെന്ന തൊഴിലാളികറംക്കിടയിൽ ഇന്നും പറയുന്ന ഒരു ഐതിഹ്യമാണിതു്.

പക്ഷെ യഥാർത്ഥത്തിൽ അതൊരു ഐതിഹ്യമാണോ?

ക്രെംലിനിലുള്ള രലനിൻെറ പഠനമുറി

ക്രെംലിനിലുള്ള ലെനിൻെറ വസതിയിലെ ഒരു മുറി

സമാധാനത്തിനും ജനതകളുടെ സാഹോദര്യത്തിനുംവേണ്ടി ജീവനർപ്പിച്ചവർക്കുവേണ്ടി ഒരു സ്മാരകത്തകിട് റെഡ് സ്ക്വയറിൽ ക്രെംലിൻഭിത്തിയിന്മേൽ അനാച്ഛാദനം ചെയ്ത അവസരത്തിൽ ലെനിനും സ്വെർദ്ലോവും. മോസ്കോ, നവംബർ 7, 1918

എസ്സ്. അന്തോനൊവ്

സോവിയററ് സാഹിത്യവുമായി കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി ബന്ധമുള്ള ഒരാളാണ് സെർഗേയ് ഫ്യോദൊറൊവിച്ച് അന്തോനൊവ്. ''വിദൂരസഞ്ചാരി'', ''നിർണ്ണായകമായകാൽവയ്പ്'' എന്നീ കുട്ടിക്കഥകളും ലെനിനെക്കുറിച്ചുള്ള കഥാസമാഹാരങ്ങളായ ''നാമിഷ്ടപ്പെടുന്ന മനുഷ്യൻ'', ''നമുക്കെല്ലാവർക്കും വേണ്ടി'', ''ക്രെംലിനിലെത്തിയ നിവേദകൻ'' എന്നിവയും ഈയടുത്ത വർഷങ്ങളിൽ അദ്ദേഹം എഴുതിയിട്ടുണ്ട്.

ക്രെംലിനിലെത്തിയ നിവേദകൻ

കൈ രണ്ടും പോക്കററിൽ തിരുകിക്കൊണ്ടു് ലെനിൻ ജനലിന്നരികെ നിന്നു. രണ്ടു ജനലുകളോടും ആർച്ചുവച്ച മച്ചോടും കൂടിയ ആ പഠനമുറിയിൽ തണുപ്പും ഈർപ്പവുമുണ്ടായിരുന്നു. ശൈത്യകാലത്തിൻെറ ഈ അവസാനത്തെ ആഴ്ചകഠം പ്രത്യേകിച്ചും ക്രൂരമായിരുന്നു.

വെടിയുണ്ടയേററ പാടുകളോടുകൂടിയ ആയുധപ്പുര വ്ളദീമിർ ഇലിയിച്ചിനു് അവിടെനിന്നു കാണാമായിരുന്നു. കൂററൻ പരുന്തിനേയും വഹിച്ചുകൊണ്ടു് ചാരവർണ്ണത്തിലുള്ള ആകാശത്തിനെതിരെ സ്പഷ്ടമായി ഉയർന്നുനിന്നിരുന്ന ത്രോയിററ്സ്ക്കയ ഗോപുരം സവാരിപരിശീലനസ്കൂളിൽ നിന്നും നോക്കുമ്പോഴത്തെപ്പോലെ ഉയരമുള്ളതായി തോന്നിയില്ല. ക്രെംലിൻ ഭിത്തിയുടെ ഒരു ഭാഗവും ബാരക്സു് കെട്ടിടവും കൂടി അദ്ദേഹത്തിനു കാണാമായിരുന്നു. അവിടവിടെ ദ്വാരങ്ങളുണ്ടാക്കിക്കൊണ്ടു് ഉരുളൻകല്ലുകഠം വീണുറച്ച മൈതാനത്തിൻെറ വക്കത്തു് വണ്ണം കുറഞ്ഞ വിളക്കുകാലുകഠം പുൽക്കൊടികഠംപോലെ അററം വളഞ്ഞു് ആയുധപ്പുരക്കരികിലായി നിക്കോൽസ്ക്കയ ഗോപുരം വരെ നിരന്നുനിന്നിരുന്നു.

ത്രോയിററ്സ്ക്കയ ഗോപുരത്തിലേക്കും ആയുധപ്പുരയിലേക്കുമുള്ള വഴികളിലും നാലുപുറവും വിളക്കുകാലുകളുണ്ടായിരുന്ന മൈതാനത്തും ആളുകഠം നടന്നു് ചെളിപിടിച്ചിരുന്ന മഞ്ഞു കിടപ്പുണ്ടായിരുന്നു. നല്ല വൃത്തിയായും കേക്കിൻെറ മുകളിലുള്ള ഐസിംഗ് പോലെയും മഞ്ഞു കിടന്നിരുന്നതു് മേൽക്കൂരകളിലും ക്രെംലിൻ ഭിത്തിയുടെ മുകളിലും മാത്രമാണു്.

ക്രെംലിൻ ഭിത്തിക്കു പുറത്തു് കല്ലുകൊണ്ടു പണിത വീടുകഠം ഉറഞ്ഞ മഞ്ഞിൻെറ പിടിയിലമർന്നുകിടന്നിരുന്നു. റുമ്യാൻററ്സെവ് മ്യൂസിയത്തിനും ഗ്രന്ഥശാലയ്ക്കുമപ്പുറത്തുള്ള പുകക്കുഴലുകഠം ലെനിനു കഷ്ടിച്ചു തിരിച്ചറിയാൻ കഴിഞ്ഞു.

പക്ഷെ അവിടെനിന്നെങ്ങും ലേശംപോലും പുക വമിക്കുന്നുണ്ടായിരുന്നില്ല. കാരണം വിറകില്ലായിരുന്നു.

ശൈത്യകാലം മോസ്കോയെ കഠിനമായി ദ്രോഹിച്ചു. ആഭ്യന്തരയുദ്ധം നിമിത്തം പീഡയനുഭവിക്കുകയും ചോര വാർന്നുകൊണ്ടിരിക്കുകയും ചെയ്തിരുന്ന രാജ്യത്തിനു് അതിന്റെ വൈരികളായ പട്ടിണിക്കും നാശത്തിനും പുറമേ മറ്റൊന്നുകൂടി നേരിടേണ്ടിവന്നു—കൊടുംമഞ്ഞു്.

റൈഫസ് രോഗം കൊടുമ്പിരിക്കൊണ്ടിരുന്നു.

ലെനിൻ ദീർഘമായി നിശ്വസിച്ചു. പെട്ടെന്നു് വലത്തുകൈ പോക്കററിൽനിന്നും പുറത്തെടുത്തു് അദ്ദേഹം മേശയ്ക്കരികിലിരുന്നു.

അദ്ദേഹം കയ്യിലെടുത്ത സാധാരണ പേന ഒരു സ്റ്റാമ്പ് കുട്ടിയുടേതാകാമായിരുന്നു. മുഴമിപ്പിക്കാത്തതും ചുരുക്കിയെഴുതപ്പെട്ടതുമായ, വായിക്കാൻ പ്രയാസമായ വാക്കുകൾ കുത്തിക്കുറിച്ചുകൊണ്ടു് അതു് അതിവേഗം കടലാസ്സിൽക്കൂടി ചരിച്ചു. അദ്ദേഹത്തിന്റെ ചിന്തകൾ ആ പേനയിലും വേഗത്തിൽ ഗമിച്ചുകൊണ്ടിരുന്നു. പക്ഷെ അവയ്ക്കു പിന്നാലെ തന്നെ അദ്ദേഹത്തിന്റെ എഴുത്തും നീങ്ങി: ''ബാലഗൃഹങ്ങളിൽ വിറകു കൊടുത്തോ എന്നു നോക്കണം. ഇല്ലെങ്കിൽ അതു കൊടുക്കുമെന്നതിനു് ഉറപ്പുവരുത്തണം.... ലോഹവ്യവസായത്തിലെ തൊഴിലാളികൾക്കുള്ള പഞ്ചസാരയുടേയും സക്കാറിനിന്റേയും റേഷൻ വർദ്ധിപ്പിക്കണം.... വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പീപ്പിൾസ് കമ്മിസാറിയററ് നാട്ടുമ്പുറത്തേക്കുള്ള പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതു താമസിപ്പിച്ചിരിക്കുന്നു. ലുനച്ചാർസ്ക്കിയോടു സംസാരിക്കേണ്ടിയിരിക്കുന്നു, അയാളെ ശകാരിക്കേണ്ടിയിരിക്കുന്നു.... ഡിക്രി സഖാക്കൾക്കു മനസ്സിലാക്കിക്കൊടുക്കുകയും അതു സ്ഥിരപ്പെടുത്തുകയും വേണം.... കാമിനിവിനു് ഒരു കുറിപ്പെഴുതണം.... അവർ വെളിയിൽനിന്നു സഹായം വാഗ്ദാനം ചെയ്യുന്നു.... നമ്മൾ തനിച്ചു് കാര്യങ്ങൾ നേടുമോ ഇല്ലയോ?''

അദ്ദേഹത്തിന്റെ പേനത്തുമ്പു് ഒരു നിമിഷനേരത്തേക്കു ചലിക്കാതെ നിന്നു.

വെള്ള മെഴുകുശീലയടിച്ച, സമ്മേളനഹാളിലേക്കുള്ള കതകു് അല്പം തുറന്നു് അദ്ദേഹത്തിന്റെ സെക്രട്ടറി മുറിക്കുള്ളിലേക്കു് എത്തിനോക്കി.

''വ്ളദീമിർ ഇലിയിച്ച്!''അയാൾ പതുക്കെ വിളിച്ചു.

പക്ഷെ ലെനിൻ മറുപടി പറഞ്ഞില്ല. ചിന്തകളിൽ മുഴുകിയിരിക്കുകയായിരുന്നു അദ്ദേഹം.

''വ്ളദീമിർ ഇലിയിച്ച്!''

''എന്താ കാര്യം?'' പുതിയൊരു കടലാസ്സെടുത്തുകൊണ്ടു് അദ്ദേഹം തലയുയർത്തി നോക്കി.

''സഖാവ് കോർഷുനൊവ് ഇവിടെയുണ്ടു്. അദ്ദേഹം അങ്ങയെ കാണാനാഗ്രഹിക്കുന്നു.''

''ശരി.''

സെക്രട്ടറി പോയി, വ്ളദീമിർ ഇലിയിച്ച് എഴുത്തു തുടർന്നു. സെർഗേയ് സെർഗേയെവിച്ച് കാമിനിവിനുള്ള കുറിപ്പു് പൂർത്തിയാക്കാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം. തന്റെ ഒരു പഴയ പരിചയക്കാരനായ ശാസ്ത്രജ്ഞന്റെ പൊക്കം കുറഞ്ഞ മെലിഞ്ഞ രൂപം വാതുക്കൽ പ്രത്യക്ഷപ്പെട്ടയുടൻ അദ്ദേഹം എഴുത്തു നിർത്തി. ലെനിൻ തന്നെക്കാണാൻ എഴുന്നേററപ്പോൾ സന്ദർശകനിൽ സംഭ്രമവും ലജ്ജയും കാണപ്പെട്ടു.

''വരൂ, ലിയൊനീദ് അലെക്സേയെവിച്ച്, അകത്തേക്കു വരൂ!'' വ്ളദീമിർ ഇലിയിച്ച് അദ്ദേഹത്തെ മാർദ്ദവമുള്ള ഒരു ചാരുകസേരയിൽ ഇരിക്കാൻ ക്ഷണിച്ചു. ''ഇരിക്കൂ....''

ലിയൊനീദ് അലെക്സേയെവിച്ച് കോർഷുനൊവ് വേഗം കസേരയിൽ ചെന്നിരുന്നു. ലെനിന്റെ മേശയ്ക്കു് സമകോണായി കിടന്നിരുന്ന മറെറാരു മേശയുടെ കീഴിൽ തന്റെ കാലുകളൊളിച്ചു. താൻ വളരെപ്പെട്ടെന്നു ഇരുപ്പുറപ്പിച്ചു

വെന്നുകരുതി ആ ശാസ്ത്രജ്ഞൻ ആകെക്കൂടി കുഴങ്ങുകയും കൂടുതൽ ബേജാറാവുകയും ചെയ്തു. എന്നാൽ ലെനിൻ ചൂരൽക്കസേരയിൽ വീണ്ടും ഉപവിഷ്ടനാകുന്നതു കണ്ടു് അദ്ദേഹം തൻെറ മനസ്സാന്നിദ്ധ്യം വീണ്ടെടുത്തു് ലെനിൻെറ നേരെ മുഖം തിരിച്ചു.

''എന്തെല്ലാമാണു വിശേഷം, ലിയൊനീദ് അലെക്സേയെവിച്ച്?'' ലെനിൻ ചോദിച്ചു. ''എന്തെങ്കിലും പരാതിയുണ്ടോ?''

''ഒന്നുമില്ല. എനിക്കു പരാതിക്കു കാരണമൊന്നുമില്ല.''

''അതു നന്നായി, കാലം വിഷമം പിടിച്ചതാണു്, ലിയൊനീദ് അലെക്സേയെവിച്ച്. പക്ഷെ നാമിതൊക്കെ സഹിക്കണം.''

ഒരു കുററം ചെയ്യുകയാണെന്ന മട്ടിൽ ചുമച്ചുകൊണ്ടു് കോർഷുനൊവ് പറഞ്ഞു:

''സൈബീരിയയിലേക്കുള്ള പര്യടനം സംബന്ധിച്ചാണു ഞാൻ വന്നിരിക്കുന്നതു്, വ്ളദീമിർ ഇലിയിച്ച്. 1908 ജൂൺ 30—ാംനു- നടന്ന സംഭവത്തെക്കുറിച്ചു് അങ്ങു കേട്ടുകാണുമെന്നു തീർച്ചയാണു്. ശാസ്ത്രലോകത്തിനു് അസാമാന്യമാംവണ്ണം താല്പര്യമുളവാക്കുന്ന ഒരു സംഭവമാണതു്. സാദ്ധ്യത വച്ചുനോക്കിയാലും ഒരുപക്ഷേ പ്രാധാന്യം വച്ചുനോക്കിയാലും അനന്യസാധാരണമായ ഒരപൂർവ്വസംഭവമായിരുന്നു അതു്. സൈബീരിയൻ തൈഗായിൽ ഒരു ഉൽക്കാപിണ്ഡം വന്നുവീണു.'' കോർഷുനൊവ് തലയുയർത്തി നോക്കിയപ്പോൾ ലെനിൻ ബദ്ധശ്രദ്ധനായി താൻ പറയുന്നതു കേൾക്കുകയാണെന്നു മനസ്സിലായി.

ഉൽക്കാപിണ്ഡത്തെക്കുറിച്ചെല്ലാം ലെനിനു് അറിയാമെന്നും തൻെറ ചിന്തകളേയും പദ്ധതികളേയും കുറിച്ചും ലെനിനറിയാമെന്നും തൻെറ വിശദീകരണം കൊണ്ടു് വളരെ ജോലിത്തിരക്കുള്ള ഒരാളിൻെറ വിലയേറിയ സമയം പാഴാക്കുകമാത്രമാണു താൻ ചെയ്യുന്നതെന്നും ആ ശാസ്ത്രജ്ഞനു

തോന്നി. അതുകൊണ്ടു് സംസാരം തുടർന്നപ്പോൾ അദ്ദേഹത്തിൻെറ ശബ്ദമിടറി.

''ആ ഉൽക്കാപിണ്ഡം.... പക്ഷെ അങ്ങേക്കു് അതേപ്പററിയെല്ലാം അറിയാമെന്നു എനിക്കു തീർച്ചയുണ്ടു്....''

''നിങ്ങൾ അങ്ങിനെ തീർച്ചയാക്കണ്ട,'' ലെനിൻ പറഞ്ഞു. ''ഒരു ഉൽക്കാപിണ്ഡം എവിടെയോ വീണെന്നു് എനിക്കറിയാം. അത്രയേയുള്ള ലിയൊനീദ് അലെക്സേയെവിച്ച്. ശേഷം പറയൂ....''

ആ ശാസ്ത്രജ്ഞൻെറയടുക്കലേക്കു കുനിഞ്ഞിട്ടു് അദ്ദേഹം ഒരു പുഞ്ചിരിയോടെ രഹസ്യമായി പറഞ്ഞു:

''അതു വീണ വർഷം കൂടി ഞാൻ മറന്നു.''

കോർഷുനൊവും പുഞ്ചിരിച്ചു.

''ഇതൊരു വിചിത്രമായ സംഗതിയാണു്,'' ലെനിൻ കാര്യഗൗരവത്തോടെ തുടർന്നു. ''പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൻെറ ചെയർമാനും പീപ്പിൾസ് കമ്മിസാർമാർക്കും സർവ്വതുമറിയാമെന്നാണു് പലരുടേയും വിചാരം! അപകടകരമായ അബദ്ധമാണതു്! സത്യത്തിൽ വളരെക്കുറച്ചേ, ലജ്ജാകരമാംവിധം വളരെക്കുറച്ചേ, ഞങ്ങൾക്കറിയൂ! നിങ്ങളോടു് എത്രയധികം പ്രാവശ്യം ഞങ്ങൾ സംസാരിക്കുന്നോ അത്രയും കൂടുതൽ നല്ലതാണു്. പറഞ്ഞുവന്നതു് തുടരൂ, ലിയൊനീദ് അലെക്സേയെവിച്ച്, ഇഷ്ടം പോലെ സമയവുമെടുത്തുകൊള്ളൂ.''

ഉത്സാഹഭരിതനായി കോർഷുനൊവ് സംസാരം തുടർന്നു. ലെനിനെ അറിയിക്കണമെന്നു കുറേ നാളായി താൻ വിചാരിക്കുന്ന, തനിക്കു തോന്നിയ ഒരാശയം, അദ്ദേഹം വിവരിച്ചു.

''നമുക്കറിയാവുന്നതിൽവച്ചു് ഏററവും വലിയ ഉല്കാപിണ്ഡത്തിനു് മുപ്പത്താററരടൺ ഭാരമാണുള്ളതെന്നും അതു കഴിഞ്ഞാൽപ്പിന്നെ ഏററവും വലിയ, മെക്സിക്കൻ ഉല്കാപിണ്ഡമെന്നു പറയപ്പെടുന്നതിൻെറ ഭാരം ഇരുപത്തേഴ ടണ്ണാ

ണ്ടെന്നുമുള്ള സംഗതി ഓർക്കുമ്പോൾ, സൈബീരിയൻ ഉല്ക്കാപിണ്ഡം അതിന്റെ എല്ലാ മുൻഗാമികളേയും നിഷ്പ്രഭമാക്കിക്കാണുമെന്നാണു് എനിക്കു തോന്നുന്നതു്. ആ ഉല്ക്കാപിണ്ഡം വീണതെവിടെയാണെന്നു കൃത്യമായി നമുക്കറിയാൻ പാടില്ലെന്നതാണു കുഴപ്പം.''

''നിങ്ങൾക്കതു കണ്ടുപിടിക്കണം, അല്ലേ?'' കോർഷുനൊവ് സംസാരം നിർത്തിയപ്പോൾ ലെനിൻ ചോദിച്ചു.

''ശരിയാണു്, വളരെ ശരിയാണു്. ആ ഉല്ക്കാപിണ്ഡം കണ്ടുപിടിക്കണമെന്നാണു് എന്റെ ആഗ്രഹം.'' അദ്ദേഹം ഉടൻതന്നെ കൂട്ടിച്ചേർത്തു: ''ഉല്ക്കാപിണ്ഡങ്ങളല്ല ഇപ്പോൾ മുഖ്യസംഗതിയെന്നു് എനിക്കറിയാം... പക്ഷെ കുറച്ചുമാത്രമേ, വളരെക്കുറച്ചുമാത്രമേ ഞാൻ ചോദിക്കുന്നുള്ളു. എന്നെ വേദനിപ്പിക്കുന്നതെന്താണെന്നുവച്ചാൽ നമ്മുടെ റഷ്യൻ ഉല്ക്കാപിണ്ഡത്തെക്കുറിച്ചു പഠിക്കാനായി വെളിയിൽ സംഘങ്ങൾ രൂപീകരിക്കപ്പെടുമ്പോൾ നമ്മൾ....''

''ഇല്ലയില്ല!'' ലെനിൻ ഇടയ്ക്കുകയറിപ്പറഞ്ഞു. ''വെളിയിലുള്ള ആർക്കും ഇതിൽ യാതൊരു കാര്യവുമില്ല. അവർ ആ വിചാരം ഉപേക്ഷിക്കുകയാണു നല്ലതു്. നിങ്ങളുടെ പര്യടനത്തിനു് എന്താണു വേണ്ടതു്?''

''ഞാനൊരു ഏകദേശക്കണക്കു തയ്യാറാക്കിയിട്ടുണ്ടു്.'' ഭംഗിയായി മടക്കിവച്ചിരുന്ന ചില കടലാസ്സുകൾ മുൻവശത്തെ പോക്കററിൽനിന്നും കോർഷുനൊവ് പുറത്തെടുത്തു. ''ന്യായമായതുമാത്രം ചോദിക്കാൻ ഞാൻ പരമാവധി ശ്രമിച്ചിട്ടുണ്ടു്, വ്ളദീമിർ ഇലിയിച്ച്....''

വേണ്ട സാധനങ്ങളുടെ ലിസ്റ്റ് ലെനിൻ നോക്കി. അതു നോക്കുന്തോറും അദ്ദേഹത്തിന്റെ ഗൗരവം വർദ്ധിച്ചു. കടലാസ്സുകൾ മേശപ്പുറത്തു വച്ചിട്ടു് അദ്ദേഹം ഇടതുകൈകൊണ്ടു് അവയിലെ ചുളിവുകൾ നിവർത്തി. എന്നിട്ടു് ഗൗരവവും വിഷാദവും (കോർഷുനൊവിനു് അങ്ങിനെയാണു തോന്നിയതു്) കലർന്ന മുഖഭാവത്തോടെ ആ ശാസ്ത്രജ്ഞനെ നോക്കി.

അദ്ദേഹം സാവധാനത്തിൽ കണ്ണുകളുയർത്തി. സംശയിച്ചുകൊണ്ടു് ഇതുകൂടിപ്പറഞ്ഞു:

''...ഒരുപക്ഷേ എനിക്കു് ഈ ലിസ്റ്റ് അല്പം ചുരുക്കാൻ കഴിഞ്ഞേക്കും. റൊട്ടിയിൽ കുറവുവരുത്താൻ കഴിഞ്ഞേക്കും.... ഉപകരണങ്ങളെ സംബന്ധിച്ചാണെങ്കിൽ.... ഒരു തിയോഡലൈററ് കുറച്ചുകൊണ്ടു കഴിക്കാമെന്നു തോന്നുന്നു. അതൊഴിച്ചാൽ ഞങ്ങൾ....''

പക്ഷെ ലെനിൻ ആ ശാസ്ത്രജ്ഞനെ നോക്കുകയല്ലായിരുന്നു: മുറിയുടെ അങ്ങു ദൂരെയുള്ള മൂലയിലാണു് അദ്ദേഹം കണ്ണുകൾ ഉറപ്പിച്ചിരുന്നതു്. തന്റെ സന്ദർശകന്റെ കാര്യം അദ്ദേഹം മറന്നുപോയതുപോലെ തോന്നി.

''ഒരു തിയോഡലൈററ് കുറച്ചുകൊണ്ടു കഴിക്കാമെന്നു തോന്നുന്നു...'' ആ വാക്കുകൾ ആവർത്തിച്ചുകൊണ്ടു് അദ്ദേഹം തന്റെ ചെറുതാക്കിയ കണ്ണുകൾ കോർഷുനൊവിന്റെ നേരെ തിരിച്ചു. പെട്ടെന്നു്, കോപവും ആശ്ചര്യവും വന്നിട്ടെന്നപോലെ, ചൂരൽക്കസേര പുറകോട്ടു തള്ളിനീക്കിക്കൊണ്ടു് അദ്ദേഹം എഴുന്നേററു. കടലാസ്സുകളുടെ പുറത്തു് ഒരു നിമിഷം വിരലുകൾകൊണ്ടു താളംപിടിച്ചു. എന്നിട്ടു് മേശയ്ക്കു പിന്നിൽനിന്നും പുറത്തേക്കു വന്നു.

കോർഷുനൊവിനെ നോക്കാതെ, കൈകൾ പോക്കററിൽ തിരുകി. അശ്രദ്ധമായി ജനലിലേക്കു നോക്കി. മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി.

''നിങ്ങൾ അങ്ങു ദൂരെ തൈഗായിലായിരിക്കും.'' യഥാർത്ഥസ്ഥിതിഗതികൾ ശാസ്ത്രജ്ഞനെ കാണിച്ചുകൊടുക്കാൻ ശ്രമിക്കുന്നതുപോലെ ഖണ്ഡിതമായും ഉറപ്പിച്ചുമാണു് അദ്ദേഹം സംസാരിച്ചതു്. ''ആയിരക്കണക്കിനു മൈൽ ദൂരത്തിൽ വൃക്ഷങ്ങൾ ഇടതൂർന്നു നിൽക്കുന്ന കാടുകൾ. കുത്തിയൊലിച്ചൊഴുകുന്ന നദികൾ, വന്യമൃഗങ്ങൾ. ഒരൊററ റോഡുപോലുമില്ല. നൂറുകണക്കിനു മൈലിനിടയ്ക്കു് ഒരു ജീവ

ജാലത്തെപ്പോലും നിങ്ങൾക്ക കാണാനൊക്കുകയില്ല.... നിങ്ങളതു മനസ്സിലാക്കുന്നുണ്ടോ?''

അദ്ദേഹം സംസാരം അല്പം നിർത്തി.

''തീർച്ചയായും നിങ്ങളതെല്ലാം മനസ്സിലാക്കുന്നുണ്ട്,'' കുറേക്കൂടി സൗമ്യമായ സ്വരത്തിൽ അദ്ദേഹം തുടർന്നു. ലിസ്റ്റി ലൊന്നുകൂടി നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: ''പ്രതി ദിവസം ഒരു പൗണ്ട് റൊട്ടി, എല്ലാവർക്കും കൂടി അഞ്ചു പൗണ്ട് പഞ്ചസാര, പുകയില....''

ഗൗരവസ്വരത്തിലായിരുന്ന അദ്ദേഹത്തിൻെറ ശബ്ദം ശൂന്യയുടേയും അവിടന്ന് അത്ഭുതത്തിൻേറയും സ്വരത്തിലേ ക്ക മാറി, പെട്ടെന്ന് വിഷാദസ്വരത്തിലേക്ക താണു.

''ഞങ്ങൾ പഞ്ചസാര വേണ്ടെന്നു വയ്ക്കാം, പക്ഷെ പുകയില — ഞാനിപ്പറയുന്നതു ക്ഷമിക്കണം — കൂടിയേ തീരൂ: കൊതുകു വരാതിരിക്കാൻ നല്ലതാണതു്!'' ശാസ്ത്ര ജ്ഞൻ സഗൗരവം പറഞ്ഞു.

അദ്ദേഹം പറഞ്ഞതു മിക്കവാറും കേൾക്കാതെ, വ്ളദീമിർ ഇലിയിച്ച് തുടർന്നു:

''ഉപകരണങ്ങൾ സൂക്ഷിക്കുന്ന പെട്ടികൾക്ക് ഫർ ലൈനിംഗ്. ഉപകരണങ്ങൾക്ക വേണ്ടി!'' അദ്ദേഹം ആവർ ത്തിച്ചു.

കോർഷുനൊവ് എഴുന്നേററു. ജനലിൽനിന്നും പ്രതി ബിംബിച്ച വെളിച്ചം തട്ടി അദ്ദേഹത്തിൻെറ കണ്ണട തിള ങ്ങി. അവസാനകൈ പ്രയോഗിക്കുന്ന ഒരാളിൻെറ നിശ്ചയ ദാർഢ്യമായിരുന്നു അദ്ദേഹത്തിൻേറതു്.

''വ്ളദീമിർ ഇലിയിച്ച്!''അദ്ദേഹം ദൃഢമായി പറ ഞ്ഞു. ''ഞങ്ങൾക്ക പോയേ തീരൂ! നാമെത്രമാത്രം ഭാഗ്യ വാന്മാരാണെന്ന് ഒന്നാലോചിച്ചുനോക്കൂ. ആ ഉൽക്കാപി ണ്ഡം, ശൂന്യാകാശത്തുനിന്നുമുള്ള ആ അപൂർവ്വാതിഥി, വന്നു വീണതു നമ്മുടെ ഭൂപ്രദേശത്താണ്, മററാരുടേതിലുമല്ല. എന്നിട്ട നമ്മളെന്തു ചെയ്യു? അതു് വീണതു് ഫ്രാൻസി

ലോ അമേരിക്കയിലോ ആയിരുന്നുവെങ്കിൽ അതു വീണിട ത്തേക്ക് എത്ര പര്യടനസംഘങ്ങൾ പാഞ്ഞു ചെന്നേനെ എന്നൊന്ന് ആലോചിച്ചുനോക്കു! ശരിയാണ്, നമ്മൾ പാവങ്ങളാണ്. നമ്മൾ പട്ടിണിയിലാണ്. ഇടക്കോലി ടൽയുദ്ധം നിമിത്തം നാം വല്ലാതെ കഷ്ടപ്പെടുകയാണ്. പക്ഷെ എന്നുവെച്ച് നമുക്കുമാത്രം കൈവന്നിട്ടുള്ള ഒരവസര ത്തിൻെറ പ്രാധാന്യം മനസ്സിലാക്കാനും അതു പരമാവധി പ്രയോജനപ്പെടുത്താനും നമ്മെക്കൊണ്ടു കഴിവില്ലെന്നുണ്ടോ? നമ്മുടെ ദാരിദ്ര്യത്തിനു ലോകശാസ്ത്രം എന്തു പിഴച്ചു? ഞങ്ങൾക്ക പോയേതീരൂ, വ്ളദീമിർ ഇലിയിച്ച്!''

അദ്ദേഹം തൻെറ ചാരുകസേരയിലേക്ക ചരിഞ്ഞു.

''കൊള്ളാം!'' ശാസ്ത്രജ്ഞനെ സമീപിച്ചുകൊണ്ട് ലെനിൻ ആശ്ചര്യത്തോടെ പറഞ്ഞു. ''നിങ്ങളൊരു അസാ മാന്യമനുഷ്യൻതന്നെ! നിങ്ങൾ തീർച്ചയായും പോകണം! നിങ്ങൾ ചോദിക്കുന്നതു ഞങ്ങൾ തരാം. പക്ഷെ അതു വളരെ കുറച്ചായിപ്പോയി! ഇത്തരം സജ്ജീകരണങ്ങളുമായി ആരാ ണ് സൈബീരിയയിൽ പോവുക? മോസ്ക്കോവിനു ചുററു മുള്ള ഒരു പര്യടനത്തിനു തന്നെ അവ കഷ്ടിയാണ്! അവ ഒന്നുംതന്നെയില്ലെന്നു പറയാം! എന്തൊരു കഷ്ടം!'' വ്ള ദീമിർ ഇലിയിച്ചിനെ വേദനിപ്പിച്ചതെന്താണെന്ന് കോർ ഷുനൊവിന് ഇപ്പോൾ മനസ്സിലായി. ''നിങ്ങളെപ്പോലുള്ള വർക്ക് ആവശ്യമായതു മുഴവൻ, നിങ്ങൾ അർഹിക്കുന്നതു മുഴവൻ, തരാൻ ഞങ്ങളെക്കൊണ്ടു കഴിയാത്തതു് എന്തു കഷ്ട മാണ്! സാരമില്ല! ഞങ്ങൾക്ക സാവകാശം തന്നാൽ മാ ത്രം മതി!''

''ശരി, പക്ഷെ...'' ലെനിനെ നോക്കിക്കൊണ്ട് കോർഷുനൊവ് വിക്കിപ്പറഞ്ഞു. കുറച്ചുകൂടി എന്തോ പറയ ണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. പക്ഷെ അതി നുപകരം ആശ്വാസത്തോടെ നെടുവീർപ്പിട്ടുകൊണ്ടു അദ്ദേഹം നെററി തുടച്ചു.

അല്പംകൂടി അടുത്തുവന്നിട്ട് താല്പര്യത്തോടും ഔത്സുക്യത്തോടും കൂടി ലെനിൻ ചോദിച്ചു:

''അവിശ്വസനീയമാംവണ്ണം മിതമായ ആ ലിസ്റ്റിൽ നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്ന സംഗതികൾ മാത്രം ഞങ്ങൾ തരികയാണെങ്കിൽ നിങ്ങൾ പോകുമോ, ലിയൊനീദ് അലെക്സേയെവിച്ച്?'' കോർഷുനൊവിന്റെ കടലാസ്സുകളിലേക്ക് ചൂണ്ടിക്കൊണ്ട് അദ്ദേഹം ചോദിച്ചു. ''നിങ്ങൾ പോകുമോ?''

''എനിക്കതിലും ഇഷ്ടമായിട്ട് യാതൊന്നുമില്ല, വ്ളദീമിർ ഇലിയിച്ച്! മഞ്ഞൊന്ന് ഉരുകിക്കോട്ടെ. അപ്പൊഴേക്കും ഞങ്ങൾ തയ്യാറാവാം. സത്യത്തിൽ അത്രമാത്രം മതി ഞങ്ങൾക്ക്. ഓരോരുത്തരും ഓരോന്നു വേണമെന്നു പറഞ്ഞു അങ്ങയുടെയടുക്കൽ വരുന്നു.... എവിടുന്നാണ് അതെല്ലാം ഉണ്ടാകേണ്ടത്?''

''അപ്പോൾ നിങ്ങൾ പോകും?'' ലെനിൻ ആവർത്തിച്ചു ചോദിച്ചു.

''ഉവ്വ്, പോകും.''

''കൂടുതലായി ഒന്നും ചോദിക്കുകയില്ല?''

''ഒന്നും ചോദിക്കുകയില്ല.''

''യാതൊന്നും ചോദിക്കില്ലേ, ലിയൊനീദ് അലെക്സേയെവിച്ച്?''

''ഇല്ല.''

ലെനിൻ ചുമച്ചു. മേശയുടെ ചുവട്ടിലേക്കു നോക്കിക്കൊണ്ട് ചുണ്ടു വക്രിച്ചു ചിരിച്ചു.

''ശരി, ലിയൊനീദ് അലെക്സേയെവിച്ച്,'' അദ്ദേഹം ഉന്മേഷത്തോടെ പറഞ്ഞു. ''നിങ്ങൾ ആ ജനൽ വരെ ഒന്നു പോകാമോ?''

''എന്തിനാണ്, വ്ളദീമിർ ഇലിയിച്ച്?''

''നിങ്ങൾ അങ്ങിനെ ചെയ്യണമെന്നാണ് എന്റെ

ആഗ്രഹം, ലിയൊനീദ് അലെക്സേയെവിച്ച്. ആ ജനൽ വരെ.''

''പക്ഷെ എന്തിനാണ്, വ്ളദീമിർ ഇലിയിച്ച്?''

''ദയവുചെയ്ത്, ലിയൊനീദ് അലെക്സേയെവിച്ച്, എനിക്കുവേണ്ടി നിങ്ങളതു ചെയ്യണം. ഒന്ന് ആ ജനൽവരെ പോകൂ!'' വിരൽ ചലിപ്പിച്ചുകൊണ്ട് ലെനിൻ പറഞ്ഞു. ''എനിക്കറിയാം നിങ്ങളെന്തുകൊണ്ട് അങ്ങിനെ ചെയ്യുകയില്ല എന്ന്.''

''ഛേ! അങ്ങിനെയില്ല, വ്ളദീമിർ ഇലിയിച്ച്. അങ്ങ് എല്ലാം സമ്മതിക്കുകയാണെങ്കിൽ അങ്ങയുടെ സമയം ഇനി കൂടുതൽ ഞാൻ പാഴാക്കുകയില്ല....''

''ഏയ്, ഇല്ലില്ല!'' ലെനിൻ നേരമ്പോക്കായി പറഞ്ഞു. ''ഞാനിനിയും സമ്മതിച്ചിട്ടില്ല. ദയവായി ആ ജനൽവരെ പോകൂ, ലിയൊനീദ് അലെക്സേയെവിച്ച്.''

ലെനിനെ സംശയത്തോടെ നോക്കിക്കൊണ്ട് കോർഷുനൊവ് മനസ്സില്ലാമനസ്സോടെ എഴുന്നേററു.

ലെനിൻ അദ്ദേഹത്തെ സൂക്ഷിച്ചു നോക്കി.

''എന്നാൽ വൈകണ്ട!''

''ശരി!'' കോർഷുനൊവ് രണ്ടും കല്പിച്ച് മേശയുടെ പിന്നിൽനിന്നും പുറത്തേക്കിറങ്ങിവന്നു.

ലെനിൻ ശാസ്ത്രജ്ഞന്റെ ഷൂസിലേക്കു നോക്കി:

''കണ്ടോ? ഞാൻ വിചാരിച്ചതുപോലെ തന്നെ. നിങ്ങൾ തൈഗായിലേക്കു പോകുന്നത് എങ്ങിനെയാണ്, എന്റെ സ്നേഹിതാ? മോസ്കോവിൽനിന്നും അഞ്ചുമൈൽ ചെല്ലുമ്പോഴേക്കും തീർച്ചയായും രണ്ടായിപ്പിളർന്നുപോകുന്ന ആ കീറിപ്പറിഞ്ഞ ഷൂസുമിട്ടുകൊണ്ടാണോ?''

''എന്തുകൊണ്ടു പാടില്ല?'' കോർഷുനൊവ് പിറുപിറുത്തു. ''എനിക്കവ ഒരു ചരടുകൊണ്ടു കൂട്ടിക്കെട്ടാം. എന്റെ കാലിനു ചുററും കുറെ തുണി വച്ച് ചുററിക്കെട്ടാം!''

‘‘നിങ്ങൾക്കങ്ങിനെ ചെയ്യാം,’’ ചിന്താധീനനായി ലെനിൻ പറഞ്ഞു. ‘‘നിങ്ങൾക്ക് ആകെക്കൂടിയുള്ള ഒരു ജോടിയാണിതു്, അല്ലേ?’’

‘‘എനിക്കെങ്ങിനെ മറ്റൊരു ജോടിയുണ്ടാവും? എനിക്ക് പണ്ട് മറ്റൊരു ജോടി ഉണ്ടായിരുന്നു. പക്ഷെ അതു തേഞ്ഞുപോയി. ഇതു ഞാൻ വളരെ സൂക്ഷിച്ചാണ് ഉപയോഗിക്കുന്നതു്.’’

‘‘അപ്പോൾ ഇതിട്ടുകൊണ്ടാണു നിങ്ങൾ പോകുന്നതു്,’’ ലെനിൻ പറഞ്ഞു. ‘‘ലിയൊനീദ് അലെക്സേയെവിച്ച്, ക്ഷമിക്കണം, പക്ഷേ....’’

ചുമലിൽ പിടിച്ചുകൊണ്ട് ലെനിൻ അദ്ദേഹത്തെ പതുക്കെ കസേരയിൽ വീണ്ടുമിരുത്തി. ആ ശാസ്ത്രജ്ഞനെ ഉറ്റുനോക്കിക്കൊണ്ടു അദ്ദേഹം തുടർന്നു: ‘‘നിങ്ങൾക്ക് മനപ്രയാസമുണ്ടായില്ലല്ലൊ.’’ മനപ്രയാസമുണ്ടായില്ലെന്നു ബോദ്ധ്യം വന്നതിനുശേഷം അദ്ദേഹം വീണ്ടും മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുതുടങ്ങി.

‘‘അസാമാന്യരായ കുറെ ആളുകൾ നമുക്കുണ്ട്,’’ അദ്ദേഹം പറഞ്ഞു. ‘‘സിയൊൽക്കോവ്സ്കിയെ എടുക്കു. ഉൾനാട്ടിലുള്ള ഒരു റഷ്യൻ പട്ടണത്തെ വിഭാവനചെയ്യു. എവിടെയോ, ഒരുവേള താറാവും പന്നികളും നിർബ്ബാധം അലഞ്ഞു നടക്കുന്ന, പുല്ലുപിടിച്ച ഒരു തെരുവിന്റെ വക്കത്തുള്ള, മരംകൊണ്ടുണ്ടാക്കിയ ഒരു പഴയ വീട്ടിൽ വൃദ്ധനായ ഒരു കണക്കദ്ധ്യാപകനുണ്ട്. റൊട്ടിയുടേയും മീനിന്റേയും തനിക്കുള്ള റേഷൻ പറ്റിക്കൊണ്ട് ഗ്രഹാന്തരീയയാത്ര സംബന്ധിച്ച പ്രശ്നങ്ങളിൽ മുഴുകിയിരിക്കുകയാണ് അദ്ദേഹം. അതും മിക്കവാറും ചൂടുപിടിപ്പിക്കാത്ത ഒരു മുറിയിലിരുന്നുകൊണ്ട്. വൃദ്ധനായ നിങ്ങളും അതേ വഴിക്ക് ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. കീറിപ്പറിഞ്ഞ ഒരു ജോടി ഷൂസുമിട്ടുകൊണ്ട് തൈഗായിൽക്കൂടി, സൈബീരിയയിൽക്കൂടി, പത്തെഴുന്നൂറു മൈൽ നടക്കാനാണു നിങ്ങളുടെ ആഗ്രഹം!’’

‘‘അപ്പോൾ അങ്ങയുടെ കാര്യമോ?’’ കോർഷുനൊവ് ആലോചിച്ചു. ‘‘സോഷ്യലിസമെന്ന വാക്ക് വായിക്കാൻ പോലും എല്ലാവർക്കും കഴിയാത്ത ഒരു രാജ്യത്തു് അങ്ങതു കെട്ടിപ്പടുക്കുകയാണ്!’’

താനും ലെനിനും മഹത്തായ ഒരു കാര്യത്തിനുവേണ്ടി ഒന്നിച്ചിരിക്കുകയാണെന്ന്, തങ്ങൾ ഒരേയൊരു ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുകയാണെന്ന്, കലൂഗയിലിരുന്നുകൊണ്ട് പ്രപഞ്ചാന്വേഷണം നടത്തുന്ന സിയൊൽക്കോവ്സ്കിയുടെ ജീവിതത്തിലും ഫാക്ടറികൾ പുതുക്കിപ്പണിയുന്ന പട്ടിണിക്കാരായ തൊഴിലാളികളുടേയും മരക്കലപ്പകൾകൊണ്ട് നിലമുഴുകുന്ന കർഷകരുടേയും ജീവിതത്തിലും മുഖ്യമായിട്ടുള്ളത് ഈ ലക്ഷ്യമാണെന്ന്, ആ ശാസ്ത്രജ്ഞനു് പെട്ടെന്നു മനസ്സിലായി....

ആവേശവും ആനന്ദാതിരേകവും നിറഞ്ഞ സ്ഥിതിയിലാണ് കോർഷുനൊവ് ലെനിന്റെ മുറി വിട്ടിറങ്ങിയതു്. ക്രെംലിൻ കടന്ന് അദ്ദേഹം റെഡ്സ്ക്വയറിലെത്തി. നാളെയെപ്പറ്റി, നിശ്ചയമായും സാക്ഷാൽക്കരിക്കപ്പെടാൻ പോകുന്ന ആ സ്വപ്നത്തെപ്പറ്റി, ചിന്തിക്കുകയായിരുന്നു അദ്ദേഹം.

ഫാക്ടറിക്കുഴലുകൾ വീണ്ടും പുക വമിക്കുന്ന കാലം—ഇതുവരെ നിലവിൽ വരാത്തവ പുക വമിക്കുന്ന കാലം പോലും, ആർച്ചുകളോടുകൂടിയ മച്ചുള്ള തണുത്ത ചെറിയ മുറിയിലിരിക്കുന്ന ആ മനുഷ്യന്റെ മനസ്സിൽ രൂപമെടുത്തുകൊണ്ടിരിക്കുന്ന ട്രാക്ടർഫാക്ടറികളും മോട്ടോർ വാഹനഫാക്ടറികളും പുക വമിക്കുന്ന കാലം—സമാഗതമാകും... അന്ന് പുഷ്കിന്റേയും ടോൾസ്റ്റോയിയുടേയും വാക്കുകൾ എല്ലാവരുടേയും അടുത്തെത്തും. കാരണം പിന്നണിയിലും അർദ്ധ—അപരിഷ്കൃതനിലയിലും സ്ഥിതിചെയ്യുന്ന റഷ്യ എല്ലാവർക്കും എഴുതാനും വായിക്കാനും കഴിവുള്ള ഒരു രാജ്യമായിത്തീരുന്നതാണ്.... ശാസ്ത്രീയപര്യടനസംഘങ്ങൾ തീർച്ചയായും ഉത്തരധ്രുവത്തിലെത്തും. ആരെങ്കിലും സമുദ്ര

ത്തിന്റെ അടിത്തട്ടിലേക്കു് ഇറങ്ങുകയോ അന്തരീക്ഷത്തിനു മപ്പുറത്തേക്കു് ഉയരുകയോ ചെയ്യുന്നുവരാം. ആ പര്യടന സംഘങ്ങളുടെ നേതാക്കന്മാർക്കു് ഒരു കഷണം റൊട്ടിക്കു വേണ്ടിയും ഒരു നുള്ളു് പുകയിലയ്ക്കുവേണ്ടിയും ബൃഹത്തായ ഒരു പുതിയ സ്റ്റേറ്ററിന്റെ സംഘാടകനെ ബുദ്ധിമുട്ടിക്കേണ്ടിവരില്ല.... മനുഷ്യന്റെ ദൗത്യത്തെക്കുറിച്ചു് പുതിയ ബോധമുള്ള പുതിയ മനുഷ്യൻ അപ്പോഴേക്കും വളർന്നുവന്നിട്ടുണ്ടാവും.... ഇതെല്ലാം വരുമെന്നതു തീർച്ചയാണു്.

അതേസമയം മഞ്ഞിൽ മൂടിയ തെരുവുകളേയും, തണുപ്പുകാരണം ധൃതഗതിയിൽ നടന്നുപോകുന്ന വഴിപോക്കരേയും, ഒരു വണ്ടി വലിച്ചുകൊണ്ടു പോകുന്ന കുതിരയേയും, ''ഒന്നു വേഗം പോടാ അസത്തേ!'' എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്ന വണ്ടിക്കാരനേയും, ''മർത്യാനൊവു്'', ''ഗ്രീൻ & സൺസു്, മൊത്തവ്യാപാരികൾ'', ''ഐ. വി. കോഷ്ക്കിൻ, ഇരുമ്പുവ്യാപാരം'' തുടങ്ങി ഇരുമ്പിലുള്ള സൈൻബോർഡുകളോടുകൂടിയ പലകയിട്ട കൊച്ചു കടകളേയുമാണു് അദ്ദേഹം ഇപ്പോൾ കണ്ടതു്. പക്ഷെ ഇതൊക്കെ തൽക്കാലത്തേക്കു മാത്രമുള്ളതായിരുന്നു.

....ശീതകാലത്തൊപ്പി ധരിച്ച ഒരു ചെറിയ സംഘം ചുവപ്പുസേനക്കാർ പരസ്പരം കൂട്ടിമുട്ടി ഒച്ചയുണ്ടാക്കിക്കൊണ്ടിരുന്ന പൈപ്പുകളുടെ ഒരു കൂമ്പാരം ഒരു ഹിമവണ്ടിയിലിട്ടു വലിച്ചുകൊണ്ടു നടന്നുപോകുന്നുണ്ടായിരുന്നു: എന്തെങ്കിലും പുനസ്ഥാപിക്കാനോ പണിയാനോ ആയിരിക്കും അവരുടെ പുറപ്പാടു്. കാറൽ മാർക്സിന്റെ ചിത്രവും ഏതോ ഒരു മുദ്രാവാക്യത്തിന്റെ അവസാനത്തെ വാക്കുകളും (''... നീണാൾ വാഴട്ടെ!'') ഒരു ജനലിനുള്ളിൽക്കൂടി അദ്ദേഹം കണ്ടു. ചുവന്ന തുവാല കെട്ടിയ ഒരു സ്ത്രീ ഒരു വീട്ടിൽനിന്നും മററൊരു വീട്ടിലേക്കു ഓടിക്കയറി.

അതേസമയം കരുത്തും ശരീരദാർഢ്യവുമുള്ള ആ മനു

ഷ്യൻ വിശാലമായൊരു രാജ്യത്തിന്റെ ഹൃദയമായ ക്രെംലിനിലിരുന്നുകൊണ്ടു് ചിന്തിക്കുകയും തന്റെ ചിന്തകൾ വേഗത്തിലും ഉത്സാഹത്തോടും പകർത്തുകയുംചെയ്തുകൊണ്ടിരുന്നു. കാരണം, റഷ്യയെ രൂപാന്തരപ്പെടുത്താൻ പോകുന്ന പുതിയ നേട്ടങ്ങളും വീരകൃത്യങ്ങളും അദ്ദേഹത്തിനു വ്യക്തമായി ദൃശ്യമായിരുന്നു.

ഗ്രാമത്തിൽനിന്നുള്ള ദൂതൻ

രത്തോലികൊണ്ടുണ്ടാക്കിയ പുതിയ ചെരുപ്പുമിട്ട്, വീട്ടിൽ നെയ്തെടുത്ത തുണികൊണ്ടുണ്ടാക്കിയ ഒരു പഴകിയ കോട്ടും ധരിച്ച്, ദീർഘകാലത്തെ ഉപയോഗത്താൽ മാർദ്ദവമായിത്തീർന്ന കയറുകൊണ്ട് അരയിലൊരു കെട്ടുംകെട്ടി പ്രായംചെന്ന ഒരു കൃഷീവലൻ ശങ്കിച്ചു വാതുക്കൽ നിന്നതിനുശേഷം സ്മോൽനിയിൽ ലെനിന്റെ സെക്രട്ടറിയുടെ മേശയ്ക്കു സമീപം ചെന്നു. അയാളുടെ ഒരു കയ്യിൽ തൊപ്പിയും മറേറ കയ്യിൽ ഒരു സഞ്ചിയുമുണ്ടായിരുന്നു. വരകുറൊട്ടിയുടേയും പുകയുടേയും മണമായിരുന്നു അയാളുടെ കോട്ടിനും സഞ്ചിക്കും. മെതിസ്ഥലങ്ങളേയും കൊയ്ത്തു കഴിഞ്ഞു് കററികഠം നിറഞ്ഞുനിൽക്കുന്ന പാടങ്ങളേയും ഉരുളക്കിഴങ്ങു ചെടികളുടെ മണ്ട തീയിട്ടെരിക്കുന്ന ഒഴിഞ്ഞ വയലുകളേയും ശരൽക്കാലത്തിലെ നീലാകാശത്തേയും കൂടുതൽ ചൂടുള്ള പ്രദേശമന്വേഷിച്ച് കൂട്ടമായി തെക്കോട്ടേക്കു പറക്കുന്ന കൊക്കുകളുടെ ആരവത്തേയുമാണ് അവ അനുസ്മരിപ്പിച്ചതു്.

ആദരവോടുകൂടി തലകുനിച്ചുകൊണ്ട് അയാഠം സെക്രട്ടറിയെ അഭിവാദ്യം ചെയ്തു.

''എന്തുണ്ടു വിശേഷം, സഖാവെ,'' ഒരു ചെറുപ്പക്കാരിയായിരുന്ന സെക്രട്ടറി മുഖമുയർത്തിക്കൊണ്ടു പറഞ്ഞു.

''എനിക്കു ലെനിനെ കാണാനൊക്കുമോ?...'' അയാഠം ചോദിച്ചു. ശങ്കിച്ചുകൊണ്ട് ''സഖാവേ'' എന്നു കൂടി കൂട്ടിച്ചേർത്തു.

''ലെനിനെത്തന്നെ കാണേണ്ടതു് എന്തുകൊണ്ടാണ്? എന്തിനാണ് നിങ്ങഠംക്കു അദ്ദേഹത്തെ കാണേണ്ടതു്?''

''എല്ലാവർക്കും അറിയാൻ ആഗ്രഹമുള്ള ഒരു കാര്യം സംബന്ധിച്ചാണ്, ഭൂമിസംബന്ധിച്ചാണ്, സഖാവെ.''

''ഭൂമിയെ സംബന്ധിച്ച് എന്താണു നിങ്ങഠംക്കറിയേണ്ടതു്? എന്തെങ്കിലും വ്യക്തമാകാതുണ്ടോ? ഡിക്രി നിങ്ങഠംക്കു കിട്ടിയില്ലേ!''

''കിട്ടി,'' കൃഷിക്കാരൻ മറുപടി നൽകി. നെട്ടവീർ
പ്പിട്ടുകൊണ്ടു് അയാഠം തന്റെ സഞ്ചിയിൽ തപ്പിത്തുടങ്ങി.

''ഇരിക്കു, സഖാവെ'', സെക്രട്ടറി പറഞ്ഞു. ''എന്താ
ണു നിങ്ങളുടെ പേരു്?''

''പഖോമൊവ്.'' ഒരു കസേരയിൽ അമർന്നിരുന്നു
കൊണ്ടു് ആഗതൻ മറുപടി നല്കി. ''ഞങ്ങളുടെ ഗ്രാമം നി
റയെ പഖോമൊവ്മാരാണു്. അതിന്റെ പേരുപോലും
പഖോമൊവ്ക്കയെന്നാണു്. കൂടാതെ ഞങ്ങളുടെ ചുററുമുള്ള
ഗ്രാമങ്ങളും. ചെറിയ പഖോമൊവ്ക്കയും പുതിയ പഖോ
മൊവ്ക്കയുമുണ്ടു്. ഞങ്ങളെല്ലാം പഖോമൊവ്മാരാണു്....
ഇതാ...'' അയാഠം ഒരു കടലാസ്സു് സെക്രട്ടറിയെ ഏല്പിച്ചു.
മടക്കുകളിൽ അതു തേഞ്ഞിരുന്നു. അവിടവിടെ കീറലുണ്ടാ
യിരുന്ന ഇടങ്ങളിൽ ഒട്ടിച്ചിട്ടുമുണ്ടായിരുന്നു.

സെക്രട്ടറി അയാളിൽനിന്നും അതു വാങ്ങി സൂക്ഷിച്ചു
നോക്കി.

''ഭൂമി നിങ്ങളുടേതാണെന്നു നിങ്ങളറിഞ്ഞതു് ഈ
രേഖയിൽനിന്നാണോ?'' അത്ഭുതത്തോടെ അവർ ചോദിച്ചു

''അതെ, ഇതാണാ കടലാസ്സു്....''

സെക്രട്ടറി അതു വളരെ സൂക്ഷിച്ചു് മേശപ്പുറത്തു നിവർ
ത്തി വച്ചു. ''ബാദ്ധ്യത'' എന്ന തലക്കെട്ടിനു കീഴെ ചുവപ്പും
കറുപ്പും നിറത്തിൽ കുത്തനെയുള്ള വരകളാൽ വിഭജിക്കപ്പെ
ട്ടിരുന്ന ഒരു പേജിൽ ഭൂമിയെക്കുറിച്ചുള്ള ഡിക്രി വേണ്ടത്ര
അക്ഷരാഭ്യാസമില്ലാത്ത ആരോ കൈകൊണ്ടെഴുതി പകർ
ത്തിയതായിരുന്നു അതു്. പ്രത്യക്ഷമായും ഏതോ ഓഫീസി
ലെ പുസ്തകത്തിൽനിന്നും കീറിയെടുത്തതായിരുന്നു ആ
പേജ്. മാത്രവുമല്ല അതു് മടക്കുകളിൽ ഒരുപാടു തേഞ്ഞിരു
ന്നതുകാരണം ചില വാക്കുകളും വാചകങ്ങഠം പോലും വേർ
തിരിച്ചറിയാൻ മിക്കവാറും അസാദ്ധ്യമായിരുന്നു.

''കൊള്ളാം!'' നൂറുകണക്കിനു കൃഷിക്കാരുടെ പരുപ

രുത്ത കൈകളിൽക്കൂടി സംശയമെന്യെ കടന്നുപോയ ഈ നാ
ടൻരേഖ കണ്ടിട്ടു് സെക്രട്ടറി ആശ്ചര്യപ്പെട്ടു.

ഭൂമി ഇപ്പോഠം ''നമ്മുടേതു'' തന്നെയാണെന്നു തീർ
ച്ചവരുത്താനായി എത്ര കണ്ണുകഠം ഇതു് ആർത്തിയോടെ
വായിച്ചിരിക്കും! സെക്രട്ടറിക്കു് അതു വിശ്വസിക്കാൻ പ്രയാ
സമായിത്തോന്നി. അവർക്കു് അനുഭവത്തിൽനിന്നും അറി
യാമായിരുന്നു ലെനിന്റെ അടുത്തേക്കു് നാട്ടുമ്പുറങ്ങളിൽ
നിന്നുമയയ്ക്കുന്ന ദൂതന്മാരെ കൃഷിഭൂമി കർഷകരിലേക്കു കൈ
മാററം ചെയ്യുതു സംബന്ധിച്ചുള്ള പ്രശ്നങ്ങഠം സാധാരണയായി
അലട്ടിയിരുന്നുവെന്നു്. അതിനും പുറമെ, പഖോമൊവിനെ
അയച്ച ആളുകഠം ഈ രേഖ എത്രത്തോളം വിശ്വസനീയമാ
ണെന്നതിനെക്കുറിച്ചു്, അഥവാ ഭൂമിയെക്കുറിച്ചുള്ള ഡിക്രി
എന്നൊന്നു് യഥാർത്ഥത്തിൽ നിലവിലുണ്ടോ എന്നതിനെ
ക്കുറിച്ചുതന്നെ, സ്പഷ്ടമായും വ്യാകുലരായിരുന്നു.

അതുകൊണ്ടാണു് സെക്രട്ടറി ആഗതനോടു് കൃഷി
വകുപ്പിന്റെ അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാറുടെയടു
ക്കൽ ചെല്ലാൻ പറഞ്ഞതു്.

''പക്ഷെ അതു പോരാ,'' ഒരു ദീർഘനിശ്വാസത്തോ
ടെ പഖോമൊവ് പറഞ്ഞു. ''എന്റെ നാട്ടുകാർ എന്നെ
അയച്ചതു് ലെനിന്റെയടുത്തേക്കാണു്. അദ്ദേഹത്തെയാണു്
എനിക്കു കാണേണ്ടതു്. നേരിട്ടു് അദ്ദേഹത്തെ!''

''എനിക്കു മനസ്സിലായി, സഖാവ് പഖോമൊവ്,
പക്ഷെ വ്ളദീമിർ ഇലിയിച്ചിനു് എല്ലാവരേയും കാ
ണാൻ സാദ്ധ്യമല്ല, അദ്ദേഹത്തിനാഗ്രഹമുണ്ടെങ്കിൽക്കൂടി. ഭൂ
പ്രശ്നങ്ങഠംതന്നെ കൈകാര്യം ചെയ്യുന്ന സഖാവിന്റെയടു
ത്തേക്കാണു ഞാൻ നിങ്ങളെ അയയ്ക്കുന്നതു്. എല്ലാക്കാര്യവും
അദ്ദേഹം ഭംഗിയായി വിശദമാക്കിത്തരും. കൃഷിവകുപ്പി
ന്റെ അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാറാണദ്ദേഹം''.

''അങ്ങിനെയാണോ?'' വ്യക്തമായും മനഃപ്രയാസ
ത്തോടുകൂടി അയാഠം പറഞ്ഞു. ''അപ്പോഠം അവസാനം

കമ്മിസാറിൻെറയടുത്തേക്കാണ ഞാൻ പോകേണ്ടതു്, അല്ലേ? പക്ഷെ കമ്മിസാറിനെ ഞാൻ കണ്ടതുകൊണ്ട ഫല മൊന്നുമുണ്ടായില്ലെങ്കിലോ? അങ്ങിനെയാണെങ്കിൽ എനിക്ക ലെനിനെ കാണാനൊക്കുമോ?'' തുറന്ന സഞ്ചി അപ്പോഴും കയ്യിൽ പിടിച്ചുകൊണ്ട് അയാഠം സെക്രട്ടറിയെ ചരിഞ്ഞു നോക്കി.

അയാളുടെ കൗശലംനിറഞ്ഞ നോട്ടം കണ്ട സെക്രട്ടറി വിചാരിച്ചു: വെറുതെയല്ല അവർ പെട്രോഗ്രാഡിലേക്ക അയാളെത്തന്നെ അയച്ചതു്.

''അങ്ങിനെയാണെങ്കിൽ നിങ്ങഠംക്ക ലെനിനെ കാണാം,'' അവർ വൈമനസ്യത്തോടെ സമ്മതിച്ചു.

''അതൊരു കരാറാണു്!'' പഖോമൊവ് മേശപ്പുറത്തടിച്ചുകൊണ്ട പറഞ്ഞു. തിരിച്ചുവരാനുദ്ദേശിക്കുന്ന ഒരാളിൻെറ ഭാവത്തോടുകൂടി അയാളെണീററു.

അസിസ്റ്റൻറ് പീപ്പിഠംസ് കമ്മിസാറിൻേറതാണെന്നു പഖോമൊവിനെ ചൂണ്ടിക്കാണിച്ച മേശ അതേ വലിയ മുറിയിലുണ്ടായിരുന്ന മററു പത്തു മേശകളിലേതെങ്കിലുമൊന്നിനെപ്പോലെ തന്നെയാണ് ഇരുന്നിരുന്നതു്: നീലമഷി വീണ പാടുകഠം നിറച്ചുള്ള പച്ചവിരിപ്പിട്ട ഒരു സാധാരണ ഓഫീസ് മേശയായിരുന്നു അതു്.

അതിൻെറ ഉടമസ്ഥൻ അവിടെങ്ങുമുണ്ടായിരുന്നില്ല. ആ പച്ചവിരിപ്പിന്മേൽ വിരലുകഠം മുട്ടിക്കൊണ്ട് അയാളവിടെ ഇരുന്നു. ആകെക്കൂടിയുള്ള ചുററുപാട നോക്കി. അയാഠംക്കതു് വളരെയൊന്നും ഇഷ്ടപ്പെട്ടില്ല. അതിനു മാന്യതയുണ്ടായിരുന്നില്ല. അഥവാ സന്ദർശകരിൽ വിശ്വാസമുളവാക്കാനോ അല്ലെങ്കിൽ ഏററവും ചുരുങ്ങിയതു് അവരുടെ ഉള്ളിൽ ഒരാകാംക്ഷ ജനിപ്പിക്കാനെങ്കിലുമോ (അത്തരം സാഹചര്യങ്ങളിൽ അതെങ്കിലും കൂടിയേ തീരൂ എന്നായിരുന്നു പഖോമൊവിൻെറ പക്ഷം) ഉതകത്തക്കവണ്ണം മനസ്സിൽ പ്പതിയുന്ന ഒന്നായിരുന്നില്ല അതു്. ''അധികൃതർ പുത്തനായിരിക്കാം, പക്ഷെ അവർ അധികാരത്തിലല്ലെ! അധികാരം, വിശേഷിച്ചും സർവ്വാധികാരം, അല്ലങ്കിലും ബഹുമാനവും ഭീതിയുമുളവാക്കണം....'' എന്നാൽ ഇക്കാണുന്നതെല്ലാം വ്യത്യസ്തമായിരുന്നു. സന്ദർശകർ നിർബ്ബാധം മേശകഠം തോറും മാറിമാറി പൊയ്ക്കൊണ്ടിരുന്നു. ആ മേശകഠംക്ക പിന്നിലാണെങ്കിൽ പലതരത്തിൽ വസ്ത്രം ധരിച്ചിരുന്നവരാണിരുന്നിരുന്നതു്. അവരിൽ ചിലർ സ്ത്രീകഠം പോലുമായിരുന്നു. പോരെങ്കിൽ, ടെലിഫോണുകളുടെ മണിയടിയും ടൈപ്പ്റൈററുകളുടെ ശബ്ദവും എല്ലാം കൂടി ഒച്ചയും ബഹളവുമായിരുന്നു അവിടെ... ഒരു വലിയ അലമാരി കതകിൽ കൂടി അകത്തേക്ക വലിച്ചുകൊണ്ട വരുന്നുണ്ടായിരുന്നു. അടുത്തു് ഏതോ ഒരാഠം ''പുകവലി പാടില്ല'' എന്ന ബോർഡ് തറയ്ക്കുകയായിരുന്നു.

യെഗോർ പഖോമൊവ് കാത്തിരുന്ന മേശയുടെ അടുത്തേക്ക് അവസാനം ഇടത്തരം പൊക്കത്തിലുള്ള ഒരാഠം നടന്നുവന്നു. ഉയർന്ന ബൂട്സും റഷ്യൻമട്ടിൽ ട്രൗസറിനുമുകളിലായി ചാരനിറത്തിലുള്ള ഒരു ഷർട്ടുമാണ് അദ്ദേഹം ധരിച്ചിരുന്നതു്. ഒരു മെക്കാനിക്കോ ഗ്രാമീണസ്കൂളിലെ അദ്ധ്യാപകനോ ആണെന്നേ അദ്ദേഹത്തെ കണ്ടാൽ തോന്നുമായിരുന്നുള്ളു. മേശയ്ക്കടുത്തുള്ള കസേരയിൽ വന്നിരുന്നുകൊണ്ട് അദ്ദേഹം ചോദിച്ചു:

''സഖാവെ, നിങ്ങഠംക്കെന്നെ കാണണമായിരുന്നോ?''

അദ്ദേഹത്തെ നോക്കിക്കൊണ്ട് യെഗോർ പഖോമൊവ് എഴുന്നേററു. എന്നിട്ട് മടിച്ചുമടിച്ചു ചോദിച്ചു:

''നിങ്ങളാണോ കമ്മിസാർ?''

''അസിസ്റ്റൻറ്.''

''എൻെറ അഭിവാദനങ്ങഠം!'' പഖോമൊവ് പറഞ്ഞു.

''എന്തുണ്ട വിശേഷം, സഖാവേ? എന്തു കാര്യത്തിനാണ് നിങ്ങളെന്നെ കാണാനാഗ്രഹിച്ചതു്?''

''ഭൂമിയെസ്സംബന്ധിച്ച്...''

''ഡിക്രിയിൽ വ്യക്തമാകാത്ത എന്തെങ്കിലുമുണ്ടോ?''

പഖോമൊവ് തലയാട്ടി. വിമർശനദൃഷ്ടിയോടുകൂടി വീണ്ടും ചുററും നോക്കി. ഇങ്ങനെയൊരു മുറിയിൽ വച്ച് ഇത്തരം ആളുകളിൽനിന്നും കാര്യമായ എന്തെങ്കിലും ലഭിക്കുന്നതു എങ്ങിനെയാണ്? അയാശം ചിന്തിച്ചു. പക്ഷെ വന്ന കാര്യം പറഞ്ഞേ തീരൂ....

മേശയുടെ പിന്നിലിരിക്കുന്ന ആളിന്റെ നേരേ അയാശം തിരിഞ്ഞു.

''ഞാനതു് നിങ്ങശക്കു വിശദീകരിച്ചുതരാൻ ശ്രമിക്കാം,'' ക്ലാസുമുറിയിലെ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്ന മട്ടിൽ അസിസ്റ്റൻറ് പീപ്പിശസ് കമ്മിസാർ ശാന്തമായി പറഞ്ഞു.

''വിപ്ലവം ഭൂവുടമ എസ്റ്റേററുകളെ പ്രതിഫലം നൽകാതെയും ഉടനടിയും കണ്ടുകെട്ടിയിരിക്കുന്നു. ഇതാണൊരു കാര്യം!'' ഔദ്ധത്യത്തോടെ അദ്ദേഹം തീർത്തുപറഞ്ഞു. ''എന്താണതിന്റെ അർത്ഥം? അതിന്റെ അർത്ഥമെന്താണെന്നു വച്ചാൽ, ഒന്നാമതു്....''

''ക്ഷമിക്കണം,'' യൂണിഫോറമിട്ട ഒരാശം അവിടെ വന്നു് ഇടയ്ക്കുകയറിപ്പറഞ്ഞു. ''ആ അലമാരിയിൽ ചില കടലാസ്സുകളുണ്ടു്. എനിക്കവയെടുക്കണം.'' അസിസ്റ്റൻറ് പീപ്പിശസ് കമ്മിസാറിന്റെ പിന്നിലത്തെ ഒരു അലമാരിയിലേക്കു് അയാശം ചൂണ്ടിക്കാണിച്ചു.

അദ്ദേഹം കസേര പൊക്കിക്കൊണ്ടു് ഒരു വശത്തേക്കു നീങ്ങിയിരുന്നു.

''അതിന്റെ അർത്ഥം,'' അദ്ദേഹം തുടർന്നു, ''ഒന്നാമതു്, മുമ്പു് ഭൂവുടമകളുടേയും സന്യാസിമാരുടേയും സാറിന്റെ കുടുംബാംഗങ്ങളുടേയും വകയായിരുന്ന ഭൂമി പണിയെടുക്കുന്ന എല്ലാവരുടേയും ഉപയോഗത്തിനു വേണ്ടി, ഭൂമി യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവരുടെ ഉപയോഗത്തിനു വേണ്ടി, പ്രതിഫലമൊന്നുമില്ലാതെ നൽകിയിരിക്കുന്നുവെന്നാണു്. ചരിത്രപ്രധാനമായ ഈ നിമിഷംതൊട്ടു് കൃഷിഭൂമിയുടെ മേലുള്ള പരിപൂർണ്ണാധികാരം നിങ്ങളുടേതാണു്, കർഷകരുടേതാണു്.''

''ഇല്ല, അവ അലമാരിയിലില്ല,'' യൂണിഫോറമിട്ട ആശം വിഷമത്തോടുകൂടി പറഞ്ഞു. ''അവിടെ ആ ഇടത്തെ വലിപ്പിൽ കാണുമായിരിക്കും.'' അസിസ്റ്റൻറ് പീപ്പിശസ് കമ്മിസാർ ഇരുന്നിരുന്ന മേശയുടെ അററം അയാശം ചൂണ്ടിക്കാണിച്ചു.

കസേര പൊക്കിക്കൊണ്ടു് അദ്ദേഹം പഴയസ്ഥാനത്തേക്കു വീണ്ടും മാറിയിരുന്നു. എന്നിട്ടു് ഉത്സാഹത്തോടെ തുടർന്നു:

''ഭൂമി—ഉല്പാദകർക്കായി! ചൂഷകരുടെ കാലം കഴിഞ്ഞിരിക്കുന്നു, ലോകത്തിന്റെ യഥാർത്ഥ ഉടമസ്ഥരുടെ കാലം ആരംഭിച്ചിരിക്കുന്നു!''

''ക്ഷമിക്കണം,'' യൂണിഫോറമിട്ടയാശം വീണ്ടും ഇടയ്ക്കുകയറിപ്പറഞ്ഞു. ''കടലാസ്സുകശം നടുവിലത്തെ വലിപ്പിൽ കാണാനാണു് വഴി.''

അസിസ്റ്റൻറ് പീപ്പിശസ് കമ്മിസാർ മേശയ്ക്കുപിന്നിൽനിന്നും പുറത്തിറങ്ങിവന്നു് യെഗോർ പഖോമൊവിന്റെ സമീപം ഒരു കെട്ടു കടലാസ്സിന്റെ മുകളിൽ കയറിയിരുന്നു. എന്നിട്ടിങ്ങനെ തുടർന്നു:

''ഇന്നു മുതൽ ഭൂമിമുഴുവൻ നിങ്ങളുടേതാണു്, എന്നെന്നേക്കും നിങ്ങളുടേതാണു്!''

അഞ്ചു മിനിട്ടിനുള്ളിൽ പുതിയ അലമാരി അതിന്റെ സ്ഥാനത്തു കൊണ്ടുവച്ചു. അപ്പോശം ആ മേശ അവിടെനിന്നും മാറേറണ്ടിവന്നു. അതോടെ അസിസ്റ്റൻറ് പീപ്പിശസ് കമ്മിസാറും യെഗോർ പഖോമൊവും ഇരുന്നിരുന്നതിന്റെ സമീപം ശൂന്യമായി.

''എന്തൊരു കമ്മിസാർ! ഈ ലോകത്തിന്റെ എന്തൊരു ഉടമസ്ഥൻ!'' പഖോമൊവ് മനസ്സിൽ വിചാരിച്ചു.

അസിസ്റ്റൻറ് പീപ്പിൾസ് കമ്മിസാർ സംസാരിച്ചു കഴിയുന്നതുവരെ അയാൾ ക്ഷമയോടെ കേട്ടിരുന്നു. പേരിനു വേണ്ടി ചിലതെല്ലാം ചോദിച്ചു. ഭൂമിയെക്കുറിച്ചുള്ള ഡിക്രിയുടെ ഒരു കോപ്പി വാങ്ങി. നന്ദി പ്രകടിപ്പിച്ചുകൊണ്ട് പിരിയുകയും ചെയ്തു.

ഓരോ കാര്യങ്ങൾ പ്രമാണിച്ച് പെട്രോഗ്രാഡിൽ വന്ന എല്ലാ ആളുകളും ലെനിനെ കാണാൻ, അദ്ദേഹത്തെ ഒന്നു നോക്കാൻ, അദ്ദേഹവുമായി സംസാരിക്കാൻ, അദ്ദേഹത്തിന്റെ കൈ പിടിച്ചുകുലുക്കാൻ, അങ്ങിനെയൊരാളുണ്ടെന്നു സ്വന്തം കണ്ണുകൊണ്ട് ഉറപ്പുവരുത്താൻ, നിർബ്ബന്ധമായും ആഗ്രഹിച്ചിരുന്നു. അതിനുപുറമേ, പുതിയ ലോകത്തെക്കുറിച്ചുള്ള പരമാർത്ഥം, എല്ലാവർക്കും വ്യക്തമാകാതിരുന്ന അതിന്റെ ആശയങ്ങളും അർത്ഥവും, എല്ലാവരും ഇനിയും മനസ്സിലാക്കിയിട്ടില്ലാത്ത അതിന്റെ രൂപങ്ങൾ — ഇതെല്ലാം ചരിത്രത്തിൽ ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവണ്ണം ഒരൊററ നാമത്തിൽ കേന്ദ്രീകരിച്ചിരുന്നു: ലെനിൻ. ഇതായിരുന്നു പ്രധാനസംഗതി. നിഗൂഢമായ സംഗതികൾ സുഗ്രഹമായിത്തീർന്നതും ഇന്നലെവരെ അപരിചിതമായിരുന്ന കാര്യങ്ങൾ സുപരിചിതവും പ്രിയങ്കരവുമായിത്തീർന്നതും അസംഭാവ്യമായതു് സാദ്ധ്യമായിത്തീർന്നതും അദ്ദേഹംമുഖേനയായിരുന്നു.

''ലെനിൻ എന്നോടു പറഞ്ഞതതാണ്! ഞാൻ തന്നെ അദ്ദേഹവുമായി സംസാരിച്ചു. ഞാൻ അദ്ദേഹത്തെ കണ്ടു!'' തന്നെ പെട്രോഗ്രാഡിലേക്കയച്ചവരോട് ഇങ്ങനെ പറയാനുള്ള അവകാശം ലഭിക്കണമെന്നതായിരുന്നു ഓരോ ദൂതന്റെയും ഉൽക്കടമായ ആഗ്രഹം.

യെഗോർ പഖോമൊവ് ലെനിന്റെ സെക്രട്ടറിയുടെ അടുത്തേക്ക് മടങ്ങിച്ചെന്നപ്പോൾ അവർക്ക് തെല്ലും അത്ഭുതം തോന്നിയില്ല. ''മററെല്ലാവരേയുംപോലെ അയാളും വ്ളദീ

മിർ ഇലിയിച്ചിനെ കാണാനുള്ള ശ്രമമാണ്,'' അവർ വിചാരിച്ചു.

''പോയിട്ടു വല്ല ഗുണവുമുണ്ടായോ?'' അവർ പഖോമൊവിനോടു ചോദിച്ചു.

''ഞങ്ങൾ സംസാരിച്ചു,'' അയാൾ എങ്ങും തൊടാതെ പറഞ്ഞു. പക്ഷെ അർത്ഥഗർഭമായി ഇതുംകൂടി കൂട്ടിച്ചേർത്തു: ''ഞാൻ കസേരയിലും കമ്മിസാർ കടലാസ്സുകെട്ടിന്റെ പുറത്തുമാണ് ഇരുന്നതു്.'' ഒരു നിമിഷനേരം നിശബ്ദനായിരുന്നിട്ട് അയാൾ ദൃഢസ്വരത്തിൽ പറഞ്ഞു: ''പ്രിയപ്പെട്ട സഖാവെ, എനിക്കു ലെനിനെ കണ്ടേ തീരൂ. ഞാൻ എന്റെ നാട്ടുകാരോട് എന്തു പറയും? ലെനിനെ നേരിട്ടു കാണാൻ എന്നെ അനുവദിച്ചില്ലെന്നോ? സഖാവെ, ദയവായി ഞങ്ങളുടെ ഗ്രാമങ്ങളോട് അല്പമെങ്കിലും ബഹുമാനം കാണിക്കൂ!''

സെക്രട്ടറി നെടുവീർപ്പിട്ടു. ലെനിനു വളരെയേറെ ജോലിത്തിരക്കുണ്ടെന്നും ഒരു ദിവസം രണ്ടോ മൂന്നോ മണിക്കൂർ നേരത്തേക്കേ അദ്ദേഹത്തിനു് ഉറങ്ങാൻ കഴിയാറുള്ളുവെന്നും പറഞ്ഞിട്ട് പ്രയോജനമൊന്നുമുണ്ടാവില്ലെന്ന് അവർക്കറിയാമായിരുന്നു.

''വരട്ടെ,'' അവർ പറഞ്ഞു. ''വ്ളദീമിർ ഇലിയിച്ചിനു് നിങ്ങളോട് എപ്പോൾ സംസാരിക്കാനൊക്കുമെന്നു ഞാൻ നോക്കട്ടെ.''

''കൊള്ളാം!'' പഖോമൊവ് സസന്തോഷം വിളിച്ചുപറഞ്ഞു. ''അതുതന്നെയാണ് എനിക്കു വേണ്ടതു്!''

അയാൾ കാത്തിരിപ്പായി.

കുറെ നാവികർ ലെനിന്റെ മുറിയിൽനിന്നും ഇറങ്ങിപ്പോയി. വേറേ കുറെപ്പേർ — സ്പഷ്ടമായും അവർ തൊഴിലാളികളായിരുന്നു—മുറിയിലേക്കു കയറി. അവർക്കുശേഷം കുറെ പട്ടാളക്കാരും പട്ടാളക്കാർക്കുശേഷം വിലകൂടിയ ഫർകോട്ടു ധരിച്ച ഒരു കണ്ണട വച്ച മനുഷ്യനും അതിനകത്തേക്കു

പോയി. സെക്രട്ടറി ലെനിനെ കാണാൻ പല പ്രാവശ്യം പോയി.

''അധികം താമസിയാതെ നിങ്ങൾക്ക് അദ്ദേഹത്തെ കാണാനൊക്കം,'' അവർ സമാധാനിപ്പിച്ചു.

''നന്ദി,'' പഖോമൊവ് കൃതജ്ഞതാപൂർവ്വം പറഞ്ഞു. മനപ്രയാസം ധ്വനിക്കുന്ന സ്വരത്തിൽ അയാൾ ഇതുകൂടി കൂട്ടിച്ചേർത്തു: ''ഞാൻ തീർച്ചയായും കാത്തിരിക്കാം. സഖാവ് ലെനിൻ ഇഷ്ടമുള്ള സമയം തീരുമാനിക്കട്ടെ.''

വിലകൂടിയ ഫർകോട്ടു ധരിച്ച കണ്ണടക്കാരൻ അവസാനം ഇറങ്ങിപ്പോയി. ലെനിന്റെകൂടെ ഇപ്പോൾ മുറിയിൽ ആരുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന് ഇപ്പോൾ ഒഴിവുണ്ടായിരിക്കും. പക്ഷെ പഖോമൊവിനെ നോക്കി കസേരയിൽത്തന്നെ ഇരുന്നുകൊള്ളാൻ സെക്രട്ടറി ആംഗ്യം കാണിച്ചു.

''പത്തുമിനിട്ടു കഴിഞ്ഞു്, സഖാവെ.''

താമസിയാതെ സെക്രട്ടറി എങ്ങോട്ടോ പോയി. ലെനിന് വിശ്രമവേള കാണണമെന്ന് പഖോമൊവ് നിശ്ചയിച്ചു.

അഞ്ചു മിനിട്ടു കഴിഞ്ഞപ്പോൾ—യെഗോർ പഖോമൊവിനു തോന്നി അരമണിക്കൂറായെന്ന്—അയാൾ അക്ഷമനായി എഴുന്നേററു; പക്ഷെ ഒരു വിളക്കുകാലുപോലെ നിൽക്കുന്നതു മൗഢ്യമാണെന്നു കരുതി അയാളിരുന്നു. ഒരു മിനിട്ടു കഴിഞ്ഞില്ല, അയാൾ സ്വയമറിയാതെതന്നെ വീണ്ടും എഴുന്നേററ് ആ സന്ദർശകമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പത്തു മിനിട്ടു കാക്കണമെന്ന് സെക്രട്ടറി പറഞ്ഞപ്പോൾ അയാൾ സമയം നോക്കാൻ മറന്നുപോയിരുന്നു. ഇപ്പോൾ എത്ര സമയം കഴിഞ്ഞു കാണുമെന്നു വിചാരിച്ച് അയാൾ കുഴങ്ങി. ആർക്കറിയാം? ഒരുപക്ഷെ ലെനിൻ അയാളേയും കാത്തു്, വിലയേറിയ മിനിട്ടുകൾ പാഴാക്കിക്കൊണ്ട് മുറിക്കകത്ത് ക്ഷോഭിച്ചിരിക്കുകയായിരിക്കും, അയാളോ അക-

ത്തേക്കു പോകുന്നുമില്ല.... സെക്രട്ടറിയെയാണെങ്കിൽ അവിടെങ്ങും കാണ്മാനില്ലായിരുന്നു.

അയാൾക്കു താങ്ങാവുന്നതിലും കൂടുതലായിരുന്നു ഇതു്; അയാൾ കതകു് അല്പം തുറന്ന് മുറിക്കുള്ളിൽ പ്രവേശിച്ചു. സഞ്ചി കയ്യിൽത്തന്നെയുണ്ടായിരുന്നു.

കരുത്തും ശരീരദാർഢ്യവുമുള്ള ഒരു മനുഷ്യൻ ഇട്ടുപഴകിയ ഒരു സൂട്ടും ധരിച്ചുകൊണ്ടു് ഒരു വലിയ മേശയുടെ സമീപമുള്ള ചെറിയൊരു മേശപ്പുറത്തുവെച്ച് പട്ടാളക്കാരുടെ ഒരു ചളുങ്ങിയ തകരപ്പാത്രത്തിൽനിന്നും ഭക്ഷണം കഴിക്കുകയായിരുന്നു.

''ഇതായിരിക്കുമോ ലെനിൻ?!''

യെഗോർ പഖോമൊവ് വന്ന വഴി നിന്നു.

''വരൂ, വരൂ, സഖാവെ,'' സ്പൂൺ വീശിക്കൊണ്ടു് ആ മനുഷ്യൻ പറഞ്ഞു. ''ഇരിക്കൂ. ഞാൻ ഒരു മിനിട്ടിനുള്ളിൽ ഒഴിവാകും. എന്താണു പേരു്?''

''പഖോമൊവ്,'' ആശ്ചര്യത്തോടെ അയാൾ മറുപടി പറഞ്ഞു. ''അതെ, അതു ലെനിൻ തന്നെ!''

''സഖാവ് പഖോമൊവ്, ഇങ്ങോട്ടടുത്തിരിക്കൂ,'' തന്റെ തൊട്ടടുത്തു കിടന്ന ഒരു കസേരയിലേക്കു ചൂണ്ടിക്കൊണ്ടു ലെനിൻ പറഞ്ഞു. ''ഗ്രാമത്തിൽനിന്നാണോ? ഭൂമിയെക്കുറിച്ചാണോ?'' ആഗതൻ ഇരുന്നതിനുശേഷം അദ്ദേഹം ഉദ്വേഗത്തോടെ ചോദിച്ചു. ''അതു കൊള്ളാം.''

ലെനിനേയും തകരപ്പാത്രത്തേയും സ്പൂണിനേയും ഉണങ്ങിവരണ്ടു കാണപ്പെട്ട കഞ്ഞിയേയും തുറിച്ചുനോക്കിക്കൊണ്ടു് പഖോമൊവ് തന്റെ കസേരയുടെ വക്കത്തിരുന്നു. പറഞ്ഞതെന്താണെന്നു വ്യക്തമായി കേട്ടെങ്കിൽക്കൂടി അയാൾക്ക് എന്തുകൊണ്ടോ മനസ്സിന്റെ സന്തുലത വീണ്ടെടുക്കാൻ കഴിഞ്ഞില്ല. അയാളോടു പറഞ്ഞ വാക്കുകളും അയാൾ വന്നതിന്റെ ഉദ്ദേശ്യവും കുറച്ചുനേരത്തേക്ക് പിന്നണിയിലേക്കു പോയി.

''കഞ്ഞി,'' തകരപ്പാത്രം നോക്കിക്കൊണ്ടു് അയാൾ പറഞ്ഞു, ''കഞ്ഞി... അതും വെണ്ണയില്ലാതെ!''

''തല്ക്കാലത്തേക്കു വെണ്ണയില്ല,'' ലെനിൻ പറഞ്ഞു.

''ഭഗവാനേ! സഖാവ് ലെനിൻ!'' പഖോമൊവ് ചാടിയെണീററു് തന്റെ സഞ്ചിയിൽ കയ്യിട്ടു. ''ഇതാരു വിശ്വസിക്കും! ദൈവം സാക്ഷിയായി!''

ഒരു കീറത്തുണിയിൽ പൊതിഞ്ഞിരുന്ന ഉപ്പിട്ടുണക്കിയ പന്നിയിറച്ചിയും ഉരുളൻ റൊട്ടിയുടെ ഒരു ഭാഗവും ഒരു ഉള്ളിയും ഒരു തുണ്ടു് കടലാസ്സിൽ കുറച്ചു് ഉപ്പും അയാൾ പുറത്തെടുത്തു.

''സഖാവ് ലെനിൻ!'' ഇപ്പോൾ കാലിയായ പാത്രത്തിനടുത്തു് മേശപ്പുറത്തേക്കു് എല്ലാം കുടഞ്ഞിട്ടുകൊണ്ടു് അയാൾ വിളിച്ചു പറഞ്ഞു. ''ദയവായി ഇതു കഴിക്കു. വേണ്ടെന്നു പറയരുതു്!''

''വേണ്ട, നന്ദി,'' വ്ളദീമിർ ഇലിയിച്ച് ഉറപ്പിച്ചു പറഞ്ഞു. ''എനിക്കു മതിയായി.''

''സഖാവ് ലെനിൻ!'' യെഗോർ പഖോമൊവ് സോദ്വേഗം പറഞ്ഞു. ''വെണ്ണയില്ലാതെ കഞ്ഞി! അങ്ങു് അതാണോ കഴിക്കേണ്ടതു്?! അങ്ങു് ഉണക്കക്കഞ്ഞിയും ഞാൻ പന്നിയിറച്ചിയുമാണു കഴിച്ചതെന്നു് നാട്ടുകാരോടു ഞാൻ പോയിപ്പറഞ്ഞാൽ അവരെന്നെ കൊന്നുകളയും!''

''അതാണു സ്ഥിതിയെങ്കിൽ ഒരു കഷണം മുറിച്ചു തരൂ. നിങ്ങളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി!''

മരപ്പിടിയുള്ള ഒരു കത്തി യെഗോർ പഖോമൊവ് പുറത്തെടുത്തു. അരിവാളിന്റെ ഒരു കഷണം കൊണ്ടുണ്ടാക്കിയ അലകിനു് ക്ഷൗരക്കത്തിയുടെ മൂർച്ചയുണ്ടായിരുന്നു.

''ഒന്നാന്തരം പന്നിയിറച്ചി!'' പന്നിയിറച്ചിയും വാസനയുള്ള വരകുറൊട്ടിയും ചവച്ചുതിന്നുകൊണ്ടു് ലെനിൻ പറഞ്ഞു. ''റൊട്ടിയും കൊള്ളാം! ഇതുപോലെ എന്തെങ്കിലും

തിന്നിട്ടു് നാളുകുറേയായി.... നിങ്ങൾ ഒരുമാതിരി സുഖമായി കഴിയുന്നുവെന്നു തോന്നുന്നല്ലൊ. നാട്ടുമ്പുറത്തെ ആളുകൾക്കെന്താണു തോന്നുന്നതു്? ഡിക്രിയെപ്പററി കർഷകർ എന്തു പറയുന്നു?''

ഒരാഴ്ചയോ പത്തുദിവസമോ മുമ്പാണു് ലെനിൻ ഭൂമിയെക്കുറിച്ചുള്ള ഡിക്രിയിൽ ഒപ്പിട്ടതു്.... തൊഴിലാളികളും പട്ടാളക്കാരും വിന്റർ പാലസ് ആക്രമിച്ചു കയ്യടക്കുകയും വ്ളദീമിർ ഇലിയിച്ച് പെട്രോഗ്രാഡിലെ തൊഴിലാളി–സൈനിക ഡെപ്യൂട്ടികളുടെ സോവിയററിന്റെ യോഗത്തിൽ സന്നിഹിതനായി ചരിത്രത്തിലെ ഇദംപ്രഥമമായ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയം പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം, ഞരമ്പുകളേയും ശരീരത്തേയും മനസ്സിനേയും ഇരുപതു മണിക്കൂർ നേരം തുടർച്ചയായി ആയാസപ്പെടുത്തിയതിനുശേഷം, അദ്ദേഹം ബോഞ്ച്–ബ്റുയേവിച്ചിന്റെ വസതിയിലേക്കു് വിശ്രമാർത്ഥം പോയി. എന്നാൽ വിശ്രമിക്കുന്നതിനുപകരം ആതിഥേയർ ഉറങ്ങാൻവേണ്ടി കാത്തിരിക്കുകയായിരുന്നു അദ്ദേഹം. അവരെ അസഹ്യപ്പെടുത്താൻ അദ്ദേഹത്തിനു ഭയമായിരുന്നു. എന്നിട്ടു് ഒരു മേശയ്ക്കുസമീപമിരുന്നു.... വെട്ടിത്തിരുത്തിയും വീണ്ടുമെഴുതിയും ആ രാത്രിമുഴുവനും, പെട്രോഗ്രാഡിലെ ശരൽക്കാലാന്ത്യത്തിലെ ഉഷസ്സിന്റെ ധൂസരവർണ്ണം ജനാലകൾക്കുമീതെ വ്യാപിക്കുന്നതുവരെ, അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. എന്നിട്ടേ അദ്ദേഹം ഉറങ്ങാൻ കിടന്നുള്ളു.

അന്നു രാവിലെ പ്രാതലിന്റെ സമയത്തു് താനെഴുതിയതിന്റെ ഒരു അസ്സൽപ്രതി അദ്ദേഹം പുറത്തെടുത്തു് ഉറക്കെ വായിച്ചു. ''ഭൂമിയെക്കുറിച്ചുള്ള ഡിക്രി'' ആയിരുന്നു അതു്.

സോവിയററുകളുടെ രണ്ടാം അഖിലറഷ്യൻ കോൺഗ്രസ്സ് അന്നു വൈകിട്ടുതന്നെ ആ ഡിക്രി അംഗീകരിച്ചു. അതു് പത്രങ്ങളിലും ഒരു പ്രത്യേകലഘുലേഖയായും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഗ്രാമങ്ങളിൽ അതിനു് ഏതു രീതിയിലുള്ള സ്വീകരണമാണു ലഭിച്ചതെന്നു് അറിയാൻ വ്ളദീമിർ ഇലിയിച്ച് തല്പരനായിരുന്നു.

ചോദ്യം ചോദിച്ചതിനുശേഷം വ്ളദീമിർ ഇലിയിച്ച് മറുപടി കേൾക്കാൻ തയാറെടുത്തുകൊണ്ടു് സൗകര്യമായി ഇരുന്നു.

‘‘ഡിക്രിയെക്കുറിച്ചു് അവർ എന്തു പറയുന്നുവെന്നോ? കൊള്ളാം!’’ സന്തോഷാധിക്യവും ഭയവും രണ്ടുമുണ്ടായിരുന്നു പഖോമൊവിൻെറ ഭാവത്തിൽ. ‘‘ഇതുപോലൊരു ബഹളം ഞാൻ കണ്ടിട്ടേയില്ല!’’

‘‘അപ്പോളതു ഗ്രാമത്തിൽ ഇളക്കമുണ്ടാക്കിയിട്ടുണ്ടു്, അല്ലേ?’’ ലെനിൻ ചോദിച്ചു.

‘‘ഇളക്കമുണ്ടാക്കിയിട്ടുണ്ടോ എന്നോ? ആ പ്രദേശമാകെ ഒരു തേനീച്ചക്കൂടു പോലെയാണു്. സകലരും തെരുവിലിറങ്ങി കൂട്ടം കൂടി തർക്കിക്കുകയാണിപ്പോൾ.’’

‘‘അവരെന്തിനെക്കുറിച്ചാണു തർക്കിക്കുന്നതു്?’’ ഉടനെ തന്നെ, പഖോമൊവിൻെറ മേൽ ദൃഷ്ടി തറപ്പിച്ചുകൊണ്ടു് ലെനിൻ ചോദിച്ചു.

‘‘പലതിനേയും പററി, സഖാവു് ലെനിൻ,’’ പഖോമൊവു് മറുപടി പറഞ്ഞു. അയാൾ അവ ഓരോന്നായി പറഞ്ഞു തുടങ്ങി: ‘‘മുഴുവൻ ഭൂമിയും ഞങ്ങൾ എടുക്കണോ വേണ്ടയോ....’’

‘‘മുഴുവൻ ഭൂമിയും, മുഴുവനും!’’ ഒരു തുവാലകൊണ്ടു് വിരലുകൾ തുടച്ചു് വലിയ മേശയ്ക്കടുത്തുള്ള കസേരയിലേക്കു മാറിയിരുന്നുകൊണ്ടു് വ്ളദീമിർ ഇലിയിച്ച് പറഞ്ഞു. ‘‘മുഴുവനും. അവസാനത്തെ തുണ്ടം വരെ. വേറെന്തിനെപ്പററിയാണു് അവർ സംസാരിക്കുന്നതു്?’’

‘‘ഞങ്ങൾ പണം കൊടുക്കുകയേ വേണ്ടെന്നാണോ അതോ അക്കൂട്ടർ പട്ടിണികിടക്കാതിരിക്കാൻമാത്രം കൊടുക്കണമെന്നാണോ....’’

‘‘യാതൊന്നും കൊടുക്കണ്ട!’’ ലെനിൻ ഉറപ്പിച്ചു പറഞ്ഞു. ‘‘ഭൂവുടമസമ്പ്രദായം യാതൊരു പ്രതിഫലവും കൊടുക്കാതെ നിർത്തലാക്കിയിരിക്കുന്നു. ഭൂമി അതിൻെറ ന്യായമായ ഉടമസ്ഥരുടെ കൈകളിലേക്കു പോകുന്നതാണു്. പിന്നെ, എന്തിനെക്കുറിച്ചാണു് അവർ തർക്കിക്കുന്നതു്?’’

‘‘സത്യം പറഞ്ഞാൽ, മററൊരു കാര്യം കൂടിയുണ്ടു്,’’ പഖോമൊവു് തുടർന്നു. പ്രധാനപ്പെട്ട സംഗതിയിലേക്കു് അയാൾ കടക്കാനിരിക്കുന്നതേയുള്ളുവെന്നു് സ്പഷ്ടമായിരുന്നു.

‘‘എന്താണു് ആ കാര്യം?’’

പഖോമൊവു് നെടുവീർപ്പിട്ടു ചെവിയും മൂക്കും തുടച്ചു. അവസാനം ഉറപ്പിച്ചു പറഞ്ഞു:

‘‘ആ ഭൂമി അവരിനി ഒരിക്കലും എഴുന്നേൽക്കാത്ത വണ്ണം അവർക്കു് അടി മേടിച്ചുകൊടുക്കില്ലേ എന്നു കൃഷിക്കാർ അത്ഭുതപ്പെടുകയാണു്.’’

ലെനിൻ നെററി ചുളിച്ചു.

‘‘അങ്ങിനെയാണോ?’’ അദ്ദേഹം സാവധാനത്തിൽ ചോദിച്ചു. ‘‘അത്തരം സംസാരം എവിടന്നു വരുന്നുവെന്നാണു നിങ്ങൾക്കു തോന്നുന്നതു്?’’

പഖോമൊവു് കൈ മലർത്തി.

‘‘അതിനെന്തെങ്കിലും കാരണം കാണും,’’ ലെനിൻ തുടർന്നു. ‘‘എന്തിനുമുണ്ടു് ഒരു കാരണം.’’

‘‘ഞങ്ങൾക്കു ഭയമാകുന്നു,’’ യെഗോർ പഖോമൊവു് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

‘‘അതു ഭയാനകമാണു്,’’ ലെനിൻ അപ്പറഞ്ഞതിനോടു യോജിച്ചു. ‘‘എനിക്കു മനസ്സിലാകുന്നുണ്ടു്, പക്ഷെ ഒരു കാര്യം പറയൂ, ഇതാണു പ്രധാനകാര്യം: നിങ്ങൾ ആരെയാണു് ഭയപ്പെടുന്നതു്? എന്താണു ഭയാനകമായിട്ടുള്ളതു്?’’

യെഗോർ പഖോമൊവു് ഒന്നും മിണ്ടിയില്ല.

‘‘നൂററാണ്ടുകളായി തങ്ങളുടേതായിരുന്നതു് വിട്ടുപിരിയാൻ ഭൂവുടമകൾക്കും സന്യാസിമഠങ്ങൾക്കും സന്തോഷമാണു

ള്ളതെന്നാണോ നിങ്ങളുടെ വിചാരം?'' ലെനിൻ ചോദിച്ചു. ''ഒരിക്കലുമല്ല! അതുകൊണ്ടാണ് പുരോഹിതന്മാരും ഭൂവുടമകളും അവരുടെ ആൾക്കാരെ വിട്ട് അടി കിട്ടുമെന്നു പറഞ്ഞ് നിങ്ങളെ ഭീഷണിപ്പെടുത്തുന്നത്. ആരു് ആരെ അടിക്കുമെന്നതാണു ചോദ്യം.''

''അതു തുടങ്ങാൻ മോഹമുള്ള പലരുമുണ്ട്, സഖാവ് ലെനിൻ,'' പഖോമൊവ് ചൂണ്ടിക്കാട്ടി.

''ശരിയാണ്,'' ലെനിൻ സമ്മതിച്ചു. ''പക്ഷെ അടികൊള്ളാൻ ഇഷ്ടപ്പെടുന്ന തരത്തിലുള്ളവരാണോ നിങ്ങൾ? എനിക്കങ്ങനെ തോന്നുന്നില്ല!''

''അല്ല, ഞങ്ങൾ അങ്ങനത്തവരല്ല, സഖാവ് ലെനിൻ,''പഖോമൊവ് കാര്യഗൗരവത്തോടെ പറഞ്ഞു. ''പക്ഷെ ധാരാളം കയ്യൂക്കുള്ള ചിലർ ഇനിയുമുണ്ട്....''

''നമ്മുടെ ശത്രുക്കളാണോ?'' ഉടൻ ലെനിൻ ചോദിച്ചു.

''അതെ, നമ്മുടെ ശത്രുക്കൾ....'' പഖോമൊവ് പറഞ്ഞു.

''അതു ശരി!'' ലെനിൻ ഉദ്ഘോഷിച്ചു. ''സോവിയററ് അധികാരം യഥാർത്ഥത്തിൽ സുശക്തമാണോ? പിടിച്ചുനിന്നു ജയിക്കാൻ മാത്രം സുശക്തമാണോ? അതാണു ചോദ്യം, അല്ലേ? വ്യക്തം! ഞങ്ങൾ ഭൂമി പിടിച്ചടക്കുകയും പുതിയ അധികാരം നിലംപതിച്ച് ബോൾഷെവിക്കുകളും കമ്മിസാറുകളും നാലുപാടും വിരണ്ടോടുകയും ചെയ്താൽ എന്തു സംഭവിക്കും? കാര്യങ്ങൾ സ്വന്തം കയ്യിലെടുത്തതിന് കൃഷിക്കാർക്കു കിട്ടാൻ പോകുന്നതു് അപ്പോഴാണ്! ഞാൻ ആ വാദമുഖം കാണുന്നുണ്ട്.'' ലെനിൻ മേശയുടെ പിന്നിൽനിന്നും ഇറങ്ങിവന്നു. പഖോമൊവിനെ സമീപിച്ച് അദ്ദേഹം തുടർന്നു: ''മുതലാളിത്തലോകം മുഴുവൻ എതിരായി അണിനിരന്നാൽക്കൂടി സോവിയററധികാരത്തെ പരാജയപ്പെടുത്താൻ ആരെക്കൊണ്ടുമാവില്ല. പക്ഷെ അതിൻെറ നില

നിൽപ്പു നമ്മെയെല്ലാം, നിങ്ങളെക്കൂടി, സഖാവ് പഖോമൊവ്, ആശ്രയിച്ചാണിരിക്കുന്നതു്!''

അവസാനം പറഞ്ഞ വാക്കുകൾ കേട്ട് യെഗോർ പഖോമൊവ് അമ്പരന്നു:

''എന്തുകൊണ്ടു ഞങ്ങളെ ആശ്രയിച്ചിരിക്കുന്നു, സഖാവ് ലെനിൻ?''

''എന്തുകൊണ്ടാണെന്നുവച്ചാൽ,'' ലെനിൻ കാര്യഗൗരവത്തോടെ പറഞ്ഞു, ''നിങ്ങൾ പന്നിയിറച്ചിയും നല്ല റൊട്ടിയും കഴിക്കുമ്പോൾ തൊഴിലാളികൾക്കും സൈനികർക്കും നാവികർക്കും ശാസ്ത്രജ്ഞന്മാർക്കും കിട്ടുന്നതെന്താണെന്ന് ദൈവത്തിനേ അറിയൂ. മറെറാന്നുമില്ലെങ്കിലും ഈയൊരൊററ കാരണംകൊണ്ട്.... അതെ, അതു തന്നെ!''

യെഗോർ പഖോമൊവ് തറയിൽ ദൃഷ്ടിയൂന്നിക്കൊണ്ടു നിന്നു.... ''ഞങ്ങളും അത്ര നന്നായിട്ടൊന്നുമല്ല കഴിയുന്നതു്'', അയാൾ എതിർത്തു. 'പക്ഷെ മൊത്തത്തിൽ അത്ര മോശമായിട്ടല്ല... ഏതായാലും പട്ടണത്തിലുള്ളവരേക്കാൾ ഭേദമായിട്ടാണ്. തീർച്ച.'' ചാരുകസേരയിലിരിക്കാൻ തുടങ്ങിയ ലെനിൻെറ മേൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അയാൾ സാവധാനത്തിൽ തുടർന്നു:

''എനിക്കു തോന്നുന്നതു്, കൃഷിക്കാർ തൊഴിലാളികൾക്കു റൊട്ടി കൊടുക്കുമെന്നാണ്.... അവരതു ശേഖരിക്കും....''

''ഭേഷ്!'' ലെനിൻ പ്രഖ്യാപിച്ചു. ''നമ്മൾ ഇപ്പോൾ ആലോചിച്ചുകണ്ടുപിടിച്ചതു് നല്ലൊരു കാര്യമാണ്, സഖാവ് പഖോമൊവ്! തൊഴിലാളിപ്രതിനിധികളുടെ ഒരു സന്ദർശനം നിങ്ങൾക്കു പ്രതീക്ഷിക്കാം!''

അദ്ദേഹം കടലാസ്സിൽ എന്തോ കുറിച്ചു. ഈ നല്ല ആശയം എത്രകണ്ടു വിപുലമായി നടപ്പാക്കാനൊക്കുമെന്ന് അതിനകം തന്നെ അദ്ദേഹം മനസ്സിലാക്കിയിരുന്നു.

''അതു വളരെ നന്നായി, സഖാവ് പഖോമൊവ്!''

പുഞ്ചിരിതൂകിക്കൊണ്ട് അദ്ദേഹം പറഞ്ഞു. എന്നിട്ട ചോദിച്ചു, ''ഭൂമിയെപ്പററി എന്തു പറയുന്നു? അപ്പോഠം അതെടുക്കണ്ടാ എന്നാണോ നിങ്ങളുടെ തീരുമാനം? നിങ്ങഠം വല്ലാതെ ഭയപ്പെട്ടിരിക്കുകയാണോ?''

യെഗോർ പഖോമൊവ് ഇടത്തോട്ടും വലത്തോട്ടും നോക്കി. അനന്തരം ഗാംഭീര്യവും പ്രാധാന്യവും സ്ഫുരിക്കുന്ന സ്വരത്തിൽ അയാളിങ്ങനെ പ്രഖ്യാപിച്ചു:

''ഭൂമി ഒരു മണിക്കൂറിനകം പങ്കിട്ടു. മുഴുവനും!''

ഏതാനും നിമിഷനേരത്തേക്ക് അവിടെ പരിപൂർണ്ണ നിശ്ശബ്ദതയായിരുന്നു. പിന്നീടാണ് ഒരിടിമുഴക്കം കേട്ടതു്. തള്ളവിരലുകഠം രണ്ടും വെയിസ്റ്റ്കോട്ടിൻെറ കയ്യിടുന്ന ദ്വാരങ്ങളിൽ തിരുകിക്കൊണ്ട്, തല പുറകോട്ടു ചരിച്ച് ഹൃദയംഗമമായി പൊട്ടിച്ചിരിക്കുകയായിരുന്നു ലെനിൻ. ചിരി നിർത്താൻ അദ്ദേഹം ഇടയ്ക്കു ശ്രമിച്ചു. പക്ഷെ പഖോമൊവിനെ കാണുകയും അയാളുടെ വാക്കുകഠം ഓർക്കുകയും ചെയ്യുപ്പോഠം പിന്നെയും പൊട്ടിച്ചിരിച്ചു.

''മുഴുവനും പങ്കിട്ടു!'' ചിരിച്ചുകൊണ്ട് അദ്ദേഹം തുടർന്നു. ''ഒരു മണിക്കൂറിനകം! അതും മുഴുവനും! അതു ശരി. എന്നിട്ടിപ്പോഠം നിങ്ങളുടെ ശങ്ക....''

വീണ്ടും അദ്ദേഹം പൊട്ടിച്ചിരിച്ചു.

''ഞങ്ങഠം ഇനി ഒന്നിനെക്കുറിച്ചും വിഷമിക്കുകയില്ല എന്നാണെനിക്കു തോന്നുന്നതു്,'' തൻെറ സഞ്ചിയടച്ചുകൊണ്ട് പഖോമൊവ് പറഞ്ഞു. ''പക്ഷെ എനിക്കൊന്നു ചോദിക്കാനുണ്ട്, സഖാവ് ലെനിൻ.''

''ഇനിയുമൊരു ചോദ്യമോ? കേഠക്കട്ടെ. ഒരു പക്ഷെ ഇതായിരിക്കും പ്രധാനചോദ്യം!'' കുസൃതിയോടെ കണ്ണുകഠം ഇറുക്കിക്കൊണ്ട് വ്ളദീമിർ ഇലിയിച്ച് പറഞ്ഞു. ദുഷ്കരവും ''സങ്കീർണ്ണവു''മായ ഒരു ചോദ്യം, മറുപടി പറയാൻ രസമുള്ള ഒരു ചോദ്യം, പ്രതീക്ഷിക്കുന്നുവെന്നമട്ടിൽ ഉത്സാഹത്തോടെയാണ് ലെനിൻ സംസാരിച്ചതു്.

''ആയിരിക്കാം,'' പഖോമൊവ് ആലോചിച്ചുകൊണ്ടു പറഞ്ഞു.

''ആ പ്രധാനചോദ്യമെന്താണെന്നു കേഠക്കട്ടെ.''

''ഞങ്ങഠക്ക് വിഷമിക്കാനൊന്നുമില്ലെന്ന് അങ്ങു പറഞ്ഞല്ലൊ,'' പഖോമൊവ് പറഞ്ഞു. ''സോവിയററ് അധികാരം എന്നെന്നേക്കും നിലനിൽക്കുമെന്നും അങ്ങു പറഞ്ഞല്ലൊ. പക്ഷെ — ഞാനിപ്പറയുന്നതു ക്ഷമിക്കണം — ഇങ്ങനെയുണ്ടോ ഒരധികാരം? കമ്മിസാറിന് ഒരു മേശപോലുമില്ല, ഉടുതുണിപോലുമില്ലാത്ത കമ്മിസാർ — എൻെറ ഭാഷ പൊറുക്കണം. ഇനിയൊരാളാണെങ്കിൽ ഇവിടെയിരുന്ന് വെണ്ണയില്ലാതെ കഞ്ഞി കഴിക്കുന്നു....''

''പോരെങ്കിൽ കഷണ്ടിക്കാരനും!'' പഖോമൊവിൻെറ സ്വരം അനുകരിച്ചുകൊണ്ട് ലെനിൻ ഇടയ്ക്കുകയറിപ്പറഞ്ഞു.

പഖോമൊവ് താഴോട്ടു നോക്കി. തൻെറ ആദരവ് രേഖപ്പെടുത്താനായി ഒരു നിമിഷത്തേക്ക് അയാളൊന്നും പറഞ്ഞില്ല.

''വെണ്ണയില്ലാതെ കഞ്ഞി കഴിക്കുന്നു,'' അയാഠം ആവർത്തിച്ചു. ''എന്നിട്ട് റഷ്യ മുഴുവൻ ഭരിക്കുകയോ? ഇതെന്തൊരു അധികാരമാണ്?''

''നിങ്ങളെ ഒരു സോവിയററിലേക്കു തിരഞ്ഞെടുക്കുകയാണെങ്കിലോ?'' ലെനിൻ പറഞ്ഞു. ''മരത്തൊലികൊണ്ടുള്ള ചെരുപ്പുമിട്ട് വീട്ടിൽ നെയ്തെടുത്ത കൃഷിക്കാരുടേതായ ഒരു കോട്ടും ധരിച്ച് — ഞാനിങ്ങനെ പറയുന്നതു ക്ഷമിക്കണം—അരയിൽ കയറുകൊണ്ടൊരു കെട്ടും കെട്ടിയായിരിക്കും നിങ്ങഠം സോവിയററ് അധികാരത്തെ പ്രതിനിധീകരിക്കുന്നതു്. എന്തുതരത്തിലുള്ള അധികാരമായിരിക്കും അതു്? അതു നിങ്ങളുടെ അധികാരമായിരിക്കും! ജനങ്ങളുടെ അധികാരം!''

ഭംഗിയായി വസ്ത്രധാരണം ചെയ്ത ഒരാഠം ചിട്ടയോടെ ചുവടുകഠം വെച്ച് മുറിക്കുള്ളിൽ പ്രവേശിച്ചു. ആപ്പിൻെറ ആകൃതിയിൽ ഒരു താടിയുണ്ടായിരുന്നു അദ്ദേഹത്തിന്.

അദ്ദേഹത്തിന്റെ വിസ്തൃതമായ നെററിത്തടം തിളങ്ങുന്നുണ്ടായിരുന്നു; വളരെ ശോഷിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്ന് കൂടുതൽ ഉയരം തോന്നിച്ചു.

''സഖാവ് ദ്സെർഷീൻസ്ക്കി... ഫേലിക്സ് എദ്മുണ്ടൊവിച്ച്!'' പുഞ്ചിരിവിടാതെ ലെനിൻ അദ്ദേഹത്തോടു പറഞ്ഞു. ''ഇതു സഖാവ് പഖോമൊവാണ്, ഒരു കർഷകൻ.... ഭൂമി പിടിച്ചെടുക്കാൻ അവർക്കു ഭയമാണെന്നാണ് ഇയാഠം പറയുന്നത്, അവർക്ക് അടി കിട്ടുമോ എന്ന ഭയം... ഞാൻ സോവിയററധികാരത്തെപ്പററി പറഞ്ഞു, അതിവിടെ നിലനിൽക്കാൻ പോവുകയാണെന്നു പറഞ്ഞു. പക്ഷെ സോവിയററധികാരം മനസ്സിൽ പതിയുന്നില്ലെന്നാണ് ഇയാഠം പറയുന്നത്. അതേസമയം, അവർ പണ്ടേ ഭൂമിയെല്ലാം പങ്കിട്ടെടുത്തുകഴിഞ്ഞതായിട്ടാണു കാണുന്നത്!''

വ്ളദീമിർ ഇലിയിച്ച് വീണ്ടും ചിരിച്ചുകൊണ്ട് ദ്സെർഷീൻസ്ക്കിക്കു കൈകൊടുത്തു.

''എന്തു പറയുന്നു?'' എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം തുടർന്നു: ''ഒരു വമ്പിച്ച ശക്തി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു; അതിനു പ്രതിബന്ധമായി നിൽക്കുകയെന്ന തെററു ചെയ്യുന്നതാരായാലും അവർ നിശ്ചയമായും തെറിച്ചുപോകും!''

അദ്ദേഹം യെഗോർ പഖോമൊവിനെ വാതുക്കൽവരെ അനുഗമിച്ചു. കൈകൊടുത്തു യാത്രപറഞ്ഞ് അയച്ചതിനുശേഷം ദ്സെർഷീൻസ്ക്കിയുടെ അടുത്തേക്കു തിരിഞ്ഞു.

ലെനിന്റെ മുറി വിട്ടിറങ്ങിയതിനുശേഷം യെഗോർ പഖോമൊവ് സന്ദർശകമുറിയിൽ അല്പസമയത്തേക്ക് നിശ്ചലനായി നിന്നു. നാക്കുകൊണ്ടു ശബ്ദമുണ്ടാക്കി അയാഠം തന്നെത്താൻ ആകെപ്പാടെയൊന്നു നോക്കി. മരത്തൊലികൊണ്ടുണ്ടാക്കിയ തന്റെ ചെരുപ്പും തന്റെ കോട്ടിന്റെ പിഞ്ഞിയ വക്കും.... അരയിലെ കയറും അയാഠം നോക്കി.

''ഞാൻ സോവിയററധികാരത്തെ പ്രതിനിധാനം ചെയ്യുന്നു!'' പുഞ്ചിരിച്ചുകൊണ്ട് അയാഠം സ്വയം പറഞ്ഞു.

''കണ്ടിട്ടെന്തായി? എല്ലാം തീരുമാനിച്ചോ?''

''എനിക്കു കമ്മിസാറെ ഒന്നുകൂടി കാണണം!'' പെട്ടെന്നു മനപ്രയാസപ്പെട്ടിട്ട് അയാഠം പറഞ്ഞു.

''എന്ത്?'' സെക്രട്ടറി അത്ഭുതപ്പെട്ടു. ''നിങ്ങഠം ഇപ്പോഴല്ലേ ലെനിനോടു സംസാരിച്ചത്? അതുകൊണ്ട് തൃപ്തിയായില്ലേ?''

''ഉവ്വ്... പക്ഷെ കമ്മിസാറുമായി ഞാൻ സംസാരിച്ചപ്പോഠം കാര്യങ്ങഠം വേണ്ടവിധത്തിലല്ല നീങ്ങിയത്,'' പഖോമൊവ് പറഞ്ഞു. ഭൂമിയെക്കുറിച്ച് ലെനിൻ പറഞ്ഞ അതേ കാര്യങ്ങളാണ് അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാർ തന്നോടു പറഞ്ഞതെന്ന് അയാഠം മനോവൈഷമ്യത്തോടെ ഓർത്തു. എന്നാൽ അദ്ദേഹത്തെ വിശ്വസിക്കാൻ അയാഠംക്കു കഴിഞ്ഞില്ല. അതേസമയം, വ്ളദീമിർ ഇലിയിച്ച് പിന്നീടു പറഞ്ഞത് അതേപടി വിശ്വസിക്കുകയും ചെയ്തു....

അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാർ ഒരുപക്ഷെ ഇപ്പോഠം സ്ഥിരമായി തന്റേതായിരിക്കുന്ന ഒരു മേശയുടെ പിന്നിൽ സുരക്ഷിതനായി ഇരിക്കുന്നത് പഖോമൊവ് കണ്ടു. വലിപ്പുകഠം പരിശോധിച്ച് ചില പുസ്തകങ്ങളും കടലാസ്സുകളും മാററിവെയ്ക്കുകയായിരുന്നു അദ്ദേഹം.

യെഗോർ പഖോമൊവ് കൈ നീട്ടിക്കൊണ്ടു പറഞ്ഞു:

''ഞാനിപ്പോഠം പോവുകയാണ്... വളരെ നന്ദി, സഖാവേ!''

''പക്ഷേ നിങ്ങഠം നേരത്തേ യാത്ര പറഞ്ഞല്ലൊ!'' അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാർ ആശ്ചര്യത്തോടെ ഓർമ്മപ്പെടുത്തി.

''വളരെ ശരി!'' പഖോമൊവ് അപ്പറഞ്ഞതിനോടു യോജിച്ചു. ''പക്ഷെ ഞാൻ ഒന്നുകൂടി യാത്ര പറയുകയാണ്!'' കവിഞ്ഞൊഴുകുന്ന കൃതജ്ഞതയോടെ അയാഠം അസിസ്റ്റന്റ് പീപ്പിഠംസ് കമ്മിസാറുടെ കരം ദൃഢമായി ഗ്രഹിച്ചു.

ലെനിൻ ക്രെംലിനിൽ വച്ച് ഒരു പ്രസംഗം റിക്കാർഡു ചെയ്യുന്നു. മാർച്ച് 1919

സാവ്വ ദങ്കുലൊവ്

ഒരു പ്രശസ്ത സോവിയററ് പത്രപ്രവർത്തകനും ''ഇനൊസ്ത്രാന്നയ ലിതെറതുറ'' (വിദേശസാഹി ത്യം) എന്ന മാസികയുടെ സഹമുഖ്യപത്രാധിപരു മായ സാവ്വ ദങ്കുലൊവ് ലെനിനെപ്പററി എഴുതിയി ട്ടുള്ള കഥകൾ ഒരു യുവനയതന്ത്രപ്രതിനിധിയും മുൻ തൊഴിലാളിയുമായ ദിമീത്രിയ് ദിമീത്രിയെവിച്ച് റിബക്കോവ് എഴുതുന്ന രൂപത്തിലാണ് അവതരി പ്പിച്ചിരിക്കുന്നതു്. വിപ്ലവത്തിൻെറ ആദ്യവർഷങ്ങ ളിൽ സോവിയററ് റഷ്യയിൽ വന്ന അമേരിക്കാ ക്കാരുമായി വ്ളദീമിർ ഇലിയിച്ച് നടത്തിയ കൂ ടിക്കാഴ്ചകളെക്കുറിച്ചുള്ള രേഖകളേയും അനുസ്മരണ ങ്ങളേയും ആസ്പദമാക്കിയുള്ളതാണ് ഈ കഥകൾ.

സുഹൃത്ത്

പാതിരായ്ക്കു ഏതാനും മിനിട്ടുകൾ മുമ്പ് ഞാൻ ആ കെട്ടിടത്തിൽനിന്നുമിറങ്ങി. ലെനിന്റെ പഠനമുറിയിലെ വിളക്കുകൾ അണച്ചിരുന്നു. അദ്ദേഹം അവിടന്നിറങ്ങി എന്നർത്ഥം. ജോൺ റീഡും പോയിരുന്നു. ചന്ദ്രബിംബം മൊസ്ക്വാനദിക്കപ്പുറത്ത് ഉയർന്നുകഴിഞ്ഞിരുന്നു. മഹാനായ ഇവാന്റെ മണിമേടയുടെ കരിനിഴൽ ക്രെംലിനിന്റെ തറക്കല്ലുകളിൽ വ്യാപിച്ചു. നഗരമാകെ നിശ്ശബ്ദമായി. പച്ചിലപ്പടർപ്പുകളുടെ തണുത്തുകോച്ചുന്ന നിശ്വാസവും പാതിരാവിലെ മൂടൽമഞ്ഞും ആ നിശ്ശബ്ദതയ്ക്കു കൂട്ടുനിന്നു. മൊസ്ക്വാനദിയുടെ ഇടുങ്ങിയ പാതയിൽനിന്നുമാണ് ആ നിശ്ശബ്ദത പടർന്നുപിടിക്കുന്നതെന്നു തോന്നി. താഴികക്കുടങ്ങളുടെ മങ്ങിയ സുവർണ്ണനിറം ചന്ദ്രകിരണങ്ങൾ തേച്ചുമിനുക്കി. ഈ ബൃഹത്തായ മൂകതയിൽ ഏതു ശബ്ദവും വളരെ ദൂരെ പ്രതിദ്ധ്വനിക്കുമായിരുന്നു.

ക്രെംലിൻ കുന്ന് നദിയിലേക്കു ചരിഞ്ഞിറങ്ങുന്നിടത്തുള്ള വഴിയിൽ രണ്ടു രൂപങ്ങൾ കാണാമായിരുന്നു. ചന്ദ്രന്റെ ലോലമായ കരങ്ങൾ അവരുടെ ചുമലുകളിൽ പതിഞ്ഞുകഴിഞ്ഞിരുന്നു—ലെനിനും റീഡുമായിരുന്നു അവർ. റീഡ് സംസാരിക്കുകയായിരുന്നു. ഒരേസമയത്തു ലളിതവും ഉൽകൃഷ്ടവുമായ വാക്കുകളിൽ സംസാരിക്കാൻ അദ്ദേഹത്തിനു കഴിയുമായിരുന്നുവെന്നതു് ഞാൻ മുമ്പുതന്നെ ശ്രദ്ധിച്ചിട്ടുള്ള ഒരു സംഗതിയാണ്. പാകതയിൽനിന്നും താൻ പറയുന്നതു് എല്ലാവർക്കും മനസ്സിലാകണമെന്ന നിർബ്ബന്ധത്തിൽനിന്നും ഉടലെടുത്തതാണ് അദ്ദേഹത്തിന്റെ സംസാരലാളിത്യം. സംസാരോൽകൃഷ്ടതയെ സംബന്ധിച്ചാണെങ്കിൽ, ഒരുപക്ഷേ അദ്ദേഹത്തിന്റെ പ്രകൃതത്തിൽനിന്നു തന്നെ ബഹിർഗ്ഗമിച്ചതാവണം അതു്. എന്തെന്നാൽ അദ്ദേഹം ഒരു കവിയായിരുന്നു. ഞാൻ എന്റെ നടപ്പിന്റെ വേഗത കൂട്ടി അവരെ രണ്ടുപേരേയും കടന്നു പോയി. പക്ഷെ ക്രെംലിൻ ഗേററിനടുത്തെത്തുംതോറും ഞാൻ നടപ്പ് പതുക്കെയാക്കി. പിന്നിൽ വരുന്ന

ആ രണ്ടു പേരുടേയും ഉദ്വേഗം എങ്ങിനെയോ എന്നെയും ബാധിച്ചതുപോലെ തോന്നി.

രാത്രി ഇത്ര വൈകിയിട്ട് റീഡുമായി സംസാരിക്കാൻ ലെനിൻ തീരുമാനിച്ചതു് യാദൃച്ഛികമല്ലായിരുന്നു. പെട്രോഗ്രാഡിൽവെച്ചും ഇങ്ങനെതന്നെയായിരുന്നുവെന്നാണു ഞാനറിഞ്ഞതു്. അവിടെ വെള്ളിനിറത്തിലുള്ള ചുമർക്കടലാസ്സു പതിച്ച ഒരു മുറിയിലായിരുന്നു അവർ ഒന്നിച്ചുകൂടിയിരുന്നതു്. ആ മുറിയുടെ പകുതിഭാഗം ലെനിന്റെ പഠനമുറിയായിട്ടും മറ്റേ പകുതി അദ്ദേഹത്തിന്റെ ശയനമുറിയായിട്ടും വേർതിരിച്ചിരുന്നു. അവരുടെ സംസാരം പഠനമുറിയിൽ തുടങ്ങി അർദ്ധരാത്രി ഒരു ചായമേശയ്ക്കു പിന്നിൽ മറയ്ക്കുപ്പുറത്തു് അവസാനിക്കുകയായിരുന്നു പതിവു്.

നടപ്പാതയിൽനിന്നും റോഡിലേക്കു ഞാൻ ഇറങ്ങാൻ ഭാവിച്ചപ്പോൾ പിന്നിൽ കാൽപ്പെരുമാറ്റം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ നിലാവിൽ ഞാൻ കണ്ടതു് ജോൺ റീഡിനെയാണു്.

''ഏതാണ്ടു മൂന്നു മിനിട്ടായി ഞാൻ നിങ്ങളെ സൂക്ഷിക്കുകയാണു്,'' അദ്ദേഹം തുറന്നു പറഞ്ഞു. ''നിങ്ങൾ തിടുക്കത്തിലാണോ?''

''അല്ല,'' കുറേക്കൂടി പതുക്കെ നടന്നുകൊണ്ടു് ഞാൻ പറഞ്ഞു.

''അങ്ങിനെയാണെങ്കിൽ നമുക്കൊന്നിച്ചു നടക്കാം.''

അദ്ദേഹം അപ്പോഴും മൂന്നു ചുവടു പുറകിലായിരുന്നു. ആ ദൂരം കുറയ്ക്കാൻ അദ്ദേഹം യത്നിച്ചില്ല. ഞാനും വേഗത കുറച്ചില്ല. ചന്ദ്രൻ മേഘങ്ങളുടെ പിന്നിൽ മറഞ്ഞു. എങ്കിലും എനിക്കു് റീഡിനെ ശരിക്കു കാണാമായിരുന്നു. കാഴ്ചയിൽ അദ്ദേഹം ഒരു തൊഴിലാളിയാണെന്നു തോന്നുമായിരുന്നു: വിസ്തൃതവും അല്പം വളഞ്ഞതുമായ മുതുകു്, നീളം കുറഞ്ഞു് കരുത്തുള്ള കയ്യുകൾ. അദ്ദേഹത്തിന്റെ വേഷവും ലളിതമായിരുന്നു — ചാരനിറത്തിലോ കടുംനിറത്തിലോ ഉള്ള സർവ്വസാധാരണമായ ഒരു സൂട്ടു്, മടക്കിവച്ച കോളറോടുകൂടിയ ഒരു വെള്ളഷർട്ടു്, അതിൽ ഒന്നുരണ്ടു ബട്ടൻ ഇട്ടിരുന്നില്ല. ചന്ദ്രന്റെ മങ്ങിയ വെളിച്ചം ആ ഷർട്ടിൽനിന്നും കുറേശ്ശെ പ്രതിഫലിക്കുന്നുണ്ടായിരുന്നു. നദിയിൽനിന്നും അടിച്ച കാറ്റിൽ ജീർണ്ണിച്ച മരത്തിന്റെ ദുർഗന്ധം കലർന്നിരുന്നു. റീഡ് വിറകൊണ്ടു് ഇടയ്ക്കിടെ തോളുകളുയർത്തി.

''അങ്ങു തെക്കു് ഇപ്പോൾ ആകാശം ഇരുണ്ടിരിക്കും,'' മുകളിലേക്കു നോക്കി അദ്ദേഹം പറഞ്ഞു. ''നക്ഷത്രങ്ങളാണെങ്കിൽ... അവയോരോന്നിനും മുഷ്ടിയേക്കാൾ വലിപ്പമുണ്ടായിരിക്കും.'' സ്വന്തം മുഷ്ടി നോക്കി അദ്ദേഹം ചിരിച്ചു.

''ജനറൽ പാഞ്ചോയുടെ നാടായ മെക്സിക്കോവിനെക്കുറിച്ചാണോ നിങ്ങൾ സംസാരിക്കുന്നതു്?'' ഞാൻ ചോദിച്ചു.

''അല്ല, പാഞ്ചോ എന്നു പറയാൻ കാരണമെന്താണു്?'' പുഞ്ചിരിച്ചുകൊണ്ടു് അദ്ദേഹം മുഷ്ടി ഉയർത്തി. ''വീവാ പാഞ്ചോ! വീവാ വീല്യ!''* ഇപ്പോൾ എന്നേക്കാൾ ഒരടി മുന്നിലായിരുന്ന അദ്ദേഹം എന്നെ ചരിഞ്ഞൊന്നു നോക്കി. ''കാരുണ്യമുള്ള ഹൃദയമായിരുന്നു അദ്ദേഹത്തിന്റേതു്, നിങ്ങൾക്കറിയാമോ! കാരുണ്യമുള്ള ഹൃദയമുണ്ടായിരിക്കുകയെന്നതു് വളരെ പ്രധാനമാണു്! സ്വഭാവത്തിന്റെ കാര്യം പറഞ്ഞാൽ, അത്തരമൊരാളിൽ കാരുണ്യത്തേക്കാൾ പ്രധാനം അതാണു്. അതങ്ങിനെയായിരിക്കണമെന്നാണു് എനിക്കു തോന്നുന്നതു്.''

അദ്ദേഹമിപ്പോൾ എന്നോടൊപ്പം നടക്കുകയായിരുന്നു. അല്പം ഉന്തിയ കണ്ണുകളും വലിയ താടിയും ആ മുഖത്തെ തെല്ലു വിരൂപമാക്കിയെങ്കിലും അദ്ദേഹത്തിന്റെ മനോവ്യാപാരങ്ങൾ തന്നിമിത്തം അതിൽ പ്രതിഫലിച്ചിരുന്നു. അദ്ദേഹത്തിന്റെ അവയവങ്ങൾ തമ്മിൽ പൊരുത്തമില്ലായിരുന്നെങ്കിലും ആ കണ്ണുകളും ഉയർന്ന നെറ്റിയും ചുണ്ടുകളും

*പാഞ്ചോ നീണാൾ വാഴട്ടെ! വീല്യ നീണാൾ വാഴട്ടെ!—പരിഭാഷകൻ.

ആനന്ദം നൽകിയിരുന്നു. ഈ വിശദാംശങ്ങളിൽ ആരും പ്രത്യേകം ശ്രദ്ധിക്കുമായിരുന്നില്ല. കാരണം ആകെക്കൂടി അദ്ദേഹം ഒരു സുമുഖനായിരുന്നു.

റീഡ് നടപ്പിന്റെ വേഗത കുറച്ച് നിന്നു.

''ഒരു മിനിട്ട്. ഞാനെന്റെ ശ്വാസമൊന്നു പിടിച്ചോട്ടെ.''

അദ്ദേഹം കൈ നെഞ്ചോടു ചേർത്തുപിടിച്ചു.

''ഹൃദ്രോഗമാണോ?''

''അതെ. ഡോക്ടർമാർ പറയുന്നതു പോലെ എന്റെ ഹൃദയം എന്റെ തൊണ്ടയിലാണ്.'' ഒരു ഹൃദ്രോഗി ചെയ്യാറുള്ളതുപോലെ അദ്ദേഹം മെല്ലെ ചുമച്ചു. ''ശരി! എനിക്കു ശ്വാസം വീണ്ടുകിട്ടി.'' അദ്ദേഹം പുഞ്ചിരിക്കാൻ ശ്രമിച്ചു. ''നമുക്കു നടപ്പു തുടരാം, പക്ഷെ അത്ര വേഗം വേണ്ട. നാം എന്തിനെക്കുറിച്ചാണു സംസാരിച്ചുകൊണ്ടിരുന്നത്?''

ഞങ്ങൾ പതുക്കെ, വളരെപ്പതുക്കെ, നടന്നുകൊണ്ടിരുന്നു. ആരുമാവശ്യപ്പെടാതെ ഞങ്ങളുടെ സംസാരത്തിനിടയ്ക്കു കയറിവന്ന ആ വരണ്ട ചുമ അതിന് അപരിഹാര്യമായ ഹാനിവരുത്തിയേനെ. പക്ഷെ റീഡ് ഒരു നിമിഷനേരത്തേക്കു മാത്രമേ മൗനമായിരുന്നുള്ളു.

''ജനറൽ പാഞ്ചോയിൽപ്പോലും എന്തോ ഒന്നിന്റെ അഭാവമുണ്ടായിരുന്നു. പ്രധാനപ്പെട്ട എന്തോ ഒന്നിന്റെ!'' റീഡ് ഊന്നിപ്പറഞ്ഞു. പാഞ്ചോയെപ്പററി സംസാരിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടതെന്നും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മറെറാന്നിനും ഈ നിമിഷത്തിൽ വലിയ അർത്ഥമില്ലായിരുന്നുവെന്നും അദ്ദേഹത്തിന്റെ ഉദ്വേഗം വെളിപ്പെടുത്തി.

ആ ജനറലിന്റെ സമീപത്തായി രണ്ടാമതൊരാൾ—ഒരു സുഹൃത്തും സഹപ്രവർത്തകനും—വേണ്ടതായിരുന്നുവെന്ന് റീഡിന് ഒരു കാലത്തു തോന്നിയിരുന്നു. ''കമ്മിസാർ'' എന്ന വാക്കുപയോഗിക്കാൻ അദ്ദേഹം മടിച്ചില്ല. സംഭവങ്ങ

ളുടെ ഗതിക്രമവും ജീവിതത്തിന്റെ യുക്തിയും അത്തരമൊരാളിന്റെ സാന്നിദ്ധ്യം ആവശ്യമാക്കിത്തീർക്കുമെന്നാണ് റീഡ് വാസ്തവത്തിൽ വിചാരിച്ചിരുന്നത്. പക്ഷെ അദ്ദേഹത്തിനു തെററു പററി. അങ്ങനെയൊരാൾ പ്രത്യക്ഷപ്പെട്ടില്ല. ചിലപ്പോൾ അദ്ദേഹത്തിനു തോന്നി, ഭൂഗർഭത്തിലുള്ള തീക്ഷ്ണമായ തീജ്വാലകളെപ്പോലെയാണു വിപ്ലവത്തിന്റെ ജ്വാലകളെന്ന്. അവ ഒരിടത്ത് ബഹിർഗമിച്ചില്ലെങ്കിൽ മറെറവിടെയെങ്കിലും അവ പുറത്തുവരുമെന്നു തീർച്ച.

ഒരു നിമിഷം മിണ്ടാതിരുന്ന് അദ്ദേഹം തുടർന്നു:

''ഞാൻ പറയാനാഗ്രഹിക്കുന്ന മറെറാരു കാര്യമിതാണ്: ഞാൻ ലെനിനെപ്പററി കേൾക്കുന്നതിനു മുമ്പുപോലും എനിക്കറിയാമായിരുന്നു അങ്ങനെയൊരാൾ വന്നേതീരൂ എന്ന്. അദ്ദേഹം വരാതെ നിവൃത്തിയില്ലായിരുന്നു. പാഞ്ചോയെ കണ്ട എനിക്ക് ഇക്കാര്യം ശരിക്കും ബോദ്ധ്യമായിരുന്നു.''

അദ്ദേഹം വീണ്ടും ആവേശഭരിതനായി. പാഞ്ചോയും ലെനിനും. റീഡിനെ സംബന്ധിച്ചിടത്തോളം പ്രശ്നം പരിഹരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. പക്ഷെ ഒരു തീരുമാനത്തിൽ എത്തുകയെന്നത് അദ്ദേഹത്തിനു വിഷമകരമായിരുന്നു. മിക്കവാറും ഒരു സമരം കൂടാതെ ആയിരുന്നിരിക്കയില്ല അദ്ദേഹത്തിന്റെ മനസ്സിൽ ഒരാൾ മറേറയാൾക്ക് വഴിമാറിക്കൊടുത്തത്. സമരം കൂടാതെ യാതൊന്നും ജീവിതത്തിൽ സംഭവിക്കുന്നില്ല. രണ്ടു തത്വങ്ങളും അദ്ദേഹത്തെ ഒരുപോലെ ആകർഷിക്കുകയും അതിലേതു സ്വീകരിക്കണമെന്നു തീരുമാനിക്കാൻ അദ്ദേഹത്തിനു കഴിയാതെ വരികയും ചെയ്തൊരു കാലം ഉണ്ടായിരുന്നിരിക്കണം.

ഞങ്ങൾ റെഡ്സ്ക്വയറിൽ പ്രവേശിച്ചു.

''മഹത്തായ സംഭവങ്ങൾ അങ്ങവിടെ പരിപക്വമായി വരികയാണ്!'' നേരേമുമ്പിൽക്കണ്ട ആകാശത്തിന്റെ കിഴക്കേ അററത്തേക്കു നോക്കുകയായിരുന്നു അദ്ദേഹം. ''വിമോച

നത്തിന്റെ പതാകകൾ കിഴക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണെന്നു ലെനിൻ പറയുകയുണ്ടായി.'' അദ്ദേഹം മുമ്പോട്ടുതന്നെ നോക്കിക്കൊണ്ടിരുന്നു. ഉഷസ്സിന്റെ ലക്ഷണം ഇനിയും കണ്ടുതുടങ്ങിയിരുന്നില്ല. ആകാശം ഇരുണ്ടിരുന്നു, അതു നിർജ്ജീവമാണെന്നുപോലും തോന്നി. രാത്രിയുടെ കറുത്ത മഞ്ഞുകട്ട ആകാശത്തിന്റെ ആ ഭാഗത്തു് ആദ്യം ഉരുകിത്തുടങ്ങുമെന്നതു് വിശ്വസിക്കുകവയ്യായിരുന്നു.

''കിഴക്കു്,'' അദ്ദേഹം ചിന്താധീനനായി ആവർത്തിച്ചു. ''അവിടെയായിരിക്കുമെന്നാണു ലെനിൻ പറഞ്ഞതു്... ലെനിൻ!''

ഞങ്ങൾ അന്യോന്യം യാത്രപറഞ്ഞു.

''നിങ്ങൾ മോസ്കോ വിടുകയാണോ?'' അദ്ദേഹം നടന്നകലുന്നതിനിടയിൽ ഞാൻ വിളിച്ചുചോദിച്ചു.

''അതെ, നാളെ.''

അദ്ദേഹം മൗനം പൂണ്ടു, ആ വാക്കുകൾ തൂക്കിനോക്കുകയാണെന്നവണ്ണം. പക്ഷെ പിന്നീടു് വീണ്ടും പറഞ്ഞു:

''നാളെ!''

അദ്ദേഹം ഇരുട്ടിൽക്കൂടി നടക്കുന്നതു ഞാൻ നോക്കിനിന്നു. റെഡ്സ്ക്വയർ കടക്കുന്നതു ഞാൻ കണ്ടു. പാതിവഴി ചെന്നപ്പോൾ അദ്ദേഹം നിന്നിട്ടു് തിരിഞ്ഞുനോക്കി, അതു് ആദ്യമായി കാണുകയാണെന്ന മട്ടിൽ. എന്തായിരുന്നു ആ നില്പിന്റെ അർത്ഥം? ആ മൈതാനത്തിന്റെ അസാധാരണഭാവത്തിൽ അദ്ദേഹം ആശ്ചര്യപ്പെട്ടതാണോ?—ഈ വൈകിയ സമയത്തു് അതു വിശേഷിച്ചും ഗംഭീരവും കമനീയവുമായിരുന്നു. അതോ, താനെത്തിച്ചേർന്നതെവിടെയാണെന്നും തന്നെ ഇവിടെക്കൊണ്ടെത്തിച്ചതെന്താണെന്നും ആലോചിക്കാൻ വേണ്ടി അദ്ദേഹം നിന്നതാണോ? ''വിമോചനത്തിന്റെ പതാക കിഴക്കോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണു്....'' പ്രക്ഷുബ്ധമായി ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു പുതിയ കടലിനെ നോക്കിക്കൊണ്ടു് അതിന്റെ തീരത്തു നിൽക്കു

കയായിരുന്നു റീഡ്. ''വിമോചനത്തിന്റെ പതാക....''

റീഡ് മോസ്കോ വിട്ടു. കുറേ നാളത്തേക്കു് അദ്ദേഹത്തെക്കുറിച്ചു് ഒന്നും കേൾക്കാനില്ലായിരുന്നു. പിന്നീടു് പത്രങ്ങളിൽ ഒന്നോ രണ്ടോ വാർത്താശകലങ്ങൾ വന്നു... അവ അല്പമേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവയിൽനിന്നും ഒരു പൂർണ്ണചിത്രം ലഭിക്കാൻ ശ്രമം നടന്നു. മലമുകളിലുള്ള ഒരു പാതയിൽക്കൂടി നീങ്ങിക്കൊണ്ടിരിക്കുന്ന മോട്ടോർകാറിനെ നോക്കുന്നതുപോലെയായിരുന്നു അതു്. ഒരു പാറക്കെട്ടിന്റെ മറവിലുള്ള മലഞ്ചെരിവിൽക്കൂടി അതിന്റെ വിളക്കുകൾ മിന്നുകയും അണയുകയും ചെയ്യുന്നു. പിന്നീടു് ഇരുട്ടിനെ ഭേദിച്ചുകൊണ്ടു നീങ്ങുന്ന അവ വീണ്ടും അപ്രത്യക്ഷമാകുന്നു കുറെയധികം നേരത്തേക്കു്. നാം ഒരിക്കൽക്കൂടി അവ കാണുന്നു, ശരിക്കു വിളക്കുകളല്ല, ആകാശത്തിലേക്കടിക്കുന്ന അവയുടെ രശ്മികൾ. അവസാനം ആ കാർ തന്നെ നീങ്ങിക്കൊണ്ടിരിക്കുന്നതു കാണാറാകുന്നു, ആകസ്മികമായ ഒരു അല വന്നടിച്ചു് തീരത്തേക്കു തള്ളിനീക്കുന്ന ഒരു കൊച്ചു കപ്പലിനെപ്പോലെ.

ദിവസങ്ങൾ പതിവുപോലെ കടന്നുപോയി. ആഗസ്റ്റ് അവസാനിച്ചു, സെപ്റ്റംബർ തുടങ്ങി. മോസ്കോവിൽ ഇപ്പോഴും ചൂടുണ്ടായിരുന്നു. പക്ഷെ പാർക്കുകളിൽ ഇലകളുടെ നിറം മാറിയിരുന്നു. രാത്രിയിൽ ആകാശത്തിനു് വേനൽക്കാലത്തെപ്പോലെ തെളിച്ചമില്ലായിരുന്നു. അതിന്റെ ആഴവും നീലിമയും വർദ്ധിച്ചതുപോലെ തോന്നി. കൂടുതൽ നക്ഷത്രങ്ങൾ അതിൽ മിന്നിത്തിളങ്ങി. ശരൽക്കാലത്തിന്റെ സുഗന്ധം കാററിൽ പരന്നു. ബക്കുവിൽനിന്നും ഒരു കമ്പി വന്നു: പൗരസ്ത്യജനതകളുടെ ഒരു കോൺഗ്രസ്സ് ആ നഗരത്തിൽ ആരംഭിച്ചിരിക്കുന്നുവെന്നു്. വിപ്ലവപൗരസ്ത്യദേശമാകെ അവിടെ കാണുമെന്നു തീർച്ച—ഉദ്ദേശം 1,500 പ്രതിനിധികളുണ്ടായിരുന്നു. പിന്നീടു മറെറാരു കമ്പി വന്നു: റീഡ് കോൺഗ്രസ്സ്പ്രതിനിധികളെ അഭിവാദനം ചെയ്തു

വെന്ന പറഞ്ഞുകൊണ്ടു് (മലഞ്ചെരിവിൽ വിളക്കുകൾ ഒരിക്കൽക്കൂടി മിന്നി).

റീഡ് വേദിയിലേക്കു കയറുന്നതും വമ്പിച്ച ഹർഷാരവത്തിനു മറുപടിയെന്നവണ്ണം കയ്യുയർത്തുന്നതും എനിക്കു വിഭാവന ചെയ്യാൻ കഴിയും. പക്ഷെ ആ ഹാളിൽനിന്നും ഉച്ചത്തിലുള്ള വിളി മുഴങ്ങിക്കൊണ്ടിരുന്നു: ''അമേരിക്ക!'' റീഡിൻെറ മുഖഭാവം കൂടുതൽ കർശനമായി. അദ്ദേഹത്തിൻെറ പുരികങ്ങളടുത്തു. അവയ്ക്കിടയിലുള്ള വിടവു്, അദ്ദേഹത്തിൻെറ താടിയിലെ ചുഴിയിൽനിന്നും വിഭിന്നമായി, ആഴം വയ്ക്കുകയും രൂക്ഷമാവുകയും ചെയ്തു. ''സഖാക്കളേ....'' (ഇപ്പോൾ മലയിലെ വിളക്കുകൾ കുറെയേറെ നേരത്തേക്കു് അപ്രത്യക്ഷമായി).

വൈകുന്നേരമാണു് എനിക്കു ക്രെംലിനിൽനിന്നും ഒരു ഫോൺ വന്നതു്. സേപ്രെസ്.... സേപ്രെസ് കരാറിനെക്കുറിച്ചുള്ള വിവരം ആവശ്യമുണ്ടു്....'' എൻെറ കാർ കുസ്നേററ്സ്കിയ് തെരുവിൽക്കൂടി ഇറങ്ങി നെഗ്ലീന്നയ തെരുവിലേക്കു തിരിഞ്ഞു. നേരം സന്ധ്യയായിത്തുടങ്ങിയെങ്കിലും തെരുവിലെ വിളക്കുകൾ ഇനിയും കത്തിച്ചിരുന്നില്ല. സായംസന്ധ്യയുടെ ഇളംനീലവർണ്ണം ഒരു കൊടുങ്കാററുണ്ടാകുമെന്ന മുന്നറിയിപ്പു നല്കി. വായു സാന്ദ്രമായിരുന്നു. നഗരം ആവി വമിക്കുന്നവണ്ണം ചുട്ടുപൊള്ളി. ലെനിൻ മിക്കവാറും അന്നത്തെ അവസാനത്തെ ആലോചനായോഗത്തിലും പങ്കെടുത്തുകഴിഞ്ഞുകാണും. അദ്ദേഹം മച്ചിലെ വിളക്കണച്ചു് മേശവിളക്കു് കുറേക്കൂടി അടുത്തേക്കു നീക്കിവയ്ക്കുകയും അതിൻെറ ഷേഡിൽക്കൂടി പുറത്തുവരുന്ന പച്ചനിറത്തിലുള്ള അരണ്ട വെളിച്ചം അദ്ദേഹത്തിൻെറ കടലാസ്സുകളിലും തിളങ്ങുന്ന നീണ്ട കത്രികയിലും മാർബിൾ മഷിക്കുപ്പികളിലും മററും വ്യാപിക്കുകയും ചെയ്യുന്ന സമയം സമാഗതമായി. ഈ സമയത്തിനുവേണ്ടിയാണു് അദ്ദേഹം കാത്തിരുന്നതു്. ലോകത്തിൽ നടക്കുന്ന വലുതും ചെറുതുമായ കാര്യങ്ങളെ

കുറിച്ചു് അദ്ദേഹം തൻെറ മനസ്സിൽ ഒരു ചിത്രം രൂപീകരിക്കാറുള്ളതു് ഈ സമയത്തായിരുന്നു. ''സേപ്രെസിൻെറ കാര്യമെടുക്കൂ.... കൂടിയാലോചനകൾക്കുവേണ്ടി സഖ്യശക്തികൾ ആ സ്ഥലം തിരഞ്ഞെടുക്കാൻ കാരണമെന്താണു്? സേപ്രെസ് ഒരിക്കൽ കൈസറിൻെറ ആസ്ഥാനമായിരുന്നില്ലേ? ഇതൊരു പ്രകടനമാണോ?''

കാർ ക്രെംലിനിലേക്കു കയറി. നഗരത്തിലുള്ളതിലും വെളിച്ചം ഇവിടുണ്ടായിരുന്നു. ക്രെംലിൻ കുന്നിൽ പകൽ മോസ്ക്കോയുമായി യാത്രപറഞ്ഞുകഴിഞ്ഞിരുന്നു. ഒരു പക്ഷേ ഈ വെളിച്ചമെല്ലാംവെള്ളച്ചമരുകളോടുകൂടിയ ക്രെംലിൻ കെട്ടിടങ്ങളിൽ തട്ടിവന്നതാവണം. വെള്ളയടിച്ച ഒരു വീടിനു് എപ്പോഴും കൂടുതൽ തെളിച്ചമുണ്ടായിരിക്കുമല്ലൊ. പക്ഷെ സായംകാലം അവിടെയും കടന്നാക്രമിച്ചുകഴിഞ്ഞിരുന്നു. ഊഷ്മളമായ സന്ധ്യയുടെ മങ്ങിവന്ന വെളിച്ചം കൊട്ടാരജനലുകളിൽ പ്രതിബിംബിച്ചു. ലെനിൻെറ മുറിയുടെ രണ്ടു വലിയ ജനലുകൾ പാതി ഇരുളടഞ്ഞിരുന്നു. അദ്ദേഹത്തിൻെറ മേശവിളക്കിൻെറ പച്ചഷേഡിൽനിന്നുമുള്ള വെളിച്ചമായിരുന്നില്ല അവയിൽക്കൂടി വന്നതു്; ഇളകിക്കൊണ്ടിരുന്ന ഒരു മഞ്ഞവെളിച്ചമായിരുന്നു അതു് — തുറന്ന ഒരടുപ്പിൽനിന്നുമുള്ള തീക്കനലിൻെറ തിളക്കം ഭിത്തികളിൽ തട്ടിയാലെന്നപോലെ.

സന്ദർശകമുറി അസാധാരണമാംവണ്ണം നിശ്ശബ്ദമായിരുന്നു. ജനൽ തുറന്നിട്ടിരുന്നെങ്കിലും പകൽസമയത്തു പുകവലിച്ചതിൻെറ പഴകിയ മണം അവിടെ തങ്ങിനിന്നിരുന്നു.

''വരൂ, വരൂ, അകത്തു വരൂ!''

ഞാൻ പലതവണ ആ വാതലിൽക്കൂടി പോയിട്ടുണ്ടു് — എപ്പോഴും ഒരേ മനോവികാരത്തോടുകൂടി. കതകിൻെറ പിടിയിലേക്കു് കൈ ചെല്ലുമ്പോഴേക്കും എൻെറ ഹൃദയം എല്ലാത്തവണയും മിടിക്കുമായിരുന്നു.

‘‘ആ, ദ്വിഭാഷിയാണോ....’’

ഇടയ്ക്കിടെ തമാശപറയുകയെന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായിരുന്നു. അതു നിരുപദ്രവമായിരുന്നെങ്കിലും ജനാലകൾ കുലുങ്ങുമാറ് അദ്ദേഹം ഉറക്കെ ചിരിക്കുമായിരുന്നു. പലപ്പോഴും അദ്ദേഹത്തിന്റെ മുറിയിൽ നിന്നും പൊട്ടിച്ചിരി കേൾക്കാമായിരുന്നു. ക്രെംലിന്റെ കനത്ത ഭിത്തികൾക്ക് ആ ചിരി അടക്കിവയ്ക്കാൻമാത്രമുള്ള കട്ടിയുണ്ടായിരുന്നില്ല. കാരണം, പുറത്തുള്ള ഇടനാഴിയിലും മുറിയുടെ കതക് തുറന്നുകിടക്കുകയാണെങ്കിൽ സന്ദർശകമുറിയിലും അതു കേൾക്കാമായിരുന്നു. ലെനിനെ കാണാൻ കാത്തിരുന്ന സന്ദർശകർ അദ്ദേഹം ചിരിക്കുന്നതു കേൾക്കുമ്പോൾ എപ്പോഴും ഉന്മേഷം കൊണ്ടിരുന്നു. ‘‘ഇലിയിച്ച് ചിരിക്കുകയാണ്,’’ അവർ പറയും. ‘‘അത് ഒരു നല്ല ലക്ഷണമാണ്’’. എന്നാൽ അതൊരു ശുഭശകുനമാണെങ്കിൽക്കൂടി അതിന് അമിതപ്രാധാന്യം നൽകരുതെന്ന് അവിടെ ഒന്നിലധികം തവണ വന്നിട്ടുള്ളവർക്ക് അറിയാമായിരുന്നു. ലെനിൻ സദാ ചിരിക്കുമായിരുന്നു, എന്നാൽ സദാ കണിശക്കാരനുമായിരുന്നു. ‘‘ഇരിക്കൂ,’’ അദ്ദേഹം ഇപ്പോൾ എന്നോടു പറഞ്ഞു. ‘‘കുറച്ചുകൂടി അടുത്ത്.’’ തന്റെ അടുത്ത് ആളുകളിരിക്കുന്നതായിരുന്നു അദ്ദേഹത്തിനിഷ്ടം. ‘‘സേവ്രെസിനെക്കുറിച്ചെന്തുപറയുന്നു?’’

ഇളകിക്കൊണ്ടിരുന്ന വെളിച്ചം വന്നത് എവിടെനിന്നാണെന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ക്രെംലിനിലെ വൈദ്യുതവിളക്കുകൾ അണച്ചിരുന്നു (വിപ്ലവം കഴിഞ്ഞ് മൂന്നു കൊല്ലത്തിനുശേഷം ക്രെംലിനിൽപ്പോലും സംഭവിക്കാവുന്ന ഒന്നാണിതെന്നു തെളിഞ്ഞു). മെഴുകുതിരികളാണ് ലെനിന്റെ മേശപ്പുറത്ത് കത്തിച്ചുവച്ചിരുന്നത്. അവയുടെ അചഞ്ചലമായ ജ്വാല അവിടെങ്ങും ഒരുപോലെ പ്രകാശം പരത്തി.

‘‘സേവ്രെസ്’ എന്നാണോ ഞാൻ പറഞ്ഞത്? പക്ഷെ

എനിക്കു ടർക്കിയിലാണു താല്പര്യം. ആ ഉടമ്പടിയോടുള്ള അവരുടെ പ്രതികരണത്തെക്കുറിച്ച് മറ്റെന്താണറിയാവുന്നത്? ടർക്കിഷ് പത്രങ്ങളെ മാത്രമല്ല ഞാനുദ്ദേശിക്കുന്നത്. ഇസ്റ്റാംബുൾ! ഇസ്റ്റാംബുൾ എന്തു പറയുന്നു? വിവരങ്ങൾ.... ആ രാജ്യത്തുനിന്നു തന്നെ വിശദമായ വിവരങ്ങൾ കിട്ടേണ്ടിയിരിക്കുന്നു. മനസ്സിലായോ?’’

അദ്ദേഹം തന്റെ കണ്ണട വച്ചു — ലോഹംകൊണ്ടുള്ള നേരിയ ഫ്രെയിമോടുകൂടിയ ഒരു പഴയ കണ്ണട. അതു വച്ചയുടനെ അദ്ദേഹത്തിന്റെ ഛായ ആകെ മാറി. അദ്ദേഹം കണ്ണട ധരിച്ചുകൊണ്ടുള്ള ഒരു പടം ഞാൻ ഒരിക്കൽ കാണുകയുണ്ടായി, പക്ഷെ അതു പിന്നീടായിരുന്നു, വളരെക്കാലം കഴിഞ്ഞ്.

ചെറിയ അക്ഷരത്തിലടിച്ചിട്ടുള്ള ഒരു പേജിൽക്കൂടെ അവിശ്വസനീയമായ വേഗത്തിൽ സഞ്ചരിക്കാനുള്ള കഴിവ് അദ്ദേഹത്തിന്റെ കണ്ണുകൾക്കുണ്ടായിരുന്നു. അദ്ദേഹത്തിനു വായിക്കാൻ സ്വന്തമായൊരു രീതിയുണ്ടായിരുന്നു. പലപ്പോഴും ഒടുവിൽനിന്നാണദ്ദേഹം തുടങ്ങിയത്. കാര്യത്തിന്റെ പൊരുൾ കൂടുതൽ വേഗം മനസ്സിലാക്കാൻ അത് ഉതകുമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ‘‘സേവ്രെസിലെ ആ സംഭവം കിഴക്കുള്ള സംഭവഗതികൾ ത്വരിതപ്പെടുത്തുകയേയുള്ളു, അറിയാമോ,’’ അദ്ദേഹം പറഞ്ഞു. അദ്ദേഹം കണ്ണട മാററി, അതോടെ ഞാൻ പല പടങ്ങളിലും കണ്ട ആളായിത്തീരുകയും ചെയ്തു. ‘‘അതു കിഴക്കുള്ള സംഭവഗതികൾ ത്വരിതപ്പെടുത്തും.’’ കണ്ണട കയ്യിൽത്തന്നെ പിടിച്ചുകൊണ്ട് അദ്ദേഹം കസേരയിലേക്കു ചാരിയിരുന്നു. ശൂന്യതയിലെവിടെയോ അദ്ദേഹം ദൃഷ്ടി ഉറപ്പിച്ചു. അനന്തരം ഗൗരവമായ മുഖഭാവത്തോടെ അദ്ദേഹം എഴുന്നേററു. ‘‘ഇപ്പോൾത്തന്നെ എനിക്കൊരു മെഡിക്കൽ റിപ്പോർട്ടു കിട്ടി.’’ ചാരനിറത്തിലുള്ള ഒരു കടലാസ്സ് അദ്ദേഹം എന്റെ കയ്യിൽ തന്നു. ‘‘ജോൺ റീഡിനു സുഖമില്ല.’’

കൊഴുപ്പുകൊണ്ടുള്ള മെഴുകുതിരികൾ ചീറിക്കത്തുന്ന

ശബ്ദമൊഴിച്ചാൽ ഏതാണ്ടൊരു മിനിട്ട നേരത്തേക്ക് പരിപൂർണ്ണനിശ്ശബ്ദതയായിരുന്നു അവിടെ.

''ടൈഫസ് പനിയാണോ, വ്ളദീമിർ ഇലിയിച്ച്?''

''അതെ.''

''പ്രതിസന്ധിഘട്ടം കഴിഞ്ഞോ?''

''ഇല്ല. അദ്ദേഹമിപ്പോഴം അതിലാണ്.''

എന്റെ മനോവേദന കണ്ടിട്ട് അദ്ദേഹം പറഞ്ഞു:

''പക്ഷെ അദ്ദേഹത്തിനു മുപ്പത്തിമൂന്നു വയസ്സുല്ലേയുള്ളു. അതുതന്നെ ആശാവഹമായ ഒരു സംഗതിയാണ്, അല്ലേ?''

മെഴുകുതിരികളുടെ ചീറൽ മാത്രം ഭഞ്ജിച്ചിരുന്ന ആ നിശ്ശബ്ദതയിൽ റീഡ് മെല്ലെ ചുമച്ചിരുന്ന ഹൃദ്രോഗിയുടേതായ ചുമ എനിക്കു മിക്കവാറും കേൾക്കാമായിരുന്നു.

''പക്ഷെ അദ്ദേഹത്തിന്റെ ഹൃദയം, വ്ളദീമിർ ഇലിയിച്ച്.''

''ഹൃദയമോ?''

അദ്ദേഹം എഴുന്നേററു. മേശപ്പുറത്തുനിന്നും വെള്ളപ്പാത്രവുമെടുത്തുകൊണ്ട് മുറിയിൽ വച്ചിരുന്ന ചെടിച്ചട്ടിയുടെ സമീപത്തേക്കു നടന്നു. അസ്വസ്ഥനാകുമ്പോൾ അദ്ദേഹം ചെയ്യാറുള്ള ഒരു പതിവായിരുന്നു ഇതു്. വരണ്ട മണ്ണ് വെള്ളം വലിച്ചുകുടിക്കുന്നതു് അദ്ദേഹം നോക്കിനിന്നു. ചട്ടിയിൽനിന്നും ഒരു പൈൻകമ്പെടുത്തു്, വെള്ളം കുടിക്കാൻ ആ ചെറിയ വൃക്ഷത്തെ സഹായിക്കാനെന്നവണ്ണം അതിന്റെ ചുവടിളക്കി.

''എനിക്ക് അദ്ദേഹത്തിൽനിന്നും ഒരു കത്തു വന്നതു് കഴിഞ്ഞ ആഴ്ചയിൽ മാത്രമാണ്,'' ആ ചെടിയിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ''തന്റെ ഭാര്യ വിദേശത്തുനിന്നും വന്നുവെന്ന് റീഡ് എനിക്കെഴുതിയിരുന്നു.'' മേശയുടെ അടുത്തേക്കു മടങ്ങിവന്ന് അദ്ദേഹം വെള്ളപ്പാത്രം മേശപ്പുറത്തു തിരിച്ചുവെച്ചു. '' 'വിദേശത്തുനിന്നും' എന്ന ആ ഒരു വിശദാംശമൊഴിച്ചാൽ കത്തു് കാര്യമാത്രപ്രസക്തമായിരുന്നു.'' അദ്ദേഹത്തിന്റെ തൊണ്ടയിടറി. റീഡിന്റെ

കത്തോ അതുണർത്തിയ ഏതോ സ്മരണയോ അദ്ദേഹത്തെ വ്യാകുലപ്പെടുത്തി. ''റീഡ് എന്നും നമുക്ക് പ്രിയപ്പെട്ടവനായിരിക്കും,'' കുറേക്കൂടി ദൃഢസ്വരത്തിൽ അദ്ദേഹം പറഞ്ഞു. ''കാരണം, മുഖ്യമായ സംഗതി അദ്ദേഹം മനസ്സിലാക്കി. മുഖ്യമായ സംഗതി! അതദ്ദേഹത്തിനു് അത്ര എളുപ്പമായിരുന്നില്ല. എളുപ്പമായിരുന്നില്ല.''

ലെനിന്റെ സ്വഭാവത്തിന്റെ പുതിയൊരു വശം അന്നു രാത്രി ഞാൻ കണ്ടു. റീഡിനോടുള്ള അദ്ദേഹത്തിന്റെ അടുപ്പത്തിനൊരു വിശദീകരണം നൽകാൻ ശ്രമിച്ചുകൊണ്ട് ഒരിക്കൽ ഒരാൾ അഭിപ്രായപ്പെട്ടു: ''ഒരുപക്ഷേ അമേരിക്കൻ കാര്യങ്ങളിൽ ലെനിന്റെ ഉപദേഷ്ടാവായിരുന്നില്ലേ ജോൺ റീഡ്?'' ആയിരുന്നില്ല. അങ്ങിനെയൊരു ഉപദേഷ്ടാവിന്റെ ആവശ്യകത ഇല്ലായിരുന്നു. അദ്ദേഹം ഒരു സുഹൃത്തും സ്നേഹിതനുമായിരുന്നിരിക്കാനാണ് കൂടുതൽ സാദ്ധ്യത. എന്താണു ലെനിൻ അദ്ദേഹത്തിൽ ആകർഷകമായിക്കണ്ടതു്? പുതിയ റഷ്യയോടുള്ള അദ്ദേഹത്തിന്റെ സ്നേഹവും ഈ രാജ്യത്തെ മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ കഴിവുമാണോ? നിസ്സംശയമായും. വിപ്ലവത്തിന്റെ തത്വങ്ങളോടുള്ള അദ്ദേഹത്തിന്റെ കൂറാണോ? അദ്ദേഹത്തിന്റെ ബുദ്ധിവൈഭവമാണോ? തീർച്ചയായും അതുകൂടിയുണ്ടായിരുന്നു. പക്ഷെ അതു മാത്രമായിരുന്നില്ല. ഉദാരമായൊരു ഹൃദയം ഒരുവനിൽ കണ്ടെത്തിയപ്പോൾ കർമ്മനിരതമായ ഇച്ഛാശക്തിയുള്ള ഒരാളെന്ന നിലയ്ക്കു് ലെനിൻ അതിൽ ആകൃഷ്ടനായി. മനുഷ്യസ്നേഹവും ഔത്സുക്യവും വശ്യതയും ഒരു മനുഷ്യന്റെ രക്തത്തിനു ഊഷ്മളത നൽകുന്ന എല്ലാ ഗുണങ്ങളും അദ്ദേഹത്തെ ഹഠാദാകർഷിച്ചു.

ലെനിനോടു യാത്രപറഞ്ഞു് ഞാൻ എന്റെ കാറിലേക്കു മടങ്ങി. നിശാവൃതമായ മോസ്ക്കോവിൽക്കൂടിയാണ് ഞാനിപ്പോൾ കാറോടിച്ചുപോയിരുന്നതു്. ചരിത്രമ്യൂസിയത്തിന്റെ ചുവന്ന നിറത്തിലുള്ള കെട്ടിടങ്ങൾ ഇരുട്ടിൽ ഇട

തിങ്ങിനിൽക്കുന്നതായി തോന്നി. അവയുടെ ചുവന്ന ഇഷ്ടികക്കല്ലുകൾ മങ്ങിയും അവ്യക്തമായിട്ടുമാണിരുന്നതെങ്കിലും നക്ഷത്രവിഹീനമായ ആ രാത്രിയുടെ കറുപ്പിൽപ്പോലും എനിക്കവ കാണാമായിരുന്നു. അങ്ങു മുകളിൽ അവസാനത്തെ നക്ഷത്രവും മേഘങ്ങൾക്കിടയിൽ മറഞ്ഞു. പക്ഷെ എവിടെയും ഉൽക്കണ്ഠനിറഞ്ഞ ഒരു വാക്കു ഞാൻ കണ്ടു: ''പ്രതിസന്ധിഘട്ടം!'' വെള്ളാരങ്കല്ലു പാകിയ സമനിരപ്പല്ലാത്ത കുസ്നേററ്സ്കിയ് തെരുവിൽക്കൂടി കാർ മേലോട്ടു കയറുകയായിരുന്നു. ''പ്രതിസന്ധിഘട്ടം, പ്രതിസന്ധിഘട്ടം....'' ആ ആകാശത്തിനു കീഴിൽ എവിടെയോ ഒരാൾ മരണത്തെ അഭിമുഖീകരിക്കുകയാണ്. പോരടിക്കുകയാണ്. അദ്ദേഹത്തിൽ എല്ലാം മങ്ങിമറഞ്ഞു, അദ്ദേഹത്തിന്റെ ബോധം പോലും; അദ്ദേഹത്തിന്റെ ഹൃദയം മാത്രം ഇപ്പോഴും മിടിച്ചുകൊണ്ടിരുന്നു (ഹൃദയമാണ് അവസാനം നിശ്ചലമാകുന്നത്). അദ്ദേഹം ഇതേവരെപ്പറഞ്ഞതെല്ലാം ആ രാത്രിയിൽ അദ്ദേഹത്തിന്റെ തലയ്ക്കൽ വന്നു: ''ഞാൻ ജോ ഹിൽ എഴുതിയതു വായിക്കാൻ പോവുകയാണ്, കേട്ടോളൂ: 'ഞാനൊരു പട്ടാളക്കാരനായേതീരൂ എന്നുണ്ടെങ്കിൽ ഒരു രക്തപതാകയിൻ കീഴിലായിരിക്കും ഞാൻ മാർച്ചുചെയ്യുക...' ഒരു കാര്യം പറയൂ.... ആ റഷ്യൻ ഗാനം എങ്ങിനെയാണു തുടങ്ങുന്നത്?... തുടക്കത്തിലുള്ള വാക്കുകൾ മാത്രം പറഞ്ഞാൽ മതി.... ഞാനതു മറന്നുപോയി.... ഞാനെല്ലാം മറന്നു.'' വാക്കുകൾ മുഴുവനും തിക്കിത്തിരക്കിവന്നുകാണും, പക്ഷെ അവ ഓർമ്മിക്കാനുള്ള ശക്തി ക്ഷയിച്ചുവരികയായിരുന്നു.... എന്റെ കാർ കുസ്നേററ്സ്കിയ് തെരുവിലൂടെ മേലോട്ടുതന്നെ കയറിക്കൊണ്ടിരുന്നു. ഞാൻ ആകാശത്തിലേക്കു നോക്കി: മേഘങ്ങൾ വിട്ടകന്ന് വീണ്ടുമൊന്നിച്ചു. നേരിയ വെളിച്ചമുണ്ടായിരുന്നതു് താഴെവരെ എത്തിയില്ല.

മൂന്നു ദിവസത്തിനുശേഷം എന്നെ വിളിച്ചതനുസരിച്ച് ഞാൻ വീണ്ടും ക്രെംലിനിൽ പോയി, സേപ്രെസ് കരാറിനെക്കുറിച്ചുള്ള വിവരങ്ങളടങ്ങുന്ന ഒരു പുതിയ ഫയലുമായി. പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിന്റെ ഒരു യോഗം നടന്നുകൊണ്ടിരിക്കുകയായിരുന്നു. നേരം രാത്രി പത്തുമണി. സന്ദർശകമുറി ശൂന്യമായിരുന്നു. അവസാനസന്ദർശകനെ അകത്തേക്ക് ഇപ്പോൾ വിളിച്ചതേയുള്ളുവെന്നു സ്പഷ്ടമായിരുന്നു. അയാളുടെ സിഗററ്റ് ഇപ്പോഴും ആഷ്ട്രേയിൽക്കിടന്ന് എരിയുന്നുണ്ടായിരുന്നു. യോഗം നടന്നുകൊണ്ടിരുന്ന മുറിയിൽ കസേരകൾ പുറകോട്ടു നീക്കുന്ന ശബ്ദം ഞാൻ അപ്പോൾ കേട്ടു. കതകു തുറന്നു. എനിക്കു ലെനിനെ കാണാമായിരുന്നു. സെക്രട്ടറിമാർക്ക് ചില അവസാനനിർദ്ദേശങ്ങൾ കൊടുക്കുകയും അപ്രതീക്ഷിതമായ ഒന്നുരണ്ടു ചോദ്യങ്ങൾക്ക് മറുപടിനൽകുകയും കുറച്ചുമുമ്പ് രൂക്ഷമായ വിമർശനത്തിനു പാത്രമായ ഒരു സഖാവിനോട് പ്രോത്സാഹനാർത്ഥം തമാശയായി ഏതാനും വാക്കുകൾ പറയുകയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ യോഗങ്ങളുടെ അവസാനത്തിലുള്ള ആ നിമിഷമായിരുന്നു ഏററവുമധികം ആഹ്ലാദകരം. അപ്പോഴായിരുന്നു ഏററവുമധികം ഒച്ചപ്പാട്. പക്ഷെ പെട്ടെന്ന് സംസാരമെല്ലാം നിന്നു. തന്റെ മുമ്പിലുള്ള ഒരു തുണ്ടു കടലാസ്സു നോക്കിക്കൊണ്ട് ലെനിൻ അദ്ദേഹത്തിന്റെ വലിയ മേശയുടെ പിന്നിൽ എഴുന്നേററു നിന്നു. പോകാൻ തുടങ്ങിയപ്പോൾ ആരോ അദ്ദേഹത്തിന്റെ കയ്യിൽ എന്തോ പറഞ്ഞുകൊണ്ടു കൊടുത്തതാണതു്. അദ്ദേഹത്തെ വേദനിപ്പിക്കുമെന്നു ഭയന്നിട്ടെന്നപോലെ അറച്ചറച്ചാണ് അയാളതു് ഏൽപ്പിച്ചതു്.

വളരെ സ്പഷ്ടമായും എന്നാൽ പതിവിലും അല്പംകൂടെ ഉച്ചത്തിലും ലെനിൻ പറഞ്ഞു: ''ജോൺ റീഡ് അന്തരിച്ചു.''

നിശ്ശബ്ദത വർദ്ധിച്ചു. ആ തുറന്ന വാതിലിൽക്കൂടി എനിക്കു കാണാൻ കഴിഞ്ഞ സകലതും — ജനലുകൾക്കപ്പുറത്ത് മേഘങ്ങളുടെ അവ്യക്തമായ രൂപങ്ങൾപോലും — ഒരു

നിമിഷനേരത്തേക്കു മരവിച്ചുനിന്നപോലെ തോന്നി.

അർദ്ധരാത്രിയിൽ മാത്രമാണ് ലെനിൻ എന്നെ സ്വീകരിച്ചതു്. വിളറിയ മുഖഭാവത്തോടെ അദ്ദേഹം മേശയ്ക്കു പിന്നിലിരിക്കുകയായിരുന്നു. അദ്ദേഹം അന്നു വളരെ ക്ഷീണിതനായിരുന്നു.

''ഇങ്ങനെയുള്ള കൊടുങ്കാററാണ് സേപ്രെസ് പൂർവ്വദേശത്തു് ഉയർത്തിയിരിക്കുന്നതു്!'' ഞാൻ കൊണ്ടുവന്ന കടലാസ്സുകൾ വായിച്ചുതീർന്നതിനുശേഷം അദ്ദേഹം പറഞ്ഞു. ''ഇതു വെറും തുടക്കം മാത്രമാണ്.'' ഭിത്തിയിൽ തൂക്കിയിരുന്ന ഏഷ്യയുടെ വലിയ ഭൂപടത്തിലൂടെ അദ്ദേഹം കണ്ണോടിച്ചു. ''ഭൂഖണ്ഡങ്ങൾ ഉയരേണ്ട കാലമായിരിക്കുന്നു!'' എഴുന്നേററ് അദ്ദേഹം അതിവേഗം ആ ഭൂപടത്തിന്റെയടുത്തേക്കു ചെന്നു. വാദപ്രതിവാദത്തിൽ ഏർപ്പെടുമ്പോഴും അദ്ദേഹം ഇതുപോലെയാണു ചെയ്തിരുന്നതു്. പെട്ടെന്നു കണ്ടെത്തിയ ഒരു വാക്കു് അത്തരം സന്ദർഭങ്ങളിൽ പ്രശ്നം പരിഹരിക്കാനുതകുമായിരുന്നു. ''കിഴക്കു്....'' അദ്ദേഹത്തിന്റെ ഭാവം കർക്കശമായി. അദ്ദേഹത്തിന്റെ കയ്യ്.... ഇല്ല, അദ്ദേഹം അതു് ഉയർത്തിയില്ല. കാസ്പിയൻ കടലിനെ കാണിക്കുന്ന നീലശകലത്തിലായിരുന്നു അപ്പോഴും അദ്ദേഹത്തിന്റെ കയ്യ്. ''അദ്ദേഹം ഒരു നല്ല മനുഷ്യനായിരുന്നു,'' ലെനിൻ ശാന്തമായി പറഞ്ഞു. ഏതോ സ്മരണ അദ്ദേഹത്തിന്റെ മനസ്സിനെ റീഡിലേക്കു തിരിച്ചുകൊണ്ടുവന്നു. ''ജനതകൾക്കു് വിപ്ലവത്തിലേക്കു വഴികാട്ടിക്കൊടുക്കുന്ന നിയമങ്ങളുണ്ട്. റീഡിനു് ആ നിയമങ്ങളറിയാമായിരുന്നു.''

രാത്രി. ഞാൻ റെഡ്സ്ക്വയറിൽക്കൂടി നടന്നപ്പോൾ തറക്കല്ലുകൾ അരണ്ട വെളിച്ചത്തിൽ കുറേശ്ശെ കാണാമായിരുന്നു. ഞാൻ മുമ്പു് റീഡിനോടൊപ്പം നിന്ന സ്ഥലമായപ്പോൾ ഞാൻ നടപ്പു നിർത്തി. ഇവിടെവച്ച് എന്നോടു വിടവാങ്ങിയിട്ടാണ് അദ്ദേഹം സ്ക്വയറിന്റെ നടുവിലേക്കു നടക്കുകയും അവിടെയെത്തിയപ്പോൾ തിരിഞ്ഞുനിന്നു് കുറെയധികം നേരത്തേക്കു് നോക്കിനിൽക്കുകയും ചെയ്തതു്. ''ജനതകൾക്കു് വിപ്ലവത്തിലേക്കു വഴി കാട്ടിക്കൊടുക്കുന്ന നിയമങ്ങളുണ്ട്.'' ജനതകൾക്കും വ്യക്തികൾക്കും! ജോൺ റീഡ് ലോകം മുഴുവൻ സഞ്ചരിച്ചു. സമുദ്രങ്ങൾ താണ്ടി അദ്ദേഹം ഇതേസ്ഥലത്തുതന്നെ വന്നു ചേർന്നു, ക്രെംലിൻ ഭിത്തിക്കു സമീപം അന്ത്യവിശ്രമം കൊള്ളാൻവേണ്ടി.

ലെനിനും ബോഞ്ച്–ബ്രൂയേവി
ച്ചും പീപ്പിംസ് കമ്മിസാറ
ന്മാരുടെ കൗൺസിലിൻെറ സെ
ക്രട്ടറിയേററിലെ ഏതാനും ജീവ
നക്കാരുമൊന്നിച്ച്. ക്രെംലിൻ,
മോസ്ക്കോ, ഒക്ടോബർ 1918

ДЕКРЕТ

വൈ. ദ്രാബ്കിന

ഏററവും പഴക്കംചെന്ന കമ്മ്യൂണിസ്ററുകാരിലൊരാളാണ് കഥാകൃത്ത്. 1917 തൊട്ട് അവർ ലെനിനിസ്റ്റ് പാർട്ടിയിലെ ഒരംഗമാണ്. ലെനിൻെറ പത്നി എൻ. കെ. ക്രൂപ്സ്കയ ഉൾപ്പെടെ അദ്ദേഹത്തിൻെറ പല സഹചാരികളുമൊന്നിച്ച് യെലിസവേത്ത ദ്രാബ്കിന അവരുടെ ചെറുപ്പത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. അവർക്കു ലെനിനെ നേരിട്ടു പരിചയമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ജീവിതത്തിലെ പല സംഭവങ്ങൾക്കും അവർ ദൃക്സാക്ഷിയുമായിരുന്നു. അവ പിന്നീട് ''കറുത്ത മൊരിച്ച റൊട്ടികൾ'' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുമുണ്ട്. അതിലെ ഒരു കഥയാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അല്യോഷ കലേനൊവ് വരച്ച പടങ്ങൾ

ഒക്ടോബർ വിപ്ലവത്തിന് അല്പം മുമ്പാണ് ഇതു നടന്നതു്. കേരെൻസ്ക്കിയുടെ താല്ക്കാലികഗവണ്മെൻറ് അപ്പോഴും അധികാരത്തിലായിരുന്നു. പക്ഷെ ദിവസം ചെല്ലുന്തോറും ജനങ്ങളുടെ വ്യാമോഹങ്ങൾ കൂടുതൽ കൂടുതൽ നീങ്ങിക്കൊണ്ടിരുന്നു. ജില്ലാകൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വീബൊർഗ്ഗ് ജില്ലയിൽ നമ്മുടെ പാർട്ടി ഭൂരിപക്ഷം നേടി; ലെനിൻെറ പത്നി നദേഷ്ദ കൊൻസ്തന്തീനൊവ്ന ക്രൂപ്സ്ക്കയ വീബൊർഗ് കൗൺസിലിൻെറ സാംസ്കാരിക–വിദ്യാഭ്യാസവകുപ്പിൻെറ അദ്ധ്യക്ഷയായി. രണ്ടു വളഞ്ഞ പഴഞ്ചൻ മേശകളും ഏതാനും കസേരകളുമുള്ള ഒരു ഒററമുറിയിലായിരുന്നു അവരുടെ ആഫീസ്.

അപ്പോഴാണ് നദേഷ്ദ കൊൻസ്തന്തീനൊവ്ന എന്നോടു പറയുന്നതു് അവരുടെ വകുപ്പിന് അടിയന്തിരമായും ജോലിക്കാരെ ആവശ്യമുണ്ടെന്ന്. കുട്ടികൾക്കുവേണ്ടി ഒരു കളിസ്ഥലം സജ്ജമാക്കാൻ അവരെന്നോട് ആവശ്യപ്പെട്ടു.

എനിക്കുണ്ടായ വിഷമം ചില്ലറയല്ല! ബാരിക്കേഡുകൾ കെട്ടി വിപ്ലവം നടത്താൻ ഒരുങ്ങിനിൽക്കുകയായിരുന്നു ഞാൻ — എന്നിട്ട് കൊച്ചുകുഞ്ഞുങ്ങളുടെ മൂക്കു തുടയ്ക്കാനാണ് അവരെന്നോട് ആവശ്യപ്പെട്ടതു്.

''അതുതന്നെ!'' അവർ തിരിച്ചു പറഞ്ഞു. ''വിപ്ലവം നടത്താനും ബോൾഷെവിക്കുകളാരാണെന്നു തൊഴിലാളിവർഗ്ഗത്തെ മനസ്സിലാക്കിക്കൊടുക്കാനുംവേണ്ടി നീയും ഞാനും കുഞ്ഞുങ്ങളുടെ മൂക്കു തുടയ്ക്കുന്നതുൾപ്പെടെ പലതും ചെയ്യേണ്ടി വരും.'' അവർ തുടർന്നു: ''ഇതേവരെ വീബൊർഗ്ഗ് ജില്ലാ കൗൺസിലിൽ മാത്രമാണ് നമ്മുടെ പാർട്ടിക്കു സ്വാധീനമുള്ളതു്. തൊഴിലാളിവർഗ്ഗം ഭരണാധികാരം സ്വന്തം കരങ്ങളിലെടുത്തുകഴിഞ്ഞാൽപ്പിന്നെ ബോൾഷെവിക്കുകൾ പ്രവർത്തിക്കുന്നതെങ്ങിനെയായിരിക്കുമെന്ന് പെട്രോഗ്രാഡിലും റഷ്യയിലെങ്ങുമുള്ള തൊഴിലാളികളെ നമുക്കു കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.''

അന്നത്തെ ജോലി കഴിഞ്ഞു് നദേഷ്ദ കൊൻസ്റ്റന്തീനൊവ്ന ഞാനുമൊന്നിച്ച് കളിസ്ഥലത്തിനു പററിയ ഒരു സ്ഥലവുമന്വേഷിച്ച് ആഫീസിൽനിന്നുമിറങ്ങി. കുറേയധികം സമയം ഞങ്ങൾ ചുററിനടന്നു. അവസാനം ഒരു റെയിൽവേപ്പാലത്തിനടുത്തു് പുല്ലുപിടിച്ചുകിടക്കുന്ന ഒരു വലിയ വെളിപ്രദേശം ഞങ്ങൾ കണ്ടെത്തി. അതിനു ചുററും ഒരു വേലിയും അകത്തു് മരംകൊണ്ടുണ്ടാക്കിയ ഒരു ഷെഡ്ഡുമുള്ളതു കാരണം ഇതായിരിക്കും ഏററവും പററിയ സ്ഥലമെന്നു ഞങ്ങൾക്കു തോന്നി.

വീബൊർഗിലെ ചെറുപ്പക്കാരായ ഏതാനും തൊഴിലാളികളുടെ സഹായത്തോടുകൂടി ഞങ്ങൾ കാടും പടലുമെല്ലാം നീക്കി. കുറെയധികം മണൽ കൊണ്ടിട്ടു. കൂടാതെ ഒരു ഡസൻ കളിത്തുമ്പകൾ, ഒരു പന്തു്, ചാടിക്കളിക്കാനുള്ള നാലു കയറു്, വെള്ളക്കടലാസ്സിന്റെ കുറേ കെട്ടുകൾ, ഏതാനും പെട്ടി ചായങ്ങളും ചായപ്പെൻസിലുകളും — ഇത്രയും കൂടി ഞങ്ങളവിടെ കൊണ്ടുവന്നു. കുട്ടികളെ അവരുടെ പുതിയ കളിസ്ഥലത്തേക്കു ക്ഷണിച്ചുകൊണ്ടുള്ള പോസ്റ്ററുകൾ ജില്ലയുടെ നാനാഭാഗത്തും പ്രത്യക്ഷപ്പെട്ടു.

പത്തുമണിക്കു് കളിസ്ഥലം ഉൽഘാടനം ചെയ്യുമെന്നാണു് പ്രഖ്യാപിച്ചിരുന്നതെങ്കിലും അകത്തു നടക്കാൻ പോകുന്ന അത്ഭുതകൃത്യം കാണാനുള്ള ആകാംക്ഷയോടെ എട്ടുമണിക്കുതന്നെ കുട്ടികൾ വേലിക്കു ചുററും കൂടി.

ഞാൻ ഗേററ് തുറന്നപ്പോൾ എല്ലാവരും അകത്തേക്കു കയറിയില്ല. മുപ്പതുപേരേ അകത്തു വരാൻ ധൈര്യപ്പെട്ടുള്ളു. എങ്ങോട്ടു തിരിഞ്ഞാലും ശകാരവും വഴക്കും കേൾക്കേണ്ടി വരുമോ എന്നു ഭയന്നും ശങ്കിച്ചും കഴിയുന്ന കുട്ടികളായിരുന്നു അവർ.

ഞാനവർക്കു കളിക്കോപ്പുകൾ കൊടുത്തു. ഏററവും ചെറിയ കുഞ്ഞുങ്ങളെ മണലിലിരുത്തി. ഈ ബാലവൃദ്ധന്മാരുടെ ബേജാറു് കുറേശ്ശെക്കുറേശ്ശെ അകന്നു, അവരുടെ

മുഖം പ്രസന്നമായിത്തുടങ്ങി. ഒററനോട്ടത്തിൽ അവർ സാധാരണകുട്ടികളെപ്പോലെ തോന്നിച്ചിരുന്നിരിക്കാം. പക്ഷെ പഴന്തുണിയിൽപ്പൊതിഞ്ഞ മരക്കമ്പുമായി അമ്മകളിക്കുന്ന ഏതെങ്കിലുമൊരു കൊച്ചുബാലികയുടെ അടുത്തു ചെന്നാൽ അവൾ ഇങ്ങനെ പിറുപിറുക്കുന്നതു് നിങ്ങൾക്കു കേൾക്കാം:

''കരയണ്ട, വാർക്ക! നീ എന്റെ നെഞ്ചു് തകർക്കുകയാണു്! എനിക്കു ശമ്പളം കിട്ടുന്നതുവരെ നീ ക്ഷമിക്കു്. ഞാനപ്പോൾ കുറെ ഉരുളക്കിഴങ്ങു വാങ്ങി ഒരു കലം നിറയെ വയ്ക്കാം. ഒരു രാജ്ഞിയെപ്പോലെ അതു മുഴുവൻ നീ തന്നെ കഴിക്കും!''

മഴ പെയ്യാൻ തുടങ്ങിയപ്പോൾ കുട്ടികളെ ഷെഡ്ഡിലിരുത്തിയിട്ടു് അവരോടു പടം വരയ്ക്കാൻ ഞാൻ പറഞ്ഞു. വേണ്ട കടലാസ്സും ബ്രഷുകളും ഭാഗ്യവശാൽ ഉണ്ടായിരുന്നു.

മഴ മാറിയപ്പോൾ പടങ്ങളെല്ലാം ഞാൻ ശേഖരിച്ചു. ചിലതിന്റെ തലയും വാലും തിരിച്ചറിയാൻ പ്രയാസമായിരുന്നു. പുകക്കുഴലുകളിൽനിന്നു് പുകച്ചുരുളുകൾ പൊങ്ങുന്ന വീടുകളും കൈകാലുകൾ നിവർത്തിപ്പിടിച്ചുകൊണ്ടുള്ള പരന്ന മനുഷ്യരൂപങ്ങളുമാണു് മററു ചിലതിൽ ചിത്രീകരിച്ചിരുന്നതു്. പക്ഷെ രണ്ടു കടലാസ്സുകളിൽ കണ്ട പടങ്ങൾ എന്നെ അത്ഭുതപ്പെടുത്തി. അല്യോഷ കലേനൊവ് എന്നു പേരായ ഒരു കൊച്ചുബാലൻ വരച്ചതായിരുന്നു അവ.

എല്ലാ പടങ്ങളിലേയും പ്രതിപാദ്യം ഏതാണ്ടു് ഒന്നുതന്നെയായിരുന്നു. ചുവട്ടിൽ നിറപ്പകിട്ടുള്ള ചായങ്ങൾ വാരിത്തേച്ചിട്ടുണ്ടായിരുന്നു. അവയുടെ തെളിമയും വർണ്ണവൈവിധ്യവും വിചിത്രമായ പക്ഷികളുടെ പ്രതീതി ഉളവാക്കി. അവയ്ക്കു മുകളിലായി—ഓരോ പടത്തിലും—നീലനിറത്തിൽ സൂക്ഷ്മമായ ഒരു സമചതുരമുണ്ടായിരുന്നു. അതു് ആകാശത്തുനിന്നും തൂക്കിയിട്ടിരിക്കുകയാണെന്നു തോന്നി. മാത്രമല്ല, അല്പംപോലും ബാലിശമല്ലാത്ത, അത്ഭുതാവഹമായ വ്യഞ്ജകത്വത്തോടെയാണു് ആ ചിത്രങ്ങളെല്ലാംതന്നെ വരച്ചിരുന്നതു്.

ആ വർണ്ണശകലങ്ങൾ പൂക്കളാണെന്ന് എനിക്കറിയാമായിരുന്നു. അല്യോഷ എന്നോടു പറഞ്ഞതാണത്. പക്ഷെ എന്തുകൊണ്ടാണ് ആ പൂക്കൾ ഇത്ര അസാധാരണമായിരിക്കുന്നത്? ഓരോ പടത്തിലും കണ്ട ആ വിചിത്രമായ സമചതുരത്തിൻെറ അർത്ഥമെന്താണ്?

എനിക്ക് എന്തുകൊണ്ടോ അവനോടു ചോദിക്കാൻ കഴിഞ്ഞില്ല. അത്തരമൊരു ചോദ്യം ആ കൊച്ചുമനുഷ്യനെ ഞെരിച്ചുകളയാനിടയുണ്ടായിരുന്നു. നദേഷ്ദ കൊൻസ്റ്റന്തീനൊവ്നയുടെ ഉപദേശം തേടാൻ ഞാൻ തീരുമാനിച്ചു.

അല്യോഷയുടെ പടങ്ങൾ അവരുടേയും ഉള്ളിൽ തട്ടി. ആ കുട്ടിയെക്കുറിച്ച് അവരോടു പറയാൻ യാതൊരു വിവരവും എനിക്കില്ലായിരുന്നു. പക്ഷെ എൻെറ കൈവശം രജിസ്ട്രേഷൻ ബുക്കുണ്ടായിരുന്നു. അതിൽനിന്നും അവൻെറ മേൽവിലാസം കിട്ടി.

''അവൻെറ വീട്ടിൽ പോകൂ,'' നദേഷ്ദ കൊൻസ്റ്റന്തീനൊവ്ന പറഞ്ഞു. ''അവനെങ്ങിനെ ജീവിക്കുന്നുവെന്നു മനസ്സിലാക്കൂ. അപ്പോൾ നമുക്കു പലതും മനസ്സിലായെന്നു വരും.''

അങ്ങിനെ വീബൊർഗ് ജില്ലയിലെ വിരസമായ തെരുവുകളിലൂടെ വീണ്ടും ഞാൻ പോയി. ചുററുപാടും സർവ്വത്ര ശൂന്യമായിരുന്നു. ഒരു വൃക്ഷമില്ല, കുററിച്ചെടിപോലുമില്ല. അവസാനം, കാലപ്പഴക്കംകൊണ്ടു ജീർണ്ണിച്ച ഒരു ആറുനിലക്കെട്ടിടം ഞാൻ കണ്ടു. ദൊസ്റ്റൊയേവ്സ്ക്കിയുടെ ഏതെങ്കിലുമൊരു നോവലിൽനിന്നും വന്നതാകാം അത്. ഇവിടെയാണ് അല്യോഷ പാർത്തിരുന്നത്. ഒരു കിണറിൻെറ അടിഭാഗം പോലെയായിരുന്നു മുററം. അങ്ങേയററത്ത് ഒരു പഴയ കോവണിയുടെ ജീർണ്ണിച്ച പടികൾ ചവുട്ടി താഴോട്ടു പോയാൽ എത്തുന്നത് ഒരു അറയിലാണ് — ഒരററത്ത് ഒരു വാതലോടുകൂടിയ ഇരുളടഞ്ഞ ഒരു നീണ്ട ഇടനാഴി.

ഞാൻ മുട്ടിയപ്പോൾ ആ വാതൽ തന്നെ തുറന്നു. അതിനപ്പിന്നിൽ ഒററ ജനലോടുകൂടിയ ഒരിടുങ്ങിയ മുറിയായിരുന്നു. തുണിക്കഷണങ്ങൾ ചേർത്ത് തുന്നിപ്പിടിപ്പിച്ച ഒരു കീറവിരിപ്പിൽ മൂന്നു കൊച്ചുകുഞ്ഞുങ്ങൾ കിടന്നുറങ്ങുന്നുണ്ടായിരുന്നു. അല്യോഷ കലേനൊവ് ജനലിന്നരികെ ഇരിക്കുകയായിരുന്നു. ഞാനവനെ നോക്കി ചിരിച്ചു. അവൻെറയടുത്തു ചെന്നിരുന്ന് ജനലിൽക്കൂടി നോക്കി. അവൻ ഓരോ പടത്തിലും വരച്ചുചേർത്ത നീലാകാശത്തിൻെറ ശകലം അങ്ങു മുകളിൽ ഞാൻ കണ്ടു.

ഏതാണ്ടു പത്തുവയസ്സുണ്ടെന്നു ഞാൻ കരുതിയിരുന്ന ആ കൊച്ചുബാലനു് പന്ത്രണ്ടുവയസ്സു കഴിഞ്ഞെന്നു ഞാനറിഞ്ഞു. അവൻ വീബൊർഗ് ജില്ലയ്ക്കു പുറത്തു പോയിട്ടേയില്ല. അവനൊരു പുഷ്പം കണ്ടിട്ടേയില്ല. പൂവുകൾക്കു അവാച്യമായ മനോഹാരിതയുണ്ടെന്നായിരുന്നു അവൻെറ ധാരണ. അവയ്ക്കു പാടാൻ പോലും കഴിയുമെന്ന് അവനു തീർച്ചയുണ്ടായിരുന്നു....

യുദ്ധത്തിൻെറ ആദ്യത്തെ ദിവസംതന്നെ അവൻെറ അച്ഛനെ പട്ടാളത്തിലേക്കു വിളിച്ചു. അധികം താമസിയാതെ അയാളുടെ മരണവാർത്ത ലഭിച്ചു. അവൻെറ അമ്മ ഒരു അലക്കുകാരിയായിരുന്നു. നാലു കുഞ്ഞുങ്ങളെ തീററിപ്പോററാൻ അവർ രാപകൽ പാടുപെട്ടു. അല്യോഷ സ്കൂളിൽ പോയിരുന്നില്ല, പകരം ഇളയ കുഞ്ഞുങ്ങളെ അവൻ ശുശ്രൂഷിച്ചു.

ഇക്കാര്യമെല്ലാം ഞാൻ നദേഷ്ദ കൊൻസ്റ്റന്തീനൊവ്നയോടു പറഞ്ഞു. അവർ നിശ്ശബ്ദമായി കേട്ടു. അവരുടെ കവിളുകളിലൂടെ കണ്ണുനീരൊഴുകി. മേശപ്പുറത്തു വച്ചിരുന്ന അവരുടെ സുന്ദരമായ കൈകൾ വിറച്ചു. പിറേറന്ന് അവർ എനിക്കൊരു കുറിപ്പയച്ചു. ഞാൻ അന്നു വൈകുന്നേരം ക്ഷെസീൻസ്ക്കയയുടെ കൊട്ടാരത്തിൽവച്ച് വ്ളദീമിർ ഇലിയിച്ചിനെ കാണണമെന്നും അല്യോഷയുടെ പടങ്ങൾ കൂടി കയ്യിലെടുക്കണമെന്നുമാണ് അതിൽ പറഞ്ഞിരുന്നത്.

എനിക്ക് കൊട്ടാരത്തിലെത്താൻ സാധിച്ചപ്പോഴേക്കും നേരം വൈകിയിരുന്നു. അകത്തും പുറത്തുമെല്ലാം വലിയ ആൾത്തിരക്കായിരുന്നു: കേരെൻസ്ക്കിയുടെ പ്രേരണയിൽ നടത്തിയ ഒരു കടന്നാക്രമണം ലജ്ജാകരമായ വിധത്തിൽ പരാജയമടഞ്ഞ വാർത്ത വന്നതു് അപ്പോഴാണ്. അനേകം സൈനികർക്ക് ജീവഹാനി സംഭവിച്ച ഒരു സാഹസിക ശ്രമമായിരുന്നു അതു്. പെട്രോഗ്രാഡിലെ തൊഴിലാളികൾക്ക് താല്ക്കാലികഗവണ്മെൻറിനോടു ഒടുങ്ങാത്ത വിദ്വേഷം തോന്നി.

രണ്ടാമത്തെ നിലയിൽ ഒരു കോണിലുള്ള മുറിയിലാണ് വ്ളദീമിർ ഇലിയിച്ച് എന്നെ സ്വീകരിച്ചതു്. അതിൻെറ ഒരു ജനൽ നെവാനദിക്കും മറേറതു് പീററർ—പോൾ ദുർഗ്ഗത്തിനും അഭിമുഖമായിരുന്നു.

ഞാനകത്തു കയറിയപ്പോൾ പത്രങ്ങളും പുസ്തകങ്ങളും ചിതറിക്കിടന്നിരുന്ന ഒരു മേശപ്പുറത്തു് വ്ളദീമിർ ഇലിയിച്ച് എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ജനലുകൾ തുറന്നുകിടന്നിരുന്നു. വിദൂരമായ തീരത്തടിക്കുന്ന തിരമാലയുടെ മുഴക്കം പോലെ ജനക്കൂട്ടത്തിൻെറ ബഹളം അവയിൽക്കൂടി അകത്തു കേൾക്കാമായിരുന്നു.

എന്തെങ്കിലും പറയുന്നതിനുമുമ്പ് അദ്ദേഹം ഒരു മൂലയിൽ ഇരുന്നിരുന്ന നീല ഇനാമലിട്ട ചായക്കോപ്പിൽനിന്നും ഞങ്ങൾക്കു രണ്ടുപേർക്കും ചായ ഒഴിച്ചു. ഒരു സോസറിൽ കുറച്ചു പഞ്ചസാരയും ഒരു പാത്രത്തിൽ കുറെ കറുത്ത റൊട്ടിക്കഷണങ്ങളും അദ്ദേഹം മേശപ്പുറത്തു വച്ചു. പഞ്ചസാര വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. ഞങ്ങളതു് റൊട്ടിയിൽ വിതറി. അങ്ങനെ ചായയ്ക്കൊപ്പം വ്ളദീമിർ ഇലിയിച്ചിൻെറ ഭാഷയിൽ പറഞ്ഞാൽ ''പഞ്ചസാര സാൻഡ്വിച്ചു''കൾ ഞങ്ങൾ കഴിച്ചു.

അതിനുശേഷം ഞാൻ അല്യോഷയുടെ പടങ്ങൾ പുറത്തെടുത്തു. വ്ളദീമിർ ഇലിയിച്ച് കുറെയധികം നേരത്തേക്ക് അവ സൂക്ഷിച്ചുനോക്കി.

''കണ്ടോ ഇതു്!'' റോസ്നിറത്തിലുള്ള കർട്ടനിലേക്കും മാർബിൾ മച്ചിലേക്കും ചൂണ്ടിക്കൊണ്ട് വ്ളദിമീർ ഇലിയിച്ച് കോപാകുലനായി പറഞ്ഞു. ''സാറിൻെറ വെപ്പാട്ടിക്ക് ഈ ആഡംബരത്തിൽ കഴിയാൻവേണ്ടി അല്യോഷ കലേനൊവിൻെറ ബാല്യം ബലികഴിക്കേണ്ടിവന്നു.''

ഒരു കടലാസ്സു വലിച്ചെടുത്തു് എൻെറ കളിസ്ഥലത്തെ കുട്ടികൾക്കുവേണ്ടി ചെയ്യേണ്ട എല്ലാ കാര്യങ്ങളും അദ്ദേഹം കുറിക്കാൻ തുടങ്ങി: ''അവരെ പട്ടണത്തിനു വെളിയിൽ കാററുകൊള്ളാൻവേണ്ടി ഒരിക്കലെങ്കിലും കൊണ്ടുപോയേതീരു (ഈ വാക്ക് അദ്ദേഹം രണ്ടുപ്രാവശ്യം അടിവരയിട്ടു); അവരെ ഗ്രീഷ്മോദ്യാനത്തിൽ കൊണ്ടുപോയേതീരു (വീണ്ടും അദ്ദേഹം രണ്ടുതവണ അടിവരയിട്ടു)—''ഉയർന്ന വർഗ്ഗക്കാരുടെ കുട്ടികൾ അവർക്കല്പം ഇടകൊടുക്കട്ടെ''— അവർക്കുവേണ്ടി കളിസാമഗ്രികളും പന്തുകളും കണ്ടുപിടിച്ചു കൊടുക്കണം. കുട്ടികൾക്കുവേണ്ടിയുള്ള കുറേ പുസ്തകങ്ങളെക്കുറിച്ച് ഗോർക്കിയോടു സംസാരിക്കുക. കളിസ്ഥലത്തു് ഏതാനും തടങ്ങളൊരുക്കി പൂച്ചെടികൾ നട്ടുപിടിപ്പിക്കാൻ കഴിയുമോ എന്നു് വീബൊർഗ്ഗുകാരോടു ചോദിച്ചേതീരു.''

പിറേറന്നു രാവിലെ വ്ളദീമിർ ഇലിയിച്ച് ഒരാഴ്ചത്തേക്ക് ഫിൻലാൻഡിൽ പോയി. അല്യോഷയുടെ പടങ്ങളും തൻെറ കുറിപ്പുകളും അദ്ദേഹം കൂടെ കൊണ്ടുപോയി. തിരിച്ചുവരുമ്പോൾ അവനെ തനിക്കു കാണണമെന്നു് അദ്ദേഹം പറഞ്ഞു.

പക്ഷെ ജൂലൈ 3, 4, 5 എന്നീ തീയതികളിലെ സംഭവങ്ങൾ നടന്നതു് അധികം താമസിയാതെയാണ്. വ്ളദീമിർ ഇലിയിച്ച് ഉടൻതന്നെ പെട്രോഗ്രാഡിലേക്കു മടങ്ങിയെങ്കിലും താല്ക്കാലികഗവണ്മെൻറിൻെറ അറസ്റ്റും ഉപദ്രവവും ഒഴിവാക്കാൻ അദ്ദേഹത്തിന് ഒളിവിൽ പോകേണ്ടിവന്നു. അല്യോഷയുടെ പടങ്ങളുൾപ്പെടെയുള്ള കടലാസ്സുകൾ അദ്ദേഹത്തിന് നഷ്ടപ്പെട്ടു.

ഒളിസ്ഥലം പലതവണ മാറി, വ്ളദീമിർ ഇലിയിച്ച് അവസാനം സെസ്ട്രോരേററ്സ്ക് തൊഴിലാളിയും ബോൾഷെവിക്കുമായ നിക്കൊലായ് അലെക്സേയെവിച്ച് യെമെല്യാനൊവിന്റെ പുൽപ്പാടത്തിലെത്തി അവിടെയൊരു കുടിലിൽ ഒളിച്ചിരുന്നു. ദുർഘടം പിടിച്ച ആ മാസങ്ങളിലും നദേഷ്ദ കൊൻസ്തന്തീനൊവ്ന വീബൊർഗ് ജില്ലാ കൗൺസിലിലെ പ്രവർത്തനം തുടർന്നുപോന്നു. എപ്പോഴത്തേയും പോലെ അക്ഷോഭ്യയായിട്ടാണ് അവർ കാണപ്പെട്ടതു്. എങ്കിലും പുറമേയ്ക്കുള്ള ആ പ്രശാന്തത എന്തു ഭീമമായ യത്നമാണ് അവരിൽനിന്നും ഈടാക്കിയതെന്ന് എന്റെ അവിദഗ്ദ്ധനേത്രങ്ങൾക്കുപോലും കാണാമായിരുന്നു.

ഞങ്ങളെക്കുറിച്ചു ചിന്തിക്കാൻ വ്ളദീമിർ ഇലിയിച്ചിനു നേരമില്ലായിരുന്നുവെന്നും എന്റെ കളിസ്ഥലത്തെ കുട്ടികൾക്കായി ചെയ്യാനുദ്ദേശിച്ചിരുന്ന കാര്യങ്ങളെല്ലാം അദ്ദേഹം മറന്നുകാണുമെന്നും എനിക്കു തീർച്ചയുണ്ടായിരുന്നു. അതുകൊണ്ട് ജൂലൈ അവസാനത്തിൽ ഒരു ഞായറാഴ്ച കാററുകൊള്ളാൻ മുസ്തമാക്കിയിലേക്കു കൊണ്ടുപോകുന്നതിനുവേണ്ടി കുട്ടികളെയെല്ലാം ഒന്നിച്ചുകൂട്ടണമെന്ന് നദേഷ്ദ കൊൻസ്തന്തീനൊവ്ന പറഞ്ഞപ്പോൾ എന്റെ അത്ഭുതം കുറച്ചൊന്നുമല്ലായിരുന്നു.

‘‘ടിക്കററിനുള്ള പണമെവിടെ?’’

‘‘അതിന്റെ ആവശ്യം വരില്ല. എല്ലാം ഏർപ്പാടു ചെയ്തിട്ടുണ്ട്.’’

അവർ പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ഫിൻലാൻഡ് സ്റ്റേഷനിൽ ഞങ്ങളേയും കാത്ത് ഒരു കാലികമ്പാർട്ടുമെൻറ് കിടക്കുന്നുണ്ടായിരുന്നു; നമ്മുടെ റെയിൽവെ സഖാക്കളാണ് അതു അവിടെ കൊണ്ടുവന്നിട്ടതു്. ആദ്യം പുറപ്പെടാനിരുന്ന ട്രെയിനിന്റെ കൂടെ അതവർ കൂട്ടിയിണക്കി. അങ്ങിനെ ചിരിച്ചും ആർത്തുവിളിച്ചും ഞങ്ങൾ യാത്രയായി.

മുസ്തമാക്കിയിൽ പഴയ പാർട്ടിപ്രവർത്തകനായ അ

ലെക്സാണ്ടർ മിഹൈലൊവിച്ച് ഇഗ്നാതിയെവ് ഞങ്ങളെ സ്വീകരിച്ചു. കുട്ടികളെ നന്നാലുപേർ വീതം വരിയായി നിർത്തി. ഒരു കുട്ടിയുടെ കയ്യിൽ ഒരു കഷണം കൊടിത്തുണിയുണ്ടെന്നു വെളിവായി (തീർച്ചയായും അതു യാദൃച്ഛികമാവാൻ തരമില്ല). അവനതു് ഉടനെ ഒരു വടിയുടെ അററത്തു കെട്ടി. അങ്ങിനെ ഞങ്ങൾ ചുവന്ന കൊടിയും പേറിക്കൊണ്ട് ആ പ്രദേശത്തുള്ള ഒരു വീട്ടിലേക്കു മാർച്ചുചെയ്തു പോയി. അവിടെ ചെന്നപ്പോഴുണ്ട് നല്ല സ്വാദുള്ള ചാമക്കഞ്ഞിയും പാലൊഴിച്ച മധുരമുള്ള ചായയും ഓട്ട്കേക്കുകളും സുലഭമായി ഞങ്ങളെയും കാത്ത് ഇരിക്കുന്നു.

ഞങ്ങൾക്കുവേണ്ടി ഇതെല്ലാം ചെയ്തതു് വ്ളദീമിർ ഇലിയിച്ച് ഒരാൾ കാരണമാണ്! അതും ആ സമയത്ത് സ്വന്തം സ്ഥിതി അങ്ങേയററം മോശമായിരുന്നിട്ടും—ഏതു നിമിഷത്തിലും അറസ്ററും ഭയങ്കരമർദ്ദനവും ഉണ്ടാകാനിടയുണ്ടെന്നറിഞ്ഞുകൊണ്ടും ലേഖനങ്ങളും ഗ്രന്ഥങ്ങളും ലഘുലേഖകളുമെഴുതുന്നതിൽ രാപകൽ വ്യാപൃതനായിക്കൊണ്ടും റഷ്യയുടേയും സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിന്റേയും ഭാവിഭാഗധേയത്തിൽ ശ്രദ്ധമുഴുവൻ കേന്ദ്രീകരിച്ചുകൊണ്ടും ആരുമാരും വസിക്കാത്ത ഒരു കുടിലിൽ ഏകനായിക്കഴിയുകയായിരുന്നു അദ്ദേഹം. അങ്ങനെയൊരു സമയത്താണ് ഒരമ്പതു തൊഴിലാളിക്കുട്ടികൾക്ക് ഒരു ദിവസത്തെ സന്തോഷം നല്കാനുള്ള നടപടികൾ അദ്ദേഹമെടുത്തതു്!

നീരാടിയും കാട്ടിലൂടെ നടന്നും പാട്ടുപാടിയും സന്തോഷകരമായ ആ ദിനം ഞങ്ങൾ ചിലവഴിച്ചു. ഏററവും ചെറിയ കുട്ടികൾ ഉയരമുള്ള പുല്ലിനിടയിൽ കുത്തിമറിഞ്ഞു. ഞങ്ങളുടെ ചെറുബാലികമാർ പൂക്കൾകൊണ്ട് മാലകൾ കോർത്തു.

അല്യോഷ കലേനൊവ് മാത്രം പൂക്കൾ നോക്കിക്കൊണ്ടും അവയുടെ ദലങ്ങളെ മൃദുവായി സ്പർശിച്ചുകൊണ്ടും മാസ്മരശക്തിയാലെന്നപോലെ അവിടെയെല്ലാം അലഞ്ഞുനടന്നു.

ഞങ്ങൾ തീർച്ചയായും വീണ്ടും വരണമെന്ന് ഇഗ്നാതിയെവ് പറഞ്ഞു. പക്ഷെ പ്രക്ഷുബ്ധമായ രാഷ്ട്രീയസംഭവവികാസങ്ങൾകാരണം അതു നടന്നില്ല. ഓരോദിവസം ചെല്ലുന്തോറും രാജ്യത്തിലെ പൊതുസ്ഥിതി കൂടുതൽ മൂർഛരിച്ചുവന്നു. വീബൊർഗ് എന്ന ചുവപ്പു ജില്ലയ്ക്കെതിരായി സുശക്തമായ ഒരു തുറന്ന ദുഷ്പ്രചരണം അഴിച്ചുവിടപ്പെട്ടു. ഈ ‘‘ബോൾഷെവിക് കൂട്’’’ ഇല്ലായ്മചെയ്യാൻ ബൂർഷ്വാപത്രങ്ങൾ ആവശ്യപ്പെട്ടു. കളിസ്ഥലത്തിനാവശ്യമായ സംഗതികളെക്കുറിച്ച് ഞാൻ സഖാക്കളെ ഓർമ്മപ്പെടുത്തിയപ്പോൾ അവർ നെടുവീർപ്പിടുകയും തല ചൊറിയുകയും കുറ്റബോധത്തോടെ എന്നെ നോക്കുകയും ചെയ്തു. പക്ഷെ അവർക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

സെപ്റ്റംബർ അടുക്കാറായിരുന്നു. ഒരു മേൽക്കൂരയുള്ള ഏതെങ്കിലുമിടത്തേക്ക് കുട്ടികളെ മാറ്റേണ്ടിയിരുന്നു. പക്ഷെ സ്ഥലമോ അതിനുള്ള പണമോ ഞങ്ങളുടെ പക്കലില്ലായിരുന്നു. കൂടാതെ, ഞങ്ങളെല്ലാം മറ്റു കാര്യങ്ങളിൽ വ്യാപൃതരായിരുന്നു. കാരണം തൊഴിലാളിയുവജനങ്ങളാകെ ഒക്ടോബർ മുന്നേറ്റത്തിനുള്ള തയാറെടുപ്പിൽ പാർട്ടിയെ സഹായിക്കാൻ പരമാവധി പ്രയത്നിക്കുകയായിരുന്നു.

ആ ദിവസങ്ങളിൽ ഞാൻ അല്യോഷ കലേനൊവിന്റെ കാര്യം പാടേ മറന്നുപോയി എന്നോർക്കുമ്പോൾ എനിക്കു ലജ്ജ തോന്നുന്നു. ഒക്ടോബർ വിപ്ലവത്തിനുശേഷം സ്മോൾനിയുടെ ഇടനാഴിയിൽവെച്ച് ഞാൻ യാദൃച്ഛികമായി വ്ളദീമിർ ഇലിയിച്ചിനെ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം ഉടനെ അല്യോഷ കലേനൊവിനെക്കുറിച്ചു തിരക്കി. ഞാൻ വല്ലാതെ കുഴങ്ങി. ആ ബാലനെക്കുറിച്ച് എന്തെങ്കിലും പറയാൻ എന്നെക്കൊണ്ട് അസാദ്ധ്യമായിരുന്നു.

‘‘അതെങ്ങിനെ?’’ അദ്ദേഹം ചോദിച്ചു. ‘‘ആ കുടുംബത്തിന്റെ ഭാവി, ഒരുതരത്തിൽ പറഞ്ഞാൽ, നിന്റെ കയ്യിലായിരുന്നു. എന്നിട്ടു നീ അവരെ മറന്നിരിക്കുന്നു!’’

‘‘അതെ, ഞാൻ...’’

‘‘കമണ്ടാണ്ടിന്റെ ആഫീസിൽ പോയി, അവിടുത്തെ സഖാക്കളോടു പറയൂ, കലേനൊവ് കുടുംബത്തെ ഒരു നല്ല താമസസ്ഥലത്തേക്ക് മാറ്റാൻ വേണ്ട ഏർപ്പാടുചെയ്യണമെന്നു ഞാൻ പറഞ്ഞുവെന്ന്.’’

ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഞാൻ കലേനൊവ് കുടുംബത്തെ അവരുടെ പുതിയ വീട്ടിൽ ചെന്നു കണ്ടു. തനിക്കു കൈവന്ന ഭാഗ്യം വിശ്വസിക്കാൻ കഴിയാതെ മരീയ വസീലിയെവ്ന കലേനൊവ നാടു വിട്ടോടിപ്പോയ ഗുക്കാസൊവ് എന്ന എണ്ണപ്രഭുവിന്റെ ആഡംബരപൂർണ്ണമായ പഠനമുറിയിൽ ചുറ്റിനടന്ന് കളിമണ്ണുകൊണ്ടുണ്ടാക്കിയ നർമ്മ യുള്ള കൗതുകവസ്തുക്കൾ ഒരലക്കുകാരിയുടേതായ പരുപരുത്ത കൈകൾകൊണ്ട് നിഷ്ക്കർഷയോടെ വീണ്ടും നിരത്തിവയ്ക്കുകയായിരുന്നു. അല്യോഷയാണെങ്കിൽ വ്രൂബെലിന്റെ ‘‘ഗന്ധർവ്വൻ’’ എന്ന ചിത്രത്തിന്റെ സ്കെച്ച് ചുമരിൽ കണ്ടതോടെ മറ്റെല്ലാം മറന്നതുപോലെ തോന്നി.

നവംബർ ഒടുവായപ്പോഴേക്കും ഞങ്ങൾക്കവസാനം കുട്ടികൾക്കുവേണ്ടിയുള്ള ക്ലബ്ബിനു സ്ഥലം കിട്ടി—ഒരു സൗധത്തിലെ മൂന്നു മുറികൾ. മഹാനായ റഷ്യൻ കവി നെക്രാസ്സൊവ് ‘‘മുഖ്യകവാടം’’ എന്ന കവിത രചിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന സദനമാണിതു്.

എന്നാൽ ഇപ്പോൾ ആ മുഖ്യകവാടത്തിൽ വന്നുകൂടിയതു് ഗർവ്വിഷ്ഠരായ പാദസേവകരുടെ ചവിട്ടേറ്റു വലഞ്ഞ ഗ്രാമദൂതന്മാരല്ല, പെട്രോഗ്രാഡ്തൊഴിലാളികളും അവരുടെ കുട്ടികളുമാണ്. പ്രവർത്തനങ്ങൾ തകൃതിയായി മുന്നേറി. വിറകു ശേഖരിച്ചു. തറ കഴുകി വെടിപ്പാക്കി. ഗൃഹോപകരണങ്ങളെല്ലാം ഞങ്ങളുടെ ആവശ്യാനുസരണം വേറേപ്രകാരത്തിലിട്ടു. മുമ്പ് ഒരു ഉന്നതസാറിസ്റ്റ് ഉദ്യോഗസ്ഥന്റേതായിരുന്ന ഈ വീട് പെട്രോഗ്രാഡിലെ അദ്യത്തെ കുട്ടികളുടെ ക്ലബ്ബാക്കി മാറ്റി. ‘‘തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ലോകവിപ്ല

വക്ലബ്ബ്'' എന്നാണ് ഞങ്ങളതിനു പേരിട്ടതു്. ക്ലബ്ബിലെ
എല്ലാ പണിയും കുട്ടികൾതന്നെയാണു ചെയ്തതു്—അവർ
സ്ഥലം ശുചിയാക്കിവെച്ചു, വിറകു കീറി, അടുപ്പു നിറച്ചു.

ഞാൻ 1918 മാർച്ചിൽ മോസ്ക്കോവിലേക്കു പോ
യെങ്കിലും മേയ്ദിനത്തിനുമുമ്പ് പെട്രോഗ്രാഡിൽ തിരി
ച്ചെത്തി. വിപ്ലവരക്തസാക്ഷിമൈതാനത്തിലെ വേദിക്കടുത്തു
നിന്നുകൊണ്ടു് ഞങ്ങളുടെ ക്ലബ്ബിലെ ബാലികാബാലന്മാർ
മാർച്ചുചെയ്തു പോകുന്നതു ഞാൻ കണ്ടു. ചുവന്ന ഷർട്ടു ധരിച്ച
ഒരു തൊഴിലാളിയെ ചിത്രീകരിച്ചുകൊണ്ടുള്ള വലിയൊരു
പ്ലക്കാർഡ് അവർ പിടിച്ചിരുന്നു. ഒരു കൈ ഒരു കർഷക
ന്റെ കയ്യിൽ കോർത്തുപിടിച്ചുകൊണ്ടു് അയാൾ ലോകത്തെ
ചുററിയിട്ടുള്ള മൂലധനച്ചങ്ങല തകർക്കാൻവേണ്ടി മറേറ
കയ്യിൽ ഒരു ഭാരിച്ച ചുററിക ഓങ്ങിക്കൊണ്ടുനിന്നിരുന്നു.
പ്ലാക്കാർഡിൽ എഴുതിയിരുന്നതിതാണ്: ''ലോകബൂർഷ്വാ
സി, കരുതിക്കോളു, ഞങ്ങൾ ജാഗ്രതയായിരിക്കുകയാണ്!''
ആ സമയത്താണ് അല്യോഷ കലേനൊവ് എൻറടുത്തേ
ക്കു് ഓടിവന്നു സന്തോഷത്തോടെ വിളിച്ചുപറഞ്ഞതു് ആ
പ്ലക്കാർഡ് അവനാണു വരച്ചതെന്നു്.

യുദ്ധരംഗത്തേക്കയച്ച ഒരു സേനാവിഭാഗത്തിൽ കൊം
സൊമോൾ അംഗമായ അലെക്സേയ്* കലേനൊവ് സ്വ
യം ചേർന്നെന്നും പൽക്കോവൊയ്ക്കടുത്തുവച്ചു് യുദേനിച്ചി
ന്റെ സംഘങ്ങളുമായി പടവെട്ടി വീരമൃത്യു വരിച്ചെന്നും
ഞാൻ പിന്നീടു് 1920–ലെ വേനല്ക്കാലത്തു് പെട്രോഗ്രാ
ഡിൽ ചെന്നപ്പോൾ അറിയുകയുണ്ടായി.

---

*''അലെക്സേയ്'', ''അല്യോഷ''—ഇവരണ്ടും ഒരേ പേരു
തന്നെയാണ്. ''അല്യോഷ'' ഓമനപ്പേരാണെന്നുമാത്രം.

ലെനിൻ ക്രൂപ്സ്കയയും മരീയ
ഉല്യാനൊവയുമൊന്നിച്ചു്. കാ
റോടിക്കുന്നതു് സ്റ്റെപ്പാൻ ഗിൽ.
മോസ്ക്കോ, മേയ് 1, 1918

സ്റ്റെപ്പാൻ ഗിൽ

ലെനിനെക്കുറിച്ചുള്ള കഥകളുടെ കൂട്ടത്തിൽ സ്റ്റെപ്പാൻ ഗില്ലിൻെറ സ്മരണകൾക്ക് ഒരു പ്രത്യേക സ്ഥാനമുണ്ട്. ലെനിൻെറ ഡ്രൈവറെന്ന നിലയ്ക്ക് സ്റ്റെപ്പാൻ ഗിൽ വിപ്ലവത്തിൻെറ മഹാനായ നേതാവുമായി ആറുകൊല്ലക്കാലം (1917–24) അടുത്ത സമ്പർക്കത്തിൽക്കഴിഞ്ഞു. അദ്ദേഹത്തിൻെറ ജീവിതത്തിലെ പല സംഭവങ്ങൾക്കും അയാൾ ഒരു ദൃക് സാക്ഷിയായിരുന്നു.

ഇപ്പോൾ ഒരു വാർദ്ധക്യകാലപെൻഷനറായ സ്റ്റെപ്പാൻ ഗിൽ ''വി. ഐ. ലെനിനുമൊന്നിച്ച് ആറു വർഷങ്ങൾ''എന്നൊരു പുസ്തകമെഴുതിയിട്ടുണ്ട്. അതിൽനിന്നൊരു ഭാഗമാണ് ഈ സമാഹാരത്തിൽ ചേർത്തിരിക്കുന്നത്.

ലെനിനെ വധിക്കാൻ നടത്തിയ ശ്രമം

ആയിരത്തിത്തൊള്ളായിരത്തിപ്പതിനെട്ടാമാണ്ട്. ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏററവും മഹത്തായ വിപ്ലവത്തിൻെറ പ്രഥമ വർഷത്തിലെ വ്യഗ്രവും വളരെയേറെ പ്രക്ഷുബ്ധവുമായ ജീവിതം നയിച്ചിരുന്ന സോവിയററ് റഷ്യയെ സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠാകുലമായ ഒരു കാലമായിരുന്നു അത്.

അക്കാലത്ത് മിക്കവാറും എല്ലാ ദിവസവും വ്ളദീമിർ ഇലിയിച്ച് പൊതുയോഗങ്ങളിൽ സംബന്ധിക്കാൻ വേണ്ടി പുറത്തുപോകുമായിരുന്നു. തുറസ്സായ സ്ഥലത്ത് മില്ലുകളിലും ഫാക്ടറികളിലും വെച്ചോ മൈതാനങ്ങളിൽ വെച്ചോ പട്ടാളക്കാരുടെ താവളങ്ങളിൽ വെച്ചോ ആണ് അവ നടന്നിരുന്നത്. പലപ്പോഴും ഒരു ദിവസം അത്തരം രണ്ടോ മൂന്നോ യോഗങ്ങളിൽ ലെനിൻ പ്രസംഗിക്കുമായിരുന്നു.

ആ യോഗങ്ങളിൽ ആർക്കും പങ്കെടുക്കാമായിരുന്നു: അവ നടക്കുന്ന ഫാക്ടറികളുടെ ഗേററുകൾ മലർക്കെ തുറന്നായിരുന്നു വയ്ക്കാറ്. എന്നുതന്നെയല്ല, ലെനിൻ പ്രസംഗിക്കേണ്ട യോഗത്തിൽ പങ്കെടുക്കാൻ ഉപചാരപൂർവ്വം എല്ലാവരേയും ക്ഷണിച്ചുകൊണ്ടുള്ള ക്ലൂററൻപ്ലക്കാർഡുകൾ ആ ഗേററുകളുടെ മുകളിലായി സ്ഥാപിക്കാറുണ്ടായിരുന്നു.

വ്ളദീമിർ ഇലിയിച്ചിനു ജീവാപായം സംഭവിച്ചേക്കാവുന്ന സന്ദർഭങ്ങൾ ദിവസത്തിൽ പലതവണ ഉണ്ടാകാറുണ്ടായിരുന്നു. ഒരു അംഗരക്ഷകനെ വയ്ക്കാൻ അദ്ദേഹം നിർബ്ബന്ധപൂർവ്വം വിസമ്മതിച്ചുവെന്നതു് അപകടം വർദ്ധിപ്പിച്ചു. അദ്ദേഹം സ്വന്തമായി യാതൊരു ആയുധങ്ങളും കൊണ്ടു നടന്നിരുന്നില്ല (ഒരിക്കൽപ്പോലും ഉപയോഗിക്കാത്ത ഒരു ചെറിയ ബ്രൗണിംഗ് ഒഴികെ). എന്നോടും പറഞ്ഞു ആയുധമൊന്നും എടുക്കേണ്ട എന്ന്. ഒരു ദിവസം ഉറയിലിട്ട ഒരു റിവോൾവർ എൻെറ ബെൽട്ടിൽ ഘടിപ്പിച്ചിരിക്കുന്നതു

കണ്ടിട്ട് അദ്ദേഹം സൗമ്യമായിട്ടെങ്കിലും ദൃഢസ്വരത്തിൽ ചോദിച്ചു:

''നിങ്ങൾക്ക ആ സാധനം എന്തിനാണ്, സഖാവ് ഗിൽ? അതു കഴിയുന്നത്ര ദൂരെ മാററിവയ്ക്കൂ!''

ഞാൻ എന്നാലും ആ റിവോൾവർ കൈവശം വച്ചിരുന്നു. വ്ളദീമിർ ഇലിയിച്ചിന്റെ കണ്ണിൽ പെടാതിരിക്കാൻവേണ്ടി ഞാനതു് ഷർട്ടിനടിയിലുള്ള ബെൽട്ടിൽ തിരുകിവയ്ക്കുകയായിരുന്നു പതിവ്.

ആ വിധിനിർണ്ണായകദിവസത്തിൽ—1918 ആഗസ്റ്റ് 30-ാംനു-— വ്ളദീമിർ ഇലിയിച്ചും ഞാനും പലയിടങ്ങളിലും പോയി. ധാന്യവിനിമയകേന്ദ്രത്തിൽ വച്ചു നടന്ന ഒരു യോഗത്തിൽ ഞങ്ങൾ സംബന്ധിച്ചുകഴിഞ്ഞിരുന്നു. വൈകിട്ട് ഉദ്ദേശം ആറുമണിക്ക് ഞങ്ങൾ അവിടം വിട്ട് സെർപുഹോവ്സ്ക്കയ തെരുവിൽ മുമ്പ് മിക്കൽസണ്ണിൻേറതായിരുന്ന ഫാക്ടറിയിലേക്ക പുറപ്പെട്ടു. ഇതിനുമുമ്പ പലതവണ ഞങ്ങൾ ആ ഫാക്ടറിയിൽ പോയിട്ടുള്ളതാണ്.

ഞങ്ങൾ മിക്കൽസൺ ഫാക്ടറിവളപ്പിൽ എത്തിയപ്പോൾ യോഗം തുടങ്ങിയിട്ടുണ്ടായിരുന്നില്ല. എല്ലാവരും ലെനിനേയും കാത്തു് ഇരിക്കുകയായിരുന്നു. വിശാലമായ ഗ്രെനേഡ് ഡിപ്പാർട്ടുമെൻറിൽ ആയിരക്കണക്കിനാളുകൾ കൂടിയിരുന്നു. പക്ഷെ ഞങ്ങളെ സ്വീകരിക്കാൻ, എന്തുകൊണ്ടോ, ആരും—ഫാക്ടറിക്കമ്മിററിയംഗങ്ങളോ മററാരെങ്കിലുമോ—വന്നുകണ്ടില്ല.

വ്ളദീമിർ ഇലിയിച്ച് കാറിൽനിന്നിറങ്ങി ധൃതിയിൽ ഡിപ്പാർട്ടുമെൻറിലേക്ക നടന്നു. അതിന്റെ ഗേററിൽനിന്നും ഉദ്ദേശം പത്തടി അകലെയായി മുററത്തുനിന്നും പുറത്തേക്കുള്ള വഴിക്കഭിമുഖമായി ഞാൻ കാർ തിരിച്ചിട്ടു.

ഏതാനും മിനിട്ടുകൾ കഴിഞ്ഞു് ഇറക്കം കുറഞ്ഞ ജാക്കററിട്ട ഒരു സ്ത്രീ എന്നെ സമീപിച്ചു; അവളുടെ കയ്യിൽ ഒരു ബാഗുണ്ടായിരുന്നു. ഞാനവളെ ശരിക്കൊന്നു നോക്കി.

കാരണം അവൾ കാറിന്റെ തൊട്ടടുത്തുവരെ വന്നു. അവൾ ചെറുപ്പമായിരുന്നു, നന്നെ ശോഷിച്ചിരുന്നു. അവളുടെ പരിഭ്രാന്തമായ കറുത്തിരുണ്ട കണ്ണുകൾ അവൾക്ക തികച്ചും സുബോധമില്ലെന്ന പ്രതീതി ഉളവാക്കി. അവൾ വിളറിയിരുന്നു. പ്രകടമായും വിറയ്ക്കുന്ന സ്വരത്തിൽ അവളെന്നോടു ചോദിച്ചു:

''ലെനിൻ വന്നിട്ടുണ്ട്, ഇല്ലേ സഖാവേ?''

''എനിക്കറിയാൻ വയ്യ ആരാണു വന്നതെന്ന്,'' ഞാൻ മറുപടി പറഞ്ഞു.

അതു കേട്ട് സംഭ്രമത്തോടെ ചിരിച്ചുകൊണ്ടു് അവൾ പറഞ്ഞു:

''കൊള്ളാം! നിങ്ങൾ ഡ്രൈവറാണ്, എന്നിട്ടറിയാൻ പാടില്ല ആരെയാണു കൊണ്ടുവന്നതെന്ന്.''

''എനിക്കെങ്ങിനെ അറിയാം? ഏതെങ്കിലും പ്രാസംഗികനായിരിക്കും. അവരിലൊരുപാടു പേർ ഈ കാറുപയോഗിക്കുന്നുണ്ട്. അവരെയൊക്കെ ആർക്ക് ഓർത്തിരിക്കാൻ കഴിയും?'' ഞാൻ ശാന്തമായി പറഞ്ഞു.

വന്നതാരാണെന്നോ എവിടന്നു വന്നുവെന്നോ എങ്ങോട്ടു പോകുന്നുവെന്നോ ആരോടും പറയരുതെന്ന നിയമം ഞാൻ എപ്പോഴും കർശനമായി പാലിച്ചുവന്നിരുന്നു.

പരിഹാസദ്യോതകമായി ചുണ്ടു വളച്ചുകൊണ്ടു് അവൾ പിരിഞ്ഞു. അവൾ ഫാക്ടറിയിലേക്ക കയറുന്നതു ഞാൻ കണ്ടു.

''അവൾക്കെന്താണു വേണ്ടിയിരുന്നതു്?'' ഞാനത്ഭുതപ്പെട്ടു. ''എന്തായിരുന്നു അവൾക്കിത്ര നിർബ്ബന്ധം?'' പലപ്പോഴും പലരും ചോദിക്കുമായിരുന്നു ഞാൻ കാറിൽ കൊണ്ടുവന്നതാരെയാണെന്ന്. ചിലപ്പോൾ അവർ നാലു ഭാഗത്തുനിന്നും കാർ വളയും; ആ സ്ത്രീയുടെ പെരുമാററവും അവൾ പറഞ്ഞതും അപ്പോൾത്തന്നെ ഞാൻ മറന്നുപോകാൻ കാരണമതായിരുന്നു.

ഏതാണ്ടൊരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും വലിയൊരു ജനക്കൂട്ടം പുറത്തേക്കു വന്നു. ഒട്ടുമുക്കാലും തൊഴിലാളികളായിരുന്ന അവരെക്കൊണ്ട് മുററം നിറഞ്ഞു. യോഗം തീർന്നെന്നു വ്യക്തമായി. ഞാൻ വേഗം കാർ സ്റ്റാർട്ടാക്കി. വ്ളദീമിർ ഇലിയിച്ച് ഇനിയും എത്തിയിട്ടില്ലായിരുന്നു.

വ്ളദീമിർ ഇലിയിച്ച് മുമ്പിലായി രണ്ടാമതൊരാൾക്കൂട്ടം ഫാക്ടറിയിൽനിന്നു പുറത്തുവന്നപ്പോൾ ഞാൻ സ്റ്റിയറിംഗ് വീലിൽ പിടിക്കുകയും വണ്ടി ഗിയറിലാക്കുകയും ചെയ്തു, എതു നിമിഷവും പുറപ്പെടാൻവേണ്ടി.

തൊഴിലാളികളുമായി സജീവമായ സംഭാഷണം തുടർന്നുകൊണ്ട് വ്ളദീമിർ ഇലിയിച്ച് കാറിൻെറയടുത്തേക്കു വന്നു. അവർ പലതും ചോദിച്ചുകൊണ്ടിരുന്നു. സൗഹൃദത്തോടും താല്പര്യത്തോടും കൂടി അദ്ദേഹം ഓരോ ചോദ്യത്തിനും സവിസ്തരം മറുപടി പറഞ്ഞു, ചിലപ്പോൾ തൻേറതായി അങ്ങോട്ടുമൊരു ചോദ്യം എടുത്തിട്ടു. വളരെ സാവധാനത്തിലാണ് അദ്ദേഹം കാറിൻെറ അടുത്തേക്കു നടന്നുവന്നതു്. രണ്ടു മൂന്നടി ദൂരെ എത്തിയപ്പോൾ അദ്ദേഹം നിന്നു. ആൾക്കൂട്ടത്തിലാരോ അദ്ദേഹത്തിന് കതകു തുറന്നുകൊടുത്തു.

സംസാരം രണ്ടോ മൂന്നോ മിനിട്ടുനേരം നീണ്ടുനിന്നു. ആൾക്കൂട്ടത്തിൽ രണ്ടു സ്ത്രീകൾ ലെനിൻെറ ഇരുഭാഗത്തുമായി തൊട്ടടുത്തു നിന്നിരുന്നു. അദ്ദേഹം ഫുട്ബോർഡിലേക്കുള്ള അവസാനത്തെ ഏതാനും ചുവടുകൾ വയ്ക്കുകയായിരുന്നു. അപ്പോഴാണ് ഒരു വെടി പൊട്ടിയതു്.

ഞാൻ ആ നിമിഷം വ്ളദീമിർ ഇലിയിച്ചിനെ നോക്കുകയായിരുന്നു. പക്ഷെ ഉടൻ ഞാൻ തല തിരിച്ചു. ഒരു മണിക്കൂർ മുമ്പ് എന്നെ ചോദ്യം ചെയ്ത സ്ത്രീയെ കണ്ടു. കാറിൻെറ ഇടതുവശത്ത് മഡ്ഗാഡിനടുത്താണവൾ നിന്നിരുന്നതു്. വ്ളദീമിർ ഇലിയിച്ചിൻെറ നെഞ്ചിനുനേരേ ഉന്നം പിടിക്കുകയായിരുന്നു അവൾ.

വീണ്ടുമൊരു വെടി പൊട്ടി. ഞാൻ എഞ്ചിൻ നിർത്തി. ബെൽട്ടിൽനിന്നും റിവോൾവർ വലിച്ചെടുത്ത് അവളുടെ നേർക്കു ചാടിവീണു. അവൾ കൈ മുന്നോട്ടു നീട്ടിയിരുന്നു: വീണ്ടും വെടിവയ്ക്കാൻ പോവുകയായിരുന്നു അവൾ. ഞാൻ എൻെറ തോക്ക് അവളുടെ തലയ്ക്കുനേരേ ഉയർത്തി. അവളതു കണ്ടു. അവളുടെ കൈ വിറച്ചു. ആ നിമിഷത്തിൽത്തന്നെ അവൾ മൂന്നാമത്തെ വെടിയും വച്ചു. അവസാനത്തെ ഉണ്ട ലെനിൻെറ അടുത്തു നിന്നിരുന്ന സ്ത്രീകളിലൊരാളിൻെറ തോളിലാണ് കൊണ്ടതെന്നു പിന്നീട് വെളിവായി.

ഞാൻ വെടിവയ്ക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴേക്കും, ലെനിനെ വെടിവച്ച ഘാതകി അവളുടെ ബ്രൗണിംഗ് റിവോൾവർ എൻെറ കാലിനുനേരേ വലിച്ചെറിഞ്ഞ് പെട്ടെന്നു തിരിഞ്ഞ് ആൾക്കൂട്ടത്തിനിടയിൽക്കൂടി പുറത്തേക്കുള്ള വഴിയിലേക്കോടി. ചുററും ആളായിരുന്നു. ഏതെങ്കിലും തൊഴിലാളിയുടെ മേൽ കൊള്ളുമോ എന്നു ഭയന്ന് ഞാൻ വെടിവയ്ക്കാനറച്ചു.

അവളുടെ പിന്നാലെ ഞാനോടി. പക്ഷെ ഏതാനും അടി ചെന്നപ്പോൾ ഞാൻ നിന്നു. ''വ്ളദീമിർ ഇലിയിച്ചിൻെറ കാര്യമെന്തായി? അദ്ദേഹം എങ്ങിനെ?'' ഞാൻ സംഭ്രമത്തോടെ ആലോചിച്ചു. ഏതാനും നിമിഷനേരത്തേക്ക് അവിടം ഭയജനകമാംവണ്ണം നിശ്ശബ്ദമായിരുന്നു. പിന്നീട് എല്ലാ ഭാഗത്തുനിന്നും വിളി ഉയർന്നു: ''അവരദ്ദേഹത്തെ കൊന്നു! അവർ ലെനിനെ കൊന്നു!'' ആൾക്കൂട്ടം മുഴുവനും ഘാതകിയുടെ പിന്നാലെ പാഞ്ഞു. അതിനെത്തുടർന്നുണ്ടായ തിക്കും തിരക്കും ഭയങ്കരമായിരുന്നു. കാറിൻെറയടുത്തേക്കു തിരിഞ്ഞപ്പോൾ ഞാൻ ഭയാക്രാന്തനായി: വ്ളദീമിർ ഇലിയിച്ച് കാറിൽനിന്നും ഉദ്ദേശം രണ്ടടി അകലെയായി നിലത്തു കിടക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിൻെറ സമീപത്തേക്കോടി. അപ്പോഴേക്കും മുററം ശൂന്യമായിരുന്നു. ഘാതകി ആൾക്കൂട്ടത്തിനിടയിൽ മറഞ്ഞു.

ഞാൻ ലെനിന്റെയടുത്തു ചെന്നു് മുട്ടുകുത്തി നോക്കി. ഭാഗ്യം! അദ്ദേഹത്തിനു ജീവനുണ്ടായിരുന്നു. അദ്ദേഹം ബോധം പോലും വെടിഞ്ഞിരുന്നില്ല.

''അവനെ പിടികിട്ടിയോ?'' അദ്ദേഹം താഴ്ന്ന സ്വരത്തിൽ ചോദിച്ചു. തന്നെ ആക്രമിച്ചതു് ഒരു പുരുഷനായിരുന്നുവെന്നാണു് അദ്ദേഹം വിചാരിച്ചിരുന്നതെന്നതു് സ്പഷ്ടമായിരുന്നു.

പ്രയാസപ്പെട്ടിട്ടാണു് അദ്ദേഹം സംസാരിച്ചതു്. അദ്ദേഹത്തിന്റെ ശബ്ദം മാറിയിരുന്നു, അസാധാരണമാം വണ്ണം പരുപരുത്തതായിരുന്നു അതു്.

''സംസാരിക്കണ്ട,'' ഞാൻ പറഞ്ഞു, ''അങ്ങേയ്ക്കു് അതു ബുദ്ധിമുട്ടാണു്.''

ആ നിമിഷം തല പൊക്കി നോക്കിയപ്പോൾ നാവികത്തൊപ്പി ധരിച്ച ഒരാൾ ഡിപ്പാർട്ടുമെന്റിൽനിന്നും ഞങ്ങളുടെ നേരേ ഓടിവരുന്നതു ഞാൻ കണ്ടു. അയാൾ ഇടതുകൈ വീശുകയായിരുന്നു. എന്നാൽ വലതുകൈ അയാളുടെ പോക്കറ്റിൽത്തന്നെ നിക്ഷേപിച്ചിരുന്നു. വ്ളദീമിർ ഇലിയിച്ചിന്റെ നേർക്കു് അയാൾ ഓടിയടുത്തു.

അയാളെപ്പറ്റി എനിക്കു് ബലമായ സംശയം തോന്നി. ഞാൻ വ്ളദീമിർ ഇലിയിച്ചിനെ, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ തല, എന്റെ ശരീരംകൊണ്ടു മറച്ചു. ഞാൻ മിക്കവാറും അദ്ദേഹത്തിനു മുകളിലായി കിടക്കുകയായിരുന്നു.

''നിൽക്കു്!'' അയാളുടെ നേരേ തോക്കു് ചൂണ്ടിക്കൊണ്ടു് ഞാൻ ആവുന്നത്ര ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

അയാൾ പിന്നേയും സമീപിച്ചുകൊണ്ടിരുന്നു. ഞാൻ വീണ്ടും വിളിച്ചുപറഞ്ഞു:

''നിൽക്കു്! അല്ലെങ്കിൽ ഞാൻ വെടിവയ്ക്കും!''

ഏതാനും ചുവടുകൾക്കപ്പുറത്തുവെച്ചു് അയാൾ ഇടത്തോട്ടു തിരിഞ്ഞു് ഗേററിനെ ലക്ഷ്യമാക്കി ഓടി. അപ്പോഴും അയാളുടെ കൈ പോക്കറ്റിൽത്തന്നെയായിരുന്നു.

അപ്പോഴേക്കും ഒരു സ്ത്രീ പിന്നിൽനിന്നും ഓടിവന്നു. അവർ നിലവിളിച്ചു: ''എന്താണു നിങ്ങൾ ചെയ്യുന്നതു്? വെടിവയ്ക്കരുതു്!''

സ്പഷ്ടമായും അവർ വിചാരിച്ചു ഞാൻ വ്ളദീമിർ ഇലിയിച്ചിനെ വെടിവയ്ക്കാൻ പോവുകയാണെന്നു്.

എനിക്കുത്തരം പറയാൻ കഴിയുന്നതിനുമുമ്പു് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ആരോ വിളിച്ചുപറഞ്ഞു: ''അയാൾ നമ്മുടെയാളാണു്! നമ്മുടെയാളാണു്!''

കയ്യിൽ തോക്കുമായി മൂന്നുപേർ എന്റെ നേരേ ഓടിവരുന്നതു ഞാൻ കണ്ടു.

''നിൽക്കു്!'' ഞാൻ അലറി. ''നിങ്ങളാരാണു്? നിൽക്കു്, അല്ലെങ്കിൽ ഞാൻ വെടിവയ്ക്കും!''

''ഞങ്ങൾ ഫാക്ടറിക്കമ്മിററി അംഗങ്ങളാണു്, സഖാവെ,'' അവർ മറുപടി പറഞ്ഞു.

അവരെ സൂക്ഷിച്ചുനോക്കിയപ്പോൾ ഒരാളെ ഞാൻ തിരിച്ചറിഞ്ഞു. ഫാക്ടറിയിലേക്കു് ഇതിനുമുമ്പുള്ള യാത്രകൾക്കിടയിൽ ഞാനയാളെ കണ്ടിട്ടുള്ളതാണു്. മൂന്നുപേരും വ്ളദീമിർ ഇലിയിച്ചിന്റെ അടുത്തേക്കു വന്നു. വളരെപ്പെട്ടെന്നു്, ഒന്നോരണ്ടോ മിനിട്ടിനകമാണു് ഇതെല്ലാം സംഭവിച്ചതു്.

ഞാൻ വ്ളദീമിർ ഇലിയിച്ചിനെ ഏററവും അടുത്തുള്ള ആസ്പത്രിയിലേക്കു കൊണ്ടുപോകണമെന്നു് ആ മൂന്നു പേരിലൊരാൾ നിർബ്ബന്ധിച്ചെങ്കിലും ഞാനതിനു സമ്മതിച്ചില്ല:

''ഇല്ല! ഞാനദ്ദേഹത്തെ ഒരാസ്പത്രിയിലേക്കും കൊണ്ടുപോകുന്നില്ല. വീട്ടിലേക്കു കൊണ്ടുപോവുകയാണു്!'' അതു കേട്ടു വ്ളദീമിർ ഇലിയിച്ചു് നിർബ്ബന്ധമായി പറഞ്ഞു: ''വീട്ടിലേക്കു പോകു, വീട്ടിലേക്കു്!''

ഫാക്ടറിക്കമ്മിററിയിലെ സഖാക്കൾ — അവരിലൊരാൾ സൈനികകമ്മിസാറിയററിൽ ഉണ്ടായിരുന്നു—വ്ളദീമിർ ഇലിയിച്ചിനെ എഴുന്നേൽപ്പിച്ചുനിർത്താൻ എന്നെ സഹായിച്ചു. ഇരുഭാഗത്തും താങ്ങോടുകൂടി കാറിലേക്കു് ബാ

ക്കിദൂരം നടക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഞങ്ങൾ അദ്ദേഹത്തെ ഫുട്ബോർഡിലേക്കു് എടുത്തുപൊക്കി. അദ്ദേഹം പിൻസീററിൽ തന്റെ പതിവുസ്ഥലത്തേക്കു ചരിഞ്ഞു.

സ്റ്റിയറിംഗ് വീലിനു പിന്നിൽ ഇരിപ്പുറപ്പിക്കുന്നതിനുമുമ്പു് ഞാൻ തിരിഞ്ഞു് ലെനിനെ നോക്കി. അദ്ദേഹം വിളറിയിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ പാതിയടഞ്ഞിരുന്നു. അദ്ദേഹം ഇങ്ങനെ നിശ്ശബ്ദനും അവശനുമായിരിക്കുന്നതു കണ്ടിട്ടു് എന്റെ ഹൃദയം വിങ്ങിപ്പൊട്ടി. എനിക്കു ഗദ്ഗദം വന്നു. ആ നിമിഷം അദ്ദേഹം എനിക്കു് വിശേഷിച്ചും പ്രിയപ്പെട്ടവനായിരുന്നു, നിങ്ങൾ സ്നേഹിക്കുന്ന ഒരാളെ നിങ്ങൾക്കു് എന്നെന്നേക്കുമായി നഷ്ടപ്പെടാൻ പോകുമ്പോൾ അയാൾ നിങ്ങൾക്കു് വിശേഷിച്ചും പ്രിയപ്പെട്ടവനായിത്തീരുന്നതുപോലെ.

പക്ഷെ ആലോചനയ്ക്കുള്ള സമയമായിരുന്നില്ല അതു്. എനിക്കു പെട്ടെന്നു് എന്തെങ്കിലും ചെയ്യണമായിരുന്നു. ലെനിന്റെ ജീവൻ രക്ഷിക്കേണ്ടതുണ്ടായിരുന്നു!

ഫാക്ടറിക്കമ്മിററിയിലെ രണ്ടുപേർകൂടി കാറിൽ കയറി—ഒരാൾ എന്റെയടുത്തും മറേറയാൾ വ്ളദീമിർ ഇലിയിച്ചിന്റെ സമീപത്തും. ഞാൻ കഴിയുന്നത്ര വേഗത്തിൽ ക്രെംലിനിലേക്കു് കാർ വിട്ടു.

വഴിക്കു് പലതവണ ഞാൻ വ്ളദീമിർ ഇലിയിച്ചിനെ തിരിഞ്ഞുനോക്കി. പാതിവഴി ചെന്നപ്പോൾ അദ്ദേഹം സീററിലേക്കു് ചരിഞ്ഞു. പക്ഷെ ഞരങ്ങുകയോ മറെറന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കുകയോ ചെയ്തില്ല. അദ്ദേഹത്തിന്റെ മുഖത്തിന്റെ വിളർച്ച വർദ്ധിച്ചുവന്നു. തൊട്ടടുത്തിരുന്ന സഖാവ് അദ്ദേഹത്തെ പിടിച്ചു നേരേയിരുത്തി. ത്രോയിററ്സ്ക്കിയ് ഗേററിനടുത്തെത്തിയപ്പോൾ ഞാൻ കാർ നിർത്തിയില്ല, കാവൽക്കാരോടു് ''ലെനിൻ'' എന്നു വിളിച്ചുപറയുകമാത്രമേ ചെയ്തുള്ളു. ഞാൻ കാറു നേരേ വ്ളദീമിർ ഇലിയിച്ചിന്റെ താമസസ്ഥലത്തേക്കോടിച്ചു.

വ്ളദീമിർ ഇലിയിച്ച് താമസിച്ചിരുന്ന വീടിന്റെ ചുററും നിന്നിരുന്നവരുടേയും അതു കടന്നു പൊയ്ക്കൊണ്ടിരുന്നവരുടേയും ശ്രദ്ധ ആകർഷിക്കാതിരിക്കാൻവേണ്ടി ഞാൻ ഒരു ആർച്ചിനപ്പുറത്തു് പാർശ്വത്തിലുള്ള വാതുക്കൽ വണ്ടി നിറുത്തി.

ഞങ്ങൾ മൂന്നുപേരുംകൂടി പിടിച്ചു് വ്ളദീമിർ ഇലിയിച്ചിനെ കാറിനു വെളിയിലിറക്കി. അദ്ദേഹത്തിനു വേദനിക്കുന്നുണ്ടായിരുന്നുവെന്നതു് സ്പഷ്ടമായിരുന്നു.

''ഞങ്ങൾ അങ്ങയെ എടുത്തുകൊണ്ടു പോകാം, വ്ളദീമിർ ഇലിയിച്ച്,'' ഞാനഭിപ്രായപ്പെട്ടു.

പക്ഷെ അതദ്ദേഹം പാടേ നിരസിച്ചു.

അനങ്ങുന്നതു്, പ്രത്യേകിച്ചു് മുകളിലേക്കു കയറുന്നതു്, വിഷമകരവും ഹാനികരവുമാണെന്നു പറഞ്ഞുകൊണ്ടു് ഞങ്ങൾ കേണപേക്ഷിച്ചുനോക്കി, പക്ഷെ അദ്ദേഹത്തിന്റെ മനസ്സു മാററാൻ യാതൊന്നിനും സാദ്ധ്യമല്ലായിരുന്നു.

''ഞാൻ നടന്നോളാം,'' അദ്ദേഹം ദൃഢസ്വരത്തിൽ പറഞ്ഞു. എന്റെനേർക്കു തിരിഞ്ഞു് അദ്ദേഹം പറഞ്ഞു: ''എന്റെ ജാക്കററ് ഒന്നഴിച്ചുമാററൂ. അപ്പോൾ കുറേക്കൂടി എളുപ്പമാകും.''

വളരെ സൂക്ഷിച്ചു് ഞാനദ്ദേഹത്തിന്റെ ജാക്കററൂരി; ഞങ്ങളുടെ മേൽ ചാഞ്ഞുകൊണ്ടു് മൂന്നാം നിലയിലേക്കു് അദ്ദേഹം കുത്തനെയുള്ള കോവണി കയറി. അദ്ദേഹം നിശ്ശബ്ദനായിട്ടാണു കയറിയതു്, ഒരു നെടുവീർപ്പുപോലും അദ്ദേഹത്തിൽനിന്നുണ്ടായില്ല. കോവണിപ്പടിയിൽ മരിയ ഇലിയനിച്ച്ന വരുകയും ഞങ്ങൾ വ്ളദീമിർ ഇലിയിച്ചിനെ നേരേ അദ്ദേഹത്തിന്റെ മെത്തയിലേക്കു് ആനയിച്ചുകൊണ്ടുപോകുകയും ചെയ്തു.

മരിയ ഇലയിനിച്ച്ന വല്ലാതെ വ്യാകുലപ്പെട്ടിരുന്നു.

''ഉടൻ ടെലിഫോൺ ചെയ്യൂ! വേഗമാകട്ടെ!'' അവരെന്നോടപേക്ഷിച്ചു.

അതു കേട്ട് വ്ളദീമിർ ഇലിയിച്ച് കണ്ണു തുറന്ന് പതുക്കെപ്പറഞ്ഞു:

''ഛേ, ഛേ... ഒന്നും സംഭവിച്ചില്ല കാര്യമായി.... കയ്യിൽ അല്പം പരുക്കേററിട്ടുണ്ടു്, അതേയുള്ളു.''

ഞാൻ അടുത്ത മുറിയിൽനിന്ന് പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിലെ അഡ്മിനിസ്ട്രേററിവ് മാനേജരായ ബോഞ്ച്–ബ്രൂയേവിച്ചിനു ഫോൺ ചെയ്തു് നടന്ന കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ഞാൻ പറഞ്ഞതു മുഴുവൻ കേൾക്കാൻ നിന്നില്ല. കാരണം ഓരോ നിമിഷവും വിലപ്പെട്ടതായിരുന്നു. എന്തെങ്കിലും ചെയ്യണമായിരുന്നു.

സോഷ്യൽസെക്യൂരിട്ടിക്കുള്ള പീപ്പിൾസ് കമ്മിസാർ, വിനൊക്കുറൊവ്, പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിന്റെ ഒരു യോഗത്തിൽ സംബന്ധിച്ചതിനുശേഷം ലെനിന്റെ വാസസ്ഥലത്തേക്കു് വന്നു. അധികം താമസിയാതെ ബോഞ്ച്–ബ്രൂയേവിച്ചും വന്നെത്തി.

വ്ളദീമിർ ഇലിയിച്ച് വലതുവശം ചരിഞ്ഞാണ് കിടന്നിരുന്നതു്. അദ്ദേഹം താഴ്ന്ന ശബ്ദത്തിൽ ഞരങ്ങുന്നുണ്ടായിരുന്നു. മാറിടവും ഇടതുകയ്യും തുറന്നുവയ്ക്കാൻവേണ്ടി അദ്ദേഹത്തിന്റെ ഷർട്ട് കീറിയകത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കയ്യിന്റെ മുകൾഭാഗത്തു് രണ്ടു ചെറിയ മുറിവുകൾ കാണാമായിരുന്നു. വിനൊക്കുറൊവ് അവയിൽ അയഡിൻ പുരട്ടി. വേദന സഹിക്കവയ്യാതെ വ്ളദീമിർ ഇലിയിച്ച് കണ്ണു തുറന്നു. ചുററും നോക്കിക്കൊണ്ടു് പറഞ്ഞു:

''എനിക്കു വേദനിക്കുന്നു, എന്റെ ഹൃദയം വേദനിക്കുന്നു....''

വിനൊക്കുറൊവും ബോഞ്ച്–ബ്രൂയേവിച്ചും അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു:

''അങ്ങയുടെ ഹൃദയത്തിൽ തൊട്ടിട്ടില്ല. മുറിവുകൾ

അങ്ങയുടെ കയ്യിൽ മാത്രമേയുള്ളു. നാഡീസംബന്ധമായ, പ്രതിപതന വേദനയാണതു്.''

''നിങ്ങൾക്കു മുറിവുകൾ കാണാമോ? എന്റെ കയ്യിലാണോ?''

''അതെ.''

അദ്ദേഹം കണ്ണടച്ചു. ഏതാണ്ടു് ഒരു മിനിട്ടു കഴിഞ്ഞപ്പോൾ, ഞങ്ങളെ ബുദ്ധിമുട്ടിക്കാൻ ഭയന്നിട്ടെന്നപോലെ അല്പവും ഒച്ചവയ്ക്കാതെ അദ്ദേഹം ഞരങ്ങിത്തുടങ്ങി.

അദ്ദേഹത്തിന്റെ മുഖത്തെ വിളർച്ച പിന്നെയും വർദ്ധിച്ചു. അദ്ദേഹത്തിന്റെ നെററിക്കു് മെഴുകിന്റെ നിറമായി. ചുററും നിന്നിരുന്നവർ ഭയചകിതരായി: വ്ളദീമിർ ഇലിയിച്ച് എന്നെന്നേക്കുമായി വിട്ടുപിരിയുകയാണോ? ഇതാണോ അന്ത്യം?

ബോഞ്ച്–ബ്രൂയേവിച്ച് മോസ്ക്കോസോവിയററിലേക്കു ഫോൺ ചെയ്തു. ഡ്യൂട്ടിയിലുള്ള പ്രതിനിധിയും മററാരെങ്കിലുമുണ്ടെങ്കിൽ അവരും ഉടനടി പോയി ഡാക്ടറന്മാരെ വിളിച്ചു കൊണ്ടുവരാൻ പറഞ്ഞു. ''ഉടനെ പോയി ഓബുക്കിനേയും വെയിസ്ബ്രോഡിനേയും ഒരു സർജനേയും വിളിച്ചുകൊണ്ടു് വരൂ!'' അദ്ദേഹം അവരോടു പറഞ്ഞു. മോസ്ക്കോവിലെ ഔഷധക്കടകളിൽ എവിടന്നെങ്കിലും ഒരു ഓക്സിജൻ കൺടെയിനർ കണ്ടുപിടിച്ചുകൊണ്ടുവരാൻവേണ്ടി ഒരാളെ അയച്ചു. ക്രെംലിനിൽ ഇനിയും ഒരു ഫസ്റ്റ്–എയിഡ് സ്റ്റേഷൻ സ്ഥാപിച്ചിരുന്നില്ല. ഔഷധക്കടയോ ആശുപത്രിയോ അവിടെ ഉണ്ടായിരുന്നില്ല. സർവ്വതും പട്ടണത്തിൽനിന്നും കൊണ്ടുവരേണ്ടിയിരുന്നു.

യാക്കൊവ് മിഹൈലൊവിച്ച് സ്വെർദ്ലോവ് ഫോൺ ചെയ്തു: വ്ളദീമിർ ഇലിയിച്ചിനു മുറിവേററ കാര്യം അപ്പോൾ മാത്രമാണ് അദ്ദേഹം അറിഞ്ഞതു്. നടന്ന സംഗതികൾ ചുരുക്കത്തിൽ വിവരിച്ചതിനുശേഷം നല്ലൊരു സർജനെ ഉടനടി ഏർപ്പാടു ചെയ്യാൻ ബോഞ്ച്–ബ്രൂയേവിച്ച്

അദ്ദേഹത്തോടു പറഞ്ഞു. താൻ പ്രൊഫസർ മിൻറ്സിനു ആളയയ്ക്കാമെന്നു യാക്കൊവ് മിഹൈലൊവിച്ച് പറഞ്ഞു. താമസിയാതെ അദ്ദേഹംതന്നെ ലെനിൻെറ വാസസ്ഥലത്തെത്തി.

വിവരം നദേഷ്ദ കൊൻസ്തന്തീനൊവ്നയെ സാവകാശമായി അറിയിക്കാൻ മരീയ ഇലിയീനിച്ച്ന എന്നോടഭ്യർത്ഥിച്ചു. ആ സമയത്തു് വിദ്യാഭ്യാസത്തിനുള്ള പീപ്പിൾസ് കമ്മിസാറിയററിലായിരുന്ന അവർ, ഈ നിർഭാഗ്യത്തെക്കുറിച്ച് അറിഞ്ഞിരുന്നില്ല. ഞാൻ വീട്ടിൽനിന്നിറങ്ങി. പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൽനിന്നും ആരോ എൻെറ ഒപ്പമെത്തി. എൻെറ കൂടെ വരാനും നടന്ന സംഗതികളെക്കുറിച്ച് നദേഷ്ദ കൊൻസ്തന്തീനൊവ്നയെ അറിയിക്കുന്ന കാര്യത്തിൽ എന്നെ സഹായിക്കാനും അയാളാഗ്രഹിച്ചു.

അവർക്കുവേണ്ടി മുററത്തു് കാത്തുനിൽക്കാൻ ഞങ്ങളുറച്ചു. അധികം കഴിയുന്നതിനുമുമ്പ് അവർ വന്നു. ഭയങ്കരമായ എന്തോ ഒന്നു സംഭവിച്ചിരിക്കുമെന്നു് എൻെറ മുഖഭാവത്തിൽനിന്നു് അവർ മനസ്സിലാക്കിയിരിക്കണം. കാരണം അവർ നിന്നു. എൻെറ കണ്ണിലേക്കുതന്നെ നോക്കിക്കൊണ്ടു ചോദിച്ചു:

''എന്നോടൊന്നും പറയണ്ട! ഇതുമാത്രം പറഞ്ഞാൽ മതി: അദ്ദേഹം ജീവിച്ചിരിക്കുന്നോ? അതോ മരിച്ചോ?''

''എൻെറ അഭിമാനത്തെ മുൻനിർത്തി ഞാൻ പറയുന്നു: വ്ളദീമിർ ഇലിയിച്ചിനു് നിസ്സാരമായ പരുക്കേററിട്ടേയുള്ളു,'' ഞാനവർക്കു് ഉറപ്പുകൊടുത്തു.

ഒരുനിമിഷനേരം നിശ്ചലയായി നിന്നതിനുശേഷം അവർ മുകളിലേക്കു കയറിപ്പോയി. അവരുടെ പിന്നാലെ ഞങ്ങളും വ്ളദീമിർ ഇലിയിച്ചിൻെറ മെത്തയ്ക്കരികിലേക്കു പോയി. അദ്ദേഹത്തിനിപ്പോൾ ബോധമുണ്ടായിരുന്നില്ല.

ബോഞ്ച്–ബ്രുയേവിച്ചിൻെറ പത്നി വേര മിഹൈലൊവ്ന വെലീച്കിന വന്നുചേർന്നു. അവരൊരു ഡോ

ക്ടറായിരുന്നു. വ്ളദീമിർ ഇലിയിച്ചിൻെറ നാഡി പരിശോധിച്ചതിനുശേഷം അവർ മോർഫൈൻ കുത്തിവച്ചു. സർജന്മാർ വരുന്നതുവരെ ആരും അദ്ദേഹത്തെ തൊടരുതെന്നും അദ്ദേഹത്തിൻെറ ഷൂസൂരണമെന്നും വസ്ത്രങ്ങൾ കഴിയുന്നത്ര മാററണമെന്നും അവർ പറഞ്ഞു.

അമോണിയയുടെ കുപ്പി കൈമാറുന്നതിനിടയ്ക്കു് അതെങ്ങിനെയോ നിലത്തു വീണു പൊട്ടി. അതിൻെറ തുളച്ചുകയറുന്ന ഗന്ധം അതിവേഗം മുറിമുഴവൻ വ്യാപിച്ചു. വ്ളദീമിർ ഇലിയിച്ചിനു് പെട്ടെന്നു ബോധം വന്നു.

''അതു നന്നായി,'' എന്നുപറഞ്ഞുകൊണ്ടു് അദ്ദേഹം വീണ്ടും വിസ്മൃതിയിലാണ്ടു. സ്പഷ്ടമായും അമോണിയ അദ്ദേഹത്തിനു് ഉന്മേഷം നൽകി. അതേസമയം മോർഫൈൻ അദ്ദേഹത്തിൻെറ വേദനയും കുറച്ചു.

പ്രൊഫസർ മിൻറ്സ് വന്നു. ആരേയും അഭിവാദ്യം ചെയ്യാൻ നിൽക്കാതെ അദ്ദേഹം നേരെ വ്ളദീമിർ ഇലിയിച്ചിൻെറ മെത്തക്കരികിലേക്കു പോയി.

''മോർഫൈൻ!'' ലെനിൻെറ മുഖം പരിശോധിച്ചുകൊണ്ടു് അദ്ദേഹം വിളിച്ചുപറഞ്ഞു.

''അതു ഞാൻ ഇതിനകംതന്നെ കുത്തിവച്ചു,'' വേര മിഹൈലൊവ്ന മറുപടി പറഞ്ഞു.

വെള്ളയുടുപ്പു് പുറമേ ധരിച്ചുകൊണ്ടു് പ്രൊഫസ്സർ മിൻറ്സ് വ്ളദീമിർ ഇലിയിച്ചിൻെറ കയ്യിന്മേലുള്ള രണ്ടു മുറിവുകൾ തമ്മിലുള്ള ദൂരം തൻെറ വിരലുകൾകൊണ്ടു് അളന്നുനോക്കി. അല്പനേരം ആലോചിച്ചശേഷം അദ്ദേഹം തൻെറ അതിവേഗം ചരിക്കുന്ന അയവേറിയ കൈകൾകൊണ്ടു് ലെനിൻെറ കയ്യും നെഞ്ചും തുടർന്നു പരിശോധിച്ചു. അദ്ദേഹം ഇപ്പോൾ അമ്പരന്നു കാണപ്പെട്ടു.

മുറി വളരെ നിശ്ചലമായിരുന്നു; ശ്വാസം വിടാൻപോലും ഞങ്ങൾ ഭയന്നു. പ്രൊഫസ്സർ എന്തു പറയും? മിൻറ്സ് അതേസമയം മന്ത്രിച്ചുകൊണ്ടിരുന്നു:

''ഒന്നു് അദ്ദേഹത്തിൻെറ കയ്യിന്മേലുണ്ടു്.... മറേറതെ

വിടെപ്പോയി? വലിയ രക്തധമനികളിൽ തൊട്ടിട്ടില്ല. പക്ഷെ മറേറതു കണ്ടുപിടിക്കാൻ എനിക്കു കഴിയുന്നില്ല. എവിടെപ്പോയി അതു്?''

പെട്ടെന്നു് അദ്ദേഹത്തിൻെറ കണ്ണുകഠം വിടർന്നു് നിശ്ചലങ്ങളായി. അദ്ദേഹത്തിൻെറ മുഖത്തെ മാംസപേശികഠം നിശ്ചേഷ്ടമായി. വിളറിയ മുഖത്തോടെ അദ്ദേഹം ഞെട്ടി പുറകോട്ടു മാറി. അദ്ദേഹം ധ്രുതഗതിയിൽ കൈകഠം വ്ളദീമിർ ഇലിയിച്ചിൻെറ കഴുത്തിൻെറ ഭാഗത്തേക്കു കൊണ്ടുപോയി.

''ഇതാ, ഇവിടെ ഉണ്ടു്.''

കഴുത്തിൻെറ വലതുവശത്തേക്കു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. മുറിയിലുണ്ടായിരുന്ന മററു ഡോക്ടറന്മാർ പരസ്പരം നോക്കി. പല സംഗതികളും ഇപ്പോഠം വ്യക്തമായി. അവിടത്തെ നിശ്ശബ്ദത അസഹ്യമായിരുന്നു. ഭയങ്കരമായ എന്തോ ഒന്നു്, ഒരുപക്ഷേ മാരകമായതു തന്നെ, സംഭവിച്ചുവെന്നു് എല്ലാവർക്കും ബോദ്ധ്യമായി. ആദ്യം സമചിത്തത വീണ്ടെടുത്തതു് മിൻറ്സിനായിരുന്നു.

''കയ്യു് കാർഡ്ബോർഡിൽ വയു്ക്കൂ! ഇവിടെ കാർഡ്ബോർഡില്ലേ?''

ഒരു കാർഡു് ബോർഡു് താമസിയാതെ കൊണ്ടുവന്നു. മിൻറ്സു് അതിവേഗം അതിൽനിന്നും പാകത്തിനു് ഒരു കഷണം വെട്ടിയെടുത്തു് മുറിവേററ കൈ അതിന്മേൽ വച്ചു.

''അദ്ദേഹത്തിനു് ഇപ്പോഠം കുറച്ചു കൂടി സുഖം കിട്ടും,'' മിൻറ്സു് വിശദമാക്കി.

താമസിയാതെ ഞാൻ ലെനിൻെറ വാസസ്ഥലത്തു നിന്നുമിറങ്ങി. അദ്ദേഹത്തിനു് കാര്യമായി മുറിവേററിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ നില വളരെ ഗുരുതരമായിരുന്നുവെങ്കിലും ഡോക്ടറന്മാർ സഹായിക്കുമെന്നും അദ്ദേഹത്തിനു് ഉറച്ച ശരീരഘടനയാണുള്ളതെന്നും അദ്ദേഹത്തിൻെറ ഹൃദയം കുററമററതാണെന്നും വിചാരിച്ചു് സ്വയം സമാധാനിക്കാൻ ഞാൻ ശ്രമിച്ചു. അദ്ദേഹം മരിക്കുമെന്ന ചിന്ത മനസ്സിൽ കടന്നു കൂടാനേ ഞാൻ അനുവദിച്ചില്ല.

വ്ളദീമിർ ഇലിയിച്ചു് ജീവിക്കുമെന്നു് രണ്ടു മൂന്നു ദിവസത്തിനകം തീർച്ചയായി.

ലെനിനെ വധിക്കാൻ നടത്തിയ ശ്രമത്തിൻെറ ചില വിശദവിവരങ്ങഠം ആദ്യത്തെ ദിവസം വൈകിട്ടു തന്നെ പുറത്തുവന്നു.

അദ്ദേഹത്തെ വെടിവച്ച ഫാണി കപ്ലാൺ എന്ന സ്ത്രീ ഒരു സംഘം സോഷ്യലിസ്റ്റു് റവല്യൂഷണറി ഭീകരപ്രവർത്തകരിൽ പെട്ടവളായിരുന്നു. ഇതേ സംഘമാണു് പെട്രോഗ്രാഡിൽ ഉറീററ്സ്ക്കിയുടേയും വൊലൊദാർസ്ക്കിയുടേയും ജീവനെടുത്തതു്.

വ്ളദീമിർ ഇലിയിച്ചിൻെറ നേരെ വെടിവച്ചതിനുശേഷം ഘാതകി ആഠംക്കൂട്ടത്തോടൊപ്പം ഫാക്ടറിപ്പടി കടന്നോടി. ലെനിനെ വെടിവച്ചതാരാണെന്നു് അവളോടൊപ്പം ഓടിക്കൊണ്ടിരുന്ന ആളുകഠംക്കു് ആദ്യം മനസ്സിലായില്ല. അവരുമായി ഇടചേർന്നു് ആരുമറിയാതെ കടന്നുകളയാമെന്നായിരുന്നു ആ ഭീകരപ്രവർത്തകയുടെ പ്രത്യാശ. ഫാക്ടറിക്കടുത്തുള്ള ഒരു തെരുവിൽ ഒരു കുതിരവണ്ടി കാത്തുനില്പുണ്ടായിരുന്നു. പക്ഷെ അതുവരെ എത്താൻ അവഠംക്കു കഴിഞ്ഞില്ല. കാരണം വധോദ്യമത്തിൻെറ സമയത്തു് മുററത്തുണ്ടായിരുന്ന കുട്ടികഠം അവഠംക്കു ചുററും കൂടി അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആർത്തുവിളിച്ചു:

''അതാ അവഠം! അതാ അവഠം!''

ആ കുട്ടികഠം കാരണമാണു് ആ ഭീകരപ്രവർത്തകയെ പിടികൂടിയതു്. ഒരു ട്രാംലൈൻ തിരിവിൻെറ അടുത്തുനിന്നാണു് അവളെ പിടിച്ചതു്. ഫാക്ടറിമുററത്തേക്കു് അവളെ തിരിച്ചുകൊണ്ടുവന്നു. ജനക്കൂട്ടം രോഷാകുലമായി. കോപാക്രാന്തരായ പലരും അവളുടെ നേരെ കൈ നീട്ടി. ഒരു സംഘം തൊഴിലാളികഠം അവിടെ അപ്പോഠം ഇല്ലായിരുന്ന

വെങ്കിൽ അവർ നിസ്സംശയമായും അവളെ കൊന്നുകള ഞ്ഞേനെ. ഈ തൊഴിലാളികൾ ആൾക്കൂട്ടത്തെ തടഞ്ഞു നിർത്തി. ആരോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു:

''നിങ്ങളെന്താണു ചെയ്യുന്നതു്, സഖാക്കളേ! അവളെ ചോദ്യം ചെയ്യേണ്ടതുണ്ടു്!''

കപ്പാൺ ഒരു മണിക്കൂറിനകം ചെക്കാ*യുടെ കൈകളിൽ ഏല്പിക്കപ്പെട്ടു.

കപ്പാൺ വെടിവച്ചതിനുശേഷം വ്ളദീമിർ ഇലിയിച്ചിൻെറ നേരേ ഓടിയടുത്ത നാവികത്തൊപ്പിധരിച്ച ആളേയും വേഗം അറസ്ററുചെയ്തു. കാരണം ഭീകരപ്രവർത്തകയുടെ ഒരു സഹായിയാണയാളെന്നു പിന്നീടു് തെളിഞ്ഞു.

ലെനിൻെറ ഉറച്ച ശരീരഘടനയും ആരോഗ്യം വീണ്ടെടുക്കുന്ന സമയത്തു് അദ്ദേഹത്തിനു ലഭിച്ച അസാധാരണമായ ശുശ്രൂഷയും ഫലപ്രദമായിരുന്നുവെന്നു തെളിഞ്ഞു. കാരണം, രണ്ടോ മൂന്നോ ആഴ്ചകൾക്കുള്ളിൽ അദ്ദേഹം തിരിച്ചെത്തി പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിൻെറ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചുതുടങ്ങി.

ഏതാനും മാസങ്ങൾക്കുശേഷം വ്ളദീമിർ ഇലിയിച്ച് വീണ്ടും മിക്കൽസൺ ഫാക്ടറിയിലെ തൊഴിലാളികളെ അഭിസംബോധനചെയ്തുകൊണ്ടു സംസാരിച്ചു. പൂർണ്ണസുഖം പ്രാപിച്ചുകഴിഞ്ഞിരുന്ന അദ്ദേഹം എന്നത്തേയും പോലെ ഉന്മേഷവാനായിരുന്നു. തൊഴിലാളികളുടെ സന്തോഷത്തിനു് അതിരില്ലായിരുന്നു. അവർ ലെനിനോടു വിളിച്ചുചോദിച്ച ആദ്യത്തെ ചോദ്യം ഇതായിരുന്നു:

''അങ്ങേയ്ക്കു് എങ്ങിനെയിരിക്കുന്നു, വ്ളദീമിർ ഇലിയിച്ച്?''

''സൗഖ്യമായിരിക്കുന്നു, നന്ദി!'' പുഞ്ചിരിച്ചുകൊണ്ടു് അദ്ദേഹം പ്രതിവചിച്ചു.

അതിനുശേഷം യോഗം തുടങ്ങുകയും ചെയ്തു.

---

* 59-ാം പേജ് നോക്കുക.

ഐ. അറാമിലെവ്

പ്രശസ്തസോവിയററ് സാഹിത്യകാരനായ ഇവാൻ അറാമിലെവ് (1896–1951) ജനിച്ചുവളർന്നതു് ഉത്തരയുറാലിലുള്ള നായാട്ടുകാരുടെ ഒരു കുടുംബത്തിലാണ്. ''വേട്ടക്കാരൻെറ കാല്പാട്'' എന്ന അദ്ദേഹത്തിൻെറ കൃതി വിശേഷിച്ചും പ്രചരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒന്നാണ്. ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ''വിനോദം'' എന്ന കഥ ഐ. വി. അലാബിയെവ് എന്ന വൃദ്ധനായ വേട്ടക്കാരൻ പറഞ്ഞതിനെ ആധാരമാക്കി ഗ്രന്ഥകാരൻ എഴുതിയതാണ്. ലെനിനുമൊന്നിച്ച് വേട്ടയ്ക്കു പോയതിനെപ്പററിയാണ്— അലാബിയെവിൻെറ ജീവിതത്തിലെ ഏററവും സുപ്രധാനസംഭവമായിരുന്നു അതു്—അയാൾ ഗ്രന്ഥകാരനോടു പറഞ്ഞതു്.

വിനോദം

സന്ദേശം ഇവാൻ വസീലിയെവിച്ച് അലാബിയെവിനു കിട്ടിയതു് രാത്രിയിലാണ്. ആ വൃദ്ധനായ വേട്ടക്കാരൻ ഉയേസ്ദ് എക്സിക്യൂട്ടിവ് കമ്മിററിവരെ ചെല്ലണമെന്നു പറഞ്ഞു് ആരം വന്നിരിക്കുന്നു. അയാരം മടങ്ങിപ്പോയതിനുശേഷം വേട്ടക്കാരന്റെ പത്നി, മരീയ പെത്രോവ്ന, ഉത്ക്കണ്ഠയോടെ ഭർത്താവിനെ നോക്കി.

''എന്താണു സംഗതി, ഇവാൻ?''

''അവരെന്നെ വിളിക്കണമെങ്കിൽ എന്തോ കാര്യമുണ്ടെന്നു തോന്നുന്നു.''

അയാളുടെ ശബ്ദം ഇടറിയില്ല. എങ്കിലും എന്തുകൊണ്ടോ അയാരം വിളക്കു കത്തിച്ച്, കെട്ടുപിണഞ്ഞു കിടക്കുന്ന അയാളുടെ നരച്ച താടി ചീകിയൊതുക്കാൻ തുടങ്ങി. വൃദ്ധ അവരുടെ കട്ടിലിൽ കിടന്നു് മനസ്സമാധാനമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും തിരിയുകയും നെടുവീർപ്പിടുകയും ചെയ്തു.

ചീത്ത മണ്ണെണ്ണയായിരുന്നതുകൊണ്ടു് വിളക്കിന്റെ തിരി പുകയാൻ തുടങ്ങി. ഇവാൻ തിരി താഴ്ത്തി അയാളുടെ കിടക്കയിൽ ചെന്നുകിടന്നു. പക്ഷെ കുറെയധികം നേരത്തേക്കു് ഉറക്കം വന്നില്ല.

ഞായറാഴ്ച ഇടാറുള്ള ബൂട്സും നിറപ്പകിട്ടുള്ള ഒരു പുതിയ ഷർട്ടുമിട്ടു് രാവിലെ കാൽനടയായി പട്ടണത്തിലേക്കു പുറപ്പെട്ടു. തണലിൽക്കൂടി നടക്കാൻ സുഖമായിരുന്നു. ഗോതമ്പു ചെടികരംക്കിടയിൽ കാടപ്പക്ഷികരം പാടുകയും ബെർച്ച് മരങ്ങളിലിരുന്നുകൊണ്ടു് കാക്കകരം കരയുകയും ചെയ്തു. വിഷാദം കലർന്ന പുഞ്ചിരിയോടെ ഇവാൻ ആ ശബ്ദമെല്ലാം ശ്രദ്ധിച്ചു.

''അങ്ങിനെയാണു പക്ഷികരം ജീവിക്കുന്നതു്,'' അയാരം വിചാരിച്ചു. ''അവർ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, എങ്കിലും അവയ്ക്കു കൊല്ലം മുഴുവനും തിന്നാൻ ഇഷ്ടംപോലെ സാധനങ്ങളുണ്ടു്. ലോകത്തിൽ അവയ്ക്കു യാതൊരു ക്ലേശങ്ങ

ളമില്ല. അതെ, എന്നിട്ടിപ്പോഠം എന്നെ വിളിച്ചിരിക്കുക യാണ്‌!''

ചെയർമാൻെറ സന്ദർശകമുറിയിൽ ഒരു നീണ്ട ക്യൂ ഉണ്ടായിരുന്നു: ദൂരെനിന്നും വന്ന കൃഷിക്കാർ, നഗരവാസി കഠം, പട്ടണത്തിനു ചുററുമുള്ള തോട്ടക്കാർ, ഈയിടെ പിരി ച്ചുവിടപ്പെട്ട, നക്ഷത്രചിഹ്നത്തോടുകൂടിയ, കൂർത്തതൊപ്പി ധ രിച്ച ചുവപ്പുസേനക്കാർ.

സെക്രട്ടറി ഓരോരുത്തരോടും അവർ വന്നതിൻെറ ഉദ്ദേ ശം ചോദിച്ചപ്പോഠം ഇവാൻ അലാബിയെവ്‌ തൻെറ പേരു പറഞ്ഞുകൊണ്ട്‌ തനിക്കു കിട്ടിയ സന്ദേശം അവരുടെ നേർക്കു നീട്ടി. ആ യുവതി അയാളെ സൂക്ഷിച്ചു നോക്കി.

ഒരു നിമിഷത്തിനകം ചെയർമാൻെറ ആഫീസ്‌മുറി യുടെ കതകു തുറന്നു. ഒരു മൂടൽമഞ്ഞിൽക്കൂടി എന്നപോലെ സെക്രട്ടറിയുടെ ശബ്ദം മുഴങ്ങുന്നത്‌ ആ വൃദ്ധൻ കേട്ടു:

''അകത്തു വരൂ, സഖാവ്‌ അലാബിയെവ്‌!''

മിനുസമായി മുഖം വടിച്ച ഒരു പ്രായംചെന്ന മനുഷ്യ നായിരുന്നു ചെയർമാൻ. അദ്ദേഹം ഇവാനു് കൈ കൊടുത്തു്‌ ചാരുകസേരയിലിരിക്കാൻ പറഞ്ഞു. ആ വൃദ്ധനായ വേട്ട ക്കാരൻ അറച്ചറച്ച്‌ ഇരുന്നു.

''ഇപ്പോഴും വേട്ടയ്ക്കു പോകാറുണ്ടോ?''

''കുറേശ്ശെ, വല്ലപ്പോഴും,'' അയാഠം മറുപടി പറ ഞ്ഞു. ''എനിക്കു വയസ്സായി.'' തന്നെക്കൊണ്ട്‌ എന്താണാ വശ്യമെന്ന്‌ അയാഠംക്കിനിയും മനസ്സിലായില്ല. എങ്കിലും താൻ എളിയവനും ഹതഭാഗ്യനുമാണെന്ന പ്രതീതി ഉളവാക്കുക യാണ്‌ ഉത്തമമെന്ന്‌ അയാഠംക്കു തോന്നി. ''എൻെറ കണ്ണു കഠംക്ക്‌ പണ്ടത്തെപ്പോലെ കാഴ്ചയില്ല. കാലിൽ—വാത വും! അധികംനാഠം കഴിയുന്നതിനുമുമ്പ്‌ വേട്ടയ്ക്കു പോകൽ നിർത്തേണ്ടിവരുമെന്നാണു തോന്നുന്നത്‌.''

''ഓഹോ, അങ്ങിനെയാണോ,'' എങ്ങും തൊടാതെ യാണെങ്കിലും സൂക്ഷ്മദൃഷ്ടികളോടെ അയാളെ തറച്ചുനോക്കി

ക്കൊണ്ട്‌ ചെയർമാൻ പറഞ്ഞു. ''നിങ്ങഠംക്കു വയസ്സാ യി എന്നാണോ പറയുന്നത്‌? പക്ഷെ ഒരാഠംക്കുണ്ടാകാ വുന്ന ആരോഗ്യവും കരുത്തും നിങ്ങഠംക്കുണ്ടെന്നാണ്‌ എനി ക്കു തോന്നുന്നത്‌. കാര്യമിതാണ്‌: നായാട്ടിനു് ഒരാളിവിടെ വരുന്നുണ്ട്‌. അദ്ദേഹത്തിൻെറ വഴികാട്ടിയായി നിങ്ങളെ യാണു ഞങ്ങഠം നിശ്ചയിച്ചിരിക്കുന്നത്‌. നാളെ നിങ്ങഠം അദ്ദേഹത്തിനുവേണ്ടി വീട്ടിൽ കാത്തിരിക്കണം. അദ്ദേഹം വരുമ്പോഠം ഏററവും നല്ല സ്ഥലങ്ങളിലേക്ക്‌ കൂട്ടിക്കൊണ്ടു പോകണം.''

''അതെനിക്കു ചെയ്യാൻ കഴിയുന്ന കാര്യമാണ്‌,'' വൃദ്ധൻ സമ്മതിച്ചു. ''ഞാനത്‌ മുമ്പും ചെയ്തിട്ടുണ്ട്‌. വരു ന്നതാരാണെന്നു പറയാമോ?''

ചെയർമാൻ പുഞ്ചിരിച്ചു.

''അദ്ദേഹം വരുമ്പോഠം നിങ്ങളറിയും. എനിക്കു പറ യാനുള്ളതിതാണ്‌: ചങ്ങാതി! നിങ്ങളുടെ ഗ്രാമത്തിൽ ഇതേ പ്പററി ഒന്നും പറയേണ്ട.''

അലാബിയെവ്‌ ജാഗരൂകനായി.

''അതൊരു രഹസ്യമാണ്‌, അല്ലെ!''

''രഹസ്യമായാലും അല്ലെങ്കിലും അതേപ്പററി പറഞ്ഞു നടക്കേണ്ട കാര്യമില്ല. കൃഷിക്കാർ പലേ ചോദ്യങ്ങളുമായി ഓടിയെത്തും. അദ്ദേഹത്തിനാണെങ്കിൽ അല്പം വിശ്രമം ആവശ്യമാണ്‌.''

''എനിക്കു മനസ്സിലായി,'' ഇവാൻ തലയാട്ടി.

ആ സമയത്തു്‌ ടെലിഫോണടിച്ചു. ചെയർമാൻ റിസീവറെടുത്തു.

അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നപ്പോഠം, ശ്വാസം നേരേ വീണ ഇവാൻ ആ പ്രദേശമാകെ ഒരുകാലത്തു തനിക്കു ണ്ടായിരുന്ന പ്രശസ്തിയെക്കുറിച്ചോർത്തു. ഉദ്യോഗസ്ഥന്മാർ പലപ്പോഴും തങ്ങളുടെ വേട്ടനായ്ക്കളെ പരിശീലനത്തിനായി

അയാളെ ഏല്പിക്കുമായിരുന്നു. അയാളൊന്നിച്ച് അവർ വേട്ടയ്ക്കു പോയിട്ടുമുണ്ട്. അയാളുടെ ഉന്നവും കാടിനെക്കുറിച്ചും മൃഗങ്ങളുടേയും പക്ഷികളുടേയും സ്വഭാവരീതികളെക്കുറിച്ചും അയാൾക്കുള്ള അറിവും കണ്ട് അന്ന് സകലരും അതിശയിച്ചിട്ടുണ്ട്. ഏററവും ഉന്നതന്മാരായ മാന്യന്മാർ പോലും ഇടയ്ക്കിടെ അയാളുടെയടുത്തു വന്നു പറയുമായിരുന്നു:

''ഞങ്ങളെ കാട്ടിലേക്ക് കൊണ്ടുപോകൂ. അല്പം നായാട്ടു നടത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു!''

തന്നോടു പറഞ്ഞതു് അയാൾ പ്രവർത്തിക്കുമായിരുന്നു. ആ മാന്യന്മാർ തൻെറ സേവനങ്ങൾക്ക് മിക്കവാറും യാതൊരു പ്രതിഫലവും തരാതെ അവരുടെ ഔദ്ധത്യം കാട്ടുമായിരുന്നു. എന്നിരുന്നാൽപ്പോലും അയാൾ സന്തുഷ്ടനായിരുന്നു. അയാൾ വിലകൂടിയ തോക്കുകളും മേൽത്തരം നായ്ക്കളും കൈവശമുള്ള, മോടിയായി വസ്ത്രധാരണം ചെയ്തിരുന്നവരുടെ കൂടെ വേട്ടയ്ക്കു പോയിരുന്നു. ഇവാൻെറ അയൽവാസി നികീത പൻകോവിനു പോലും — ഇവാനോട് വെറുപ്പു തോന്നിയിരുന്ന, ഒട്ടും കൊള്ളരുതാത്തവനും പരദൂഷണം പറഞ്ഞു നടക്കുന്നവനുമായ ഒരു കൃഷിക്കാരനായിരുന്നു അയാൾ — അത്തരം ദിവസങ്ങളിൽ അയാളോട് അസൂയ തോന്നാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു.

ഒരിക്കൽ നായാട്ടിനിടയിൽ അല്പം പിശകു പററിയതിന് ഒരു സേംസ്ത്വൊ ഉദ്യോഗസ്ഥൻ ഒരു ചൂരൽക്കമ്പുകൊണ്ട് അയാളുടെ മുഖത്തടിച്ചുവെന്നതു നേരുതന്നെ. മറെറാരവസരത്തിൽ ഒരു ഓഫീസർ നേരംപോക്കായിട്ട് ഇവാനെ ഒററയടിക്ക് അര ഗ്യാലൻ വോഡ്ക്ക നിർബ്ബന്ധിച്ചുകുടിപ്പിച്ചു. ഓഫീസർ പറഞ്ഞതു് ഇവാൻ അനുസരിച്ചു. ബോധം കെടുന്നതുവരെ, അയാൾക്കു മിക്കവാറും ഹൃദയസ്തംഭനം ഉണ്ടാകുന്നതുവരെ, അയാൾ കുടിച്ചു. അയാളുടെ അയൽപക്കക്കാർ ഇതേപ്പററി ഒന്നും അറിഞ്ഞിരുന്നി

ല്ലെന്നതു വാസ്തവമാണ്; എന്തെന്നാൽ ആ വൃദ്ധനു് വീമ്പു പറയാൻ പററിയ ഒരു കാര്യമായിരുന്നില്ലല്ലൊ അതു്.

യുദ്ധം വന്നു, പിന്നീട് വിപ്ലവവും. വെടിമരുന്നും ഉണ്ടയും എങ്ങും കിട്ടാതായി. താൻ ഇനിമേൽ ഒരിക്കലും ഒരു വഴികാട്ടി ആവുകയില്ലെന്നും തന്നെ ഇനി ആർക്കും ആവശ്യമില്ലെന്നും ഇവാൻ അലാബിയെവ് ഭയന്നുതുടങ്ങി. പക്ഷെ ഇപ്പോഴിതാ അവർ അയാളെ ഓർത്തിരിക്കുന്നു! തനിക്കുണ്ടായ സന്തോഷം മറച്ചുവയ്ക്കാൻ അയാൾ പണിപ്പെട്ടു.

അപ്പോഴേക്കും ടെലിഫോണിൽക്കൂടിയുള്ള സംസാരം കഴിഞ്ഞു് ചെയർമാൻ ഇവാൻെറ നേരെ തിരിഞ്ഞു.

''എന്നിട്ട്? സമ്മതിച്ചോ? നിങ്ങളുടെ തോക്കു കൂടി കയ്യിലെടുത്തോളൂ. പക്ഷെ വേട്ടപ്പക്ഷി എവിടെനിന്നു വന്നാലും ശരി, നിങ്ങൾ വെടിവയ്ക്കരുതു്! യാതൊരു കാരണവശാലും! അദ്ദേഹത്തിനു വേട്ടപ്പക്ഷികളെ കാണിച്ചുകൊടുക്കുകയെന്നതാണു നിങ്ങളുടെ ജോലി. മററാരെങ്കിലും വെടിവച്ച പക്ഷിയെ തൻെറ ബാഗിൽ തിരുകിവയ്ക്കുന്നതു് അദ്ദേഹത്തിനിഷ്ടമല്ല. മതിയാവുവോളം അദ്ദേഹം നായാട്ടു നടത്തും. ഒന്നും കിട്ടിയില്ലെങ്കിൽ അതുകൊണ്ടദ്ദേഹത്തിനു് ഒരു വിഷമവും തോന്നുകയില്ല.''

''വിഷമിക്കണ്ട,'' വേട്ടക്കാരൻ പറഞ്ഞു. ''അങ്ങു പറയുന്നതുപോലെ ഞാൻ ചെയ്യാം. പക്ഷിക്കൂട്ടങ്ങൾ എവിടെയാണെന്നും എനിക്കറിയാം.''

മടക്കയാത്രയിൽ ഇവാൻ അലാബിയെവ് അണഞ്ഞുപോയ പൈപ്പു വലിക്കാൻ ഇടയ്ക്കിടെ നിന്നുകൊണ്ടും ഉല്ലാസത്തോടെ ചുററും നോക്കിക്കൊണ്ടും നടന്നു.

''ആരാണാവോ വരുന്നതു്? അതും അങ്ങു മോസ്ക്കോവിൽനിന്നു്!''

ഒരു പ്രധാന അതിഥി വരുമെന്നു് ഇവാൻ പറഞ്ഞപ്പോൾ മരീയ പെത്രോവ്നയ്ക്കു സന്തോഷമായി. അവർ

ഉടൻതന്നെ നിലം കഴുകാനും മൂലകളിൽനിന്നു മാറാമ്പിലത്തൂത്തുമാറ്റാനും വീട് വെടിപ്പും വൃത്തിയുമാക്കിവയ്ക്കാനുമുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടു.

2

പൊടികൊണ്ട് മൂടിയ കാർ വൈകുന്നേരമായപ്പോഴേക്കും വന്നു. ഡ്രൈവറുടെ ഹോണടി കേട്ടയുടനെ അലാബിയെവ് സന്തോഷത്തോടെ പുഞ്ചിരിച്ചുകൊണ്ട് ഇറയത്തേക്കു വന്നു.

“സ്വാഗതം! ദയവായി അകത്തു വരൂ!”

തവിട്ടുനിറത്തിലുള്ള ജാക്കറ്റും ഉയർന്ന ബൂട്സും ധരിച്ച ഉറച്ച ശരീരത്തോടുകൂടിയ ഒരു മനുഷ്യൻ വലതുകയ്യിൽ തോക്കുറയും പിടിച്ചുകൊണ്ട് കാറിൽനിന്നിറങ്ങി.

“സൗഖ്യമാണോ?” അദ്ദേഹം സൗമ്യമായി ചോദിച്ചു.

ഇവാൻ അലാബിയെവ് ഒരു നിമിഷനേരത്തേക്കു കുഴങ്ങി. കാരണം, തന്നേക്കാൾ മുകളിലുള്ളവരെ അഭിവാദ്യം ചെയ്യുമ്പോൾ താൻ മുമ്പ് പ്രകടിപ്പിക്കാറുണ്ടായിരുന്ന ഔത്സുക്യത്തോടും സന്നദ്ധതയോടും കൂടിയ മുഖഭാവമാണ് അയാൾ കൈക്കൊണ്ടത്. എന്നാൽ ഈ അതിഥിയാകട്ടെ ഏറ്റവും സൗഹാർദ്ദത്തോടുകൂടിയ പുഞ്ചിരിയാണ് അതിനു മറുപടിയായി നൽകിയത്. ആ പുഞ്ചിരി തൽക്ഷണം രണ്ടു പേരേയും അടുപ്പിച്ചു.

ഡ്രൈവർ കാറ് മുറ്റത്തേക്കു കയറ്റിയിട്ടു. പുരയുടെ ഭിത്തിക്കു ചുറ്റുമുണ്ടായിരുന്ന മൺതിട്ടയുടെ പുറത്തിരുന്നുകൊണ്ട് അതിഥി ഒരു തുവാലയെടുത്ത് മുഖം തുടച്ചു. ഇവാന് അദ്ദേഹത്തിൽനിന്നും കണ്ണെടുക്കാൻ കഴിഞ്ഞില്ല. ഒരു പറ്റം കന്നുകാലികൾ സാവധാനത്തിൽ ആ വഴി വരുന്നുണ്ടായിരുന്നു. തടിച്ചുകൊഴുത്തിരുന്ന ആ മൃഗങ്ങളുടെ സൂക്ഷിപ്പുകാരൻ അവയ്ക്കു പിന്നിലായി തന്റെ നീണ്ട ചാട്ടയടിച്ചുകൊണ്ടു നടന്നിരുന്നു. അതിഥി ആ പശുക്കളേയും

ആ ഗ്രാമത്തിലെ ശുചിയായ പുരകളേയും സ്വച്ഛമായ നീലാകാശത്തേയും നോക്കി.

ഇവാന്റെ കണ്ണുകൾ വികസിച്ചു. “ഇതദ്ദേഹം തന്നെയാണ്, മറ്റാരുമല്ല!” ആ മുഖലക്ഷണങ്ങൾ, ആ ഉന്തിയ നെറ്റി, പത്രങ്ങളിലും പല ചിത്രങ്ങളിലും അയാൾ കണ്ടിട്ടുണ്ട്. സംശയമില്ല, ഇതദ്ദേഹം തന്നെ!

“അങ്ങു സഖാവ് ലെനിനല്ലേ?”

“ശരിയാണ്,” വ്ളദീമിർ ഇലിയിച്ച് മറുപടി പറഞ്ഞു. “നിങ്ങളുടെ പേര് ഇവാൻ വസീലിയെവിച്ച് എന്നാണ്, അല്ലേ?”

“അതെ, വ്ളദീമിർ ഇലിയിച്ച്!” വൃദ്ധനായ വേട്ടക്കാരൻ ആഹ്ലാദത്തോടെ പ്രതിവചിച്ചു. അകത്തേക്കോടി അയാൾ ഭാര്യയെ താഴെ ഉരുട്ടിയിട്ടുവെന്നുതന്നെ പറയാം.

“വേഗമാകട്ടെ! ലെനിനാണു വന്നിരിക്കുന്നത്! പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിന്റെ ചെയർമാൻ! എന്തു തോന്നുന്നു?”

“ഓ!” മരീയ പെത്രോവ്നയ്ക്കു വിശ്വാസമായില്ല.

“അതാണെന്നു ഞാൻ പറഞ്ഞാൽ അതാണ്! പിന്നെ, നാക്കു വായിൽത്തന്നെ ഇട്ടേക്കണം, കേട്ടോ!”

അലാബിയെവ് തിരിഞ്ഞ് വീണ്ടും ഇറയത്തേക്കു ചെന്നു.

“ഒരു കപ്പു ചായ എടുക്കട്ടെ, വ്ളദീമിർ ഇലിയിച്ച്? അതോ ഇപ്പോൾ കറന്നെടുത്ത കുറച്ചു പശുവിൻ പാലായാലോ?”

“നന്ദി,” ലെനിൻ പറഞ്ഞു. “ഒരു കപ്പു ചായ ഞാൻ വേണ്ടെന്നു പറയുകയില്ല.”

സമൊവാറി*നു ചുറ്റുമിരുന്നു ചായ കുടിച്ചപ്പോൾ ലെ

*സമൊവാർ — ചായ തിളപ്പിക്കാൻവേണ്ടി റഷ്യാക്കാർ പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ഒരു ചെമ്പു പാത്രം. ഒരു കരിയടുപ്പും അതിന്റെ ചുവട്ടിലായി ഘടിപ്പിച്ചിരിക്കും.

നിൻ അധികം സംസാരിച്ചില്ല. കാറിലുള്ള നീണ്ട യാത്ര അദ്ദേഹത്തെ ക്ഷീണിപ്പിച്ചിരുന്നുവെന്നത് വ്യക്തമായിരുന്നു. ആ പ്രദേശത്തുള്ള വേട്ടമൃഗങ്ങളേയും പക്ഷികളേയും കുറിച്ചു തിരക്കുകമാത്രമേ അദ്ദേഹം ചെയ്തുള്ളു. വേട്ടക്കാരൻ പറഞ്ഞ മറുപടി അദ്ദേഹം ശ്രദ്ധാപൂർവ്വം കേട്ടു. പിന്നീട് വയ്ക്കോൽപ്പുരയിൽ മെത്ത തയാറാക്കണമെന്ന് അദ്ദേഹം പറഞ്ഞു.

പുതിയ വയ്ക്കോൽകൊണ്ട് നിറച്ച വയ്ക്കോൽപ്പുരയിലേക്ക് അതിഥിയെ കൂട്ടിക്കൊണ്ടു പോയതിനുശേഷം അലാബിയെവ് തന്റെ കിടക്കയിലേക്കു വിരമിച്ചു. ആയാസകരമായ ഒരു ദിവസമായിരുന്നു മുന്നിൽ. അതുകൊണ്ട് ഒരു രാത്രിയിലത്തെ നല്ലൊരു വിശ്രമം അയാൾക്കാവശ്യമായിരുന്നു. എന്നിട്ടും അയാൾക്ക് ഉറക്കം വന്നില്ല. നാളത്തെ വേട്ടയെക്കുറിച്ചാലോചിച്ചു വിഷമിക്കുകയായിരുന്നു അയാൾ. ഉദ്ദേശിച്ചപോലെ താൻ ശോഭിച്ചില്ലെങ്കിലോ? കുറേ ദിവസമായി അയാൾ കാട്ടിൽ പോയിട്ട്. പക്ഷികളെവിടെ കാണുമെന്ന് അയാൾക്കു തീർച്ചയില്ലായിരുന്നു.

3

വെളുപ്പാൻകാലത്ത് ലെനിനും അലാബിയെവും, വ്യക്തമായി കാണാൻ പ്രയാസമായിരുന്ന ഒരു ഊടുവഴിയിൽ കൂടി കായ്കനിത്തോട്ടങ്ങൾ കടന്ന് വയലുകളിലേക്കിറങ്ങി. ഗ്രാമം ഗാഢനിദ്രയിലായിരുന്നു. അതിലുണ്ടായിരുന്ന ഏകനിരത്ത് തികച്ചും നിശ്ചലമായിരുന്നു. ആപ്പിൾ പഴങ്ങളുടെ സൗരഭ്യം വായുവിൽ തങ്ങിനിന്നു. ഇവാൻ കാൽ നീട്ടി നടന്നു. ലെനിനാകട്ടെ ഇടയ്ക്കിടെ നിന്ന് വയലുകൾക്കപ്പുറത്തേക്കു നോക്കുകയും പിന്നീടു വേഗം നടന്ന് ഇവാന്റെ ഒപ്പമെത്തുകയും ചെയ്തിരുന്നു.

അല്പമകലെയായി രണ്ട് അരയന്നങ്ങൾ പറന്നുപോയി. അവയുടെ കരുത്തുററ ചിറകുകളടിക്കുന്ന ശബ്ദം വ്ളദീമിർ

ഇലിയിച്ചിന്റെ ചെവിയിലെത്തി. സ്വയമറിയാതെതന്നെ അദ്ദേഹത്തിന്റെ കൈ തോക്കിനുനേരെ നീങ്ങി. അത് കണ്ടിട്ട് വേട്ടക്കാരൻ പറഞ്ഞു:

‘‘അവ വളരെ ദൂരെയാണ്, സഖാവ് ലെനിൻ.’’

‘‘എനിക്കറിയാം,’’ ലെനിൻ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. ‘‘മാത്രമല്ല, അവയെ വെടിവയ്ക്കുന്നത് ഏതായാലും സങ്കടമുള്ള കാര്യമാണ്.... അഴകുള്ള പക്ഷികളാണവ.’’

ചുവന്ന നിറത്തിലുള്ള അസ്കായ് എന്ന നായാട്ടുപട്ടി ഇടയ്ക്കിടെ മുമ്പോട്ടു കുതിച്ചോടുകയും അലാബിയെവ് ഒച്ചയുണ്ടാക്കാതെ വിളിക്കുമ്പോൾ അനുസരണയോടെ തിരിച്ചു വരികയും ചെയ്തുകൊണ്ടിരുന്നു. ഊഷ്മളവും സുരഭിലവുമായ ഇളംകാററ് അടിച്ചുകൊണ്ടിരുന്നു. കട്ടി കുറഞ്ഞുകുറഞ്ഞു വന്നിരുന്ന ഇരുട്ട് പെട്ടെന്ന് അപ്രത്യക്ഷമായി. വലതുവശത്ത് പച്ചനിറത്തിലുള്ള ഒരു ബെർച്ച്മരത്തോപ്പും ഇടതു വശത്ത് വിശാലമായ പുൽപ്രദേശങ്ങൾക്കിടയിലൂടെ ഒഴുകുന്ന തിളക്കമുള്ള ഒരു നദിയും ദൃശ്യമായി. എവിടെയോ ഒരു വെടി മുഴങ്ങി.

ഇവാൻ പെട്ടെന്നു തിരിഞ്ഞുനോക്കി.

‘‘നമ്മൾ ആ ആറിലേക്കു പോയാലെന്താ, വ്ളദീമിർ ഇലിയിച്ച്? എനിക്കൊരു തോണിയുണ്ട്. ഈ കാലത്ത് ധാരാളം താറാവും കാണും.’’

‘‘അതു നന്നായിരിക്കും,’’ ലെനിൻ സമ്മതിച്ചു.

അവർ കുത്തനെയുള്ള ചരിവിലേക്കു തിരിഞ്ഞു. മഞ്ഞുതുള്ളികൾ പററിനിൽക്കുന്ന പുല്ലിൽക്കൂടി നടക്കുന്നത് ആനന്ദകരമായിരുന്നു. പക്ഷെ രണ്ടുപേരും ഇപ്പോൾ അക്ഷമരായതുകൊണ്ട് വളരെ ദൂരമുണ്ടെന്നു തോന്നി.

അങ്ങു ദൂരെ താഴ്വരയിൽനിന്നും വെടിയുടെ ശബ്ദം ഒന്നിനൊന്നുപുറകെ കേൾക്കാമായിരുന്നു. ഭയന്നു വിരണ്ട കാട്ടുതാറാവുകൾ പുൽപ്രദേശങ്ങളുടെ മുകളിലേക്കുയർന്നു.

‘‘ഗ്രാമത്തിലുള്ളവർ വെടിവയ്ക്കുന്ന ശബ്ദമാണ് ആ

കോംകുന്നതു്,'' ഇവാൻ പറഞ്ഞു. ''വേട്ടക്കാലം ഇന്നാണ തുടങ്ങുന്നതു്. എല്ലായ്പോഴും ആദ്യത്തെ ദിവസം നേരം വെളുക്കുമ്പോഠം അവർ വെടി തുടങ്ങും. ഒരു നായാട്ടുകാരനും ആ ദിവസം വീട്ടിലിരിക്കാൻ പററില്ല. ഒററക്കണ്ണനും മുടന്തനം—എല്ലാം ആ ദിവസം വീടു വിട്ടു വരും!''

ആററിൻകരയിലേക്കു് ഇറങ്ങിച്ചെന്നതിനുശേഷം അലാബിയെവു് അടി പരന്ന ഒരു തോണി കെട്ടഴിച്ചെടുത്തു. തുഴകഠം യഥാസ്ഥാനങ്ങളിൽ ഉറപ്പിച്ചു. പക്ഷെ സംശയത്തോടെ മണം പിടിച്ചിട്ടു് അയാഠം പറഞ്ഞു:

''വൈകിട്ടാവുമ്പൊഴേക്കും മഴ പെയ്യും.''

നായു് തോണിയിലേക്കു ചാടിക്കയറി പതിവുപോലെ അതിൻെറ അടിത്തട്ടിൽ കിടന്നു. വ്ളദീമിർ ഇലിയിച്ചു് അമരത്തിരുന്നു. ഇവാൻ തോണി മുന്നോട്ടു തള്ളി. തുഴകഠം വലിക്കുമ്പോഴുണ്ടാകുന്ന ചുഴികളോടുകൂടിയ തിളങ്ങുന്ന ചാൽ ഉണ്ടാക്കിക്കൊണ്ടു് തോണി കരയ്ക്കരികിലൂടെ മുന്നോട്ടു നീങ്ങി. ലെനിൻ ചുററും നോക്കി. അപ്പുറത്തുള്ള കുന്നുകഠം പ്രഭാതസൂര്യൻെറ കിരണങ്ങഠം തട്ടി ഇളംചുവപ്പുനിറം പൂണ്ടു. തിളങ്ങുന്ന നേരിയ മൂടൽമഞ്ഞിൽ ആവൃതമായി നദി നിശ്ചലമായിക്കിടന്നു.

''തോക്കു് തയ്യാറാക്കിവയു്ക്കു, വ്ളദീമിർ ഇലിയിച്ചു്,'' വേട്ടക്കാരൻ ഉപദേശിച്ചു. ''എല്ലായിടത്തും താറാവിനെ വിരട്ടി മുകളിലേക്കു പറത്തിയിരിക്കുന്നു. ഏതു നിമിഷവും അവ ഈ വഴി പറന്നേക്കാം. എൻെറ ഈ തോണി ഇളകുകയില്ല. അതുകൊണ്ടു് ഉന്നം പിടിക്കാൻ ഇഷ്ടം പോലെ സമയമെടുത്തോളൂ.''

വ്ളദീമിർ ഇലിയിച്ചു് തോക്കു തുറന്നു് ഉണ്ട നിറച്ചു. വളഞ്ഞുപുളഞ്ഞൊഴുകുന്ന ആ നദിയുടെ നടുവിൽ ഈറൽ നിറഞ്ഞുനിന്നിരുന്നു. ഇവാൻ തോണി കോരപ്പുല്ലിന്നിടയിലേക്കു കയററി അവിടെ കെട്ടിയിട്ടു. പച്ചനിറത്തിലുള്ള അരളിച്ചെടികഠംക്കിടയിൽ ഇരുകരകളിലും ഗ്രാമീണനായാട്ടുകാർ പതുങ്ങിനിന്നിരുന്നു. കൈവശം തോണികളോ നായ്ക്കളോ ഇല്ലാത്തവരായിരുന്നു അവർ.

അന്നു ഞായറാഴ്ചയും പോരെങ്കിൽ വേട്ടക്കാലത്തിൻെറ ആദ്യദിവസവുമായതുകൊണ്ടു് അവരിൽ മിക്കവരും അല്പം മദ്യം സേവിച്ചിരുന്നു. അവരുടെ ശബ്ദം ആ നദിയാകെ കേഠംക്കാമായിരുന്നു. പക്ഷെ താറാവുകഠം മുകളിൽക്കൂടി പറന്നുപോയപ്പോഠം എല്ലാവരും തൽക്ഷണം നിശ്ശബ്ദരായി. കുററിക്കാടുകളിൽനിന്നും വെടിയുണ്ടകഠം പാഞ്ഞു. ഒന്നോ രണ്ടോ പക്ഷികഠം താഴെ വീണു. ആ പററം പെട്ടെന്നു് ഒരു വശത്തേക്കു തിരിഞ്ഞു് കൂടുതൽ ഉയരത്തിലേക്കു പറന്നു പൊങ്ങി. ഏതാണ്ടു് ചാരനിറത്തിലുള്ള നെഞ്ചോടുകൂടിയ ഒരു വെള്ളപ്പാത്ത മാത്രം വെടിയുണ്ടകഠം വകവയ്ക്കാതെ മീൻ പിടിച്ചുതിന്നുന്നതു തുടർന്നു. നദിക്കുമുകളിലായി പിളർന്നവാലുപയോഗിച്ചു് വളഞ്ഞും തിരിഞ്ഞും പറന്നു് അതു് പെട്ടെന്നു് ഇരയ്ക്കുവേണ്ടി വെള്ളത്തിലേക്കു താഴും. ചീററിത്തെറിക്കുന്ന വെള്ളം അതിൻെറ ദേഹത്തുനിന്നും വൃത്തങ്ങളുടെ രൂപത്തിൽ താഴെ വീഴും.

മറെറാരു പററം താറാവുകഠം പറന്നുവന്നു. വ്ളദീമിർ ഇലിയിച്ചു് രണ്ടു കുഴലുകളും ഉപയോഗിച്ചു വെടിവച്ചു. ഒരു താറാവു് തോണിയ്ക്കടുത്തു വന്നുവീണു. മറെറാരെണ്ണം പററം വിട്ടു് പറക്കുകയും കുഴഞ്ഞു വീഴാൻ തുടങ്ങുകയും ചെയ്തു.

''അതിൻേറയും കഥ കഴിഞ്ഞു!'' വേട്ടക്കാരൻ പറഞ്ഞു. ''ഒരു നല്ല തുടക്കമാണു്, വ്ളദീമിർ ഇലിയിച്ചു്!''

പെട്ടെന്നു് കുററിക്കാട്ടിനിടയിൽനിന്നും ഒരു വെടിപൊട്ടി. ലെനിൻെറ വെടികൊണ്ടു പരുക്കേററ പക്ഷി നിലംപതിച്ചു. അലാബിയെവിൻെറ അയൽവാസിയായ നികീത പൻകോവു് കുററിക്കാട്ടിൽനിന്നു് പുറത്തു ചാടി, ഒരു വെടികൂടി വച്ചു് ആ പക്ഷിയെ കൊന്നു. അതിനേയുമെടുത്തുകൊണ്ടു് സാവധാനത്തിൽ തൻെറ ഒളിസ്ഥലത്തേക്കു നടന്നു.

''നിങ്ങളെന്താണു ചെയ്യുന്നതു്?'' ഇവാൻ അലറി.

''വേറൊരാളിൻെറ താറാവിനേയും കൊണ്ടുപോവുകയാണോ?''

''ഇതു നിങ്ങളുടെയായിരുന്നെങ്കിൽ നിങ്ങരം വന്നെടുത്തേനെ,'' നികീത പുച്ഛസ്വരത്തിൽ പറഞ്ഞു. ''നിങ്ങളൊക്കെ നായാട്ടുകാരെന്നു പറഞ്ഞു നടക്കുന്നല്ലൊ!''

വ്ളദീമിർ ഇലിയിച്ച് ഒരു പുഞ്ചിരിയോടെ ഈ വഴക്കു കേട്ടു നിന്നു.

''തനിക്കറിയാമോ താൻ ആരുടെ താറാവിനെയാണ് എടുത്തുകൊണ്ടുപോകുന്നതെന്ന്?'' ഇവാൻ രോഷാകുലനായി ചോദിച്ചു. ''ആ താറാവ്.....''

പുഞ്ചിരി വിടാതെ, അതേസമയം തിളങ്ങുന്ന കണ്ണുകളോടെ, വ്ളദീമിർ ഇലിയിച്ച് അയാളുടെ കോട്ടിൻെറ അററം പിടിച്ചു വലിച്ചു.

''ശുണ്ഠി പിടിക്കണ്ട, ഇവാൻ വസീലിയെവിച്ച്! ഞാൻ ആ പക്ഷിയെ പരുക്കേല്പിച്ചെങ്കിലും അയാളാണ് അതിനെ കൊന്നതു്. അതയാളെടുത്തുകൊള്ളട്ടെ. നമുക്കു വേറേ പിടിക്കാം.''

വൽക്കോവ് എന്ന ഭൂവുടമയുടെ ഭൂമി പങ്കിട്ടതെങ്ങിനെയാണെന്ന് ഇവാൻ അലാബിയെവ് ഓർത്തു. ആ ഗുണം പിടിക്കാത്ത നികീത അന്ന് വിളിച്ചുപറയുകയുണ്ടായി: ''വലിയ തറവാട്ടുകാരുമായിട്ടായിരുന്നു അലാബിയെവിൻെറ നടപ്പ്. എന്നിട്ടിപ്പോരം അയാരം പങ്കു ചോദിക്കുന്നു! ഞങ്ങളതു സമ്മതിക്കുകയില്ല!'' ഇവാൻ എത്ര ശകാരിച്ചിട്ടും (ലെനിൻെറയടുക്കൽ നേരിട്ടു ചെന്ന് പരാതിപ്പെടുമെന്ന് അയാരം ഭീഷണിപ്പെടുത്തിനോക്കി) കൃഷിക്കാരിൽ ചിലർ നികീതയെ പിന്താങ്ങുകയും അനുകൂലിക്കുകയും ചെയ്തു. എങ്കിൽപ്പോലും ആ ഗ്രാമത്തിലുള്ളവർ അവസാനം ഇവാൻെറ ഭാഗം ചേർന്നു. അയാരം പണക്കാരോടൊപ്പം വേട്ടയ്ക്കു പോയതുകൊണ്ടു മാത്രം അയാരംക്കു ഭൂമി നിഷേധിക്കാൻ അവർ വിസമ്മതിച്ചു; നികീതയുടെ അയൽവാസികരം ആദ്യമൊക്കെ ബഹളം കൂട്ടിയെങ്കിലും അയാളെ പിന്താങ്ങാൻ കൂട്ടാക്കിയില്ല. അതിനെക്കുറിച്ചെല്ലാം ആലോചിച്ചപ്പോരം അന്ന് നികീത തന്നോടു ചെയ്ത ദ്രോഹമോർത്ത് ഇവാൻ അലാബിയെവിൻെറ ഹൃദയം വീണ്ടും നൊന്തു.

''പക്ഷെ ഇതു് തികച്ചും അന്യായമാണ്, സഖാവ് ലെനിൻ!'' പുരികങ്ങരം എഴുന്നു നിന്നുകൊണ്ട് അയാരം പിറുപിറുത്തു. ''നമ്മുടെ പക്ഷിയെ നമ്മുടെ കൺമുമ്പിൽ നിന്ന് പിടിച്ചുകൊണ്ടുപോകാൻ നാം അയാളെ എങ്ങിനെ അനുവദിക്കും? ഞാൻ....''

''ഒച്ചവയ്ക്കല്ലെ!'' വ്ളദീമിർ ഇലിയിച്ച് പറഞ്ഞു. ''പക്ഷികരം തിരിച്ചുവരുന്നുണ്ട്.''

അലാബിയെവ് കുനിയുകയും ലെനിൻ തോക്കുയർത്തി വെടിവയ്ക്കുകയും ചെയ്തു. ഒരു താറാവ് കറങ്ങിക്കറങ്ങി വെള്ളത്തിൽ വീണു.

''അക്കായ്!'' വേട്ടക്കാരൻ ആജ്ഞാപിച്ചു.

നായ് വെള്ളത്തിലേക്കു ചാടി നീന്തിപ്പോയി. വ്ളദീമിർ ഇലിയിച്ചിൻെറ കണ്ണുകരം തിളങ്ങി. താൻ നദിയിൽ ചിലവഴിക്കുന്ന ഈ പ്രഭാതം തികച്ചും ആഹ്ലാദപ്രദമായിരുന്നു. തൻെറ ബാല്യത്തേയും യൗവ്വനത്തേയും സഹോദരനായ ദിമിത്രിയുമൊന്നിച്ച് താൻ പലപ്പോഴും നായാട്ടിനു പോകാറുണ്ടായിരുന്ന കസാനു സമീപമുള്ള കൊക്കുഷ്കിനൊയേയും അതനുസ്മരിപ്പിച്ചു. പലപ്പോഴും വെറുംകയ്യോടെ, തളർന്നുക്ഷീണിച്ചും എന്നാൽ സന്തുഷ്ടരായുമാണ് അവർ വീട്ടിലേക്കു മടങ്ങാറുണ്ടായിരുന്നതു്. അവർ കൊന്നതു് എന്തിനെയാണെന്ന് ചോദിച്ചാൽ ദിമിത്രിയ് ചിരിച്ചുകൊണ്ടു പറയും, ''ഞങ്ങരം സമയം കൊല്ലുകയായിരുന്നു'' എന്ന്.

താറാവിനേയും കടിച്ചുപിടിച്ചുകൊണ്ട് നായ് തോണിയിലേക്കു നീന്തിവന്നു. ഇവാൻ നായുടെ കഴുത്തിൽ പി

ടിച്ച് അതിൻെറ വായിൽനിന്ന് പക്ഷിയെ സൂക്ഷ്മത യോടെ എടുത്തു. നായ് തോണിയിലേക്ക് ചാടിക്കയറി, വെള്ളം അതിൻെറ തിളങ്ങുന്ന മൗണ്ട പാർശ്വങ്ങളിൽനിന്ന് ഒലിച്ചു.

''പക്ഷികളുടെ വരവു നിന്നു, വ്ളദീമിർ ഇലി യിച്ച്,'' ഇവാൻ പറഞ്ഞു. ''നമുക്ക് കാട്ടിലുള്ള പക്ഷി കളെ തേടി പോകാം.''

''ശരിയാണ്, അതിനു സമയമായി,'' വ്ളദീമിർ ഇലിയിച്ച് സമ്മതിച്ചു.

4

ബർച്ചുമരങ്ങൾ തിങ്ങിനിന്ന ഒരു കുററിക്കാട്ടിൻെറ അരികു പിടിച്ച് അവർ നടന്നു. പായൽ പിടിച്ച ചതുപ്പുനി ലമായിരുന്നു വലതു ഭാഗത്ത്: അതിലെ മൊട്ടക്കുന്നുകൾ റോസ്നിറത്തിലുള്ള ക്രാൻബെറിപ്പഴങ്ങൾകൊണ്ട് പൊതി ഞ്ഞിരുന്നു. ഇവാൻ അക്സായിയെ തുടലഴിച്ചുവിട്ടു. വളരെ വേഗം മണം പിടിച്ച് അതു് രണ്ടു കൊച്ചു ബർച്ച്മരങ്ങളു ടെ മുമ്പിൽ വന്നു നില്പായി.

വ്ളദീമിർ ഇലിയിച്ച് തോക്ക് തോളിലേക്കുയർത്തി.

''ആ മണം പിടിച്ചു പോക്!'' അക്സായിയോടു വേട്ട ക്കാരൻ പറഞ്ഞു.

ഇടത്തെ മുൻകാൽ അല്പം ഉയർത്തിക്കൊണ്ട് നായ് അനങ്ങാതെ നിന്നു. പക്ഷികൾ വളരെ അടുത്തായിരുന്നി രിക്കണം. ''ജാഗ്രതയായിരിക്കൂ!'' എന്നു പറയുന്ന ഭാവേന ഇവാൻ വ്ളദീമിർ ഇലിയിച്ചിനെ നോക്കി തലയാട്ടി.

നായാട്ടുകാർക്കു ഉണ്ടാകാറുള്ള സുപരിചിതമായ കാ ലിലെ കിടുകിടുപ്പ് ലെനിന് അനുഭവപ്പെട്ടു. അദ്ദേഹത്തിനു ശ്വാസംവിടാൻ പോലും ബുദ്ധിമുട്ടു തോന്നി. കുററിച്ചെടി കൾ ഇളംകാററിൽ മർമ്മരശബ്ദം പുറപ്പെടുവിച്ചു. ഇളം മൈനകൾ ബർച്ച്മരങ്ങളിലിരുന്നു നീട്ടിപ്പാടി. വെടിവ

യ്ക്കാൻ തയ്യാറായി തോക്കു പിടിച്ചുകൊണ്ട് ലെനിൻ അന ങ്ങാതെ നിന്നു. പക്ഷെ തൻെറ ഹൃദയമിടിപ്പൊഴികെ മററൊ ന്നും അദ്ദേഹം കേട്ടില്ല.

ആകാശത്തിൽ മങ്ങിയ വെളിച്ചം പരത്തിക്കൊണ്ട് സൂര്യൻ ഉയർന്നുകഴിഞ്ഞിരുന്നു. വൃക്ഷങ്ങൾ അർദ്ധനിദ്രാവ സ്ഥയിൽ ശൂന്യതയിൽനിന്നും തൂങ്ങിക്കിടക്കുകയാണെന്ന പ്രതീതി സ്വച്ഛമായ വായു ഉളവാക്കി.

പട്ടിയുടെനേരെ ചൂളമടിച്ചശേഷം ഇവാൻ ബർച്ച്മര ങ്ങളുടെ അടുത്തേക്കു നടന്നു. നിശ്ശബ്ദത ഭഞ്ജിക്കപ്പെട്ടു. പക്ഷി ക്കൂട്ടമാകെ ശബ്ദായമാനമായി പുറത്തേക്കു പറന്നുവന്നു. പായൽപിടിച്ച ചതുപ്പുനിലങ്ങളുടെ മുകളിൽ അവ നാലുപാ ടും പറന്നു.

ഇവാനെ നോക്കി ചിരിച്ചുകൊണ്ട് വ്ളദീമിർ ഇലി യിച്ച് തോക്ക് താഴ്ത്തി. നെടുവീർപ്പിട്ടുകൊണ്ട് അദ്ദേഹം തുവാലയെടുത്ത് മുഖം തുടച്ചു.

''അങ്ങ് ആ അവസരം വെറുതെ കളഞ്ഞല്ലൊ, വ്ളദീ മിർ ഇലിയിച്ച്!'' വൃദ്ധൻ സങ്കടപ്പെട്ടു. ''ഈ തുറന്ന സ്ഥലത്തുവച്ച് അങ്ങേയ്ക്ക് രണ്ടുകുഴലുകളും നിറയൊഴി ക്കാമായിരുന്നു. അങ്ങിനെ രണ്ടെണ്ണത്തിനെയെങ്കിലും പിടി ക്കാമായിരുന്നു.''

വ്ളദീമിർ ഇലിയിച്ച് അപരാധബോധത്തോടെ പുഞ്ചിരിച്ചു.

''വെള്ള തിത്തിരിപ്പക്ഷികൾ!''

ഇവാൻ നെററി ചുളിച്ചു.

''കൊള്ളാം! പക്ഷെ അങ്ങു വെടിവയ്ക്കുന്നതു് ആരു കാണും, വ്ളദീമിർ ഇലിയിച്ച്?''

ഇവാൻ അലാബിയെവിൻെറ മീശയും താടിയും വി റച്ചു. വിഷാദമഗ്നവും അവിശ്വസനീയവുമായ കണ്ണുകളോ ടെ അയാൾ ലെനിനെ നോക്കി. അതേസമയം വള്ദീമിർ ഇലിയിച്ച് കൊളുത്തിട്ട് തോക്ക് വീണ്ടും തോളത്തു തൂക്കി.

''ബോൾഷെവിക്കുകൾ മററുള്ളവർക്കു് മാതൃക കാട്ടിക്കൊടുക്കുകയാണു വേണ്ടതു്,'' അദ്ദേഹം പറഞ്ഞു. ''നിങ്ങളാണെങ്കിൽ, അനധികൃതമായി വേട്ടയാടാൻ എന്നെ പ്രലോഭിപ്പിക്കുകയാണു്! അതത്ര നല്ലതല്ല, ഇവാൻ വസീലിയെവിച്ചു്!''

വ്ളദിമിർ ഇലിയിച്ചിന്റെ ചിരി സാംക്രമികമായിരുന്നു; അദ്ദേഹത്തിന്റെ കണ്ണുകൾ കുസൃതിയോടെ പ്രശോഭിച്ചു. ഇവാനാണെങ്കിൽ ആകെ കുഴങ്ങി. ഈ ലെനിൻ ഏതു തരത്തിലുള്ള ആളാണാവോ! പഴയകാലത്തു് കാട്ടിൽ അലഞ്ഞുനടന്ന പ്രമാണിമാർ ആരെയും വകവയ്ക്കാതെ കണ്ടതെല്ലാം വെടിവയ്ക്കുമായിരുന്നു. ലെനിനോ, നായാട്ടുനിയമങ്ങൾ സുരക്ഷിതത്വം നൽകിയിട്ടുള്ള തിത്തിരിപ്പക്ഷികളെ വെടിവയ്ക്കാൻ വിസമ്മതിക്കുന്നു!

മററുള്ള വേട്ടക്കാരെപ്പോലെ ഇവാനും ബുദ്ധിമുട്ടുള്ള കാലങ്ങളിൽ മൃഗങ്ങളേയും പക്ഷികളേയും നിയമവിരുദ്ധമായി കൊല്ലാറുണ്ടായിരുന്നു; പക്ഷെ മനസ്സാക്ഷിക്കുത്തോടെയാണു് അയാളതു ചെയ്തിട്ടുള്ളതു്. കാരണം അനധികൃതമായ വേട്ടയാടലിനോടു് അയാൾക്കു് ഉള്ളിൽ എതിർപ്പായിരുന്നു. തന്റെ ആവേശം കുറേ തണുത്ത സ്ഥിതിക്കു് ഇപ്പോൾ അയാൾക്കു തോന്നി വ്ളദീമിർ ഇലിയിച്ചു് ചെയ്തതു് തികച്ചും ശരിയായിരുന്നുവെന്നു്. ''അദ്ദേഹം ഒരു നീതിമാനാണു്,'' അയാൾ വിചാരിച്ചു.

കാട്ടിന്റെ ഉള്ളിലേക്കു അവർ കൂടുതൽ ചെന്നപ്പോൾ പുല്ലുകളിലും കുററിച്ചെടികളിലും മഞ്ഞുതുള്ളികൾ അപ്പോഴും പററിയിരിക്കുന്നതായി അവർ കണ്ടു. പുല്ലിൽനിന്നും തേനിന്റെ സുഗന്ധം ഉയർന്നു. ചുവന്ന ബിൽബെറിപ്പഴങ്ങളുടെ കുലകളിൽ ഇമ്പമായി ചുവപ്പു വ്യാപിക്കുന്നതു കണ്ടാൽ അവയെ ചവിട്ടാൻ തോന്നുകയില്ല. വ്ളദീമിർ ഇലിയിച്ചു് ഇവാന്റെ പിന്നാലെ നടന്നു. നിശ്ശബ്ദതകൊണ്ടും വേനൽ

ക്കാലത്തെ സുസ്പഷ്ടമായ വർണ്ണങ്ങൾകൊണ്ടും പ്രൗഢമായിരുന്നു ആ കാടു്.

വ്ളദീമിർ ഇലിയിച്ചു് തന്റെ ജീവിതം ഒട്ടുമുക്കാലും ചിലവഴിച്ചതു് നഗരങ്ങളിലാണു്. നഗരജീവിതം ഇഷ്ടമായിരുന്നെങ്കിലും കാടും നദികളും എപ്പോഴും അദ്ദേഹത്തെ ആകർഷിച്ചു. മങ്ങിയ ചന്ദ്രികയിൻ കീഴിൽ ആളിക്കത്തിക്കൊണ്ടിരുന്ന ക്യാമ്പ്ഫയറിനരികിൽ ഇരുന്നുകൊണ്ടു് താൻ ചിലവഴിച്ച രാത്രികളെക്കുറിച്ചും അല്ലെങ്കിൽ ചുമലിൽ ഒരു തോക്കുമേന്തിക്കൊണ്ടു് കാട്ടിൽക്കൂടി താൻ ചുററിനടന്ന ദിവസങ്ങളെക്കുറിച്ചും ചിലപ്പോൾ പഠനമുറിയിലെ മേശയ്ക്കു പിന്നിലിരുന്നുകൊണ്ടു് അദ്ദേഹം ചിന്തിക്കുമായിരുന്നു.

''ക്ഷീണിച്ചോ, വ്ളദീമിർ ഇലിയിച്ചു്?'' വേട്ടക്കാരൻ ചോദിച്ചു. ''ഒരുപക്ഷേ ഒരു മണിക്കൂർ വിശ്രമിച്ചാലോ?''

''വേണ്ട!'' ലെനിൻ ദൃഢസ്വരത്തിൽ പറഞ്ഞു. ''ഈ ദിവസം മുഴുവൻ ഇങ്ങനെ നടക്കാൻ ഞാൻ തയ്യാറാണു്.''

അവർ കാടിന്റെ ഉള്ളിലേക്കു് കുറേക്കൂടി കയറി. ബക്തോണും ജൂനിപ്പറും വളർന്നുനിൽക്കുന്ന മറെറാരു സ്ഥലത്തെത്തി. ഇവിടെ പക്ഷിപ്പററങ്ങൾ ധാരാളമുണ്ടായിരുന്നു. അക്ലായ് പുതിയ മണം പിടിച്ചു് സ്ഥലം ചൂണ്ടിക്കാണിക്കുന്ന മട്ടിൽ നിന്നു. കരിങ്കോഴികളുടെ നേർക്കയച്ച ആദ്യത്തെ ഉണ്ടകൾ ഉന്നം പിഴച്ചു. ലെനിൻ ചെയ്യുന്നതു നോക്കിക്കൊണ്ടു് ഇവാൻ അടുത്തുവന്നു.

''അവ കുറച്ചുകൂടി ദൂരം പറക്കാൻ അനുവദിക്കുകയാണു നല്ലതു്, വ്ളദീമിർ ഇലിയിച്ചു്!'' അയാൾ ഉപദേശിച്ചു. ''അവയ്ക്കു് രക്ഷപ്പെടാൻ പററില്ല. ചെറിയ ദൂരത്തിൽ ഉണ്ടകൾ ബുള്ളററുപോലെ ഒന്നിച്ചു നിൽക്കും. അങ്ങിനെ അവയെ വെടിവച്ചു വീഴ്ത്താൻ പററില്ല.''

നായ് ഒരു പററം പക്ഷികളെ മേല്പോട്ടുയർത്തി. തോക്കുയർത്തിക്കൊണ്ടു് അലാബിയെവ് അങ്ങോട്ടു തിരിഞ്ഞു. ഉന്നം പിഴയ്ക്കില്ലെന്നു തീർച്ചയാകുന്നിടം വരെ

15–2790

അവ പറന്നപ്പോൾ അയാൾ രണ്ടെണ്ണത്തിനെ വെടിവച്ചു വീഴ്ത്തി.

''ഇങ്ങനെയാണ ചെയ്യേണ്ടതു്!''

''എനിക്കു തികച്ചും മനസ്സിലാകുന്നുണ്ടു്, ഇവാൻ വസീലിയെവിച്ച്!'' ലെനിൻ ചിരിച്ചുകൊണ്ടു് കൈ തിരുമ്മി. ''ആ പക്ഷികൾ ഇളകുമ്പോൾ എനിക്കു് അടങ്ങിനിൽക്കാൻ കഴിയുന്നില്ല. ഞാൻ വേട്ടയ്ക്കു പോയിട്ടു് കുറേയധികം നാളായി.''

ഈ പാഠത്തിനുശേഷം വ്ളദീമിർ ഇലിയിച്ചിൻെറ ഉന്നം അധികം പിഴച്ചില്ല. പല പക്ഷികളേയും അദ്ദേഹം വെടി വച്ചു വീഴ്ത്തി. അക്ലായ് അവ പോയി കൊണ്ടുവന്നതിനുശേഷം വീണ്ടും മണം പിടിച്ചു നടക്കും.

നായ് അതിൻെറ ജോലി കോട്ടം കൂടാതെ നിർവ്വഹിച്ചു. വേട്ടപ്പക്ഷികളെ മണത്തറിയാൻ അതു് സമർത്ഥനായിരുന്നു. വെടിയേററുവീണ പക്ഷികളെ അതു് അതിവേഗം ഓടിയെടുത്തുകൊണ്ടുവരുമായിരുന്നു. അതൊരിക്കലും ദൃഷ്ടിയിൽ നിന്നും മറഞ്ഞിരുന്നില്ല. പക്ഷികളില്ലാത്തിടത്തേക്കു് ഒരിക്കൽപ്പോലും അതു് ചൂണ്ടിക്കാട്ടിയിട്ടില്ല. വ്ളദീമിർ ഇലിയിച്ച് ആ നായെ പുകഴ്ത്തി സംസാരിച്ചു.

''മോശപ്പെട്ട ഒന്നിനെ വച്ചിട്ടു കാര്യമില്ല,'' വേട്ടക്കാരൻ അഭിമാനത്തോടെ പറഞ്ഞു. ''ഒരു പട്ടിയെ പരിശീലിപ്പിക്കുമ്പോൾ ഞാൻ ഒരിക്കലും ഉദാസീനത കാണിക്കാറില്ല, വ്ളദീമിർ ഇലിയിച്ച്. ഒരു മോശപ്പെട്ട പട്ടിയെക്കൊണ്ടു് നായാട്ടിനെന്തു പ്രയോജനമാണുള്ളതു്? പക്ഷികളെ ഒന്നും കിട്ടില്ല, അത്രതന്നെ!''

അക്ലായ് വെമ്പലോടെ പുതിയൊരു മണം പിടിച്ച് ഓടുകയായിരുന്നു; അതിൻെറ ഇര ഉയരം കൂടിയ ഫെർമരങ്ങൾ ഇടതിങ്ങിനിന്നിരുന്ന സ്ഥലത്തേക്കു് ഓടിപ്പോവുകയായിരുന്നെന്നു വ്യക്തമായിരുന്നു.

''ഒരു കാട്ടുകോഴി,'' വേട്ടക്കാരൻ മന്ത്രിച്ചു. ''അവനൊരു സൂത്രശാലിയാണ്; രക്ഷപ്പെടാമെന്നാണ് അവൻെറ വിചാരം. ഞാൻ മറുവശത്തുകൂടി വരാം; നായുടെ പിന്നാലെ തന്നെ നടന്നോളൂ.''

ഇവാൻ ധൃതഗതിയിൽ ഒരു ഭാഗത്തേക്കു നടന്നു. കാട്ടിൽ കുറേക്കൂടി ഉള്ളിലോട്ടു മാറി ഒരു കൂട്ടം മഞ്ഞപ്പൂക്കൾ നിന്നിരുന്നിടത്തു് വന്നു. ഒന്നോ രണ്ടോ പ്രാവശ്യം ചുമച്ചിട്ടു് മടങ്ങാൻ ഭാവിച്ചു. അക്ലായ് മൂക്കുകൊണ്ടു് ചൂണ്ടിക്കാണിക്കേണ്ട താമസം, ആ കാട്ടുകോഴി ചിറകടിച്ച് മുകളിലേക്കു പറന്നു.

ലെനിൻെറ ആദ്യത്തെ വെടിയുണ്ട ആ പക്ഷിയുടെ ദേഹത്തു് ഉരസുകമാത്രമേ ചെയ്തുള്ളു. കാട്ടുകോഴിക്കു് ഉലച്ചിൽ തട്ടി. അതിൻെറ വാലിലെ ഏതാനും തൂവലുകൾ വട്ടം ചുററി നിലത്തു വീണു. എങ്കിലും ആ പക്ഷി സർവ്വശക്തിയുമുപയോഗിച്ച് കാടിനെ ലക്ഷ്യമാക്കി പറന്നു.

''അവൻ രക്ഷപ്പെട്ടും!'' പക്ഷിയിൽനിന്നും കണ്ണെടുക്കാതെ വ്ളദീമിർ ഇലിയിച്ച് പിറുപിറുത്തു.

രണ്ടാമത്തെ വെടിയോടെ കാട്ടുകോഴി തറപററി. രണ്ടുപേരും അങ്ങോട്ടോടി.

''ഞാൻ ഭയന്നു!'' അലാബിയെവ് പറഞ്ഞു. ''ഞാൻ ഭയന്നു അങ്ങേയ്ക്കു് അതിനെ കിട്ടില്ലെന്നു്. കണ്ണിൽ വെയിലടിക്കുമ്പോൾ വെടിവയ്ക്കാൻ പ്രയാസമാണ്.''

5

വേട്ടക്കാരൻ പൈൻകൊമ്പുകൾ കൂട്ടി തീയിടുകയും ഒരു പാത്രം വെള്ളം കൊണ്ടുവന്നു് തീയ്ക്കു മുകളിലായി കെട്ടിത്തൂക്കുകയും ചെയ്തു. വെള്ളം തിളയ്ക്കുന്നതുവരെയുള്ള സമയത്തിനിടയ്ക്കു് അയാൾ തൻെറ നായാട്ടനുഭവങ്ങൾ വിവരിച്ചു. പിന്നീടവർ ഭൂമിയെപ്പററി സംസാരിച്ചു. ഔത്സുക്യത്തോടും സവിസ്തരമായിട്ടുമാണ് വ്ളദീമിർ ഇലിയിച്ച് ചോദ്യങ്ങൾ

ചോദിച്ചതു്. ലെനിനുമായി സംസാരിക്കുമ്പോൾ ആത്മാർത്ഥമായിട്ടല്ലാതെ സംസാരിക്കാനും സത്യത്തിൽനിന്നു് ഒഴിഞ്ഞുനിൽക്കാനും അസാദ്ധ്യമാണെന്നു് ഇവാനു തോന്നി.

ഇവാൻ വ്ളദീമിർ ഇലിയിച്ചിന്റെ തോക്കെടുത്തു, കയ്യിൽ വച്ചു് തൂക്കിനോക്കിയതിനുശേഷം തോളിനുനേരേ പിടിച്ചു.

''കൊള്ളാം, നല്ല തോക്കു്,'' അയാൾ പറഞ്ഞു.

അയാൾ കൊളുത്തു മാററി തോക്കു തുറന്നു. ഒരു കമ്പിൽ തുണി ചുററി കുഴലുകൾ തുടച്ചു. എന്നിട്ടു് സൂര്യനുനേരേ പിടിച്ചുകൊണ്ടു് അവയിലൂടെ നോക്കി.

''ഒന്നാന്തരം ഉരുക്കു്!'' അയാൾ പിറുപിറുത്തു. ''കണ്ണാടിപോലെ തിളങ്ങുന്നു; ഒരിടത്തും ഒരു പോറൽ പോലും ഇല്ല! ഇപ്പോൾ വാങ്ങിയതാണെന്നേ തോന്നൂ.''

''ഞാനിതു് അപൂർവ്വമായേ ഉപയോഗിക്കാറുള്ളു,'' ലെനിൻ പറഞ്ഞു. ''എനിക്കു സമയം കിട്ടാറില്ല.''

വേട്ടക്കാരന്റെ കണ്ണു് തോക്കിൽത്തന്നെയായിരുന്നു.

''ഞാൻ അല്പനേരം ഇതൊന്നു വായിക്കട്ടെ, സഖാവു് ലെനിൻ?''

''വായിക്കട്ടെ എന്നോ? എന്തു വായിക്കട്ടെ എന്നു്?'' ലെനിനു കാര്യം മനസ്സിലായില്ല.

''ഈ കുഴലുകൾ ഞാനൊന്നു വായിക്കട്ടെ.''

''നിങ്ങൾക്കതെങ്ങിനെ സാധിക്കും?'' വിശ്വസിക്കാൻ കഴിയാതെ ലെനിൻ കണ്ണിറുക്കി. ''ഒരു തോക്കു് സംഗീതോപകരണമായി ഉപയോഗിക്കാനൊക്കുമെന്നു് എനിക്കറിയാനേ വയ്യായിരുന്നു. ആയിക്കോളൂ, കാണട്ടെ.''

വൃദ്ധൻ തോക്കിന്റെ അററം ചുണ്ടിൽ വച്ചു് കവിൾ വീർപ്പിച്ചു് ഊതാൻ തുടങ്ങി. പരീക്ഷണത്തിനായി ഒന്നു രണ്ടു പ്രാവശ്യം സ്വരം വിറപ്പിച്ചുകൊണ്ടു് അയാൾ അവ്യക്തവും വിചിത്രവുമായ സ്വരങ്ങൾ കാട്ടിൽ പരത്തി. അല്പം കഴിഞ്ഞു് അവ ഒരേ തരത്തിലുള്ള സ്വരമായി; പ്രയത്നഫലമായി വൃദ്ധന്റെ മുഖം ചുവന്നു. അയാൾ വായിച്ച സ്വരം

ട്രോയിക്ക*യിലെ കുതിരകളുടെ കഴുത്തിൽ കെട്ടിയിട്ടുള്ള മണികളെ അനുസ്മരിപ്പിച്ചു. ഹേമന്തകാലത്തെ നിരപ്പായ വീഥിയിലൂടെ പാഞ്ഞുപോകുന്ന അശ്വത്രയം ഏതാണ്ടു് കൺമുമ്പിൽത്തന്നെയുള്ള പ്രതീതിയാണു് അതുളവാക്കിയതു്. മണിയുടെ കിലുക്കവും കാററിന്റെ ചൂളംവിളിയും തണുത്തു മരവിച്ച ഹിമവണ്ടിപ്പലകകളുടെ കറകറശബ്ദവും മനസ്സിനെ പിടിച്ചുനിർത്തുന്ന സ്വരമാധുര്യവും എല്ലാം ഒന്നിച്ചു സമ്മേളിച്ചു. ട്രോയിക്ക അകന്നകന്നുപോയപ്പോൾ മണികിലുക്കത്തിന്റെ ശബ്ദവും ക്രമേണ കുറഞ്ഞുവന്നു. ഹിമാവൃതമായ പാഴ്പ്രദേശത്തേക്കു് അവ അന്തർദ്ധാനം ചെയ്തപ്പോൾ അവയുടെ ശബ്ദം മിക്കവാറും കേൾക്കാതായി.

''ഒന്നാന്തരമായിരിക്കുന്നു, ഇവാൻ വസീലിയെവിച്ചു്!'' ലെനിൻ ആശ്ചര്യത്തോടെ പറഞ്ഞു. ''നിങ്ങളൊരു കലാകാരനാണു്! ഇതുപോലൊന്നു് ഞാൻ കേട്ടിട്ടേയില്ല! ഇതെവിടന്നു പഠിച്ചു?''

''ഇതു ഞങ്ങളുടെ കുടുംബത്തിലുള്ളതാണു്,'' വേട്ടക്കാരൻ പറഞ്ഞു. ''എന്റെ അച്ഛനു് തോക്കിന്റെ കുഴലുകൾകൊണ്ടു് പലതും വായിക്കാൻ കഴിയുമായിരുന്നു, അതും എന്നെക്കാൾ മെച്ചമായിട്ടു്! എനിക്കും അവ വായിക്കാനിഷ്ടമാണു്. ചിലപ്പോൾ കാട്ടിൽ ഒരു മരക്കുററിയിലിരുന്നുകൊണ്ടു് ഞാൻ വായിക്കും—എന്റെ കണ്ണു നിറയുകപോലും ചെയ്യും!

വെയിലേററു് പുല്ലുണങ്ങുകയും തറ ചൂടുപിടിക്കുകയുമായിരുന്നു.

''എത്ര നല്ല ദിവസം, വ്ളദീമിർ ഇലിയിച്ചു്!'' ഇവാൻ പറഞ്ഞു. ''നമുക്കു് കുറച്ചുനേരം കിടന്നാലോ?''

''നിങ്ങൾ കിടന്നോളൂ,'' വ്ളദീമിർ ഇലിയിച്ചു് പറഞ്ഞു. ''ഞാൻ അല്പസമയം ഇവിടെ ഇരുന്നോളാം.''

---

* ട്രോയിക്ക—മുൻകാലങ്ങളിൽ വളരെയേറെ പ്രചാരത്തിലിരുന്നിരുന്ന, മൂന്നു കുതിരകളെ കെട്ടിയ റഷ്യൻ വാഹനം.

ഇവാൻ ഒരു കുററിച്ചെടിയുടെ കീഴിൽ നീണ്ടുനിവർന്നു കിടന്നു. പല രാത്രികളായി ഉറങ്ങാതിരുന്ന ഒരാളെപ്പോലെ തൽക്ഷണം ഉറങ്ങുകയും ചെയ്തു.

വ്ളദീമിർ ഇലിയിച്ച് ഒരു മരം ചാരിയിരുന്നു. കാട്ടിൽ പുതിയ വർണ്ണങ്ങൾ വിതറിക്കൊണ്ടു് സൂര്യൻ കുറേക്കൂടി പടിഞ്ഞാട്ടു നീങ്ങിയിരുന്നു; പക്ഷികൾ നിശ്ശബ്ദമായിരുന്നു.

ഇപ്പോൾ വേണ്ടതു് ഒരു നീന്തലാണു്, ലെനിൻ വിചാരിച്ചു. അദ്ദേഹം എഴുന്നേററു് കുളിക്കാൻ പററിയ ഇടമന്വേഷിച്ചു് അരുവിയുടെ കരയിലൂടെ നടന്നു.

പെട്ടെന്നു്, കവിഞ്ഞൊഴുകുന്ന പാത്രം പോലെ ഒരു കുളം അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. വസ്ത്രങ്ങളഴിച്ചുമാററി അദ്ദേഹം പൊക്കമുള്ള കരയിൽനിന്നും അതിലേക്കു ചാടി. അതിലെ നിർമ്മലമായ ജലത്തിനു് നല്ല രുചി തോന്നി.

വ്ളദീമിർ ഇലിയിച്ച് മുകളിലേക്കു പൊങ്ങി, ശ്വാസം പിടിച്ചു് വീണ്ടും മുങ്ങി, തന്റെ ചെറുപ്പകാലത്തു് സ്വിയാഗ നദിയിൽ ചെയ്തിരുന്നതുപോലെ കൈകൾ ഒന്നിനു മുകളിൽ ഒന്നായി തുഴഞ്ഞുകൊണ്ടു് കുളത്തിന്റെ നടുവിലേക്കു പോയി.

പിന്നീടു് കുറേയധികം സമയത്തേക്കു് അദ്ദേഹം വെയിൽ കാഞ്ഞുകൊണ്ടു് മണൽപ്പുറത്തിരുന്നു. മിക്കവാറും കയ്യെത്തുന്ന ദൂരത്തിൽ അലസമായി നീന്തിക്കൊണ്ടിരുന്ന മത്സ്യങ്ങളുടെ കറുത്തിരുണ്ട പുറം അദ്ദേഹം കണ്ടു. അവ തിളങ്ങുന്ന വട്ടക്കണ്ണുകൾകൊണ്ടു് ചുററും നോക്കുകയും കൂട്ടംകൂട്ടമായി വാലാട്ടി പായുകയും സ്വർണ്ണനിറത്തിലുള്ള പള്ളകൾ മുട്ടിയുരുമ്മി നീന്തുകയും ചെയ്യുകയായിരുന്നു. പക്ഷെ ഒരു ഇളംകാററടിച്ചപ്പോൾ അവ ഭയന്നു് വെള്ളത്തിന്റെ മുകൾപ്പരപ്പു് കലക്കിക്കൊണ്ടു് കൂടുതൽ ആഴത്തിലേക്കു നീന്തി മറഞ്ഞു.

ശബ്ദങ്ങൾ കേട്ടാണു് വേട്ടക്കാരൻ ഉണർന്നതു്. മനസ്സില്ലാമനസ്സോടെ കണ്ണു തുറന്നു് അയാൾ ഒരു വശത്തേക്കു ചരിഞ്ഞു കിടന്നു. ഒരു കൊച്ചു കുന്നിന്റെ മുകളിൽ ചവുട്ടി മെതിച്ച പുല്ലിന്റെ പുറത്തു് കുട്ടികളുടേയും പഴക്കൊട്ടകളുടേയും നടുവിലിരിക്കുകയായിരുന്നു വ്ളദീമിർ ഇലിയിച്ച്. കുറെയകലെയായി വീണുകിടന്നിരുന്ന ഒരു മരത്തിന്റെ മേൽ ഇവാന്റെ അയൽക്കാർ ഇരുന്നിരുന്നു — നരച്ച താടിയുള്ള കുൺശേഖരണക്കാരായ ഫെദോത് റീബ്നിക്കൊവും ഫിയൊക്തീസ്റ്റ് ഷത്രോവും. ലെനിൻ കുട്ടികളോടു സംസാരിക്കുകയായിരുന്നു.

''നിങ്ങളെന്നെങ്കിലും എന്നെപ്പോലെ ഒരു കൊച്ചു കുട്ടി ആയിരുന്നിട്ടുണ്ടോ?'' പച്ച ഷർട്ടിട്ട ഒരു തടിച്ച കുട്ടി ചോദിച്ചു.

''തീർച്ചയായും,'' ലെനിൻ പറഞ്ഞു. ''സിംബീർസ്ക് എന്ന പട്ടണത്തിലാണു് ഞാൻ പാർത്തിരുന്നതു്. അവിടെ ഞാൻ പലപ്പോഴും വാത്തകളെ അലട്ടുമായിരുന്നു. അവിടത്തെ വാത്തകൾക്കു് വളരെ വലിപ്പമുണ്ടു്. മഹാശുണ്ഠിക്കാരുമാണു്. തിരിഞ്ഞു് എന്റെ നേർക്കു് വരുന്നതുവരെ ഞാൻ അവയെ അലട്ടും. ഞാനപ്പോൾ എന്താണു ചെയ്യുകയെന്നോ? മലർന്നുകിടന്നു് കാലുകൊണ്ടു് തൊഴിച്ചു് അവയെ ഓടിക്കും. അതായിരുന്നു ഒരേയൊരു വഴി. ഈ വാത്തകൾക്കു, നേരു പറഞ്ഞാൽ, തമാശ എന്താണെന്നറിഞ്ഞുകൂടാ!''

കുട്ടികൾ ആർത്തുചിരിച്ചു. ലെനിനും അവരോടൊപ്പം ചിരിച്ചു.

''ഇവരൊക്കെ എവിടന്നാണാവോ വന്നതു്?'' വേട്ടക്കാരൻ അസഹ്യതയോടെ ആശ്ചര്യപ്പെട്ടു. ''ഒന്നുറങ്ങാൻ സമ്മതിക്കുകയില്ല!''

ദേഷ്യഭാവത്തിൽ അയാൾ കുട്ടികളുടെ നേർക്കു് ആംഗ്യം കാണിച്ചു. അതിന്റെ അർത്ഥം മനസ്സിലാക്കി അവർ

അതിഥിയോടു യാത്രപറഞ്ഞു പിരിഞ്ഞു. പക്ഷെ കുൺശേഖരണക്കാർ പോകാനുള്ള ഭാവമില്ലായിരുന്നു.

''നിങ്ങൾ ഈ ഭാഗത്തെങ്ങും ഇതിനുമുമ്പ് വന്നിട്ടില്ല, അല്ലെ?'' ലെനിനെ സൂക്ഷിച്ചുനോക്കിക്കൊണ്ട് ഫെദോത് റീബ്നിക്കൊവ് ചോദിച്ചു.

''ഞാൻ മോസ്ക്കോവിൽനിന്നാണ്.'' ലെനിൻ മറുപടി പറഞ്ഞു.

''മോസ്ക്കോ എങ്ങിനെയിരിക്കുന്നു? പഴയ സ്ഥലത്തുതന്നെയാണോ?''

ലെനിൻ മോസ്ക്കോയെപ്പററി പറഞ്ഞുതുടങ്ങി. ആ വൃദ്ധന്മാർ അതു ശ്രദ്ധാപൂർവ്വം കേട്ടു. ഫാക്ടറികളിലേക്കും പുതിയ നഗരങ്ങളിലേക്കും വിദ്യുച്ഛക്തി എത്തിച്ചുകൊണ്ടുള്ള വൈദ്യുതനിലയങ്ങളുടെ ഒരു ശ്രേണിതന്നെ രാജ്യം മുഴുവനും സ്ഥാപിക്കാനാണ് ബോൾഷെവിക്കുകൾ ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം വിശദമാക്കി. വൃദ്ധന്മാർ അതു ശരിവച്ചുകൊണ്ടു മൂളി.

പക്ഷെ ഇവാൻ അലാബിയെവിനു ദേഷ്യം വന്നു. ഇങ്ങനെയൊരു സ്ഥിതിയെക്കുറിച്ചുതന്നെയാണ് ഉയേസ്ദ് എക്സിക്യൂട്ടിവ് കമ്മിററി ചെയർമാൻ തന്നെ താക്കീതു ചെയ്തിരുന്നത്. ''ഇതിനെപ്പററി പട്ടണത്തിലുള്ളവർ അറിയുമ്പോൾ എനിക്കു കിട്ടും!'' അയാൾ വിചാരിച്ചു. ''പക്ഷെ ഇതെൻെറ കുററമല്ലല്ലൊ! ഞാനാരെയെങ്കിലും ക്ഷണിച്ചോ? ഇന്നു ഞായറാഴ്ചയാണ്. സകലരും കാട്ടിലേക്കു പുറപ്പെട്ടിരിക്കുകയാണ്. അതിനെതിരായി മുൻകരുതലെടുക്കാൽ സാദ്ധ്യമല്ല!''

അയാളെഴുന്നേററു് കുറേക്കൂടി ചുള്ളിക്കമ്പുകൾ കൊണ്ടുവന്നു. വീണ്ടും തീ കത്തിച്ച് കനലിൻെറ മുകളിൻ പാത്രം കെട്ടിത്തൂക്കി.

''നിങ്ങളെല്ലാം എങ്ങിനെ കഴിയുന്നു?'' ലെനിൻ വൃദ്ധന്മാരോടു ചോദിച്ചു.

''അത്ര സുഖമായിട്ടൊന്നുമല്ല,'' ഫെദോത് ആലോചിച്ചുകൊണ്ടു പറഞ്ഞു. ''പക്ഷെ കൃഷിക്കാർക്കു് നല്ലകാലം വരുന്നുവെന്നാണു തോന്നുന്നത്. ഞാൻ മൂന്നു സാറന്മാരെ കടന്നവനാണ്, സ്നേഹിതാ! നല്ല കാലവും ചീത്തക്കാലവും ഞാൻ കണ്ടിട്ടുണ്ട്. സംഗതികളൊക്കെ എനിക്കറിയാം. ഈ ഗവൺമെൻറിനു് അതിൻെറ പണി അറിയാം. ആളുകൾക്കുവേണ്ടി കാര്യങ്ങൾ ചെയ്യാനാണ് അതു ശ്രമിക്കുന്നതു്. കൃഷിക്കാർക്കു തൃപ്തിയാണ്. ഇനിയും ഒരുപാടു് ശരിയാകാനുണ്ടെന്നു മാത്രം; കടകളിൽ ഉപ്പില്ല, മണ്ണെണ്ണയുമില്ല.''

വ്ളദീമിർ ഇലിയിച്ച് ഇളകി. ഇരുകൈകൾകൊണ്ടും തല തിരുമ്മിക്കൊണ്ട് അദ്ദേഹം സ്ക്കൂളിനെക്കുറിച്ചും ആ പ്രദേശത്തെ സഹകരണസംഘത്തെക്കുറിച്ചും വോലൊസ്റ്റ് സോവിയററിൻെറ പ്രവർത്തനത്തെക്കുറിച്ചും ചോദിച്ചു. വാക്കുകൾ ആലോചിച്ചുപറഞ്ഞുകൊണ്ടും ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചുകൊണ്ടും വിശദമായ മറുപടികൾ ആ വൃദ്ധന്മാർ നല്കി.

''മോസ്ക്കോ നായാട്ടുകാരാ, ഇതൊന്നു കേൾക്കൂ,'' ഫിയൊക്തീസ്റ്റ് ഷത്രോവ് പറഞ്ഞു. ''ഞങ്ങളുടെ ഗ്രാമത്തിലെ ഒരു സ്ത്രീയെ ലെനിൻ–ഉല്യാനൊവ് സഹായിച്ചതെങ്ങിനെയാണെന്നു ഞാൻ പറഞ്ഞുതരാം.''

''വാസ്തവം?'' ലെനിൻ പുഞ്ചിരിയോടെ ചോദിച്ചു.

''ദൈവം സാക്ഷിയായി! ഇതൊന്നു കേൾക്കൂ! അഫോന്യ തെലേഗിൻ എന്നു പേരുള്ള ഒരാൾ ഞങ്ങളുടെ കൂട്ടത്തിലുണ്ട്. അയാൾ ചീത്തയാളൊന്നുമല്ല—ആവശ്യത്തിനു വിവരവുമുണ്ട്. പക്ഷെ മദ്യപിച്ചുകഴിഞ്ഞാൽ അയാൾ ഭാര്യയെ തല്ലും. അയാളുടെ ലുകേര്യയെ ഏതാണ്ടു പത്തുകൊല്ലം അയാൾ തല്ലി. സോവിയററധികാരം വരുന്നതുവരെ മാത്രമേ അവർ ഇതൊക്കെ സഹിച്ചുള്ളു. അതിനെപ്പററി എന്തോ ചിലതെല്ലാം അവർ മനസ്സിലാക്കിക്കാണണം. കാരണം,

അവർ ഭർത്താവിനോടു പറഞ്ഞു: 'ഈ അടിയെല്ലാം ഇനി നടപ്പില്ല! അല്ലെങ്കിൽ ഞാൻ ലെനിൻ–ഉല്യാനൊവിൻെറ യടുത്തു ചെന്നു് പരാതിപ്പെടും!' എന്നിട്ടെന്തുണ്ടായി എന്നാണു വിചാരം? അഹോന്യ മര്യാദ പഠിച്ചു!''

''ആളുകൾക്കു് ലെനിനെ പേടിയാണു്, അല്ലെ?'' വ്ളദീമിർ ഇലിയിച്ചു് ചോദിച്ചു.

''ചിലർക്കു പേടിയാണു്. ചിലർക്കു ബഹുമാനവും,'' ഫെദോതു് റീബ്നിക്കൊവു് പറഞ്ഞു. ''ആളുകൾ പലതരക്കാരാണു്. എല്ലാവരേയും തൃപ്തിപ്പെടുത്താൻ സാദ്ധ്യമല്ല. ഒരുത്തൻ കണ്ണടച്ചു തുറക്കുംമുമ്പു് വേണ്ടതു മുഴുവൻ ചെയ്യും. വേറൊരുത്തനാണെങ്കിൽ സ്വർഗ്ഗത്തിലേക്കു പോകാൻ പോലും ചാട്ടയടി ആവശ്യമാണു്.''

സ്ഥലത്തെ ഡോക്ടറെപ്പററി ഫിയൊക്തീസ്റ്റ് ആവലാതിപ്പെട്ടു.

''അയാളൊന്നുകിൽ നാടുമുഴുവൻ അയാളുടെ സൈക്കിളുമെടുത്തു് ചുററിക്കൊണ്ടിരിക്കും. അല്ലെങ്കിൽ തടാകത്തിൽ പോയി ചൂണ്ടയിട്ടോണ്ടിരിക്കും. രോഗികളെ ചികിത്സിക്കാൻ അയാൾക്കു സമയമില്ല! എന്തിനാണാവോ അയാൾക്കൊക്കെ ശമ്പളം കൊടുക്കുന്നതു്?''

ലെനിൻ ഗൗരവത്തോടെ നെററി ചുളിച്ചു.

''നിങ്ങളെന്തുകൊണ്ടു് ഉയേസ്ദ് സോവിയററിൽ അയാളെപ്പററി പരാതിപ്പെടുന്നില്ല?''

''നിങ്ങൾ ആളു് മിടുക്കനാണല്ലൊ!'' വൃദ്ധൻ പരിഹാസസ്വരത്തിൽ പറഞ്ഞു. ''അവർ അയാളെ പറഞ്ഞയച്ചാലോ? മറെറാരു ഡോക്ടറെ അവർ കണ്ടുപിടിക്കുകയില്ല. അപ്പോൾ ഞങ്ങളെന്തു ചെയ്യും? ഷുക്കോവിലെ ഡോക്ടറും ഗുണമില്ലായിരുന്നു. ഒരു കുപ്പി കള്ളമായിട്ടല്ലാതെ രോഗവുമായി അയാളുടെയടുക്കൽ പോയിട്ടു് യാതൊരു പ്രയോജനവുമില്ലായിരുന്നു. കൃഷിക്കാർ അയാളെപ്പററി പരാതിപ്പെട്ടു. അപ്പോൾത്തന്നെ അയാളെ പറഞ്ഞയയ്ക്കുകയും ചെയ്തു. പക്ഷെ അയാൾക്കുപകരം ഇനിയും ആരേയും നിയമിച്ചിട്ടില്ല. 'നമുക്കു ഡോക്ടർമാർ കുറവാണു്'' എന്നാണവർ പറയുന്നതു്. സോവിയററു് ഭരണം ഇങ്ങനെ ചെയ്യുന്നതു ശരിയല്ല!''

''അതിനിയും ഈ പ്രശ്നം കൈകാര്യം ചെയ്തു തുടങ്ങിയില്ല,'' തെല്ലു ശാസനാരൂപത്തിൽ ലെനിൻ പറഞ്ഞു. ''ഇതൊരു വലിയ പ്രശ്നമാണു്. വേണ്ടത്ര ഡോക്ടറന്മാരോ അദ്ധ്യാപകരോ കൃഷിവിദഗ്ദ്ധന്മാരോ യഥാർത്ഥത്തിലില്ല; ഒരു കൊല്ലം കൊണ്ടു് അവരെ പരിശീലിപ്പിച്ചെടുക്കാൻ പററില്ല. അതിനു സാവകാശം വേണം. കൃഷിക്കാരുടെ മക്കളിൽനിന്നും തൊഴിലാളികളിൽനിന്നുമെടുത്താണു് നാട്ടുമ്പുറങ്ങളിലേക്കുള്ള വിദഗ്ദ്ധന്മാരെ ഞങ്ങൾ പരിശീലിപ്പിക്കാൻ പോകുന്നതു്''

''അതു നല്ല കാര്യമാണു്,'' ഷത്രോവു് സമ്മതിച്ചു.

വെള്ളം തിളച്ചപ്പോൾ ഇവാൻ തൻെറ മേൽക്കുപ്പായം പുല്ലിൽ വിരിച്ചു. തൻെറ ഭാര്യ തയ്യാറാക്കിയ ഭക്ഷണത്തിൻെറ പൊതി താഴെ വച്ചു. ലെനിൻ കൂൺശേഖരണക്കാരെ കൂടി ഭക്ഷണത്തിനു ക്ഷണിച്ചു. വൃദ്ധന്മാർ സസന്തോഷം ക്ഷണം സ്വീകരിക്കുകയും ചെയ്തു.

പെട്ടെന്നു് ഫെദോതു് ചോദിച്ചു:

''ഞാനൊന്നു ചോദിക്കട്ടെ, സ്നേഹിതാ, നിങ്ങൾ മോസ്ക്കോവിൽ വച്ചു് സംഗതിവശാൽ എപ്പോഴെങ്കിലും ലെനിനെ കാണാറുണ്ടോ?''

''ചിലപ്പോഴൊക്കെ,'' ലെനിൻ പറഞ്ഞു.

''അദ്ദേഹത്തിനു് ഈ കൂണു് സമ്മാനമായിട്ടു് എത്തിക്കാമോ? ഒരു വൃദ്ധൻ, വഖോനിൻ ഗ്രാമത്തിൽ പാർക്കുന്ന ഫെദോതു് എന്ന വൃദ്ധൻ തന്നയച്ചതാണെന്നു പറഞ്ഞാൽ മതി.''

''ഞാനെത്തിക്കാം,'' അല്പം കുഴങ്ങിക്കൊണ്ടു് ലെനിൻ പറഞ്ഞു. ''പക്ഷെ സത്യത്തിൽ അതിൻെറ ആവശ്യമുണ്ടോ? വഴിക്കു് അവ ചതഞ്ഞുപോകും.''

''ഇല്ല, ചതഞ്ഞുപോകില്ല!'' വൃദ്ധൻ ഉറപ്പിച്ചു പറഞ്ഞു. ''ഈ ഭാഗത്തുള്ള കൂണുകൾക്ക് നല്ല ബലമുണ്ട്. അവ കേടുകൂടാതെ സൈബീരിയവരെ എത്തും!''

''എന്റേതും കൂടി എടുത്തോളൂ,'' ഫിയൊക്തീസ്ത് അപേക്ഷിച്ചു. ''നിങ്ങൾക്കതുകൊണ്ട് ഒരു ബുദ്ധിമുട്ടുമില്ല. നിങ്ങളതു മുതുകിലേററിക്കൊണ്ടു പോകേണ്ടല്ലൊ! നിങ്ങൾക്കു കാറുണ്ട്. പ്രായംചെന്നയാളുകൾ തന്നെപ്പററി ഓർക്കുന്നുണ്ടെന്നറിയുന്നതു് ലെനിനു സന്തോഷപ്രദമായിരിക്കും. മറെറവിടെനിന്നു കിട്ടുന്നതിനേക്കാളും മെച്ചമായ കൂണുകളാണിവ! അദ്ദേഹത്തിനു് ഇവ ഇഷ്ടമാകും, തീർച്ച!''

''നിങ്ങൾ പറയുന്നതുപോലെ ഞാൻ ചെയ്യേ തീരൂ എന്നാണു തോന്നുന്നതു്,'' വ്ളദീമിർ ഇലിയിച്ച് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. കൂണുകളെല്ലാം ഒരു നൂൽസഞ്ചിയിലിട്ടു.

ആ സമയം ഫിയൊക്തീസ്ത് ഇവാനെ ഒരു വശത്തേക്കു വിളിച്ചിട്ടു ചോദിച്ചു:

''ആരാണ് ആ നായാട്ടുകാരൻ, ഇവാൻ?''

''ഒരു പഴയ പരിചയക്കാരൻ,'' അലാബിയെവ് അശ്രദ്ധയോടെ പറഞ്ഞു. ''എവിടെയോ ഒരാഫീസിലാണ് അദ്ദേഹത്തിന്റെ ജോലി.''

''ആളു് വിവരമുള്ളവനാണ്,'' ഫിയൊക്തീസ്ത് തലയാട്ടി സമ്മതിച്ചുകൊണ്ടു പറഞ്ഞു. ''ഒരാഴ്ച മുഴുവൻ എനിക്കു് അദ്ദേഹത്തോടു സംസാരിച്ചുകൊണ്ടിരിക്കാൻ കഴിയും, അദ്ദേഹം പറയുന്നതു ശ്രദ്ധിക്കാനും! ഞാനെവിടെയോവച്ച് അദ്ദേഹത്തെ കണ്ടിട്ടുണ്ടെന്നാണു തോന്നുന്നതു്. എവിടെ വച്ചാണെന്ന് ഓർമ്മയില്ല.''

''നിങ്ങൾക്കു വെറും തോന്നലാണ്!'' വേട്ടക്കാരൻ ദൃഢസ്വരത്തിൽ പറഞ്ഞു. ''അദ്ദേഹം ഈ ഭാഗത്തേക്കെങ്ങും ഇതിനുമുമ്പ് വന്നിട്ടേയില്ല.''

വൃദ്ധന്മാർ പോയതിനുശേഷം വ്ളദീമിർ ഇലിയിച്ച് ആ വെളിപ്രദേശത്തു് അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. സ്പഷ്ടമായും അദ്ദേഹം സന്തുഷ്ടനായി കാണപ്പെട്ടു.

7

വൈകുന്നേരമായപ്പോഴേക്കും ഇവാൻ പ്രവചിച്ചതുപോലെതന്നെ സംഭവിച്ചു: ആകാശം കാർമേഘംകൊണ്ടു നിറഞ്ഞു. ഒരു ചുടുകാററ് കാട്ടിലൂടെ അടിച്ചു. അതിൽപ്പെട്ട് പൈൻ വൃക്ഷങ്ങൾ ആടിയുലഞ്ഞു. ഇടി മുഴങ്ങി. മഴ ചീറിക്കൊണ്ടു പെയ്യാൻ തുടങ്ങി.

ലെനിനും അദ്ദേഹത്തിന്റെ വഴികാട്ടിയും ഒരു പൈൻ മരത്തിന്റെ ചുവട്ടിലൊളിച്ചു. മഴവെള്ളം മരങ്ങളിൽ വന്നടിക്കുന്നതിന്റെ സംഗീതധ്വനി അവർക്കു കേൾക്കാമായിരുന്നു. ചളിനിറഞ്ഞ നീർച്ചാലുകൾ കുന്നുകളിൽനിന്നും കീഴോട്ടൊഴുകി. ചീഞ്ഞളിഞ്ഞു കിടക്കുന്ന ഇലകളും പൈൻ മുള്ളുകളും അവയിൽ പൊങ്ങിക്കിടന്നു. വൃദ്ധൻ പൈപ്പു കത്തിച്ചുകൊണ്ട്, നായാട്ടുസമയത്തു് അയാൾക്കുണ്ടായ വിചിത്രമായ അനുഭവങ്ങളെപ്പററി പറഞ്ഞു. ആഞ്ഞടിക്കുന്ന മഴകാരണം അയാളുടെ ശബ്ദം പതിഞ്ഞിരുന്നു. മിന്നൽ പടിഞ്ഞാറു ഭാഗത്തേക്കു് അപ്പോഴേക്കും മാറിക്കഴിഞ്ഞിരുന്നു. മഴയിൽ കുളിച്ച വൃക്ഷങ്ങളിൽനിന്നും വന്ന സുഗന്ധം ഹൃദയാവർജ്ജകമായിരുന്നു. അവയ്ക്കു കീഴിൽ സകലതും നിശ്ശബ്ദമായും നനവുപററിയും ഇരുന്നിരുന്നു. കനത്ത വെള്ളത്തുള്ളികൾ അവയുടെ ശിഖരങ്ങളിൽനിന്നും താളത്തിനൊത്തു് ഇററിററു വീണുകൊണ്ടിരുന്നു.

ആകാശം കൂടുതൽ തെളിഞ്ഞു. അസ്തമനസൂര്യന്റെ ദുർബ്ബലകിരണങ്ങൾ വൃക്ഷങ്ങൾക്കിടയിലൂടെ പ്രത്യക്ഷപ്പെട്ടു. വെളിസ്ഥലത്തു് പൂക്കൾ പ്രശോഭിച്ചു. നനഞ്ഞ പൈൻമരങ്ങൾക്കിടയിൽ പകൽ ഇപ്പോഴും തങ്ങിനിന്നിരുന്നെങ്കിലും വനാന്തരത്തിൽനിന്നും രാത്രി അടുത്തടുത്തു വരികയായിരുന്നു.

ലെനിൻ ഒരു ചെറിയ ചുവന്ന പൂവ് കുനിഞ്ഞെടുത്തു മണത്തു. പിന്നീട് ബെൽട്ട് മുറുക്കിക്കൊണ്ടു പറഞ്ഞു:

“നമുക്കു വീട്ടിലേക്കു തിരിക്കാം, ഇവാൻ വസീലിയെവിച്ച്!”

ഉയർന്നുനിന്നിരുന്ന പുല്ലിനിടയിൽനിന്നും മുകളിലേക്കു പറന്ന പക്ഷികളെ വിഗണിച്ചുകൊണ്ട് അവർ നേരെ ഗ്രാമത്തിലേക്കു കാൽ വലിച്ചു നടന്നു.

കൂണും വെടിവച്ചിട്ട പക്ഷികളേയും ഇവാൻ കാറിന്റെ പുറകിലിട്ടു. ഒരു കുപ്പി പാലും കുറേ ചൂടുള്ള സ്പോഞ്ച് കേക്കുകളുമായി മരീയ പെത്രോവ്ന പുറത്തേക്കു വന്നു.

“ദയവുചെയ്ത് ഇതു കൂടി കൊണ്ടുപോകൂ!” അവർ പറഞ്ഞു. “അങ്ങേയ്ക്ക് ഒരുപാടു ദൂരം പോകേണ്ടതില്ലേ. വിശക്കുമെന്നതു തീർച്ചയാണ്!”

വ്ളദീമിർ ഇലിയിച്ച് വൃദ്ധയോട് നന്ദി പറഞ്ഞു. ശേഷമുള്ള വെടിയുണ്ടകൾ തന്റെ സഞ്ചിയിൽനിന്നും കുടഞ്ഞിട്ടു.

“ഇതെടുത്തോളൂ, ഇവാൻ വസീലിയെവിച്ച്!” അദ്ദേഹം പറഞ്ഞു. “നിങ്ങൾക്ക് ഇത് ആവശ്യം വരും. നമ്മുടെ രണ്ടു പേരുടേയും തോക്കുകളുടെ കുഴലുകൾക്ക് ഒരേ വായ്‌വട്ടമാണ്.”

ഒരു കുന്ന് വെടിയുണ്ടകളുണ്ടായിരുന്നു. വേട്ടക്കാരനു സന്തോഷമായി. എങ്കിൽപ്പോലും അതെടുക്കാൻ അയാൾ മടിച്ചു.

“ഓ, വേണ്ട, സഖാവ് ലെനിൻ! എനിക്ക് അവ കൂടാതെ കഴിക്കാം. അങ്ങു വളരെ ജോലിത്തിരക്കുള്ള ആളാണ്. പുതിയൊരു സെറ്റ് തയ്യാറാക്കാൻ സമയം കിട്ടില്ല!”

“ദയവായി ഇതു സ്വീകരിക്കൂ!”

തന്റെ സേവനത്തിനായി പണം വാങ്ങുകയില്ലെന്നു കാട്ടിൽവച്ചേ ഇവാൻ തീരുമാനിച്ചിരുന്നു. ലെനിന്റെ

പക്കൽനിന്നും അയാളെങ്ങിനെ പണം വാങ്ങും? ഇതൊരു വലിയ ഭാഗ്യമാണ് അയാൾക്കു കിട്ടിയത്. ലെനിനോടൊപ്പം നടക്കുകയും അദ്ദേഹമൊന്നിച്ച് തീകായുകയും അദ്ദേഹത്തിനുവേണ്ടി തോക്കിന്റെ കുഴലുകളിൽ രാഗമാലപിക്കുകയും അദ്ദേഹത്തോടു നേരമ്പോക്കു പറയുകയും സംസാരിക്കുകയും ചെയ്യുകയെന്നുള്ളത് എല്ലാവർക്കുമൊക്കുന്ന കാര്യമല്ല! എന്നാൽ അതേ സമയത്തുതന്നെ അയാൾ കുഴങ്ങി—ലെനിൻ പണം നൽകുന്നപക്ഷം അതു വേണ്ടെന്നു പറയുന്നത് ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. വ്ളദീമിർ ഇലിയിച്ച് അയാളുടെ മനോവ്യാപാരം മനസ്സിലാക്കിക്കൊണ്ട് എളുപ്പവും സ്വാഭാവികവുമായ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ആ വെടിയുണ്ടകൾ ഒരു സമ്മാനമായിരുന്നു, അയാൾക്കവ നിഷേധിക്കാൻ പറ്റുന്നതല്ലായിരുന്നു.

ലെനിൻ ഇവാനെ മോസ്‌ക്കോവിൽ വന്നു കാണാൻ ക്ഷണിച്ചു.

“നന്ദി, സഖാവ് ലെനിൻ,” വികാരഭരിതനായി വൃദ്ധനായ വേട്ടക്കാരൻ പറഞ്ഞു. “എനിക്കവസരം കിട്ടുമ്പോൾ ഞാൻ അങ്ങയെ വന്നു കണ്ടുകൊള്ളാം. മോസ്‌ക്കോ എങ്ങിനെയിരിക്കുന്നുവെന്ന് എനിക്കൊന്നു കാണണം. പക്ഷെ ശരൽക്കാലത്ത്, ആദ്യത്തെ മഞ്ഞു പെയ്യുമ്പോൾ, അങ്ങു വീണ്ടും വരണം. നമുക്കു കുറെ മുയലിനേയും കുറുക്കനേയും വേട്ടയാടാം. എനിക്ക് കൊസ്ത്രോമായിലെ ഒരു നായാട്ടുപട്ടിയുണ്ട്. ഏതു മൃഗത്തിന്റെ പിന്നാലെയും അവൻ പാഞ്ഞെത്തും.”

“ഞാൻ തീർച്ചയായും വരാം,” ലെനിൻ പറഞ്ഞു.

ഡ്രൈവർ എഞ്ചിൻ സ്റ്റാർട്ടാക്കുകയും ആ വലിയ കാർ കുലുക്കമൊന്നും കൂടാതെ നിരത്തിലൂടെ നീങ്ങുകയും ചെയ്തു.

കണ്ണിൽനിന്നു മറയുന്നതുവരെ ഇവാൻ അതു നോക്കിനിന്നു.

ഫെദോത് റീബ്നിക്കൊവും ഫിയൊക്തീസ്റ്റ് ഷത്രോവും അയാളുടെയടുത്തേക്കു വന്നു.

''അദ്ദേഹമെന്തിനാണ് ഇത്ര വേഗം പോയത്?'' ഷത്രോവ് ചോദിച്ചു. ''കുറേയങ്ങോട്ടു മാറിയുള്ള കുളങ്ങളിൽ ധാരാളം താറാവുണ്ട്. നിങ്ങൾക്ക് അദ്ദേഹത്തെ നാളെ അങ്ങോട്ട് കൂട്ടിക്കൊണ്ടു പോകാമായിരുന്നല്ലൊ.''

''അദ്ദേഹത്തിനു വളരെ ജോലിത്തിരക്കാണ്,'' മററെന്തോ ആലോചിച്ചുകൊണ്ട് വേട്ടക്കാരൻ പറഞ്ഞു. ''അദ്ദേഹത്തിന് കുറെ പുതിയ നിയമങ്ങൾ ഒപ്പിടേണ്ടതുണ്ട്.''

വൃദ്ധന്മാർ പകച്ചു നോക്കി.

''എന്തു നിയമങ്ങൾ?''

''സാധാരണരൂപത്തിലുള്ളവ. അദ്ദേഹം ലെനിൻ–ഉല്യാനൊവാണ്.''

''ലെനിനോ?'' ഫെദോത് റീബ്നിക്കൊവ് അത്ഭുതസ്തബ്ധനായി ചോദിച്ചു. ''നിങ്ങൾ കളവു പറയുകയാണ്, ഇവാൻ!''

''അല്ലല്ല! അതദ്ദേഹമായിരുന്നു, അദ്ദേഹംതന്നെ!'' ഷത്രോവ് ആർത്തുവിളിച്ചു. ''നമ്മൾ അങ്ങ് കാട്ടിലായിരുന്നപ്പോൾ എനിക്കു തോന്നിയതാണ് അദ്ദേഹം ആരെയോ അനുസ്മരിപ്പിക്കുന്നുവെന്ന്. ആരെയാണെന്ന് എനിക്കോർമ്മിക്കാൻ കഴിഞ്ഞില്ല. പക്ഷെ ഇപ്പോൾ ഞാനോർക്കുന്നു! ഞാൻ അദ്ദേഹത്തിന്റെ പടങ്ങൾ കണ്ടിട്ടുണ്ട്. അതദ്ദേഹം തന്നെയായിരുന്നു, സംശയമില്ല!''

''അപ്പോൾ നിങ്ങൾ ഞങ്ങളെ വിഡ്ഢികളാക്കുകയായിരുന്നു, അല്ലേ ഇവാൻ!'' ഫെദോത് പറഞ്ഞു. ''അദ്ദേഹം സാധാരണക്കാരനല്ലെന്ന് എനിക്കും തോന്നി. എന്തോ ഒരു പ്രത്യേകതയുണ്ടായിരുന്നു അദ്ദേഹത്തിന്.''

നികീത പൻകോവ് ഒരു വളവ് തിരിഞ്ഞ് കയ്യിൽ രണ്ടു താറാവുമായി ഓടിവന്നു.

''മോസ്ക്കോവിൽനിന്നു വന്ന, നിങ്ങളുടെ ആ വേട്ടക്കാരനെവിടെ, ഇവാൻ?''

''അദ്ദേഹം ഇപ്പോൾ പോയേ ഉള്ളു,'' ഇവാൻ തന്ത്രത്തിൽ പറഞ്ഞു. ''നിങ്ങൾക്കുവേണ്ടി കാത്തു നിൽക്കാൻ കഴിയാത്തതിൽ അദ്ദേഹം ഖേദം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ നിങ്ങളെ അറിയിക്കാൻ പറഞ്ഞു. 'മററുള്ളവരുടെ താറാവിനെ എടുത്തുകൊണ്ടു പോകാൻ ആ നികീത ബഹുസമർത്ഥനാണ്,' എന്നദ്ദേഹം പറഞ്ഞു.''

''കഷ്ടം! കഷ്ടം!'' പൻകോവ് സങ്കടപ്പെട്ടു. ''നിങ്ങളുടെ കൂടെ തോണിയിലുണ്ടായിരുന്നത് ആരാണെന്നു ഞാനറിഞ്ഞിരുന്നെങ്കിൽ ഞാനൊരിക്കലും....''

ഫെദോത് റീബ്നിക്കൊവും ഫിയൊക്തീസ്റ്റ് ഷത്രോവും പൊട്ടിച്ചിരിച്ചു. ശുണ്ഠിയും അസൂയയും ഉള്ള പ്രകൃതമായതുകൊണ്ട് നികീതയെ അവർക്കും ഇഷ്ടമല്ലായിരുന്നു. അയാൾക്ക് ഇങ്ങനെയൊരു അമളി പററിയതിൽ അവർ സന്തോഷിച്ചു.

''നിങ്ങൾക്ക് ഇതൊരു പാഠമായിരിക്കട്ടെ: ഇത്ര ശ്ശ് അത്യാഗ്രഹം പാടില്ല!'' വേട്ടക്കാരൻ ഗുണദോഷിച്ചു. ''അദ്ദേഹം ലെനിൻ–ഉല്യാനൊവായിരുന്നുവെന്ന് നിങ്ങളെങ്ങിനെ മനസ്സിലാക്കി?''

''നിങ്ങളുടെ ഭാര്യ എന്റെ ഭാര്യയോടു സ്വകാര്യമായി പറഞ്ഞു. ഞാൻ നായാട്ടു കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അവരത് എന്നോടു പറഞ്ഞു. നേരുപറഞ്ഞാൽ, എന്റെ സപ്തനാഡികളും തളർന്നപോലെ തോന്നി!''

കൂൺശേഖരണക്കാർ വീണ്ടും ചിരിച്ചു. ആ സമയം ഇവാൻ അലാബിയെവ് മരീയ പെത്രോവ്നയുടെ നേരെ തട്ടിക്കയറുകയായിരുന്നു: ''നാക്ക് വായിലിടണമെന്ന് നിന്നോടു ഞാൻ പറഞ്ഞതല്ലേ? എന്നിട്ട് നീ അത് ഈ നാടു മുഴുവൻ നടന്നു പറഞ്ഞിരിക്കുന്നു!''

ലെനിൻ ഗോർക്കിയിൽ. 1922

അടുത്ത പേജുകളിൽ:

ലെനിനും ക്രൂപ്സ്ക്കയയും ആന്ന ഉല്യാനൊവ–യെലിസാറൊവയും 1922–ൽ ഗോർക്കിയിലുണ്ടായിരുന്നപ്പോൾ. കൂടെയുള്ള കുട്ടികൾ ലെനിൻെറ ഭാഗിനേയൻ വിക്ടറും ഒരു തൊഴിലാളിയുടെ മകളായ വേരയുമാണ്.

ലെനിനെപ്പററി തൊഴിലാളികൾ

തൊഴിലാളികളായ സ്ത്രീപുരുഷന്മാർ, നാട്ടിൻപുറത്തുനിന്നു സന്ദേശങ്ങളുമായി എത്തിയ കർഷകർ, വിദ്യാർത്ഥികഠം, യുദ്ധമുന്നണിയിൽനിന്നു മടങ്ങിയ സൈനികർ, എന്നിങ്ങനെ ലെനിൻെറ ജീവിതത്തിനു് ദൃക്സാക്ഷ്യം വഹിച്ചിട്ടുള്ളവർ അദ്ദേഹത്തെക്കുറിച്ചു പുലർത്തുന്ന സ്മരണകഠം സത്യസന്ധമായി രേഖപ്പെടുത്തിക്കൊണ്ടുള്ള അനേകം ഗ്രന്ഥങ്ങഠം സോവിയററ് യൂണിയനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ലെനിനെ നേരിട്ടു കാണാനും അദ്ദേഹവുമായി സംസാരിക്കാനും ഭാഗ്യം സിദ്ധിച്ച അത്തരം ആളുകളുടെ ഏതാനും അനുസ്മരണങ്ങളാണു് ഈ വിഭാഗത്തിൽ ഉഠംപ്പെടുത്തിയിട്ടുള്ളതു്.

അടുപ്പുകെട്ടുകാരൻ

ഞങ്ങളുടെ കൂട്ടത്തിൽ ബെൻദേരിൻ എന്നു പേരായ ഒരാളുണ്ടായിരുന്നു. മിക്കവാറും ഏതു വീട്ടുപണിയും ചെയ്യാൻ—അടുപ്പോ ഷെൽഫോ ഹിമവണ്ടിയോ എന്തു വേണമെങ്കിലും ഉണ്ടാക്കാൻ—അയാൾക്കു കഴിയുമായിരുന്നു.

ഒരു ദിവസം ഒരു മേപ്പിൾമരം മുറിച്ചിടാൻവേണ്ടി അയാൾ കാട്ടിലേക്കു പോയി.

മരമറുത്തുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ആരോ ''ഹലോ!'' എന്നു പറയുന്നതു കേട്ടു.

അയാൾ തിരിഞ്ഞുനോക്കിയപ്പോൾ ഒരാളെ കണ്ടു.

''തിരുമനസ്സുകൊണ്ടു് ക്ഷമിക്കണം. ഞാൻ കണ്ടില്ല.''

''ഞാൻ 'തിരുമനസ്സ്'ല്ല! ഞാൻ സഖാവ് ലെനിനാണ്,'' എന്നായിരുന്നു മറുപടി.

''സഖാവ് ലെനിൻ, ഞാൻ വീണ്ടും ക്ഷമ ചോദിക്കുന്നു,'' ബെൻദേരിൻ പറഞ്ഞു.

''ശരി, നിങ്ങൾ ജോലി തുടരൂ!'' ലെനിൻ പറഞ്ഞു.

അദ്ദേഹം അല്പദൂരം നടന്നിട്ട് ബെൻദേരിൻ അടുത്തതായി എന്തു ചെയ്യുമെന്ന് അറിയാൻവേണ്ടി നിന്നു. അതൊരു തടിയൻ മരമായിരുന്നു; കുതിരയില്ലാതെ അയാളതെങ്ങിനെ ഗ്രാമത്തിലെത്തിക്കും?

അയാൾക്കാവശ്യമുള്ള നീളം ബെൻദേരിൻ അറക്കവാൾ കൊണ്ടളന്നു. അത്രയും അറുത്തിട്ട് അതു കുന്നിന്റെ താഴത്തേക്ക് ഉരുട്ടി. അതു കഴിഞ്ഞ് അടുത്ത ഭാഗം മുറിക്കാൻ അയാൾ തിരിച്ചുവന്നു.

''സഹായം വല്ലതും വേണോ?'' ലെനിൻ ചോദിച്ചു.

''എന്തിന്? ഇത് എനിക്കുതന്നെ ചെയ്യാൻ കഴിയും.''

മറ്റൊരു സന്ദർഭമുണ്ടായി: കററയുണക്കി വയ്ക്കോലാ

ക്കുന്ന കാലം അതിന്റെ മൂർദ്ധന്യത്തിലിരിക്കുന്ന സമയം. ഇതേ ബെൻദേരിൻതന്നെ കൂടുതൽ മരത്തിനായി കാട്ടിലേക്കു പോയി.

ഒരു മേപ്പിൾമരം—അതോ ബർച്ച്മരമായിരുന്നോ—മുറിച്ചിട്ടതിനുശേഷം വൈകുന്നേരമായപ്പോൾ അയാൾ ഒരു കൊച്ചുരുവി കടന്ന് വിശ്രമിക്കാനിരുന്നു.

അവിടെ ഇരിക്കുമ്പോൾ മൂന്നുപേർ വയ്ക്കോലിൽക്കൂടി നടക്കുന്നതു് അയാൾ കണ്ടു.

എളുപ്പം ശുണ്ഠി വരുന്ന ഒരു കൃഷിക്കാരനായിരുന്നു ബെൻദേരിൻ. അയാൾ വിളിച്ചുപറഞ്ഞു:

''ആ വയ്ക്കോലിൽനിന്നും മാറി നടക്കിൻ! ഇക്കാലത്തു് വയ്ക്കോലിനു് വിലയെന്താണെന്നു നിങ്ങൾക്കറിയാമോ?'' ചീത്തപറഞ്ഞുകൊണ്ടു് അവരോടു് മാറിപ്പോകാൻ അയാൾ കൈകൊണ്ടു് ആംഗ്യം കാട്ടി. പക്ഷെ ആ മൂന്നുപേരും അടുത്തടുത്തു വന്നു. അവസാനം അവരിലൊരാൾ പറഞ്ഞു:

''ശകാരിക്കാൻ നിങ്ങൾ ആളു് വിരുതനാണു്, അല്ലേ അമ്മാവാ?''

ബെൻദേരിനു് ഉടൻ ആളെ മനസ്സിലായി.

''ഞാൻ വീണ്ടും ക്ഷമ ചോദിക്കുന്നു, സഖാവു് ലെനിൻ!''

ശൈത്യകാലം വന്നു. അടുപ്പുകെട്ടുകാരെ വളരെ ആവശ്യമുണ്ടായിരുന്നു.

ഒരു ദിവസം തന്റെ വീട്ടിലിരുന്നുകൊണ്ടു് വ്ളദീമിർ ഇലിയിച്ച് ചോദിച്ചു:

''ഈ ഗ്രാമത്തിൽ ഒരു അടുപ്പുകെട്ടുകാരനില്ലേ? ഈ പുകയിൽനിന്നു് നമ്മെ രക്ഷപ്പെടുത്താൻ സാധിക്കുന്ന ഒരാൾ?''

എല്ലാവർക്കും ബെൻദേരിനെ അറിയാമായിരുന്നു. അയാളുടെ പല തൊഴിലുകളിലൊന്നു് അടുപ്പുകെട്ടാണെന്നു് അവരോർത്തു.

''ഒരാളുണ്ടു്,'' അവർ പറഞ്ഞു. അയാളെ എവിടെ ച്ചെന്നാൽ കാണാമെന്നും പറഞ്ഞുകൊടുത്തു.

അതിവേഗം പായുന്ന രണ്ടു കുതിരകളെ കെട്ടിയ വണ്ടിയോടിച്ചുകൊണ്ടു് രണ്ടു പട്ടാളക്കാർ ബെൻദേരിന്റെ വീട്ടിലേക്കു പോയി. വീട്ടിൽക്കയറി അവർ അയാളോടു ചോദിച്ചു:

''നിങ്ങളൊരു അടുപ്പുകെട്ടുകാരനല്ലെ?''

''അതെ,'' മച്ചിന്റെ കീഴിൽനിന്നു് ബെൻദേരിൻ മറുപടി പറഞ്ഞു. കാരണം തന്റെ സ്വന്തം അടുപ്പിന്റെ മുകളിൽ കിടക്കുകയായിരുന്നു അയാൾ.

''ശരി, താഴെയിറങ്ങി വസ്ത്രം ധരിക്കു! നമ്മൾ സ്റ്റേററ് ഫാമിലേക്കു് പോവുകയാണു്!''

അതു കേട്ടതോടെ ബെൻദേരിൻ പേടിച്ചുവിറച്ചു.

''ഞാൻ പോകുന്നു, കാത്യ!'' അയാൾ ഭാര്യയോടു പറഞ്ഞു. ''നമ്മളിനി ഒരിക്കലും തമ്മിൽ കാണില്ല! കഴിഞ്ഞ വേനൽക്കാലത്തു് ഞാൻ ശകാരിച്ച സംഗതി ലെനിൻ മിക്കവാറും ഓർത്തിട്ടുണ്ടാവും.''

അയാൾ വണ്ടിയിൽ കയറി. പട്ടാളക്കാർ തിരിച്ച് സ്റ്റേററ് ഫാമിലേക്കു കുതിരകളെ ഓടിച്ചുപോവുകയും ചെയ്തു.

അവർ വന്നുചേർന്നപ്പോൾ ലെനിൻ പുറത്തേക്കു വന്നു പറഞ്ഞു:

''എനിക്കു നിങ്ങളെ ഓർമ്മയുണ്ടു്, അമ്മാവാ! കാട്ടിൽ അന്നു് മേപ്പിൾ മരം മുറിച്ചതു നിങ്ങളാണു്. ഞാൻ വയ്ക്കോലിന്റെ മീതെ നടന്നപ്പോൾ എന്റെ നേരേ ഒച്ചയെടുത്തതും നിങ്ങളാണു്!''

പേടികൊണ്ടു് ബെൻദേരിന്റെ ദേഹമാകെ തളർന്നു.

''എനിക്കിപ്പോൾപ്പോലും ഖേദമുണ്ടു്!''

''അതൊരു നിസ്സാരകാര്യമാണു്!'' ലെനിൻ സമാധാനിപ്പിച്ചു. ''നിങ്ങളെന്റെ നേരെ ഒച്ചയെടുത്തതിൽ ഒരു തെററുമില്ല. ഞാൻ ആ വയ്ക്കോലിന്റെ മീതെ നടക്കാൻ

പാടില്ലായിരുന്നു. പക്ഷെ ഞാൻ നിങ്ങളെ വിളിച്ച കാര്യത്തെപ്പററി സംസാരിക്കാം.... എനിക്കുവേണ്ടി നിങ്ങൾ ഒരു ഉപകാരം ചെയ്യണം. ഞാൻ എങ്ങിനെയാണു കഴിയുന്നതെന്നു കണ്ടോ? ചുമരെല്ലാം പുകപിടിച്ചു കറുത്തു. നിങ്ങൾക്കു് ഒരു പുകക്കുഴൽ ശരിയാക്കിത്തരാൻ പററില്ലേ?''

''പററും,'' ബെൻദേരിൻ പറഞ്ഞു.

അയാൾ കുറെ കളിമണ്ണും ഇഷ്ടികയും കൊണ്ടുവരാൻ പറഞ്ഞു. ജോലി തുടങ്ങി.

ജോലി കഴിഞ്ഞപ്പോൾ ലെനിൻ അയാളോടു് നന്ദി പറയുകയും അയാൾക്കു പണം കൊടുക്കുകയും അയാളൊന്നിച്ചു ചായ കുടിക്കുകയും ചെയ്തു.

അതേ കുതിരവണ്ടിയിലാണു് ബെൻദേരിൻ മടങ്ങിയതു്. വീട്ടിലെത്തിയപ്പോൾ താനൊരു വലിയ കാര്യം നേടിയ ഭാവത്തോടെ അയാൾ ഭാര്യയോടു പറഞ്ഞു:

''കാത്യ! ഞാൻ സഖാവ് വ്ളദീമിർ ഇലിയിച്ചിൻെറ അടുപ്പ് ശരിയാക്കിക്കൊടുത്തു. അദ്ദേഹമൊന്നിച്ചു് ചായ കുടിക്കുകയും ചെയ്തു!''

മോസ്കോ പ്രദേശത്തു്
പൊദോൽസ്കു് ജില്ലയിൽ ഗോർക്കി ഗ്രാമത്തിലെ
അലെക്സേയ് മിഹൈലൊവിച്ച് ഷറീഗിൻ
1937–ൽ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതു്

ഇരുപതാളുകളുടെ റേഷൻ

സോവിയററധികാരത്തിൻെറ ആരംഭത്തിൽ, ഭക്ഷണത്തിനുവേണ്ടിയുള്ള സമരത്തിനു് തൊഴിലാളിവർഗ്ഗസർവാധിപത്യത്തിനുവേണ്ടിയുള്ള സമരം എന്ന വിവക്ഷയുണ്ടായിരുന്ന കാലത്തു്, ലെനിൻെറ ഉററ സഹചാരികളിലൊരാളായ അലെക്സാണ്ടർ ത്സ്യൂരൂപ എന്ന പഴയ ബോൾഷെവിക്കു്, വ്ളദീമിർ ഇലിയിച്ച് ഏതു തരത്തിലുള്ള ആളാണെന്നു വ്യക്തമാക്കുന്ന ചുവടെ വിവരിക്കുന്ന സംഭവം ഭക്ഷ്യമുന്നണിയിൽ പ്രവർത്തിച്ചിരുന്ന ഞങ്ങളെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി.

അന്നു രാവിലെ വ്ളദീമിർ ഇലിയിച്ചിൻെറ പഠനമുറിയിൽ ചെല്ലാൻ എന്നോടാവശ്യപ്പെട്ടു, അലെക്സാണ്ടർ ത്സ്യൂരൂപ പറഞ്ഞു തുടങ്ങി. ഞാൻ മുറിയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം ചെക്കായുടെ ചെയർമാനായ ദ്സെർഷീൻസ്കിയോടു് എന്തോ വിശദീകരിക്കുന്നതാണു കണ്ടതു്. ദ്സെർഷീൻസ്കി നെററിചുളിച്ചു് ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ലെനിൻ എൻെറ നേരെ തിരിഞ്ഞു് എനിക്കു കൈ തന്നു.

''ഫേലിക്സു് എദ്മൂന്ദൊവിച്ച് നിങ്ങളെപ്പററി പരാതിപ്പെട്ടിരിക്കുന്നു,'' വിഷമഭാവത്തിൽ അദ്ദേഹം പറഞ്ഞു. ''ഇരുപതാളുകൾക്കുള്ള റൊട്ടിയുടെ റേഷൻ അതേപടി ചെക്കാ അറസ്ററുചെയ്ത ബൂർഷ്വാകളിൽനിന്നും തടഞ്ഞുവച്ചിരിക്കുന്നതായി തോന്നുന്നല്ലൊ, സ്നേഹിതാ. നിങ്ങൾക്കതിനു പറയാനുള്ള കാരണമെന്താണു്?''

''വ്ളദീമിർ ഇലിയിച്ച്!'' ഞാൻ മറുപടി പറഞ്ഞു. ''യുദ്ധമുന്നണിയിലെ ആവശ്യത്തിനു് ആയുധങ്ങൾ നിർമ്മിക്കുന്ന തൊഴിലാളികൾക്കു കൊടുക്കാൻപോലും നമ്മുടെ പക്കൽ വേണ്ടത്ര റൊട്ടിയില്ലെന്നു് അങ്ങേയ്ക്കറിയാമല്ലൊ.

ചെക്കാ അറസ്ററു ചെയ്ത പ്രതിവിപ്ലവകാരികൾക്കുവേണ്ടി ഇനിയൊരു ഇരുപതു റേഷൻ കൂടി നാമെവിടന്നുണ്ടാക്കാനാണ്?''

''കണ്ടില്ലേ?'' നടപ്പു നിർത്തി ദ്സെർഷീൻസ്ക്കിയുടെ മുമ്പിൽ വന്നു നിന്നുകൊണ്ടു് വ്ളദീമിർ ഇലിയിച്ച് പറഞ്ഞു. ''ഇതാണു് നിങ്ങളുടെ തടവുകാർക്കു് സംഭവിച്ചുകൊണ്ടിരിക്കുന്നതു്.''

''എനിക്കു മനസ്സിലാകുന്നുണ്ടു്, വ്ളദീമിർ ഇലിയിച്ച്, ഞാനതു് നല്ലവണ്ണം കാണുന്നുണ്ടു്,'' ദ്സെർഷീൻസ്ക്കി മറുപടി പറഞ്ഞു. ''പക്ഷെ അങ്ങിനെ ചെയ്യുന്നതുകൊണ്ടു് എന്താണു പ്രയോജനം? നമ്മൾ അക്കൂട്ടരെ അറസ്ററു ചെയ്തു. നാമവർക്കു് ഭക്ഷണം കൊടുത്തേ തീരൂ.''

''ശരിയാണു്!'' ലെനിൻ സമ്മതിച്ചു. എൻെറ നേരെ വീണ്ടും തിരിഞ്ഞുകൊണ്ടു ചോദിച്ചു: ''അറകൾ കുറേക്കൂടി സൂക്ഷ്മമായി പരിശോധിച്ചാലെന്താ? ഒരുപക്ഷേ കഷ്ടിച്ചു് ഇരുപതാളുടെ റേഷൻ അങ്ങിനെ ഉണ്ടാക്കാൻ സാധിക്കില്ലേ?''

ലെനിനെ നിരാശപ്പെടുത്താൻ ഞാൻ തെല്ലും ഇഷ്ടപ്പെട്ടില്ല. പക്ഷെ മോസ്ക്കോവിലേയും പെട്രോഗ്രാഡിലേയും കെടുതികളെക്കുറിച്ചു് എനിക്കു് അദ്ദേഹത്തെ അനുസ്മരിപ്പിക്കേണ്ടിവന്നു....

ലെനിൻ വീണ്ടും ദ്സെർഷീൻസ്ക്കിയുടെ നേർക്കു തിരിഞ്ഞെങ്കിലും അദ്ദേഹം തോളുയർത്തിക്കാണിച്ചതേയുള്ളു.

''നമുക്കു് ആലോചിച്ചുനോക്കാം!'' വ്ളദീമിർ ഇലിയിച്ച് ഗാഢമായി ആലോചിച്ചു. ''ആ പാപികൾക്കു് ഇരുപതാളുടെ റേഷനേ കുറവുള്ളു എന്നാണു നിങ്ങൾ പറയുന്നതു്, അല്ലേ? എന്നുവെച്ചാൽ ബാക്കിയുള്ളവർ അത്ര മോശമായിട്ടല്ല കഴിയുന്നതെന്നർത്ഥം. സഖാക്കളേ, എനിക്കു തോന്നുന്നതു് എന്താണെന്നറിയാമോ? വളരെ ലളിതമാണെങ്കിൽക്കൂടി ഒരു പോംവഴിയുണ്ടു്. ഫേലിക്സ് എദ്മുണ്ടൊവിച്ച്, ഏററവും കുറച്ചു് അക്രമാസക്തരായ ഇരുപതു് ബൂർഷ്വാകളെ തിരഞ്ഞെടുക്കു. സോവിയററ് ഭരണാധികാരത്തിനെതിരായി അവരുടെ പഴയ വിദ്യകളൊന്നും മേലിൽ എടുക്കില്ലെന്നു് അവരെക്കൊണ്ടു് സത്യം ചെയ്യിച്ചിട്ടു് അവരെ പരോളിൽ വിട്ടേക്കു. ആ ആളുകൾക്കു് വിശക്കുന്നുണ്ടായിരിക്കണം. അതുകൊണ്ടു് ദയവുചെയ്തു് ഇതുടനെ ചെയ്യണം....''

വി. തിമൊഫേയെവ്,
1914 തൊട്ടു് സി.പി.എസ്സ്.യു. അംഗം,
നൊഗീൻസ്ക്

ക്രെംലിനിലെ ബാർബർ ഷാപ്പിൽ വച്ച് ഒരു തൊഴിലാളി ലെനിനെ കാണുന്നു

മോസ്ക്കോവിലെ ക്രെംലിനിൽ ഒരു ബാർബർ ഷാപ്പുണ്ട്; 1921–ൽപ്പോലും അതു് സാമാന്യം നല്ലൊരു ബാർബർ ഷാപ്പായിരുന്നു.

ഒരിക്കൽ മാത്രമേ ഞാനവിടെ മുഖം വടിപ്പിച്ചിട്ടുള്ളു. പീററർ–പോൾ കോട്ടയിൽനിന്നും ക്രെംലിനിലെ ആയുധപ്പുരയിലേക്ക് ആയുധങ്ങൾ—വാളുകളും തോക്കുകളും മററു വെടിക്കോപ്പുകളും — മാററാനുള്ള ജോലിയിൽ എന്നെ ഏർപ്പെടുത്തിയിരുന്ന സമയത്തായിരുന്നു അതു്.

ഞാൻ ആദ്യമായി ക്രെംലിനിൽ കയറുന്നതു് അന്നാണു്; യഥാസമയത്തു് ഞാൻ മുഖം വടിപ്പിക്കാൻവേണ്ടി ബാർബർഷാപ്പിൽ പോയി. അവരവരുടെ തവണയും കാത്തു് ഞങ്ങൾ ആറുപേർ അവിടെ ഇരിപ്പുണ്ടായിരുന്നു.

പെട്ടെന്നു് ലെനിൻ അവിടെ കടന്നു വന്നു. മുഖം വടിപ്പിക്കാനാണു് അദ്ദേഹവും വന്നതു്. ഞങ്ങളെല്ലാവരും എഴുന്നേററു് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു.

''അങ്ങേയ്ക്കു് സൗഖ്യമാണല്ലൊ, വ്ളദീമിർ ഇലിയിച്ച്!''

''നിങ്ങൾക്കു സൗഖ്യമാണല്ലൊ, സഖാക്കളേ!'' അദ്ദേഹം മറുപടി പറഞ്ഞു.

പോക്കററിൽനിന്നും ചില മാസികകളെടുത്തുകൊണ്ടു് അദ്ദേഹം അവ വായിക്കാനിരുന്നു. അദ്ദേഹത്തെത്തന്നെ ഉററുനോക്കിക്കൊണ്ടു് ഞങ്ങളും ഇരിപ്പിടങ്ങളിൽ ഇരുന്നു.

ഒരു കസേര ഒഴിവു വന്നു. മുറ തെററിച്ച് അദ്ദേഹത്തെ അകത്തേക്കു ക്ഷണിച്ചു.

''നന്ദി!'' അദ്ദേഹം പറഞ്ഞു, പക്ഷെ ഇരുന്നിടത്തുനിന്നു് അനങ്ങിയില്ല. ''നമ്മൾ ക്രമം പാലിക്കുകയും മുറയനുസരിച്ചു പോവുകയും ചെയ്യേ തീരൂ. നമ്മൾതന്നെയാണു ചട്ടങ്ങളുണ്ടാക്കുന്നതെന്നു നിങ്ങൾക്കറിയാമല്ലൊ.''

ഞങ്ങൾ പറഞ്ഞുനോക്കി: ''അങ്ങേയ്ക്കു് ഒരുപാടു് ജോലിത്തിരക്കുണ്ടല്ലൊ, വ്ളദീമിർ ഇലിയിച്ച്! ഞങ്ങൾക്കു് കാത്തിരിക്കാൻ സമയമുണ്ടു്.'' എന്നിട്ടും അദ്ദേഹമനങ്ങിയില്ല.

ഞങ്ങളും ഇരിപ്പിടങ്ങളിൽത്തന്നെയിരുന്നു. ആരും അനങ്ങിയില്ല.

ഞങ്ങളുടെ മനസ്സിനെ വേദനിപ്പിക്കേണ്ടെന്നു കരുതി, അദ്ദേഹം ഞങ്ങളോടു നന്ദിപറഞ്ഞുകൊണ്ടു് ഒഴിവു വന്ന കസേരയിൽപ്പോയി ഇരുന്നു. ഷേവ് കഴിഞ്ഞു് ''നമസ്കാരം, സഖാക്കളേ!'' എന്നു പറഞ്ഞുകൊണ്ടു് പോവുകയും ചെയ്തു.

അപ്പോൾ മാത്രമാണു് ഞാൻ ലെനിനെ കണ്ടിട്ടുള്ളതു്.

ഏതാനും മിനിട്ടുകൾ നേരത്തേക്കു മാത്രമായിരുന്നു അതു്. അദ്ദേഹത്തെ ചൊവ്വെ ഒന്നു് നോക്കുന്നതിനുമുമ്പ് ബാർബർ മുഖം വടിച്ചുകഴിഞ്ഞിരുന്നു. പക്ഷെ അദ്ദേഹം മുഖം വടിപ്പിക്കുന്നതിനു് എനിക്കെതിരായി ഇരുന്ന കാര്യം എനിക്കിന്നും ഓർമ്മയുണ്ടു്.

ഗ്രിഗോറിയ് ഇവാനൊവിച്ച് ഇവനോവ്,
ലെനിൻഗ്രാഡിലെ ''ക്രാസ്നിയ്
വീബൊർഷെററ്സ്''
ഫാക്ടറിയിലെ ഫിററർ

ലെനിൻ സുബോത്‌നിക്കിൽ

റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (ബോൾഷെവിക്ക്) കേന്ദ്രക്കമ്മിററി 1920 മേയ് 1–ാംനു ഒരു അഖിലറഷ്യൻ സുബോത്‌നിക്ക്* സംഘടിപ്പിക്കുകയുണ്ടായി. ആ ദിവസം ആളുകൾ പുറത്തിറങ്ങി ജോലി ചെയ്യാത്ത ഒരു കോണുപോലും രാജ്യത്തുണ്ടായിരുന്നില്ല. ക്രെംലിൻ പരിശീലനക്കാരുടെ ചുമതല എനിക്കായിരുന്നു. ഞാൻ എന്റെ ആളുകളുമായി ക്രെംലിൻ മൈതാനത്ത് വന്നു. അതിന്റെ ഒരു ഭാഗം ചപ്പുചവറും കെട്ടിടനിർമ്മാണസാമഗ്രികളുംകൊണ്ട് വൃത്തികേടായി കിടന്നിരുന്നതിനാൽ ഞങ്ങളുടെ ഡ്രില്ലും മററു സൈനികാഭ്യാസവും അതു് ഗണ്യമായി തടസ്സപ്പെടുത്തി. സൈനികപരിശീലനകോഴ്സുകളുടെ കമ്മിസാറെന്ന നിലയ്ക്ക് വലതുവശത്താണ് ഞാൻ നിന്നിരുന്നത്. പെട്ടെന്ന് ക്രെംലിൻ കമൻഡാൻറ് സഖാവ് പേറെറർസൊൻ എന്റെ അടുത്തു വന്നു പറഞ്ഞു: ''സഖാവ് ലെനിൻ സുബോത്‌നിക്കിൽ പങ്കെടുക്കാൻ വന്നിട്ടുണ്ട്.''

നിർദ്ദേശങ്ങളും കാത്ത് അദ്ദേഹം ഏതാനും അടി ദൂരെ മാറി നിൽക്കുന്നതു ഞാൻ കണ്ടു. ഇട്ടു പഴകിയ ഒരു സ്യൂട്ടും ബൂട്സുമാണ് അദ്ദേഹം ധരിച്ചിരുന്നത്.

ഞങ്ങളുടെ സീനിയറെന്ന നിലയ്ക്ക് എന്റെ വലതുവശത്തു വന്നുനിൽക്കാൻ ഞാൻ അദ്ദേഹത്തോടപേക്ഷിച്ചു. അദ്ദേഹം ഉടനെ അനുസരിച്ചു.

''ഞാൻ എന്താണു ചെയ്യേണ്ടതെന്നു പറഞ്ഞാൽ മാത്രം മതി,'' അദ്ദേഹം പറഞ്ഞു.

---

* 90–ാം പേജ് നോക്കുക.

''അവധാനമായി നിൽക്കു! വലത്തോട്ട് തിരിയു!'' സുബോത്‌നിക് ചീഫ് ആ നിമിഷത്തിൽ ആജ്ഞാപിച്ചു. ഞങ്ങൾ പണിസ്ഥലത്തേക്കു മാർച്ചു ചെയ്തു പോയി. ഈരണ്ടുപേർ ചേർന്നാണ് ജോലി ചെയ്യേണ്ടിയിരുന്നത്; വ്ളദീമിർ ഇലിയിച്ചും ഞാനും കൂടി ഭാരിച്ച കഴക്കോലുകൾ പൊക്കാൻ തുടങ്ങി.

ഓരോ കഴക്കോലിന്റേയും വണ്ണം കൂടിയ ഭാഗം പിടിക്കാനാണ് അദ്ദേഹം നോക്കിയത്. വണ്ണവും ഘനവും കുറഞ്ഞ അററം അദ്ദേഹം പിടിക്കണമെന്നായിരുന്നു എന്റെ വാശി. താമസിയാതെ ഞങ്ങൾ തർക്കമായി.

''ഞാനെടുക്കുന്നതിനേക്കാൾ വലിയ ഭാരമാണ് നിങ്ങളെടുക്കുന്നതു്!'' അദ്ദേഹം ശാസിച്ചു.

''ശരിയാണ്,'' ഞാൻ പറഞ്ഞു, ''കാരണം, അങ്ങേയ്ക്ക് അമ്പതു വയസ്സും എനിക്ക് ഇരുപത്തെട്ടു വയസ്സുമാണുള്ളതു്.''

അദ്ദേഹം വളരെ ഭംഗിയായി പണിയെടുത്തു. മററുള്ളവരെ കവച്ചുവയ്ക്കാനുള്ള ശ്രമത്തിൽ മിക്കവാറും എല്ലായ്പ്പോഴും ഓടിക്കൊണ്ടാണ് അദ്ദേഹം ജോലിചെയ്തതു്—വേഗം പണിയെടുക്കുകയാണു വേണ്ടതെന്ന് കാണിച്ചുകൊടുക്കാനെന്ന മട്ടിൽ. കുറേക്കഴിഞ്ഞപ്പോൾ ഞാൻ ക്ഷീണിച്ചു; വാസ്തവത്തിൽ എല്ലാവരും തന്നെ അല്പനേരം വിശ്രമിച്ചു. സഖാവ് ലെനിൻ ആ സമയം പരിശീലനക്കാരോടൊപ്പം ഇരുന്നു.

നല്ല സൂര്യപ്രകാശമുള്ള ഒരു ദിവസമായിരുന്നു അന്ന്. ഉന്മേഷജനകമായ സംഗീതം കേൾക്കാമായിരുന്നു. ഞങ്ങൾ ചെയ്തതുപോലുള്ള കഠിനമായ കായികാദ്ധ്വാനമാണ് ലോകത്തിൽവച്ച് ഏററവും മെച്ചമായതെന്ന് അപ്പോൾ ഞങ്ങൾക്കു തോന്നി. ഗ്രൂപ്പിൽ ഏതോ ഒരു സഖാവ് ലെനിനു് ഒരു സിഗററ് നീട്ടി.

''വേണ്ട, നന്ദി,'' അദ്ദേഹം പറഞ്ഞു. ''ഞാൻ പുകവലിക്കുകയില്ല. സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ മററു ചില വിദ്യാർത്ഥികളുമായി ചേർന്നുകൊണ്ടു് സിഗററു വലിച്ചു് എൻെറ തല ചുററി. അതിൽപ്പിന്നെ ഞാൻ അതിനു തുനിഞ്ഞിട്ടില്ല.''

ഞങ്ങൾ വീണ്ടും ജോലി തുടങ്ങി. വളരെ ഭാരിച്ച കുറെ മരത്തടികൾ മാറേറണ്ടതുണ്ടായിരുന്നു. ഓരോന്നും കഴക്കോലുകളിന്മേലാക്കി ആറുപേർ വീതം ചുമന്നുകൊണ്ടു പോകേണ്ടി വന്നു. അവ നിർദ്ദിഷ്ട സ്ഥലത്തു് കൊണ്ടിടുന്നതിനുമുമ്പു് വഴിയിൽ രണ്ടുതവണ ഞങ്ങൾക്കു വിശ്രമിക്കേണ്ടി വന്നു.

വ്ളദീമിർ ഇലിയിച്ച് പരിശീലനക്കാരോടൊന്നിച്ചു് നാലു മണിക്കൂർ തുടർച്ചയായി ജോലിചെയ്തു.

ലെനിനുമൊന്നിച്ചുള്ള ആ നാലു മണിക്കൂർ നേരത്തെ കഠിനമായ കായികാദ്ധ്വാനം എന്നും എന്നും എൻെറ ഓർമ്മയിൽ നില്ക്കും.

ഐ. ബൊറീസൊവ്

ബട്ടൻ

ലെനിൻ ഒരു ദിവസം ഞങ്ങളുടെ ഫാക്ടറിയിൽ വന്നു — ആരോ എന്നോടു വിളിച്ചുപറഞ്ഞു: ''നത്തോറൊവ! അദ്ദേഹത്തിൻെറ കോട്ടു് എടുത്തു മാററൂ!''

ക്ലബ് ഹാളിനകത്തു് നല്ല ചൂടുണ്ടായിരുന്നു. പ്രസംഗിക്കാനെഴുന്നേററപ്പോൾ ലെനിൻ തൻെറ കോട്ടു് കസേരയിൽ തൂക്കിയിട്ടിരുന്നു. ഞാൻ അതെടുത്തുകൊണ്ടു് ക്ലോക്ക്റൂമിലേക്കു പോയി. അദ്ദേഹത്തിൻെറ കോട്ടിൽ ഇടതുവശത്തു് മദ്ധ്യത്തിലായി ഒരു ബട്ടനില്ലെന്നു് പെട്ടെന്നു ഞാൻ കണ്ടു. ഞാൻ എൻെറ ജാക്കററിൽനിന്നും ഒരു ബട്ടൻ പൊട്ടിച്ചെടുത്തു് ലെനിൻെറ കോട്ടിൽ തുന്നിപ്പിടിപ്പിച്ചു. കുറെയധികം നാളത്തേക്കു് അവിടെത്തന്നെ ഇരിക്കാൻവേണ്ടി പ്രത്യേകിച്ചും ബലമുള്ള നൂലുകൊണ്ടാണു് ഞാനതു തുന്നിയതു്. മുമ്പു് ബട്ടനില്ലാതിരുന്ന സ്ഥലത്തു് ഇപ്പോഴൊന്നുള്ള കാര്യം അറിയാതെ അദ്ദേഹം ഫാക്ടറിയിൽനിന്നും യാത്രയായി. എൻെറ ബട്ടൻ മററുള്ളവയിൽനിന്നും അല്പം വ്യത്യസ്തമായിരുന്നു. ഞാനതിൽ അഭിമാനം കൊണ്ടു; അതായിരുന്നു എൻെറ രഹസ്യം!

കാലം ഏറെ കഴിഞ്ഞു. ഒരു ദിവസം ലിതേയ്നിയ് തെരുവിലൂടെ നടക്കുമ്പോൾ ലെനിൻെറ വലിയൊരു ഫോട്ടോ ''ഫീനിക്സ്'' ഫോട്ടോ സ്ഥാപനത്തിൻെറ പ്രദർശനജാലകത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു. അദ്ദേഹം അതേ കോട്ടാണു ധരിച്ചിരുന്നതു്; സൂക്ഷിച്ചുനോക്കിയപ്പോൾ എൻെറ ബട്ടൻ അവിടെത്തന്നെ ഉള്ളതായി ഞാൻ കണ്ടു.

അദ്ദേഹം ആ ഹേമന്തത്തിൽ അന്തരിച്ചു.

ലിതേയ്നിയ് തെരുവിൽനിന്നും ആ ഫോട്ടോ ഒരു പ്രകാരത്തിൽ എനിക്കു കിട്ടി. അതിപ്പോൾ ഫ്രെയിം ചെ

സ്ഥ് എന്റെ കണ്ണാടിയുടെ തൊട്ടടുത്ത് ഇരിപ്പുണ്ട്. എന്നും ഞാൻ അതിലേക്കു നോക്കി കണ്ണീരൊഴുക്കും.

എന്തായാലും എന്റെ ബട്ടൻ ഇപ്പോഴും അവിടെത്തന്നെയുണ്ട്.

അർഹാൻഗെൽസ്ക്കിലെ
ഒരു ഗൃഹനായികയായ നത്തോറൊവ
പറഞ്ഞത്

ലെനിൻ. പെട്രോഗ്രാഡ്. ജനവരി 1918

ലെനിനും സ്വെർദ്ലോവും മാർക്സിന്റേയും എംഗൽസിന്റേയും താല്ക്കാലികസ്മാരകം പരിശോധിക്കുന്നു

എൽ. റദീഷ്ചെവ്

ലെനിൻഗ്രാഡിൽ നിവസിക്കുന്ന ലിയൊനീദ് റദീഷ്ചെവ് 1926–ലാണ് തന്റെ ആദ്യത്തെ കൃതികൾ പ്രസിദ്ധപ്പെടുത്തിയത്. ലെനിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കഥകളുടെ സമാഹാരം പുറത്തുവന്നത് 1939–ൽ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പാണ്. അടുത്തകാലത്ത് അദ്ദേഹം ലെനിനെക്കുറിച്ചുള്ള പുതിയ കഥകൾ ''സ്വെസ്ദാ'', ''നെവാ'' തുടങ്ങിയ മാസികകൾക്കുവേണ്ടി എഴുതിയിട്ടുണ്ട്. ലിയൊനീദ് റദീഷ്ചെവിന്റെ ''ട്രേററില്ല!'' എന്ന കഥ 1960–ലാണ് എഴുതപ്പെട്ടത്. അക്കൊല്ലത്തെ ഏററവും നല്ല കഥകളുടെ സമാഹാരത്തിൽ അത് പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

പ്ലേററില്ല!

(ഒരു കഥ)

നീലനിറത്തിലുള്ള ചേററുകളും ചവിട്ടാതെ സൂക്ഷിച്ച മാറി നടന്നുകൊണ്ടു് ആ യുവാവു് വസന്തത്തിലെ മോസ്കോനഗരത്തിൽക്കൂടി ചൂളമടിച്ച നടന്നു. ഉല്ലാസവാനായി അയാരം ചിന്തിക്കുകയായിരുന്നു: ''എത്ര വിശിഷ്ടമായ ഒന്നാണു് സൂര്യൻ! ഇഷ്ടം പോലെ വെളിച്ചം തരുന്നു—അതോ, മുഴവനം സൗജന്യമായി! അതു കിട്ടാൻ യാതൊരു ബദ്ധപ്പാടുമില്ല, ഒരു ഫ്ളാഷ്ലൈററിൻേറയും ആവശ്യമില്ല! ഇന്നു മുതൽ ഞാൻ സൂര്യൻെറ ആശ്രിതനാണു്! എനിക്കുവേണ്ടി അതു പണിയെടുക്കട്ടെ!''

തീർച്ചയായും മോസ്കോയിലെ വസന്താരംഭത്തിൻെറ ഔദാര്യത്തെ ആ യുവാവു് സ്വന്തം വീക്ഷണകോണിൽക്കൂടിയാണു നോക്കിയതു്; അയാളൊരു ഫോട്ടോഗ്രാഫറായിരുന്നു, വെറും സാധാരണഫോട്ടോഗ്രാഫറല്ല, അയാളുടെ പടങ്ങളുടെ കീഴിലായി പത്രങ്ങരം വ്യക്തമായി എഴുതാറുണ്ടായിരുന്നു, ''ഞങ്ങളുടെ സ്റ്റാഫ് ഫോട്ടോഗ്രാഫർ'' എന്നു്.

നിറപ്പകിട്ടുള്ള മഴക്കോട്ടുകരം ധരിച്ചു്, തുകലുറകളോടുകൂടിയ ഇമ്പമുള്ള ക്യാമറകരം തോളിൽ തൂക്കിയിട്ട നടക്കുന്ന ആധുനിക പത്രഫോട്ടോഗ്രാഫറന്മാർ, കർട്ടന കൂടുതൽ യോജിച്ച മങ്ങിയ ഇളംനീലനിറത്തിലുള്ള തുണികൊണ്ടു തുന്നിയ അയാളുടെ വിചിത്രമായ വസ്ത്രവും അടിയിൽ ചുവന്ന റബ്ബർ കഷണങ്ങരം വച്ചുപിടിപ്പിച്ച വളരെ വലിയ ഫെൽററ് ബൂട്സും വിശേഷിച്ചു് ഒരു സാധാരണ കിന്നരപ്പെട്ടിയോളമെങ്കിലും വലിപ്പമുള്ള ക്യാമറയും കണ്ടു് ഒരുപക്ഷേ പരിഹാസരൂപത്തിൽ പുഞ്ചിരിക്കുമായിരുന്നിരിക്കാം.

ഇങ്ങനെയൊക്കെയാണെങ്കിലും അയാരം അവരുമായി സ്ഥാനം വെച്ചുമാറുമായിരുന്നില്ല. ആദ്യത്തെ സോവിയററ് മേദിനം, ആദ്യത്തെ സുബ്ബോത്നിക്, ആദ്യത്തെ വിശ്രമകേന്ദ്രത്തിൻെറ ഉൽഘാടനം, വൈററ് ഗാർഡുകളുമായ യുദ്ധത്തിൽ പിടിച്ചെടുത്ത ആദ്യത്തെ ടാങ്ക്, തുടങ്ങി പലതി

ന്റേയും പടം അയാൾ തന്റെ ഈ ''കിന്നരപ്പെട്ടി'' കൊണ്ട് എടുത്തിട്ടുണ്ട്.

സ്വെർദ്‌ലോവ് സർവ്വകലാശാലയിൽ വച്ചു കൂടുന്ന പാർട്ടിപ്രവർത്തകരുടെ യോഗത്തിന്റെ ഏതാനും പടങ്ങളെടുക്കണമെന്ന് ഇന്ന് അയാളുടെ പത്രാധിപർ അയാളോടു പറഞ്ഞിട്ടുണ്ടായിരുന്നു; നാട്ടുമ്പുറത്തേക്ക് പുറപ്പെടാനിരുന്ന പാർട്ടി അംഗങ്ങളുടെ ഒരു റാലിയായിരുന്നു ഇത്. സ്വെർദ്‌ലോവ് സർവ്വകലാശാലയുടെ വലിയ ഹാൾ പുകകൊണ്ട് മങ്ങി കാണപ്പെട്ടു. ഈയിടെ മാത്രം മഞ്ഞുരുകിയ ജനാലകളിലൂടെ വെളിച്ചം അകത്തേക്കു പ്രവേശിച്ചു. പ്രസംഗവേദിയുടെ മുകളിൽ ചുവന്ന വിരിപ്പോടുകൂടിയ ഒരു മേശയുണ്ടായിരുന്നു. പിന്നിലുള്ള ചുമരിൽ തൂക്കിയിരുന്ന പഴയ റഷ്യൻ സാമ്രാജ്യത്തിന്റെ ഒരു വലിയ ഭൂപടത്തിൽ നിറമുള്ള കൊച്ചു അടയാളക്കൊടികൾ കുത്തിനിർത്തിയിട്ടുണ്ടായിരുന്നു.

ആ ദിവസത്തെ ആലോചനാവിഷയം പ്രത്യക്ഷത്തിൽ സമാധാനപരമായ ഒന്നായിരുന്നു. ''ഗ്രാമങ്ങളിലെ പ്രവർത്തനം''. എന്നാൽ കുലാക്കുകളുടെ കലാപം കൊടുമ്പിരിക്കൊണ്ടിരുന്ന ജില്ലകളിലേക്കു ഇന്നു പുറപ്പെടേണ്ടവരായിരുന്നു അവിടെക്കൂടിയിരുന്ന ആളുകൾ. സ്റ്റേഷനുകളിൽ തിങ്ങിക്കൂടിയിട്ടുള്ള ഭയങ്കര ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിത്തിരക്കിയും റെയിൽവേകളിൽ നടമാടിയിരുന്ന അരാജകാവസ്ഥയിലും അവർ നിർദ്ദിഷ്ടസ്ഥലങ്ങളിൽ എത്തിച്ചേരണമായിരുന്നു....

നമ്മുടെ ഫോട്ടോഗ്രാഫർ അവിടെയും ഇവിടെയുമെല്ലാം നടന്നു. ഒരു ജനൽപ്പടിയിൽ കയറിനിന്നു. സദസ്സിൽ ആദ്യത്തെ വരിയിലിരുന്നവരുടെ ഫോട്ടോ എടുത്തു (''പ്രസംഗം കേൾക്കുന്നു'').

''കിന്നരപ്പെട്ടി'' അല്പം കൂടി മേല്പോട്ടുയർത്തിക്കൊണ്ട് അയാൾ മറ്റൊരു പടം കൂടി പിടിച്ചു (''ഹാളിന്റെ പൊതുവീക്ഷണം'').

''സ്വന്തം പ്രതിനിധി''യിൽനിന്നും പ്രതീക്ഷിക്കാവുന്നതിലും കൂടുതൽ തിരക്കിട്ടുകൊണ്ടാണ് അയാൾ അവിടെ നടന്നത്. പക്ഷെ അതിനു കാരണം അയാളുടെ യുവത്വമായിരുന്നു. അയാൾക്ക് ഇരുപതുവയസ്സിനടുത്തേ പ്രായമുണ്ടായിരുന്നുള്ളു.

അയാൾ രണ്ടു മൂന്നു പടങ്ങളെടുത്തു. പിന്നീട്, കയ്യിലൊരു ചൂണ്ടുകോലുമായി ആ വലിയ ഭൂപടത്തിനു സമീപം പ്രാസംഗികൻ നില്ക്കുന്ന ഒരു പടമെടുക്കാൻ പറ്റിയ സ്ഥലമന്വേഷിച്ച് അയാൾ ചുറ്റും നോക്കിത്തുടങ്ങി. പെട്ടെന്ന് മുൻവരികളിൽ ചെറുതായൊരു കയ്യടിയും തുടർന്ന് വമ്പിച്ച കരഘോഷവും അയാൾ കേട്ടു.

എന്തു ചെയ്യേണ്ടു എന്നറിയാതെ നമ്മുടെ ''സ്വന്തം പ്രതിനിധി'' വയ്ക്കോൽ നിറത്തിലുള്ള ഇമകൾ ചിമ്മിക്കൊണ്ടു നിന്നു: അയാൾ എന്തോ ഒന്ന് കണ്ടില്ലെന്നതു് വ്യക്തമായിരുന്നു. ഹാളിലുള്ള സകലരും എഴുന്നേറ്റുനിന്നു. ഒതുക്കിവയ്ക്കാൻ വയ്യാത്ത ''കിന്നരപ്പെട്ടി''യും മുക്കാലിയും ബാലൻസു ചെയ്തുകൊണ്ട് അയാളും എത്തിവലിഞ്ഞു നിന്നു. പക്ഷെ ഒന്നും കാണാൻ കഴിഞ്ഞില്ല. തന്റെ ഒഴിഞ്ഞ തോളുകൊണ്ട് കഴിയുന്നതും ശക്തിയായി തള്ളി മാറ്റിക്കൊണ്ട് അയാൾ മുമ്പോട്ട് തള്ളിക്കയറി.

അധികം പൊക്കമില്ലാതെ, ഉറച്ച ശരീരമുള്ള ഒരു മനുഷ്യൻ ഒരു തവിട്ടുനിറത്തിലുള്ള ജാക്കറ്റിട്ടുകൊണ്ട്, മണ്ഡപത്തിലിരുന്നിരുന്ന അദ്ധ്യക്ഷസംഘാംഗങ്ങളുടെ കൂടെ ചേരാനായി, ധൃതിയിൽ നടക്കുകയായിരുന്നു; നമ്മുടെ ''സ്വന്തം പ്രതിനിധി'' സ്തംഭിച്ചു നിന്നു. ''അയ്യോ, അതു ലെനിനാണല്ലൊ!'' മുക്കാലിയിൽ മുറുകെപ്പിടിച്ചുകൊണ്ട് അയാൾ ഏതാണ്ട് ഉറക്കെ വിളിച്ചുപറഞ്ഞുപോയി.

കരഘോഷംകൊണ്ടു മുഖരിതമായിരുന്ന ആ ഹാളിലേക്കു കണ്ണിറുക്കി നോക്കിക്കൊണ്ടും ഉന്തിയ നെറ്റിത്തടം

തുടച്ചുകൊണ്ടും ലെനിൻ ഉദ്ദേശം പത്തടിയകലെ ഇരിക്കുകയായിരുന്നു.

''ഭഗവാനേ!'' ഫോട്ടോഗ്രാഫർ പിറുപിറുത്തു. ''അതു ലെനിൻ തന്നെയാണ്!... വ്ളദീമിർ ഇലിയിച്ച്!... എത്ര നല്ല പടമാണ് എനിക്കു കിട്ടാൻ പോകുന്നതു്!... എന്തുനല്ല വെളിച്ചം! എന്തൊരു അവസരം!''

പക്ഷെ ഈ അവസരം ഉപയോഗപ്പെടുത്തുകയെന്നതു് അത്ര എളുപ്പമായിരുന്നില്ല. കാരണം തൻെറ ഫോട്ടോ എടുക്കാൻ വ്ളദീമിർ ഇലിയിച്ച് ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിൻെറ ഫോട്ടോ എടുക്കാനുള്ള അനുവാദം കിട്ടുകയെന്നതു് വളരെയേറെ പ്രയാസകരമായിരുന്നു. ഇതുപോലുള്ള സാഹചര്യങ്ങളിൽ മററനേകം ഫോട്ടോഗ്രാഫർമാർക്കു് പിന്തിരിയേണ്ടിവന്നിട്ടുണ്ടു്.

കഴിഞ്ഞ വസന്തത്തിൽ ക്രെംലിനിൽ വച്ചു നടന്ന സബ്ബോത്നിക്കിനിടയ്ക്കു് തൻെറ ഫോട്ടോ എടുക്കാൻ ലെനിൻ പാടേ വിസമ്മതിച്ച കഥ നമ്മുടെ ''സ്വന്തം പ്രതിനിധി''ക്കു് നല്ലവണ്ണം അറിയാമായിരുന്നു. അന്നദ്ദേഹം പറഞ്ഞതിതാണ്. ''എന്താണിതെല്ലാം?! ഞാനിവിടെ വന്നതു് ജോലിചെയ്യാനാണ്, ഫോട്ടോ എടുപ്പിക്കാനല്ല!''

ഫോട്ടോഗ്രാഫർമാർക്കു് ഒരു തന്ത്രം ഉപയോഗിക്കേണ്ടിവന്നു. ലെനിൻെറ കൂടെ ജോലിചെയ്ത ക്രെംലിൻ പരിശീലനക്കാരുടെ സ്കൂളിലെ കമ്മിസാർ വിശ്രമിക്കാനെന്ന മട്ടിൽ ഏതാനും നിമിഷത്തേക്കു മാറിനില്ക്കുകയും വ്ളദീമിർ ഇലിയിച്ച് അറിയാതെ അദ്ദേഹത്തിൻെറ ഫോട്ടോ എടുക്കുകയും ചെയ്തു. ക്രെംലിൻ സബ്ബോത്നിക്കിൽ ലെനിൻ ജോലി ചെയ്യുന്ന ഫോട്ടോ ലോകത്തിനു ലഭിച്ചതു അങ്ങിനെയാണ്.

''അടുത്ത പ്രാസംഗികൻ സഖാവ് ലെനിനാണ്,'' എന്ന് അദ്ധ്യക്ഷൻ അറിയിച്ചു.

* * *

ഒരു മണിക്കൂർ കഴിഞ്ഞു്, യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച ഉയരം കൂടിയ ആഫീസറും അദ്ധ്യക്ഷസംഘാംഗങ്ങളും ഒന്നിച്ച്, ലെനിൻ ഹാളിൽനിന്നു പുറത്തിറങ്ങി. വർത്തമാനം പറയുന്നതിനിടയ്ക്കു് വ്ളദീമിർ ഇലിയിച്ച് തൊപ്പി വയ്ക്കുകയും ബാഗ് എടുക്കാൻ കൈ നീട്ടുകയും ചെയ്തു. പെട്ടെന്ന് അല്പം അകലെ നിന്നിരുന്ന ഒരാളുടെ മേൽ അദ്ദേഹത്തിൻെറ ദൃഷ്ടി പതിഞ്ഞു. അയാൾക്കു് സംഭ്രമവും ലജ്ജയും പിടിപെട്ടപോലെ കാണപ്പെട്ടു. ഒരു മുക്കാലിയും വലിയൊരു കറുത്ത പെട്ടിയും മറവുചെയ്യാനുള്ള ശ്രമമായിരുന്നു അയാൾ.

ലെനിന് സ്പഷ്ടമായും ദേഷ്യംവന്നു. കാരണം അദ്ദേഹം ആ കറുത്ത പെട്ടിയിലേക്കു നോക്കിയതു് മുഖം ചുളിച്ചുകൊണ്ടാണ്.

''ആഹാ! അഭിനന്ദനങ്ങൾ! നിങ്ങൾ പിന്നെയും ഇപ്പണിയിൽ ഏർപ്പെട്ടിരിക്കുകയാണോ?'' അദ്ദേഹം പറഞ്ഞു. ''ദയവുചെയ്തു് ഇത്തവണ വേണ്ട!''

അത്രയേ പറഞ്ഞുള്ളു. അയാൾക്കിനി പോകാം.

പക്ഷെ ''സ്വന്തം പ്രതിനിധി'' പോയില്ല. ജലദോഷം പിടിച്ചപോലെ ഇടറിയ ശബ്ദത്തിൽ അയാൾ ഇങ്ങനെ പറയുന്നതു കേട്ട് എല്ലാവരും ആശ്ചര്യപ്പെട്ടു.

''സഖാവ് ലെനിൻ!... മുഴവൻ റിപ്പബ്ലിക്കിനും ആവശ്യമാണ് അങ്ങയുടെ ഫോട്ടോകൾ.... അവ എനിക്കുവേണ്ടിയല്ല!''

''ഓഹോ... അങ്ങിനെയാണോ?'' പരിഹാസസ്വരത്തിൽ ലെനിൻ ചോദിച്ചു.

പക്ഷെ അപ്പോഴേക്കും ''സ്വന്തം പ്രതിനിധി''യെ പിന്താങ്ങിക്കൊണ്ടു് പലരും മുന്നോട്ടുവന്നു. അധികം കഴിയുന്നതിനുമുമ്പ്, അവരൊന്നിച്ചുള്ള പടമെടുക്കണമെന്ന് എല്ലാവരും ലെനിനോടു യാചിച്ചുപറയാൻ തുടങ്ങി.

''നമ്മുടെയെല്ലാവരുടേയും ഒരുമിച്ചുള്ള ഫോട്ടോ ആ

ണു് എടുക്കുന്നതെങ്കിൽ... ഒരുപക്ഷേ!'' അദ്ദേഹം രണ്ടിലൊന്നുറയ്ക്കാതെ പറഞ്ഞു.

''സ്വന്തം പ്രതിനിധി'' കർമ്മോന്മുഖനായി. മുക്കാലി നാട്ടുകയും ക്യാമറ ഉറപ്പിക്കുകയും ചെയ്തുകൊണ്ടു് അയാരം ആവശ്യമില്ലാത്ത പല ചേഷ്ടകളും കാണിച്ചു. സദാസമയവും അയാരം മന്ത്രിച്ചുകൊണ്ടിരുന്നു:

''ഒരു നിമിഷം! ഞാനിപ്പോരം തയ്യാറാകും.... ഒരൊററ നിമിഷം മാത്രം!''

ആ ഗ്രൂപ്പിനെ ഫോക്കസ്സിൽ കൊണ്ടുവരികയെന്നതു് തെല്ലും എളുപ്പമായിരുന്നില്ല. കാരണം ലെനിൻെറ അടുത്തു നിൽക്കാൻ എല്ലാവരും ആശിച്ചു. ഓരോരുത്തരും അടുത്തു നിന്നിരുന്നയാളെ മാററിനിർത്താൻ ആരുമറിയാതെ ശ്രമിച്ചു. വ്ളദീമിർ ഇലിയിച്ച് ക്ഷമയോടെ കാത്തിരുന്നു.

എല്ലാം തയ്യാറായെന്നു തോന്നിയപ്പോരം ഫോട്ടോഗ്രാഫർ ക്യാമറയ്ക്കു പിന്നിലുള്ള കറുത്ത തുണിയുടെ കീഴിൽ കയറി. അവസാനത്തെ ഫോക്കസ് കിട്ടാൻ ശ്രമിച്ചുകൊണ്ടു് അയാരം വീണ്ടും മന്ത്രിച്ചു: ''ഒരു നിമിഷം കൂടി! ഞാൻ വേറൊരു പ്ലേററ് ഒന്നു വച്ചോട്ടെ.... ഒരു നിമിഷം കൊണ്ടു ഞാൻ തയ്യാറാകും!''

ഗ്രൂപ്പിലുണ്ടായിരുന്ന സകലരും ഗംഭീരവും നിശ്ചേഷ്ടവുമായ ഭാവം പൂണ്ടു. ലെനിൻെറ കണ്ണുകളിൽ മാത്രം ഫലിതത്തിൻെറ കണിക മിന്നി.

പക്ഷെ ഫോട്ടോഗ്രാഫർക്കു് എന്തു പററി? അയാരം ക്ഷോഭത്തോടെ തുണി വലിച്ചുമാററി, എന്തോ ഒരു ടിന്നു് താഴെ വീണു. അയാരം തലമുടിക്കു് പിടിച്ചു. അത്ഭുതത്തോടും ആകാംക്ഷയോടും എല്ലാവരും അയാളെ പകച്ചുനോക്കി. ലെനിൻ വേഗം ആ യുവാവിൻെറ അടുത്തേക്കു ചെന്നു:

''എന്തു പററി, സഖാവേ? നല്ല സുഖമില്ലേ?''

''സുഖം!'' ഫോട്ടോഗ്രാഫർ വേദനയോടെ പറഞ്ഞു. ''ഒരു പ്ലേററ് പെട്ടി നിറയ്ക്കാൻ എനിക്കു സമയം

കിട്ടിയില്ല. പ്ലേററുള്ള ഒന്നുപോലും എൻെറ കൈവശമില്ല!''

സർവ്വ ആശയും നശിച്ച ഒരാളെപ്പോലെ കൈകരം തൂക്കിയിട്ടുകൊണ്ടു് അയാരം തൻെറ ''കിന്നരപ്പെട്ടി''യുടെ സമീപം നിന്നു. രാവിലെ അശ്രദ്ധമായി ഷേവു ചെയ്തതിൻെറ ഫലമായി താടിയിലുണ്ടായ മുറിവു് വേദനിച്ചു തുടങ്ങി. ഇതാണവസാനം! കാശിനുകൊള്ളാത്ത, ഒരുകാലത്തും മേൽഗതിയുണ്ടാവാത്ത താൻ അവിശ്വസനീയവും നിസ്തുലവുമായ ഈ നിമിഷം പാഴാക്കിക്കളഞ്ഞു!

''സഖാക്കളേ!'' വലിയ ചുവന്ന നക്ഷത്രമുള്ള പട്ടാളത്തൊപ്പി വീണ്ടും വച്ചുകൊണ്ടു് ഉയരം കൂടിയ ആഫീസർ പറഞ്ഞു. ''സാധാരണ പറയാറുള്ളതുപോലെ, പത്രാധിപരുടെ നിയന്ത്രണത്തിനു് അതീതമായ സാഹചര്യങ്ങരം നിമിത്തം ഖേദകരമായ ഒരു അച്ചടിപ്പിശകു് വന്നുപിണഞ്ഞു.... വ്ളദീമിർ ഇലിയിച്ചിനെ വൈകിക്കുന്നതിൽ അർത്ഥമില്ല!''

ഫോട്ടോഗ്രാഫറെത്തന്നെ നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു ലെനിൻ. അയാരംക്കു പററിയ അമളി കണ്ടതായി അദ്ദേഹം നടിച്ചില്ല. തൻെറ വാച്ചെടുത്തു നോക്കിക്കൊണ്ടു് അദ്ദേഹം ചോദിച്ചു:

''ഒരു പ്ലേററ് നിറയ്ക്കാൻ നിങ്ങരംക്കു് എത്ര സമയം വേണ്ടിവരും?''

''എനിക്കോ? ഉദ്ദേശം... പത്തുമിനിട്ടു്!'' ''സ്വന്തം പ്രതിനിധി'' വിക്കിവിക്കി പറഞ്ഞു. ചാരനിറമായിക്കഴിഞ്ഞിരുന്ന അയാളുടെ മുഖത്തു് അവിടവിടെ ചുവപ്പു പ്രത്യക്ഷപ്പെട്ടു.

''ഞാൻ പത്തു മിനിട്ടുകൂടി സഖാക്കളുമായി സംസാരിക്കാം,'' ലെനിൻ അക്ഷോഭ്യനായി പറഞ്ഞു.

കുറെ കാലിപ്ലേററ് പെട്ടികളും പ്ലേററുകളും വാരിവലിച്ചെടുത്തുകൊണ്ടു് അയാളോടി. വലിപ്പം കൂടിയ ഫെൽററ് ബൂട്ടുകളിട്ട അയാളുടെ കാലുകരം ചന്തമില്ലാതെ നീങ്ങി.

അയാരം ഒരു നീണ്ട ഇടനാഴിയിൽക്കൂടി ഓടി. മുറികളുടെ കതകുകരം തുറന്ന നോക്കി. ഇരുട്ടുള്ള, പൂർണ്ണമായും ഇരുട്ടുള്ള, ഒരു മുറിയായിരുന്നു അയാരംക്കാവശ്യം! സൂര്യൻ—അന്നു രാവിലെയാണ് അയാരം അതിൻെറ ആശ്രിതനായതു്—കണ്ണഞ്ചിക്കുന്ന സമൃദ്ധിയോടെ പ്രകാശിക്കുകയായിരുന്നു.

അയാരം മുകളിലേക്കു കുതിച്ചുകയറി. ചൂടുള്ള വായുവിൽ അയാരം കിതച്ചു. പക്ഷെ സൂര്യരശ്മികരം അയാളെ നിർദ്ദാക്ഷിണ്യം എവിടെയും പിന്തുടർന്നു.

ഏററവും മുകളിലത്തെ നിലയിലെത്തിയപ്പോഴേക്കും അയാരംക്കു തോന്നി അയാളുടെ ഹൃദയം തൊണ്ടവരെ എത്തി എന്നു്. പുറത്തു് ഒരു വലിയ മരപ്പെട്ടി ഇരിപ്പുണ്ടായിരുന്നു.

ഒരു നിമിഷം പോലും ശങ്കിച്ചുനിൽക്കാതെ ''സ്വന്തം പ്രതിനിധി'' അതിൻെറ അടപ്പു തുറന്നു. ചുരുണ്ടുകൂടിക്കിടക്കുന്ന പെരുമ്പാമ്പുകളെപ്പോലെ കുറെ തടിച്ച പൈപ്പുകരം അതിൽ കിടക്കുന്നതു് അയാരം കണ്ടു. അവയ്ക്കെല്ലാം റബ്ബറിൻെറ ദുർഗ്ഗന്ധമുണ്ടായിരുന്നു.

അയാരം ആ പെട്ടിക്കുള്ളിൽ കയറി. അടപ്പു് അടയുന്ന വഴി അയാളുടെ തലയിൽ വന്നു മുട്ടിയതുപോലും അയാളറിഞ്ഞില്ല. കുനിക്കൂടിയിരുന്നുകൊണ്ടു് അയാരം അതിവേഗം റ്റേപ്പറുകളുടെ കൂടിൻെറ മുദ്ര പൊട്ടിച്ചെങ്കിലും ഭയന്നു വക്രിച്ച മുഖത്തോടെ അയാരം പെട്ടെന്നതു് ജാക്കററിനുള്ളിലേക്കു തിരുകി; ഏതോ ഒരു വിടവിൽക്കൂടി അല്പം വെളിച്ചം ഇതിനകത്തേക്കു പോലും കടന്നുവന്നിട്ടുണ്ടായിരുന്നു.

പുറത്തുവച്ചിരുന്ന വലിയ പെട്ടിയുടെ അടപ്പു തുറന്നു് ഒരാരം പുറത്തേക്കു വരുന്നതു കണ്ടു് ആ വഴി പോയ തൂപ്പുകാരി ചൂൽ താഴെയിട്ടുകൊണ്ടു് നിലവിളിച്ചു. തുമ്മുകയും ചുണ്ടു നക്കുകയും ചെയ്തുകൊണ്ടു് ഇടറിയ ശബ്ദത്തിൽ അയാരം പറഞ്ഞു:

''ഞാനാണു്!... ഒരു നിമിഷം ഇവിടെ നിൽക്കൂ.... ദയവുചെയ്തു്... ഈ അടപ്പിൻെറ മീതെ ഒന്നിരിക്കൂ....

എവിടെയോ ഒരു വിടവുണ്ടു്. അതിൽക്കൂടി വെളിച്ചം അകത്തുവരുന്നു.''

അവർ പകച്ചുനിന്നു.

''ഈ അടപ്പിൻെറ മീതെ ഒന്നിരിക്കൂ, ദയവുചെയ്തു്!''

അടപ്പു് അടഞ്ഞു. എന്താണു സംഭവിക്കുന്നതെന്നു് അത്ഭുതപ്പെട്ടുകൊണ്ടും ആ വലിയ പെട്ടിയുടെ കൊളുത്തിട്ടുകൊണ്ടു് സൂപ്രണ്ടിനെ പോയി വിളിച്ചുകൊണ്ടുവന്നാലെന്താണെന്നു് ആലോചിച്ചുകൊണ്ടും അവർ അതിൻെറ പുറത്തിരുന്നു.

അകത്തു് ഒരനക്കം കേട്ടു. കുറെ തുമ്മലും ചീററലും. പിന്നീടു് വീർപ്പുമുട്ടിയ ശബ്ദത്തിൽ ഈയൊരു യാചനയും:

''ദയവായി എന്നെ പുറത്തു വിടൂ, ഞാൻ മരിക്കുകയാണു്!''

അവർ എഴുന്നേററു മാറി. നമ്മുടെ ചങ്ങാതി സ്പ്രിംഗ്കൊണ്ടുള്ള കളിപ്പാവപോലെ വീണ്ടും പെട്ടിയിൽനിന്നു പുറത്തുചാടി, വിയർപ്പും പൊടിയുമണിഞ്ഞാണെങ്കിലും സന്തുഷ്ടനായി.

''പരിപൂർണ്ണമായ ഇരുട്ടു്!'' അയാരം ആഹ്ലാദിച്ചു. ''നന്ദി!''

ഒരു അരഡസൻ പടികരം ഒന്നിച്ചിറങ്ങിക്കൊണ്ടു് അയാരം കോവണിയിലൂടെ താഴോട്ടു പാഞ്ഞു!

* * *

വൃക്ഷങ്ങരം ഇപ്പോഴും അവയുടെ തവിട്ടുനിറത്തിലുള്ള ചൂടാകാത്ത നഖരങ്ങരം സൂര്യനുനേരെ വിടർത്തിപ്പിടിച്ചിരിക്കുകയായിരുന്നു. യാതൊരു പ്രത്യേകരൂപവുമില്ലാത്ത ഹിമശകലങ്ങരം, അവ ഇപ്പോഴേക്കും ഒരു സ്പോഞ്ച് പോലെ സുഷിരങ്ങളോടുകൂടി ചാരവർണ്ണമായിക്കഴിഞ്ഞിരുന്നെങ്കിലും, തെരുവീഥികളിൽ അള്ളിപ്പിടിച്ചിരിപ്പുണ്ടായിരുന്നു. ഭിത്തിക

ളിൽനിന്നും ഇളകിവീഴാറായ നോട്ടീസുകളും പോസ്റ്ററുകളും കാററിൽ ആടി. പച്ചനിറത്തിലുള്ള ഹിമക്കട്ടകൾ ഡ്രെയിൻ പൈപ്പുകളിൽനിന്നും അടർന്നുവീണു.

വസന്തത്തിലെ മോസ്ക്കോനഗരത്തിലൂടെ നമ്മുടെ യുവാവ് തുടുത്ത കവിളുകളോടെ നടന്നു. അയാൾ ഇടയ്ക്കിടെ നിന്നുകൊണ്ട് സന്തോഷത്താൽ മതിമറന്ന് കൈ വീശിയപ്പോൾ ആ വഴി കടന്നുപോയ ചുരുക്കമാളുകൾ അതു കണ്ട് അമ്പരന്നു.

തെരുവിലേക്കാൾ തണുപ്പുണ്ടായിരുന്നു അയാളുടെ വീട്ടിൽ. തണുത്തുമരവിച്ച ചെറിയ അടുക്കളയിൽ കാർഡ്ബോർഡൊട്ടിച്ച ഒരേയൊരു ജനലാണുണ്ടായിരുന്നത്. ഭിത്തിയുടെ കുമ്മായത്തിന്മേൽ ഉറഞ്ഞു പിടിച്ചിരുന്ന മഞ്ഞ് ഉരുകിയ മണം ആ അടുക്കള മുഴുവൻ തങ്ങിനിന്നു — ഈ വീട്ടിൽ വസന്തത്തിന്റെ ഏക ലക്ഷണം അതായിരുന്നു.

ഇരുട്ടിൽ, ലൈററിന്റെ സ്വിച്ച് തപ്പി കണ്ടുപിടിച്ച് യുവാവ് ഒരു ചുവന്ന വിളക്ക് കത്തിച്ചു. എന്തെന്നാൽ അടുക്കള അയാളുടെ പരീക്ഷണശാലയായിരുന്നു.

നിറപ്പകിട്ടുള്ള മഴക്കോട്ടുകൾ ധരിച്ച്, തുകലുറകളോടുകൂടിയ ഇമ്പമുള്ള ക്യാമറകൾ തോളിൽ തൂക്കിയിട്ടു നടക്കുന്ന ആധുനിക പത്ര ഫോട്ടോഗ്രാഫറന്മാർ ഇത്തരം ഒരു ലാബറട്ടറി കണ്ട് ഒരുപക്ഷേ വീണ്ടും പരിഹസിച്ചുപുഞ്ചിരിക്കുമായിരിക്കാം. പക്ഷെ ഇപ്പോൾ ഇത് അവരുമായി കൈമാറാനായിരിക്കും നമ്മുടെ യുവാവിന് മുമ്പെന്നത്തേക്കാളേറെ വൈമനസ്യം! ലോകത്തിൽ ഒന്നിനുവേണ്ടിയും അയാളിതു വച്ചുമാറുകയില്ല!

ഡെവലപ്പറിന്റെ പാത്രം അയാൾ ഒരു സ്റ്റൂളിൽ വച്ചു. അല്പമെങ്കിലും ചൂടാക്കാമെന്ന പ്രത്യാശയോടെ അയാളതിൽ ഊതി. പ്ലേററ് അതിൽ താഴ്ത്തുന്ന അവസരത്തിൽ അയാളുടെ കൈ വിറച്ചു. സ്റ്റൂളിനടുത്ത് തറയിലിരുന്നുകൊണ്ട് അയാൾ ആ പാത്രം പതുക്കെ ഇളക്കി. ദ്രാവക

ത്തിന്റെ മുകളിൽ കൊച്ചു ചുവന്ന അലകളടിച്ചു. പാലുപോലിരുന്ന കുഴമ്പിൽ വ്യക്തമായ ഇരുണ്ടൊരു രൂപം കണ്ടു തുടങ്ങി. സുപരിചിതമായ വിസ്തൃത നെററിയും ഇറുക്കിപ്പിടിച്ച കണ്ണുകളും അവയ്ക്കു മുകളിലായി കൂട്ടിമുട്ടിയ പുരികങ്ങളും ദൃശ്യമായി. അതോടെ തന്റെ ഇടറി അടഞ്ഞ തൊണ്ട തുറന്ന് അയാൾ ആവുന്നത്ര ഉച്ചത്തിൽ പാടി.

പാടുകളോ വരകളോ ഒന്നുമില്ലാത്ത ഏററവും നല്ല പ്രിന്റുകൾ തിരഞ്ഞെടുക്കാൻ അയാൾ പിറേറന്ന് മണിക്കൂറുകൾ ചിലവഴിച്ചു. രണ്ടെണ്ണം തിരഞ്ഞെടുത്ത് അയാൾ ഒരു കവറിലിട്ടു. ആദരവോടെ അതൊട്ടിച്ചു. അങ്ങേയററത്തെ ആഹ്ലാദത്തോടെയാണ് അയാൾ ഇതോരോന്നും ചെയ്തത്.

ഇനി ആകെക്കൂടി ചെയ്യേണ്ടിയിരുന്നത് മേൽവിലാസമെഴുതുക എന്നതാണ്.

തീപ്പെട്ടിയുടെ മരുന്ന് തണുത്തിരുന്നതുകൊണ്ട് പലപ്രാവശ്യം ഉരച്ചാണ് അയാളതു കത്തിച്ചത്. എന്നിട്ട് മഷിക്കുപ്പിയിൽ ഉറഞ്ഞിരുന്ന മഷി അയാൾ ചൂടാക്കി. പേന മഷിയിൽ മുക്കി കവറിൽ നോക്കിക്കൊണ്ട് അയാൾ ആലോചനയിൽ മുഴുകി. പെട്ടെന്ന് അയാൾ പുഞ്ചിരിച്ചു. അച്ചടി അക്ഷരത്തിൽ അയാൾ ഇങ്ങനെ എഴുതി:

ലെ നി ൻ

അത്രമാത്രം! അതായിരുന്നു മേൽവിലാസം!

ഈയൊരു മേൽവിലാസത്തോടുകൂടിയ ഒരെഴുത്ത് ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും സുരക്ഷിതമായി പോസ്റ്റ് ചെയ്യാനൊക്കുമായിരുന്നു — കൽക്കത്തയിൽനിന്നോ ഗ്രീൻലാൻഡിൽനിന്നോ സൈപ്രസ്സിൽനിന്നു പോലും. അത് നിർദ്ദിഷ്ടസ്ഥലത്തെത്തുമെന്നു തീർച്ചയായിരുന്നു!...

കുറച്ചുനാൾ കഴിഞ്ഞ് താഴെ വിവരിക്കുന്ന സംഭവം ''സ്വന്തം പ്രതിനിധി''യെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി:

പീപ്പിൾസ് കമ്മിസാർമാരുടെ കൗൺസിലിലെ പഠനമുറിയിൽ വച്ച് ലെനിന്റെ ചിത്രം വരയ്ക്കാനുള്ള ബഹുമതി

നേടിയ ഒരു പ്രശസ്ത ചിത്രകാരൻ ഒരിക്കൽ വ്ളദീമിർ ഇലിയിച്ചിനോടു ചോദിച്ചു അദ്ദേഹത്തിന്റെ ഏതെങ്കിലും ഫോട്ടോ കൈവശമുണ്ടോ എന്ന്. താൻ സാധാരണ യായി തന്റെ പടങ്ങരം സൂക്ഷിക്കാറില്ലെങ്കിലും ഒരെണ്ണം തന്റെ പക്കൽ ഇപ്പോഴമുണ്ടെന്ന് ലെനിൻ പറഞ്ഞു....

അദ്ദേഹം വലിപ്പ തുറന്ന് വൃത്തിയായി തുറക്കപ്പെട്ട ഒരു കവർ ചിത്രകാരന്റെ നേർക്കു നീട്ടി.

''ഈ ചിത്രം സ്വെർദ്ലോവ് സർവ്വകലാശാലയിൽ വച്ച് ഒരു യുവസഖാവ് എടുത്തതാണ്.''

എന്ന പറഞ്ഞു് അദ്ദേഹം ചിരിച്ചു. അദ്ദേഹം ഒരു പക്ഷേ കാലി പ്ലേററ് പെട്ടിയുടെ സംഭവം ഓർക്കുകയായി രുന്നിരിക്കാം.

രണ്ടാം കൊമിൻേറൺ കോൺ ഗ്രസ്സിന്റെ പൗരസ്ത്യജനതാവിഭാ ഗത്തിന്റെ യോഗത്തിൽ ലെ നിൻ സംബന്ധിക്കുന്നു. ജൂലൈ– ആഗസ്റ്റ്, 1920

എിസ്സ്. വിനൊഗ്രാദ്സ്കയ

വിപ്ലവത്തിൻെറ ആദ്യവർഷങ്ങളിൽ ''പ്രാവ്ദ''യുടെ പത്രാധിപആഫീസിലെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന, ലെനിൻെറ സഹോദരി മരീയ ഉല്യാനൊവയുടെ അസിസ്റ്റൻറായി സോഫിയ വിനൊഗ്രാദ്സ്ക്കയെ ജോലി നോക്കിയിട്ടുണ്ടു്. അവർ പലപ്പോഴും ലെനിനേയും അദ്ദേഹത്തിൻെറ ബന്ധുമിത്രാദികളേയും കാണുമായിരുന്നു. പിൽക്കാലത്തു്, ''പ്രാവ്ദ ഫയൽ'', ''രണ്ടു സായാഹ്നങ്ങൾ'', ''ആദ്യത്തെ വനിത'', ''ഷലാപ്പിൻെറ സംഗീതക്കച്ചേരി'', തുടങ്ങി ഏതാനും ഗ്രന്ഥങ്ങൾ നിറയെ വരുന്ന കഥകളിൽ ഇത്തരം സന്ദർഭങ്ങളെ അവർ വിവരിക്കുകയുണ്ടായി.

ജന്മവാർഷികം

വിപ്ലവത്തിന്റെ മൂന്നാം വസന്തവും ലെനിന്റെ ജീവിതത്തിലെ അമ്പത്തിഒന്നാമത്തെ വസന്തവും ഒരേ സമയത്തായിരുന്നു.

മോസ്ക്കോ പാർട്ടി സംഘടനയിൽ അന്നു് 35,000 അംഗങ്ങളുണ്ടായിരുന്നു. അഗ്നിപരീക്ഷകൾക്കിടയിലാണ് അവർ ബോൾഷെവിക് പാർട്ടിയിൽ ചേർന്നതു്—പാർട്ടി ഒളിവിലായിരുന്ന കാലത്തും 1905–ലും പ്രതിലോമവാഴ്ചയുടെ വർഷങ്ങളിലും ഒക്ടോബർ കൊടുങ്കാററിനു തൊട്ടുമുമ്പും തൊഴിലാളിവർഗ്ഗറിപ്പബ്ലിക്കിന്റെ നിർണ്ണായകമാസങ്ങളിലും. ചിലർ തല നരച്ച വൃദ്ധന്മാരായിരുന്നു; പള്ളിക്കൂടത്തിൽനിന്നുതന്നെ നേരെ സോവിയററധികാരത്തിനുവേണ്ടി പടവെട്ടിയവരുടെ കൂട്ടത്തിൽ ചേർന്ന യുവാക്കളായിരുന്നു മററു ചിലർ. ചിലർ കമ്മ്യൂണിസത്തിന്റെ തത്വശാസ്ത്രജ്ഞന്മാരായിരുന്നു. കമ്മ്യൂണിസത്തിന്റെ ബാലപാഠവും തങ്ങളുടെ മാതൃഭാഷയുടെ ഹരിഃശ്രീയും ഒന്നിച്ചു പഠിച്ചുതുടങ്ങി നാളിതുവരെ മർദ്ദിതരായിക്കഴിഞ്ഞിരുന്ന കഠിനാദ്ധ്വാനികളായിരുന്നു മററു ചിലർ.

വ്ളദീമിർ ഇലിയിച്ച് ലെനിൻ മോസ്ക്കോ പാർട്ടി സംഘടനയിലെ ഒരംഗമായിരുന്നു.

അദ്ദേഹത്തിന്റെ അമ്പതാം ജന്മദിനത്തിന്റെ അന്നു വൈകുന്നേരം അദ്ദേഹവുമൊന്നിച്ചു ചിലവഴിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ പ്രത്യാശ. നികീത്സ്ക്കിയ് ചോലമരപ്പാതയിലുള്ള അന്നത്തെ ഏററവും പേരുകേട്ട ക്ലബ്ബായ പ്രസ്സ് ഹൗസിൽവച്ച് അതാഘോഷിക്കണമെന്നു് അവർ ആഗ്രഹിച്ചു. എന്നാൽ നിർഭാഗ്യവശാൽ, അതിൽ പങ്കെടുക്കാനാഗ്രഹിച്ച എല്ലാവർക്കും ഇരിക്കത്തക്ക വലിപ്പം ആ ക്ലബ്ബിന്റെ ഹാളിനുണ്ടായിരുന്നില്ല.

അതുകൊണ്ടു് ബൊൽഷായ ദിമീത്രൊവ്ക്ക തെരുവിലുള്ള മോസ്ക്കോ പാർട്ടി കമ്മിററി ആഫീസിന്റെ പരിസരത്തേക്കു് ആഘോഷപരിപാടികൾ മാററാൻ നിശ്ചയിച്ചു.

അപ്പോഴാണു് അവിചാരിതമായ ഒരു പ്രതിബന്ധം ഈ സംരംഭത്തിന്റെയാകെ മുമ്പിൽ വന്നുവീണതു്—ആ ദിവസത്തെ കഥാപുരുഷൻ സ്വന്തം ജന്മവാർഷികത്തിൽ പങ്കുകൊള്ളാൻ പാടേ വിസമ്മതിച്ചു.

''എന്തു പറഞ്ഞിട്ടും വ്ളദീമിർ കേൾക്കുന്നില്ല!'' അദ്ദേഹത്തിന്റെ സഹോദരി മരീയ ജ്യേഷ്ഠത്തിയോടു പറഞ്ഞു. ''വ്ളദീമിർ ഇളകുകയില്ല, ആന്ന! കോൺഗ്രസ്സിൽ വച്ചു തന്നെ പ്രശംസകൾ കേട്ടു മതിയായി, ഇനി ഒട്ടും സഹിക്കാൻ വയ്യ, എന്നാണദ്ദേഹം പറഞ്ഞതു്!''

മരീയ ഇലിയീനിച്ച്നയും അവരുടെ സഹോദരിയും തമ്മിൽ നടന്ന ഈ ടെലിഫോൺ സംഭാഷണം ശ്രദ്ധിച്ചു ''പ്രാവ്ദ''യിലെ ജോലിക്കാരും പത്രാധിപന്മാരും നേരമ്പോക്കായി പരസ്പരം മന്ത്രിച്ചു:

''വ്ളദീമിർ ഇളകിയില്ലെങ്കിൽ, ലെനിന്റെ അമ്പതാം ജന്മവാർഷികം നടക്കില്ല!''

അതേസമയം, ലെനിന്റെ അമ്പതാംപിറന്നാൾ പ്രമാണിച്ചുള്ള സായാഹ്നാഘോഷങ്ങൾ മോസ്ക്കോയിൽ എല്ലാ ഭാഗത്തും ആളുകൾ സ്വയമേവ കൊണ്ടാടി—അദ്ദേഹം അവയിൽ പങ്കെടുത്തില്ലെങ്കിലും.

ഏപ്രിൽ 17–ാംനു- ലെനിന്റെ ജന്മദിനത്തിനു തൊട്ടു മുമ്പുള്ള ശനിയാഴ്ച, വിൻദാവ്സ്ക്കയ റെയിൽവെയിലെ പാർട്ടി സബ്–ഡിസ്ട്രിക്റ്റ് കമ്മിററിയും റെയിൽവെ രാഷ്ട്രീയവകുപ്പും ''ലെനിന്റെ വിചാരണ'' നടത്തി. അസാധാരണമായ ഒരു സംവാദപ്രഹസനമായിരുന്നു അതു്. ഇത്തരം ''വിചാരണകൾ''ക്കു് അക്കാലത്തു് നല്ല പ്രചാരമുണ്ടായിരുന്നു. വാസ്തവത്തിൽ ബഹുജനങ്ങൾക്കിടയിൽ രാഷ്ട്രീയപ്രവർത്തനം നടത്താൻ സാധാരണയായി കൈക്കൊണ്ടിരുന്ന ഒരു മാർഗ്ഗമായിരുന്നു അതു്.

''വിചാരണ'' സംഘടിപ്പിച്ചവർ ഇങ്ങനെ വാദിച്ചു: ''ലെനിൻ റഷ്യയിൽ മുതലാളിമാരേയും ഭൂവുടമകളേയും

തകിടംമറിക്കുകയും സ്വകാര്യസ്വത്തു് അവസാനിപ്പിക്കുകയും ലോകവിപ്ലവത്തിനു് ആഹ്വാനം ചെയ്യുകയും ചെയ്തുകൊണ്ടു് മുതലാളിത്തലോകം അദ്ദേഹത്തിനെതിരായി ഏകോപിച്ചിരിക്കുകയാണു്. ലെനിൻ അധികാരത്തിലായിട്ടു് രണ്ടു വർഷത്തിലധികമായി. അദ്ദേഹത്തിന്റെ പ്രവൃത്തികളെ മുൻനിർത്തി നമുക്കു് അദ്ദേഹത്തെക്കുറിച്ചുള്ള വിധി കല്പിക്കാം.''

ഈ ആശയത്തിനു വളരെ നല്ല സ്വീകരണമാണു ലഭിച്ചതു്. വിൻദാവ്സ്ക്കയ റെയിൽവേ ലൈനിന്റെ എല്ലാ വിഭാഗത്തിൽനിന്നുമുള്ള തൊഴിലാളികൾ ''വിചാരണ'' സമയത്തു് സന്നിഹിതരായിരുന്നു. ഒരു ബൂർഷ്വ, ഒരു കുലാക്കു്, പട്ടാളത്തിൽനിന്നും ഒളിച്ചോടിപ്പോയ ഒരാൾ, ഒരു അലവലാതി, ഒരു മെൻഷെവിക്—ഇത്രയും പേരായിരുന്നു വാദിഭാഗം സാക്ഷികൾ. പ്രതിഭാഗം സാക്ഷികൾ ഒരു ജർമ്മൻ തൊഴിലാളി, ഒന്നാം ലോകമഹായുദ്ധത്തിൽ പരുക്കേററ ഒരു പട്ടാളക്കാരൻ, ഒരു റഷ്യൻ തൊഴിലാളി, ഒരു തൊഴിലാളിസ്ത്രീ, ഒരു പാവപ്പെട്ട കർഷകൻ എന്നിവരായിരുന്നു. പ്രോസിക്യൂട്ടർ ലെനിനെതിരായ കുററാരോപണം നടത്തിയതു് റഷ്യയിലേയും ലോകത്തിലേയും ബൂർഷ്വാസിയുടെ പേരിലാണു്. പാർട്ടിപരിപാടി നല്ലവണ്ണം അറിയാമായിരുന്ന ഒരു കമ്മ്യൂണിസ്റ്റായിരുന്നു പ്രതിഭാഗം വക്കീൽ.

തൊഴിലാളികളും കർഷകരുമടങ്ങിയ ''ജൂറി'' സാക്ഷികളുടെ മൊഴികളും വാദിഭാഗത്തിന്റേയും പ്രതിഭാഗത്തിന്റേയും വാദങ്ങളും കേട്ടശേഷം ''കുററക്കാരനല്ല'' എന്ന വിധി പ്രസ്താവിച്ചു.

വിചാരണയെക്കുറിച്ചുള്ള ഒരു വിവരണം ''പ്രാവ്ദ''യിലേക്കു് അയച്ചു.

''നമ്മൾ പ്രസിദ്ധപ്പെടുത്തേണ്ട ഒന്നാണിതു്!'' മരീയ ഇലിയീനിച്ച്ന പറഞ്ഞു. അവരതു് ലെനിനെ കാണിക്കാൻ വേണ്ടി വീട്ടിലേക്കു കൊണ്ടുപോയി. വൈകുന്നേരം അതു

തിരിച്ചുകൊണ്ടുവന്നിട്ട് അവർ പറഞ്ഞു: ''ഇതു് പ്രസ്സിലേക്കു് അയക്കു. ഞാനിതു് വ്ളദീമിർ ഇലിയിച്ചിനെ വായിച്ചുകേൾപ്പിച്ചു. അദ്ദേഹത്തിനു യോജിപ്പാണുള്ളതു്.''

''വിധിയോടാണോ?'' അസിസ്റ്റൻറ് സെക്രട്ടറി സാഷ തന്ത്രപൂർവ്വം ചോദിച്ചു.

''അല്ല. അദ്ദേഹത്തെക്കൂടാതെ അദ്ദേഹത്തിൻെറ ജന്മദിനം ആഘോഷിച്ചതുകൊണ്ടും അവർ ഒരിക്കൽപ്പോലും അദ്ദേഹത്തോടു് കോടതിയിൽ ഹാജരാകാൻ ആവശ്യപ്പെടാത്തതുകൊണ്ടും!''

''അദ്ദേഹം മോസ്ക്കോ കമ്മിററി ആഫീസിൽ വരുമോ ഇല്ലയോ?'' ''പ്രാവ്ദ'' ജീവനക്കാർ ചോദിച്ചു.

മരീയ ഇലിയീനിച്ച്ന തലകുലുക്കി. ''അദ്ദേഹത്തിൻെറ ആഘോഷവിരുദ്ധമനോഭാവം കണ്ടിട്ടു് വരുമെന്നു തോന്നുന്നില്ല.''

''മോസ്ക്കോവിൽ ഒരു പ്രചരണം, 'വ്ളദീമിർ ഇലിയിച്ച് പ്രേരണാവാരം' പോലൊന്നു് നാം നടത്തേണ്ടിയിരിക്കുന്നു,'' പത്രാധിപന്മാർ നേരമ്പോക്കായി പറഞ്ഞു.

''വേഗം സ്ഥലം വിടു്!'' മരീയ ഇലിയീനിച്ച്ന കൈ വീശിക്കൊണ്ടു് ഫലിതക്കാരെ ആഫീസിൽനിന്നും പറഞ്ഞയച്ചു.

''എന്തൊക്കെപ്പറഞ്ഞാലും, വ്ളദീമിർ ഇലിയിച്ച് സഖാക്കളുടെ വികാരങ്ങൾ മനസ്സിലാക്കേണ്ടതാണു്,'' മററുള്ളവർ പോയിക്കഴിഞ്ഞപ്പോൾ സാഷ പറഞ്ഞു. ''അവരും അദ്ദേഹവും ഒരേ നഗരത്തിലാണു പാർക്കുന്നതു്. ഇങ്ങനെയൊരു ദിവസത്തിൽ അദ്ദേഹം അവരെ തീർച്ചയായും കാണേണ്ടതാണു്. മരീയ ഇലിയീനിച്ച്ന, നിങ്ങളെന്തു പറയുന്നു?''

''നീ എൻെറ ഹൃദയതന്ത്രികൾ പിടിച്ചു വലിക്കുകയാണു്!''

''പക്ഷെ ഞാൻ കാര്യമായി പറയുകയാണു് മരീയ ഇലിയീനിച്ച്ന. എല്ലാവർക്കും വലിയ ഉത്സാഹമാണിപ്പോൾ. യുദ്ധമുന്നണികളിലാണെങ്കിൽ നമുക്കു പല വിജയങ്ങളുമുണ്ടായിട്ടുണ്ടു്....''

''എനിക്കറിയാം, കുട്ടി! പക്ഷെ അത്തരം യാതൊന്നും വ്ളദീമിർ ഇലിയിച്ചിനു സഹിക്കാനൊക്കുകയില്ല....''

അസുഖകരമായ എന്തോ ഒന്നു് പറിച്ചെറിയുന്നപോലെ അവർ മുഖംകൊണ്ടും കൈകൊണ്ടും ആംഗ്യം കാട്ടി. ''അദ്ദേഹം പ്രകൃത്യാതന്നെ ബഹുമതികൾക്കും ആഘോഷങ്ങൾക്കും എതിരാണു്. അവ അദ്ദേഹത്തെ മടുപ്പിക്കുന്നു. സഖാക്കൾ അതു കണക്കിലെടുക്കേണ്ടതാണു്. എന്തിനൊരാളെ നിർബ്ബന്ധിക്കണം?''

''വ്ളദീമിർ ഇലിയിച്ചിനു പലപ്പോഴും മടുപ്പു തോന്നാറുണ്ടോ?'' സാഷ ചോദിച്ചു.

''സാധാരണഗതിയിൽ അദ്ദേഹത്തിനു മടുപ്പു തോന്നാൻ സമയം കിട്ടാറില്ല,'' തൻെറ യുവ അസിസ്റ്റൻറിൻെറ ബാലിശമായ ചോദ്യം കേട്ടു് സഹതാപപൂർവ്വം പുഞ്ചിരിച്ചുകൊണ്ടു് പത്രാധിപആഫീസിലെ സെക്രട്ടറി പറഞ്ഞു. ''പക്ഷെ കഴമ്പില്ലാത്ത എല്ലാ സംസാരവും — അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ 'അതിനേയും ഇതിനേയും കുറിച്ചുള്ള വിഡ്ഢിത്തം പറച്ചിൽ'—വളരെയേറെ മുഷിപ്പനായിട്ടാണു് അദ്ദേഹത്തിനു് തോന്നാറുള്ളതു്. പുതുതായ സകലതിലും അദ്ദേഹം തല്പരനാണു്. മുമ്പു കേൾക്കാത്ത കാര്യങ്ങൾ പറഞ്ഞുകേൾക്കുന്നതു് വ്ളദീമിർ ഇലിയിച്ചിനു് സന്തോഷപ്രദമാണു്.''

അവർ ജനലിന്നു നേരേ തിരിഞ്ഞുകൊണ്ടു്, സാധാരണ ചെയ്യാറുള്ളതുപോലെ, വിദൂരമായ ഏതോ ഒരു ബിന്ദുവിൽ ദൃഷ്ടിയുറപ്പിച്ചു. ഒരുപക്ഷേ അങ്ങിനെയൊന്നു് ഇല്ലായിരിക്കാം, അല്ലെങ്കിൽ അതു് അവർക്കുമാത്രം ദൃശ്യമായിരിക്കാം. ഓർമ്മകളിൽ മുഴുകിക്കൊണ്ടു് താണ സ്വരത്തിൽ അവർ പറഞ്ഞു:

''എന്നും അങ്ങിനെയായിരുന്നു. വീട്ടിൽവച്ചും എൻെറ ജ്യേഷ്ഠന്മാർ വെറുതെയുള്ള സംസാരം ഇഷ്ടപ്പെട്ടിരുന്നില്ല.''

സാഷ ശ്വാസമടക്കിയിരുന്നു. മരീയ ഇലിയീനിച്ച്ന അവരുടെ സഹോദരന്മാരെപ്പററി പറയുന്നതു് ഇതു രണ്ടാമത്തെ തവണയാണു്; അതു സംഭവിക്കുമ്പോഴെല്ലാം സാഷയുടെ ഹൃദയം നിശ്ചലമാകുമായിരുന്നു. സഹോദരന്മാർ — അലെക്സാണ്ടർ... വ്ളദീമിർ.... അങ്ങോട്ടു കയറി ചോദിക്കാൻ പാടില്ലാത്ത, ചോദിക്കാനൊക്കാത്ത, ഒരു വിഷയമാണിതെന്നു് അവൾക്കു തോന്നി.

തൻെറ സഹോദരന്മാരെക്കുറിച്ചു മരീയ ഇലിയീനിച്ച്ന നടത്തിയ പരാമർശം തന്നിലുളവാക്കിയ ഉദ്വേഗം പുറത്തു കാണിക്കാൻ സാഷ ഭയപ്പെട്ടു. അവൾക്കു് അങ്ങേയററം പ്രിയപ്പെട്ട ഒരു വിഷയമായിരുന്നു അതു്. അസഹ്യമായ നിശ്ശബ്ദതയ്ക്കൊരു വിരാമമിടാൻവേണ്ടി സാഷ മേശപ്പുറത്തു കിടക്കുന്ന സാധനങ്ങൾ അടുക്കിവയ്ക്കാൻ തുടങ്ങി. അപ്പോഴേക്കും മരീയ ഇലിയീനിച്ച്ന, ആരോടെന്നില്ലാതെ ആത്മഗതമെന്നവണ്ണം സംസാരിച്ചുകൊണ്ടുള്ള അശ്രദ്ധാവസ്ഥയിൽ നിന്നും ഉണർന്നു. തൻെറ യുവ അസിസ്റ്റൻറിൻെറനേരേ തിരിഞ്ഞപ്പോൾ അവർ പെട്ടെന്നു് ഒരു കാര്യം ഓർത്തു.

''വ്ളദീമിർ ഇലിയിച്ച് ഇങ്ങനെപോലും പറയുമായിരുന്നു: 'ചിലച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ ഞാനിഷ്ടപ്പെടുന്നതു് വേട്ടയ്ക്കു പോകാനാണു്!' ''

അല്പമൊന്നു് ആശ്ചര്യപ്പെട്ടിട്ടു്, സാഷ തുറന്നു പറഞ്ഞു:

''പക്ഷെ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കാൻ എനിക്കിഷ്ടമാണു്, മരീയ ഇലിയീനിച്ച്ന. എല്ലാം വളരെ രസകരമാണു്....''

''ശരിയാണു്!'' മരീയ ഇലിയീനിച്ച്ന തലയാട്ടിക്കൊണ്ടു സമ്മതിച്ചു. ''ഗോർക്കിയുമൊന്നിച്ചിരിക്കുമ്പോൾ



ലെനിൻ കൊമിൻേറണിൻെറ മൂന്നാം കോൺഗ്രസ്സിൽ വച്ച് പ്രസംഗവേദിയുടെ പടിയിലിരുന്നുകൊണ്ടു് പ്രസംഗം ശ്രദ്ധിക്കുന്നു. ജൂലൈ 1921

അദ്ദേഹത്തിനൊരിക്കലും മുഷിച്ചിൽ തോന്നാറില്ല. ഗോർക്കി അടുത്തുള്ളപ്പോ ഠം അദ്ദേഹം സമയം നോക്കാറില്ല.''

''ലെനിനും ഗോർക്കിയും! ഒന്നാലോചിച്ചു നോക്കൂ!'' ബാലസഹജമായ തീക്ഷ്ണതയോടെ സാഷ നെടുവീർപ്പിട്ടു. ''അവർ സംസാരിക്കുന്നത് എന്തിനെക്കുറിച്ചാണെന്ന് ഒരിക്കലെങ്കിലും ഒന്നു കേഠക്കാൻ എനിക്കു കൊതിയാവുന്നു! ഒരുപക്ഷേ സാഹിത്യത്തെക്കുറിച്ചായിരിക്കുമോ?''

''സാഹിത്യവും പെടും,'' മരീയ ഇലിയീനിച്ച്ന പറഞ്ഞു. ''പക്ഷേ സാഹിത്യം മാത്രമല്ല....''

ആ സമയത്ത് ചായയുമായി ആളു വന്നു. ഉള്ളംകൈ ചൂടാക്കാനായി മരീയ ഇലിയീനിച്ച്ന കപ്പ് രണ്ടു കൈകൊണ്ടുമെടുത്തു.

''അവരുടെ സംസാരം മുഴുവൻ ആർക്കെങ്കിലും എഴുതിയെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, മരീയ ഇലിയീനിച്ച്ന! അവർ പറയുന്നതു മുഴുവനും!''

''എന്തൊരു ആശയം!'' തോഠം മുകളിലേക്കുയർത്തിക്കൊണ്ട് മരീയ ഇലിയീനിച്ച്ന പറഞ്ഞു. ''വീട്ടിൽ വച്ച് എപ്പോഴും, മതിയാവോളം സംസാരിക്കട്ടെ എന്നു കരുതി ഞങ്ങഠം അവരെ ഒററക്കിരുത്തി പോവാറാണു പതിവ്. എന്തിനവരെ ശല്യപ്പെടുത്തുന്നു! ഗോർക്കിക്കു് എപ്പോഴും ഇലിയിച്ചിനോടു പറയാൻ ഒരുപാടു കാര്യങ്ങളുണ്ടാവും. വിദേശത്തു കുടിയേറിപ്പാർക്കുന്നവർ നമ്മെക്കുറിച്ച് എന്താണെഴുതുന്നത്, നമ്മുടെ ശാസ്ത്രജ്ഞന്മാർ എന്തു ചെയ്യുന്നു, തുടങ്ങിയ കാര്യങ്ങഠം. അദ്ദേഹം വീട്ടിലേക്കു കയറി കോട്ടൂരുന്നേ ഉണ്ടാവുള്ളു. അപ്പോഴേക്കും ഇലിയിച്ച് അദ്ദേഹത്തെ സ്വീകരിക്കാനെത്തും. എന്നിട്ട് ഉന്മേഷത്തോടെ ചോദിക്കും: 'അലെക്സേയ് മക്സീമൊവിച്ച്, സ്ഥാനഭ്രഷ്ടരായ വർഗ്ഗങ്ങഠം നമ്മെക്കുറിച്ച് എന്താണു പറയുന്നത്?' ''

''ഗോർക്കി എന്തു മറുപടിയാണ് പറയാറ്?''

''ചിരിച്ചുകൊണ്ടു പറയും: 'എൻെറ റബ്ബർബൂട്സ്

ഊരിക്കഴിഞ്ഞാലുടൻ ഞാൻ എന്റെ റിപ്പോർട്ടു സമർപ്പിക്കാം, വ്ളദീമിർ ഇലിയിച്ച്!' ''

''ഹ—ഹ—ഹ!'' സാഷ പൊട്ടിച്ചിരിച്ചു.

''അതാ, നീ ഒരു തയ്യൽ മഷീൻ പോലെ ഒച്ചവയ്ക്കുന്നു!'' മരീയ ഇലിയീനിച്ച്ന വിളിച്ചുപറഞ്ഞു. ''നീ എന്നെക്കൊണ്ടു വർത്തമാനം പറയിപ്പിച്ചു. എന്റെ ഹൃദയതന്ത്രികൾ പിടിച്ചുവലിച്ചു....''

പാതി കുടിച്ച ചായ ജനൽപ്പടിയിൽ വച്ചുകൊണ്ട് അവർ തൊഴിലാളിലേഖകന്മാരുടെ കുറിപ്പുകളടങ്ങിയ ഒരു ഫയൽ മുമ്പിൽ തുറന്നുവച്ചു. രാപകലില്ലാതെ ആ റിപ്പോർട്ടുകൾ വായിച്ചുകൊണ്ടിരിക്കാൻ ലെനിന്റെ സഹോദരി തയ്യാറായിരുന്നു. ''തൊഴിലാളികൾക്കിടയിൽ'' എന്ന പംക്തിയിൽ ഉൾപ്പെടുത്താൻവേണ്ടി വന്നിട്ടുള്ള റിപ്പോർട്ടുകൾ അവർ വായിച്ചു തുടങ്ങി. എങ്കിലും, ആരെക്കുറിച്ചാണോ ഇപ്പോൾ സംസാരിച്ചുകൊണ്ടിരുന്നത് ആ ആളോട് അവർക്കുള്ള വാത്സല്യം അവരുടെ വിരസവും കുറെയൊക്കെ കരുതലോടുകൂടിയതുമായ മുഖത്ത് ഇപ്പോഴും തങ്ങിനില്ക്കുന്നുണ്ടായിരുന്നു.

* * *

പിറേറന്നു രാവിലത്തെ തപാൽ തുറന്നു നോക്കിയപ്പോൾ, റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (ബോൾഷെവിക്)യുടെ മോസ്ക്കോ കമ്മിററിയുടെ പഴയ മുദ്രയോടുകൂടിയ ഒരു വലിയ വെളുത്ത കവർ സാഷ കണ്ടു; അതു നിറയെ ടിക്കററുകളായിരുന്നു, വള്ദീമിർ ഇലിയിച്ച് ലെനിന്റെ അമ്പതാം ജന്മദിനം പ്രമാണിച്ചു കൂടുന്ന യോഗത്തിലേക്കുള്ള മോസ്ക്കോ പാർട്ടി കമ്മിററിയുടെ ക്ഷണനങ്ങൾ.

''മരീയ ഇലിയീനിച്ച്ന!'' സാഷ നീട്ടിവിളിച്ചു. ''അവസാനം ജന്മദിനം ആഘോഷിക്കാൻതന്നെ പോവുകയാണ്! നിങ്ങൾ ആന്ന ഇലിയീനിച്ച്നയോടു പറഞ്ഞു

വ്ളദീമിർ ഇലിയിച്ച് അക്കാര്യം കേൾക്കുകയേ ഇല്ലെന്ന്! എന്നിട്ടു കണ്ടോ! അവർ ഇതാ ക്ഷണക്കത്തുകൾ അയച്ചിരിക്കുന്നു!''

ലെനിന്റെ സഹോദരി ടിക്കററുകൾ കയ്യിലെടുത്തു; ചുണ്ടമർത്തിപ്പിടിച്ചുകൊണ്ട് അവർ അവ പരിശോധിച്ചു. എന്നിട്ട്, ശരൽക്കാലത്തിനുശേഷം കഴുകിത്തുടയ്ക്കാത്ത മങ്ങിയ ജനലിലേക്കു നോക്കി. താടിക്കു കൈ കൊടുത്തുകൊണ്ട് അവർ നിശ്ചേഷ്ടയായി ഇരുന്നു.

''ഒരുപക്ഷെ അദ്ദേഹം അവസാനം സമ്മതിച്ചിരിക്കുമോ?'' അവർ തീർച്ചവരാതെ, തന്നോടുതന്നെ വാദിക്കുന്ന മട്ടിൽ, പറഞ്ഞു, ടിക്കററുകൾ എണ്ണിയതിനുശേഷം അവർ പത്രാധിപസ്റ്റാഫിലെ കുറേപ്പേരുടെ പേര് ഡെസ്ക്കലണ്ടറിൽ എഴുതിയിട്ടു. ഒരു ടിക്കററ് സാഷയ്ക്കു കൊടുത്തു.

പതിവുപോലെ നാലുമണിക്ക് മരീയ ഇലിയീനിച്ച്ന ഭക്ഷണത്തിനായി അവരുടെ പഴയ ''ദെലൊനേ ബെൽവീൽ'' കാറിൽ വീട്ടിലേക്കു പോയി. പക്ഷെ, അത്ഭുതമെന്നേ പറയേണ്ടു, കുറെ അധികനേരത്തേക്ക് അവർ മടങ്ങിയെത്തിയില്ല.

മോസ്ക്കോ കമ്മിററിയിലേക്കു പോകണോ വേണ്ടയോ, ലെനിൻ അവിടെ കാണുമോ എന്നെല്ലാം ശങ്കിച്ചുകൊണ്ടു സാഷ തനിയെ ആഫീസിലിരുന്നു....

ഏതാണ്ട് വൈകുന്നേരത്തോടടുത്താണ് ''പ്രാവ്ദ'' സെക്രട്ടറി ക്രെംലിനിൽനിന്നു തിരിച്ചെത്തിയത്. സാഷയുടെ ആശ്ചര്യവും സംശയവും നിറഞ്ഞ കണ്ണുകൾ കണ്ടിട്ട് അവർ ഒന്നും പറയാതെ അവളെ കതകിന്റെ അടുത്തേക്ക് തള്ളിനീക്കി. പ്രോത്സാഹകമായ മൗനാനുവാദമായിരുന്നു അത്.

തന്റെ മേലാവിന്റെ വാചാലമായ കണ്ണുകളും മുഖഭാവവും മനസ്സിലാക്കാൻ സാഷ പഠിച്ചിരുന്നു. അതുകൊണ്ട് ചോദ്യമൊന്നും ചോദിക്കാതെ കോട്ടും ചെറിയ തൊ

പ്പിയും വലിച്ചെടുത്തുകൊണ്ടു് അവൾ യാത്രപറയുകയും ആഫീസിൽനിന്നു് അതിവേഗം പുറത്തു കടക്കുകയും ചെയ്തു. പിടയ്ക്കുന്ന ഹൃദയത്തോടെ അവൾ ഇടനാഴിയിൽക്കൂടി വേഗം നടന്നു് താഴോട്ടിറങ്ങി, വണ്ടികളും ലോറികളുംകൊണ്ടു നിറഞ്ഞ പ്രസ്സിന്റെ ഇടുങ്ങിയ നീണ്ട മുററത്തിലൂടെ ഏതാണ്ടു് ഓടുകതന്നെ ചെയ്തു. ഗേററിനു പുറത്തു കടന്ന അവൾ, കാററിൽ ഒച്ചവച്ചാടുന്ന തുരുമ്പുപിടിച്ച സൈൻബോർഡുകൾ തൂക്കിയിട്ട ഉയരം കുറഞ്ഞ വീടുകൾ തിങ്ങിനില്ക്കുന്ന, പഴയതും ഇടുങ്ങിയതും വളഞ്ഞുതിരിഞ്ഞുകിടക്കുന്നതുമായ ത്വെർസ്ക്കായ തെരുവിന്റെ പൊട്ടിപ്പൊളിഞ്ഞ നടപ്പാതയിൽ മഞ്ഞുരുകി കെട്ടിനിന്ന വെള്ളം ചവുട്ടി തെറിപ്പിച്ചുകൊണ്ടു് നടപ്പിന്റെ വേഗത കൂട്ടി.

മൂലയ്ക്കുള്ള കെട്ടിടത്തിനടുത്തെത്തിയപ്പോൾ — അതിന്റെ മുകളിലത്തെ നിലയിൽ ഒരു ദേവാലയം പോലെ അവളാരാധിക്കുന്ന ആർട്ട് തീയേറററിന്റെ ഒന്നാമത്തെ സ്ററുഡിയോ ആണുണ്ടായിരുന്നതു്—താഴത്തെ നിലയിലെ ഔഷധക്കടയുടെ പ്രദർശനജാലകത്തിൽവച്ചിരുന്ന, കടും പച്ചനിറത്തിലുള്ള ഏതോ ദ്രാവകത്തോടുകൂടിയ ഒരു തിളങ്ങുന്ന ഗോളത്തിൽ തന്റെ വിചിത്രമാംവണ്ണം വികൃതമാക്കപ്പെട്ട പ്രതിബിംബം കണ്ടുകൊണ്ടു് അവൾ ഒരു നിമിഷം നിന്നു. താൻ വസ്ത്രം മാറിയിട്ടില്ലെന്ന കാര്യം അപ്പോൾ അവളോർത്തു. പക്ഷെ ഇപ്പോൾ വീട്ടിലേക്കോടുകയാണെങ്കിൽ അവൾക്കു് ആഘോഷത്തിന്റെ തുടക്കം കാണാൻ പററില്ലെന്നതു് തീർച്ചയായിരുന്നു. ഒരുപക്ഷേ ലെനിൻ ഇപ്പോൾ തന്നെ അവിടെ ഉണ്ടെങ്കിലോ?

ദൃഢനിശ്ചയത്തോടെ കോട്ടു് ചേർത്തുപിടിച്ചുകൊണ്ടു് അവൾ നടപ്പാതയിൽനിന്നും താഴെയിറങ്ങി സോവിയററു് മൈതാനത്തിലൂടെ ധൃതഗതിയിൽ നടന്നു.

ഉയരമുള്ള ഭരണഘടനാസ്മാരകസ്തൂപം അവൾ പോയ വഴിക്കാണു നിന്നിരുന്നതു്. ഫ്രിജീയൻ തൊപ്പിയും

പ്രാചീനവസ്ത്രവും ധരിച്ചുകൊണ്ടുള്ള ഒരു സ്ത്രീയുടെ കരിങ്കൽ പ്രതിമ സ്തൂപത്തിനു് ഒരു വശത്തായി, മോസ്ക്കോസോവിയററിനെ അഭിമുഖീകരിച്ചുകൊണ്ടു നിന്നിരുന്നു. വിപ്ലവത്തിന്റെ മൂർത്തീകരണമായിരുന്നു ആ സ്ത്രീ. ആ സമയത്തു് അകത്തെ സ്ഫടികനിർമ്മിതമായ കൊത്തുവിളക്കുകളാൽ പ്രശോഭിതമായ മോസ്ക്കോസോവിയററിന്റെ വെനീഷ്യൻ ജനലുകളുടെ നേരെ കൈ നീട്ടി നില്ക്കുകയായിരുന്നു അവർ. അവയുടെ വെളിച്ചത്തിൽ ആ ശിലാഹസ്തത്തിന്റെ മനോജ്ഞമായ വടിവും കരിങ്കല്ലുകൊണ്ടു കൊത്തിയെടുത്ത ആ വിരലുകളുടെ ലോലമായ വളവും സാഷയ്ക്കു കാണാൻ കഴിഞ്ഞു. സ്തൂപത്തിന്റെ തറയുടെ മൂന്നു ഭാഗങ്ങളിൽ അർദ്ധവൃത്താകൃതിയിലുള്ള പിച്ചളത്തകിടുകളിന്മേൽ സോവിയററു് ഭരണഘടനയിൽനിന്നുമുള്ള ഖണ്ഡികകൾ എഴുതിച്ചേർത്തിട്ടുണ്ടായിരുന്നു. ആ ഏപ്രിൽ ദിവസത്തെ സായംസന്ധ്യയിൽ അക്ഷരങ്ങൾ വ്യക്തമായിരുന്നില്ല. എന്നാൽ പകൽ സമയത്തു് തലസ്ഥാനനഗരി കാണാൻ വരുന്നവരിൽ കൂടുതൽ കൂടുതലാളുകൾ ആ സ്തംഭത്തിനു ചുററും കൂടി, പുതിയ മാനുഷികബന്ധങ്ങളുടെ ഒരു യുഗത്തിനു പിറവികൊടുത്ത ഭരണഘടനയുടെ പിച്ചളകൊണ്ടുള്ള വരികൾ ആകാംക്ഷയോടെ വായിക്കും.

ഒക്ടോബർ വിപ്ലവത്തിന്റെ രണ്ടാം വാർഷികത്തിൽ നാട്ടിയ ആ സ്മാരകസ്തൂപം ലെനിൻ വളരെയേറെ പ്രാധാന്യം കല്പിച്ച ശിലാപ്രചരണത്തിന്റെ ഒരു ദൃഷ്ടാന്തമായിരുന്നു. ആ തറയുടെ വീതി കുറഞ്ഞ പടിയിൽ നിന്നുകൊണ്ടു് വ്ളദീമിർ ഇലിയിച്ചുതന്നെ പ്രസംഗിക്കുകയുണ്ടായി....

വേനല്ക്കാലത്തു് ഒരു ഞായറാഴ്ചയാണു് ഈ സ്മാരകം ഉൽഘാടനം ചെയ്തതു്. സാഷ ആ ദിവസം വ്യക്തമായി ഓർത്തു. ഉൽഘാടനച്ചടങ്ങു നടത്തിയ തലനരച്ച സ്ലിദോവിച്ചു് തന്റെ കറുത്ത കണ്ണടയിൽക്കൂടി ആൾക്കൂട്ടത്തിനുനേരെ നോക്കിക്കൊണ്ടു പ്രഖ്യാപിച്ചു:

‘‘നാം ഈ സ്മാരകം സ്ഥാപിച്ചിട്ടുള്ളത് നമ്മുടെ ഭരണഘടനയുടെ — തൊഴിലാളിഭരണകൂടത്തിന്റെ അടിസ്ഥാനനിയമത്തിന്റെ — സ്മരണ നിലനിർത്താൻ വേണ്ടിയാണ്: ‘പണിയെടുക്കാത്തവന് ആഹാരമില്ല....’ ’’

മോസ്ക്കോവിലെ വീടുകളേയും തെരുവുകളേയും ഏതാണ്ട് രണ്ടു വെളിച്ചത്തിൽ—വിപ്ലവത്തിനുമുമ്പുള്ള സ്ഥിതിയിലും ഇപ്പോഴത്തെ സ്ഥിതിയിലും — നോക്കിക്കാണുകയെന്നത് കുറെയേറെ നാളായി സാഷയുടെ ഒരു സ്വഭാവമായിക്കഴിഞ്ഞിരുന്നു. നഗരത്തിൽ വന്ന എല്ലാ മാററങ്ങളും അവൾക്ക് ഓർമ്മയുണ്ടായിരുന്നു — അവളുടെ കൺമുമ്പാകെയാണ് അവയെല്ലാം നടന്നത്. മോസ്ക്കോവിലെ വീടുകളിൽനിന്നും തെരുവുകളിൽനിന്നും വിപ്ലവത്താൽ നിഷ്ക്കാസനം ചെയ്യപ്പെട്ട പഴയത് പുതിയതിലൂടെ ഇപ്പോഴും ദൃശ്യമായിരുന്നു — ഒരു ഫിലിമിൽ ആദ്യം വരുന്ന പടത്തിന്റെ രൂപം അതിന്റെ മുകളിൽ വയ്ക്കുന്ന മറെറാരു പടത്തിൽക്കൂടി കാണാവുന്നതുപോലെ.

കെട്ടും മട്ടും ഒത്തിണങ്ങിയ, ഭംഗിയായി സമീകരിച്ചിട്ടുള്ള ജനാലകളോടും ചുവപ്പും വെള്ളയും നിറമുള്ള വടിവൊത്ത ഭിത്തികളോടും കൂടിയ മോസ്ക്കോസോവിയററിന്റെ സൗധത്തേയും ഈ ഇരട്ടവെളിച്ചത്തിലാണ് സാഷ കണ്ടത്. അവളെ സംബന്ധിച്ചിടത്തോളം അത് ഒരേ സമയത്ത് സ്കോബെലെവ് മൈതാനത്തിലെ മോസ്ക്കോഗവർണ്ണർ ജനറലിന്റെ മുൻവാസസ്ഥലവും 1917 ഒക്ടോബറിൽ മോസ്ക്കോസായുധകലാപത്തിനു നേതൃത്വം നൽകിയ വിപ്ലവസൈനികക്കമ്മിററിയുടെ ആസ്ഥാനമായിരുന്ന ചരിത്രപ്രധാനമായ കെട്ടിടവുമായിരുന്നു.

സോവിയററ് ഭരണഘടനാസ്മാരകസ്തൂപം അവളെ എപ്പോഴും അനുസ്മരിപ്പിച്ചത് അതിനുമുമ്പ് അവിടെ നിന്നിരുന്ന പ്രതിമയെയാണ് — രൗദ്രഭാവത്തിൽ വാൾ ചുഴ

ററിക്കൊണ്ട് അശ്വാരൂഢനായി നില്ക്കുന്ന ജനറൽ സ്കോബെലെവിന്റെ പ്രതിമ.

കാരിരുമ്പുകൊണ്ടുണ്ടാക്കിയ ആ അശ്വാരൂഢനെ ഒക്ടോബർ വിപ്ലവത്തിനുശേഷം മറിച്ചിടുകയുണ്ടായി. ഇരുമ്പുരുക്കാൻവേണ്ടി നീക്കം ചെയ്യുന്നതുവരെ അത് വിസ്തൃതമായി അടുത്തുള്ളൊരു മൈതാനത്ത് കിടന്നിരുന്നു.

പഴയ ഭരണക്രമത്തെ വിപ്ലവത്തിന്റെ തീച്ചൂളയിലിട്ടതിന്റെ പ്രതീകമായിട്ടാണ് സാഷയ്ക്ക് ഇതെല്ലാം തോന്നിയത്.

സ്മാരകസ്തൂപം കടന്ന് സാഷ കുത്തനെ കിടക്കുന്ന പുരാതനമായ സ്റ്റോലേഷ്നിക്കൊവ് തെരുവിലൂടെ അതിവേഗം നടന്നു. പഴയ അഗ്നിശമനനിലയത്തിന്റെ ഗോപുരകമാനത്തിനടുത്തുകൂടെ അവൾ നടന്നു. അവളുടെ ഉയർന്ന ബൂട്സിന്റെ ഹീലുകൾ പഴയ തറക്കല്ലുകളിൽ മുട്ടി ശബ്ദമുണ്ടാക്കി.

വളവ് തിരിഞ്ഞപ്പോൾ, മോസ്ക്കോ സോവിയററിനു ലംബമായി അങ്കണത്തോടുകൂടിയ ഒരു കമനീയസൗധം അവൾ ചിത്രവേലകളോടുകൂടിയ ഇരുമ്പുവേലിക്കിടയിലൂടെ കണ്ടു. പണ്ട് ഈ സൗധം ഒരു പ്രശസ്ത കലാസാഹിത്യസംഘത്തിന്റെ സമ്മേളനസ്ഥലമായിരുന്നു. സായാഹ്നങ്ങളിൽ തിയോസഫിസ്ററുകളുടെ ദീർഘപ്രഭാഷണങ്ങളും കവികളുടേയും കലാകാരന്മാരുടേയും വാഗ്വാദങ്ങളും പുലർച്ചവരെ നീണ്ടുനിൽക്കുന്ന ചീട്ടുകളികളും ഇവിടെ നടന്നിട്ടുണ്ട്....

മോസ്ക്കോ പാർട്ടികമ്മിററി ഈ കെട്ടിടത്തിലേക്കു മാറിയത് ലിയോൻത്യെവ്സ്ക്കിയ് തെരുവിലുള്ള അതിന്റെ പഴയ ആഫീസ്പരിസരം ഒരു ബോംബു പൊട്ടിനശിച്ചതിനുശേഷമാണ്.

ഈ ഏപ്രിൽ സായാഹ്നത്തിൽ മോസ്ക്കോവിലെ ബോൾഷെവിക്കുകൾ ഈ സൗധത്തിലേക്കു പ്രവഹിക്കുകയായിരുന്നു.

മാർദ്ദവമില്ലാത്ത ഇരിപ്പിടങ്ങളോടുകൂടിയ വീതി കുറഞ്ഞ നീണ്ട ഹാൾ സാഷയ്ക്കു സുപരിചിതമായിരുന്നു. കാരണം, പാർട്ടിപ്രചാരകരുടെ സമ്മേളനങ്ങൾ സാധാരണ അവിടെവച്ചാണു് നടത്താറുണ്ടായിരുന്നതു്. ഇപ്പോൾ ആ സ്ഥലം നിറഞ്ഞിരുന്നു. ആളുകൾ പിന്നെയും പിന്നെയും വന്നുകൊണ്ടിരുന്നു.

ചുമരിനു സമീപമായി, ഒരു വരിയുടെ അററത്തു്, കൂടുതലായി കൊണ്ടിട്ട ഒരു കസേരയിൽ സാഷ ഇരുന്നു പാർട്ടി ജില്ലാക്കമ്മിററിയിൽ വെച്ചു് അവൾ മുമ്പു കണ്ടിട്ടുള്ള മത്‌വേയ് എന്ന വസ്ത്രനിർമ്മാണത്തൊഴിലാളിയാണു് അവൾക്കു് ആ ഇരിപ്പിടം നൽകിയതു്.

‘‘അവിടെ ഇരിക്കൂ!’’ അത്ര വടിവൊന്നുമില്ലാത്ത ചതുരാകൃതിയിലുള്ള മുഖത്തു് അകത്തേക്കു തള്ളിയിരിക്കുന്ന വലിയ കണ്ണുകൾകൊണ്ടു് അവളെ നോക്കി അയാൾ നിർബ്ബന്ധിച്ചു. ‘‘ഈ സീററിലിരുന്നോളൂ. വേറെ സീററു് കിട്ടില്ല.’’

താൻ പ്രസംഗവേദിക്കു് വളരെയടുത്താണെന്നു കണ്ടപ്പോൾ സാഷയ്ക്കു സംഭ്രമവും രോമാഞ്ചവുമുണ്ടായി. അവൾ കൃതജ്ഞതാപൂർവ്വം മത്‌വേയെ നോക്കി തലയാട്ടി. ചുമരിൽ ചാരിയിരുന്നുകൊണ്ടു് അവൾ ഹാളിൽ നടക്കുന്ന യോഗനടപടികൾ ശ്രദ്ധിച്ചു.

ലെനിൻ പ്രസംഗവേദിയിലോ ഏതെങ്കിലും സീററിലോ ഇരിപ്പുണ്ടായിരുന്നില്ല. യോഗം ഔപചാരികമായി ആരംഭിച്ചുകഴിഞ്ഞിരുന്നു. പാർട്ടിയിലെ പ്രമുഖവ്യക്തികൾ പ്രസംഗിച്ചു. പക്ഷെ അവർ ആരെക്കുറിച്ചു സംസാരിച്ചോ, ആ ഹാളിലെ സകലപേരും ആരെ കാണാനും ആരു പറയുന്നതു കേൾക്കാനുമാണോ അവിടെ കൂടിയിരുന്നതു്, ആ ആൾ മാത്രം അവിടെ ഉണ്ടായിരുന്നില്ല....

‘‘മരീയ ഇലിയീനിച്ച്നയ്ക്കു് അറിയാമായിരുന്നി

ല്ലേ അദ്ദേഹം വരികയില്ലെന്നു്?’’ സാഷ നിരാശയോടെ ചിന്തിച്ചു. ‘‘അവർ എന്നെ കളിയാക്കുകയായിരുന്നോ?’’

മെലിഞ്ഞു നീണ്ടുവളഞ്ഞു്, ഗോർക്കി പ്രസംഗവേദിയിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിനു തണുക്കുന്നുണ്ടെന്നു് കണ്ടാൽ തോന്നുമായിരുന്നു. അദ്ദേഹത്തിന്റെ മുടി പററവെട്ടിയിരുന്നു. നീർക്കുതിരയുടേതു പോലുള്ള അദ്ദേഹത്തിന്റെ മീശ എഴുന്നേററുനിന്നു. ആ നീലക്കണ്ണുകളിൽ ദൃഢചിത്തത തെളിഞ്ഞുകാണാമായിരുന്നു. ചിലപ്പോൾ മച്ചിലേക്കും ചിലപ്പോൾ ഒരു വശത്തേക്കും സൂക്ഷിച്ചുനോക്കിക്കൊണ്ടു് അദ്ദേഹം പ്രസംഗം തുടങ്ങി. കരുത്തും എല്ലുറപ്പുമുള്ള കൈകൾ വീശികൊണ്ടു് അദ്ദേഹം തന്റെ വാക്കുകൾ ഊന്നിപ്പറഞ്ഞു.

‘‘ചില ആളുകളെപ്പററി പറയാൻ പ്രയാസമാണു്,’’ അദ്ദേഹം പറഞ്ഞു ‘‘അവരുടെ പ്രാധാന്യം വിവരിക്കാൻ ഒരു വാക്കിനും സാദ്ധ്യമല്ല. അവരാണു് — ഞാനതെങ്ങിനെ വിവരിക്കാനാണു്—ഒരു ഭീമമായ ലിവറുപയോഗിച്ചു് ചരിത്രത്തിന്റെ ഗതി തങ്ങളുടെ അഭീഷ്ടപ്രകാരം തിരിച്ചുവിടുന്നതു്.’’

ഗോർക്കി ഇതു പറഞ്ഞുകൊണ്ടു് വിഷമത്തോടെ പുറകോട്ടൊന്നു നോക്കി — വിവരിക്കാൻ പ്രയാസമുള്ള, ചരിത്രത്തിന്റെ ചക്രം തിരിക്കുന്ന, ആൾ തന്റെ പിന്നിൽ ഇരിക്കുന്നുണ്ടെന്ന മട്ടിൽ.

‘‘ഞാൻ ഒരു പദചിത്രകാരനാണെന്നാണു പറയപ്പെടുന്നതു്. പക്ഷെ ആ രൂപത്തെ വർണ്ണിക്കുന്നതിനു പററിയ വാക്കുകൾ കിട്ടാൻ എനിക്കു കഴിയുന്നില്ലെന്നതു് തുറന്നു സമ്മതിക്കേണ്ടിയിരിക്കുന്നു,’’ തനിക്കു വേണ്ട വാക്കുകൾ കിട്ടാത്തവണ്ണം അറച്ചറച്ചുകൊണ്ടു് ഗോർക്കി തുടർന്നു.... ‘‘ബൃഹത്തായ, സുശക്തമായ, ഭൂമിയോടൊട്ടിനിൽക്കുന്ന ഒന്നാണു ലെനിൻ....’’

അദ്ദേഹം തന്റെ കരുത്തുററ തൊഴിലാളിഹസ്തങ്ങളിലെ വിരലുകൾ നിവർത്തിപ്പിടിച്ചുകൊണ്ടു് ആകാശത്തിൽ ഒരു

വൃത്തം വരച്ചു. ബൃഹത്തും സുശക്തവുമായി വാർത്തെടുത്തിട്ടുള്ള താണു ലെനിനെന്ന ധാരണയ്ക്കു് ആ ഒരൊററ അംഗവിക്ഷേപ ത്തിൽക്കൂടി രൂപം നൽകാൻ ശ്രമിക്കുകയായിരുന്നു അദ്ദേഹം.

മന്ദംമന്ദം മുന്നോട്ടു നീങ്ങിയ കൈവീശിക്കൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസംഗം എല്ലാവരും ശ്രദ്ധിച്ചു. മഹത്തായ ഒരാശയം വന്നുദിച്ചതുപോലെ അദ്ദേഹം പെട്ടെന്നു് തല പുറകോട്ടു മലർത്തി. അദ്ദേഹത്തിൻെറ മുഖം തിളങ്ങി. തൻെറ സുഹൃത്തായ ആ മനുഷ്യൻെറ മഹത്തരവും അതേസമയം സാധാരണവുമായ ചിത്രത്തിൻെറ സുപരിചിതമായ വിശദാംശങ്ങൾ അദ്ദേഹം വിവരിക്കാൻ തുടങ്ങി:

''ലണ്ടനിൽ വച്ചു നടന്ന പാർട്ടികോൺഗ്രസ്സിനിടയ്ക്കു് അദ്ദേഹം എൻെറ ഹോട്ടൽമുറിയിൽ വന്നു, എൻെറ മെത്ത വിരിപ്പു് വേണ്ടപോലെ കാററുകൊള്ളിച്ചതാണെന്നു് ഉറപ്പു വരുത്താൻവേണ്ടി. ലണ്ടൻ ഈർപ്പമുള്ള സ്ഥലമാണെന്നു നിങ്ങൾക്കറിയാമല്ലൊ. എൻെറ ആരോഗ്യത്തെപ്പററി അദ്ദേഹത്തിനു് ഉൽക്കണ്ഠയുണ്ടായിരുന്നു. അതാണു് എനിക്കറിയാവുന്ന ലെനിൻ, പ്രതീക്ഷയ്ക്കതീതനായ ലെനിൻ....''

ലെനിനെക്കുറിച്ചുള്ള ഈ ചിത്രീകരണം കേട്ടു് സദസ്സു് സ്തബ്ധമായിരുന്നു. ഇരിപ്പിടങ്ങളിൽ ചലനവും മർമ്മരവുമുണ്ടായി.

തൻെറ സ്മരണകളിലേക്കു് കൂടുതൽ ആണ്ടിറങ്ങിക്കൊണ്ടു് ഗോർക്കി തുടർന്നു: ''വ്ളദീമിർ ഇലിയിച്ച് എന്നെ കാപ്രിയിൽ വന്നു കണ്ടപ്പോൾ അദ്ദേഹം ചൂണ്ടക്കോലില്ലാതെ മീൻ പിടിക്കാറുണ്ടായിരുന്നു. ചിരിച്ചുകൊണ്ടാണു് അദ്ദേഹമതു ചെയ്തിരുന്നതു്. അദ്ദേഹത്തിനു മാത്രമേ



ലെനിൻ കൊമിൻേറണിൻെറ മൂന്നാം കോൺഗ്രസ്സിൽ വച്ചു് പ്രസംഗവേദിയുടെ പടിയിലിരുന്നുകൊണ്ടു് ഒരു പ്രസംഗത്തിൻെറ കുറിപ്പുകളെടുക്കുന്നു. ജൂലൈ 1921

അങ്ങിനെ ചിരിക്കാൻ കഴിയൂ. ഞങ്ങാ ചീട്ടു കളിക്കുമ്പോഴും അദ്ദേഹം ചിരിക്കും— ഹൃദയം മുഴുവൻ തുറന്നു്!''

ലെനിന്റെ ചിരി ഹാളിലേക്കു സംക്രമിച്ചതുപോലെ അവിടം ഇളകിവശായി. കരഘോഷം കുറെയധികം നേരം നീണ്ടുനിന്നു. ഗോർക്കി അപ്പോഴേക്കും സ്വരണകാം തന്നെ വഹിച്ചുകൊണ്ടുപോയ മണ്ഡലത്തിൽ നിന്നും യാഥാർത്ഥ്യത്തിലേക്കു മടങ്ങിവന്നുകഴിഞ്ഞിരുന്നു. മുടി പററവെട്ടിയ തലയും മെലിഞ്ഞ കഴുത്തും കഴിയുന്നത്ര നീട്ടിപ്പിടിക്കാൻ വേണ്ടി മുന്നോട്ടാഞ്ഞുകൊണ്ടു് അദ്ദേഹം തന്നിൽ വിശ്വാസം സമർപ്പിച്ചിരുന്ന ആ ബോാംഷെവിക്കുകളുടെ സദസ്സിനെ കോരിത്തരിപ്പിച്ചുകൊണ്ടു് ഒരു പ്രധാനവസ്തുത തുറന്നു സമ്മതിക്കുന്ന മട്ടിൽ പറഞ്ഞു:

''അദ്ദേഹമിപ്പോാം ലോകപ്രധാനമായ പ്രവർത്തനത്തിൽ വ്യാപൃതനാണു്. അദ്ദേഹത്തിന്റെ സമീപത്തിരിക്കാൻ എനിക്കു സത്യത്തിൽ ഭയംതോന്നുന്നു. ഞാൻ ഇപ്പറയുന്നതു വിശ്വസിക്കൂ!'' താൻ സമീപത്തിരിക്കാൻ ഭയപ്പെടുന്ന മനുഷ്യൻ അടുത്തെങ്ങാനുമുണ്ടോ എന്നറിയാൻ അദ്ദേഹം ഉൽക്കണ്ഠയോടെ വീണ്ടും പുറകോട്ടു തിരിഞ്ഞുനോക്കി.

ഈ മനുഷ്യനോടൊപ്പം 'ഒരേസമയത്തു്' ലോകത്തിൽ ജീവിച്ചിരിക്കാൻ താനെത്രകണ്ടു് ഭാഗ്യവതിയാണെന്നു ചിന്തിച്ചപ്പോാം സാഷയുടെ ഹൃദയം സന്തോഷവും വിസ്മയവുംകൊണ്ടു് തുള്ളിച്ചാടി.

പക്ഷെ ലെനിൻ എന്നിട്ടും വന്നില്ല. തനിക്കു പ്രിയപ്പെട്ടവനും സാധാരണ പ്രകൃതക്കാരനും ഹൃദയം തുറന്ന ചിരിക്കുന്നയാളുമായ ഒരു റഷ്യാക്കാരനെപ്പററി ഗോർക്കി പറഞ്ഞ വാക്കുകാം കോംക്കാതെ, വളരെയേറെ ഉൽകൃഷ്ടമാനസനും ലോകകാര്യങ്ങളിൽ വ്യാപൃതനുമായതുകൊണ്ടു് അദ്ദേഹത്തിന്റെ അടുത്തിരിക്കാൻ ഗോർക്കിയെപ്പോലുള്ള ഒരു സാഹിത്യകാരനു പോലും ഭയമായിരുന്നുവെന്ന വസ്തുത അറിയാതെ, ക്രെംലിനിലെ പഠനമുറിയിലിരിക്കുകയായിരുന്നു ലെനിൻ....

ഗോർക്കിയുടെ പ്രസംഗത്തെത്തുടർന്ന് തൊഴിലാളി വർഗ്ഗകവികൾ ആ ദിവസത്തെ കഥാപുരുഷൻെറ ബഹുമാനാർത്ഥം രചിച്ചിട്ടുള്ള കവിതകൾ ചൊല്ലി.

''പക്ഷെ ഇന്നത്തെ കഥാപുരുഷൻ ഇനിയും എത്തിയിട്ടില്ലല്ലൊ!'' മത്വേയ് പരാതിപ്പെട്ടു.

അനുകമ്പാർദ്രമായ മുഖത്തോടുകൂടിയ ചടച്ചുമെലിഞ്ഞ ഒരു യുവാവായ അലെക്സാന്ദ്രോവ്സ്ക്കിയ് തൻെറ കവിതകൾ സ്നിഗ്ദ്ധവും ഹൃദയസ്പർശിയുമായ രീതിയിൽ പാടി:

''നമ്മുടെ കമ്മിസാറിൻ ഉരുക്കുനാമം
മാററൊലിക്കൊള്ളും തലമുറകൾ തോറും!''

അരയിൽ ഒരു ചുവന്ന സിൽക്കുചരടുകൊണ്ട് ബന്ധിച്ച ഉടുപ്പിട്ട കുറുകിത്തടിച്ച ഒരു വൃദ്ധൻ കവികൾക്കുശേഷം പ്രസംഗവേദിയിൽ കയറി. അദ്ദേഹത്തിൻെറ തുടുത്ത, മിക്കവാറും ബാലസഹജമായ മുഖവും നരച്ച തലമുടിയും തമ്മിൽ വിചിത്രമാംവണ്ണം അന്തരമുണ്ടായിരുന്നു. വാർദ്ധക്യത്തിലും അദ്ദേഹത്തിൻെറ നീലക്കണ്ണുകൾ പ്രസന്നമായും അതിശയകരമായ വിധത്തിൽ തെളിഞ്ഞും ഇരുന്നിരുന്നു. പാർട്ടി സാഹിത്യത്തിൽ ഗലേർക്ക എന്ന പേരിലറിയപ്പെട്ടിരുന്ന ഈ പഴക്കം ചെന്ന ''പ്രാവ്ദ'' ലേഖകനും നിരൂപകനും പെട്ടെന്ന് ഹാളിലിരുന്നിരുന്ന ഒരു സ്ത്രീയെ അഭിവാദ്യം ചെയ്തു. അവരെ ശരിക്കൊന്നു കാണാൻ എല്ലാവരും ചാടിയെഴുന്നേററു. അഭിവാദ്യങ്ങളും കയ്യടികളും ഉയർന്നു. ലെനിൻെറ ഏററവുമടുത്ത ഉററസഹചാരിയോടുള്ള ആദരവിനെയാണ് ഈ ആഹ്ലാദപ്രകടനങ്ങൾ കുറിച്ചത്.

ഭംഗിയായിട്ടാണ് അവർ വസ്ത്രധാരണം ചെയ്തിരുന്നത്; ഈ പ്രത്യേകാവസരത്തിനവേണ്ടി അവർ മുടി കൂടുതൽ നിഷ്കർഷയോടെ ചീകിയൊതുക്കിയിരുന്നു. ഒരൊററ തലമുടിച്ചുരുൾപോലും അസ്ഥാനത്തായിരുന്നില്ല. വെളിച്ചം കണ്ണിലടിച്ചാലെന്നപോലെ നദേഷ്ദ കൊൻസ്തന്തീനൊവ്ന മുഖം പൊത്തി.

അപ്രതീക്ഷിതമായ ഈ ആഹ്ലാദപ്രകടനം കണ്ട് അവർ കുഴങ്ങി. അവർ എന്തോ മന്ത്രിച്ചുകൊണ്ടിരുന്നു. അവരുടെ സന്തോഷഭരിതമായ പുഞ്ചിരി തെളിഞ്ഞുനിൽക്കുന്നതും കരുണാർദ്രമെങ്കിലും ഏറെക്കുറെ സംഭ്രമം കലർന്നതുമായ അവരുടെ കണ്ണുകളിലേക്കു വ്യാപിച്ചു.

''എനിക്കിതിലെന്താണു കാര്യം?'' അവർ പറയുന്നതുപോലെ തോന്നി. ''എന്നെ ഈ രീതിയിൽ ബഹുമാനിക്കേണ്ട യാതൊരാവശ്യവുമില്ല!''

അവരുടെ നേരേ നീട്ടപ്പെട്ട പരശതം കൈകളിൽനിന്ന് ഒഴിഞ്ഞുമാറാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നപ്പോഴാണ് പ്രസംഗവേദിയിൽനിന്നും ഒരു കമ്പി വായിച്ചത്.

''ലെനിൻെറ അമ്പതാം ജന്മദിനം പ്രമാണിച്ച് തുർക്കിസ്താൻ മുന്നണിയുടെ വിപ്ലവസൈനികകൗൺസിൽ അദ്ദേഹത്തിന് ഇരുപതു ബോഗിനിറയെ ധാന്യം എത്തിക്കുന്നു. ഹലാത്തൊവ്.''

ഈ സമ്മാനത്തെസ്സംബന്ധിച്ചുള്ള ലെനിൻെറ കല്പനയും അതോടൊപ്പം വായിക്കപ്പെട്ടു:

''ഇരുപതു ബോഗി ധാന്യം പെട്രോഗ്രാഡിലേയും മോസ്ക്കോവിലേയും ഇവാനൊവൊ–വൊസ്നെസേൻസ്ക്കംലേയും കട്ടികൾക്കിടയിലും ഖനിത്തൊഴിലാളികൾക്കിടയിലും പങ്കിടേണ്ടതാണ്. ലെനിൻ.''

എന്നിട്ടും ലെനിൻ വന്നില്ല.

ഒരു വിശ്രമവേള പ്രഖ്യാപിക്കപ്പെട്ടു. എല്ലാവരും റിഫ്രഷ്മെൻറ് ഹാളിലേക്കു ക്ഷണിക്കപ്പെട്ടു. അരളിച്ചെടികളുടെ പടങ്ങളുള്ള വലിയ നീല പ്ലേററുകൾ നിറയെ പാൽക്കട്ടികൊണ്ടുണ്ടാക്കിയ സാൻഡ്വിച്ചുകൾ മേശപ്പുറത്തു നിരത്തിയിട്ടുണ്ടായിരുന്നു; കൂടാതെ ഉക്രേനിയൻ ബേക്കണും ആസ്ത്രഖൻ സ്റ്റർജിയണും വച്ച റൊട്ടിക്കഷണങ്ങളും കുമ്പാരമായി വച്ചിട്ടുണ്ടായിരുന്നു. വിശന്നുവലഞ്ഞിരുന്ന തൊഴിലാളി വർഗ്ഗതലസ്ഥാനനഗരിക്കുവേണ്ടി, വിജയം കൈവരിച്ച മുന്നണികൾ കൊടുത്തയച്ച നല്ല പദാർത്ഥങ്ങളായിരുന്നു അവ.

ആവി പറക്കുന്ന ഒന്നാന്തരം ചായ പച്ചനിറത്തിലുള്ള പരുപരുത്ത ഗ്ലാസുകളിൽ പകർന്നു. കടുംനിറത്തിലുള്ള മിട്ടായികൾ കടിച്ചുകൊണ്ട് ആളുകൾ അതു കുടിച്ചു.

''നമ്മളെന്തിനാണ് ബാക്കിയുള്ളവരിൽനിന്നും മാറി നിൽക്കുന്നത്? നമ്മളെന്താണ് ഒന്നും തിന്നാത്തത്?'' തന്റെ സാൻഡ്വിച്ച് കാട്ടികൊണ്ട് മത്വേയ് സാഷയോടു ചോദിച്ചു. ''ഈ അവസരം പ്രമാണിച്ച് മോസ്ക്കോ കമ്മിററി സഖാക്കളെ സൽക്കരിക്കുകയാണ്.''

''മോസ്ക്കോ കമ്മിററി മാത്രമല്ല. ക്രെംലിനും മോസ്ക്കോയ്ക്കു ഇന്നു ചിലതെല്ലാം തന്നിട്ടുണ്ട്,'' ചുവന്ന തലമുടിയുള്ള, ഭീമകായനായ ഒരു സരസൻ ചിരിച്ചുകൊണ്ടു പറഞ്ഞു.

''കക്ഷികൾ ഏററുമുട്ടുന്നു, സ്ലാവുകൾ കലഹിക്കുന്നു!'' കിന്നരിവച്ചുപിടിപ്പിച്ച ഷർട്ടും അരയിൽ തൊങ്ങലോടുകൂടിയ ബെൽട്ടും ധരിച്ചു, മെലിഞ്ഞു് ഉയരം കൂടിയ ഒരു മനുഷ്യൻ അഭിപ്രായപ്പെട്ടു. അയാളുടെ തലമുടി വിചിത്രമായ വിധത്തിൽ എഴുന്നേററുനിന്നിരുന്നു. ഒരു പുരുഷനിൽ സാധാരണ കാണാത്ത, വളരെയേറെ മാർദ്ദവമുള്ള കഴിഞ്ഞ താടി അയാളുടെ മുഖത്തിന്റെ നേർമ്മയെ എടുത്തുകാട്ടി. ബെൽട്ടിന്റെ തൊങ്ങൽ കയ്യിൽ പിടിച്ചുകൊണ്ട് അയാൾ ആൾക്കൂട്ടത്തിനിടയിലൂടെ തിക്കിക്കയറി. സാഷയുടെ മുമ്പിൽ വന്നപ്പോൾ അയാൾ നിന്നു. അവളെ തമാശയായി നോക്കിക്കൊണ്ട് അയാൾ പിറുപിറുത്തു: ''സാഷ മററുള്ളവർ പറയുന്നതു ശ്രദ്ധിക്കും, പക്ഷെ ഒന്നും കഴിക്കില്ല. അതാണവൾ ഇങ്ങനെ മെലിഞ്ഞിരിക്കുന്നത്.'' ഇത്രയും പറഞ്ഞുകൊണ്ട് അയാൾ ഒരു അര സാൻഡ്വിച്ച് അവളുടെ വായിൽ കുത്തിത്തിരുകി.

''കൊള്ളാം, നന്നായി!'' ചെമ്പൻതലമുടിയുള്ള ഭീമകായൻ അയാളുടെ വലിയ വെളുത്ത കൈകൾ വീശിക്കൊണ്ടു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ''മുഖ്യവിറകുഡിപ്പൊ

മോസ്ക്കോ നിവാസികൾക്ക് വിറകുമാത്രമല്ല റൊട്ടിയും തരുന്നുണ്ട്.''

അവരുടെ പൊട്ടിച്ചിരി പ്രസിദ്ധസംഗീതരചയിതാവായ മുസ്സൊർഗ്സ്ക്കിയുടെ ഛായയുള്ള ഒരു കുററൻ മനുഷ്യനെ ആകർഷിച്ചു. മോസ്ക്കോവിലെ ആരോഗ്യവകുപ്പിന്റെ ചാർജ്ജുള്ള വ്ളദീമിർ അലെക്സാന്ദ്രൊവിച്ച് ഓബുക്ക് ആയിരുന്നു അദ്ദേഹം. ലെനിന്റെ ഒരു അടുത്ത സ്നേഹിതനായിരുന്ന ഓബുക്ക് സോവിയററ് തലസ്ഥാന നഗരിയിൽ സുപരിചിതനായ ഒരാളായിരുന്നു. ആൾക്കൂട്ടത്തിലേക്കു നോക്കിക്കൊണ്ട് ഉയരംകൂടിയ ആ മനുഷ്യൻ കാടുപോലെ മുററിവളർന്ന തന്റെ താടി രണ്ടുഭാഗത്തേക്കും ഒതുക്കിക്കൊണ്ട് ഒരു കഷണം റൊട്ടിയും ഉണങ്ങിയ പാൽക്കട്ടിയും വായിലാക്കി. ഒരു മിട്ടായി വായിലിട്ട് ചായയും കുടിച്ചു. ഭംഗിയില്ലാത്ത പരുപരുത്ത ഗ്ലാസ് ഒരു പാത്രം വിലപിടിച്ച വീഞ്ഞാണെന്ന മട്ടിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹം ഉച്ചത്തിൽ ചൊല്ലി:

''ലിംബർഗ്ഗ് പാൽക്കട്ടികളും
സ്വർണ്ണനിറത്തിലുള്ള കൈതച്ചക്കയുമിടയ്ക്കു്
സ്വാദുള്ള സ്ട്രാസ്ബർഗ്ഗ്പൈ വരുന്നു....''

എല്ലാവരും ചിരിച്ചു. കുററനായ ഓബുക്കാണ് ഏററവും ഉച്ചത്തിൽ ചിരിച്ചത്.

''ഇലിയിച്ച് ഇനിയും വരാൻ കൂട്ടാക്കുന്നില്ല!'' ബുഫെയിൽ വച്ച് ആരോ പറഞ്ഞു. ടെലിഫോണിൽകൂടി ലെനിനുമായി നടത്തിയ സംഭാഷണത്തിന്റെ ഫലം റിപ്പോർട്ടു ചെയ്യുകയായിരുന്നു അയാൾ.

''പ്രസംഗമെല്ലാം കഴിഞ്ഞെന്നു പറഞ്ഞിട്ട് അദ്ദേഹം വിശ്വസിക്കുന്നില്ല....''

''നദേഷ്ദ കൊൻസ്തന്തീനൊവ്ന അദ്ദേഹത്തെ വീണ്ടും ഫോൺ ചെയ്യാൻ പോയിട്ടുണ്ട്....''

''അവർ പറഞ്ഞാൽ അദ്ദേഹം തീർച്ചയായും വിശ്വസിക്കും....''

വിശ്രമവേള ഉദ്ദേശിച്ചതിലുമധികം ദീർഘിച്ചു. പെട്ടെന്ന് അവിടെയാകെ ഒരു ചലനമുണ്ടായി. എല്ലാവരും നിന്നിടത്തു നിന്നുകൊണ്ടു് തിരിഞ്ഞുനോക്കി. ബുഫെയും ഇടനാഴിയും, അവയിലൂടെ ഒരു ചക്രവാതമടിച്ചാലെന്നപോലെ, ശൂന്യമായി. പ്രധാനഹാളിൽ കസേരകൾ അങ്ങോട്ടുമിങ്ങോട്ടും മാററിയിട്ടുകൊണ്ടിരുന്നു. മടക്കുകസേരകൾ മേലേട്ടും താഴോട്ടുമാടി. കസേരവരികൾ അതിവേഗം നിറഞ്ഞു. സാഷ ഇപ്പോൾ ഇരുന്നതു് പ്രസംഗവേദിയിൽനിന്നും വളരെ അകലെ ഹാളിന്റെ ഏതാണ്ടു നടുക്കാണു്. എഴുന്നേററു നോക്കിയപ്പോൾ പ്രവേശനദ്വാരത്തിൽ കൂടിനിന്നിരുന്നവർ നിശ്ചലരാകുന്നതു കണ്ടു. ആരും അനങ്ങാൻ ധൈര്യപ്പെട്ടില്ല.

ലെനിൻ പ്രസംഗവേദിയിൽ നിന്നു.

''അദ്ദേഹം വന്നു!'' ആഹ്ലാദഭരിതമായ വിളി ഹാളിന്റെ നാനാഭാഗത്തുനിന്നും കേൾക്കാമായിരുന്നു.

സുശക്തവും വീര്യംനിറഞ്ഞതും പച്ചിലകളിൽ ശബ്ദായമാനമായി ആഞ്ഞടിക്കുന്നതുമായ വേനല്ക്കാലത്തെ പേമാരിപോലെ ഹാളിൽ കരഘോഷം മുഴങ്ങുകയും പെട്ടെന്നു നിൽക്കുകയും ചെയ്തു.

തുടർന്നുള്ള നിശ്ശബ്ദതയിൽ സാഷ വിചാരിച്ചു അവളുടേയും ചുററുമിരിക്കുന്നവരുടെ പോലും ഹൃദയമിടിപ്പു് അവർക്കു കേൾക്കാമായിരുന്നുവെന്നു്.

ആളുകൾ ശാന്തരായി. ലെനിന്റെ ശബ്ദം ഏററവും പുറകിലത്തെ വരിയിൽ പോലും വ്യക്തമായി കേൾക്കാമായിരുന്നു. തനിക്കു ജന്മദിനാശംസകൾ നൽകിയതിനു് അദ്ദേഹം എല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തി. അന്നേ ദിവസം ''പ്രാവ്ദ'' കൊമിന്റേണിൽനിന്നും അദ്ദേഹം അംഗമായിട്ടുള്ള സൊകോൽനിക്കി സോവിയററിൽനിന്നും പത്രത്തിന്റെ ''തൊഴിലാളികൾക്കിടയിൽ'' എന്ന പംക്തിയിൽനിന്നും ലെനിനു് ആശംസകൾ പ്രസിദ്ധപ്പെടുത്തിയ കാര്യം ഓർത്തപ്പോൾ സാഷ വിശേഷിച്ചും സന്തുഷ്ടയായി.

അദ്ദേഹം ഇങ്ങനെ പറയുന്നതു സാഷ കേട്ടു: ''ജന്മദിനാശംസപ്രസംഗങ്ങൾപോലെ തികച്ചും അനാവശ്യമായ കാര്യങ്ങൾ കേൾക്കേണ്ടതിൽനിന്നും എന്നെ ഒഴിവാക്കിയതിനുകൂടി ഞാൻ സഖാക്കളോടു് കൃതജ്ഞനാണു്....''

പൊട്ടിച്ചിരികൾക്കും ആർപ്പുവിളികൾക്കും കയ്യടികൾക്കും ആഹ്ലാദപ്രകടനങ്ങൾക്കുമിടയിൽ അദ്ദേഹത്തിന്റെ പിന്നീടുള്ള വാക്കുകൾ മുങ്ങിപ്പോയി. അതു നിർത്താൻവേണ്ടി ലെനിൻ കയ്യുയർത്തിക്കാണിച്ചെങ്കിലും ആ കൊടുങ്കാററു് മൂർഛിപ്പിക്കാനേ അതു് ഉതകിയുള്ളു. അതുകൊണ്ടും നിരുത്സാഹപ്പെടാതെ അദ്ദേഹം പ്രസംഗം തുടർന്നു. എന്നാൽ സദസ്സ് കരഘോഷവും തുടർന്നു. ലെനിനും അദ്ദേഹത്തിന്റെ ശ്രോതാക്കളുംതമ്മിൽ വിചിത്രമായൊരു മത്സരം ആരംഭിച്ചു. രണ്ടു കൂട്ടരും വഴങ്ങിക്കൊടുക്കില്ല.

''പിറന്നാളാഘോഷിക്കാൻ ഇതിലും നല്ല വഴി നമുക്കു കണ്ടുപിടിക്കാം.'' ശബ്ദപ്രവാഹത്തിനിടയിൽകൂടി ലെനിന്റെ ഈ വാക്കുകൾ സാഷ കേട്ടു.

''ഇത്തരം ആഘോഷത്തെക്കുറിച്ചുള്ള ഒരു കാർട്ടൂൺ ഇതാ!'' പ്രസംഗവേദിയുടെ അററത്തു വന്നുനിന്നു്, താൻ വിജയിച്ചെന്ന ഭാവത്തിൽ സദസ്യരെ കൗശലപൂർവ്വമായ പുഞ്ചിരിയോടെ നോക്കിക്കൊണ്ടു്, അദ്ദേഹം ഒരു ചിത്രം തലയ്ക്കു മുകളിൽ ഉയർത്തിപ്പിടിച്ചു.

വിജയം അദ്ദേഹത്തിന്റേതായിരുന്നു. കാരണം, സദസ്സ് നിശ്ശബ്ദമായി. അവർ പിന്നീടു് അദ്ദേഹത്തെ വിഘ്നപ്പെടുത്തിയില്ല. ആഘോഷത്തിന്റെ കഥാനായകൻതന്നെ ഉയർത്തിക്കാണിക്കുന്ന ആഘോഷത്തെക്കുറിച്ചുള്ള കാർട്ടൂൺ ശരിക്കു കാണാനായി ആളുകൾ എഴുന്നേററുനിന്നു. പ്രസംഗവേദിയിൽത്തുടങ്ങിയ ചിരി പിൻവരിവരെ പടർന്നുപിടിച്ചു.

അവളിരുന്ന സ്ഥലത്തുനിന്നു് സാഷയ്ക്കു് ആ പടം കാണാൻ കഴിഞ്ഞില്ല. ജാക്കററൂരിയിട്ടു്, സാധാരണ ചെയ്യാറുള്ളതുപോലെ വെയിസ്റ്റ്കോട്ടിന്റെ കയ്യിടുന്ന ദ്വാരത്തിൽ

തള്ളവിരലിട്ടുകൊണ്ടു് ലെനിൻ കാർട്ടൂൺ വീശി പ്രസംഗ വേദിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതു മാത്രമേ അവരം കണ്ടുള്ളു.

''വളരെ സൗഹൃദപൂർവ്വം എഴുതിയ ഒരു കത്തോടൊപ്പം ഇന്നാണു് ഇതെനിക്കു കിട്ടിയതു്,'' ഒച്ചപ്പാടിനും ചിരികരം ക്കുമിടയിൽ അദ്ദേഹം തുടർന്നു. ''പിറന്നാൾപ്രസംഗങ്ങളിൽനിന്നും സഖാക്കൾ എന്നെ ദയവായി ഒഴിവാക്കിയതുകൊണ്ടു് ഞാൻ ഈ കാർട്ടൂൺ എല്ലാവർക്കും കാണാൻവേണ്ടി തരാം. മേലിൽ ഇത്തരം ആഘോഷങ്ങൾ ഒഴിവാക്കാൻ ഇതുപകരിക്കുമെന്നു നമുക്കു് ആശിക്കാം!''

അദ്ദേഹം വീണ്ടും ആ പടം ഉയർത്തിപ്പിടിച്ചു. ലൂനച്ചാർസ്കിയ് അതിനുവേണ്ടി കൈ നീട്ടിയപ്പോൾ അദ്ദേഹത്തിൻെറ കണ്ണട താഴെ വീണു. എന്നാൽ തൻെറ പാർട്ടി സഖാക്കളേയും ആഘോഷങ്ങളോടുള്ള കമ്പത്തേയും വാചാലമായ ആശംസാസന്ദേശങ്ങളേയും മററും കളിയാക്കിക്കൊണ്ടുള്ള പെരുമാററം ലെനിൻ തുടർന്നു.

ആളുകൾ തിരിച്ചു് ആർത്തുവിളിക്കുകയും പൊട്ടിച്ചിരിക്കുകയും കയ്യടിക്കുകയും ചെയ്തു. കൂടുതൽ ശക്തിയാർജ്ജിച്ച റിപ്പബ്ലിക്ക് ഒരു പുതിയ നീണ്ട യാത്രയ്ക്കു് തയാറെടുക്കുന്ന ഈയവസരത്തിൽ, ലെനിൻെറ അമ്പത്തൊന്നാമത്തെ വസന്തത്തിൻെറ ഈ സായാഹ്നത്തിൽ ഇളകിവശായ വരികളിലായി ലെനിനെ അങ്ങിനെ നോക്കിയിരിക്കുന്നതിൽ അവർ ആനന്ദം കൊണ്ടു....

ലെനിൻ പോക്കററിൽ കയ്യിട്ടു് ഒരു കടലാസ്സു വലിച്ചെടുത്തു. അപ്രതീക്ഷിതമായി, മുഖവുരയൊന്നും കൂടാതെ അദ്ദേഹം മറെറാരു വിഷയത്തിലേക്കു കടന്നു: ആ നിമിഷത്തിൽ പാർട്ടിയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണു് അദ്ദേഹം ഇപ്പോൾ സംസാരിച്ചുകൊണ്ടിരുന്നതു്. ''തലക്കനം വരരുതു്—അതാണു് മുഖ്യസംഗതി!'' ആ വാക്കുകൾ അപ്പോൾത്തന്നെ സകലരുടേയും മനസ്സിൽ പതിഞ്ഞു. വിജയംകൊണ്ടു ചൂടുപിടിച്ച തലകളിൽ അദ്ദേഹം ധാര കോരുന്നതുപോലെയായിരുന്നു അതു്.

''നമ്മുടെ പാർട്ടി ഒരു അപകടകരമായ സ്ഥിതിയിൽ ചെന്നുപെട്ടേക്കാം — തലക്കനം പിടിച്ച ഒരാൾ ചെന്നെത്തുന്ന അതേ സ്ഥിതിയിൽ. അത്തരമൊരു സ്ഥിതി ബുദ്ധിശൂന്യവും അപമാനകരവും പരിഹാസ്യവുമാണു്,'' അദ്ദേഹം ആവർത്തിച്ചുപറഞ്ഞു.

അദ്ദേഹത്തിൻെറ ശ്രോതാക്കൾ ഇപ്പോൾ നിശ്ശബ്ദരായി ഇരിക്കുകയായിരുന്നു.

''പിറന്നാൾ പ്രസംഗം ഇങ്ങനെയാണു വേണ്ടതു്!'' ആരോ വിളിച്ചുപറഞ്ഞു.

''ഇലിയിച്ച് അവരെ ശരിക്കൊന്നു ശകാരിച്ചു!''

''അദ്ദേഹം എല്ലാവരേയും ശകാരിച്ചു!''

* * *

അപ്പോഴേക്കും പാട്ടുകാരെത്തി. സംഗീതോപകരണങ്ങളുമായി അവർ സ്റ്റേജിൻെറ നടുവിലേക്കു നീങ്ങി. നീണ്ടു മെലിഞ്ഞ ഒരു പിയാനിസ്റ്റിൻെറ പിന്നിലായി ധൃതിയിൽ നടന്നുവന്ന ഉയരംകുറഞ്ഞ ഒരു തടിച്ച വയലിനിസ്റ്റിൻെറ കയ്യിലിരുന്ന ബൊ ലെനിൻെറ ദേഹത്തു് അറിയാതൊന്നു മുട്ടി. ലജ്ജയോടെ പുഞ്ചിരിച്ചുകൊണ്ടു് അയാൾ ക്ഷമ ചോദിച്ചു. പാട്ടുകാർക്കു വഴിമാറിക്കൊടുത്തുകൊണ്ടു് ലെനിൻ ഒരു വശത്തേക്കു മാറി.

സംഗീതപരിപാടി ആരംഭിച്ചു. പാട്ടുകാരുടെ ഇടതുവശത്തായി സുപ്രസിദ്ധ പിയാനിസ്റ്റായ ദൊബ്രൊവേയിൻെറ അടുത്താണു് ലെനിൻ ഇരുന്നതു്. കൈകെട്ടി പുറകോട്ടു ചാരിയിരുന്നുകൊണ്ടു് അദ്ദേഹം ഷോപ്പേം പിൻക്കേയും ക്രെയിനും ചൈക്കോവ്സ്കിയുടെ ട്രയോ വായിക്കുന്നതു കേട്ടു. സദസ്സിനു നേരേ പകുതി തിരിഞ്ഞുകൊണ്ടു് അദ്ദേഹം തൻെറ അടുത്തിരുന്ന, വിഷാദനെങ്കിലും പ്രചോദനംകൊണ്ടു ദൊബ്രൊവേയി

ന്റെ നേരേ അല്പം കുനിഞ്ഞു. ഇടയ്ക്കിടയ്ക്കു് ലെനിൻ അദ്ദേഹത്തോടു് എന്തോ മന്ത്രിക്കുകയും ആ പിയാനിസ്റ്റ് തലയാട്ടിക്കൊണ്ടു് മറുപടിപറയുകയും ചെയ്യുമായിരുന്നു. ലെനിന്റെ കണ്ണുകൾ ചിന്താധീനമായിരുന്നു, അദ്ദേഹം മനസ്സിൽ എന്തോ തുലനം ചെയ്യുന്നതുപോലെ. പക്ഷെ അപ്പോഴേക്കും, ആ കമ്പികളുടേയും കട്ടകളുടേയും പ്രഭാഷണത്തിൽ ഏതോ അർത്ഥം കണ്ടെത്തുന്നതുപോലെ അദ്ദേഹത്തിന്റെ നോട്ടം തീക്ഷ്ണമായി. കൈ വിടർത്തി അദ്ദേഹം ഒരു കയ്യ് ക്ഷീണിതനെപ്പോലെ കസേരയുടെ പുറകോട്ടിട്ടു. അദ്ദേഹത്തിന്റെ മുഖം ശാന്തവും ആർദ്രവുമായി. ആ സൗമ്യമായ മുഖഭാവം സാഷ കണ്ടു. ലോലമൃദുലമായ എന്തൊ ഒന്നു് അദ്ദേഹത്തിന്റെ മുഖത്തും കണ്ണുകളിലും തലോടിക്കൊണ്ടിരിക്കുന്നതുപോലെ തോന്നി. ചൈക്കോവ്സ്കിയുടെ സംഗീതമായിരുന്നോ അതു്? അതോ തന്റെ സ്മരണകളോ?

ലെനിൻ കുറേക്കൂടി പുറകോട്ടു ചാരിയിരുന്നു; അദ്ദേഹം ഇപ്പോൾ മിക്കവാറും കസേരയിൽ കിടക്കുകയായിരുന്നു. പുള്ളിക്കുത്തുള്ള അദ്ദേഹത്തിന്റെ ടൈ സ്ഥാനം മാറി, ഒരററം കോട്ടിന്റെ കോളറിൽ വീണുകിടന്നു. അദ്ദേഹത്തിന്റെ ചുണ്ടുകൾ ചലിക്കുന്നുണ്ടായിരുന്നു.

തനിക്കേററവും ഇഷ്ടപ്പെട്ട പിയാനിസ്റ്റിന്റെ സമീപത്തിരുന്നുകൊണ്ടു് അദ്ദേഹം ആദ്യം ട്രയോയും പിന്നീടു് സ്ത്രദിവാറിവുസ്സിന്റെ ക്വാർട്ടററും വായിക്കുന്നതു ശ്രദ്ധിച്ചു. ഒരുപക്ഷേ എന്നും ഇങ്ങനെയായിരുന്നിരിക്കാം അദ്ദേഹം സംഗീതം കേട്ടതു്: കുട്ടിക്കാലത്തു് വീട്ടിൽവച്ചു് അമ്മ പിയാനോ വായിക്കുമ്പോഴും കസാനിലും സെന്റ്പീറേറഴ്സ്ബർഗ്ഗിലും ഓപ്പറ കേൾക്കുമ്പോഴും വിദേശത്തായിരുന്നപ്പോൾ പാർട്ടിസഖാക്കളായ ഇനേസ്സ അർമാന്ദും ഫോതിയെവയും പിയാനോ വായിക്കുന്നതു കേൾക്കുമ്പോഴും കാപ്രിയിൽ വച്ചു് ഇററാലിയൻ മീൻപിടുത്തക്കാരുടെ ഗാനങ്ങൾ കേൾക്കുമ്പോഴും പാരീസിൽ തെരുവുഗായകരുടെ പാട്ടുകൾ കേൾക്കുമ്പോഴുമെല്ലാം....

വയലിൻകമ്പികളുടെ ശബ്ദം നിലച്ചപ്പോൾ ദൊബ്രൊവേയിൻ പിയാനോവിനടുത്തു ചെന്നിരുന്നു. പക്ഷികളെപ്പോലെ പാറിപ്പറന്ന അദ്ദേഹത്തിന്റെ വെളുത്ത വിരലുകൾക്കടിയിൽ ബേത്ഹോവന്റെ സംഗീതം മാറെറാലിക്കൊണ്ടു. ലെനിൻ എത്രത്തോളം ആ സംഗീതത്തിൽ ലയിച്ചിരുന്നുവെന്നു് വീതി കുറഞ്ഞ നീണ്ട ഹാളിലെ ആളുകൾ കണ്ടു.

സംഗീതപരിപാടി അവസാനിച്ചു. തന്നോടൊപ്പം കാർവരെ നടന്നുവന്ന സഖാക്കളോടു് യാത്രപറഞ്ഞുകൊണ്ടു് ലെനിൻ ആവർത്തിച്ചു:

''ഇമ്പമുള്ള സംഗീതമായിരുന്നു അക്കേട്ടതു്. പ്രസംഗങ്ങൾ എങ്ങിനെയുള്ളവയായിരുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷെ സംഗീതം ഒന്നാന്തരമായിരുന്നു. ആ സൊണാററ ഞാൻ കേൾക്കുമ്പോഴെല്ലാം അതെന്റെ ഹൃദയത്തെ സ്പർശിക്കുന്നു.... നന്ദി, സഖാക്കളേ! ഒന്നാന്തരം പാട്ടുകാരാണിവർ. ദൊബ്രൊവേയിനാണു് അവരിൽ ഏററവും മെച്ചം: ഒരൊന്നാന്തരം വീഞ്ഞാണദ്ദേഹം, രുചികരമായ വീഞ്ഞു്!''*

ഇങ്ങനെയാണു് വിപ്ലവത്തിന്റെ തൃതീയവസന്തത്തിൽ ലെനിന്റെ അമ്പതാമത്തെ ജന്മദിനം മോസ്ക്കോവിൽ ആഘോഷിച്ചതു്.

അദ്ദേഹത്തിന്റെ കാർ ഇരുമ്പുഗേററുകൾ കടന്നു് വലത്തോട്ടു തിരിഞ്ഞു് ക്രെംലിനിലേക്കു നീങ്ങി.

അതൊരു സുഖകരമായ സായാഹ്നമായിരുന്നു. ഏപ്രിൽ ഏതാണ്ടു കഴിയാറായിരുന്നു. മേയിൽ പിൽസൂദ്സ്ക്കി ഒരു കടന്നാക്രമണം നടത്തി. യുവറിപ്പബ്ലിക്കു് മറെറാരു മുതലാളിത്താക്രമണത്തെ പരാജയപ്പെടുത്തി.

---

*''ദൊബ്രൊവേയിൻ'' എന്ന വാക്കിനു് ''നല്ല വീഞ്ഞു്'' എന്ന അർത്ഥം കല്പിക്കാം. ''ദൊബ്രൊ'' എന്ന റഷ്യൻ വാക്കിന്റെ അർത്ഥം ''നല്ലതു്'' എന്നാണു്. ''വെയിൻ'' എന്നതു് ''വീഞ്ഞു്'' എന്നു് അർത്ഥം വരുന്ന ഒരു ജർമ്മൻ വാക്കാണു്.

1967–ൽ പ്രോഗ്രെസ്സ് പബ്ലിഷേഴ്സ് പുസ്തകങ്ങരം

ചുവടെ ചേർക്കുന്ന പുസ്തകങ്ങരം

മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്:

1. കെ. മാർക്സ്, എഫ്. എംഗൽസ്, കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ''

2. വി. ഐ. ലെനിൻ, ''എന്തു ചെയ്യണം?''

3. വി. ഐ. ലെനിൻ, ''സോഷ്യലിസവും യുദ്ധവും''

4. വി. ഐ. ലെനിൻ, ''സാമ്രാജ്യത്വവും സോഷ്യലിസത്തിലെ ഭിന്നിപ്പും''

5. എ. ടോംസ്റ്റോയ്, ''റഷ്യൻ സ്വഭാവം''

P/07